



## □ മുഖമൊഴി □

വേരുകളില്ലാതെ നമുക്കെത്രനാൾ നിലനില്ക്കാനാകും? ഊഷരമാക്കപ്പെട്ട മണ്ണിലെ ഉഴവു ചാലുകളിൽ മുളപൊട്ടാതെ മരിക്കുന്ന ശാസ്ത്രബോധത്തിലേക്ക് ഉർവ്വരതയുടെ സംഗീതമായി പെയ്യുവാൻ നാം ഉണർവ്വു തേടേണ്ടിയിരിക്കുന്നു. അമ്മയെ മമ്മിയാക്കുന്ന, അച്ഛനെ ഡാഡിയാക്കുന്ന വികൃതമായ അനുകരണ സംസ്ക്കാരത്തിനിടയിലൂടെ ചോർന്നു പോകുന്ന മലയാളത്തനിമയുടെ പൊലിമ, നദികളുടെ ഹൃദയതടങ്ങളിൽനിന്ന്, നാടൻ കലകളുടെ ആത്മാവിൽനിന്ന് നാം കണ്ടെടുക്കേണ്ടിയിരിക്കുന്നു. ശാസ്ത്രത്തിന്റെ കഴുകൻ കച്ചവടക്കണ്ണുകൾക്കു മുൻപിൽ, ഹൃദയം പിളർക്കപ്പെട്ട, സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട നമ്മുടെ നാട്ടിലെ മൃഗങ്ങളുടെ രക്തസാക്ഷിത്വം ചരിത്രത്തിന്റെ എഴുതാപ്പുറങ്ങളിൽ നാം കുറിച്ചിടേണ്ടിയിരിക്കുന്നു. പുതിയ വഴികൾ വെട്ടിത്തുറന്നില്ലെങ്കിലും ഒററയടിപ്പാതകളെങ്കിലും തീർക്കാൻ നമുക്കു കഴിയണം. ദുരന്തങ്ങൾക്കും പീഡനങ്ങൾക്കും കീഴടങ്ങാതെ തെളിമയുള്ള മനസ്സിൻ വെട്ടവും, മൂർച്ചയുമുള്ള വാക്കുകളും, ഒരീറക്കുഴലിൻ സംഗീതവുമായി നമുക്കു യാത്രയാരംഭിക്കുക. ഈ ഇരുട്ടിൽനിന്നും നമുക്കൊരു തിരി കൊളുത്തിയെടുക്കുക.





## മുഖചിത്രത്തെക്കുറിച്ച്

ഹവിസ്സിന്റെ മുഖചിത്രം വെറുമൊരു ചിത്രമല്ല. പ്രതിബിംബങ്ങളും, വർണ്ണങ്ങളും തീർക്കുന്ന വാചാലതയിലൂടെ കാമ്പസ്സിന്റെ ആരും കാണാത്ത ഒരു മുഖം അനാവരണം ചെയ്യപ്പെടുകയാണിവിടെ.

''കാമ്പസ്സിനെക്കുറിച്ചുള്ള ഹരിതസ്വപ്നങ്ങൾ മനസ്സിൽ
നിന്നും മായാൻ തുടങ്ങുമ്പോൾ സമയബോധം നഷ്ടപ്പെട്ട
യാന്ത്രികതയ്ക്ക മുന്നിലൂടെ കാലചക്രം കടന്നുപോകുന്നു.
വരുംകാലങ്ങളിൽ ആ സ്വപ്നങ്ങൾ പൂവിടുന്നതും കാത്ത്
നോക്കിയിരിക്കുന്ന മോഹപ്പക്ഷികൾ...........
കാത്തിരിപ്പിന്റെ തണുത്ത നിമിഷങ്ങളിൽ ഹൃദയസ്രുവ
ത്തിൽനിന്നും ഇററുവീഴുന്ന അക്ഷരങ്ങളുടെ ഹവിസ്സിനാൽ
നമുക്കീ സർഗ്ഗാത്മകതയുടെ അഗ്നി ജ്വലിപ്പിക്കാം.
കാററും മഴയും കലരുന്നൊരീ ഇരുട്ടിൽ
ഒരു നാളം ..........
ഒരു നാളമായിട്ടെങ്കിലും...........''

### കടപ്പാട്

- ☐ അത്ഭുതംപോലെ വീണുകിട്ടിയ കാമ്പസ്സിന്റെ ഒരു ഹരിതഹാസം.
- ☐ ജാനകീറാമിന്റെ ശില്പം
- ☐ അജ്ഞാതനായ ഏതോ ശില്പി തീർത്ത ചക്രം

To

The students and staff
College of Agriculture,

Vasudevan N.

Vasudevan Namboodiri
Student Editor



Dr. E. G. SILAS
Vice-Chancellor



Dr. K. RADHAKRISHNAN
Dean i/c



Dr. K. RAJMOHAN
Associate Patron



Dr. K. M. RAMACHANDRAN
Staff Editor

## □ വഴികാട്ടി · □

കാമ്പസ്സിൻെറ മുറിവുകളിലേക്കും തലോടലുകളിലേക്കും മിഴി തുറക്കുന്ന കാമ്പസ് ഫോട്ടോ ഫീച്ചറോടെ ഹവിസ്സിൻെറ അക്ഷരയാത്ര ആരംഭിക്കുന്നു. തുടർന്ന് മൃഗവൈദ്യശാസ്ത്രം മറന്നുപോയ നമ്മുടെ നാട്ടിലെ പക്ഷിമൃഗാദികളെക്കുറിച്ച് ഒരന്വേഷണം, വേരുകൾ തേടിയുള്ള യാത്രയുടെ ആരംഭവും. പിന്നെ ഏഴ് കലാലയ കഥകളും രണ്ട് അതിഥി കഥകളും ചേർന്നൊരുക്കുന്ന കഥകളുടെ പേജുകളും. പിന്നിടുമ്പോൾ വേരുകൾ തേടിയുള്ള യാത്രക്കിടയിൽ മറന്നുപോകാൻ പാടില്ലാത്ത മൃഗവൈദ്യത്തിൻെറ വേരുകളെക്കുറിച്ചുള്ള ഫീച്ചർ. ഇതോടൊപ്പം ആയുർവ്വേദവും പേപ്പട്ടി വിഷവും എന്ന സി. ആർ. കേശവൻ വൈദ്യരുടെ ലേഖനവും; ജന്നർ, വസൂരിക്ക് കുത്തിവെപ്പ് കണ്ടെത്തുന്നതിന് 29 വർഷങ്ങൾക്കുമുമ്പ് ഭാരതത്തിൽ നിലവിലുണ്ടായിരുന്ന ടീക്കയെക്കുറിച്ചുള്ള വല്യത്താൻെറ ലേഖനത്തിൽ നിന്നും അല്പം, നഷ്ടപ്പെട്ട പാരമ്പര്യ വൈദ്യത്തിൻെറ പ്രാധാന്യം വ്യക്തമാക്കാനായി ചേർക്കുന്നു. അറിവിൻെറ വേരുകൾ പടർന്നിറങ്ങുന്നത് കവിതകളുടെ താളുകളിലേക്കാണ്. പതിനൊന്ന് കലാലയ കവിതകളും ഏഴ് അതിഥി കവിതകളും തീർക്കുന്ന പ്രകാശ തീരങ്ങളിലൂടെയുള്ള യാത്രയാണ് പിന്നെ. കവിതയുടെ ആർദ്രതയിൽനിന്നും പൊള്ളുന്ന യാഥാർത്ഥ്യങ്ങളിലേക്ക് തിരിയുമ്പോൾ നാറുന്ന മാലിന്യങ്ങളുടെ, നീറുന്ന വ്യഥകളുടെ, ജ്വലിക്കുന്ന അമർഷങ്ങളുടെ ജ്വാലകളിലേക്ക് — മാസങ്ങളോളം നീണ്ടുനിന്ന പ്രവർത്തനങ്ങളിലൂടെ രൂപപ്പെടുത്തിയെടുത്ത ലാലൂരിനെക്കുറിച്ചുള്ള ഫീച്ചർ. ഈ ഫീച്ചർ അവസാനിക്കുന്നത് വരുംകാല ദുരന്തങ്ങളെക്കുറിച്ച് സൂചന നൽകുന്ന പരിസ്ഥിതിയുടെ രോഗാതുരമായ അവസ്ഥയുടെ പരിച്ഛേദത്തിലേയ്ക്കാണ്—സൈലൻറ് വാലിയുടേയും അട്ടപ്പാടിയുടേയും വൈരുദ്ധ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന റിപ്പോർട്ട്. പിന്നെ ഇന്ത്യൻ സിനിമയുടെ ദുരവസ്ഥയെക്കുറിച്ചുള്ള ഋത്വിക്ഘട്ടക്കിൻെറ ലേഖനത്തിൽ നിന്നൽപ്പം. വർത്തമാനകാല യാഥാർത്ഥ്യങ്ങളിലേക്കുള്ള വാതിലുകൾ തുറക്കുമ്പോൾ ചരിത്രത്തോട് നീതി പുലർത്താൻ ആഗ്രഹിക്കുന്ന ഏതൊരിന്ത്യൻ വിദ്യാർത്ഥിയും അറിഞ്ഞിരിക്കേണ്ട ചില വസ്തുതകൾ—കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സംഭവവികാസങ്ങളെ കുറിച്ച് കെ. വേണു, കെ. എൻ. രാമചന്ദ്രൻ, ബിഷപ്പ് പൗലോസ് മാർ പൗലോസ്, സച്ചിദാനന്ദൻ എന്നിവർ പങ്കെടുക്കുന്ന ചർച്ച. ഈ ചർച്ച അവസാനിക്കുന്നിടത്തുവെച്ച്, ചരിത്രത്താളുകളിൽ വീണ കലാകാരൻെറ രക്തം—ഹശ്മിക്ക് രക്തപുഷ്പങ്ങളർപ്പിച്ചുകൊണ്ട് ഹവിസ്സിൻെറ ഒരു താൾ. തുടർന്ന് കാമ്പസ് ചർച്ച. പിന്നീട് തത്വചിന്തയിലൂടേയും ആദ്ധ്യാത്മികതയിലൂടേയും കുറച്ചുദൂരം—മനുഷ്യർക്കിടയിലുള്ള മതിലുകൾ പൊളിച്ചുകളയാൻ ശ്രമിക്കുന്ന ഈ ചർച്ചയിൽ സ്വാമി ചിന്മയാനന്ദ, അബ്ദുള്ളക്കുട്ടി ദാരിമി, ബിഷപ്പ് ജോസഫ് കുണ്ടുകളം എന്നിവർ പങ്കെടുക്കുന്നു. മലയാള മണ്ണിൻെറ സുഗന്ധം തേടിയുള്ള യാത്ര



ചെന്നവസാനിക്കുന്നത് നിളയുടെ വിരിമാറിലാണ്. ഇരുപത്ത് പുറങ്ങളോളം പരന്നുകിടക്കുന്ന ഹവിസ്സിന്റെ ഏററവും വലിയ ഫീച്ചർ. തുടർന്ന് കാമ്പസ് ജീവിതത്തിലെ പൊലിമയുള്ള നിമിഷങ്ങൾ കവർന്നെടുത്ത കാമറകണ്ണുകളൊരുക്കുന്ന ചിത്രപേജുകൾ. Then, four pages for student's union activities, which is followed by the scientific articles.

Four scientific articles relating to the new frontiers of veterinary science.

Veda and veterinary science—the significant link is discussed in the article, Salihotra, the father of vet. science.

And Darwin links the spirit of science with art and literature, and the pages to come are for the poets of our campus; nine campus poems and excerpts of poems of Tagore, Shelley, Shakespeare, Kalidasa and Dhammapada for enrichment. And finally a poem 'Rosary' by the immortal prodigy, Gitanjali.

Next two articles introduce two important personalities, Krishnamurthy, the great philosopher and Salim Ali, the ornithological odyssey. The coming pages are for the story-tellers of our campus. This time they tell you short but sublime stories. At the end of the story section, there opens a window to world literature, a story by Kamaladas.

Then, a speech that became part of history recently—Nelson Mandela's speech, just after his release.

Finally a feature based on a memorable interaction with some of the patients of a mental asylum.

ഏററവും ഒടുവിൽ എഡിററുടെ കുറിപ്പുകളോടെ ഹവിസ്സിന്റെ അക്ഷരയാത്ര അവസാനിക്കുന്നു.

വഴികൾ അവസാനിക്കുന്നില്ല....

വഴികൾ അനന്തമാണ്........



# കാമ്പസ് മുഖങ്ങൾ ...
## കാമ്പസിനെ കുറിച്ച് ഒരു ഫോട്ടോ ഫീച്ചർ

ആയുസ്സിലെ അഞ്ചോ, അതിലധികമോ വർഷങ്ങൾ നമ്മുക്കീ കാമ്പസിൽ കളഞ്ഞുപോകുന്നു. അതിനിടയിൽ, നാം നേടുന്നതെന്തൊക്കെ? നഷ്ടപ്പെടുത്തുന്നതെന്തൊക്കെ? ആരും അതേക്കുറിച്ച് ചിന്തിക്കാറേയില്ല.

ഉറക്കാലസ്യം വിട്ടുമാറാത്ത ക്ഷീണിച്ച പ്രഭാതങ്ങളും തിരക്കിനിടയിൽ കൈവിട്ടു പോകുന്ന ആദ്രസന്ധ്യകളും ആരേയും നൊമ്പരപ്പെടുത്തുന്നില്ല. ഉണ്ടെങ്കിൽതന്നെ അവർക്കീ കാമ്പസിൽ ദുരന്തങ്ങളേററു വാങ്ങേണ്ടിവരുന്നു.

സിസ്ററമാററിക്ക് പഠനക്രമങ്ങളും, 'മഗ്ഗു' ചെയ്തു നിറക്കാൻ പററിയ ശൂന്യമായ ഒരു മനസ്സും, വെളിച്ചം കടക്കാത്ത ഇടുങ്ങിയ ചിന്താധാരകളും ഇവിടെ നിലനില്പ്പിനുവേണ്ട അവശ്യഘടകങ്ങളായി മാറിയിരിക്കുന്നു. കലാസാഹിത്യ പ്രവർത്തനങ്ങളോടുളള കടുത്ത അവഗണനാമനോഭാവവും, സമൂഹത്തിനുനേരെ പുറം തിരിഞ്ഞു നില്ക്കുന്ന സാംസ്കാരിക വൈകൃതങ്ങളും നമ്മുടെ പ്രതീക്ഷയുടെ വിളക്കുകളൊക്കെയും കെടുത്തിക്കളഞ്ഞിരിക്കുന്നു.

നല്ല സൗഹൃദങ്ങൾ പോലും, കച്ചവടപരവും, സ്വാർത്ഥവുമായി മാറുന്ന ദുരന്തസംഭവങ്ങൾക്കുപോലും നമുക്കു സാക്ഷ്യം വഹിക്കേണ്ടിവരുന്നു. ആരും ആരെയും അറിയുന്നില്ല; അറിയാൻ ശ്രമിക്കുന്നുമില്ല, അഞ്ചുവർഷം ചിലവഴിച്ച ഒരു കലാലയത്തെ വേർപിരിയുന്ന ഒരാൾക്ക്, ഓമനിക്കാൻ ഒരു നിമിഷമോ, ഒരു ദിവസമോ, ഒരു വാക്കോ ഒന്നും ഓർമ്മ വരുന്നില്ല, പകരം 'രക്ഷപ്പെട്ടല്ലോ' എന്ന സന്തോഷം മാത്രം!

ഈ ഫോട്ടോ ഫീച്ചർ കാമ്പസിന്റെ മുഖങ്ങളിലൂടെ കടന്നുപോകുന്നു. ഇത് അപൂർണ്ണമാണ്. പലരുടെയും മനസ്സിൽനിന്നും മായാൻ മടിക്കുന്ന മുഖങ്ങൾ മാത്രമേ ഇവിടെ അനാവൃതമാകുന്നുളളു. കൊച്ചു കൊച്ചു കുറിപ്പുകളിലൂടെ, ചോദ്യോത്തരങ്ങളിലൂടെ, നിർദ്ദേശങ്ങളിലൂടെ ഞങ്ങളോട് സഹകരിച്ചവർ നിരവധിയാണ്.

എല്ലാവർക്കും നന്ദി,
ഒരാകാശം നിറയെ നന്ദി.





ഓത്ത് — ഒരു യാത്രയുടെ തുടക്കം

ബീയിംഗ് അഡ്മിററഡ് ടു ദ പ്രൊഫഷൻ ഓഫ് വെററിനറി മെഡിസിൻ; ഐ ഹിയർ ബൈ സോളമ്‌ലി ഡെഡിക്കേററ് മൈ സെൽഫ് ആൻറ്........

സീനിയർ വിദ്യാർത്ഥികളുടെ കൂക്കുവിളികൾക്കും, കളിയാക്കലുകൾക്കുമിടയിലൂടെ പരിഭ്രമവും സങ്കോചവും കലന്ന നവാഗതരുടെ സ്വരങ്ങൾ ഇടറി വീഴുന്നു. പല നാടുകളിൽ നിന്നും, സമൂഹത്തിൻെറ പല തട്ടുകളിൽനിന്നും പല സംസ്ക്കാരങ്ങളിൽനിന്നും വരുന്നവർ ഇവിടെ ഒന്നിച്ചുചേരുന്നു.

പിന്നീട് കാമ്പസ് ജീവിതത്തിൻെറ കയ്പും, മധുരവും നുകരാൻ അവരും യാത്രയാരംഭിക്കുകയായി. സീനിയേഴ്സും സൂപ്പർ സീനിയേഴ്സും വെററിനറി സർജൻമാരുമായുള്ള പരിണാമ ചക്രത്തിൻെറ ഭാഗമായിത്തീരുകയായി. പണത്തിനുവേണ്ടിയുള്ള പരക്കം പാച്ചിലിനിടയിൽ പലരും ഈ പ്രതിജ്ഞാ വാചകങ്ങളുടെ അർത്ഥങ്ങൾ മന:പൂർവ്വം മറന്നുകളയുന്നു. അവിടെ ഈ വാക്കുകൾ മൃതതുല്യങ്ങളായിത്തീരുന്നു. അതോ, അഞ്ചുവർഷത്തെ ഈ കാമ്പസ് ജീവിതം നമ്മെ അങ്ങിനെയാക്കി മാററുകയാണോ ?

ആർദ്രമായ ആർട്സ് കോളേജ് കാമ്പസ്സുകളിൽനിന്നും ഈ പ്രൊഫഷണൽ കോളേജിൻെറ വരണ്ട മണ്ണിലേക്ക് പറിച്ചു നടപ്പെടുമ്പോൾ പൊരുത്തങ്ങളുടേയും പൊരുത്തക്കേടുകളുടേയും ദിനങ്ങളാണാദ്യം.

നവാഗതർക്ക് ആദ്യമായി നേരിടേണ്ടി വരുന്നത് 'റാഗിങ്ങി'നേയാണ്. നമ്മുടെ കോളേജിൻെറ പൂർവ്വകാല ചരിത്രം എടുത്തുപരിശോധിച്ചാൽ റാഗിങ്ങ് ഇപ്പോൾ വളരെ കുറവാണെന്നുവേണം കരുതുവാൻ. മററുള്ളവരുമായി ഇടപഴകുവാൻ പ്രാപ്തരാക്കുക എന്ന സദുദ്ദേശത്തെ മറികടന്ന് സാഡിസത്തിൻേറയും മൃഗീയതയുടേയും തലങ്ങളിലേക്ക് വഴുതി വീഴുമ്പോഴാണ് റാഗിങ്ങ് അപകടകരമായി മാറുന്നത്.

കാബറേ ഡാൻസ്, വെററിനറി സല്യൂട്ട്, സാങ്കല്പിക കസേരയിലിരുത്തം, ജൂനിയേഴ്സിൻെറ ചിലവിൽ ഹോട്ടലുകളിൽനിന്നും സമൃദ്ധമായ ഭക്ഷണം, അവരുടെ സാധനങ്ങൾ അനുവാദമില്ലാതെതന്നെ 'അടിച്ചുമാററുക', ഗോട്ട് ഫാമിൻെറ പിന്നിലുള്ള കുന്നിൻ മുകളിൽവെച്ചുള്ള നാടകാഭിനയം (പണ്ട് ഈ കുന്നിൻ മുകളിൽ അരങ്ങേറാറുണ്ടായിരുന്ന വികൃതമായ റാഗിങ്ങ് രീതിയുടെ പിൻതുടർച്ചയാവാം ഇതു്.) തുടങ്ങിയവയാണ് ആൺകുട്ടികളിൽ പലർക്കും നേരിടേണ്ടി വന്നിട്ടുള്ളത്.

'മറെറന്തു പറഞ്ഞപ്പോഴും വിഷമം തോന്നിയില്ല, അമ്മയെക്കുറിച്ചു പറഞ്ഞപ്പോൾ മാത്രം........'

അതുപറയുമ്പോഠം മറെറാരു നവാഗതൻെറ കണ്ണുകഠം സജലങ്ങളായിരുന്നു.

മരിച്ചുപോയ അമ്മയെക്കുറിച്ച് അശ്ളീലം കലർന്ന ചോദ്യങ്ങഠം ചോദിച്ചാൽ പ്രീഡിഗ്രിക്കാരനായ നവാഗതൻ ആരോടാണ്, എങ്ങനെയാണ് പരാതിപ്പെടുക ? മാനസികമായ പക്വതയല്ല, പകരം മാനസിക വൈകല്യമാണ് ഇത്തരം റാഗിങ്ങ് രീതികഠം സമ്മാനിയ്ക്കുന്നത്. ഇങ്ങിനെ മാനസിക വൈകല്യം സംഭവിച്ചവരാണ് ഭാവിയിൽ വെററിനറി ഡോക്ടർമാരോ അദ്ധ്യാപകരോ ആയി മാറുന്നതെങ്കിൽ റാഗിങ്ങ് ഗുണമോ, ദോഷമോ ?

ചെറിയ രീതിയിലുള്ള റാഗിങ്ങ് ലേഡീസ് ഹോസ്റ്റലിലും അരങ്ങേറാറുണ്ട്. സീനിയേഴ്സിനെ ആദ്യമായി കാണുമ്പോഠം, തവളയെപ്പോലെ മുന്നോട്ടുചാടി കൈകഠം കൂപ്പിക്കൊണ്ട് 'സുപ്രഭാതം' പറയുക. രാത്രിയിൽ റിവേഴ്സ് ഓർഡറിൽ 'സുരാത്രി' എന്നു പറയുക. സാങ്കല്പിക കസേരയിലിരുത്തുക, പ്രേമരംഗം അഭിനയിപ്പിക്കുക, ജൂനിയേഴ്സിനെ വരിവരിയായി നിർത്തിക്കൊണ്ട് തീവണ്ടി ഓടിപ്പിക്കുക, ഗ്രാഫിക് റാഗിങ്ങ് (തന്നിരിക്കുന്ന ഗ്രാഫിൻെറ ഉയർച്ച് താഴ്ച്ചയനുസരിച്ച് ചിരിക്കുകയും കരയുകയും ചെയ്യുക) മുതലായവയാണ് പെൺകുട്ടികഠംക്കിടയിൽ സാധാരണ രീതിയിൽ കണ്ടുവരാറുള്ള റാഗിങ്ങ് രീതികഠം. പൊട്ടുതൊടാതെ സാരിപുതച്ച് വരിവരിയായി ക്ലാസ്സിൽ പോകണമെന്നാണത്രെ കീഴ്വഴക്കം. സീനിയേഴ്സിനെ 'ചേച്ചി' എന്നു വിളിപ്പിയ്ക്കുക, സീനിയേഴ്സിൻെറ നോട്ട്സും റെക്കോർഡും എഴുതിപ്പിയ്ക്കുക തുടങ്ങിയവയും റാഗിങ്ങ് ഇനങ്ങളിൽപ്പെടുന്നു.

അടുത്ത കാലത്തായി രാഷ്ട്രീയപരമായി വികൃതമായ റാഗിങ്ങ് രീതികളെ നേരിടുന്ന ഒരു പ്രവണത ഉയർന്നുവന്നിട്ടുള്ളത് ആശാവഹമായി കരുതാം. ഭാവിയിലെങ്കിലും നമ്മുടെ കാമ്പസ് റാഗിങ്ങിൽനിന്നു് പൂർണ്ണമായും മോചിതമാകുമെന്നു് നമുക്ക് പ്രതീക്ഷിയ്ക്കാം.



നോട്ട് എഴുതി എടുക്കാനൊരിടം

അറിവും വാത്സല്യവും ഗുണപാഠങ്ങളുമായി എത്താറുള്ള 'മാഷ്' എന്ന കേരളീയ അദ്ധ്യാപക സങ്കല്പം, 'സാറ്' എന്ന വിദേശ അദ്ധ്യാപക സങ്കല്പത്തിന് വഴിമാറി കൊടുക്കുന്നതോടെ വിദ്യാർത്ഥികഠം അദ്ധ്യാപകരിൽനിന്നകലാൻ ആരംഭിക്കുന്നു.

തുറന്ന ചർച്ചകളോ, സംശയ നിവാരണങ്ങളോ, ചോദ്യോത്തരങ്ങളോ അന്യമായിത്തീരുന്ന ക്ലാസ്സ്മുറികഠം അറിവിൻെറ ശ്രോതസ്സാകാത്തതിൽ അത്ഭുതപ്പെടാനില്ല. നോട്ട് എഴുതി എടുക്കാനുള്ള ഒരിടം മാത്രമായി ക്ലാസ്സ്മുറികഠം പലപ്പോഴും അധ:പതിച്ചുപോകുന്നു.

നമ്മുടെ പാഠ്യപദ്ധതിയെക്കുറിച്ചു ചോദിച്ചപ്പോഠം വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് പലരിൽനിന്നും ലഭിച്ചത്. 'ഇതാണ് സുഖം, മൂന്നുമാസം പഠിച്ചശേഷം മറന്നുകളയാലോ.' ട്രൈമസ്റ്ററിലെ ഒരു കൂട്ടുകാരൻ അഭിപ്രായപ്പെടുന്നു. 'ട്രൈമസ്റ്ററാണ് സുഖം. സെമസ്റ്റർ എന്തൊരു ബോറാ'—ഒരു സെമസ്റ്റർ വിദ്യാർത്ഥിയുടെ പരാതി. ആർട്ട്സ് കോളേജിലെ ട്രഡീഷണൽ സിസ്റ്റമാണ് മററു ചിലർ ഇഷ്ടപ്പെടുന്നത്. 'പരീക്ഷ ഒഴിഞ്ഞ കാലം ഇല്ല, പരീക്ഷ തീരണമെങ്കിൽ ഇവിടെനിന്നും പുറത്തുപോകണം.' നീരസം കലർന്ന സ്വരത്തിൽ ഒരാഠം പ്രതികരിക്കുന്നു. 'പരീക്ഷക്കുമുമ്പ് 'മഗ്ഗ്' ചെയ്ത് നിറക്കുക, പരീക്ഷ കഴിഞ്ഞാൽ തുറന്നുവിടുക ...വെള്ളംപോലെ' എന്നുപറഞ്ഞ് ഒരാഠം പൊട്ടിച്ചിരിച്ചു. 'പഠിച്ച കാര്യംതന്നെ വീണ്ടും വീണ്ടും പഠിയ്ക്കേണ്ടി വരുന്നു, എത്ര സമയാ വെറുതെ പോകുന്നത് ?' സിലബസ്സിൻെറ അശാസ്ത്രീയതയെക്കുറിച്ചും, ആവർത്തനങ്ങളെക്കുറിച്ചുമാണ് മറെറാരാഠംക്ക് പരാതി.

ക്ലാസ്സുമുറികളുടെ ജീവൻ നഷ്ടപ്പെടുത്തുന്നതിനു് ഇവിടുത്തെ വികലമായ വിദ്യാർത്ഥിബന്ധങ്ങഠം പ്രധാനമായ പങ്കുവഹിക്കുന്നുണ്ട് ഒരേ ബഞ്ചിൽ അടുത്തടുത്തിരിയ്ക്കുന്ന രണ്ടുപേർക്കിടയിൽ നാഴികകളോളം ദൂരമാണുള്ളത്. രാഷ്ട്രീയം, സ്വാർത്ഥത, കാപട്യം തുടങ്ങിയവയാണ് ഈ വിടവ് സൃഷ്ടിക്കുന്നത്. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങഠം ഇവിടെ വളരെ ദുർബ്ബലമാണ്. വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ചറിയാൻ ശ്രമിയ്ക്കുന്ന അദ്ധ്യാപകർ വളരെ ദുർലഭമാണ്. അക്കാര്യത്തിൽ ചെറുപ്പക്കാരായ അദ്ധ്യാപകർ പ്രതീക്ഷ നൽകുന്നുണ്ടെന്നു് പലരും അഭിപ്രായപ്പെട്ടു. പഠനത്തിനു് അത്യന്താപേക്ഷിതമായ ഒരു നല്ല അന്തരീക്ഷം സൃഷ്ടിക്കാൻ ആരും ശ്രമിയ്ക്കുന്നില്ലെന്നാണ് ചിലരുടെ പരാതി.



ഇരകളെ കാത്ത് : ഇലക്ഷൻ കാലത്ത് ലേഡീസ് ഹോസ്ററലിലേക്ക് പോകുന്നവഴിയിൽ വോട്ടു പിടിക്കുന്നവർ.

ഇലക്ഷൻ കാലം. കാമ്പസ്സിൽ സൗഹൃദങ്ങൾ പൂത്തുലയുന്ന വസന്തകാലം. നൈമിഷികമെങ്കിലും ഇത് കാമ്പസ്സിന്റെ മുഖത്തെ ആർദ്രമാക്കുന്നു. പലരും പരസ്പരം അറിയുന്നതുതന്നെ ഈ കാലത്താണ്. സ്ഥാനാർത്ഥികളുടെ പുഞ്ചിരിക്കുന്ന മുഖങ്ങളും, വോട്ടർമാരുടെ 'വെയിറ്റേജും' രസകരമായ ദൃശ്യങ്ങളായിത്തീരുന്നു. ഹസ്തദാനങ്ങൾ, ആലിംഗനങ്ങൾ, ചായയ്ക്കും, ഐസ്ക്രീമിനും ഓഫറുകൾ..... എല്ലാം ഇക്കാലത്ത് സാധാരണമാണ്. ഇതിനെ വിദഗ്ദ്ധമായി ചൂഷണം ചെയ്യുന്നവരും വിരളമല്ല. മററു കാമ്പസ്സുകളിലുള്ളതുപോലെ പക്വമായ ഒരു രാഷ്ട്രീയ അന്തരീക്ഷമല്ല നമ്മുടെ കാമ്പസ്സിലുള്ളത്.

കാമ്പസ് രാഷ്ട്രീയത്തെക്കുറിച്ച് ചോദിച്ചപ്പോൾ പലതരം മറുപടികളാണ് ലഭിച്ചത്. ആൺകുട്ടികളിൽ പലർക്കും വ്യക്തമായ രാഷ്ട്രീയ ബോധമുള്ളതായി കണ്ടു. കൂട്ടുകെട്ടുകളുടെ പേരിൽ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയിൽ ചേർന്നവരായിരുന്നു ഒരു വിഭാഗം. ഒരു രാഷ്ട്രീയ പാർട്ടിയിലും വിശ്വാസമില്ലാത്ത, എങ്ങിനേയെങ്കിലും അഞ്ചുവർഷം കഴിച്ചുകൂട്ടി കടന്നു പോയാൽ മതി എന്നു പറഞ്ഞവരും ഉണ്ടായിരുന്നു ആൺകുട്ടികൾക്കിടയിൽ. പെൺകുട്ടികളിൽനിന്നും നിരാശാജനകങ്ങളായ മറുപടികളാണ് അധികവും ലഭിച്ചത്. രാഷ്ട്രീയമില്ലാത്ത വിമൻസ് കോളേജിൽനിന്നും വന്നതുകൊണ്ടാകാം പല പെൺകുട്ടികൾക്കും വ്യക്തമായ രാഷ്ട്രീയ ബോധം ഇല്ലാത്തതെന്ന് ഒരു പെൺകുട്ടി അഭിപ്രായപ്പെട്ടു. നല്ല ഒരു വിഭാഗം പെൺകുട്ടികൾ രാഷ്ട്രീയത്തിന്നതീതമായി വ്യക്തിപരമായ കഴിവുകളെ അംഗീകരിക്കണമെന്ന അഭിപ്രായക്കാരാണ്. രാഷ്ട്രീയം തെററാണെന്ന ധാരണ വെച്ചുപുലർത്തുന്നവരുമുണ്ടായിരുന്നു പെൺകുട്ടികൾക്കിടയിൽ.

നമ്മുടെ കാമ്പസ്സിലെ മറെറാരു പ്രത്യേകത, ഇലക്ഷൻ അടുക്കുന്ന സമയത്ത് ആസൂത്രിതമായ രീതിയിൽ സ്ഥാനാർത്ഥികളെക്കുറിച്ച്, പരദൂഷണങ്ങൾ പ്രചരിപ്പിക്കുക എന്ന തന്ത്രമാണ്. ('പി. ഡി.' എന്ന ഓമനപ്പേരിൽ ഇതിവിടെ അറിയപ്പെടുന്നു). ആൺകുട്ടികളേക്കാൾ പെൺകുട്ടികൾക്കിടയിലാണ് ഇവയ്ക്ക് ഏറെ പ്രചാരം കിട്ടുന്നത്. പലരും ഇതിൽ അന്ധമായി വിശ്വസിച്ചുപോകുന്നു എന്നതാണ് ഏറെ വിചിത്രം! രാഷ്ട്രീയത്തിന്റെ മുഖം ഭീഭത്സവും മലിനവുമാക്കിത്തീർക്കുവാൻ പരദൂഷണങ്ങൾക്ക് വലിയ പങ്കുണ്ട്. ഇലക്ഷനശേഷം നടക്കുന്ന സംഘട്ടനങ്ങൾക്ക് വഴിയൊരുക്കുന്നതു് ഇത്തരം പ്രചരണങ്ങളാണ്.

വോട്ടുചോദിക്കുന്നതു് കാണാനാണ് ഏറെ രസം. വോട്ടു ചോദിക്കുമ്പോൾ ചിലർ ഒന്നും മിണ്ടാതെ ഗമയിൽ നടന്നുപോകുന്നതും, മററു ചിലർ ചിരിച്ചുകൊണ്ടു് തലയാട്ടുന്നതും, സ്ഥാനാർത്ഥികൾ വരുന്നതു കാണുമ്പോൾ ഭയത്തോടെ ഒളിച്ചോടുന്നതും എല്ലാം ഇക്കാലത്തെ സാധാരണ ദൃശ്യങ്ങളാണ്. ഒരു സ്ഥാനാർത്ഥി വോട്ടുചോദിയ്ക്കാൻ വരുമ്പോൾ അയാളെക്കുറിച്ചും അയാൾ നിൽക്കുന്ന സ്ഥാനവുമായി അയാൾക്കുള്ള ബന്ധത്തെക്കുറിച്ചുമൊന്നും ചോദിച്ചു മനസ്സിലാക്കാൻ ഇവിടെ ആരും ശ്രമിക്കാറില്ല എന്നതാണ് ഏറെ ഖേദകരം. ഫലമോ? ഇലക്ഷൻകാലം കഴിയുന്നതോടെ എല്ലാം പഴയതുപോലെയായിത്തീരുന്നു.

'വോട്ടുചെയ്തുകഴിഞ്ഞപ്പോൾ ഒരു 'താങ്ക്സ്' പോലും പറയുന്നില്ല'. വോട്ടുചെയ്തു മടങ്ങുന്ന ഒരു കൂട്ടം പെൺകുട്ടികളുടെ പ്രതികരണം. 'ഒരാൾ എന്നോട് പതിനൊന്നതവണ വോട്ടുചോദിച്ചു, ഞാനെണ്ണീതാ' ഒരു പെൺകുട്ടി അല്പം മടുപ്പോടെയാണിതു പറഞ്ഞതു്.

'കഴിവിനെ അംഗീകരിക്കാൻ ഈ കാമ്പസ്സ് പലപ്പോഴും മടികാണിയ്ക്കുന്നു. അതെന്താണ്?' ചോദ്യമായി ചെന്ന ഞങ്ങളോട്, ഒരു മൂന്നാം വർഷക്കാരൻ മറു ചോദ്യം ചോദിച്ചു. രാഷ്ട്രീയ ഉപചാപങ്ങളിലും തന്ത്രങ്ങളിലും കുടുങ്ങാതെ ഓരോ സ്ഥാനാർത്ഥിയേയും മൂല്യനിർണ്ണയം ചെയ്യാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞാലേ അതു് സാദ്ധ്യമാകൂ.

ഇവിടെ 'അരാഷ്ട്രീയ വാദികൾ' എന്നുപറയുന്നവരാണ് കൂടുതൽ രാഷ്ട്രീയം കളിക്കുന്നതു്. സ്വന്തമായ അസ്തിത്വവും ആദർശബോധവും ഉള്ള ഒരാൾക്ക് രാഷ്ട്രീയത്തെ അകററി നിർത്താനാവില്ല.

# അടിപിടി മൂലം കോളജ് അടച്ചു

സ്വന്തം ലേഖകൻ

തൃശൂർ: യൂണിയൻ തെരഞ്ഞെടുപ്പിനു ശേഷം കെ. എസ്. യു.-വൈയിലെയും എസ്. എഫ്. ഐ.യിലെയും വിദ്യാർഥികൾ ഏററുമുട്ടിയതിനെത്തുടർന്നു വെററിനറി കോളജും ഹോസ്ററലും അനിശ്ചിതകാലത്തേക്ക് അടച്ചു.

സംഘട്ടനത്തിൽ [redacted] എസ്. [redacted] ന [22] [redacted] പുതിയില [redacted] യിലെ [redacted] [23], [redacted] രെ ജില്ലാ [redacted] പ്ര വേശിപ്പിച്ചു [redacted] കണ്ണി നാണു പരുക്ക [redacted]

ഇരു വിഭാഗത്തിലും പെട്ട അൻപതോളം പേർക്കു പ്രഥമ ശുശ്രൂഷ നൽകി.

[illegible]

പിന്നീട് ക്രിക്കററ് ബാററ്, ഹോക്കി സ്ററിക്ക്, സ്ററമ്പ്, വടി, കല്ല്, കമ്പി, മോട്ടോർ സൈക്കിൾ ചെയിൻ എന്നിവ ഉപയോഗിച്ചു കൂട്ട അടി നടന്നു. തുടർന്ന് ഹോസ്ററലിൽ കയറിയായി അക്രമം.

പല വിദ്യാർഥികളുടെയും മുറികളിൽനിന്നു ഫാൻ, ടൈംപീസ്, അയൺബോക്സ്, പെട്ടികൾ എന്നിവ പുറത്തേക്കെറിഞ്ഞു. ചില മുറികളുടെ ജനാലകളും കതകുകളും അടിച്ചുടച്ചിട്ടുണ്ട്.

പോലീസ് എത്തിയാണു രംഗം ശാന്തമാക്കിയത്. ഇന്നലെ കോളജധികൃതർ വിദ്യാർഥികളുമായി നടത്തിയ ചർച്ച പരാജയപ്പെട്ടതോടെയാണു കോളജ് അടച്ചത്.




പുതുവർഷപ്പുലരിയിൽ കിട്ടിയ ഈ വാർത്ത ഏറെ വേദനാജനകമായിരുന്നു. ഒരേ ബഞ്ചിൽ ഒരേ മേൽക്കൂരക്കുകീഴെയിരുന്നു പഠിക്കുന്ന നമ്മൾക്കിടയിൽ ഇത്രയൊക്കെ .......

ആശയങ്ങൾ ഏററുമുട്ടേണ്ടയിടത്ത് വ്യക്തികൾ തമ്മിലേററുമുട്ടുമ്പോൾ ചിന്തുന്നത് ചോരയാണ്....ചിതറുന്നത് സൗഹൃദങ്ങളാണ്....നേടുന്നതോ ? വെറുപ്പും, വിദ്വേഷവും, സ്പർദ്ധയും. അണികളുടെ അണപൊട്ടിയൊഴുകുന്ന അപകടമായ ആവേശമാണ് ഇത്തരം സംഘട്ടനങ്ങളുണ്ടാക്കുന്നത്.

തത്വാധിഷ്ഠിതവും, അച്ചടക്കപൂർണ്ണവുമായ രാഷ്ട്രീയബോധം വളർത്തിയെടുക്കുവാൻ ഇരു രാഷ്ട്രീയ സംഘടനകളും ശ്രദ്ധിച്ചാൽ ഇത്തരം സംഘട്ടനങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിയും. ഭാവിയിൽ ഇത്തരം ചരിത്രങ്ങൾ ഒരിക്കലും ആവർത്തിക്കാതിരിക്കട്ടെ........

അക്ഷരങ്ങൾ അഭയമാകുന്നു. വർഷങ്ങൾക്കുമുമ്പ് നമുക്കു മുന്നിൽ നടന്നുപോയവർ കൊളുത്തിവെച്ച ഈ അക്ഷരങ്ങളുടെ നെയ്ത്തിരി കെടാതെ സൂക്ഷിക്കാൻ നമുക്ക് കഴിയുന്നത് നാം വികാരപരമായി പൂർണ്ണമായും മരിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ടുമാത്രമാണ്. കൊച്ചു കൊച്ചു കുറിപ്പുകളും, കാമ്പസ് വിശേഷങ്ങളും, കവിതകളും, കഥകളുംകൊണ്ട് ഇടക്കിടെ തെളിയാറുള്ള 'ആൾക്കൂട്ടം' എന്ന ചുമർ മാസിക അക്ഷരങ്ങളെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നവർക്കൊരു തണലായി ഇന്നും തുടരുന്നു. അക്ഷര വിരോധികൾക്ക് ദുഃഖകരമാവും. ഭാഷാസ്നേഹികളോട് കോളേജ് ലൈബ്രറിപോലും കരുണ കാണിക്കുന്നില്ലെന്നതാണ് ഏറെ കഷ്ടം. മലയാളപുസ്തകങ്ങൾ വിരളം. ഇംഗ്ലീഷ് നോവലുകളും, കവിതകളും മററും നല്ലതെന്നുപറയാവുന്നത് വിരലിലെണ്ണാവുന്നതുമാത്രം. ശാസ്ത്ര വിദ്യാർത്ഥികൾ സാഹിത്യത്തോട് ശത്രുത പുലർത്തണമെന്നാവും ഈ സിസ്റ്റം അനുശാസിക്കുന്നത്. പുസ്തകങ്ങളുടെ ലോകത്ത് തനിച്ചിരിക്കാൻ പോലും ലൈബ്രറിയിൽ സ്ഥലമില്ല. പരീക്ഷാഹാളിൽ ഇരിക്കുന്നതുപോലെ പുസ്തകം വായിക്കാൻ ഇരിക്കേണ്ടി വരുന്നു. കോളേജ് തുടങ്ങിയ കാലത്തുള്ള ലൈബ്രറിയാണ് വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടും മാററമില്ലാതെ തുടരുന്നത്. അതുകൊണ്ട് തന്നെ പലർക്കും കോളേജ് ലൈബ്രറിയോട് ഒരുതരം 'അലർജി'യാണ്. അസൈൻമെൻറുകൾ എഴുതേണ്ടി വരുമ്പോഴാണ് ചിലർ ലൈബ്രറിയിൽ കയറുന്നതുതന്നെ. വിദ്യാർത്ഥികളുടെ ഏററവും ഇഷ്ടപ്പെട്ട ഒരു സ്ഥലമാകേണ്ട ലൈബ്രറി ഇങ്ങിനെയെങ്കിൽ വിദ്യാർത്ഥികളുടെ Extra reading മുരടിച്ചുപോകുന്നതിൽ എന്താണത്ഭുതം ? ഹോസ്ററൽ ലൈബ്രറികളിലും നല്ല പുസ്തകങ്ങൾ ഇല്ലെന്നുതന്നെയാണ് പരാതി. Reading room-ൽ കലാകൗമുദി, മാതൃഭൂമി, India Today, Illustrated Weekly, തുടങ്ങിയ മാസികകൾ എല്ലാം പലപ്പോഴും അനാഥമായി കിടക്കുന്നതു് കാണാം. 'നാന'ക്കും കേരള ശബ്ദത്തിനും, Sportstar-നും മററുമാണ് Men's hostel-ൽ ഏറെ ഡിമാൻറ്. പത്രം പോലും വായിക്കാത്തവർ ഇവിടെ ധാരാളമുണ്ടെന്ന് പറയുമ്പോൾ മൂക്കത്ത് വിരൽവക്കേണ്ട കാര്യമില്ല. 'ഇതൊക്കെ അറിഞ്ഞിട്ട് എന്താകാര്യം' എന്ന മറുചോദ്യമാണ് പലരിൽനിന്നും ലഭിക്കുന്നത്. കോളേജ് മാഗസിനിലേക്ക് നല്ല സൃഷ്ടികളുടെ ദൗർലഭ്യം അനുഭവപ്പെട്ടത് ഈ ദുരന്തത്തിൻെറ പ്രതിഫലനമാവാം. കലാസാംസ്കാരിക പരിപാടികൾക്ക് കോളേജ് ആഡിറേറാറിയം ശൂന്യമായി കിടക്കുന്ന കാഴ്ച ആ രംഗത്ത് പ്രവർത്തിക്കുന്നവരെ പലപ്പോഴും നിരാശരാക്കാറുണ്ട്. നമ്മുടെ കോളേജിലെ 'സർഗ' എന്ന കലാസാംസ്കാരിക സംഘടന നേരിടുന്ന പ്രധാന പ്രതിസന്ധിയും ഇതുതന്നെയാണ്. ഈ ദുരവസ്ഥയിൽ 'ആൾക്കൂട്ടം' എന്ന ചുമർ മാസികയ്ക്ക് ഇടക്കെങ്കിലും പ്രകാശിതമാകുവാൻ കഴിയുന്നത് ഒരത്ഭുതംതന്നെയാണ്.



കാലത്തിൻെറ ഇടനാഴികളിൽ ഒത്തുചേരുകയും, വേർപിരിയുകയും, വീണ്ടടിയുകയും ചെയ്യുന്ന മനുഷ്യർ....... ഇടനാഴിയുടെ ഇരുളിൽ അടർന്നുവീഴുന്ന അവരുടെ തേങ്ങലുകൾ........, പൊട്ടിച്ചിരികൾ........, മോഹങ്ങൾ...., മോഹഭംഗങ്ങൾ...., ഇതിലെ എത്രയെത്ര പേർ നടന്നുവന്നു? എന്തെല്ലാം തരക്കാർ! എന്തെല്ലാം മാനസികാവസ്ഥകൾ പേറിയവർ....! എല്ലാം കണ്ടും, കേട്ടും, അറിഞ്ഞും പുതിയ പാദസ്പർശനങ്ങളും കാത്ത് കിടക്കുമ്പോൾ കാലം ഇതിലെ കടന്നുപോകുന്നു.



അന്തിയുറങ്ങാനുള്ള ഒരു താവളം മാത്രമാണോ ഹോസ്റ്റൽമുറികൾ?

മെൻസ് ഹോസ്റ്റലിൽ പലരെയും സംബന്ധിച്ചിടത്തോളം ഈ ചോദ്യം അർത്ഥവത്താണെന്നതാണ് യഥാർത്ഥ്യം. പരീക്ഷയടുക്കുമ്പോഴാണ് ഹോസ്റ്റൽമുറികൾക്ക് ജീവൻ വെക്കുന്നത്. ഇക്കാലത്തു് ഫാം ഗേററിനടുത്തുള്ള തട്ടുകടയിലും, മണ്ണുത്തി സെൻററിലെ ചായക്കടകളിലും ഏതു പാതിരനേരത്തും ചായ കുടിക്കാനെത്തുന്ന വിദ്യാർത്ഥികളെ കാണാം. പലരുടേയും കച്ചവടം പുരോഗമിക്കുന്നത് പരീക്ഷക്കാലത്താണെന്ന് കച്ചവടക്കാർ പറയുന്നു. പരീക്ഷയുടെ അവസാനം മദ്യത്തിലൂടെയും മററും ചിലർ 'റിലാക്സ്' ചെയ്യുന്നു. പിന്നെ കൂക്കിവിളിച്ചും, തെറിപ്പാട്ട് പാടിയും ഹോസ്ററൽ വരാന്തകളിലൂടെ അലഞ്ഞുനടക്കുന്നു. സ്വന്തമായ വ്യക്തിത്വം കാത്തുസൂക്ഷിക്കാത്ത ഇവർക്കാണ് ഹോസ്ററൽ ജീവിതം ഏററവും അധികം ആസ്വദിക്കാൻ കഴിയുന്നത്.

അഞ്ചു വർഷം ഒന്നിച്ചു കഴിച്ചുകൂട്ടിയ റൂം മേററ്സിൻെറ അക്കാദമിക് കാര്യങ്ങളെക്കുറിച്ച് ഒന്നുമറിയില്ലെന്ന് ഒരു കൂട്ടുകാരൻ പറയുമ്പോൾ റൂം മേററ്സ് തമ്മിലുള്ള വ്യക്തിബന്ധം നമുക്ക് ഊഹിച്ചെടുക്കാവുന്നതേയുള്ളു. രാത്രിയുടെ അന്ത്യയാമങ്ങളിൽ മാത്രം വന്നെത്താറുള്ള അജ്ഞാതരായ റൂം മേററ്സും ഇവിടെയുണ്ടെന്ന് ചിലർ പറയുന്നു.

'ഒരു റൂം മേററാണതു് ചെയ്തതു്....കോഴ്സെടുക്കുമ്പോൾ കാലു വാരി, എനിക്ക് ആറു് ക്രെഡിററ് നഷ്ടമായതു്''. തൻെറ റൂം മേററ്സിനെക്കുറിച്ച് ഒരാൾ പറയുന്ന അഭിപ്രായം.

'എനിക്കു വരുന്ന എഴുത്തു് പൊട്ടിച്ച് വായിക്കുകയും, നശിപ്പിക്കുകയും ചെയ്യുന്നു', മറെറാരാൾ പരാതിപ്പെടുന്നു. ഇതിനിടയിലും നല്ല സൗഹൃദങ്ങൾ ഇവിടെ വളർന്നു വരാറുണ്ട്.

കോളേജ് ജീവിതത്തിൻെറ മടുപ്പിൽനിന്ന് ചിലർക്ക് മോചനം ലഭിക്കുന്നതു് ഹോസ്ററൽ ജീവിതത്തിലൂടെയാണത്രെ. ചിത്രഗീതം, സിനിമ, വേൾഡ് ദിസ് വീക്ക് തുടങ്ങിയ പരിപാടികൾക്കാണ് ടി. വി. റൂമിൽ തിരക്കു കാണാറുള്ളതു്. പ്രഭാതങ്ങളിലും ഉച്ചനേരത്തുമാണ് പലരും പത്രവായനയ്ക്കെത്തുന്നതു്. ഒരിക്കൽപോലും പത്രം തൊട്ടശുദ്ധമാക്കാത്തവരും ഈ ഹോസ്ററലിലുണ്ട് എന്നതാണ് ഏറെ രസകരം. ഹോസ്ററലിലെ, സ്വന്തം മുറികളോട് ആത്മബന്ധം പുലർത്തുന്നവർ വളരെ കുറവാണ്. അപൂർവ്വം ചിലർ പുതിയ ഹോസ്ററൽ പണി തീർത്തശേഷം, പഴയ ഹോസ്ററലിൽതന്നെ കഴിഞ്ഞുകൂടാനാഗ്രഹിച്ചതു് വേരുകൾ നഷ്ടപ്പെടുന്ന അവസ്ഥ ദുസ്സഹമായതുകൊണ്ടാണത്രെ. 'ബ്രൂഡർ ഹൗസി'ൻെറ ആകൃതിയുള്ള പുതിയഹോസ്ററലിനെ ആദ്യം പലരും വളരെ വെറുപ്പോടെ വീക്ഷിച്ചെങ്കിലും. പിന്നീടതിഷ്ടപ്പെടാൻ തുടങ്ങി.



മെൻസ് ഹോസ്റ്റലിലെ ഇടനാഴിയിലൂടെ വേനൽ കടന്നുവരുമ്പോൾ, സൗഹൃദങ്ങളും ബന്ധങ്ങളും മരീചികകൾ തീർക്കുന്നു—മെൻസ് ഹോസ്റ്റലിലെ ഇടനാഴിയുടെ രണ്ട് സാങ്കല്പിക ഫോട്ടോകൾ.

പഴയ ഹോസ്റ്റലിലെ പല വിങ്ങുകൾക്കും ശാസ്ത്രജ്ഞന്മാരുടെ പേരാണുള്ളത്; സിസ്സൺസ് വിങ്ങ്, ഡോളേഴ്സ് വിങ്ങ്, റോബർട്ട്സ് വിങ്ങ്........അങ്ങിനെ പോകുന്നു ആ പേരുകൾ.

"If at all there is a Paradise, on this earth.

It is this........ It is this........

It is this........" എന്നിങ്ങനെ ആലേഖനം ചെയ്യപ്പെട്ട ഒരു ബോർഡ്, പഴയ ഹോസ്റ്റലിൽ കയറിച്ചെല്ലുന്നിടത്ത്, ആരാലും ശ്രദ്ധിക്കപ്പെടാതെ ഇന്നും നിറംമങ്ങി കിടപ്പുണ്ട്. സ്വർഗ്ഗവും നരകവും സൃഷ്ടിക്കുന്നത് മനുഷ്യർതന്നെയാണ്. നമ്മുടെ ഹോസ്റ്റലും ഒരു സ്വർഗ്ഗമാക്കാൻ നമുക്ക് കഴിയില്ലേ?

കോളേജിൽവെച്ച് ഒരാൾ ഒന്നു തുമ്മിയാൽപോലും അതൊരു വലിയ കാര്യമാക്കി മാററി ചർച്ചക്കു വേദിയൊരുക്കുന്ന ഹോസ്റ്റലിലെ ഊണമേശയും, വൈകുന്നേരങ്ങളിലെ 'സൊററ'പറച്ചിലുകളും സുപ്രധാനങ്ങളാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. (പല 'പി. ഡി'കൾക്കും ജന്മം നല്കുന്നത് ഈ നേരത്തായിരിക്കണം.)

വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതുകാരണം സീററുപിടിക്കാൻ ഉച്ചയ്ക്ക് ക്ലാസുകഴിഞ്ഞ് മെസ്സ്ഹാളിലേയ്ക്കുള്ള ഓട്ടമാണ് സഹിച്ചുകൂടാത്തതെന്ന് ഒരാൾ പറയുന്നു. മെസ്സ്ഹാളിലെ ബഹളങ്ങളോടാണ് മറെറാരാൾക്ക് എതിർപ്പ്. സമാധാനപരമായി ഭക്ഷണം കഴിക്കാൻപോലും ചിലർ അനുവദിക്കുന്നില്ല എന്നാണ് ഒരാളുടെ പരാതി. പക്ഷേ ഭൂരിപക്ഷംപേരും ഈ ബഹളങ്ങളൊക്കെ ഇഷ്ടപ്പെടുന്നുണ്ടെന്നാണ് അറിയുവാൻ കഴിഞ്ഞത്.

വേനൽക്കാലരാത്രികളിൽ ആകാശം നോക്കികൊണ്ട് പഴയഹോസ്റ്റലിലെ ടെറസ്സിനുമുകളിൽ ഉറങ്ങാൻ കിടക്കുന്നത് ഒരിക്കലും മറക്കാനാവില്ലെന്ന് ഒരാൾ പറഞ്ഞു.

വേനലിന്റെ ചൂട് സഹിക്കാതെ വരുമ്പോൾ ടെറസ്സിന് മുകളിലാണ് പലരുടെയും ഉറക്കം.

പുതുതായി പണികഴിപ്പിച്ച ഹോസ്റ്റലിൽ ഈ സൗകര്യങ്ങൾ ഇല്ലാതെ പോയത് കഷ്ടമായി എന്നും ചിലർക്ക് അഭിപ്രായമുണ്ട്.

പരീക്ഷാകാലത്ത് പാതിരാനേരത്ത് പടക്കം പൊട്ടിക്കുന്നതും ഫാമിലൂടെ കറങ്ങാൻ പോകുന്നതുമാണ് മററു ചിലർക്ക് മറക്കാനാവാത്തത്.

ഇങ്ങിനെ ഓർമ്മയുടെ കുറച്ചു വർണ്ണപ്പൊട്ടുകളെങ്കിലും സമ്മാനിക്കാൻ ഹോസ്ററൽ ജീവിതത്തിനു മുഴുവൻ കഴിയുന്നു എന്നത് ഏറെ ആശ്വാസദായകമായി തോന്നുന്നു. ചിറകുകൾ നഷ്ടപ്പെടുന്നവർക്ക് ഒരാകാശം മുഴുവൻ സ്വന്തമുണ്ടായാലും പ്രയോജനമൊന്നുമില്ലല്ലോ. ജീവിതത്തിന്റെ താളക്രമങ്ങളും, സംഗീതവും പൂക്കുന്ന നിമിഷങ്ങളൊരുക്കാനെങ്കിലും ഹോസ്ററൽ ജീവിതത്തിനു കഴിയട്ടെ.



ഇവിടെ ഇത്തിരിനേരം... ...........

**ഹോസ്റ്റൽ ജീവിതത്തിനിടയിൽ ഭൂരിഭാഗം പെൺകുട്ടികളും ഇഷ്ടപ്പെടുന്ന ടി. വി. റൂം**

ഹോസ്റ്റൽ ജീവിതത്തിനിടയിൽ അല്പം നൊസ്റ്റാൽജിയയോടെ ഓർക്കാവുന്ന ഒരു സ്ഥലം ഹോസ്റ്റലിലുണ്ടോ? എന്ന ചോദ്യത്തിന് 'അങ്ങിനെയൊരു സ്ഥലവുമില്ലെന്നായിരുന്നു' ഭൂരിഭാഗം പെൺകുട്ടികളുടേയും മറുപടി. അതിനർത്ഥം ഹോസ്റ്റൽ ജീവിതവുമായി അലിഞ്ഞുചേരാൻ ഇവർക്കാർക്കും കഴിഞ്ഞിട്ടില്ല എന്നുള്ളതാണ്. അല്ലെങ്കിൽ ഹോസ്റ്റലിന്റെ വിവിധ ഭാവമുദ്രകൾ ഇവരുടെ ആരുടേയും ഹൃദയത്തിൽ സ്പർശിച്ചിട്ടില്ല എന്നുള്ളതാണ്. വൈകുന്നേരങ്ങളിലെ ഷോപ്പിങ്ങിനോ, ലൈബ്രറിയിലെ റഫറൻസിനോ ഒഴിച്ച്, മറ്റുള്ള സമയമത്രയും, സ്വന്തം മുറിയുടെ നാലു ചുവരുകൾക്കുള്ളിൽ പലരും തളച്ചിടപ്പെടുകയാണ്. ബന്ധനങ്ങളോടും നിയന്ത്രണങ്ങളോടും, ഒരുതരം അന്ധമായ വിധേയത്വമാണ് പലരും കാണിക്കുന്നത് എന്ന് മാഗസിൻ സർവ്വേ ചൂണ്ടിക്കാണിക്കുന്നു.

മെൻസ് ഹോസ്റ്റലിലേതുപോലെ നല്ല മാഗസിനുകൾ റീഡിങ്ങ് റൂമിൽ ആവശ്യക്കാരില്ലാതെ, വായിക്കപ്പെടാതെ കിടക്കുന്നത് ഇവിടെ സാധാരണമത്രേ! ഇരുപത് പെൺകുട്ടികളോട് ചോദിച്ചതിൽ ഒമ്പതുപേർ ടി.വി., വായനാശീലത്തെ സ്വാധീനിക്കുന്നില്ലെന്ന് അവകാശപ്പെടുന്നു. പൊതുവെ വായനാശീലത്തെ ബാധിക്കുന്നില്ലെങ്കിലും ടി. വി.യിലെ സിനിമ കാണാൻ വേണ്ടി വായന മാറ്റിവെക്കുന്നവർ മൂന്നുപേരുണ്ടായിരുന്നു. ബാക്കി എട്ടുപേർ ടി.വി. വായനയെ ബാധിക്കുന്നതായി സമ്മതിക്കുന്നു. ടി. വി.യിലെ സിനിമയും പാട്ടുകളുമാണ് (ചിത്രഗീതം, ചിത്രഹാർ) ഭൂരിഭാഗം പെൺകുട്ടികളും ഇഷ്ടപ്പെടുന്നത്. ടി. വി. സൗഹൃദങ്ങളെ കുറക്കുന്നില്ല, പകരം മെച്ചപ്പെടുത്തുകയാണ് ചെയ്യുന്നതെന്ന് എല്ലാവരും അഭിപ്രായപ്പെടുന്നു. രണ്ടുപേരൊഴിച്ച് മററാരും ടി. വി. യിലെ പരസ്യങ്ങൾ തങ്ങളെ സ്വാധീനിക്കാറില്ലെന്ന് പറയുന്നു. ഒരാൾക്ക് ഏററവും ഇഷ്ടം പരസ്യം കാണാനാണ്. മറെറാരാൾക്ക് പരസ്യങ്ങളിൽ പലതും അനുകരിക്കാൻ ആഗ്രഹമുണ്ട്. പരസ്യങ്ങൾ കാണുമ്പോൾ ദേഷ്യംവരുന്ന ഒരാളുമുണ്ട് പെൺകുട്ടികൾക്കിടയിൽ. ടി. വി.യിലെ പല പരിപാടികൾക്കും കലാമൂല്യം കുറവാണെന്ന് പലരും അഭിപ്രായപ്പെടുന്നു. പ്രാദേശികഭാഷാ ചിത്രങ്ങൾ ഇഷ്ടപ്പെടുന്ന നല്ല ഒരു വിഭാഗം പെൺകുട്ടികളുണ്ട്, പ്രത്യേകിച്ചും ബംഗാളി ചിത്രങ്ങൾ.

മററു പരിമിതികൾ (അവ എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.) ഉള്ളതുകൊണ്ടാണ് ഒരാൾക്ക് ടി. വി. കാണേണ്ടിവന്നതത്രേ. പക്ഷേ ലേഡീസ് ഹോസ്റ്റലിലെ നിയന്ത്രണങ്ങളെ ഭൂരിഭാഗം പെൺകുട്ടികളും സ്വാഗതം ചെയ്യുന്നതായി കണ്ടു. രണ്ടുപേർക്ക് ഇതിനോട് വിയോജിപ്പുണ്ട്. ഇത്രയും പ്രായമായ ആളുകളിൽ അധികം നിയന്ത്രണം ഏർപ്പെടുത്തുന്നത് ശരിയല്ലെന്നും, എന്നാൽ ആ വിയോജിപ്പിലൂടെ മുതലെടുക്കാൻ ശ്രമിക്കുന്നതിനോട് യോജിപ്പില്ലെന്നും ഒരാൾ അഭിപ്രായപ്പെടുന്നു.



ഇതാ ഒരഭയസ്ഥാനം
കോളേജ് കാമ്പസിലെ ഗോട്ട് ഫാമിനു പിറകിലുള്ള കുന്ന്

കാട്ടുപൊന്തകളും, പാറക്കൂട്ടങ്ങളും, പുൽപ്പടർപ്പുകളും നിറഞ്ഞ പ്രകൃതിയുടെ ഈ വാത്സല്യം നമ്മുടെ കോളേജിലെ പലർക്കും അജ്ഞാതമാണ്. അപൂർവ്വമായി വീണു കിട്ടുന്ന ഈ കനിവ് ആസ്വദിക്കാതെ ഇവിടെനിന്ന് പഠിച്ചിറങ്ങി പോകുന്നത് ഒരു നഷ്ടംതന്നെയാണ്. പരീക്ഷയടുക്കുമ്പോൾ ചിലരെങ്കിലും ഈ കുന്നിൻമുകളിലെ പാറകളിലിരുന്നു് അനാട്ടമിയും, ഫിസിയോളജിയും മററും 'കത്തി'ക്കുന്നതു കാണാം. ചിലർ അലസ സായന്തനങ്ങൾ ചിലവിടാനായി ഈ കുന്നിൻപുറത്തേക്കുവരുന്നു. ഇവിടെനിന്നാൽ കോളേജും ഹോസ്റ്റലുമെല്ലാം പൊട്ടുകൾപോലെ കാണാം, താഴ്‌വരകളെ തഴുകിയെത്തുന്ന കാററിൻെറ സ്പർശനസുഖമറിയാം. കരിങ്കുയിലുകളുടെ പാട്ടു കേൾക്കാം.

പണ്ട്, ഇവിടം നവാഗതരായി വരുന്നവരുടെ കണ്ണുനീർ വീണ് നനയുമായിരുന്നത്രേ. ഏററവും ക്രൂരമായി റാഗു ചെയ്യാറുള്ളതു് ഈ കുന്നിൻമുകളിൽ വെച്ചായതുകൊണ്ടാവാം ഒരു വെററിനറി സർജൻ കൂട്ടുകാരോടെയാണ് ഈ കുന്നിനെക്കുറിച്ച് പറഞ്ഞുതന്നതു്. ''ഔ, ആ കുന്നിൻെറ മുകളിൽ വെച്ചുള്ള റാഗിങ്ങാണ് സഹിച്ചുകൂടാത്തതു്.'' അതുകൊണ്ടാണത്രെ കുന്നിൻമുകളിലുള്ള ഒരു പാറക്കു് '——' പാറ എന്ന അശ്ലീലം കലർന്ന ഒരു പേരു് ലഭിച്ചതു്. ലൈംഗിക വൈകൃതമെന്നു കരുതാവുന്ന ഒരുതരം റാഗിങ്ങ് ഈ പാറപ്പുറത്തു് അരങ്ങേററുണ്ടുപോലും. ഇപ്പോൾ അത്തരം റാഗിങ്ങ് രീതികൾ നിലവിലില്ലെങ്കിലും ആ പേരു് മാത്രം ഇപ്പോഴും നിലനില്ക്കുന്നു.

മനസ്സിൻെറ നിറക്കൂട്ടുകളും, മൃദുലഭാവങ്ങളും നഷ്ടമാകുന്ന കാമ്പസ് ജീവിതത്തിനിടയിൽ ഈ പ്രകൃതിയുടെ വാത്സല്യമല്ലാതെ എവിടെയാണ് ഒരഭയം? താഴ്‌വരകളിലെ പച്ചത്തഴപ്പിലേക്കു നോക്കി ഇവിടെയൊക്കെ വെട്ടിത്തെളിപ്പിച്ച് *'Fodder'* കൃഷി ചെയ്യാമെന്ന് ഒരാൾ നിർദ്ദേശിക്കുമ്പോൾ മനസ്സിലൂടെ കടന്നു പോയതു് ഒരു വേനൽ മുഴുവനുമായിരുന്നു. മുരടിച്ചു പോകുന്ന ഭാവനകളുടേയും സഹൃദയത്വത്തിൻേറയും രക്തസാക്ഷിത്വം പേറാൻ കഴിയാത്തവർക്കു് കനത്ത നഷ്ടങ്ങൾ സഹിക്കേണ്ടിവരുന്നു. ആത്മപീഡനങ്ങൾ ഏൽക്കേണ്ടിവരുന്നു.

''ഞാൻ ആദ്യമൊക്കെ നന്നായി വരക്കുമായിരുന്നു. ഈ വെറേററിനറി കോളേജിൽ ചേർന്നശേഷം എല്ലാം നിർത്തി. പിന്നെ ബ്രഷ് തൊട്ടിട്ടില്ല''. ഒരു സീനിയർ വെറേററിനറി സർജൻ അൽപ്പം നിരാശയോടെ ഇങ്ങനെ പറഞ്ഞപ്പോൾ ഞങ്ങൾക്കു നിരാശ തോന്നിയില്ല, വേദന തോന്നിയില്ല. എല്ലാം സ്വാഭാവികം എന്നുമാത്രം തോന്നി, ഒരു നല്ല സാഹിത്യകാരൻപോലും, വെറേററിനറി ഡോക്ടർമാർക്കിടയിൽ ഇല്ലാതെ പോയതു് എല്ലാം ഇവിടത്തെ കൊടുവറുതിയിൽ കരിഞ്ഞുപോയതുകൊണ്ടായിരിക്കണം.

ഫീൽഡിലെ അനുഭവങ്ങളെക്കുറിച്ച് മാഗസിനിലേക്കു് എഴുതിത്തരാനായി ചില ഡോക്ടർമാരെ സമീപിച്ചപ്പോൾ അവരെല്ലാം പറഞ്ഞതു് സാഹിത്യവുമായുള്ള ബന്ധം എന്നേ നഷ്ടപ്പെട്ടുകഴിഞ്ഞു എന്നാണ്. പഴയ മാഗസിൻ എഡിററർമാരെ സമീപിച്ചപ്പോഴും ഇതുതന്നെയായിരുന്നു അനുഭവം. എഴുതാനാവാത്ത ദുരവസ്ഥയെക്കുറിച്ച് അവർ പറഞ്ഞപ്പോൾ ഭീകരമായൊരു പേടിസ്വപ്നംപോലെ ഭാവി ഞങ്ങൾക്കുമുമ്പിൽ നിന്നു, ഒന്നും എഴുതാനും ആസ്വദിക്കാനും കഴിയാത്ത അവസ്ഥ, അതാണോ ഈ കാമ്പസ് നമുക്കു് സമ്മാനിക്കുന്നതു'?



കാമ്പസ്സിന്റെ ഒരാർദ്രഭാവം
ഗ്രൗണ്ടിനു ചുററുമുള്ള സിമന്റ് പടവുകൾ

കോളേജ് ഗ്രൗണ്ടിന് ചുററുമുള്ള ഈ സിമന്റ് പടവുകളിൽ, ഡിവിഡിവി മരത്തണലുകളിൽ ഒരിക്കൽ പോലും ഇരിക്കാത്തവർ നമ്മുടെ കാമ്പസിലുണ്ടാവുമോ? സ്വച്ഛവും, ശാന്തവുമായ ജീവിതമാഗ്രഹിക്കുന്ന പലരുടേയും തിരക്കൊഴിഞ്ഞ വൈകുന്നേരങ്ങൾ ഇവിടെ പങ്കുവെക്കപ്പെടുന്നു. പ്രേമിക്കുന്നവരുടെ സംഗമസ്ഥലമായതുകൊണ്ടാവാം 'ലൗവേഴ്സ് കോർണർ' എന്നൊരു പേരും ഈ സ്ഥലത്തിന് ലഭിച്ചിട്ടുണ്ട്. ഇവിടെ മാരിവില്ലുപോലെ വിരിയുകയും മായുകയും ചെയ്ത എത്രയെത്ര പ്രേമങ്ങളെക്കുറിച്ച് ഈ സ്ഥലത്തിന് ഓർക്കാനുണ്ടാവും?

പ്രേമിക്കുന്നവരുടെ സംഗമസ്ഥലം ഇവിടെ മാത്രമല്ല. ആളൊഴിഞ്ഞ കോളേജുവരാന്തകളിൽ, ലൈബ്രറിയിലെ തുറന്നുവെച്ച പുസ്തകത്തിനു പുറകിൽ, ഫാമിലെ വഴികളിൽ, നഗരവീഥികളിൽ, റസ്റ്റോറന്റുകളിൽ, എല്ലാം ഇവരെ കാണാൻ കഴിയും. നിമിഷങ്ങൾ മുതൽ വിവാഹം വരെ നീണ്ടുനിന്ന പ്രേമങ്ങൾ ഇവിടെ അരങ്ങേറിയിട്ടുണ്ടെന്ന് പ്രേമങ്ങളുടെ ചരിത്രം വിവരിച്ചുകൊണ്ട് ഒരു കൂട്ടുകാരൻ അഭിപ്രായപ്പെടുന്നു. 'ഞങ്ങൾ ആത്മാർത്ഥമായി പ്രേമിക്കുന്നു. അതിൽ ചിലർ അനാവശ്യമായി ഇടപെടുന്നതാണ് മനസ്സിലാവാത്തതു്'' ഒരു കൂട്ടുകാരന്റെ പ്രതികരണം. 'ലാബ് മേറ്റ്സ് ആയതു മുതൽക്കാണ് ഞങ്ങൾ പ്രേമിക്കാൻ തുടങ്ങിയതു്'' മററൊരാൾ അഭിപ്രായപ്പെടുന്നു. മററൊരു രസകരമായ ചിത്രം ഈ കോളേജുഗ്രൗണ്ടിൽ നടക്കാറുള്ള ഫിസിക്കൽ എഡ്യുക്കേഷൻ എന്ന പ്രഹസനമാണ്. സ്ക്കൂൾകുട്ടികളെപ്പോലെ യൂണിഫോമിട്ട്, ചുട്ടുപൊള്ളുന്ന വേനൽക്കാലത്തു് കിതച്ചും, വിയർപ്പൊഴുക്കിയും 'വ്യായാമത്തിനായി' ഇവിടുത്തെ വിദ്യാർത്ഥികൾ ഓടുന്നതുകണ്ടിട്ട് ഒരിക്കലൊരു വഴിപോക്കനായ വൃദ്ധൻ ചോദിച്ചു 'ഇതെന്താതു്? കോളേജ് കുട്ടികളെക്കൊണ്ട് ഇങ്ങനെ 'ഡ്രില്ല്'' കളിപ്പിക്കുന്നതു്. ഞാനാദ്യയിട്ടാ കാണണേ, പാവങ്ങള്........'

സ്പോർട്ട്സിൽ താൽപ്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുക എന്ന ഉദാരമനോഭാവമല്ലാതെ എല്ലാവരേയും സ്പോർട്ട്സ്കാരാക്കുക എന്ന വികലമായ ചിന്താരീതി അഗ്രി: യൂണിവേഴ്സിററിയിലെ മാത്രം പ്രത്യേകതയാണെന്ന് തോന്നുന്നു· വിദേശീയ വിദ്യാഭ്യാസ സമ്പ്രദായം അന്ധമായി സ്വീകരിക്കുന്നതിനിടയിൽ ഭൂപ്രകൃതിയിലും കാലാവസ്ഥയിലുമുള്ള മാററങ്ങൾ പഠിക്കാതെയാണ് ഇത് അനുകരിക്കപ്പെട്ടിട്ടുള്ളതു്. സ്പോർട്ട്സിൽ ഇത്രയേറെ 'പ്രോത്സാഹനം' ലഭിച്ചിട്ടും അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒരാളെപ്പോലും സൃഷ്ടിക്കാൻ ഈ സിസ്റ്റത്തിന് കഴിയാതെപോയതു് എന്തുകൊണ്ടാണ്?

ഇവിടുത്തെ വിദ്യാർത്ഥികളുടെ വൈകുന്നേരങ്ങൾ എവിടെയാണ് ചിലവഴിക്കപ്പെടുന്നതു് എന്ന അന്വേഷണത്തിൽനിന്നും, ഒരു വിഭാഗം മുറികളിൽത്തന്നെ പുസ്തകവുമായി കഴിഞ്ഞുകൂടുമ്പോൾ, ആൺകുട്ടികളിൽ ഒരു വിഭാഗം നഗരങ്ങളിലും, പെൺകുട്ടികൾ മണ്ണുത്തിയിൽ ഷോപ്പിങ്ങിനും മററുമായി ചിലവഴിക്കുന്നു. ജൂസു കുടിക്കാനും മററും വെററിനറി കോളേജിലെ പെൺകുട്ടികളാണ് ആൺകുട്ടികളേക്കാൾ കൂടുതലായി മണ്ണുത്തിയിലെത്താറുള്ളതു് എന്ന് ഒരു കച്ചവടക്കാരൻ പറയുന്നു.

മററൊരു വിഭാഗം ഗ്രൗണ്ടിലെ കളിക്കളത്തിലും റിക്രിയേഷൻ മുറിയിലും ചിലവഴിക്കുന്നു. പരീക്ഷയടുക്കുമ്പോൾ ഇവർ ഫാമിലെ വഴികളിലൂടെ പുസ്തകവുമായി നടക്കുന്നത് ഇവിടുത്തെ ഒരു സാധാരണ ദൃശ്യമാണ്.



'ശാപമോക്ഷമില്ലാത്തവർ'

കൺകറൻറ്സിൻെറ ട്രൈമസ്റ്ററുകളാരംഭിയ്ക്കുന്നതു് കോഴ്സ് അഡ്ജസ്റ്റ്മെൻറിലൂടെയാണ്. കോഴ്സുകൾ ഓഫർ ചെയ്തു കിട്ടുവാനും, ടൈംടേബിൾ ഉണ്ടാകുവാനും ട്രൈമസ്റ്ററുകളുടെ ആദ്യനാളുകളിൽ ഇവർക്കു് അലയേണ്ടിവരുന്ന ഒരൊററ കോഴ്സിൽ തോററതുകൊണ്ടു മാത്രം ഒഴുക്കിൽപ്പെടാൻ കഴിയാതെ വഴി തെററിയവരും, സിസ്ററവുമായി അഡ്ജസ്ററ് ചെയ്തുപോകാൻ കഴിയാത്തവരും ഇടയ്ക്കുവെച്ച് മെഡിക്കൽ എൻട്രൻസ് എഴുതാൻ ശ്രമിച്ചവരും എല്ലാം ഇക്കൂട്ടരിൽപ്പെടുന്നു. വളരെ വൈകി മാത്രമാണു് സപ്ലിമെൻററി പരീക്ഷ എന്ന കനിവ് ഇവരെ തേടിയെത്തുന്നതു്. കോഴ്സുകൾ ഓഫർ ചെയ്യാതെ വരുന്ന അവസ്ഥകളും, കോഴ്സ് അഡ്ജസ്റ്റ്മെൻറ് സമയത്തെ പ്രശ്നങ്ങളും, പരീക്ഷകളുടെ അനിശ്ചിതത്വത്തിലും മററും ഇവർക്ക് നഷ്ടമാകുന്ന പഠനത്തിൻെറ വസന്താരംഭങ്ങൾ... ....

പിന്നീടൊരിക്കലും തിരിച്ചെടുക്കാൻ കഴിയാതെ പോകുന്ന അവരുടെ പഠനസങ്കല്പങ്ങൾ ആത്മഹത്യാപരമായ നിഷ്ക്രിയത്വത്തിലേക്കും അലസതയിലേക്കും പലരേയും വലിച്ചിഴക്കുന്നു. ''കട്ടുചെയ്യാൻ ഒരു ക്ളാസ്സുപോലുമില്ല'' — അക്കാദമിക് റിപ്പീററായി പുതിയ കോഴ്സുകളൊന്നും എടുക്കാൻ കഴിയാതായ ഒരു കൂട്ടുകാരൻെറ പ്രതികരണം. ''എനിക്ക് എസ്.എസ്.എൽ. സി. ക്കു് അഞ്ഞൂററിപ്പത്തുമാർക്കുണ്ടായിരുന്നു, പ്രീഡിഗ്രിക്കു് എൺപത്തഞ്ചുശതമാനം, ഇവിടെ വന്നപ്പോൾ മാത്രം ....... അതു മുഴമിപ്പിക്കാൻ അയാൾക്കാവുന്നില്ല.

എവിടെ ആർക്കാണ് തെററുപററിയതു് ?

അലസതയേയും, നിഷ്ക്രിയത്വത്തേയും ഒരിക്കലും ന്യായീകരിക്കാനാവില്ലെങ്കിലും മുമ്പ് നല്ലവണ്ണം പഠിച്ചിരുന്നവർക്ക് ഈ കോളേജിൽ, പഠിക്കാൻ കഴിയാതെ വരുന്നതെന്തുകൊണ്ടാണ് ?

അഞ്ചുവർഷം ഈ കോളേജിൽ പഠിച്ചശേഷം ഒന്നും നേടാതെ ഉത്തരേന്ത്യയിലുള്ള തൻെറ ഗ്രാമത്തിലേക്ക് തിരിച്ചുപോകുമ്പോൾ ഒരു കൂട്ടുകാരൻ പറഞ്ഞു — 'ഇവിടെ പഠിച്ചതെന്തിനാണെന്നു് എനിക്കറിയില്ല, ഈ നാടിനെക്കുറിച്ചും ഇവിടുത്തെ ജനങ്ങളെക്കുറിച്ചുമൊക്കെ കുറേ കാര്യങ്ങളറിയാൻ കഴിഞ്ഞു.......അതുമാത്രമാണ് ഇവിടെ പഠിച്ചതിൻെറ ഒരു നേട്ടമായി എനിക്കുതോന്നുന്നതു്''. അഞ്ചുവർഷം ഈ കാമ്പസ്സിൽ ചിലവഴിച്ചശേഷം എൻട്രൻസ് പരീക്ഷയെഴുതി മെഡിക്കൽ കോളേജിൻ ചേർന്ന മറെറാരു കൂട്ടുകാരനും, ഇവിടവുമായി പൊരുത്തപ്പെടാൻ കഴിയാത്തതുകൊണ്ടാണ് എൻട്രൻസ് എഴുതിയതെന്നു് പറയുന്നു. മെഡിക്കൽ കോളേജിൽ പഠിക്കാൻ ഇവിടുത്തെക്കാളേറെയുണ്ടെങ്കിലും, ഇവിടെ പഠിക്കുന്നത്ര ബുദ്ധിമുട്ടനുഭവപ്പെടുന്നില്ലെന്നു് ആ കൂട്ടുകാരൻ പറയുമ്പോൾ, ഇവിടെ തിയറിക്ക് അമിതമായ പ്രാധാന്യം നൽകുന്നതുകൊണ്ടാകാം ഇങ്ങിനെ സംഭവിക്കുന്നതെന്നു് ഏതാനും വർഷങ്ങൾ ഇവിടെ പഠിച്ചശേഷം മററു വെററിനറി കോളേജുകളിലേക്കു് മാറിപ്പോയ ചില കൂട്ടുകാർ അഭിപ്രായപ്പെടുകയുണ്ടായി.

ട്രൈമസ്റ്റർ സിസ്ററം അവസാനിക്കാൻ തുടങ്ങുന്നതോടെ കൺകറൻറ്സ് എന്ന ഈ വിഭാഗവും ഇല്ലാതായിതീരും. പകരം സെമസ്ററർ സിസ്ററത്തിൽ 'ചെക്കിൽ പെട്ടുപോകുന്നവരായി' ഇവർക്ക് രൂപാന്തരം സംഭവിക്കുന്നു. 'ഒരു ദിവസം രണ്ടു് പരീക്ഷകളെഴുതേണ്ടി വരുന്നു.' സെമസ്ററർ സിസ്ററത്തിലെ ഒരു കൂട്ടുകാരൻ ഇങ്ങനെ പറഞ്ഞപ്പോൾ, സിസ്ററങ്ങൾ എന്തൊക്കെമാറിയാലും അപാകതകൾ തുടർന്നുകൊണ്ടിരിക്കുന്നു എന്ന സത്യം ഞങ്ങൾക്ക് മനസ്സിലായി.

ഏററവും കൂടുതൽ വിദ്യാർത്ഥികൾ സഹകരിച്ച ഒരു ഫോട്ടോ ഫീച്ചറാണിതു്. എല്ലാവർക്കും നന്ദി. ഫോട്ടോകൾ : വിശ്വനാഥൻ സി. കെ; ഫോട്ടോമാററിക് : പ്രിയദർശിനി ഗോവിന്ദ്; വിവരങ്ങൾ ശേഖരിക്കാൻ സഹായിച്ചവർ : ബിന്ദു ഡി. എസ്; ജയശ്രീ; മിനി സാറാ കുരിയൻ; സുനിൽ ജി; സേതുലക്ഷ്മി നായർ; കുരുവിള വർഗ്ഗീസ്.



## നമ്മുടെ നാട്ടിലെ പാവം മൃഗങ്ങൾ — ഒരന്വേഷണം —

ഹോറംസ്റ്റ്യൻ ഫ്രീഷ്യൻ, ദ മോസ്റ്റ് യീൽഡിംങ്ങ് കൗ ഒറിജിനേററഡ് ഇൻ............. .... ...

ദിനവും നമ്മൾ പഠിച്ചുകൊണ്ടിരിക്കുകയാണ്....... ....വിദേശജനുസ്സുകളുടെ രൂപവും ഭാവവുമെല്ലാം തലനാരിഴ കീറി കാണാപാഠം പഠിച്ചൊതുക്കുമ്പോൾ സ്വന്തം നാടിൻെറ തനിമയും പേറി നമ്മുടെ വീട്ടുമുററങ്ങളിൽ സ്നേഹം പററി കഴിഞ്ഞുപോന്നിരുന്ന നമ്മുടെ പാവം മൃഗങ്ങളെക്കുറിച്ച് നമ്മിൽ ഒരാളെങ്കിലും ഓർക്കാതെ പോകുന്നതെന്തുകൊണ്ടാണ്?

നമ്മൾ, മൃഗസംരക്ഷണ, പ്രത്യുദ്പാദന രംഗങ്ങളിൽ താറാവുകളെക്കൊണ്ട് പൊൻമുട്ടയിടീക്കേണ്ട മഹാദൗത്യം ഇന്നേ ചുമലിലേററി ഞെളിയുന്ന കൂപമണ്ഡൂകങ്ങൾ...........

ഉപഭോഗിക്കുവാൻ മാത്രമറിയുന്ന ശാസ്ത്രം, കള്ളക്കണക്കുകളുടെ ബാലൻസ്ഷീററിൽ നക്കാപ്പിച്ചയെന്നു കുറിക്കുന്ന ഈ നാടൻ മൃഗങ്ങളെ നമ്മളെന്തിന് ശ്രദ്ധിക്കണം.?

നേപ്പാളിലെ തെരുവിൽനിന്ന് പെറുക്കിയെടുത്ത് ഒരിംഗ്ലീഷ് പേരുമിട്ട് ആരോ സമ്മാനിച്ച ഒരു കൊടിച്ചിപ്പട്ടിയുടെ ഉടമസ്ഥതയിൽ അഭിമാനം കൊണ്ട് അതിൻെറ പരിചരണങ്ങൾക്കായി ടൗൺ ക്ലീനിക്സിൽ എത്തിയ ഒരു പരിഷ്ക്കാരിയുടെ പൊങ്ങച്ച വലിപ്പത്തെക്കുറിച്ച് നമ്മളിൽ പലർക്കുമറിയാം.

നമ്മുടെ മുൻകാലസാഹചര്യങ്ങളിൽ പ്രതിബന്ധങ്ങളോടൊക്കെയും എതിരിട്ട് നമ്മോടൊപ്പം വളർന്നുവന്ന ഈ മൃഗങ്ങളിൽ ജനിതശാസ്ത്രത്തിലെ എററവും പുതിയ നേട്ടങ്ങളുടെ സാദ്ധ്യതകളുപയോഗപ്പെടുത്തി അവയുടെ ഉദ്പാദനവദ്ധനവിന് ശ്രമിക്കാൻ മെനക്കെടാതിരുന്ന നമ്മുടെ ശാസ്ത്രജ്ഞന്മാർ, ഇറക്കുമതിചെയ്ത വിദേശജനുസ്സുകളുടെ രക്തത്തിൽ നാടൻ കാളകളുടെ 'പാപം' കലരാതിരിക്കാൻ കാണിച്ച അധികശ്രുഷ്ക്കാന്തിയോർക്കുക. നിർബന്ധപൂർവ്വം 'വരിയുടക്കപ്പെട്ട' അവയുടെ ഷണ്ഡത്വം അവയെ പതിയെപ്പതിയെ ഇല്ലായ്മയിലേക്ക് തള്ളിയൊതുക്കി.

മുലപ്പാലിൻെറ ഘടകവസ്തുക്കളെ വിശകലനം ചെയ്ത് അരപ്പായക്കടലാസിൽ അളന്നുകുറിക്കുന്ന ശാസ്ത്രത്തിൻെറ വരണ്ടമനസ്സിനു് മുലക്കണ്ണിലൂടെ മനസ്സിലേക്ക്പകരുന്ന മാതൃത്വത്തിൻെറ മധുരമറിയില്ലല്ലോ, കണ്ണീരിലെ ഉപ്പളക്കുന്ന കമ്പ്യൂട്ടറിന് ഉരുകുന്ന മനസ്സുകളുടെ വിങ്ങലുകളും...........

വൈക്കത്തെ വെച്ചൂർ ഗ്രാമത്തിൻെറ തെളിമയിൽ മേഞ്ഞുനടന്നിരുന്ന വെച്ചൂർ പശുക്കൾ. കേരളീയ കാലാവസ്ഥക്ക് ഏററവും യോജ്യമായ ഈ കൊച്ചു പശുക്കൾ നമ്മുടെ സ്വന്തമാണ്. പാഠപുസ്തകത്താളുകൾക്കിടയിൽ നമുക്ക് കണ്ടെത്താൻ കഴിയാതെപോയ കേരളത്തിലെ സ്വന്തം ജനുസ്സ്, മലബാറിലെ നാടൻ ആടിനങ്ങൾ, വയനാട്ടിലെ കരിംപന്നി, തമിഴൻ നായാടിക്ക് ശൂരത്വംകൊണ്ട് കൂട്ടുപോകുന്ന രാജാപാളയം നായ്ക്കൾ, കരിംകോഴി, മീശക്കോഴി, അറുപതാംകോഴി എന്നിങ്ങനെ...... ....

നമ്മുടെ ഉപേക്ഷാമനോഭാവത്തിൻെറ രക്തസാക്ഷികളായി മെല്ലെ മെല്ലെ ഇല്ലായ്മയിലേക്കൊതുങ്ങിക്കൊണ്ടിരിക്കുന്ന എത്രയോ പക്ഷിമൃഗാദികൾ.

പ്രകൃതിയൊരുക്കുന്ന എന്തും മനുഷ്യൻെറ ഉപഭോഗത്തിനു മാത്രമാണെന്ന നികൃഷ്ടചിന്ത നുരയുന്ന ഒരു പൈശാചികമനസ്സും പേറി, പിടിച്ചടക്കലുകളുടെ പാതയിലൂടെ നാം ചവുട്ടിക്കുതിച്ചുയരുമ്പോൾ പാതയോരങ്ങളിൽ നമുക്ക് നഷ്ടമാകുന്നതു് ഏററവും വിലപ്പെട്ടതാണെന്ന് തിരിച്ചറിയുന്ന ഏതാനും പഴഞ്ചൻ മനസ്സുകളുടെ ദീർഘനിശ്വാസങ്ങൾ, ക്രൂരമായ പരിമിതികൾക്കുള്ളിലെ ഇത്തിരിത്തുരുത്തിൽ ഒററക്കാലൂന്നി നിന്ന്, നമ്മളറിയാതെ നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിലെ മൃഗസമ്പത്തിനെ കണ്ടെത്താനും അവയെക്കുറിച്ച് എന്തെങ്കിലും രണ്ട് വാക്കുകൾ കുറിച്ചിടാനുമുള്ള ഈ അപൂർണ്ണശ്രമത്തെ അങ്ങനെമാത്രം കരുതുക. മൃഗശാസ്ത്രജ്ഞന്മാർ മറന്നുപോയ നമ്മുടെ നാട്ടിലെ പാവം മൃഗങ്ങളെത്തേടിയുള്ള ഒരന്വേഷണയാത്രയുടെ അനുഭവക്കുറിപ്പുകൾ നിങ്ങൾ വരും താളുകളിൽ വായിക്കുക, ഗ്രേററ് പോയൻറ് കാർഡിലെ പെരുകുന്ന അക്കങ്ങൾക്കു വേണ്ടിയല്ല, ഇങ്ങനെയും ചില മൃഗങ്ങൾ നമ്മുടെ നാട്ടിൽ നിലനിന്നുപോകുന്നു എന്നറിയുവാൻ, അതിനുവേണ്ടിമാത്രം.



ഭഗീരഥി പശുവിൻെറ കൂടെ

വെച്ചൂർ പശുക്കളെക്കുറിച്ച് ആദ്യമായി അറിവു നല്കിയ ഈ അന്വേഷണത്തിനുവേണ്ട മാർഗ്ഗനിർദ്ദേശം നല്കിയ അനിമൽ മാനേജ്മെൻറ് ഡിപ്പാർട്ടുമെൻറിലെ ഡോ. സി. കെ. തോമസ്സ് സാറിന് ഹവിസ്സിൻെറ നിസ്സീമമായ നന്ദി. അന്വേഷണത്തിൻെറ ഈ ആദ്യഘട്ടത്തിൽ സഹകരിച്ച അനിൽ സഖറിയക്കും വെച്ചൂർ ഗ്രാമവാസികൾക്കും നന്ദി.

കുറിപ്പ് തയ്യാറാക്കിയത് :
സതീഷ്കുമാർ

വെച്ചൂർ—വൈക്കത്ത് നിന്നും പതിനൊന്ന് കിലോമീററർ യാത്ര. നദികളും, കനാലുകളും, ആണിച്ചാലുകളും, സിരാപടലംപോലെ ശാഖപിരിഞ്ഞൊഴുകുന്ന വെച്ചൂർ എന്ന കൊച്ചുഗ്രാമം. വെള്ളച്ചാലുകളുടെ ആധിക്യംകൊണ്ട് ഏറെ ചെറിയ തുരുത്തുകളായി വേർതിരിക്കപ്പെട്ട, വാഹനഗതാഗതം ഏറെ പരിമിതമായ ഈ ഗ്രാമത്തിൻെറ ഒററപ്പെട്ട ഉള്ളറകളിലാണ് നമ്മുടെ മൃഗശാസ്ത്ര വിദഗ്ദർ മറന്നുപോയ നമ്മുടെ സ്വന്തം ജനുസ്സ് അവശേഷിക്കുന്നത്. അതെ, കേരളത്തിൻെറ തനതായ ഏക കന്നുകാലി ജനുസ്സ് 'വെച്ചൂർ പശു'.

വൈക്കം ബസ്സ്റ്റാൻറിൽ ബസ്സിറങ്ങുമ്പോൾ പൊള്ളുന്ന ഉച്ചയാണ്. ശരീരം തളരുന്ന വിശപ്പും കടം വാങ്ങിയ 200 രൂപയും ഒരു ക്യാമറയും മാത്രമാണ് കൈവശം എന്നതുകൊണ്ട് മോടികളില്ലാത്ത ഒരു ചായക്കടയുടെ ഓലമറക്കുതാഴെ ഉച്ചയൂണ്. ഊണുകഴിഞ്ഞിറങ്ങുമ്പോൾ ഒരു നിയോഗംപോലെ സ്വാമിയെ പരിചയപ്പെടുന്നു. വെച്ചൂർ ഗ്രാമത്തിലെ കിരീടം വെയ്ക്കാത്ത രാജാവായി വാഴുന്ന കൈതാരത്ത് നാരായണയ്യർ എന്ന സ്വാമി. വെച്ചൂരിലേക്ക് ബസ്സുകാത്തുനിന്ന ചെറിയൊരിടവേളയിൽ സ്വാമിയോട് സംസാരിച്ചപ്പോഴാണ് പാഠപുസ്തകത്താളുകൾക്ക് പുറത്ത് നില്ക്കുന്ന ഈ നാടൻ പശുക്കൾ ഒരു ഗ്രാമത്തിൻെറ പഴംകാല ഓർമ്മകളിലെ വസന്തമായി നിലനില്ക്കുന്നു എന്ന അറിവ് ഞങ്ങളിലേക്കെത്തുന്നത്. സ്വാമിക്ക് നല്ല ഓർമ്മയുണ്ട് തൻെറ കുട്ടിക്കാലത്ത് നിറയെ വെച്ചൂർ പശുക്കൾ മുററത്ത് മേയുന്നത്.

മൂന്നടിയിൽ താഴെ മാത്രം ഉയരം. നിലത്ത് മുട്ടുന്ന സമൃദ്ധമായ മുടിയുള്ള വാല്. മുന്നിലേക്ക് വളഞ്ഞ് ചുററിവളരുന്ന കനം കുറഞ്ഞ കൊമ്പുകൾ. മഴ നനഞ്ഞു വരുന്ന പശുക്കളുടെ കൊമ്പിൻ തുമ്പിൽനിന്ന് വെള്ളമിററുന്നത് കണ്ണുകളിലേക്കായിരിക്കുമെന്ന് ഒരു ലക്ഷണം കൂടിയുണ്ട്, മരോട്ടിക്കായയുടെ നിറമാണ് വെച്ചൂർ പശുവിൻെറ ലക്ഷണമൊത്ത കളർ.

കഥ പറഞ്ഞുകേട്ടപ്പോൾ കൂടെയുണ്ടായിരുന്ന നാരായണയ്യരുടെ അളിയൻ നെടുവക്കാട്ട് മഠത്തിൽ മഹാദേവന് കടുത്ത ആഗ്രഹം—കിട്ടാനുണ്ടെങ്കിൽ ഉടൻ ഒരു വെച്ചൂർ പശുവിനെ വാങ്ങിയേതീരൂ. എറണാകുളത്ത് ഒരു കമ്പനിയിൽ കെമിസ്റ്റ് ആണ് മഹാദേവൻ. യാത്രക്കിടയിൽ കണ്ടെത്തിയാൽ തീർച്ചയായും അറിയിക്കാമെന്ന് വാക്ക് പറഞ്ഞിറങ്ങുമ്പോൾ പുളിയ പഴമാങ്ങയുടെ മധുരിക്കുന്ന ആതിഥ്യവുമായി വാരസ്യാരമ്മ പിൻവിളി വിളിക്കുന്നു. 'ഇത് കഴിച്ചിട്ട് പൊക്കോളു'.

പിന്നെയും യാത്ര....തടിപ്പാലങ്ങളിലൂടെ ബാലൻസ് കാട്ടിയും, ചെറിയ മുള്ളുവേലികളും മുളപ്പടികളും കവച്ചും കാൽ കുഴയുന്ന വേളയിൽ ഞങ്ങൾ ചക്കാലക്കത്തറക്കൽ മനോഹരനെ പരിചയപ്പെടുന്നു. കള്ള് ചെത്തുകാരനാണ് മനോഹരൻ. മനോഹരൻെറ വീട്ടുമുററത്തെ പശുവിനെക്കണ്ട് ഞങ്ങളത്ഭുതപ്പെടുന്നു. വെറും 32 ഇഞ്ച് ഉയരവും 30 ഇഞ്ച് നീളവും മാത്രമുള്ള ഒരു, കൊച്ചു് പശു. അടുത്തുതന്നെ വെയിൽകൊണ്ടുറങ്ങുന്ന അതിൻെറ കുട്ടി. കൈതാരത്ത് അയ്യർ പറഞ്ഞ ലക്ഷണവിവരങ്ങൾ കൈയ്യിലുള്ളതുകൊണ്ട് ഞങ്ങൾ പെട്ടെന്ന് തിരിച്ചറിന്നു. ഇതാണ് വെച്ചൂരുകാരൻെറ സ്വപ്നങ്ങളിൽ പൂത്തു നില്ക്കുന്ന വെച്ചൂർ പശു.

മനോഹരൻെറ ഭാര്യയുടെ ഒന്നാം പ്രസവത്തിന് കുട്ടിക്ക് പാലുകുടിക്കാനായി ഭാര്യവീട്ടിൽനിന്നും കൊടുത്തയച്ചതാണ് ഈ പശുവിനെ. ഇതിൻെറ ഒരിണ മനോഹരൻെറ അമ്മായിയമ്മയുടെ കൈവശമുണ്ട് കുറെ കൂടി ചെറുത്.

വെച്ചൂരിലെ വല്ല്യാറ ഭഗീരഥിയുടെ മകളെയാണ് മനോഹരൻ കല്ല്യാണം കഴിച്ചിരിക്കുന്നത്; ഭഗീരഥിയുടെ വീടുതേടി യാത്രയാകുമ്പോൾ മനോഹരൻ പുറകിൽ നിന്നും വിളിച്ചുപറഞ്ഞു

'അളിയൻെറ പേരു ചോദിച്ചാ വേഗം അറിയും, വല്ല്യാറ മധുൻെറ വീട് ചോദിച്ചാൽമതി. സ്രാമ്പിമററത്തുനിന്നും തടിപ്പാലങ്ങൾ കടന്ന് വല്ല്യാറ ഭഗീരഥിയുടെ വീട് തേടാൻ തുടങ്ങുമ്പോൾ ഇരുട്ട് വീഴാൻ തുടങ്ങിയിരുന്നു. വഴിയരുകിൽ കണ്ട ഏതാനും ചെറുപ്പക്കാരോട് മധുവിൻെറ വീട് ചോദിക്കുമ്പോൾ നേരി

യ ഇരുട്ടിലൂടെ ഭഗീരഥി, നടന്നുവരുന്നു. ഞാറ്റ് നടീൽ കഴിഞ്ഞ് മണ്ണെണ്ണ വാങ്ങിക്കാൻ പോവുകയാണ് ഭഗീരഥി, കൈയ്യിൽ മണ്ണെണ്ണടിന്നും, പാസ്സുമായി മെലിഞ്ഞുണങ്ങി ക്ഷീണിതയായ ഒരു സ്ത്രീ.

പരിഷ്ക്കാരിപ്പശുക്കൾ നാട്ടിൽ നിറയാൻ തുടങ്ങിയിട്ടും ഭഗീരഥി വെച്ചൂർപ്പശുവിനെ ഉപേക്ഷിക്കാതിരിക്കുന്നതിനുപിന്നിൽ സെൻറിമെൻറലായ ഒരു കാരണമുണ്ട്.

ഭഗീരഥിയുടെ ഭർത്താവ് മരിച്ചിട്ട് വർഷം ആറ് കഴിയുന്നു. അദ്ദേഹം മരിക്കുമ്പോൾ ഒരു ജോടി വെച്ചൂർ കാളകളും ഒരു പശുക്കുട്ടിയും സ്വന്തമായി ഉണ്ടായിരുന്നു. 'ഒരു കാരണവശാലും അവററകളെ കൈവിടരുതെന്ന്'' മരിക്കും മുൻപു അദ്ദേഹം അവരോട് പറയുകയുണ്ടായി പ്രാരാബ്ധം സഹിയാതെ ഉഴവുകാളകളെ കഴിഞ്ഞ വർഷം ഭഗീരഥി വിററു.

അപ്പോഴേക്കും നല്ലവണ്ണം ഇരുട്ടിയിരുന്നു. ഭഗീരഥിക്ക് റേഷൻകടയിൽ പോയി മടങ്ങേണ്ടതുമുണ്ട്. രാവിലെ വീട്ടിലെത്തിക്കോളാമെന്നേററ് ഞങ്ങൾ പിരിഞ്ഞു.

വെച്ചൂരിലെ ഇടവഴികൾക്കിരുവശവും വീടുകളിൽ ചിമ്മിനി വിളക്കുകൾ തെളിയാൻ തുടങ്ങിയിരിക്കുന്നു. തണുപ്പുകുറഞ്ഞ ചെറുകാററ്, പാടത്തെ നിറവെള്ളത്തിൽ ഊളമിടുന്ന നീർനായ്ക്കൾ. വൈക്കത്തെത്താൻവേണ്ടി ഞങ്ങൾ ആഞ്ഞു നടന്നു. വൈക്കം ക്ഷേത്രത്തിനടുത്ത് ഒരു ചെറിയ ലോഡ്ജ്, അവിടെയാണ് രാത്താവളം.

പണിക്കുപോകാതെ ഭഗീരഥി കാത്തിരിക്കുകയായിരുന്നു. വിവരമറിഞ്ഞ് ഒന്നു രണ്ട് കാരണവൻമാരും സ്ഥലത്തെത്തിയിട്ടുണ്ട്. ഇടവഴിയിൽ നെല്ലുണക്കുന്ന പെൺകുട്ടികൾ കൈയ്യിൽ ക്യാമറ കണ്ട് ഞങ്ങളോട് ചോദിച്ചു.

'പശുൻെറ പടം മാത്രേ പിടിക്കൂ?

ഞങ്ങടെ പടം പിടിച്ചൂടെ?'

വീട്ടുമുററത്ത് ഭഗീരഥിയുടെ പശു, മൂന്നുവർഷം പ്രായമെത്തിയ അതിന് അഞ്ച് മാസം പ്രായമായ ഒരു പശുക്കുട്ടിയോളം വലുപ്പം, ഒന്നോ രണ്ടോ പടങ്ങളെടുക്കുമ്പോൾ ഗോപാലൻ എന്ന കാരണവരുടെ അടക്കിവെച്ച ദേഷ്യം പുറത്ത് ചാടുന്നു.

'ഉം,.അന്വേഷിക്കാൻ വന്നിരിക്കുന്നു. കണ്ണീക്കണ്ട 'വേശ്യപ്പശുനെ' ഒക്കെ നാട്ടീകൊണ്ടെറക്കീട്ട് ഇപ്പോ പഴേതിനെ വേണംത്രേ.— നല്ലപുകില്,

മറുപടിയൊന്നും കിട്ടാഞ്ഞിട്ടാകണം ഗോപാലൻ തുടരുന്നു

'ഞങ്ങടെ നാടിന് ചേർന്ന പശുന്യാ ഞങ്ങള് പോററീത്....അപ്പ വരണ്ണ്ട് ഒരു മൃഗഡോക്ടറ്.... നാട്ടിലൊള്ള കാളേന്യൊക്കെ പിടിച്ചങ്ങട് വരിയൊടച്ചു....വേശ്യപ്പശുനെ വളർത്ത്യാ മതീത്രേ'

തീർത്തും അപ്രസക്തമായ രീതിയിൽ ഞങ്ങളതിനെ അവഗണിച്ചുവെങ്കിലും അവഗണിക്കാനാവാത്ത വിധം പ്രസക്തമായ ഒരുപാട് കാര്യങ്ങൾ ആ വാക്കുകളിലുണ്ട്, ഒരു ഗ്രാമത്തിൻെറ മുഴുവൻ ശബ്ദം.

വെച്ചൂരിലെ പ്രത്യേക പരിതസ്ഥിതികൾക്ക് ഏററവും അനുയോജ്യമായവയാണ് വെച്ചൂർപശുക്കൾ, ആസൂത്രിതമായ അനുയോജ്യാഹാരങ്ങളോ, സുരക്ഷിതത്വമാർന്ന താമസ സൗകര്യങ്ങളോ പശുക്കൾക്ക് നല്കാൻ മാത്രം സാമ്പത്തിക ശേഷി ഇല്ലാത്തവരായ പാവം ഗ്രാമീണർ. ശരീരഭാരം കൂടിയ വലിയ ഉഴവുകാളകൾ അമ്പേ പരാജയപ്പെടുന്ന ചളിനിറഞ്ഞ പാടങ്ങളിൽ പയററി ഉശിരുകാട്ടുന്ന ഭാരരഹിതരായ ചെറുകാളകൾ, വെള്ളത്താൽ ചുററപ്പെട്ട വെച്ചൂരിലെ പുഴകളും തോടുകളും അനായാസം നീന്തിക്കയറുന്ന, ചെറു തോടുകൾ വട്ടം ചാടുന്ന കരുത്തുററ വെച്ചൂർപ്പശുക്കൾ, കാലിരോഗങ്ങൾ എന്നത് അവർക്കൊരു കേട്ടുകേൾവി മാത്രമായിരുന്നു അന്ന്. അടുക്കള ചെമ്പിൽ ബാക്കിയാവുന്ന കഞ്ഞിയും കാടിയും കഴിച്ച് അതിനാവുന്ന അത്രയും പാല്തരുന്ന ഈ പശുക്കളെയാണ് മൃഗവൈദ്യന്മാർ അവരിൽനിന്നും അടർത്തിയെടുത്തത്.

വെച്ചൂരിലെ പായിപ്പറമ്പൻ കരിയൻ ദേഷ്യത്തോടെ പറയുന്നത് കേൾക്കുക.

'ഇബടത്തെ ഡോക്ടർ പറഞ്ഞിട്ടാണ് ഞാൻ അഞ്ചാറ് വെച്ചൂർപ്പശുനെക്കളഞ്ഞ് മറോ പണ്ടാരപ്പശുനെ വാങ്ങീത്. പിള്ളേർക്ക് ചോറ് കൊടുത്തില്ലെങ്കിലും അതിന് പിണ്ണാക്കും കുടീം മുട്ടിക്കില്ല........എന്ന്ട്ടെന്താ........'

എന്നിട്ടെന്താണെന്നോ, ഏഴുമാസം കഴിയും മുൻപേ കരിയൻെറ പശുക്കുട്ടി ചത്തു. മൂക്കിൽനിന്ന് ചോരയൊലിക്കലായിരുന്നു രോഗം. ഒരുമാസം കഴിഞ്ഞില്ല, തള്ളയും അതേവഴി പോയി.

'ഡോക്ടറോട് ചോദിച്ചപ്പോ, ക്യാൻസറാത്രേ. എൻറീശോയെ പിന്നെ ഞാൻ ആ ജാതി ജന്തുക്കളെ ഈ പടി കേററീട്ട്ല്ല്യ'

ഇപ്പോൾ കരിയൻെറ കൈയ്യിൽ രണ്ട് വെച്ചൂർ പശുക്കളുണ്ട്. ചത്ത് പോയാലും ഈ മൃഗഡോക്ടറെ അടുപ്പിക്കില്ലെന്ന് കരിയൻ ആണയിടുന്നു.

വെച്ചൂരിൻെറ അങ്ങേയററത്ത് കൊടും തുരുത്ത്. അവിടെ ഓലമേഞ്ഞ ഒരു ചായക്കട. ഏതോ പള്ളിയുടെ നേതൃത്വത്തിൽ പാലം പണിനടക്കുന്നു....വെയിലിൽ കുട ചൂടിനിന്ന് പണിനടത്തുന്ന ഫാദർ. ചായക്കടയിലെ സംഭാഷണത്തിനിടയിൽ ഏതു സഹായത്തിനും തയ്യാറായി സുഗുണൻ കൂടെവരുന്നു. വെച്ചൂരിലെ സുഭാഷ് ഭവനത്തിൽ സുഗുണൻ.

സുഗുണൻെറ പരിചയത്തിൽ സ്രാമ്പിമററത്ത് രണ്ട് വീടുകളിൽ ഇത്തരം പശുക്കളുണ്ട്. കത്തിത്തറ വേലായുധൻെറ കൈയ്യിലും, തോട്ടാച്ചിറ ശശീധരൻെറ കയ്യിലും ഓരോന്ന്. 'വളരെ അടുത്താണ്'' വരു എന്ന് പറഞ്ഞ് സുഗുണൻ നടക്കാൻ തുടങ്ങി. കൂടെ ഞങ്ങളും.

സ്രാമ്പിമററത്ത് ഇത്തരംപണിക്കാരനായ ശശിധരൻ ഞങ്ങളുടെ ക്ഷീണമറിഞ്ഞെന്നോണം ആതിഥ്യമരുളുന്നു. അയാൾക്കു ആകെയുള്ള ഒരു തെങ്ങിൽനിന്ന്



മനോഹരനും പശുവും

കരിക്കടർത്തി മൂട്ടവെട്ടി ഞങ്ങൾക്ക് തരുന്നു., കരിക്കിൻ വെള്ളത്തിന് സ്നേഹത്തിൻെറ മധുരം.

ശശിധരൻെറ പശുവിന് അല്പം കലർപ്പുണ്ട്. മരോട്ടിനിറവും വളഞ്ഞ കൊമ്പുകളുമൊക്കെ ലക്ഷണം ചേരുന്നുണ്ടെങ്കിലും വലിപ്പത്തിൻെറ കാര്യത്തിൽ 10 ശതമാനം വിദേശിബന്ധം.... .......നന്ദി പറഞ്ഞ് തിരിച്ചിറങ്ങുമ്പോൾ സുഗുണന് നിരാശ. ഇത്രയും വന്നിട്ട് പശുനെ കാണിക്കാൻ പററിയില്ലല്ലോ എന്ന്...........

സുഗുണൻ തന്നെയാണ് വാവയുടെ പശുവിനെ കാണിച്ചുതന്നതു്. ഇടമാട്ടുംകര, കല്ലുംതറയിലെ നെല്ലിത്തറക്കാരൻ വാവ എന്നുവിളിക്കുന്ന പത്മനാഭന് തൻേറത് ഏത് തരം പശുവാണ് എന്ന് അറിഞ്ഞുകൂടാ.

വളരെക്കുറച്ച് കുടി മതി, രണ്ടരലിററർ നല്ല പാലും കിട്ടും, സൂക്കേട് വരുല്യ!

വാവയുടെ സൂക്കേട് വരാത്ത ആ രണ്ടര ലിററുകാരി കറുമ്പിപ്പശു ഒരു നൂറു ശതമാനം വെച്ചൂർപ്പശുവാണ്. മൂന്നു തലമുറകളായി വാവയുടെ വീട്ടിൽ ഇത്തരം പശുക്കളുണ്ട്... ........

വെച്ചൂരിലെ രണ്ടാം പകലിനും അറുതിയാവുകയാണ്. ഇരുട്ട് മെല്ലെ മെല്ലെ കനത്തുവരുന്നു. ഇനി മടക്കയാത്രയാണ്, ബസ്സ് പിടിക്കണമെങ്കിൽ വേഗത്തിൽ നടന്നേ പററൂ.

ഈ തിരിച്ചുപോക്ക് സംതൃപ്തിയോടെയാണ്, സ്വന്തം പൂർവ്വികരുടെ കൈക്കുററങ്ങളുടെ രക്തസാക്ഷികളായി പതുക്കെപ്പതുക്കെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന വെച്ചൂർ പശുക്കളുടെ അവസാനത്തെ കണ്ണികളെയെങ്കിലും കണ്ടെത്താനായല്ലോ എന്ന സന്തോഷം, ഒരു നിറഞ്ഞ സംതൃപ്തി.

ബസ്സിലിരിക്കുമ്പോൾ മനസ്സിലുറച്ചു, ഒരു രണ്ടാം യാത്രയുടെ ആവശ്യമുണ്ട്, ഈ ഗ്രാമത്തിൻെറ ഉള്ളറകളിലെവിടെയെങ്കിലുംനിന്ന് ഒരു വിത്തുകാളയെക്കൂടി കണ്ടെടുക്കേണ്ടതുണ്ട്

○

വെച്ചൂർ പശുവിൻെറ വിത്തുകാളയെ തിരഞ്ഞ് തെങ്ങോലത്തണലുകളിലൂടെ അലയുമ്പോഴാണ് ഒരു ചീട്ടുകളി സംഘത്തിലെ ഒരാളെ ചൂണ്ടിക്കാണിച്ച് രവി പറഞ്ഞുതന്നത്. 'ദാ ആ ഇരിക്കണ കുട്ടൻെറ വീട്ട്ല്ണ്ട് ഒരു വെച്ചൂർ കുററൻ'. ഞങ്ങൾ ചെന്നു വിളിച്ചപ്പോൾ അൽപം നീരസത്തോടെയാണെങ്കിലും അയാൾ ഞങ്ങൾക്കൊപ്പം വന്നു. 'തനി വെച്ചൂർ പശുവിൻെറ വർഗ്ഗമല്ല, ജേഴ്സി ക്രോസാ....' വഴിക്ക് വെച്ച് അയാൾ പറഞ്ഞു. അങ്ങിനെയാണ് ചുവന്ന നിറമുള്ള ഉയരം കുറഞ്ഞ വെച്ചൂർ പശുവിൻെറ വിദേശരക്തം കലർന്ന കാളയെ ഞങ്ങൾ കണ്ടെത്തിയതു്.

മൃഗവൈദ്യശാസ്ത്രം നശിപ്പിച്ചുകളഞ്ഞ ഒരു പശുജനസ്സിനെ തേടിയാണ് മൃഗവൈദ്യശാസ്ത്രം പഠിക്കുന്ന ഞങ്ങൾ അലയുന്നതെന്നോർത്തപ്പോൾ ലജ്ജ തോന്നി. 'എൻെറ വീട്ടില്ണ്ട് അസ്സല് വെച്ചൂർ പശുകുട്ടി' എന്നു പറഞ്ഞ് ഒരാൾ അടുത്തുള്ള പറമ്പിലേക്ക് വിരൽ ചൂണ്ടി, 'ദാ ആ പറമ്പിലുണ്ട്........' ഞങ്ങൾ ആകാംക്ഷയോടെ നോക്കുമ്പോൾ ഒരു എച്ച്. എഫ്. ക്രോസ്.!

'ഇത് വെച്ചൂർ പശുക്കുട്ടിയല്ല' എന്നുപറഞ്ഞ ഞങ്ങളെ അവർ കളിയാക്കി. 'വെച്ചൂർക്കാരല്ലാത്ത നിങ്ങളാണോ ഇതു് വെച്ചൂർ പശുക്കുട്ടിയല്ലെന്നു' പറയുന്നത്? ആണ് ഇത് തനി........' അതുമുഴവൻ കേട്ടുനില്ക്കാതെ ഞങ്ങൾ നടന്നു. ഇതു് വെച്ചൂർ പശുക്കുട്ടിയല്ല എന്നറിയുന്നതിലേറെ അതൊരു എച്ച് എഫ് ക്രോസ് ആണെന്നു പറയാൻ ഞങ്ങൾക്ക് കഴിയുമായിരുന്നു. വെച്ചൂർ നിവാസികൾപോലും വെച്ചൂർ പശുക്കളെക്കുറിച്ച് അജ്ഞരാണെന്ന് അറിഞ്ഞപ്പോൾ ഈ പശുക്കൾ നശിച്ചുപോകുന്നതിൻെറ ഒരു പ്രധാന കാരണം ഇവക്ക് തിൻെറ പ്രാധാന്യം അറിയാത്തതുകൊണ്ടാണെന്നു തോന്നി. വെച്ചൂർ പശുക്കൾ വെച്ചൂരിൻെറ മാത്രമല്ല. അതു് കേരളത്തിൻെറ പശുക്കളാണ്. ഈ പശുക്കളെ നശിപ്പിക്കാതെ, അവയ്ക്കു യോജിച്ച പരിതസ്ഥിതികളിൽ അവയെ വളരാൻ അനുവദിക്കുക. എന്നതാണ് നാം ഇവയോട് കാണിക്കേണ്ട കരുണ.

○



കുന്നത്തുവളപ്പിൽ ലൂയീസ്
കരിംകോഴിയുടെകൂടെ

ഹവിസ്സിന്റെ രണ്ടാംഘട്ടത്തിലെ അന്വേഷണം ആരംഭിക്കുന്നത് കരിംകോഴിയെക്കുറിച്ചുള്ള അന്വേഷണങ്ങളോടെയാണ്. വിഷചികിത്സയടക്കം പല രോഗങ്ങൾക്കും കരിങ്കോഴി മാംസം വളരെ വിലപ്പെട്ടതാണെന്ന അറിവിനെ പിൻതുടർന്ന്, കരിങ്കോഴിയെക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കുമ്പോൾ, ആദ്യമൊക്കെ നിരാശയായിരുന്നു ഫലം. കരിങ്കോഴിക്ക് കറുപ്പല്ലാതെ മാററാരു നിറവും ശരീരത്തിലെവിടേയും ഉണ്ടാകാൻ പാടില്ല. തൊലിയും, കാലുകളും, നാവും എല്ലാം തനി കറുപ്പുനിറമായിരിക്കണം. ഇവയുടെ മാംസത്തിനുപോലും നിറവ്യത്യാസം ഉണ്ടെന്നാണ് പറയപ്പെടുന്നത്.

തൃശ്ശൂരിനടുത്തുള്ള കണ്ടൂകാട്, രാമവർമ്മപുരം, ചിററിലപ്പള്ളി തുടങ്ങിയ ഇടങ്ങളിലെല്ലാം ഞങ്ങൾ കരിങ്കോഴിയെ അന്വേഷിച്ച് യാത്ര തുടരുന്നതിനിടയിൽ കുഞ്ഞുണ്ണിവൈദ്യരെ കണ്ടുമുട്ടി.

'കരിങ്കോഴിയെ കിട്ടാൻ പ്രയാസാ....കാരണം വല്ലപ്പോഴേ അതുണ്ടാകൂ, നിങ്ങൾക്ക് കിട്ടുവാണെങ്കിൽ അതറിയിക്കണം, അത്യാവശ്യായിട്ട് ഒരു മരുന്നുണ്ടാക്കാനാ' അങ്ങിനെയാണ് കരിംകോഴി ഒരു ബ്രീഡല്ലെന്നും ഒരു സ്ട്രെയിൻ മാത്രമാണെന്നുമുള്ള വിവരം ഞങ്ങൾക്ക് ലഭിക്കുന്നത്.

പലയിടത്തും അലഞ്ഞിട്ട് കണ്ടുകിട്ടാതായപ്പോൾ അന്വേഷണം അവസാനിപ്പിയ്ക്കാൻ തീരുമാനിച്ച അവസരത്തിലാണ് ഏതോ അത്ഭുതം പോലെ പേരാമംഗലത്തുള്ള കുന്നത്തുവളപ്പിൽ ലൂയീസിന്റെ വീട്ടിൽ ഒരു കരിങ്കോഴിയുണ്ടെന്ന വിവരം ഞങ്ങൾക്കു ലഭിക്കുന്നത്. ലൂയീസിന്റെ വീട്ടിൽ ചെന്നുനോക്കുമ്പോൾ കരിങ്കോഴിയുടെ ലക്ഷണങ്ങളെല്ലാം അയാളുടെ വീട്ടിലെ കോഴിയ്ക്കുള്ളതായി കണ്ടു.

'പലരും ഈ കോഴിയെ ചോദിയ്ക്കുന്നുണ്ട്, എന്താ ഇതിന്റെ മാംസത്തിനിത്ര പ്രത്യേകത?....വെററിനറിയിൽ പഠിയ്ക്കുന്ന നിങ്ങൾക്കറിയുമല്ലോ?'

ഞങ്ങൾ പഠിക്കുന്ന പുസ്തകങ്ങളിലൊന്നും കരിങ്കോഴിയെക്കുറിച്ചില്ലെന്ന് ഞങ്ങളെങ്ങിനെയാണ് ആ ഗ്രാമീണനെ പറഞ്ഞു മനസ്സിലാക്കുക? 'ബ്ലാക്ക് മൈനോർക്ക'യേയും, 'ആസ്ട്രലോപി' നെപ്പററിയുമൊക്കെയാണ് ഞങ്ങൾ പഠിച്ചിട്ടുള്ളത്.

○

'നിങ്ങൾ അറുപതാം കോഴിയെക്കുറിച്ച് കേട്ടിട്ടുണ്ടോ?' എന്ന് ഒരു ഗ്രാമീണവാസി ചോദിച്ചപ്പോൾ, അതെന്താണെന്നറിയാനുള്ള ജിജ്ഞാസ ഞങ്ങളെ കൊണ്ടെത്തിച്ചത് കണ്ടശ്ശാങ്കടവ്, കാഞ്ഞാണി, ചേററുവ എന്നീ കടലോരഗ്രാമങ്ങളിലേക്കാണ്. അവിടെയാണത്രെ അറുപതാംകോഴിയുണ്ടാകുക. ചാരനിറവും അതിൽ വെളുത്ത പുള്ളികളുമുള്ള, കാട്ടുകോഴികളോട് രൂപസാദൃശ്യം തോന്നിക്കുന്ന ഈ കോഴികൾ അടയിരിക്കുക പതിവില്ലത്രെ. ഉയർന്ന രോഗപ്രതിരോധശക്തിയുള്ള ഇവ വളരെയേറെ മുട്ടകളിടുന്നുണ്ട്. (മുട്ടകളുടെ എണ്ണത്തെക്കുറിച്ച് ആർക്കും വ്യക്തമായ അറിവു നൽകാൻ കഴിഞ്ഞില്ല.) ഇവയുടെ മാംസം പ്രസവരക്ഷയ്ക്ക് ഉപയോഗിക്കുന്നതിനാൽ, ഗ്രാമങ്ങളിൽനിന്ന് ഇവ അപ്രത്യക്ഷമായിത്തുടങ്ങിയിരിയ്ക്കുന്നു. അറുപതുദിവസം തുടർച്ചയായി മുട്ടയിടുന്നതുകൊണ്ടാണ് ഇതിന് അറുപതാം കോഴി എന്ന് പേരു കിട്ടിയത് എന്ന് ഒരു അനുഭവസ്ഥൻ പറയുകയുണ്ടായി.

○

കൊല്ലം, പത്തനംതിട്ട, തുടങ്ങിയ ജില്ലകളിൽ കണ്ടുവരുന്ന ഒരിനം കോഴിയാണ് 'മീശക്കോഴി'. കൊക്കിനു താഴെ നീണ്ട രോമങ്ങളുള്ള ഈ കോഴികളും അടയിരിക്കുക പതിവില്ല. വളരെയേറെ മുട്ട ഉൽപ്പാദിപ്പി

കുന്ന ഇവ സങ്കരയിനം കോഴികളെപ്പോലും പിൻതള്ളി, ഗ്രാമീണരുടെ സ്നേഹം പിടിച്ചുപററിയിരിക്കുന്നു. തവിട്ടുനിറമുള്ള മുട്ടകൾക്ക് വലിപ്പം കുറവാണ്. ഈ മുട്ടകൾ ഉയർന്ന ഔഷധമൂല്യമുള്ളവയാണെന്ന് സുന്ദരൻ പിള്ള അഭിപ്രായപ്പെടുന്നു. ചിലയിടങ്ങളിൽ ഇവയ്ക്ക് 'തൊപ്പിക്കോഴി'കളെന്ന പേരും ലഭിച്ചിട്ടുണ്ട്.

○

ഏതു് പ്രതികൂല കാലാവസ്ഥയേയും അതിജീവിക്കാൻ സാധിക്കുന്ന കരിംപന്നികളെക്കുറിച്ച് നാലുവരി കുറിച്ചിടാതിരിക്കുന്നതെങ്ങിനെ?. ഉത്തര കേരളത്തിന്റെ പല ഭാഗത്തും ഉയർന്ന വിരബാധ കണ്ടുവരുന്നതിനാൽ ഇവയുടെ മാംസം ഉപയോഗിക്കാൻ പാടില്ലാത്ത അവസ്ഥപോലും എത്തിച്ചേർന്നിരിക്കുന്നു. നല്ല പരിതസ്ഥിതികളിൽ, നല്ല ഭക്ഷണം കൊടുത്തു്, ജനിതതത്വശാസ്ത്രങ്ങളുപയോഗിച്ച് ഇവയുടെ പ്രത്യുല്പാദനം നിയന്ത്രിച്ചാൽ, വിദേശ ജനുസ്സുകളെ വെല്ലുന്ന പ്രകടനം കാഴ്ച വെക്കാൻ ഇവയ്ക്ക് കഴിയില്ലേ ? എന്ന ചിലരുടെ ചോദ്യത്തിന്, ഇവയുടെ 'ഫീഡ് കൺവർഷൻ എഫിഷൻസി' പോലും കൃത്യമായി കണക്കാക്കപ്പെടാത്ത അവസ്ഥയിൽ ഞങ്ങളെന്തു് ഉത്തരം നൽകുവാനാണ്. ?

○

മലബാറി ആടുകളും നാശത്തിനെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കടുത്ത വേനൽമൂലമുണ്ടാകുന്ന തീററക്ഷാമവും, ആട്ടിറച്ചിയോടുള്ള പ്രിയവും, ആടുവളർത്തലിനോടുള്ള വിമുഖതയുമാണ് ഇവയെ നാശത്തിലേക്കെത്തിക്കുന്നതു്. പല ഗ്രാമീണ ഭവനങ്ങളിലും കുട്ടികളോടെന്നപോലെയുള്ള ഒരു വൈകാരിക ബന്ധം ആടുകളോടുള്ളതുകൊണ്ടാകാം ഇവ പൂർണ്ണമായും നാശത്തെ നേരിടാതിരിക്കാനുള്ള പ്രധാന കാരണം. പല ഔഷധ സസ്യങ്ങളും തിന്നു നടക്കുന്നതുകൊണ്ട്, ആട്ടിൻപാൽ സർവ്വരോഗനിവാരണിയാണെന്ന് ഒരു വൃദ്ധൻ ഞങ്ങളോടു് പറയുകയുണ്ടായി.

○

തമിഴൻ നായാടിയ്ക്ക് കൂട്ടുപോകുന്ന 'രാജപാളയം' നായ്ക്കളെ കേരളത്തിനും തമിഴ്നാടിനും ഇടയ്ക്കുള്ള അതിർത്തിപ്രദേശങ്ങളിലാണ് സാധാരണയായി കണ്ടുവരുന്നതു്. കാട്ടുപന്നികളേയും, മുയലുകളേയും വേട്ടയാടിപ്പിടിക്കുന്ന ഇവ ഒതുങ്ങിയ ശരീരമുള്ളവയും, ഏകദേശം 24 മുതൽ 26 ഇഞ്ചുവരെ ഉയരമുള്ളവയുമാണ്. വെള്ളയല്ലാതെ മറെറാരു നിറവും ഈ നായ്ക്കൾക്ക് അനുവദനീയമല്ല. കടുത്ത കാപ്പിനിറമുള്ള കണ്ണുകളും, പിങ്ക് നിറമുള്ള മേൽച്ചുണ്ടും മൂക്കും ഇവയുടെ പ്രത്യേകതയാണ്. താഴോട്ടുതൂങ്ങിക്കിടക്കുന്ന ചെവികളും, ചാട്ടയുടേതുപോലുള്ള വാലും ഇവയ്ക്കു കാണാം. കേരളത്തിന്റെ പരിതസ്ഥിതികൾക്ക് ഏററവും യോജിച്ച ഈ നായ എന്തുകൊണ്ട് നമ്മുടെ വളർത്തു നായയായി മാറിയില്ല ?.

○

രണ്ടാംഘട്ടത്തിലെ അന്വേഷണങ്ങളോട് സഹകരിച്ച അശോകൻ കെ. വി., അരുൺ, മോഹനചന്ദ്രൻനായർ, ഗാന്ധിജി പ്രകൃതിചികിത്സാകേന്ദ്രത്തിലെ പ്രൊ. ഉല്ലലാക്ഷൻ, കുഞ്ഞുണ്ണി വൈദ്യർ, ലൂയിസ് എന്നിവർക്ക് നന്ദി.





എൻെറ 'പ്രവൃത്തി'യെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടി ഞാൻ ഒരു ചിത്രംകൂടി ഇതോടൊപ്പം അടക്കം ചെയ്യുന്നു.

ഇവ നാലു തൂണുകളാണ്. നടുവിലുള്ള തൂണുകൾക്കിടയിലൂടെ കടത്തിവെച്ചിട്ടുള്ള ദണ്ഡുകളുമായി 'കുററവാളി'യുടെ കൈകൾ ബന്ധിച്ചിരിക്കുന്നു. പുറത്തെ തൂണുകൾക്കുള്ളിൽ കടത്തിവെച്ചിട്ടുള്ള ദണ്ഡുകളുമായി അയാളുടെ കാലുകളേയും ബന്ധിച്ചിരിക്കുന്നു. കുററവാളിയെ ഇങ്ങനെ ബന്ധനസ്ഥനാക്കിയശേഷം അയാൾ നേർ പകുതിയായി ചീന്തിപോകത്തക്കവണ്ണം ദണ്ഡുകൾ പുറത്തേക്ക് അകത്തുന്നു. അതിനു് അഭിമുഖമായി കാണപ്പെടുന്ന തൂണിൽ ചാരി നിന്നു് ഈ 'കൊലയന്ത്ര'ത്തിൻേറയും തനിക്കു മുന്നിൽ അരങ്ങേറുന്ന ദാരുണമരണത്തിൻേറയും ഭംഗി ആസ്വദിക്കുകയാണ് യന്ത്രത്തിൻെറ നിർമ്മാതാവ്. ഇതെല്ലാം തൻെറ സ്വന്തം കണ്ടുപിടുത്തമാണെന്ന ഭാവമാണയാളുടേത്. എന്നാൽ സത്യത്തിൽ കുടലും പണ്ടവും എടുത്തുകളഞ്ഞ പന്നിയെ സ്വന്തം കടയുടെ മുന്നിൽ കെട്ടിത്തൂക്കുന്ന അറവുകാരനെ അനുകരിക്കുക മാത്രമാണ് ഇയാൾ ചെയ്തിട്ടുള്ളത്.

—കാഫ്കയുടെ പ്രണയലേഖനത്തിൽനിന്നു്



# നുഴ് കലാലയ കഥകൾ


- ☐ പുഷ്പലതയുടെ മനോരാജ്യങ്ങൾ
- ☐ ചിലന്തിയെ സ്വപ്നം കണ്ട കുട്ടി
- ☐ മറെറാരു സന്ധ്യയുടെ ഓർമ്മകൾകൂടി
- ☐ ഫീനോബാർബിറേറാൺ
- ☐ ജാലകം
- ☐ നീറങ്ങൾ
- ☐ പുഴയോരത്ത് ഇത്തിരിനേരം


## അതിഥി കഥകൾ


- സാഹസിക യാത്ര
- മൂന്നു നിദ്രാടകർക്ക് കൊടും കയ്പ്പ്

# ചിലന്തിയെ സ്വപ്നം കണ്ട കുട്ടി

**അരുൺ സഖറിയ**

ചുമരിലെ ഘടികാരത്തിന്റെ ശബ്ദം നിലച്ചിരിക്കുന്നു.
ഇപ്പോഴും കാററടിക്കുന്നുണ്ട് അതുകൊണ്ടുതന്നെ എന്റെ,
മുന്നിലെ മെഴുകുതിരിനാളം മെല്ലെമെല്ലെ ഇളകുന്നുണ്ട്.
അടച്ച മുറിയുടെ പുറത്ത് ആ തടിയൻ നരിച്ചീറിന്റെ
ചിറകടിയൊച്ചകൾ എന്നെ ചകിതനാക്കുന്നു. ഇവിടെ
ഈ മുറിയിൽ ഞാൻ ഏകനാണ്.
എന്റെ മുന്നിലിരിക്കുന്ന തടിയൻ പാഠപുസ്തകങ്ങൾക്ക്
എന്നെ നോക്കി കൊഞ്ഞനംകുത്താനല്ലാതെ വേറെ ഒന്നിനും
കഴിയുന്നില്ല. അപ്പോഴൊക്കെ ആ തടിയൻ നരിച്ചീറിന്റെ
ചുവന്ന കണ്ണുകൾ എന്നെ വേട്ടയാടുകയും ചെയ്യുന്നു.
ഞാൻ എന്റെ സ്വപ്നങ്ങളിൽ ഉഴറുമ്പോൾ മാത്രം ആ
ചുവന്ന കണ്ണുകൾ എന്നെ അലട്ടാറില്ല. എന്റെ സ്വപ്ന
ങ്ങളിൽ ഞാൻ ഓരോ രക്ഷകരെ സൃഷ്ടിക്കുകയും
അവരുമായി ആശയവിനിമയം നടത്താൻ ശ്രമിക്കു
കയും ചെയ്തു. പക്ഷേ എന്റെ സ്വപ്നരക്ഷകരെല്ലാം
ഇരുട്ടിന്റെ പ്രതിഫലനങ്ങൾ മാത്രമായിരുന്നു-അതുകൊണ്ടുതന്നെ
അവർ അന്ധരും, ബധിരരും, മൂകരുമാണെന്ന്
ഞാൻ തീരുമാനിക്കുകയും ചെയ്തു.
പക്ഷേ എല്ലാ സ്വപ്നങ്ങളും എന്റെ മുന്നിലെ തടിച്ച
പുസ്തകങ്ങളുടെ പരിഹാസച്ചിരിയിലും
ആ വലിയ വാവലിന്റെ ചുവന്ന കണ്ണുകളിലും അവസാനിച്ചു.
അങ്ങനെ ഇരിക്കേ ഒരുനാൾ എന്റെ
രക്ഷകനെ സ്വപ്നത്തിലൂടെത്തന്നെ ഞാൻ കണ്ടെത്തി.
അതിന് എട്ടു കൈകളുണ്ടായിരുന്നു. അത് വലിയ ഒരു ചിലന്തിയെ
പോലെ തോന്നിച്ചു. അതിന്റെ വൃത്തികെട്ട ചുണ്ടുകൾ
എന്റെ വായിൽ ഛർദ്ദിക്കലിനു മുമ്പുണ്ടാവുന്ന ഉപ്പുരസം നിറച്ചു.
അതിന്റെ ശരീരം പരുപരുത്തതും ഒരുതരം തടിച്ച
രോമങ്ങൾ നിറഞ്ഞതും ആയിരുന്നു. അതിന്റെ
കണ്ണുകൾ ചുവന്ന് തുടുത്തിരുന്നു. ആ കണ്ണുകൾ
പണ്ടെനിക്ക് നഷ്ടപ്പെട്ട ഒരു ചുവന്ന ഗോലിയെ
ഓർമ്മിപ്പിച്ചു. അതിനുശേഷം അതിന്റെ മുൻകാലുകൾ
എന്റെ കൈകളിൽ തൊടുകയും എന്റെ കണ്ണുകളിൽ
സൂക്ഷിച്ചുനോക്കിക്കൊണ്ട് എന്റെ ശരീരത്തിലേക്ക്
അരിച്ചുകയറുകയും ചെയ്തു. ശവശരീരത്തിന്റെ തണുപ്പ്
ഒരു മരവിപ്പായി എന്നിൽ നിറഞ്ഞു. എന്റെ
കണ്ണിൽനിന്ന് തടിയൻ പുസ്തകങ്ങളും, ചോക്കു
പൊടിയും, എന്റെ ഇരുമ്പുപെട്ടിയിലെ കുന്നി
കുരുക്കളും, കളിപ്പാട്ടങ്ങളും, എല്ലാററിനുമുപരി
ആ വലിയ നരിച്ചീറിന്റെ കണ്ണുകളും അപ്രത്യക്ഷമാവുകയും
പകരം ഒരു നരച്ച ചിലന്തിവല ഞാൻ കാണുകയും ചെയ്തു.
ഞാൻ വലിയ ഒരു ചിലന്തിയായി പരിണമിക്കുകയും
ആ ചിലന്തിവലയിലേക്ക് വലിഞ്ഞുകയറുകയും ചെയ്തു.



# മററൊരു സന്ധ്യയുടെ ഓർമ്മകൾ കൂടി

വിനോദ്കുമാർ കെ.

സന്ധ്യയുടെ തുടുപ്പാർന്ന മുഖം. രാവിലെ ചാർത്തിയ ഒരു കൊച്ചു സിന്ദൂരപ്പൊട്ട് മാഞ്ഞുതുടങ്ങിയിരിക്കുന്നു.

—മുററത്തെ വഴിയിലൂടെ രണ്ടുകാലുകൾ നകത്തിന്റെ തഴമ്പും അദ്ധ്വാനത്തിന്റെ ക്ഷീണവും മുതുകിലേറിയെത്തി. കൂടെവന്ന താറുടുത്ത അച്ചുമ്മാൻ വയസ്സനായിരിക്കുന്നു.

'ഉണ്ണി എപ്പളേ വന്നത്'?

'ഇന്നലെ'

'ഇനി എന്നാ മടക്കം ?'

'പിന്നെ....' വെറുതെ ചിരിച്ചു. കഴിഞ്ഞു കുശലം.

ചാരിവെച്ച മരപ്പടി തുറന്ന് വഴിയിലേക്കിറങ്ങി. പള്ളിമുററത്തെ മൈതാനത്തുനിന്നും കുട്ടികളുടെ ബഹളം. വാശിയേറിയ തുണിപ്പന്തുകളി. വെട്ടുവഴിയുടെ, ചെമ്മണ്ണിന്റെ, പാടത്തിലെ ചേറിന്റെ ഗന്ധം! ദശാബ്ദങ്ങളിലെ നഗരജീവിതം സമ്മാനിച്ച നിർവ്വികാരതയുടെ പുറന്തോട് ഉലഞ്ഞഴിയുന്നു. മനസ്സിന്റെ തുരുമ്പിച്ച വീണക്കമ്പികളിൽ വിരലോടിച്ച് വർഷങ്ങളിലൂടെ നഷ്ടപ്പെട്ട പലതിന്റേയും ഓർമ്മകൾ കടന്നുവന്നു. പൊളിഞ്ഞ കല്പടകളിൽ അവ നൃത്തമാടി. അടഞ്ഞ വാതിലുകൾക്കു പിന്നിൽ ഊഷ്മളതയുടെ സാന്ദ്രഗീതമുയർന്നു.

കൂടെ വാടിയ ചെമ്പകപ്പൂവിന്റെ മണവും
വേലിയരികിലെ കുപ്പിവളക്കിലുക്കവും
നനവുള്ള രാത്രികളും.

ഉണ്ണിക്കുട്ടൻ! വാരസ്യാരെ തൊട്ടശുദ്ധമാക്കാനോടിയ ഉണ്ണിക്കുട്ടൻ കുളിക്കടവിൽ നാഗ്ഗോർണപ്പൊടി വിതറിയ ഉണ്ണിക്കുട്ടൻ! പണ്ടെന്നോ മാഞ്ഞുപോയ . . . മായ്ച്ചുകളഞ്ഞ ഉണ്ണിക്കുട്ടൻ!

പാടവരമ്പത്തേക്കിറങ്ങാൻ ആരോ വെട്ടിയിട്ട ചെമ്മൺപടവുകൾ. തലയാട്ടി പരിചയം പുതുക്കിക്കൊണ്ട് പൂക്കൈതകളും. പാടവരമ്പുകടന്ന് വീണ്ടും വഴിയിലേക്കു കയറി. പാടത്തിനക്കരെ മുളങ്കൂട്ടത്തിൽ കുളക്കോഴികളുടെ കണക്കെടുക്കൽ.

വീണുകിടന്ന കരിയിലകളിൽ വാർദ്ധക്യം നിറഞ്ഞുനിന്നു. ചുററമ്പലത്തിന്റെ മതിൽക്കെട്ടിനുള്ളിൽ ഇരുളിന്റെ പിടിയിലമർന്ന സന്ധ്യയുടെ രോദനത്തിന് ചിറകുകൾവെച്ചിരിക്കുന്നു. അവ നൂറുനൂറായി പുറത്തേക്കു പറന്നിറങ്ങുന്നു. വിശാലമായ ആൽത്തറ വീണ്ടും ഓർമ്മകളെ തൊട്ടുണർത്തി. ഉടഞ്ഞുവീണ ചുവന്ന കുപ്പിവളകൾ മനസ്സിലെ ഒടുങ്ങാത്ത നൊമ്പരത്തെ വീണ്ടും കുത്തിനോവിച്ചു. പടുവൃദ്ധനായ അരയാൽ നിസ്സംഗതയോടെ വീക്ഷിക്കുന്നതറിഞ്ഞു.

നഗരത്തിന്റെ ചീഞ്ഞ ഗന്ധത്തിൽനിന്നുള്ള മോചനം ഇവിടെ പൂർണ്ണമാകുന്നു . . . എന്നന്നേക്കുമായി.

ആൽത്തറയിൽ ഇന്നലെകണ്ട വൃദ്ധൻ വീണ്ടും. ഇയാളാരാണെന്ന് അമ്മയോട് ചോദിക്കാനും മറന്നു. അടുത്തുചെല്ലുന്തോറും അസ്വസ്ഥതയുണരുന്നു. നീണ്ടുമെലിഞ്ഞുണങ്ങിയ വൃദ്ധൻ, പാതി കൂമ്പിയടഞ്ഞ കണ്ണുകൾ. ചുണ്ടിന്റെ കോണിലൂടെ ചെറുതായി നുര. ജീർണ്ണിച്ച പൂണൂലിന്റെ ദൈന്യത.

(ജുഹുബീച്ചിൽ തടിച്ചുകൂടിയ പതിനായിരങ്ങൾ ആവേശപുളകിതരാകുന്നു. ദാരിദ്ര്യരേഖക്കുമുകളിലുയർത്തപ്പെട്ട ലക്ഷങ്ങളുടെ കണക്കുകൾ മണൽത്തരികളെ പുളകം കൊള്ളിക്കുന്നു. വിപ്ലവകക്ഷികൾ . . . മാപ്പുസാക്ഷികൾ.
ഇതിലേതാണയാൾ?)

ഒന്നിനും ഭേദിക്കാൻ കഴിയാത്ത പുറന്തോട് മനസ്സിന്റെ ഉള്ളറകൾ പണ്ടെന്നോ മരവിച്ചുപോയിരിക്കുന്നു?

'ഉണ്ണ്യല്ലേ? പടിഞ്ഞാററുവട്ടത്തെ'

പണ്ടെന്നോ കേട്ടുമറന്ന ഒരു ഗംഭീരനാദത്തിന്റെ വികൃതാനുകരണമായി ശങ്കയോടെ ചോദ്യം കാതിലെത്തി.

ഓർമ്മയുടെ അറകളിൽ വെള്ളിടി വീണു . . . ചുള്ളിക്കാട്ടു നമ്പൂതിരി!

കണ്ണുകളിലെ അവിശ്വസനീയത വൃദ്ധനെ തെല്ലും അമ്പരപ്പിച്ചില്ല.

'നോം തന്നെ . . മനക്കല് ഇപ്പോ പോവാൻ തരാവ്ല്യാന്ന് കൂട്ടിക്കോളൂ.'

മനസ്സിന്റെ പോറലുകളിൽ നീററലുണ്ടാക്കിക്കൊണ്ട് സങ്കടത്തിന്റെ ഒരു കൊച്ചു നീരുറവ പൊട്ടി. ശുഷ്ക്കിച്ച വിറയാർന്ന വിരലുകൾ തനിക്കുനേരെ നീണ്ടുതറിഞ്ഞു. സാവധാനം ആൽത്തറയിൽ ഇരുന്നു. ചുങ്ങിചുളിഞ്ഞ ആ കൈ . . .

പെരുമ്പടപ്പിലെ വലിയ മൂപ്പീന്നിന് ചതുരംഗഭ്രാന്ത് കലശലായിരുന്നു. പലകറി തോററ ചുള്ളിക്കാട്ടുനമ്പൂതിരി. ആരമ്പലത്തിലെ നടപ്പുരയിൽ അന്ന് മൂപ്പീന്നിനെ അടിയറവ് പായിക്കാറായതായിരുന്നു. മനക്കലെ അടിയാൻ ഗോവിന്ദൻ വന്ന് തൊട്ടു വിളിച്ചൂത്രെ! അരിശം മൂത്ത് ഇടതുകൈ നീട്ടി നമ്പൂതിരി അവന്റെ ചെകിടത്തൊരടിയായിരുന്നു. വായിലൂടെയും മൂക്കിലൂടെയും ചോരയൊലിപ്പിച്ച് ഗോവിന്ദൻ താഴെ വീണു. കാൽനാഴികക്കകം സിദ്ധിയും കൂടി.

ചത്തത് ഗോവിന്ദനും കൊന്നത് ചുള്ളിക്കാട്ടില്ലത്തെ മൂത്ത തിരുമേനിയുമായതിനാൽ നാടറിഞ്ഞില്ല. നാട്ടാരിളകിയില്ല.

ഓർമ്മയുടെ ചിലന്തിവലയെ വലിച്ചുകററിക്കൊണ്ട് മെലിഞ്ഞുണങ്ങിയ വിരലുകൾ മെല്ലെ ഷർട്ടിൽ തഴുകി. കണ്ണുകളിൽ വാത്സല്യത്തിന്റെ തിളക്കം!

'രാമകൃഷ്ണൻ തന്നേട്ടോ . . . സന്തോഷായി'

അച്ഛൻ. ഓർമ്മയിൽ മാത്രം ജീവിക്കുന്ന അച്ഛൻ.

അമ്മയിനും ഉരുവിടുന്ന കഥ. നമ്പൂതിരിയുടെ പ്രാമാണ്യം കത്തിനിന്ന കാലം. നാട്ടിൽ ശത്രുക്കളേറെ. ചുള്ളിക്കാട്ടില്ലത്ത് കണക്കില്ലാത്ത കള്ളത്തടി കൂടിക്കിടക്കുന്ന വിവരം ആരോ വെള്ളക്കാരൻ സായ്പിനു ചോർത്തിക്കൊടുത്തു. പിറേറന്ന് ഉച്ചക്ക് സായിപ്പ് പരിശോധനക്കെത്തുന്ന വിവരം നാടാകെ കാട്ടുതീപോലെ പരന്നു. സന്ധ്യക്ക് മടങ്ങിയെത്തിയ നമ്പൂതിരി വിവരമറിഞ്ഞ് അച്ഛനേയുംകൂട്ടി പുറത്തിറങ്ങിയതാണ്. മടങ്ങിവന്നത് എണ്ണമില്ലാത്ത തച്ചൻമാരുമായി.

വർഷം രണ്ടുകൊണ്ട് തീരാത്ത ഇല്ലം രാത്രികൊണ്ട് എട്ടുകെട്ടായി. രാവിലെ ഓടെത്തി മേഞ്ഞു.

ഉച്ചക്കെത്തിയ സായിപ്പ് കണ്ടത് ഓടിട്ട് മേഞ്ഞ ഇല്ലമാണ്. മേഞ്ഞ പുരയുടെ തടിക്ക് ഉടമസ്ഥൻ കണക്കുപറയേണ്ട. പുര പൊളിക്കാനും വയ്യ. സായിപ്പ് തോററുമടങ്ങി.

വീണ്ടും ഓർമ്മയുടെ കടിഞ്ഞാൺ വലിച്ചു.

'മനക്കലെങ്ങനിണ്ട് തിരുമേനി'.?

'ക്കെ പോയി ഉണ്ണീ. എനിക്കങ്ങ്ട് പൂവ്വാൻ വയ്യ. അകത്തുള്ളോര് എന്താ തര്ററീല്യലോ? . . . യക്ഷി . . നോന് വെഷം വരെ തന്ന്വോക്കീതാട്ടോ . .'

ഒന്നും പറയാൻ സാധിച്ചില്ല.

'എല്ലാം അവനൊരുത്തന്റെ കൊള്ളരുതായ്മ്യാ ഉണ്ണീ. ദിവസം ഉറപ്പേ്യത്രാറിയോ ചെലവ്'?

സാവധാനം എണീററ് അമ്പലത്തിനകത്തേക്കു നടന്നു, വൃദ്ധൻ. നിസ്സംഗനായ അരയാലിന്റെ മുഖത്തുപോലും കണ്ണുനീരിന്റെ തിളക്കം.

* * *

നടപ്പാതയിൽ ദുഃഖം തളംകെട്ടിനിന്നു. കൂകിത്തിമർത്ത കുളക്കോഴികൾ മൗനം പൂകി. പാടവരമ്പിലെ കൈതകൾ തലതാഴ്ത്തി.

വരമ്പ് കടന്ന് കയറിയാൽ ഇടതുവശത്ത് ചുള്ളിക്കാട്ടില്ലം. എട്ടുകെട്ടിന്റെ തെക്കേയററം ഇടിഞ്ഞുവീണിരിക്കുന്നു. മുററത്ത് പടർന്ന കാട്ടുമൊന്ത.

ജീർണ്ണിച്ച പടിപ്പുരയിൽ അന്തർജ്ജനം. മൂപ്പുതോടുത്ത പ്രായം, നോട്ടം തന്റെ ശരീരത്തെ ചൂഴുന്നതറിഞ്ഞു.

ചാരുകസേരയിൽനിന്നും ചിലമ്പിച്ച ചുമയുയന്നു. ഇളയതിരുമേനി . . . മെലിഞ്ഞുണങ്ങിയ ശരീരത്തിൽ നരച്ച രോമങ്ങൾ എഴുന്നുനില്ക്കുന്നു. കുരച്ച നെഞ്ച് ആയാസത്തോടെ ഉയർന്നുതാണു.

'ഉണ്ണി . . . എവിടേക്കാ?'

'എങ്ങുമില്ല തിരുമേനി . . വെറുതെ.'

'കയറിയിരുന്നിട്ടു പോകാം . . .' അന്തർജ്ജനം പുഞ്ചിരിതൂകി.

'വേണ്ട പിന്നൊരിക്കലാവാം' പറഞ്ഞൊഴിഞ്ഞു.

'വരുന്നേ ഇവിടങ്ങനെയൊന്നുമില്ല'

കണ്ണിന്റെ കടക്കോണുകൾ വാചാലമായി ക്ഷണിച്ചു. നുണക്കുഴികൾ വിരിഞ്ഞ കവിളിലെ തുടുപ്പ് മുഖത്തിന് മനോഹാരിത കൂട്ടി.

കുപ്പിവളകളും മൈലാഞ്ചിയിട്ട കൈയ്യും മനസ്സിലേക്കു കടന്നുവന്നു. മുറിഞ്ഞുവീണ കണ്ണുനീരിനെ പ്പററിയാലോചിച്ചു. ഇളയ തിരുമേനിയുടെ മുഖത്തെ വാചാലമായ ദൈന്യത തിരിച്ചറിയാൻ തെല്ലും ബുദ്ധിമുട്ടേണ്ടിവന്നില്ല'

തിരിഞ്ഞുനോക്കുമ്പോൾ മനസ്സിൽ വീണ്ടും ശൂന്യത നിറയുന്നതറിഞ്ഞു.

കൂടെ നഗരത്തിന്റെ ചീഞ്ഞളിഞ്ഞ ഗന്ധവും. ഇല്ല. തനിക്കൊരിക്കലും മോചനമില്ല.



# ഫിനോബാർബിറ്റോൺ

ഡോ: അരവിന്ദൻ വല്ലച്ചിറ

പെട്ടെന്നാണ് ഞെട്ടിയുണർന്നത്. !

ഏതോ ഒരു ഭീകരസ്വപ്നത്തിൻെറ അവസാനത്തിൽ .......

— എന്തായിരുന്നു സ്വപ്നം........ ? ?

ജീവിതവും മരണവും തമ്മിലുള്ള സംഘട്ടനമായിരുന്നോ അതിൻെറപശ്ചാത്തലം........ ?

ശാന്തമായ ഒരു നിദ്രയുടെ ലാളനമേററിട്ട് ദിവസങ്ങളെത്രയായി ...? വ്യക്തമായി പറഞ്ഞാൽ.... ഇല്ല.... വ്യക്തത എന്ന പദത്തിന് ജീവിതത്തിൽ സ്ഥാനമില്ലാതായിരിക്കുന്നു. ഇന്ന്, എല്ലാം താളംപിഴച്ച നൃത്തങ്ങളാണ്. ഈ വലിയ ആശുപത്രിയുടെ തടവറയിൽ വന്നുചേർന്നിട്ടുതന്നെ ദിവസങ്ങളെത്രയായി എന്നോർക്കുവാൻപോലും കഴിയാതായിരിക്കുന്നു.

ആഴ്ചകളോ........മാസങ്ങളോ?

ഒന്നും ഓർക്കാൻ വയ്യ!

ബാർബിച്ചുറേററുകൾ പകർന്നു നൽകുന്ന സുഷുപ്തിയിൽ ആശ്വാസം കണ്ടെത്തുന്ന തനിക്ക് ജീവിതംതന്നെ ഒരു മിഥ്യയായിത്തീർന്നിരിക്കുന്നു,

സന്ധ്യ വിടരാൻ തുടങ്ങുന്നതേയുള്ളു. എന്നിട്ടും ഇരുട്ട് നേരത്തെ ഭൂമിയിൽ നിഴൽ പടർത്തിയിരിക്കുന്നു, ജനലിലൂടെ കടന്നുവന്ന കാററിൽ ഈർപ്പത്തിൻെറ കണികകളുണ്ടായിരുന്നു. അകലെയെവിടെയെങ്കിലും മഴ പെയ്യുന്നുണ്ടായിരിക്കണം,

ജനലിനപ്പുറത്ത്. വലിയ സൗധത്തിനടുത്ത് നിൽക്കുന്ന ഗുൽമോഹർ ചുവന്ന പുഷ്പങ്ങളുടെ താലമേന്തുന്നു. അതെന്നും കാണുന്നതാണ്. നോക്കരുതെന്ന് വിചാരിച്ചാലും മിഴികൾ അറിയാതെ അങ്ങോട്ട് നീണ്ടുപോകുന്നു. ആ ചുവന്ന പൂക്കൾ മനസ്സിൽ വിടർത്തുന്നത് വിഷാദമാണ്,

—രക്തപങ്കിലമായ പുഷ്പങ്ങൾ തൻെറ ക്യാൻസർ ബാധിച്ച ശ്വാസകോശങ്ങൾപോലെ,

—അരുത്... ........പ്രതീക്ഷകളില്ലാത്ത ജീവിതത്തെക്കുറിച്ചോർത്ത് ദുഃഖിക്കരുത്,

പുറത്തുനിന്ന് മിഴികൾ തിരിച്ചെടുത്ത് ചുമരിൽ തൂക്കിയിട്ട കലണ്ടറിലേക്ക് നോക്കി കിടന്നു. ഏതോ മരുന്നുകമ്പനിക്കാരുടെ ടോണിക്കിൻെറ പരസ്യമാണെന്ന് തോന്നുന്നു, ചിത്രത്തിലെ സുന്ദരിയായ പെൺകുട്ടിയെ നോക്കി കിടന്നപ്പോൾ മനസ്സിൽ അസ്വാസ്ഥ്യം തോന്നി.

ആ ചിത്രം മനസ്സിൽ കൊണ്ടുവന്നത് ശ്രീദേവിയുടെ മുഖമാണ്. നേർത്ത ശ്രാവണമാസനിലാവിൻെറ ഓർമ്മ പകരുന്ന പെൺകുട്ടി. തൻെറ ജീവിതത്തിന് നിറം പകരാൻ കടന്നുവന്ന മാലാഖയായ ശ്രീദേവി... !

—മരണത്തിൻെറ ചിറകടി കാത്തുകിടക്കുന്ന ഈ ജീവിതത്തിലേക്ക് നീ വരരുതായിരുന്നു കുട്ടീ!

ആർദ്രസന്ധ്യകളുടെ അറിയാത്ത തീരങ്ങളിൽനിന്ന് ഇടറുന്ന മനസ്സുമായി കടന്നുവന്ന് വിതുമ്പുന്ന സ്മരണകൾ. മൃതിയുടെ നിമിഷങ്ങളെ

ണ്ണി കിടക്കുന്ന തന്റെ ദിനരാത്രങ്ങൾക്ക് ഇനിയധികം ദൈർഘ്യം കൂടുമെന്ന് വിചാരിക്കാൻ വയ്യ. ഇതിവിടെ അവസാനിച്ചിരുന്നെങ്കിൽ!!

—മരണത്തിന്റെ ഗന്ധം തങ്ങിനിൽക്കുന്ന ഈ തടവറയിൽ... ....

—ഈ മുറിയുടെ ഏകാന്തതയിൽ മരണത്തിന്റെ കാലൊച്ചകൾ കേൾക്കുന്നുണ്ടോ?

'യൂത്ത് ഈസ് എ ബ്ലണ്ടർ, മാൻഹുഡ് എ സ്ട്രഗിൾ, ഓൾഡ് ഏജ് എ റിഗ്രറ്റ്' എന്നു വായിച്ചതെവിടെയാണ്........?

—മുപ്പത്തഞ്ച് വർഷങ്ങൾ....!!

ഒരു പുരുഷായുസ്സിന്റെ പകുതിപോലും അഭിനയിച്ചുതീരാത്ത ജീവിതനാടകം. മനസ്സു പിടിവിട്ട് പോകുന്നതോർക്കുമ്പോൾ അറിയുന്നു....

—കാലം ഈ നിശ്ചലതയിൽ തളംകെട്ടിക്കിടക്കുകയാണ്. തന്റെ ജീവിതംപോലെ!

ഇതു് മോഹങ്ങളില്ലാത്ത ഒരുവന്റെ സ്വപ്നങ്ങളായിരിക്കാം. അതല്ലെങ്കിൽ ഇതിനെ വിലകുറഞ്ഞ സെന്റിമെന്റലിസമായി വേണമെങ്കിൽ വ്യാഖ്യാനിക്കാം. തകർന്ന സ്വപ്നങ്ങളുടെ നേർത്ത ഇഴകളാൽ സമന്വയിപ്പിക്കുന്ന ജീവിതനിമിഷങ്ങൾ.

—ഇവിടെ സ്വപ്നങ്ങളേയുള്ളൂ ....ഒരിക്കലും സഫലീകരിക്കാത്ത സ്വപ്നങ്ങൾ........!!!

മുറിക്ക് പുറത്തു് താളനിബദ്ധമായ പാദനിസ്വനങ്ങൾ. പ്രതീക്ഷയോടെ വാതിൽക്കലേക്ക് നോക്കുമ്പോൾ... ....മുന്നിൽ പുഞ്ചിരിയോടെ വെള്ളപ്രാവ്. കൈയ്യിൽ മരുന്നു് നിറച്ച സിറിഞ്ച്.

പ്രതീക്ഷ നശിച്ച ജീവിതവുമായി മഹാരോഗത്തിന്റെ അടിമയായി കഴിയുന്ന തന്നെ രക്ഷിക്കാൻ വൈദ്യശാസ്ത്രം മരുന്നുകളിലൂടെ ശ്രമിക്കുന്നു.

സിസ്റ്റർ തിരിഞ്ഞുനടക്കുമ്പോഴാണ് ഇഞ്ചക്ഷൻ കഴിഞ്ഞു എന്നറിയുന്നതു്. വേദനയെന്ന വികാരം പോലും തീരെ അറിയാതായിരിക്കുന്നു.

കിടക്കയിൽനിന്നു് മെല്ലെ എഴുന്നേററ് ജനലിലൂടെ പുറത്തേക്ക്



നോക്കി. ആകാശത്തിന്റെ കലുഷമായ മുററത്തുകൂടെ വന്ധ്യമേഘങ്ങൾ അലക്ഷ്യമായി നീങ്ങുന്നു. റോഡിൽവാഹനങ്ങളുടെയും ജനങ്ങളുടെയും ബഹളം. വഴിവിളക്കുകൾ തെളിഞ്ഞുതുടങ്ങിയിരിക്കുന്നു.

—മറെറാരു രാത്രികൂടി ജനിക്കുന്നു.

തിരക്കിൽ തന്റെ ദേവിയുടെ മുഖം തിരയുമ്പോൾ... ....അസ്വസ്ഥമായ മനസ്സിന്റെ ഭാരം... .....നെഞ്ചിൽ വേദന പടരുന്നുണ്ടോ........?

വയ്യ— ഈ, ജീവിതത്തിൽനിന്നു് മോചനം വേണം.........!/

—ശാശ്വതമായ മോചനം....!!!

ഫീനോ ബാർബിറേറാണിന്റെ കുപ്പി. കയ്യിലെടുത്തപ്പോൾ ആശ്വാസം തോന്നി. വെളുത്ത ഗുളികകൾ ഒന്നൊന്നായി താഴോട്ടിറങ്ങി... ....

—ഇനി ഞാൻ ഉറങ്ങട്ടെ........ നിത്യനിദ്രാന്തമായ നിദ്രയിലേക്ക് ഞാൻ അലിഞ്ഞുചേരട്ടെ........!



# സാഹസികയാത്ര

കറുത്ത പായ്കളുള്ള ഒരു കപ്പൽ എന്നെ കൊണ്ടു പോകാൻ വന്നു. പൂർണ്ണ സമ്മതത്തോടെ ഞാനതിൽ കയറുകയും ചെയ്തു. ചെറിയൊരു യാത്ര നടത്തിക്കളയാമെന്നേ ഞാൻ കരുതിയുള്ളു; എനിക്കു ചെറുപ്പമാണ്. ഒരല്ലലുമില്ല. കൂടാതെ കടലിനോട് എനിക്കൽപം മമതയുണ്ടായിരുന്നു. ഞങ്ങൾ കരയിൽനിന്ന് യാത്രയായി. വളരെ വേഗം ഞങ്ങൾക്കു പിന്നിൽ കര അപ്രത്യക്ഷമായി. ശുദ്ധമായ കടൽക്കാറ്റ് കപ്പലിനെ മുന്നോട്ടു നയിച്ചുകൊണ്ടിരുന്നു. ഞാൻ കണ്ടുമുട്ടാനിടയായ കപ്പൽജോലിക്കാരെല്ലാവരും രസികന്മാരും ഗൗരവക്കാരുമായി കാണപ്പെട്ടു. കപ്പൽത്തട്ടിലുണ്ടായിരുന്ന വക്ക് വളരെ കുറച്ചേ സംസാരിക്കാനുണ്ടായിരുന്നുള്ളു. അനേകകാലം രാവും പകലും ഞങ്ങൾ ഒരേ ഗതിയിൽ തന്നെ പൊയ്ക്കൊണ്ടിരുന്നു. ഞങ്ങളൊരിക്കലും കര കണ്ടെത്തിയില്ല. വർഷങ്ങളോളം ഞങ്ങൾ യാത്രചെയ്തു; സമുദ്രം ശൂന്യവും കാറ്റ് അനുകൂലവുമായിരുന്നു. കരയുടെ യാതൊരു ലക്ഷണവും കണ്ടില്ല. ഒടുവിൽ, ഇത് അസാധാരണമാണെന്ന് തോന്നിയപ്പോൾ ഞാൻ ഒരു ജോലിക്കാരനോട് കാരണമന്വേഷിച്ചു. ലോകം ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നുവെന്ന് അയാൾ മറുപടി നല്കി. അത് നശിക്കപ്പെട്ടു. ആഴങ്ങളിൽ മുങ്ങിപ്പോയിരിക്കുന്നു. ഞങ്ങൾ മാത്രമേ അവശേഷിക്കുന്നുള്ളു.

അത് രസകരമാണെന്നെനിക്ക് തോന്നി. വളരെക്കാലം ഞങ്ങൾ യാത്ര തുടർന്നു. കടൽ ശൂന്യമായിരുന്നു. കറുത്ത പായ്കളിൽ കാറ്റ് നിറഞ്ഞുകൊണ്ടിരുന്നു. എല്ലാം ശൂന്യം. ഞങ്ങൾക്കു താഴെ അഗാധതകൾ മാത്രം. പെട്ടെന്ന് ഒരു ഭയങ്കര കൊടുങ്കാറ്റാരംഭിച്ചു. ഞങ്ങൾക്കു ചുറ്റും സമുദ്രം അലയടിച്ചുയർന്നു. ഇരുട്ടിൽ ഞങ്ങൾ യുദ്ധംചെയ്തു. കൊടുങ്കാറ്റ് അവസാനിച്ചില്ല; ഇരുട്ടും. വർഷങ്ങളോളം അത് തുടർന്നു. കറുത്ത കപ്പൽപായകളിലൂടെ മേഘങ്ങൾ നീങ്ങി. എങ്ങും ഇരുട്ടും ശൂന്യതയുമായിരുന്നു. ഉദ്വിഗ്നരും നിസ്സഹായരുമായ ഞങ്ങൾ ഇരുട്ടിൽ പൊരുതി. അവശരും ഭഗ്നരും പ്രതീക്ഷയ്ക്കുപോലും ധൈര്യമില്ലാത്തവരുമായിത്തീർന്നു.

അങ്ങിനെ അവസാനം തീരത്തിരകളുടെ കാതടപ്പിക്കുന്ന ശബ്ദം ഞങ്ങൾ കേട്ടു. കടലിൽനിന്നുയരുന്ന ഒരു പാറദ്വീപിലേക്ക് വലിയൊരു തിര ഞങ്ങളെ വലിച്ചെറിഞ്ഞു. കപ്പൽ കഷ്ണങ്ങളായിച്ചിതറി. ഞങ്ങൾ പാറമേൽ അള്ളിപ്പിടിച്ചു. കപ്പലിന്റെ അവശിഷ്ടങ്ങളും പായക്കഷ്ണങ്ങളും അങ്ങിങ്ങും ഒഴുകിനടന്നു. ഞങ്ങൾ ഭൂമിയെ പിടിച്ചു. വളരെ സമയത്തിനുശേഷം വെളിച്ചം പരന്നു. ഞങ്ങൾക്ക് ഇപ്പോൾ കാണാം. ഞങ്ങൾ രക്ഷപ്രാപിച്ചിട്ടുള്ള ദ്വീപ് ഇരുണ്ടതും നിരപ്പില്ലാത്തതുമാണ്. കൊടുങ്കാറ്റിൽപ്പെട്ടുലഞ്ഞ ഒരു വൃക്ഷം മാത്രമേ അവിടെയുള്ളു; പൂക്കളോ ചെടികളൊ ഒന്നുമില്ല. ഞങ്ങൾ മുറുകെ പിടിച്ചു. ഞങ്ങൾ സന്തുഷ്ടരായിരുന്നു. നിലത്ത് കവിളമർത്തി; സന്തോഷാധിക്യത്താൽ ഞങ്ങൾ കരഞ്ഞു. ആഴങ്ങളിൽനിന്ന് ലോകം ഉയർന്നു വരാൻ തുടങ്ങിയിരുന്നു.

**പെർലാഗർ ക്വിസ്റ്റ്**

# ജാലകം

രഘുനാഥൻ ബി.

ജനാലയിൽ മുഖമമർത്തി പെൺകുട്ടി നെടുവീർപ്പിട്ടു.
ഇന്നെന്തേ അയാൾ വരാൻ വൈകുന്നു ?
സമയം വൈകുംതോറും അവളിൽ അസ്വസ്ഥത വളരാൻതുടങ്ങി.
വളരെ യാദൃശ്ചികമായാണ് പെൺകുട്ടി അയാളെ
ശ്രദ്ധിയ്ക്കാൻ തുടങ്ങിയത്.
ഒരിക്കൽ വീടിന്റെ മുൻപിലുള്ള ചെമ്മൺപാതയിലൂടെ
അയാൾ നടന്നുപോകുന്നത് അവൾ കണ്ടു.
പിന്നീട് എന്നും അയാളുടെ വരവുകാത്ത് അവളാ
ജാലകത്തിനരികിൽ വെറുതെ നില്ക്കും.
'എന്തൊരു ഗർവ്വാണ്'' പെൺകുട്ടിക്ക് ആദ്യമയാ–
ളോട് ദേഷ്യമാണ് തോന്നിയത്.
പിന്നെയെന്തോ മുറിയിലെ ഏകാന്തതയിൽ
അവൾ അയാളെക്കുറിച്ച് ചിന്തിയ്ക്കാൻ തുടങ്ങി.
ഒടുവിൽ അവളുടെ സ്വപ്നങ്ങളിൽ അയാൾ മാത്രമായി.
ഓരോ ദിവസവും അയാളോടെന്തെങ്കിലും ചോദി
ക്കണമെന്ന് അവൾ മനസ്സിൽ കരുതും, പക്ഷേ
അയാൾ നടന്നിരുന്നതു കാണുമ്പോൾ അവൾക്കൊന്നും
ചോദിക്കാൻ കഴിയില്ല.
ഇന്ന് അയാളോട് എന്തെങ്കിലും ചോദിയ്ക്കണം
അവൾ മനസ്സിൽ നിശ്ചയിച്ചുറച്ചു.
ആരാണെന്നും, എവിടെനിന്നാണെന്നും, ഒക്കെ
പെൺകുട്ടിയുടെ മനസ്സിൽ മോഹങ്ങൾ ചിറകുവിടർത്തി.
പക്ഷേ അയാൾ വന്നില്ല
പെൺകുട്ടിയ്ക്ക് പേടിതോന്നി.
അസുഖം വല്ലതും ?
അങ്ങനെ വരല്ലേ എന്നവൾ പ്രാർത്ഥിച്ചു.
അടുത്തദിവസവും അവൾ കാത്തിരുന്നു.
അയാൾ വന്നില്ല.
കാത്തിരിപ്പിന്റെ പ്രതീക്ഷകളും, നൊമ്പരങ്ങളുമായി
ഒരാഴ്ച കടന്നുപോയി.
അയാളാവഴിയിലൂടെ കടന്നുപോകുന്നതുകാണാൻ
അവളുടെ മനസ്സ് കൊതിച്ചു.
അയാൾ വരുമെന്ന് അവൾക്കുറപ്പുണ്ടായിരുന്നു.
അയാൾക്കു വരാതിരിയ്ക്കാൻ കഴിയില്ല.
കാരണം അയാൾ തന്റെ മനസ്സിന്റെ ബന്ധനത്തിലാണെന്നും
അയാളുടെ തന്റെ വീടിനുമുന്നിലൂടെയുള്ള യാത്ര തനിയ്ക്കു
വേണ്ടിമാത്രമാണെന്നും അവൾക്കുതോന്നി.
എന്നെങ്കിലും അയാൾ നടന്നുവരും.
പുഞ്ചിരിയോടെ അയാൾ എതിരേല്ക്കും........
അന്ന്–
ജാലകത്തിനരികിൽ വഴിയിലേയ്ക്കു മിഴിനട്ടിരുന്ന
അവൾ സന്തോഷത്താൽ തുള്ളിച്ചാടി
അയാൾ വരുന്നു !
എല്ലാം മറന്ന് അവൾ ഗേററിനരികിലേയ്ക്കോടി.
പെട്ടെന്ന്–
പെൺകുട്ടിയുടെ മുഖം ഇരുളിലാണ്ടു.
അയാൾ തനിച്ചായിരുന്നില്ല, അയാളുടെകൂടെ
ആഭരണങ്ങളണിഞ്ഞ ഒരു യുവതിയുമുണ്ടായിരുന്നു.
അവൾ നിറഞ്ഞ മിഴികളോടെ തിരിച്ചുനടന്നു.



*ആ ഇരുണ്ട മൂലയിലിരുന്ന് മുടി പിന്നിമെടയുന്ന ജോലി മൃഗത്തിലേയ്ക്കുള്ള അവളുടെ പാതയിൽ നിന്ന് അവളെ അതിജീവിപ്പിച്ചിരിക്കാം അതുമായി അവൾ ഏകാകിയാകാനാഗ്രഹിച്ചു.*

# മൂന്നു നിദ്രാടകർക്ക് കൊടുംകയ്പ്പ്

**ഗബ്രീയേൽ ഗാർസ്യേ മാർക്വിസ്**

അവിടെ ഞങ്ങൾക്കവൾ ഉണ്ടായിരുന്നു. ആ വീടിന്റെ ഒരു മൂലയിൽ പരിത്യജിക്കപ്പെട്ടവളായി. അവൾക്കുവേണ്ടി പല സാധനങ്ങളും - പുതിയതായിമുറിച്ച മരത്തിന്റെ മണമുള്ള അവളുടെ വസ്ത്രങ്ങളും ചെളിയിലിട്ടു നടക്കാനുള്ള ഭാരംകുറഞ്ഞ ഷൂസുകളും കൊണ്ടുവരുന്നതിനുമുമ്പായി ഞങ്ങളോടാരോ പറഞ്ഞിരുന്നു; മാധുര്യമേതുമില്ലാതെ പുറത്തമരുന്ന നിഷ്ഠൂരമായ ഏകാന്തതയല്ലാതെ മറ്റൊരാകർഷണവുമില്ലാത്ത ആ ഇഴഞ്ഞ ജീവിതവുമായി പൊരുത്തപ്പെടൽ അവൾക്കസാദ്ധ്യമാവുമെന്ന്. ഞങ്ങളോടാരോ പറഞ്ഞു— അവൾക്കും ഒരു ബാല്യകാലം ഉണ്ടായിരുന്നെന്ന്. ഞങ്ങളതോർക്കുന്നതിനുമുമ്പ് കാലം കുറെയേറെ കടന്നുപോയിട്ടുണ്ടായിരുന്നു. അപ്പോൾ ഞങ്ങളതു വിശ്വസിച്ചില്ലായിരിക്കാം. പക്ഷേ ഇപ്പോൾ ആ മൂലയിൽ ഭീതിപൂണ്ട കണ്ണുകളോടും ചുണ്ടിനുമുകളിൽ വച്ചിരിക്കുന്ന ഒരു വിരലോടുംകൂടെ അവൾ ഇരിക്കുന്നതുകാണുമ്പോൾ അവൾക്ക് ഒരിക്കലൊരു ബാല്യമുണ്ടായിരുന്നെന്നും, മഴയുടെ പ്രതീക്ഷിതമായ കുളിരിനോടു പ്രതികരിക്കുന്ന ഒരു സ്പർശമുണ്ടായിരുന്നെന്നും ശരീരത്തിന്റെ രൂപരേഖയോടൊപ്പം അപ്രതീക്ഷിതമായ ഒരു നിഴൽ അവൾ കൊണ്ടുനടന്നിരുന്നെന്നുമുള്ള വസ്തുതകൾ ഞങ്ങളൊരുപക്ഷേ അംഗീകരിച്ചേക്കാം.

അവളുടെ ഭീതിജനകമായ ഉപലോകത്തിനപ്പുറം അവൾ പൂർണ്ണമായും ഒരു മനുഷ്യസ്ത്രീയായെന്ന ബോദ്ധ്യപ്പെട്ട ആ അപരാഹ്നത്തിൽ ഇതൊക്കെയും ഇതിലധികവും ഞങ്ങൾ വിശ്വസിച്ചു. കഠിനവേദനയാൽ അവൾ ആക്രോശങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങിയപ്പോൾ അകത്ത് ഒരു ചില്ല് പൊട്ടിയതുപോലെ ഞങ്ങളതുകണ്ടെത്തി. അവൾ ഞങ്ങളെയോരോരുത്തരെയായി പേരുപറഞ്ഞു വിളിക്കുകയും ഞങ്ങൾ അരികത്തിരിക്കുന്നതുവരെ കണ്ണീരിലൂടെ സംസാരിക്കുകയും ചെയ്തു. ചിതറിയ ചില്ലുകളെ കൂട്ടിയോജിപ്പിക്കുവാൻ ഞങ്ങളുടെ ആക്രോശത്തിനു കഴിയുമെന്നപോലെ ഞങ്ങൾ പാടാനും കൈയ്യ

ടിക്കാനും തുടങ്ങി. അവൾക്കും ഒരിക്കൽ ഒരു ബാല്യമുണ്ടായിരുന്നുവെന്ന് ഞങ്ങൾക്ക് വിശ്വസിക്കുവാനായത് അപ്പോൾ മാത്രമായിരുന്നു. അവളുടെ ആക്രോശങ്ങൾ നിരവധി സ്വരണവൃക്ഷങ്ങളും, ആഴമേറിയ നദിയും ചൂഴ്ന്നുനിൽക്കുന്ന ഒരു വെളിപാടുപോലെയായിരുന്നു. അവളെഴുന്നേററപ്പോൾ ലേശം കുനിഞ്ഞു നിന്നുകൊണ്ട് മേൽവസ്ത്രംകൊണ്ട് മുഖം മറയ്ക്കാതെയും മൂക്കുചീററാതെയും തന്നെ എന്നാൽ കണ്ണീരോടുകൂടി ഞങ്ങളോടുപറഞ്ഞു.

'ഞാനിനിയൊരിക്കലും ചിരിക്കില്ല.'

ഞങ്ങൾ മൂന്നുപേർ ഒന്നും ഉരിയാടാതെ മുററത്തേയ്ക്കുപോയി. ഞങ്ങൾ ഒരേ ചിന്തകൾപേറി നടക്കുന്നതായി ഞങ്ങൾ വിചാരിച്ചേക്കാം. വീടിനകത്തെ വിളക്കുകൾ കൊളുത്താതിരിക്കുന്നതാണുത്തമമെന്ന് ഞങ്ങൾ കരുതിയിരിക്കാം. ആ ഇരുണ്ട മൂലയിലിരുന്ന് മുടിപിന്നിമെടയുന്ന ജോലി മൃഗത്തിലേയ്ക്കുള്ള അവളുടെ പാതയിൽനിന്ന് അവളെ അതിജീവിപ്പിച്ചിരിക്കാം. അതുമായി അവൾ ഏകാകിയാകാനാഗ്രഹിച്ചു.

പുറത്ത്, മുററത്ത് ഷഡ്പദങ്ങളുടെ തീഷ്ണബാഷ്പത്തിൽ നിമഗ്നരായി അവളെക്കുറിച്ചു ചിന്തിക്കാൻ ഞങ്ങളിരുന്നു. ഞങ്ങളുടെ ജീവിതത്തിൽ ദൈനംദിനം ചെയ്തിരുന്നതാണ് ഞങ്ങൾ ചെയ്യുന്നതെന്ന് ഒരു പക്ഷേ പറഞ്ഞിരിക്കാം. എന്നിട്ടും ആ രാത്രി വ്യത്യസ്തമായിരുന്നു. അവളൊരിയ്ക്കലും ചിരിയ്ക്കുകയേയില്ലെന്ന് അവൾ പറഞ്ഞു. അവളെ നന്നായറിയാവുന്ന ഞങ്ങൾക്ക് ആദ്യ സ്വപ്നം സത്യമായി ഭവിച്ചെന്നുറപ്പായിരുന്നു. ത്രികോണാകൃതിയിലിരുന്ന്; അകററപ്പെട്ടവളായി, കഴിവററവളായി അവൾ പൊടിയായി മാറിക്കൊണ്ടിരിക്കുന്നു. മുദ്രിതവും സൂക്ഷ്മവുമായ താളത്തെ അളന്നുകൊണ്ടിരുന്ന അസംഖ്യം ഘടികാരങ്ങളുടെ ശബ്ദം പോലും കേൾക്കാനാവാതെ അവൾ അകത്തുള്ളത് ഞങ്ങൾ വിഭാവനം ചെയ്തു. അവൾക്ക് സ്വന്തം മരണമാഗ്രഹിക്കാനുള്ള കരുത്തെങ്കിലുമുണ്ടായിരുന്നെങ്കിൽ. ഞങ്ങൾ ഒരേസമയം ചിന്തിച്ചു. എന്നാൽ ഞങ്ങൾക്കവളെ അതുപോലെ വേണമായിരുന്നു. ഹൈമവും വിരൂപവുമായി ഞങ്ങളുടെ ഒളിഞ്ഞിരിക്കുന്ന വൈകല്യങ്ങൾക്കുള്ള ഒരുതരം താണവീതമെന്നപോലെ.

അതിനുമുമ്പേ ഞങ്ങൾ പ്രായപൂർത്തി വന്നവരായിരുന്നു. വളരെമുമ്പേ തന്നെ എങ്കിലും അവളായിരുന്നു ആ വീട്ടിലെ ഏററവും പ്രായമേറിയവൾ. ആ രാത്രി, ഞങ്ങളോടൊത്തിരുന്ന് കരുത്തുള്ള മക്കളാൽ വലയം ചെയ്യപ്പെട്ട നക്ഷത്രങ്ങളുടെ താളാത്മക സ്പന്ദനം ആസ്വദിച്ചുകൊണ്ട് അവൾക്കവിടെയുണ്ടാകാൻ കഴിഞ്ഞു. ചങ്കുററമുള്ള ഒരു പൗരന്റെ ഭാര്യയോ, കൃത്യനിഷ്ഠയുള്ള ഒരുവന്റെ വെപ്പാട്ടിയോ ആയിരുന്ന അവളെങ്കിൽ ആ ഗൃഹത്തിന്റെ നായിക അവളായിരുന്നേനെ. അവളുടെ മേന്മകളോ ഹീനതകളോ ബാഹ്യമായി പ്രതിഫലിക്കാത്തതിനാലാകണം, ഒരു നേർരേഖപോലെ ഒരു തലത്തിൽ മാത്രമുള്ള തന്റെ ജീവിതത്തോടവൾ ഇഴുകിച്ചേർന്നു. ഞങ്ങൾ അതറിഞ്ഞുതുടങ്ങിയിട്ട് വർഷങ്ങളേറെയായിരിക്കുന്നു.

മുഖം മുററത്തമർത്തിക്ലിഷ്ടമായി ആനന്ദമൂർച്ഛയോടെ അവൾ ഭൂമികടിച്ചുകൊണ്ടു കിടക്കുന്നത് ഒരു പ്രഭാതത്തിൽ ഉറക്കമെഴുന്നേററശേഷം കണ്ടപ്പോൾ ഞങ്ങൾ ആശ്ചര്യപ്പെടുകപോലുമുണ്ടായില്ല. എന്നിട്ടവൾ ചിരിച്ചു, ഞങ്ങളെ വീണ്ടും നോക്കി, രണ്ടാംനിലയിലെ ജനാലയിലൂടെ മുററത്തെ ഉറച്ച മണ്ണിലേക്ക് പതിയ്ക്കുകയും ദൃഢമായി ഘനമാന്ന് ഈർപ്പമുള്ള മണ്ണിൽ മുഖമമർത്തി തുടരുകയും ചെയ്തു. ദൂരത്തോടുള്ള ഭീതിമാത്രമാണ് അവൾ അവികലമായി സൂക്ഷിച്ചിരുന്ന ഒരേയൊരു വസ്തുതയെന്ന് ഞങ്ങൾക്ക് പിന്നീട് മനസ്സിലായി. ഞങ്ങളവളെ തോൾപിടിച്ചുയർത്തി. ആദ്യത്തേതുപോലെ അത്രയും ദൃഢമായിരുന്നില്ല അവളുടെ ശരീരം. മറിച്ച് ഇച്ഛാശക്തിയിൽ നിന്നും വേർപിരിയ്ക്കപ്പെട്ട് ദൃഢതവരാത്ത ചെറുചൂടുള്ള ശവശരീരംപോലെ അയഞ്ഞതായിരുന്നു അവളുടെ അവയവങ്ങൾ.

അവളുടെ മുഖം സൂര്യനഭിമുഖമായി ഞങ്ങൾ തിരിച്ചപ്പോൾ കണ്ണുകൾ തുറന്നതും വായ് ശവകുടീരത്തിന്റെ അവശിഷ്ടങ്ങളുടെ രുചികൾ ഉൾച്ചേർന്നിരിക്കുന്ന മണ്ണിനാൽ അഴുക്കുനിറഞ്ഞതുമായിരിരുന്നു. ഒരു കണ്ണാടിക്കു മുന്നിൽ ഞങ്ങളവളെ വെച്ചതുപോലെയായിരുന്നു അത്. അവൾ ഞങ്ങളെ



അവളുടെ മുഖം സൂര്യനഭിമുഖമായി ഞങ്ങൾ തിരിച്ചപ്പോൾ കണ്ണുകൾ തുറന്നതും വായ് ശവകുടീരത്തിന്റെ അവശിഷ്ടങ്ങളുടെ രുചി ഉൾച്ചേർന്നിരിക്കുന്ന മണ്ണിനാൽ അഴുക്കുനിറഞ്ഞതുമായിരുന്നു. ഒരു കണ്ണാടിക്കുമുന്നിൽ ഞങ്ങളവളെ വെച്ചതുപോലെയായിരുന്നു അത് അവൾ ഞങ്ങളെ ലൈംഗിക വികാര രഹിതമായ ഭാവത്തോടെ നോക്കി — അവൾ എന്റെ കൈകളിലാണെങ്കിൽകൂടി അവളുടെ അസാന്നിദ്ധ്യം അനുഭവപ്പെട്ടു. ആരോ ഞങ്ങളോടു പറഞ്ഞു അവൾ മരിച്ചുവെന്ന്.

ലൈംഗികവികാര രഹിതമായ ഭാവത്തോടെ നോക്കി—അവൾ എന്റെ കൈകളിലാണെങ്കിൽക്കൂടി അവളുടെ അസാന്നിദ്ധ്യം അനുഭവപ്പെട്ടു. ആരോ ഞങ്ങളോടു പറഞ്ഞു അവൾ മരിച്ചുവെന്ന്. രാത്രി ഉണർന്നിരിക്കുമ്പോൾ വീടിനോടുചേർന്ന നടന്നുനീങ്ങവേ അധരങ്ങളിലണിയാറുണ്ടായിരുന്ന തണുത്ത ചിരി അപ്പോഴും അവൾ തുടർന്നിരുന്നു. താനെങ്ങനെയാണ് മുററത്തെത്തിയതെന്ന് തനിക്കറിയില്ലെന്ന് അവൾ ഞങ്ങളോടുപറഞ്ഞു.

അവൾക്ക് നല്ല ഊഷ്മളത തോന്നിയെന്നും, അവളുടെ വീടിന്റെ ചുമരുകൾ തച്ചുതകർക്കുമെന്നുതോന്നിച്ച ഒരു ചീവീടിന്റെ കാതുതുളയ്ക്കുന്ന തീക്ഷ്ണമായ ശബ്ദം ശ്രദ്ധിക്കുകയായിരുന്നു അവളെന്നും, സിമന്റുതറയിൽ കവിളമർത്തി ഞായറാഴ്ച പ്രാർത്ഥനകളോർക്കുവാൻ താൻ സ്വയം ശ്രമപ്പെടുത്തിയെന്നും അവൾ പറഞ്ഞു.

എന്തായാലും ഒരു പ്രാർത്ഥനയും ഓർക്കാനവൾക്കാവില്ലെന്ന് ഞങ്ങൾക്കറിയാമായിരുന്നു കാരണം ചുമരിന്റെ അകമമർത്തിപ്പിടിച്ചുകൊണ്ടവൾ ഉറക്കത്തിലേയ്ക്കുവീണെന്നും പുറത്തുനിന്നും ചീവീട് തള്ളുകയായിരുന്നെന്നും ആരോ ഒരാൾ അവളെ ചുമലിൽ താങ്ങിയെടുത്ത് ചുമർ ഒരു വശത്തേയ്ക്കു നീക്കി, സൂരാനഭിമുഖമായി മുഖംതിരിച്ച് താഴെവച്ചപ്പോൾ അവൾ ഗാഢനിദ്രയിലായിരുന്നെന്നുംപറഞ്ഞതിൽനിന്ന് അവൾക്ക് സമയബോധം നഷ്ടപ്പെട്ടിരുന്നതായി ഞങ്ങൾ മനസ്സിലാക്കി.

അവൾ ഇനിയൊരിക്കലും പുഞ്ചിരിക്കില്ലെന്ന്, ആ രാത്രി ആ മുററത്തിരിക്കുമ്പോൾ ഞങ്ങൾക്കു മനസ്സിലായി. ഒരുപക്ഷേ അവളുടെ പുറത്തുപ്രകടമല്ലാത്ത ഗൗരവവും ആ ഇരുണ്ട മുറിയിലെ സ്വേച്ഛാപരമായ ജീവിതവും ഞങ്ങളെ വേദനിപ്പിച്ചിരിക്കാം. ഇപ്പോളവളിരിക്കുന്ന അതേ മൂലയിൽ അവളെകണ്ട, ഇനിതാനൊരിക്കലും ആ വീടിനുള്ളിലൂടെ അലഞ്ഞു നടക്കില്ലെന്നവൾ പറഞ്ഞ അതേദിവസം ഞങ്ങൾ വേദനിച്ചതുപോലെ ഇതും ഞങ്ങളെ വളരെയേറെ വേദനിപ്പിച്ചു. ആദ്യം ഞങ്ങൾക്കവളെ വിശ്വസിക്കാനായില്ല. മാസങ്ങളോളം എല്ലാമണിക്കൂറുകളിലും നിവർന്ന് ശിരസ്സ് കർക്കശമായും ചുമലുകൾകുനിച്ചും ഒരിക്കലും നില്ക്കാതെ ക്ഷീണമെന്യേ അവൾ മുറികളിലൂടെ നടന്നിരുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. രാത്രി, രണ്ടിരുട്ടുകൾക്കിടയിലൂടെ ചലിക്കുന്ന ഘനമേറിയ അവളുടെ ശരീരശബ്ദം ഞങ്ങൾ ശ്രവിക്കുകയും അവളുടെ ഗൂഢഗമനം ശ്രദ്ധിച്ചുകൊണ്ട്, കാതുകളാൽ അവയെ വീടുമുഴുവൻ പിന്തുടർന്നുകൊണ്ട് എത്രയോ തവണ ഞങ്ങൾ കിടക്കയിലുണർന്നു കിടക്കുകയും ചെയ്തിട്ടുണ്ട്. കണ്ണാടിച്ചില്ലിനകത്തു മുങ്ങി, ഘനസുതാര്യതയിൽ നിമജ്ജനം ചെയ്യപ്പെട്ട ചീവീടിനെ അവൾ കണ്ടുവെന്നും; അത് അവളിലെത്താനായി ചില്ലിന്റെ ഉപരിതലം കടന്നുവെന്നും ഒരിക്കലവൾ പറഞ്ഞു. അവൾ ഞങ്ങളോടെന്താണ് പറയാൻ തുനിഞ്ഞിരുന്നതെന്ന് ഞങ്ങൾക്കറിയില്ലായിരുന്നെങ്കിലും, ഒരു നീർത്തൊട്ടിയിൽനിന്നും അപ്പോൾ പുറത്തുവന്നപോലെ അവളുടെ വസ്ത്രങ്ങൾ നനഞ്ഞ് ശരീരത്തിലൊട്ടിപ്പിടിച്ചിരുന്നതായി ഞങ്ങൾക്കുകാണാമായിരുന്നു. ഈ പ്രതിഭാസത്തെ വിശദീകരിക്കാൻ നില്ക്കാതെ ആ ഗൃഹത്തിനകത്തെ ഷഡ്പദങ്ങളെ ഒഴിവാക്കാൻ ഞങ്ങൾ തീരുമാനിച്ചു. അവളെ നിരന്തരം പീഡിപ്പിക്കുന്ന വസ്തുക്കളെ നശിപ്പിക്കുക. ചുമരുകൾ ഞങ്ങൾ വൃത്തിയാക്കിച്ചു. മുററത്തെ പടർപ്പുകൾ ചെത്തിമാററാനവരോടാജ്ഞാപിച്ചു. പുറത്തെറിയേണ്ട വസ്തുക്കളുടെ നിശബ്ദതയുടെ രാത്രിയെ ഞങ്ങൾ ശുദ്ധീകരിച്ചപോലായിരുന്നു അത്. എന്നാൽ അവസാനത്തെ അത്താഴം കഴിഞ്ഞ് ഞങ്ങളെനോക്കിക്കൊണ്ട് സിമന്റ്തറയിലിരുന്ന് ആ നോട്ടം തുടർന്നുകൊണ്ടുതന്നെ, ഞാൻ ഇവിടെ താമസിക്കാൻ പോകുകയാണ് എന്നു പറഞ്ഞ ദിവസത്തിനുശേഷം അവൾ നടക്കുന്ന ശബ്ദമോ ചീവീടുകളെക്കുറിച്ചവൾ പറയുന്ന ശബ്ദമോ കേട്ടിട്ടില്ല. അവൾ മിക്കവാറും മരണത്തെപ്പോലെയുള്ള ഒന്നിനെപ്പോലെയായിരിക്കുന്നുവെന്ന ഞങ്ങളുടെ കണ്ടെത്തലായിരുന്നു അതിനുകാരണം.

അതുവളരെക്കാലം മുമ്പായിരുന്നു. അവിടെയിരുന്ന് തലമുടി പകുതി ചുരുട്ടി സ്വയം ഏകാന്തതയിലലിഞ്ഞപോലെ ഗോചരമായിത്തന്നെ അവളവിടെ ഉണ്ടാകിലും ഉണ്മ എന്ന പ്രകൃതിദത്തമായ കഴിവുനഷ്ടപ്പെട്ട് അവളെ കാണുന്നത് ഞങ്ങൾക്ക് തഴക്കമായി. താൻ ഇനി ഒരിക്കലും നടക്കുകയില്ലെന്നു പറഞ്ഞ അതേ ബോധ്യത്തോടും ഉറപ്പോടുംകൂടിത്തന്നെ താനിനിമേൽ ചിരിക്കുകയില്ലെന്നും വെളിപ്പെടുത്തിയതിനാൽ അവളതനുസരിച്ചു പ്രവർത്തിക്കുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു. 'ഞാനിനിയൊരിക്കലും കാണുകയില്ല' എന്നോ 'ഞാനിനിയൊരിക്കലും കേൾക്കുകയില്ല' എന്നോ അവൾ പിന്നീടു പറയുന്നതുപോലെ ഞങ്ങൾക്കുറപ്പായിരുന്നു.

ജീവൽപ്രധാനങ്ങളായ എല്ലാ പ്രവർത്തനങ്ങളുമൊഴിവാക്കാൻ കഴിയും വിധം അവൾ മനുഷ്യവതിയാണെന്നും, ജീവിതത്തിലാദ്യമായി ഗാഢനിദ്രയിലേയ്ക്കുവീണപോലെ ഒരു ദിനം ചുമരോടുചാരിയ നിലയിൽ കാണപ്പെടുന്നതുവരെ; ഇന്ദ്രിയങ്ങളെ ഓരോന്നായി സ്വയം പ്രചോദിതമായി തന്റെ ജീവനെത്തന്നെയും അവൾ നശിപ്പിക്കുമെന്നും ഞങ്ങൾക്കറിയാമായിരുന്നു. ഒരുപക്ഷേ അതിനായി ഇനിയും ധാരാളം സമയം ബാക്കിയുണ്ടായിരിക്കാം. ചുരുങ്ങിയത് ഒരു കുഞ്ഞ്........ ഒരു പെൺകുഞ്ഞ്, ആ ഗൃഹത്തിൽ ജനിച്ചിരിക്കുന്നുവെന്ന മിഥ്യാധാരണ തരുംവിധം പൊടുന്നനെയുള്ള ചെവിതുളപ്പിക്കുന്ന തകർന്നചില്ലിന്റെ രോദനമെങ്കിലും കേൾക്കുവാൻ ഞങ്ങളാഗ്രഹിച്ചിരിക്കാം. അവൾ പുനർജ്ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസത്തിനായി..........



അരുന്ധതിയുടെ സ്വപ്നങ്ങൾക്ക് എല്ലാ വർണ്ണങ്ങളുമുണ്ടായിരുന്നു. അഥവാ നിറങ്ങളായിരുന്നു അവളുടെ സ്വപ്നങ്ങളത്രയും. വർണ്ണങ്ങൾ രൂപങ്ങളിലേക്ക് ഒതുങ്ങിക്കൂടും മുമ്പ് അരുന്ധതി ഉണരുന്നു. സൃഷ്ടിയുടെ അനിവാര്യമായ അപൂർണ്ണത; സ്വപ്നത്തിലാണെങ്കിൽപോലും അവൾക്കത് അസഹനീയമായിരുന്നു.

അരുന്ധതിയുടെ ഓർമ്മകളിലും നിറങ്ങൾ കഥാപാത്രങ്ങളായി. കളമെഴുത്തുപാട്ടിന്റെ ഈണത്തിനൊത്ത് ചുവടുവെയ്ക്കുന്ന കോമരം. മുറ്റത്ത് വർണ്ണങ്ങൾ തീർത്ത കളങ്ങളിൽ അവ്യക്തമായ രൂപങ്ങൾ... .... ഇരുളിൽ അവ ജീവനാർക്കൊള്ളുന്നു. ഭയപ്പാടോടെ അരുന്ധതി ഒളിഞ്ഞുനോക്കുമ്പോൾ, ഉറഞ്ഞുതുള്ളുന്ന വെളിച്ചപ്പാടിന്റെ കാലടികൾ കൂട്ടിക്കുഴച്ച കളങ്ങളിൽ നിറങ്ങളുടെ അത്ഭുതപൂർവ്വമായ സങ്കലനം ! അരുന്ധതിയുടെ കണ്ണുകളിൽ വർണ്ണങ്ങളുടെ തിളക്കം.

നിറങ്ങളായി മനസ്സിലേയ്ക്കു കടന്നുവരുന്ന ആദ്യാക്ഷരങ്ങൾ ...........

ചിത്രപുസ്തകത്തിന്റെ ഏടുകളിൽ ആരും കാണാതെ ഒളിച്ചുവച്ച മയിൽപ്പീലി. പരസ്പരം ഒഴിഞ്ഞുമാറി നിഗൂഢതയിൽ ലയിക്കുന്ന നിറങ്ങളിൽ ഉറ്റുനോക്കുമ്പോൾ മനസ്സുതിർത്ത വലംപിരിശംഖിന്റെ നാദം !

ഓർക്കുന്തോറും നിറങ്ങളിൽ നഷ്ടപ്പെടുകയായിരുന്നു അരുന്ധതി....

സ്വപ്നങ്ങൾക്കും ഓർമ്മകൾക്കുമപ്പുറത്ത് വർത്തമാനത്തിന്റെ യാഥാർത്ഥ്യംപോലും അവൾക്ക് വർണ്ണങ്ങളാകുന്നു.

സിരാദ്രാവകങ്ങൾ സൂക്ഷ്മമായി അപഗ്രഥിക്കാൻ അരുന്ധതി ഒരുങ്ങുമ്പോൾ, പരീക്ഷണശാലയിലെ വർണ്ണപ്രപഞ്ചം അവൾക്ക് ആവേശമാവുകയായിരുന്നു. വസ്തുക്കളെ വേർതിരിക്കുന്ന നിറങ്ങൾ പ്രപഞ്ചത്തിന്റെ വ്യക്തിത്വമാവുന്നത് അരുന്ധതി അറിഞ്ഞു.

പിത്തരസവും അമ്ലവും ചേരുന്നിടത്ത് നിറങ്ങളുടെ കളി.

ഒരു നിമിഷം ! അരുന്ധതി സൂക്ഷിച്ചുനോക്കി. നിരത്തിവെച്ച ടെസ്റ്റ്യൂബുകളിൽ ചുവപ്പും, നീലയും, മഞ്ഞയും, കറുപ്പുമായി മാറിയ ജീവരസങ്ങൾ.

അതേ നിമിഷത്തിന്റെ അവസാനത്തിൽ മനസ്സിലെനിടെയോ അസ്വസ്ഥതയുടെ അങ്കുരം... ....ക്രമേണ അത് ആളിപ്പടരുമ്പോൾ അരുന്ധതി തളരുകയായിരുന്നു.

കണ്ണുകൾ ഇറുക്കി അടയ്ക്കുന്തോറും ഏറിവരുന്ന നിറങ്ങളുടെ ഗാഢത അപ്രാപ്യമായ മോചനത്തിനുമുമ്പിൽ അരുന്ധതി കുഴഞ്ഞുവീഴുകയാണ്.

ഒരു വലിയ പരിണാമത്തിന്റെ അവസാനത്തിൽ അവൾ ഉയിർത്തെഴുന്നേൽക്കുമ്പോൾ നിറങ്ങൾ കേവലം നിറങ്ങൾ മാത്രമായിക്കഴിഞ്ഞിരുന്നു.

# പുഴയോരത്ത് ഒത്തിരിനേരം

പ്രാകൃതമായ ഏതോ ഒരു വെളിപാടുപോലെ, കരിമ്പാറക്കൂട്ടങ്ങളിൽ തട്ടിച്ചിതറി പുഴയൊഴുകിക്കൊണ്ടിരിക്കുന്നു........

കാലപ്രവാഹത്തിനിടയിൽ, പേറേണ്ടിവന്ന നൊമ്പരങ്ങളെ ഉള്ളിലൊതുക്കിക്കൊണ്ട്, ഒരു കൊച്ചുകുട്ടിയുടെ നിഷ്ക്കളങ്കതയോടെ പുഴ, തന്റെ ലക്ഷ്യത്തിലേയ്ക്കു് കുതിച്ചുകൊണ്ടിരിക്കുന്നു.

ആ പുഴയുടെ തീരത്തു് കയ്യിൽ മുളന്തണ്ടുമായി മൂപ്പൻ ഇരുന്നു.

നെല്ലിയാമ്പതി മലകളെ തഴുകിയെത്തുന്ന കാററിന് കാട്ടുപൂക്കളുടെ സുഗന്ധമുണ്ടായിരുന്നു. മാമ്പാത്തിപ്പുഴയുടെ കുളിരുള്ള കാററിൽ കാട്ടുചെണ്ടകളുടെ ദ്രുതതാളം ലയിച്ചിരുന്നു. കാട്ടുതെച്ചിപ്പൂപോലെ, ഞാവൽപ്പഴംപോലെ, നെന്മേനിവാകപോലെ........

മൂപ്പന്റെ മുളന്തണ്ടുണർന്നു. മൂപ്പന്റെ മനസ്സ് കാടിന്റെ സംഗീതമായി.

സിംഹത്തെ അമ്പെയ്തുകൊന്ന്, കാട്ടുതരുണികളുടെ സ്വപ്നനായകനായിരുന്ന, പോയകാലത്തിന്റെ സുഗന്ധം മൂപ്പനിൽ നിറഞ്ഞു. മൂപ്പന്റെ കണ്ണുകൾ ഈറനണിഞ്ഞു. മൂപ്പന്റെ സ്വപ്നങ്ങളിൽ നിറങ്ങൾ നിറഞ്ഞുതുളുമ്പി.

അവാച്യമായ ഒരനുഭൂതി........

പാട്ടുനിന്നപ്പോൾ ദൂരെയെവിടെയോ ചാകേരതിപ്പക്ഷി കുറുകി. കർക്കിടകത്തിന്റെ കുളിരിൽ പൂത്ത ഒരു സ്വപ്നം ഈ പുഴയാണു് കവർന്നെടുത്തു്. മലദൈവങ്ങളുടെ ജ്വലിക്കുന്ന കോപത്തിനു മുമ്പിൽ എല്ലാം എരിഞ്ഞടങ്ങി. അയാൾ നിസ്സഹായനായിരുന്നു....

അന്ന് എല്ലാം ഇട്ടെറിഞ്ഞു് കാറിത്തുപ്പി കടന്നുപോയതാണ്. ഇത്രയും വലിയൊരു ജീവിതം നഷ്ടപ്പെട്ടമെന്ന് അന്ന് താൻ ഓർത്തിരുന്നോ? മലദൈവങ്ങളോ? കാടുകാണാൻവന്ന പരിഷ്ക്കാരികളോ? ആരാണതു് ചെയ്തതു്? എല്ലാം ഉത്തരം കിട്ടാത്ത ചോദ്യങ്ങളായവശേഷിക്കുന്നു. ഉള്ളിൽ പുകയുന്ന അഗ്നിപർവ്വതത്തിൽ ചാമ്പലായതു് ഒട്ടനവധിപേരാണ്. സിരകളിൽ രക്തം തിളക്കുന്ന കാലം........ ചോരയിൽ കുളിച്ചു നടന്നു. പിടികൊടുക്കാതെ കാട്ടിലൊളിച്ചു. പിടിക്കാൻ വന്നവരാരും തിരിച്ചുപോയില്ല. ആരും പോകരുതായിരുന്നു. എല്ലാം പ്രായത്തിന്റെ വികൃതികൾ. ഒടുവിൽ കാടിന്റെ വിസ്മൃതികളിൽ എല്ലാം ലയിച്ചുചേർന്നു. കാലത്തിന്റെ കാൽക്കീഴിലൂടെ, ഒലിച്ചുപോയപ്പോൾ ശക്തിയും, വീര്യവും കുറഞ്ഞു. ഇച്ഛാഭംഗം പോലും മനസ്സിൽ തലപൊക്കിയിരുന്നില്ല. ഒടുവിൽ തിരിച്ചെത്തിയപ്പോൾ ആരും തിരിച്ചറിഞ്ഞില്ല. ആരും തിരിച്ചറിയാൻ ശ്രമിച്ചില്ല എന്നതായിരുന്നു സത്യം.

കുടിലിന്റെ കത്തിക്കരിഞ്ഞ അവശിഷ്ടങ്ങൾക്കിടയിൽ, പഴകിദ്രവിച്ച എല്ലിൻ കഷ്ണങ്ങൾ........

അവ പുഴയിലൊഴുക്കി തിരിച്ചു നടന്നപ്പോൾ, ആരോടും പകതോന്നിയില്ല. എല്ലാം മതിയായിരുന്നു....

മനസ്സ് മരവിച്ചിരുന്നു.

ഇന്ന് കാട്, നാടായി വളർന്നിരിക്കുന്നു. വലിയ കെട്ടിടങ്ങൾ, ചായക്കടകൾ, വണ്ടികൾ........എന്നാൽ എല്ലാററിനും മൂകസാക്ഷിയായിരുന്ന പുഴ പിന്നെയും പണ്ടത്തെപ്പോലെ ഒഴുകുന്നു......

മൂപ്പന്റെ മനസ്സു തേങ്ങി, മൂപ്പന്റെ കണ്ണുനീർ വീണു് പുഴയോരം നനഞ്ഞു. നനഞ്ഞ മണലിൽ മൂപ്പൻ കമഴ്ന്നു കിടന്നു. പുഴയിലെ ജലം മൂപ്പനെ തഴുകി പിന്നേയും ഒഴുകിക്കൊണ്ടിരുന്നു........

ജയരാജ് കെ.

മൃഗവൈദ്യത്തിന്റെ ആദിമ രൂപമെന്ന കരുതാവുന്ന, ചികിത്സാ രീതികളെ പരിചയപ്പെടുത്തുന്നതിന വേണ്ടിയാണ് ഈ ഫീച്ചർ തയ്യാറാക്കിയിട്ടുള്ളത്. തലമുറകളിലൂടെ മാത്രം കൈമാററം ചെയ്യപ്പെടുന്ന മൃഗവൈദ്യ ശാസ്ത്ര സാഗരത്തിൽനിന്നും, അറിവിന്റെ ഒരു കുമ്പിൾ ജലം മാത്രമേ ഇതിലൂടെ ലഭിയ്ക്കാൻ പോകുന്നുള്ളു. ആദ്യ ദർശനത്തിൽ ഇവ പലതും പ്രാകൃതമെന്ന തോന്നിയേക്കാമെങ്കിലും, ഇവയിലെ ഔഷധ മൂല്യമെന്തെന്ന കണ്ടെത്താൻ ഇവിടെ ഗവേഷണങ്ങൾ നടന്നിട്ടില്ല. വിദേശീയർ നമ്മളിൽനിന്നും അത് ചോർത്തിയെടുത്ത് അവയിലെ ഔഷധമൂല്യം കണ്ടെത്തി, പുതിയ നാമവും, വലിയ വിലയുമിട്ട് മാർക്കററിലിറക്കുമ്പോൾ നാം സംതൃപ്തരാകുന്നു. അല്ലെങ്കിൽ പ്രതിപ്രവർത്തനങ്ങളും, വിഷാംശങ്ങളുമുള്ള മരുന്നുകളുപയോഗിക്കാൻ നിർബ്ബന്ധിതരായിത്തീരുന്നു. നമ്മുടെ വിലപ്പെട്ട പല ഗ്രന്ഥങ്ങളും നഷ്ടമാകുകയും, അവശേഷിക്കുന്ന അറിവിനെ നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കാൻ കഴിയാതെ പോകുകയും ചെയ്യുന്ന ഈ ദുരവസ്ഥയിൽ ഹവിസ്സിന്റെ ഈ ശ്രമം ഒരു തുടക്കമായിട്ട്മാത്രം കരുതുക. ചുററുപാടും എളുപ്പത്തിൽ ലഭിക്കുന്ന ഔഷധങ്ങളുപയോഗിച്ചുകൊണ്ടുള്ള ഈ ചികിത്സാരീതികൾ ആധുനിക ലോകത്ത് പൂർണ്ണമായും പ്രയോഗിക്കാൻ കഴിയില്ലെങ്കിൽകൂടി, ഇവയിലെ ഔഷധമൂല്യങ്ങൾ കണ്ടെത്താനോ, അവ വേർതിരിച്ചെടുക്കാനോ ഇവിടെ സൗകര്യങ്ങളില്ലാതെ പോകുന്നത്, വലിയ ജലാശയത്തിനകത്തു നിന്നുകൊണ്ട്, കുടിക്കാനായി, ആകാശത്തുനിന്നും മഴത്തുള്ളികളെ പ്രതീക്ഷിക്കുന്നതുപോലെയാണ്. നമുക്ക് നഷ്ടപ്പെട്ടുപോയത് പഴയ ഈ ചികിത്സാരീതികളും ആധുനിക ചികിത്സാ രീതികളും തമ്മിലുള്ള ചങ്ങലക്കണ്ണികളാണ്. അതിലൂടെ തകർന്നുപോയതോ ഒരടിത്തറയും. വേരുകളില്ലാതെ വളരാൻ വിധിക്കപ്പെട്ട വൃക്ഷങ്ങളാണ് നാം.

പറഞ്ഞു തന്നാൽ ഫലം നഷ്ടപ്പെടുമെന്നുള്ള അന്ധവിശ്വാസവും, മുമ്പ് പലരാലും കബളിപ്പിക്കപ്പെട്ടതിന്റെ കറുത്ത അനുഭവങ്ങളും മൂലം ഈ ഫീച്ചർ പ്രവർത്തനം ഏറെ ദുഷ്ക്കരമായിത്തീർന്നു. സ്ഥല സമയ പരിമിതികൾ ഈ ഫീച്ചറിനെ അപൂർണ്ണമാക്കുന്നുണ്ട്. എങ്കിലും നമ്മുടെ നാട്ടിലെ മൃഗവൈദ്യത്തിന്റെ വേരുകൾ ഒന്ന് സ്പർശിക്കാനെങ്കിലും ഈ ഫീച്ചറിന് കഴിഞ്ഞിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പ്രൊഫഷനോട് സത്യസന്ധത പുലർത്താനാഗ്രഹിക്കുന്ന, അന്വേഷണ ത്വരയുള്ള ഏതൊരു വെററിനേറിയനും കണ്ടെത്താൻ ശ്രമിക്കേണ്ട ഒരു സ്രോതസ്സാണിതെന്ന് ഈ മാഗസ്സിൻ ഓർമ്മപ്പെടുത്തുന്നു.

ഈ ഫീച്ചർ പ്രവർത്തനത്തിനോട് സഹകരിച്ച ഡോ : ചുമ്മാർ ചൂണ്ടൽ; ഡോ : അരവിന്ദൻ വല്ലച്ചിറ; ഡോ : സുദർശനൻ; പ്രൊ. ബാബുമണി; ഡോ : സുകുമാരൻ; വാസു വൈദ്യർ; കുഞ്ഞുണ്ണി വൈദ്യർ; ശങ്കരൻ വൈദ്യർ കൊച്ചപ്പൻ വൈദ്യർ; റജിമോൻ കെ. ടി.; നാരായണൻ എം. കെ.; ഗിരി എസ്. എസ്.; ബിന്ദു ആനന്ദ് എന്നിവർക്ക് നന്ദി. പേപ്പട്ടി വിഷത്തെക്കുറിച്ച് ഒരു ചെറുലേഖനം എഴുതിതന്ന സി. ആർ. കേശവൻ വൈദ്യർക്കും നന്ദി.

# മൃഗ വൈദ്യത്തിന്റെ വേരുകൾ

(ഫീച്ചർ)





ഡോ: സുകുമാരൻ

## അകിടുവീക്കം [Mastitis]

ഡോ : സുകുമാരൻ—1. അകിടിലേക്ക് തണുത്ത വെള്ളം അടിയ്ക്കുക. എരിക്കില, നൊച്ചി (വെള്ളയും ചുവപ്പും). കയ്ക്കുന്ന വേപ്പിൻെറ ഇല, പൂവൻ വാഴയുടെ കുടപ്പൻ, ആര്യനെല്ലിൻെറ ഉമി ഇവ ഇടിച്ച് കിഴിയാക്കുക. കിഴി വേവിക്കുക. അതിനുശേഷം പിഴിഞ്ഞ് ചാറുകുടിക്കുവാൻ കൊടുക്കുക.

അകിടിൽ പുരട്ടാൻ :

2 ചെറുനാരങ്ങ നീര് രണ്ടുനാഴി, തേങ്ങാപ്പാൽ രണ്ടുനാഴി, ഇതിൽ ചിഞ്ചിലം, വരട്ടുമഞ്ഞൾ ഇവ രണ്ടുകഴഞ്ചുവീതം അരച്ചുകലക്കി, ഒരുനാഴി നല്ലെണ്ണ ഒഴിച്ചുകാച്ചി പകുതിയാക്കി പുരട്ടുക.

കെ. സി. വാസുവൈദ്യർ—1. ചന്ദനാദി എണ്ണ, പശുവെണ്ണ ചേർത്തു പുരട്ടുക. എന്നിട്ട് രണ്ടുമണിക്കൂർ തിരുമ്മുക.

2 വ്രണാളാദി തൈലം പുരട്ടി കറക്കുക. 3. പച്ച മഞ്ഞൾചതച്ച വെള്ളം അകിടിൽ പാററുക.

കുഞ്ഞുണ്ണി വൈദ്യർ —1. a) കായം, അയമോദകം, വരട്ടുമഞ്ഞൾ, ചുക്ക്, വെളുത്തുള്ളി ഇവയെല്ലാം 2 കഴഞ്ചുവീതം എടുത്ത് പൊടിച്ച് ഒന്നരനാഴി തെങ്ങിൻ കള്ള് ചേർത്ത് കുടിക്കാൻ കൊടുക്കുക.

b) കഷായം :

കടകപ്പാല, വേപ്പിൻ തൊലി, ചുവന്നുള്ളി, അയമോദകം ഇത് ഒന്നരപലം വീതം അരിഞ്ഞ് ആററ ഇടങ്ങഴി വെള്ളത്തിൽ വെച്ച് തിളപ്പിച്ച് ആറുനാഴിയാക്കുക.

ഒന്നാമത്തെ Preparation മൂന്നായി ഭാഗിച്ച്, അതിൽ ഒരു ഭാഗം രണ്ടുനാഴി കഷായവുമായി ചേർത്ത് കുടിക്കാൻ കൊടുക്കുക. ഇങ്ങനെ മൂന്നുദിവസം കൊടുക്കുക

2 അകിടിൽ പുരട്ടാൻ :

കോൽപുളി, പാവുട്ട ഇല, കരശിൻെറ തൊലി, ഇവ ഈരണ്ടുപലം വീതം ചതച്ച് ഉണക്കക്കൊടിയിൽ ഇടിച്ചുപിഴിഞ്ഞ് ഏലാദിയിലും (ഏലാദികം) പൊടി ആറുകഴഞ്ചു വെള്ളത്തിൽ കുറുക്കുക. ഇതിൽ തേൻ, വേപ്പെണ്ണയും ചേർത്തുപുരട്ടുക.

## കുളമ്പുരോഗം [FMD]

നാവിൽ പുരട്ടാൻ :

ഡോ : സുകുമാരൻ—കാട്ടുപന്നി നെയ്യ്, ചിരട്ടക്കരി, അയമോദകം, ഇവ ചേർത്ത് അരച്ച് നാവിൽ പുരട്ടുക.

കുളമ്പിൽ പുരട്ടാൻ :

വെളിച്ചെണ്ണ, വേപ്പെണ്ണ, നല്ലെണ്ണ, ടാർ, നെല്ലിക്കഗന്ധകം, നല്ല ഉപ്പ്, ചുക്ക്, കുരുമുളക്, സോഡാകർപ്പൂരം ഇതെല്ലാംകൂടി പൊടിച്ച് എണ്ണയൊഴിച്ച് ചൂടാക്കി മുറിവിൽ ഒഴിക്കുക.

ശങ്കരൻ വൈദ്യർ—1.വായ്കുരുപ്പ്–പച്ച നെല്ലിക്ക, പല്ലാനിക്കൊമ്പ്, ചെറു ചൊനിയൻ മുളകുകൂടി അരച്ച് തേൻകൂട്ടി ചാലിച്ച് നാവിൽ പുരട്ടുക.

കുളമ്പിൽ പുരട്ടാൻ :

തേക്ക് എണ്ണ, വേപ്പെണ്ണ, ഗന്ധകപ്പൊടി, ചുവന്ന കൂവ, ചുവന്ന കരശിൻെറ ഇല ഇവ വെള്ളത്തിലിട്ട് തിളപ്പിച്ച് ആ വെള്ളംകൊണ്ടു കഴുകുക.

വാസുവൈദ്യർ—

കുളമ്പിൽ പുരട്ടാൻ :

ചേരുവട്ടതൈലം, കശുവണ്ടിതൊണ്ട് പൊടിച്ചു ചേർത്ത് മുറിവിൽ പുരട്ടുക.

വായിൽ പുരട്ടാൻ :

ഇഞ്ചി, എരിക്കില, ഉപ്പ്, കുരുമുളക്, വെളുത്തുള്ളി, ചുവന്നുള്ളി, അയമോദകം, തേൻ ഇവ ചേർത്ത് നാവിൽ പുരട്ടുക.

## പനി (Fever)

ചുക്ക്, കുരുമുളക്, അയമോദകം, കായം, വെളുത്തുള്ളി, വരട്ടുമഞ്ഞൾ ഇവ ആറു കഴഞ്ചുവീതം ചതച്ച്, മൂന്നരകിഴിവെച്ച് വേവിച്ച് മൂന്നുനാഴി അരച്ചെടുത്ത് അതിൽ മൂന്നുനാഴി കള്ളൊഴിച്ച് അതിൽ ഹിംഗുവജാതി ഗുളിക പൊടിച്ചുചേർക്കുക. നാലുവീതം ഒന്നിടവിട്ടുകൊടുക്കുക.

## വിരബാധ

സുകുമാരൻ വൈദ്യർ—ഇഞ്ചി, പച്ചമഞ്ഞൾ, കണ്ണിവെററില, പൂത്തുമ്പ ഇല, കുമ്പളത്തിൻെറ ഇല, പൂവ്, വെളുത്തുള്ളി, ചുവന്നുള്ളി ഇവ സമം ചേർത്ത് വെള്ളംകൂടാതെ ചതച്ച് നീരെടുക്കുക. ആ നീരിൽ കായം ശുദ്ധിചെയ്ത് (ചൂടുള്ള ഇരുമ്പിനിടയിൽ പതിപ്പിക്കുക) ഇതോടുകൂടി കൃമിശത്രു പൊടിച്ചുകൊടുക്കുക.

വാസു വൈദ്യർ—പൊന്നാവിരത്തി ഇല, കുമ്പളത്തിൻെറ ഇലയും തണ്ടും പൂവും, പച്ച മഞ്ഞൾ, പൂവാങ്കുറിഞ്ഞി, പേരയുടെ ഇല, കരളകത്തിൻെറ ഇല, തുളസി ഇല, പൂത്തുമ്പക്കുടം, കൂവളത്തിൻെറ ഇല ഇവ ഇടിച്ചുപിഴിഞ്ഞ് നീരെടുക്കുക. ഈ നീരോടുകൂടി ജീരകം, അയമോദകം, വെളുത്തുള്ളി, കായം ഇവ അരച്ചുചേർത്ത് കൊടുക്കുക.

ശങ്കരൻകുട്ടി വൈദ്യർ—1) കൃമിശത്രു ഗുളികയോടുകൂടി അയമോദകം, മലർപൊടി ഇവ സമം പൊടിച്ച് ആട്ടിൻപാലിൽ ചേർത്ത് കൊടുക്കുക.

2) ഇഞ്ചി, കണ്ണി വെററില, പൂത്തുമ്പ ഇല, കുമ്പളപൂവ്, പച്ച മഞ്ഞൾ, ചുവന്നുള്ളി, ഇവയോട് ഒരു കൈ വെള്ളമൊഴിച്ച് ഇടിച്ച് പിഴിഞ്ഞ് കിട്ടാവുന്ന നീരെടുത്ത് കായവും അയമോദകവും ചേർത്ത് പലവട്ടം കൊടുക്കുക.

വാഴക്കുടപ്പൻെറ പുറത്തെ പോള വെളിച്ചെണ്ണ ചേർത്തുകൊടുക്കുക.

## ശ്വാസകോശ രോഗങ്ങൾ

## [Respiratory Diseases]

സുകുമാരൻ വൈദ്യർ— എരിക്കിൻ വേരു്, കരളകത്തിൻെറ വേരു്, പെരുകുരുമ്പ വേരു്, വേപ്പിൻെറ തൊലി, ഇവ ഒരു പലം വീതം എടുത്തു് ഇതോടുകൂടി ഉരി അയമോദകം, ഉരി ചതകുപ്പ, ചുവന്നുള്ളി ഒന്നരപലം ഇവ ആറിടങ്ങഴി വെള്ളത്തിലിട്ടു് വററിച്ചു് അതു് ആറുനാഴിയാക്കി, കായം ശുദ്ധി ചെയ്തു് (ചൂടുള്ള ഇരുമ്പിൻ തകിടിനിടയിൽ വയ്ക്കുക) അയമോദകം ഇവ മേമ്പൊടിയായി ചേർത്തു കൊടുക്കുക.

പക്ഷിപീഠം :

വാസുവൈദ്യർ—ശ്വാസകോശ കഫകെട്ടു്, താടിയിൽ നീർക്കെട്ടു്, ഇവക്കുള്ള ചികിത്സ :—

കൊമ്പു്, കുളമ്പു്, പീലിത്തണ്ടു്, മുള്ളൻകൊഞ്ചു്, പുതിച്ചുണർത്തി, വയമ്പു്, വെളുത്തുള്ളിത്തൊലി, മണിക്കന്തിരിക്കം ഇവ സമം ചേർത്തു് ആറു് കഴഞ്ചു് എടുത്തു് വേപ്പെണ്ണയിൽ ചേർക്കുക. ഇതു് കത്തിച്ചു് പുകയുണ്ടാക്കി ആ പുക ശ്വസിപ്പിക്കുക. (Inhalation)

നീരു് വലിയാൻ :

കുഷ്ഠചൂർണ്ണം നന്നായി വെള്ളംകൂട്ടി അരച്ചു് പശുവിൻ നെയ്യ്കൂട്ടി പുരട്ടി തിരുമ്മിക്കളയുക.

## വയറിളക്കം [Diarrhoea & Dysentery]

വാസുവൈദ്യർ—പൂവൻ വാഴ, തെങ്ങിൻ പൂക്കുല, ചുവന്നുള്ളി, കുടകപ്പാലയുടെ വേരിൻെറ തൊലി, ജീരകം ഇവ സമം ചേർത്തു് നാലു് ഭാഗമാക്കി, അതിൽ ഒരു ഭാഗമെടുത്തു് അരച്ചു് പശുവിൻ മോരിൽ കലക്കുക. അതിൽ ഇരുമ്പിൻെറ കൊഴു പഴുപ്പിച്ചു് മുക്കിവയ്ക്കുക. ഇതു് രണ്ടുനേരം രണ്ടുദിവസം കൊടുക്കുക.

## ചൊറി, ചിരങ്ങ് തുടങ്ങിയവക്ക്

പുഴുക്കടി, രോമം കൊഴിച്ചിൽ:

ഡോ : സുകുമാരൻ—നെല്ലിക്കാഗന്ധകം, വെളിച്ചെണ്ണ ഇവ രണ്ടും ചേർത്തു് പുരട്ടുക.

വാസുവൈദ്യർ—വേപ്പും പച്ചമഞ്ഞളും ചേർത്തു് അരച്ചു പുരട്ടുക.

ചൊറി, ചിരങ്ങു് :

ഉഴന്നയും തൊട്ടാവാടിയും ചേർത്തു് എണ്ണകാച്ചി പുരട്ടുക.

## കോഴിപേൻ

ഡോ : സുകുമാരൻ—അടയ്ക്കാമണിയൻ തിളപ്പിച്ചു് അതു് തന്നെയെടുത്തു് അരച്ചുതേക്കുക.

Maggot Wound :

വാസു വൈദ്യർ—തുരിശു്, ചുണ്ണാമ്പു്, നവസാരം ഇവ മൂന്നും ചേർത്തു് പുരട്ടുക.

## പഴുപ്പുള്ള മുറിവിനു്

ശങ്കരൻകുട്ടി വൈദ്യർ—ഉന്നിലക്കം, ഇന്തുപ്പു്, വരട്ടു



വാസുവൈദ്യർ

മഞ്ഞൾ, ചുക്കു് ഇവ രണ്ടു കഴഞ്ചുവീതം എടുത്തു് പൊടിച്ചു് ഉഴക്കു് വെളിച്ചെണ്ണയും, ഉഴക്കു് വേപ്പെണ്ണയും എടുത്തു് കാച്ചി, മരുന്നു കരിയാതെ അതിൻെറ കൊററൻ അതിൽതന്നെ ചേർക്കുക. ഇതു് പുരട്ടുവാൻ ഉപയോഗിക്കുക.

## മുറിവിനു്

വാസു വൈദ്യർ—ചേരുവെട്ട തൈലം പുരട്ടുക.

## കൊമ്പു് ഊരൽ

മഞ്ഞൾപൊടി മുറിവിൽ പുരട്ടുക, അതിനുശേഷം നെല്ലിക്ക ഗന്ധകം ചേർന്ന എണ്ണ പുരട്ടുക.

## കണ്ണിലെ വെള്ളിരോഗം

Corneal opacity : (അടികൊണ്ടിട്ടുണ്ടാകുന്നതു്.)

ഡോ : സുകുമാരൻ—കടൽനാക്കു് തിരുമ്മിപ്പൊടിച്ചു് കണ്ണിലേക്കു് ഊതുക.

ഉടനെ ചെയ്യേണ്ടതു്—കുരുമുളകും ഉപ്പുംകൂടി വായിലിട്ടു് ചവച്ചു് കണ്ണിലേക്കു് തുപ്പുക.

വാസു വൈദ്യർ—പച്ച മഞ്ഞൾ, ഉള്ളി, വെററില, കുരുമുളകു്, ജീരകം, ഇതു് ആറുപൊടി വീതം അരച്ചു് കണ്ണിലിടുക. അതിനുശേഷം ആറ്റുതുള്ളി വെളിച്ചെണ്ണ കണ്ണിലേക്കു് ഇററൊഴിക്കുക.

ശങ്കരൻകുട്ടി വൈദ്യർ—പുത്തരിച്ചുണ്ട വേരു്, തൊലി ഇവ കടൽനാക്കു് ചേർത്തു് മുലപ്പാലിൽ അരച്ചു് വെള്ളിവീണ കണ്ണിൽ പുരട്ടുക.

## ചുമ

ശങ്കരൻകുട്ടി വൈദ്യർ—ഉഷമൂലത്തിൻെറ ഇല, പൊന്നാവീരത്തി ഇല, ചെറിയ ആടലോടകത്തിൻെറ ഇല, ഇവ ഒരു പലംവീതം എടുത്തു് കഞ്ഞിവെള്ളത്തിൽ മൂന്നുതവണ ഇടിച്ചുപിഴിഞ്ഞു് ആ നീരെടുത്തു് അതിൽ ജീരകം, കാട്ടുജീരകം, പഞ്ചമപ്പുഴത ഇവ രണ്ടു കഴഞ്ചുവീതം എടുത്തു് പൊടിച്ചു് ചേർത്തു് ദിവസം മൂന്നുപ്രാവശ്യം വീതം ഏഴുദിവസം കൊടുക്കുക.

## മൂക്കിൽ ദശ വളർച്ച

ഡോ: സുകുമാരൻ—വരിക്കപ്ലാവിൻെറ മൊരി, കടുക്ക, ജാതിക്ക, തിപ്പലി, പാൽമുളകു്, പച്ച കർപ്പൂരം, ഇവ സമം പൊടിച്ചു് ഒരു നേരിയ ശീലയിൽ തിരിതെറുത്തു് നറുനെയ്യിൽ നനച്ചു് തിരി കത്തിച്ചു് കെടുത്തിയശേഷം, ആ പുക മൂക്കിൽ കൊള്ളിക്കുക. 2-3 തവണ ദിവസം ചെയ്യുക.

## വാതം

പിൻക്കുർ തളരുക:

ഡോ: സുകുമാരൻ — കുറുന്തോട്ടി വേരു്, കരിങ്കുറിഞ്ഞി വേരു്, വയലി ചുണ്ട, ആടലോടകം, നല്ലാവണക്ക്, ഏകനായ വേരു്, ചതകുപ്പ, തവിഴാമകം, പുത്തിരിചുണ്ട, ദശമൂലം, ദേവതാരം, ചുക്ക്, ചുവന്നരത്ത് കഷായം. ഒരു പറ വെള്ളംചേർത്ത് കഷായം ഉണ്ടാക്കുക. അതിൽ ആട്ടിൻകാൽ കൊത്തിനുറുക്കിയിട്ട് ശേഷം വീണ്ടും കഷായം തിളപ്പിച്ച് ഊററിയെടുക്കുക. അതിൽ അരിയിട്ട് കഞ്ഞിയാക്കി കുടിക്കുവാൻ കൊടുക്കുക.

## സുഖപ്രസവത്തിന്

ഡോ: സുകുമാരൻ—നീലനാരകം എണ്ണയിൽ അരച്ച് മുളയിൽ (Vulval lips) പുരട്ടുക.

വാസുവൈദ്യർ—ചെറു കടലാടി അരച്ച് എണ്ണയിൽ കലക്കി കൊടുക്കുക.

പഴച്ചക്കയുടെ കുഞ്ഞ് ചൂട് വെള്ളത്തിൽ അരച്ചു കൊടുക്കുക.

ഡോ: സുകുമാരൻ—ഉള്ളുടക്കരി, വരട്ടുമഞ്ഞൾ, കുരുമുളക്, നല്ല ഉപ്പ്, ഇവ പൊടിച്ച് മനുഷ്യമൂത്രത്തിൽ കലക്കി, വാഴയുടെ പട്ട (പോള) ചതച്ച് അതു് ഉപയോഗിച്ച് മുകളിൽപറഞ്ഞ preparation-ൽ മുക്കി ഈററത്തിൽ ഒഴിക്കുക. രണ്ടുതുള്ളി വായിൽ ഒഴിച്ചും കൊടുക്കുക.

ഇല്ലിയില, അപ്പയില, ഇവ തിന്നുവാൻ കൊടുക്കുക.

## പൊള കാണിക്കാതിരുന്നാൽ

വാസു വൈദ്യർ—വേപ്പെണ്ണ, കോഴിമുട്ട, കടല ഇവ ചേർത്ത മിശ്രിതം 1-2 ഔൺസ്‌വീതം കൊടുക്കുക.

## നീണ്ടുനിൽക്കുന്ന പൊളയും പഴുപ്പും ഉണ്ടായിരുന്നാൽ

പൂത്തുമ്പനീരിൽ ഉള്ളുടക്കരി കലക്കി കുടിക്കാൻ കൊടുക്കുക.

## രണ്ടാംകുട്ടി പോകാതിരുന്നാൽ [Retension of placenta]

ശങ്കരൻകുട്ടി വൈദ്യർ—ഉഴക്ക് നല്ലെണ്ണയിൽ നാഴി പച്ചവെള്ളം ചേർത്ത് കുടിക്കാൻ കൊടുക്കുക.

## പൊള കാണിക്കാൻ

ഡോ: സുകുമാരൻ—മുളപ്പിച്ച കടലവിത്ത് അരച്ച് തിന്നാൻ കൊടുക്കുക.

## ചുമ കാരണം വന്ധ്യത ഉണ്ടായാൽ

കടുക്ക ചുട്ടത്, ചപ്പ ചാള (ഉണക്ക ചാള) ചുട്ട് മുള്ളും കോലും കളഞ്ഞത്, ഇതോടുകൂടി, അയമോദകം, ചതകുപ്പ, വരട്ടുമഞ്ഞൾ ഇതെല്ലാംകൂടി പൊടിച്ച് മാത്ര കണക്കാക്കി മനുഷ്യമൂത്രത്തിൽ കലക്കി സൂര്യൻ അസ്തമിക്കുന്ന സമയത്ത് ഇലയിൽ പൊതിഞ്ഞോ, പഴത്തൊലിയിൽ പൊതിഞ്ഞോ കൊടുക്കുക.

---

# പേപ്പട്ടി വിഷവും ആയുർവ്വേദവും

——സി. ആർ. കേശവൻ വൈദ്യർ

കടിച്ച പട്ടി പേയില്ലാത്തതാണെന്ന് ഉറപ്പുണ്ടെങ്കിൽ വ്രണാമയത്തിന്നല്ലാതെ വിഷത്തിന്ന ചികിത്സിക്കേണ്ടതില്ല. അതിന്ന് കടിയേററ സ്ഥലത്ത് അട്ടയെ പിടിപ്പിച്ച് ചോര ചോർത്തിക്കളയുക, നറുനെയ്യ് ചൂടാക്കി ധാര ചെയ്യുക, ഉങ്ങിന്റെ തൊലിയോ ആങ്കോലത്തിന്റെ വേരോ കാടിയിൽ അരച്ചു പുരട്ടുക എന്നിങ്ങനെ ചില പ്രയോഗങ്ങളും ഭാരതീയ വൈദ്യസമ്പ്രദായത്തിലുണ്ട്. അലോപ്പതിയിൽ ഫലപ്രദമായ ചികിത്സ പ്രചാരത്തിലുണ്ടല്ലൊ.

പേപ്പട്ടിയാണ് കടിച്ചതെങ്കിൽ വിഷബാധയ്ക്കു ചികിത്സിക്കണം. പേയിളകാതിരിക്കാൻ ആവശ്യമായ ചികിത്സകളും ആയുർവ്വേദത്തിൽ വിധിച്ചിട്ടുണ്ട്. 1885 വരെ അതല്ലാതെ വേറെ മാർഗ്ഗമുണ്ടായിരുന്നില്ല. എന്നാൽ അക്കൊല്ലം ലൂയിപാസ്റ്റർ ആൻറി റാബിക് വാക്‌സിൻ കണ്ടുപിടിച്ചതിനുശേഷം ആ സമ്പ്രദായമാണ് ഏററവും ഫലപ്രദം എന്നു തെളിഞ്ഞിട്ടുണ്ട്. അതുകൊണ്ട് കടിച്ചതു് പേപ്പട്ടിയാണെന്ന് ഉറപ്പായാൽ ഉടനെ കുത്തിവെപ്പ് നടത്തുകയാണ് ഉത്തമം. ഉപയോഗിക്കുന്ന സിറം നല്ലതാകാൻ ശ്രദ്ധിക്കണമെന്നേയുള്ളു.

പേപ്പട്ടി കടിച്ചു പേയിളകിക്കഴിഞ്ഞാൽ കുത്തിവെപ്പുകൊണ്ട് പ്രയോജനമില്ല. വേറെ ഒരു ചികിത്സയും ആധുനിക വൈദ്യശാസ്‌ത്രം കണ്ടെത്തിയിട്ടുമില്ല. ഭയങ്കരമായ വേദനയും സന്ത്രാസവും അനുഭവിച്ച് രോഗി മരിക്കുകയേയുള്ളു. എന്നാൽ പേയിളകിയാൽ നടത്തേണ്ടതായ ചികിത്സ ഭാരതീയ വൈദ്യശാസ്ത്രത്തിലുണ്ട്. നൂറു ശതമാനം വിജയം അവകാശപ്പെടുന്നില്ല. എന്നാൽ തീരെ വിഫലമല്ലെന്ന് അനുഭവത്തിൽനിന്ന് എനിക്കു സാക്ഷ്യപ്പെടുത്തുവാൻ കഴിയും.

ഇതാണു ചികിത്സ: ചെറുമുല്ലയുടെ ഇല വെള്ളം ചേർക്കാതെ അരച്ച് ഒരു നെല്ലിക്കാ വലുപ്പം എടുക്കുക. അത് ഒരു തവി പശുവിൻ പാലിൽ ചാലിച്ച് കൊടുക്കുക. മൂന്നു മണിക്കൂർ ഇടവിട്ട് 24 മണിക്കൂർ തുടർച്ചയായി കൊടുക്കണം. ഒരു ഡോസ് ഒന്നിച്ചു് രോഗി കഴിക്കുന്നില്ലെങ്കിൽ മൂന്നു മണിക്കൂറിന്നുള്ളിൽ പലവട്ടം കൊടുക്കാം.

## കരിങ്കാൽ [Black Quarter]

ഡോ : സുകുമാരൻ—മൂത്തുവിളഞ്ഞ ചെറുനാരങ്ങ എടുത്ത് നടു തുളച്ച് കവിടി ചുട്ടുപഴുപ്പിച്ച് നാരങ്ങയിൽ ഇറക്കിവെച്ച് 24 മണിക്കൂറിനുശേഷം (കവിടി ചുണ്ണാമ്പായശേഷം) പിറ്റെദിവസം പിഴിഞ്ഞ് ചാറെടുത്ത് തേൻകൂട്ടി പുരട്ടുക.

## താടിവീക്കം

മുരിങ്ങിലയില മൊരികളഞ്ഞ് സമം കടുക് കൂട്ടി പച്ചവെള്ളത്തിൽ അരച്ച് നീരിന്മേൽ തേക്കുക. തൊലിയിൽ സ്പർശിക്കണം.

## ഞൊണ്ടി അടപ്പൻ [Ephemeral fever]

1. കിഴി കൊടുക്കുക
   എരിക്കില, വാകതൊലി, ഉങ്ങിൻെറ തൊലി, സമം അരിഞ്ഞ്, ചതച്ച്, വറുത്ത്, തവിടുകൂട്ടി വറുത്ത് കിഴികൊടുക്കുക.
2. തൈലം
   കൊട്ടഞ്ചുക്കാദി തൈലം പുരട്ടി ചൂടാക്കുക.
3. നട നാലിലും, തണ്ടലിലും തിരുമ്മികൊടുക്കുക.
4. പനിക്ക് കള്ള കഷായം കൊടുക്കുക.

## മൂത്രം പോകാൻ

മൂത്രതടസ്സം
ഞെരിഞ്ഞിൽ, ബാർലി, തഴുതാമ, വയലിച്ചുള്ളി ഇവ ചേർത്ത് കഷായം കൊടുക്കുക.

## കുടൽ വസൂരി

1. മുളക് കഷായം കൊടുക്കുക. (50 എണ്ണം അരിഞ്ഞുണ്ടാക്കിയ കഷായം)
2. പനിക്ക് കള്ള് ചേർത്ത കഷായം.
3. നാഴി കള്ള് അകത്തേക്ക് കൊടുക്കുക.

## ഗോവസൂരി

കർളകത്തിൻെറ ഇല, പച്ച മഞ്ഞൾ, കറിവേപ്പില, ഇവ സമംചേർത്ത് കള്ളിൻെറ മട്ടിലരച്ച് പുരട്ടുക.
നെല്ലിക്ക ഗന്ധകം, കർപ്പൂരം ഇവ ചേർന്ന തൈലം പുരട്ടുക. കഷായം കൊടുക്കുക.

## മൂത്രത്തിൽ കല്ല് Urolithiasis (ഒററമൂലി)

മൂത്രത്തിൽ കല്ലിന്–പഴയമുതിര വേവിച്ച ചാറ്.

## താടിവീക്കം

ശങ്കരൻകുട്ടി വൈദ്യർ—മുരിങ്ങത്തൊലി, കടുക്ക, ചതകുപ്പ, ആവണക്കെണ്ണ, വെളുത്തുള്ളി, ഇവ പച്ചവെള്ളത്തിൽ അരച്ച് തേൻ, കൊട്ടൻ ചുക്കാദി തൈലം ഇവ ചേർത്ത് നീരിന്മേൽ പുരട്ടുക. ഏഴ് ദിവസം ചികിത്സ തുടരുക.

## മരച്ചീനിയില വിഷം

ഡോ : സുകുമാരൻ—മൂക്കാത്ത പാളയൻകോടൻ കായയും വെളിച്ചെണ്ണയും ചേർത്ത് ഉടനെ കൊടുക്കുക.

---

24 മണിക്കൂറിനുശേഷം ദിവസം മൂന്നു നേരം കൊടുത്താൽ മതി. നാലു ദിവസം കഴിയുമ്പോൾ വിഷം ശമിക്കും എന്നാൽ ചികിത്സ ഒരാഴ്ച തുടരണം. ആദ്യത്തെ 4 ദിവസം പശുവിൻ പാൽ മാത്രമെ കൊടുക്കാവു. വേറെ യാതൊന്നും കൊടുത്തുകൂടാ.

ചെറുമുല്ല വള്ളിപോലെ പടരുന്ന ചെടിയാണ്. ഓരോ മുട്ടിലും മൂന്ന് ഇതൾ വീതം കാണാം. ചെറിയ വെളുത്ത പൂക്കളുണ്ടാകും. പൂവിന്നു് മണമുണ്ട്. നമ്മുടെ മുററത്ത് വെച്ചു പിടിപ്പിക്കുവാൻ എളുപ്പമുണ്ട്.

എൻെറ ഗുരുനാഥൻ ബ്രഹ്മശ്രീ രാമാനന്ദസ്വാമികൾ ഈ ചികിത്സകൊണ്ട് ചില രോഗികളെ രക്ഷപ്പെടുത്തിയത് എനിക്കറിയാം. ഞാൻ നാലഞ്ചു രോഗികളെ ചികിത്സിച്ചിട്ടുണ്ട്. ദൗർഭാഗ്യവശാൽ ഈ കേസുകളിലെല്ലാം തന്നെ രോഗികൾ സ്വമേധയാ മരുന്നു സേവിക്കുവാൻ സന്നദ്ധമല്ലാത്ത അവസ്ഥയിലായിരുന്നു. പരിചാരകർക്ക് കൃത്യമായി മരുന്നു കൊടുക്കുവാനും കഴിഞ്ഞില്ല. അതുകൊണ്ടോ എന്തോ എൻെറ രോഗികൾ രക്ഷപ്പെട്ടില്ല. എങ്കിലും ഒരു പ്രത്യേകത എല്ലാ കേസ്സിലും ഞാൻ ശ്രദ്ധിക്കുകയുണ്ടായി. മരണം ശാന്തമായിരുന്നു. പേപ്പട്ടി വിഷബാധയേററവരുടെ പരാക്രമമൊന്നും കണ്ടില്ല. മരുന്നു വിധിയാംവണ്ണം സേവിച്ചിരുന്നെങ്കിൽ അവർ രക്ഷപ്പെട്ടേനെ എന്ന തോന്നൽ എനിക്കിപ്പോഴുമുണ്ട്.

പേയിളകിയ രോഗികളെ ചികിത്സിക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. അവർക്ക് വെളിച്ചവും വെള്ളവും കാണുന്നതും ജലമയമായ ഏതെങ്കിലും കുടിക്കുന്നതും അത്യന്തം വേദനാജനകമാണ്. മരുന്നു കൊടുക്കേണ്ടതാകട്ടെ പാലിൽ ചേർത്താണ്.

ഡോ. സി. കെ. രാമചന്ദ്രൻെറ ഒരു നിരീക്ഷണം ഉദ്ധരിച്ചുകൊണ്ട് ഞാനീ ലേഖനം അവസാനിപ്പിക്കട്ടെ. ''പേയിളകിയാൽ (Hydrophobia) നൂറു ശതമാനവും മരണത്തിലേ അവസാനിക്കു എന്നതാണ് ഇതേവരെയുള്ള അനുഭവം. അങ്ങിനെയിരിക്കെ ഈ ഗ്രന്ഥത്തിൽ* പ്രതിപാദിച്ചുകാണുന്ന ചെറുമുല്ലയുടെ പ്രയോഗം ആശാവഹം തന്നെ. ഗവേഷണബുദ്ധിയോടെ ഈ ഔഷധം പരീക്ഷിച്ചു നോക്കേണ്ടതു് അത്യാവശ്യമായിത്തോന്നുന്നു.

---

* 'പ്രത്യൗഷധവിധിയും പ്രഥമചികിത്സയും'—സി. ആർ. കേശവൻ വൈദ്യർ



പി. എ.
കൊച്ചപ്പൻ വൈദ്യർ

# ലക്ഷണ ചികിത്സ

വായ്ക്കകത്തുണ്ടാകുന്ന സർവ്വരോഗത്തിനും ചികിത്സ

1) ജാതിക്ക, വയമ്പ്, കാട്ടുജീരകം, കരിംജീരകം, പാൽ മുളക്, മഞ്ഞൾ, ഇവ ഒരു പലം വീതം പൊടിച്ച് ശർക്കര ചേർത്ത് ഇടിച്ച് കറിവേപ്പില, കെട്ടടക്കയും, ചതച്ച് തിളപ്പിച്ച്, ഉഴക്ക് കറിയുപ്പിട്ട് ചേർത്ത് ലേഹ്യമാക്കി വായിൽ പുരട്ടുക.

2) പനി, ഇളക്കം, ചാണകം വെള്ളംപോലെ പോകും, ദേഹം മുഴവൻ നീർകെട്ടി മരവിച്ചതുപോലെ ഇരിക്കും.
അമുക്കുരം, അതിവിടിയം, അയമോദകം, രാമച്ചം, ചിററമൃത്, കരിംജീരകം, ആഴക്ക് എടുത്ത് ജാതിക്ക, മഞ്ഞൾ, ഞെരിഞ്ഞിൽ, അശാളി ഇവ രണ്ടു പലം വീതം എടുത്ത് 3 ഇടങ്ങഴി കഷായം വെച്ച് മൂന്ന നാഴിയാക്കി നാഴി കഷായം വീതം നല്ല മുളകു പൊടിച്ച് ചേർത്ത് 2 നേരം കൊടുക്കുക.
പൂവരശിൻെറ തൊലി, കറിവേപ്പില ഇവ അരച്ച് നിറുകയിൽ ഇടുക.

3) വയറുവീക്കത്തിനു്
എരിക്കില നീരു്, എണ്ണ, സമം ചേർത്ത് നാഴി വീതം 4 ദിവസം കൊടുക്കണം. വയററിൽനിന്ന് പോകുന്നില്ലെങ്കിൽ ഇന്തുപ്പ് ചേർക്കണം.

4) പുകയില തിളപ്പിച്ച് പുരട്ടിയാൽ ചെള്ള്, പട്ടുണ്ണി ഇവ ചത്തുപോകും. വേപ്പെണ്ണ കൂട്ടിത്തിളപ്പിച്ച് പത വററിയാൽ പുരട്ടുന്നതാണ് നല്ലത്.

5) 'നെയ്യ് മുററിയ മച്ചിക്ക് ചെന പിടിക്കുവാൻ' അവണക്കിൻ വേരു്, അലറിപാല ഇല, 2 പലം വീതം പത്ത് മൈസൂർ പഴം, രണ്ടു തേങ്ങയുടെ പാല്, ഒരു തുടം ചുവന്നുള്ളി നീരു്, എന്നിവ ചേർത്ത് രാവിലെ കൊടുക്കണം. ഉച്ചക്ക് രണ്ട് കോഴിമുട്ടയുടെ വെള്ളഎണ്ണ ചേർത്ത് 7 ദിവസം കൊടുക്കണം.

6) ഗ്രഹണിക്കുള്ള ചികിത്സ: മുരിങ്ങതൊലി, മുരിക്കില, കറുന്തോട്ടി, ആഞ്ഞലിൻെറ തൊലി, അയമോദകം, കൂവളത്തിൻെറ വേരു്, ചുക്ക്, തിപ്പലി, വെളുത്തുള്ളി, മുത്തങ്ങ, ചെറു കടലാടി, മൂന്നുരൂപാ തൂക്കം വീതം 3 ഇടങ്ങഴി വെള്ളത്തിൽ കഷായംവെച്ച് മൂന്ന നാഴിയാക്കി നാഴി കഷായം ഇതിനു മേമ്പോടിയായി ചേർത്ത് കൊടുക്കുക.

[സ്ഥലപരിമിതിമൂലം ഈ ഫീച്ചറിലെ ഔഷധങ്ങളുടെ ശാസ്ത്രനാമങ്ങളും, അവയുടെ ഔഷധഘടകങ്ങളും ചേർക്കാൻ കഴിഞ്ഞിട്ടില്ല.]

## ടീക്ക: വസൂരിയ്ക്ക് ഭാരതീയമായ കുത്തിവെപ്പ് ചികിത്സ

വാക്സിനേഷൻെറ ജനയിതാവ് ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ഡോ: ജന്നറായിരുന്നു (1979). പക്ഷെ, ആരും അറിയാതെ ചരിത്രത്തിൻെറ ഇരുളടഞ്ഞ താളുകളിൽ ഉറങ്ങുന്ന മറെറാരു ചരിത്രമുണ്ട്. അതാണ് ടീക്കയുടെ കഥ. ടീക്ക എന്ന ചികിത്സാ വിദ്യ ഇന്ത്യയുടെ പല ഭാഗത്തും, വിശേഷിച്ച് ബംഗാളിൽ നടപ്പുണ്ടായിരുന്ന ഒരു നാടൻ വസൂരി കുത്തിവെപ്പായിരുന്നു.

വസൂരിയുടെ ദുർവിധി ഒഴിവാക്കലായിരുന്നു ടീക്കയുടെ ലക്ഷ്യം. അതിൻെറ കാർമികർ ഉത്തർപ്രദേശിൻെറ പല ഭാഗത്തും താമസിച്ചിരുന്ന പുരോഹിത വർഗ്ഗങ്ങളായിരുന്നു.

കോടിത്തുണികൊണ്ട് കുത്തിവെയ്ക്കേണ്ട ഭാഗത്തെ തൊലി എട്ടോ പത്തോ മിനിട്ട് തടവി ശുദ്ധിയാക്കും. പിന്നെ സൂചി കുത്തലാണ്. നാലര ഇഞ്ച് നീളമുള്ള സൂചിയുടെ മദ്ധ്യഭാഗം ഒരു സ്ക്രൂ പോലെ പിരിഞ്ഞതായിരിയ്ക്കും. കുത്തിവെക്കുന്ന അററത്തിന് പിറകിലായി സൂചി ഏതാണ്ട് എട്ടിലൊന്ന് ഇഞ്ചായി വികസിച്ചിരിയ്ക്കും. കുത്തിവെയ്ക്കുന്ന അററത്തിന് രണ്ട് സൂചിമുനകൾ ഉണ്ടായിരിയ്ക്കുമ്പോൾ, മറേറ അററത്തിന് ഒരു ചെവിതോണ്ടിയുടെ ആകൃതിയാണ്. സൂചിമുന കൊണ്ട് പതിനഞ്ചോ പതിനാറോ പ്രാവശ്യം അതിവേഗം കുത്തുന്നു. കുത്തുന്നതിൻെറ വിസ്തീർണ്ണം വെള്ളി രാശിയുടെ വലിപ്പത്തിലും, ആഴം കഷ്ടിച്ച് രക്തം പൊടിയുന്നതിൽ കൂടാനും പാടില്ല. സൂചി കുത്തിക്കഴിഞ്ഞാൽ, അരയിൽ കെട്ടിത്തൂക്കിയ സഞ്ചിയിൽനിന്നും പുരോഹിതൻ അല്പം പഞ്ഞി കൈയ്യിലെടുക്കും. ആ പഞ്ഞി, കഴിഞ്ഞ കൊല്ലങ്ങളിൽ രോഗികൾക്ക് വന്ന കുരുക്കളിൽ കുതിർത്ത് സൂക്ഷിച്ചതായിരിക്കും. ഒരു കാരണവശാലും അതാതു വർഷങ്ങളിലെ കുരുക്കളിൽ ആ പഞ്ഞി കുതിർക്കരുതെന്ന് നിർബ്ബന്ധമായിരുന്നു. പിന്നീട് ഒന്നോ രണ്ടോ തുള്ളി ഗംഗാ ജലത്തിൽ കുതിർത്ത് ആ പഞ്ഞി, കുത്തിയ തൊലിയുടെ മുകളിൽ വെച്ച് ബാൻഡേജ് ആയി കെട്ടുന്നു. ആറ് നാഴിക കഴിഞ്ഞതിനുശേഷമേ അത് എടുത്തുകളയാൻ പാടുള്ളു.

കുത്തിവെപ്പിന് ഉപയോഗിക്കുന്ന വസൂരിദ്രാവകം ഒരു രോഗിയുടെ കുരുവിൽ നിന്നെടുത്ത് പഴകിയതിനാൽ അനിഷ്ട ഫലങ്ങൾ ഉണ്ടാകുന്നില്ല. മറിച്ച് അണുക്കൾ അന്തരീക്ഷത്തിൽനിന്ന് നേരെ പ്രവേശിക്കുമ്പോൾ അവയുടെ ആക്രമണം പതിന്മടങ്ങ് ശക്തിയേറിയതും ആപൽക്കരവും ആയിരിക്കും. ആക്രമണത്തെ ഒരിക്കൽ അതിജീവിച്ച കോശങ്ങൾ അണുക്കളെ രണ്ടാമത്തെ ആക്രമണം ചെറുക്കത്തക്കവണ്ണം പരിചയ സമ്പന്നരായിരിയ്ക്കും.

പാല്ക്കാരികളുടെ അറിവിൽനിന്ന് ജന്നർ കടഞ്ഞെടുത്ത വാക്സിനേഷൻ അദ്ദേഹത്തിൻെറ പിൻഗാമികൾ വൈറോളജിയും വാക്സിനോളജിയും ആയി കെട്ടിപ്പടുത്ത് ഭാസുരമാക്കിയപ്പോൾ നാം ടീക്കയെ മറന്നു എന്നു മാത്രമല്ല ശാസ്ത്രകാര്യങ്ങളിൽ സ്വതന്ത്രചിന്തയും കൈവെടിഞ്ഞു.

## യുവ കവികളോട്

നിങ്ങാംക്കു തോന്നുംപടി എഴുതുക
നിങ്ങാംക്കിഷ്ടമുള്ള ഏതുശൈലി-
യിലും എഴുതുക
ഒരുവഴി മാത്രമാണ് ശരിയെന്ന്
ഇനിയും വിശ്വസിക്കാനാവില്ല
പാലത്തിനടിയിലൂടെ അത്രയേറെ-
രക്തം, ഒഴുകിപ്പോയി കഴിഞ്ഞിരിക്കുന്നു
കവിതയിൽ എല്ലാം
അനുവദിക്കപ്പെട്ടിരിക്കുന്നു
ഒരു വ്യവസ്ഥ മാത്രം
ഒഴിഞ്ഞ പേജിൽ നിങ്ങാം മുന്നേറണം.

—നികാനോർ പാർറാ





# ഇടത്താവളം

പ്രിയവ്രതൻ എസ്.

വിരവിലജ്ഞാതമാദ്യന്തഹീനമാം
വഴിയിലെന്നോ തുടങ്ങി ഞാനന്നൊരു
പുലരിയിൽ പൂക്കൾ വിടരുന്ന താളത്തി
ലടികൾ മന്ദമായ് വച്ചൊരീ യാത്രയിൽ
വഴിയിടങ്ങളിൽ ചെല്ലച്ചെറുകിളി
മധുരമായ് ചൊല്ലി ''ഇനിയെത്രപോകണം'' ?
തളിരിളം കൈയ്യിലൊരു പിഞ്ചരികത്തുണ്ട
മരുണമാം കപോലങ്ങളിൽ ചുംബിച്ച
കലികതൻ പൊൻപരാഗ ജാലങ്ങളും
ഒരു രസാലത്തിലുതിരുന്ന പാട്ടിന്നൊ-
രെതിരു പാടുന്ന ചെന്നിളം ചുണ്ടുമായ്
ചൊരിമണലിലന്നമ്പേ വളപ്പൊട്ടു-
മരിയമഞ്ചാടി ഗോമേദകങ്ങളും
സരളമെണ്ണി മദ്ധ്യാഹ്ന ദുഃഖത്തിൽ
കരിനിലങ്ങളിൽ യാത്ര തുടർന്നുപോയ്
ഒരു വിഹഗമില്ലാടുവാൻ പൂക്കളി-
ലലസമോടുന്നൊരരുവിയില്ലീവഴി.
ദുരിത ഭാണ്ഡങ്ങളേന്തി വിയർപ്പിൻെറ
ചുഴികളിൽ ചേർത്തുമുങ്ങിയും പൊങ്ങിയും
അലറിയാളും ജഠരാഗ്നിയിൽ വെന്ത
തകരുമജ്ഞാത ഭാഗധേയങ്ങളും
തളരവേ, നാവുണങ്ങവേ ഭൂമിപോൽ
കനിവുമായതാ നിൽക്കുന്നു താവളം.
ഹരിതകുമ്പിളിൽ ജലവുമിത്തിരി
ത്തണലും, ആരെയോ കാക്കുന്ന താവളം
ദുരിത ഭാണ്ഡമിറക്കി വച്ചിത്തിരി
കുളിരുമായി ഞാൻ ഗ്രീഷ്മകറ്റവേ

തരുലതികകൾ പുഷ്പിച്ചുമൽപ്രാണ-
നരിയ ഗന്ധത്തിലുന്മത്തമാകവേ
കൊടിയ ശൈത്യത്തിലഗ്നിയുതിർത്തിനി-
ന്നനഘമാം മാറിൽ ശീതമകറ്റിയും
കഠിനവേലിൽ വേർപ്പിൻെറ ലാവണ്യ
ഹിമകണങ്ങളാലൂഷ്മാവകറ്റിയും
തളരവേ ദേഹമറിയാതുറങ്ങവേ
മിഴികളിൽ തിരിപൂട്ടി ഉണർവിൻെറ
വെളിവുമായി നീ കാവലിരുന്നതും.
ഒടുവിലീ വഴിയമ്പലത്തിണ്ണയിൽ
സ്മൃതിവിഭവ പാഥേയമഴിച്ചൊരീ
അരിയ നേർത്ത രസങ്ങൾ ഭുജിച്ചതും.
[മനസ്സു മന്ത്രിച്ചു സ്വർഗ്ഗമുണ്ടെങ്കിലീ
ഭൂമിയിലീശ്വരൻ തന്ന സ്വർഗ്ഗം ഇതാ]

പഥികരെത്തുന്നു വീണ്ടുമീതിണ്ണയിൽ
സമയമായ്, തുടരേണമീയാത്രയും.
അകലെ അജ്ഞാതമഭയകേന്ദ്രങ്ങൾക്കു
കരുതിയായി നീ നിൽക്കുന്ന താവളം.
ദുരിതഭാണ്ഡത്തിൽ നിറയെ സ്വപ്നങ്ങളും
സുഖദമോർമ്മകൾ മൽഹൃദന്തത്തിലും
പിരിക, ചൊല്ലട്ടെ സ്വർഗ്ഗമേ നിന്നോടു
വിട, ഒരിക്കലും ചൊല്ലാൻ കഴിയില്ല.
കഠിനമീവഴിത്താരയിൽ നീങ്ങവേ
ധവള സൈകത ഭൂമിതാണ്ടീടവേ
വിഗത സൗഭാഗ്യ സൗമ്യരേണുക്കളെ
തിരയുമോ ഭൂതകാലാന്തരങ്ങളിൽ ?

□



# വേനൽ

ലോറൻസ് എൽ. ജെ.

ഒരിക്കലുമുണരാൻ കൊതിക്കരുതുന്നീ
ഒരിക്കലുമുണരാതുറങ്ങാൻ കൊതിയ്ക്കുക.
വിഫലമീവാഴ്‌വെന്നു കേഴും വിഭാതങ്ങളും
ഉയിരെടുക്കുമെന്നലറും പകലുകളും
കരുത്തററു മൂർച്ഛിച്ചു വീണിടും സന്ധ്യകളും
ഉയിരററിഞ്ഞോടിമറയുമിരവുകളും
പ്രകൃതിപോലും ദീർഘനിദ്രയാശിക്കവേ
ഒരിക്കലുമുണരാൻ കൊതിക്കരുതുന്നീ
ഒരിക്കലുമുണരാതുറങ്ങാൻ കൊതിയ്ക്കുക
മററെല്ലാമശാന്തി നിദ്രയാണല്ലോ ശാന്തി !
പൂങ്കുയിലുകളും പാടില്ല വിഷുപ്പക്ഷികളും
ഈണവും മൂളിയിനിയിതിലേ വരില്ല.
ഇനി വിരിയില്ല പൂവുകളും തളിരുകളും
അഴകോലുമവയിനിയോർമ്മയിൽ മാത്രം.
ഇനി വിരിയില്ല വസന്തം വർണ്ണങ്ങളും
വസന്തപുഷ്പങ്ങളിനിയോർമ്മയിൽ മാത്രം
ഇനി വരില്ല വർഷം, ഹർഷവർഷമതും
പോയവർഷകാലമിനിയോർമ്മയിൽമാത്രം.
നിനക്കായ് നിരാശകൾ മാത്രമുണ്ടിവിടെ
ഒരിക്കലുമുണരാൻ കൊതിക്കരുതുന്നീ
ഒരിക്കലുമുണരാതുറങ്ങാൻ കൊതിയ്ക്കുക.
മററെല്ലാമശാന്തി നിദ്രയാണല്ലോ ശാന്തി.
പേരറിയുംമുമ്പേ മതമറിഞ്ഞീടണം
പേരറിഞ്ഞാൽപ്പോര ജാതിയറിയണം.
മനുഷ്യരില്ലിവിടെ മതങ്ങളാണെങ്ങും
മനുഷ്യരില്ലിവിടെ ജാതിയാണെവിടെയും
അവയൊരുക്കീടുമായോധനങ്ങളിൽ
രുധിരമൊഴുകിച്ചുവക്കുന്നലയാഴി
ആ രക്തസാഗര തിരയിലോരോന്നിലും
കരയടിയുന്നു കബന്ധം പരശതം
മനം മരവിക്കുമീക്കാഴ്ചകൾ കാണാതെ
ഋതുക്കളൊളിച്ചെങ്ങോ; ഇനി വേനൽ മാത്രം.
കനവിൻ കലികൾ കൊഴിയുമീവേനലിൽ
ഒരിക്കലുമുണരാൻ കൊതിക്കരുതുന്നീ
ഒരിക്കലുമുണരാതുറങ്ങാൻ കൊതിയ്ക്കുക
മററെല്ലാമശാന്തി നിദ്രയാണല്ലോ ശാന്തി.
ശ്വസിക്കുവാനിവിടെ വിഷവായുമാത്രം
കുടിക്കുവാനിവിടെ വിഷജലം മാത്രം
കഴിക്കുവാനിവിടെ വിഷക്കനി മാത്രം
ചൊടികളിലിവിടെ വിഷച്ചിരി മാത്രം
തമസാണെവിടെയും തരിവെട്ടമില്ല
വഴികാട്ടിടാൻ വിണ്ണിൽ വിധുബിംബമില്ല
കനലാണെവിടെയും കുളിരിററുമില്ല
കലിവിൽ കുളിരിടും കനവുകളില്ല.
ഓമനിക്കാൻ നിനക്കോർമ്മകളില്ല
വേനലഗ്നിയായ് മാറുന്നതിൽ മുമ്പുറങ്ങൂ
ഒരിക്കലുമുണരാൻ കൊതിക്കരുതുന്നീ
ഒരിക്കലുമുണരാതുറങ്ങാൻ കൊതിയ്ക്കുക
മററെല്ലാമശാന്തി നിദ്രയാണല്ലോ ശാന്തി.

നല്ലൊരു നാളെയെ കണ്ടുഞാൻ സ്വപ്നത്തിൽ,
നന്മമാത്രം വിളരുമൊരു പുണ്യലോകത്തെ !
ഇല്ലനീതി തെല്ലുമേ ഇന്നിന്റെ പോലവേ
എങ്ങും വിളങ്ങുന്നു സമത്വവും ധർമ്മവും
ഇല്ല നേതാക്കൾ നിയമത്തെ ഹനിയ്ക്കുന്നോർ
കാണുകില്ലവരെയാരാച്ചാർമാരായി.
ഇല്ല വ്യഗ്രതയാർക്കുമേ പോക്കററി–
ലാക്കിടാൻ പൊതുമുതൽ അഴിമതിതന്നാലെ
വീഴില്ല പാലങ്ങൾ, വിള്ളില്ല നിരത്തുകൾ.
വേപഥുവില്ലാത്ത മനവുമായ് ഗമിച്ചീടാം.
ശാന്തമാണാഭരണചക്രം തിരിയുന്നിടം,
വേണ്ട കേൾക്കേണ്ട നിഘണ്ടുവിലില്ലാത്ത വാക്കുകൾ.
ഇല്ല വാഗ്വാദങ്ങൾ പാർട്ടിതൻ പേരിലായ്,
കാണില്ല പ്രേതങ്ങൾ തച്ചുകൊന്നിട്ടതായ്,
കൊല്ലില്ല കൊലയില്ല കതികാൽ വെട്ടില്ല
കാലുവാരലില്ലതിന്നടിയിലെ മണ്ണുമേ
ഇല്ല കുഴല്പണം സ്വർണ്ണബിസ്ക്കററുമേ
വേണ്ട വെളുപ്പിക്കാൻ ബ്ലേഡുമരിവാളും,
വാങ്ങേണ്ടി വരികില്ല തോക്കോ ശാസ്ത്രങ്ങളോ
കോഴയും കൊടുക്കേണ്ട ആർക്കുമതിന്നായി.
സ്നേഹത്തിൻ രഞ്ജിപ്പിൻ ഗാഥകൾ കേട്ടിടാം
ഇല്ല സംഘർഷങ്ങളതിർത്തി പ്രദേശങ്ങളിൽ·
ഇല്ല പുരോഗതി മുളയിലേനുള്ളുന്ന;
ചാരസംഘങ്ങളവർക്കു കൂട്ടാളികൾ,
ഇല്ല പരസ്പരം സ്പർദ്ദ വിദ്വേഷവും
ഭിന്നമതസ്ഥരാം ജനങ്ങൾ തന്നിടയിലായ്
ഒഴുകില്ല രുധിരത്തിന്നാറുകളീ ഭുവിൽ
ഭീകരരുതിർക്കുന്ന വെടിയുണ്ടയതിനാലേ !
ഒടുക്കേണ്ട ജീവൻ ദാഹാഗ്നിയിൽ തരുണിമാർ
പേറേണ്ട വൈധവ്യത്തിൻ ദുർമുഖം മേനിയിൽ.
പൂൽകേണ്ടി വരികില്ല ഓർക്കാപ്പുറത്തായി,
മൃത്യുവിൻ കരങ്ങളെ വിഷവായു ശ്വസിച്ചിട്ട്,
ഇല്ല തുപ്പില്ല കമ്പനിക്കുഴലുകൾ
മലിനമാം വസ്തുക്കൾ ശുദ്ധമാം വെള്ളത്തിൽ.
കാണില്ല ആരെയും ലഹരിതന്നധീനത്തിൽ
കൂത്താടില്ല ജെങ്കികൾ മതിതൻ നിലതെററി.
ഇല്ല മദ്യരാജാക്കളെന്റെ സ്വപ്നത്തിൽ
അവരെപ്പിഴിയുന്ന സർക്കാരുമില്ലതിൽ !
മുഴങ്ങുന്നതാ മന്ത്രധ്വനികൾ സ്വച്ഛന്ദമാം
അന്തരീക്ഷത്തിൽ കേൾക്കാം വിദ്യതൻ മാറെറാലി,
കാണില്ല കുട്ടികൾ ഓടുന്നതായെങ്ങു
മദ്യത്തിനുമുച്ചപ്പടങ്ങൾക്കതിനുമായ്,
വെമ്പില്ല മാനസം സാന്ദ്രമാം നിലയ്ക്കായ്
ചിലക്കില്ല പൈങ്കിളി അശ്ലീല രാഗങ്ങൾ.
വധിക്കപ്പെടില്ലെങ്ങും നവോഢകൾ ക്രൂരമായ്
എരിയില്ല കരിയില്ലവരുടെ മേനി മണ്ണെണ്ണയിൽ.
ഇല്ല പശിയടക്കാൻ കില്ലപ്പെട്ടികളോടേററുമുട്ടുന്നവർ
ദാരിദ്ര്യമില്ലാർക്കും വിശപ്പിൻ വിളിയില്ല.
എങ്ങുമേ നന്മതൻ പൊൻ പ്രകാശം മാത്രം
മണ്ണിനുപോലുമാ സ്നേഹത്തിൻ സൗരഭം !



# നല്ല നാളെ

ആലീസ് കുര്യൻ

# വയനാട്ടിലെ ഒരു രാത്രി . . .



ശ്രീകുമാർ എം. എസ്.

മൂടൽമഞ്ഞോ മുകിലോ തന്നുടെ
മൂടുപടത്താൽ മുകതതീർക്കും
മങ്ങിയരാവൊന്നിവിടെ മ്ലാനത-
തിങ്ങിയ ചന്ദ്രൻ തൻെറ നിലാവിൽ
ശൂന്യം സാന്ദ്രം രാത്രി മനോഹരി
തൻ നയനങ്ങളിൽ നിറയും കണ്ണീർ-
ക്കണമോ വൃക്ഷക്കൂട്ടങ്ങൾ തൻ
വ്യഥയുടെയാർദ്രതയേകും കഥയോ ?
മലകൾ കടന്നിട്ടിന്നിവിടെത്തും,
ദേഹത്താകെയരിച്ചുനടക്കും,
കുളിരേകുന്നൊരു കാറേറ നീയൊരു
ഗതിയില്ലാത്തൊരു പ്രേതാത്മാവോ ?
പകലിൽ ചായും വെയിലിൽ പശ്ചിമ-
മലനിരനിന്നു തിളങ്ങീടുമ്പോൾ
അകലെ പർവ്വതനിറുകിൽ കണ്ടൂ,
അണയാത്തീയുടെ വന്യമുഖങ്ങൾ
കത്തും സൂര്യാതപമോ, മലയുടെ
പകതീരാത്തൊരു ദ്വേഷസ്ഫുരണവു
മൊന്നായ്ചേർന്നൊരു വരവോ കാല-
ത്തിൻ ചിതകത്തിയെരിഞ്ഞതുമാണോ ?
പർവ്വതശത്രു, വിപത്തിൻ കാരണ-
മാകും മലതൻ കൊള്ളക്കാരുടെ
ചുണ്ടിൽനിന്നു പൊഴിഞ്ഞൊരു സിഗ-
റററിൻ ഫലമാകും തീയോകാണ്മൂ ? !

എന്നുനിനച്ചു ഞാനാ ജനലഴി
തന്നുടെ ജയിലിൻ കമ്പിയിലെൻ
കരമർപ്പിച്ചങ്ങനെ നില്ക്കേവന്നു
സന്ധ്യ; പിന്നെയിരുട്ടും രാവും
ഇന്നീ വയനാടിൻെറ തണുപ്പിൽനിന്നു
മൊരിത്തിരി കടമായ് ചോദിക്കു-
ന്നൊരുനേരംതന്നു വയനാടൊ-
ത്തിരി ദുഃഖത്തിന്നുടെ കഥകൾ
ചുരമുണ്ടായൊരു കഥകൾ, രക്തം-
നനയും കുഴിമാടത്തിൻ കഥകൾ,
ചൊരിയും ചാററൽ മഴയുടെകീഴിൽ
പൊഴിയും ചാരിത്ര്യത്തിൻ കഥകൾ.
ഗോത്രത്തലവൻ ആദിമനുഷ്യൻ
കണ്ടുപിടിച്ചൊരു മലയുടെ വഴിയിൽ
രക്തക്കൊതിയാൽ വെള്ളക്കാട്ടാള-
ന്മാരവനെക്കൊന്നുപോലും !
പിന്നെയൊരിക്കലുമുണരാതാവാൻ
ചങ്ങലകൊണ്ടു മുറുക്കിക്കൊണ്ടൊരു
വന്മരമൊന്നിൻ ചുവടിൽ ശവമായ്
കുഴിയിൽ മൂടിപ്പോയിപ്പോലും. !
കഥകൾ കേട്ടുതരിക്കാൻ രാവി
ന്നിടയിലരിച്ചുനടക്കും കാററിൽ
മുന്നിലിരിക്കും എണ്ണവിളക്കിൻ
തിരിനാളങ്ങൾ വിറച്ചുവിറച്ചു.

# ഒരു പകൽ മറയുന്നു



രമാദേവി കെ.

ഒരു പകൽക്കൂടി മറയുന്നു
ഭൂമിയുടെ ചലനമതു തുടരുന്നു–
പതിവുപോൽ സന്ധ്യവന്നെത്തുന്നു
മാനത്തു രക്തച്ഛവി പടരുന്നു.
അർക്കനൊരു കനലായ് മാറുന്നു.
മേഘവർണ്ണത്തിനുള്ളിൽ മറയുന്നു
ഒരു ദുഃഖഗാനം പാടുന്നു, പക്ഷികൾ
ചിറകടിച്ചാഞ്ഞു പറന്നുമറയുന്നു.
ഒരുകോടി പുഷ്പങ്ങൾ കൊഴിയുന്നു
ജന്മസാഫല്യമടയുന്നു; ഭൂമിയിൽ
വിരിയുന്നു മിഴിവോടെ പാരിജാതം
നാഥന്റെ സ്പർശം കൊതിച്ചിടുന്നു.
സിന്ദൂരവർണ്ണങ്ങളുതിരുന്നു മാനത്ത്
സൂര്യന്റെ നെഞ്ചിൽ ചവിട്ടുന്നു സന്ധ്യകൾ
ഭൂമിതന്നുള്ളിൽ മരുവുന്നു പ്രണയികൾ
രാത്രിതൻ വരവും കാത്തിരിക്കുന്നു.
സന്ധ്യാനാമ ജപങ്ങളുയരുന്നു
മെല്ലെ ഉയരുന്ന അമ്പിളിമാമനെ
പുൽകാൻ കൊതിക്കുന്ന ഉണ്ണികൾ-
അമ്മതൻ മുലയുണ്ട് ശല്യം പിടിക്കുന്നു.

സന്ധ്യതൻ വിഷാദ മൂർച്ഛയിൽ വീഴുന്നു
മണ്ണിലെ മനുഷ്യന്റെ രോദനങ്ങൾ
ഓരോ കരച്ചിലും ചിരിയും കലർന്നൊരു
പുതിയൊരു താളമായ് വീണ്ടുമൊഴുകുന്നു.
ഒരു രാത്രിയണയുന്നു
സൃഷ്ടിതൻ നൊമ്പരമേറ്റു വാങ്ങിടുന്നു–
രാത്രിഞ്ചരന്മാർ തിമർക്കുന്നു ഭൂമിയിൽ
കടപുഴകി വീഴുന്നു വൃക്ഷങ്ങൾ രാത്രിയിൽ.
കാടായ കാടൊക്കെ മറയുന്നു
ഒരു ദുഃഖമായുറയുന്നു
ഉണരുന്ന, അഗ്നിപർവ്വതങ്ങൾ ഒതുക്കുന്നു
പിടയുന്നു, മണ്ണിന്റെ നൊമ്പരങ്ങൾ
പകലിനെ പുൽകാനെൻ ചുവടുകൾ നീങ്ങുന്നു
അകന്നുമാറിനീ കൊഞ്ഞനം കാട്ടുന്നു
അതിവിചിത്രം ! എങ്കിലും പ്രിയസഖീ,
നീയെൻ പ്രണയിനി !
തളരാതെ നീങ്ങുമെൻ ചുവടുകൾ
പകലിനെ തേടിയലയുന്നു.
പകലിന്റെ ശവമഞ്ചം പേറിയീരാത്രിയിൽ
മറ്റൊരു പകലിനായ് യാത്രതുടരുന്നു.

# നിനക്കുള്ളത്

## സേതുലക്ഷ്മി നായർ



പെരുവഴിയിലോടിത്തളർന്നേ കിടക്കുമ്പോ
ഴൊരു കട്ടക്കത്തോടിലാരോ പകർന്നൊരാ
ദാഹജലകണവും നിനക്ക്.
വ്രണം നീറിയുഴലുമ്പൊളതിലിററു-
വാനലിവോടെ
യന്ത്യമായാരോ പകർന്നൊരാ
സ്നിഗ്ധകണവും നിനക്ക്.
ഭാഗധേയങ്ങളിൽ ഭാവിഭ്രുതങ്ങളിൽ
കൂട്ടർക്ക് ചിരിയായ്ക്കരച്ചിലായ് ഞാനെന്നെ
യവിടെയിവിടെയായ് ചീന്തി നൽകുമ്പൊഴും
കരളിന്റെ കഷണം നിനക്ക്
ഞാനാര്, തന്നിഷ്ടം കാട്ടിപ്പുലഭ്യം പറഞ്ഞേ
ചിരിക്കുന്ന ഭ്രാന്തി.
ഒക്കെപ്പുകയാണ് പുകയാണ് കാററൂതി
വീർപ്പിച്ച പാമ്പിന്റെ പടമാണ് പക്ഷെ
പുകയുയർത്തിടും കനലിന്റെ നീറുന്നൊ
രെരിതീത്തിളക്കം നിനക്ക്
ഓർക്കാപ്പുറത്താർന്ന ഘോരാന്ധകാര
ത്തിലൊരു നാലുവരി കോറിനീ
നിന്നിലുറയുവാനൊരു കൊച്ചുവെട്ടമായ്
കാവിൻ നടുവിലെ സർപ്പമാണിക്യം നിനക്ക്
ഒടുവിലീപ്പായുന്ന വണ്ടിയിൽ
മായും വഴികളിൽ
കണ്ടുകാണാതെയൊളിമിന്നലായ് മറയുന്ന
നാഴികക്കല്ലായ് തണുത്തുറയ്ക്കുമ്പോഴും
ഉൽക്കവീണുരുകിയ പാടായ്പ്പടരുമെൻ
ത്യക്തസാന്തത്തിന്റെ........അൻപൊക്കെയും
നിനക്ക്.

## അതിഥികവിത

# പുതുകാലം

നാം ആധുനികരാണെന്നാണ് പറയപ്പെടുന്നത്
പുതുപുത്തൻ കാലത്ത് ജീവിക്കുന്നവർ
ചുററും കാണുന്നത് ആധുനീകരിച്ച
പീഢനവും വേദനയും കപടനാട്യവും !
കുഞ്ഞുങ്ങൾ ഇററുവെള്ളം കിട്ടാതെ മരിക്കുന്നു.
എന്തുകൊണ്ടെന്നു ചോദിക്കാനാരുണ്ട് ?
നിശാന്തരീക്ഷത്തിലൂടെ ബോംബുകൾക്കുമുന്നിൽ
കൊച്ചുപെൺകൊടികൾ അരണ്ടോടുന്നു.
കൊഴുകൊഴുത്ത ഏകാധിപതികൾ
സിംഹാസനങ്ങളിൽ ഉപവിഷ്ടരായിരിക്കുന്നു.
കുഞ്ഞുങ്ങൾ തേങ്ങലടക്കി കണ്ണീർ തുടച്ച്
രക്ഷിതാക്കളുടെ എല്ലിൻ കൂടുകൾ അടക്കുന്നു.
ഇരുണ്ടനിശയുടെ മൃതയാമങ്ങളിൽ
രഹസ്യപോലീസുകാർ റോന്തുചുററുന്നു.
ഓടകളിൽ കറുത്തവർ ഒടുങ്ങിക്കിടക്കുന്നു.
കറുകറുത്ത എണ്ണ ഒഴുകുന്ന തെരുവുകൾ
ചുവപ്പിൽ മുങ്ങുന്ന മുങ്ങുന്നു... ....
സ്വാതന്ത്ര്യം സ്വപ്നം കാണുകപോലും ചെയ്യാതെ
ജീവിക്കുകയും മരിക്കുകയും ചെയ്യുന്നവരെ
ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കളും
ഊഹക്കച്ചവടക്കാരും
മ്ലേച്ഛമായ ആഹ്ലാദസ്മിതമണിഞ്ഞു ഞെളിയുന്നു
എന്നാൽ, ഏകാന്തത്തടവുകാർ ശവമാടത്തിൽ
നിന്നാക്രോശിക്കും.
നാളെയുടെ ദുരിതങ്ങൾ ഗർഭംഭേദിച്ചു
പുറത്തുവരും.

ബോബി സാൻഡ്സ്

# യാത്രാമൊഴി

ജോർജ്ജ്കുട്ടി കെ. പി.

ഒക്കെത്തുവച്ചെന്റെയമ്മയെൻ കാതിലാ-
യിന്നലെ മന്ത്രാക്ഷരം ചൊന്ന വാക്കുകേ;
''ളകലെയെവിടെയായ് നോക്കൂ, എൻ കുട്ടാ,
കാണുവതില്ലെയാ പച്ചത്തഴപ്പുക''
ളിന്നതു ശുഷ്കിച്ച ഗാത്രമായ്, തേങ്ങലാ-
യുയരുന്നു ധാത്രിയിലേക പ്രണവമാ-
''യവിടെ നിൻ ചികുര ഭാരത്തിന്നിരുളിമ-
യെവിടെയെൻ നേത്രം കവർന്നോരരുണിമ
യെന്തേ വിഫലിപ്തമായീ കപോലങ്ങ''-
ളിരിരുളിൽ പ്രകാശദ്യുതിയായ് വിലസിച്ചു
തെന്നിൽ കുളിരായിയുയിരായ-
തെത്ര പകലുകൾ, സായന്തനങ്ങളും പി-
ന്നെത്ര രാവുകളേറിയതോർക്കാതെ നാം നമ്മി-
ലന്യോന്യം മുഗ്ദ്ധരായ് പങ്കിട്ട നിമിഷങ്ങ-
ളൊക്കെയുമൊരു സ്വപ്നമെന്നപോൽ മുമ്പിലാ
യവതരിച്ചീടുമെൻ ഹൃദയാന്തരങ്ങളി-
ലൊരു ഗദ്ഗദമെന്നുടെ കണ്ഠം തഴുകവെ
യിനിയുമൊരു വസന്തമൊരു മലരൊരുക്കി-
ല്ലെങ്കിലുമോതിടാം നിനക്കായി മംഗളസ്തോത്രങ്ങ
ളിരുവഴി പിരിയുമൊരീ മൂകവേളയി-
ലേകരായന്യരായുറങ്ങാം, നമുക്കുമിനിയെങ്കിലു
മണയുക സഖീ, യെന്റെ യണയത്തു വന്നെന്നി
ലണയാത്ത ദീപമായ് മിന്നി നിൽക്കൂ........



## അതിഥികവിത

# അഭിശപ്ത നഗരം

ഭാഗ്യംകെട്ട മനുഷ്യരെ
കൺമുമ്പിൽവച്ച് സ്വന്തം ഉടപ്പിറപ്പ്
മർദ്ദിക്കപ്പെടുമ്പോൾ
നിങ്ങൾ കണ്ണിറുക്കിയടക്കുന്നു.
അവൻ പ്രണവും വേദനയും
കൊണ്ട് വാവിട്ടുകരയുമ്പോൾ
നിങ്ങൾ മൗനം ഭജിക്കുന്നു.
തെമ്മാടി പൊങ്ങച്ചംപറഞ്ഞ്
ചുററിയലഞ്ഞ്
ഇരയെ കയ്യിൽ തൂക്കിയെടുക്കുമ്പോൾ
നിങ്ങൾ പറയുന്നു

നാം പക കടിച്ചുപിടിച്ചു സഹിച്ചു-
അതുകൊണ്ട് അവൻ നമ്മെ
വെറുതെവിട്ടു.
ഹോ ! എന്തൊരു നഗരമാണിത്;
എന്തു നശിച്ച കൂകാരാണു നിങ്ങൾ !
ഒരു നഗരത്തിൽ ഒരനീതിയുണ്ടായാൽ
അവിടെ ഒരു വലിയ കലാപമുണ്ടാകണം
ആ കലാപം സംഭവിക്കുന്നില്ലെങ്കിലോ
സന്ധ്യമയങ്ങുംമുമ്പേ ആ നഗരം
കത്തിച്ചാമ്പലായൊടുങ്ങുന്നതാണ്
നല്ലത്.

ബ്രെഹ്ററ്

## അതിഥികവിത

അമ്മ,
ആദ്യത്തെ കുട്ടിയോട്

എന്റെ ഹൃദയത്തിന്റെ കരുന്നേ
എന്നോടു സംസാരിക്കുക
നിന്റെ കണ്ണുകളാൽ
എന്നോടു സംസാരിക്കുക
നിന്റെ ഉരുണ്ട,
ചിരിക്കുന്ന കണ്ണുകളാൽ
ല്യപെയോവിൻ മൂരിക്കുട്ടൻേറതുപോലെ
നനവാർന്ന. തിളങ്ങുന്ന കണ്ണുകളാൽ
കൊച്ചുകുഞ്ഞേ !
എന്നോട് സംസാരിക്കുക.
നിന്റെ കുഞ്ഞിക്കൈകളാൽ
എന്റെ മുലകളിൽ
മുറുക്കിപ്പിടിച്ചുകൊണ്ട്
എന്നോടു സംസാരിക്കുക.
അതൊരു പോരാളിയുടെ
കൈകളായിരിക്കും.
മോനേ,
നിന്റെ അച്ഛനെ ആനന്ദിപ്പിക്കും കൈകൾ
ഹാ ! എന്തു വീറോട്
അവയെന്നെ ചുററുന്നു !
ഇപ്പോഴേ ഒരു കുന്തത്തെക്കുറിച്ച്
അവ ഓർമ്മിക്കുന്നു
കുന്തമെറിയുംപോലെ ഓങ്ങുന്നു.
മോനേ,
നിനക്കൊരു യോദ്ധാവിന്റെ പേരുണ്ടാവും.
നീയൊരു പടനായകനാവും.
അതിരററ ക്രൂരിരുട്ടിലേക്ക്
നീ തെന്നിവീണാലും
നിന്റെ മക്കൾ
മക്കളുടെ മക്കൾ,
നീണാൾ നിന്നെ ഓർമ്മിക്കും.
എന്നാൽ ഞാൻ
എന്നെയിങ്ങനെ നീ
മുറുകെപ്പിടിക്കുന്നതും,
എന്റെ കൈകളിൽ നീ കിടക്കുന്നതും,
ഇങ്ങനെയെല്ലാമെന്നെ നോക്കുന്നതും,
നിന്റെ കുഞ്ഞിക്കൈകളാലെന്റെ
മുലകളോടു കളിക്കുന്നതും ഞാനോർക്കും
എപ്പോഴുമോർക്കും.
വീരയോദ്ധാവെന്ന്
അവർ നിന്നെ വിളിക്കുമ്പോൾ
അപ്പോൾ....
ഓർമ്മകളാലെന്റെ കണ്ണുകൾ നിറയും.

ആഫ്രിക്കൻ
നാടോടികവിത

# സ്വപ്നം

## കോശി പി. ജോർജ്



സ്വപ്നം !
നമ്മളൊരുമിച്ചു കണ്ട സ്വപ്നം
നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ
സ്വപ്നങ്ങളായൊഴുകുന്നു.
ഒരു ജാതി, ഒരു മതം, ഒരു ദൈവ-
മെന്നു നാവുയർത്തിപ്പറയുന്നവരെ,
ഉള്ളിൽ നിറയുന്ന നരയുടെ നിറ-
മറിയാൻ, ഉപാധികളില്ലല്ലോ !
വരുംകാലം ഞങ്ങളുടേതെന്ന്
മുഷ്ടിചുരുട്ടി വിളിക്കുമ്പോഴും
ഒന്നോർക്കുക, ആ കാലമെന്നും
സ്വപ്നമായിരുന്നീടും.
ഒന്നുനോക്കുക അല്പമകലെ
സ്വല്പമുന്തിയ വയറും കുഴിഞ്ഞ
കണ്ണുമായി ''അമ്മ''യെന്ന സങ്കല്പം
അമ്മിഞ്ഞപ്പാലില്ലാതെ കുഴയുന്നു.
ദൂരെ, ദൂരെയായി നോക്കുക,
കൂട്ടുകയാണവർ കോപ്പുകൾ
ഭൂതകാലം, അവർ തൻ
ഭീതിതിന്നു വളർന്നീടുവാൻ.
നീയെന്നൊരു ബന്ധുവിനെ വിലയ്ക്കു
വാങ്ങാൻ പണമുണ്ടെന്നൊരു
ബന്ധുചൊന്നീടുമ്പോളെങ്ങനെ
നിങ്ങൾതൻ സ്വപ്നം ഫലിച്ചീടും ?
എങ്ങനെ നിങ്ങൾതൻ സ്വപ്ന-
ങ്ങൾ, യാഥാർത്ഥ്യമായിടും ?
പ്രവർത്തി പഥത്തിൽ നിങ്ങ-
ളെത്തിയാൽ, അനുമോദിക്കും ഞാനും.
സ്വപ്നം !
നമ്മളൊരുമിച്ചു കണ്ട സ്വപ്നം
നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ
സ്വപ്നങ്ങളായൊഴുകുന്നു.

# നീലക്കണ്ണുകൾ

അജ്ഞാതൻ



'ക്ലിനിക്കിനെ' പേക്കിനാവുകണ്ട്
ഞാൻ ഞെട്ടിയുണരുന്നു
ഇന്നേതു നിമിഷമാണ് എന്റെ ഹൃദയം
കൊത്തികീറപ്പെടുകയെന്നറിയില്ല.
ക്ലിനിക്കിൽ കേസുകാത്തു നില്ക്കുമ്പോൾ
ഞാൻ ഇരയാവാൻ വിധിക്ക
പ്പെട്ടവനാകുന്നു
ഇനിയേതു നിമിഷമാണെന്റെ ഹൃദയം
കൊത്തി കീറപ്പെടുകയെന്നറിയില്ല.
അപ്പോഴെല്ലാം ആ നീലക്കണ്ണുകൾ
എനിക്കഭയമരുളുന്നു
ആ സാന്ദ്രനീലിമയിൽ
ഞാനറിയാതലിഞ്ഞു പോകുന്നു.
കൂട്ടുകാരുടെ പൊട്ടിച്ചിരികൾക്കിടയിൽ
സഭ്യതയുടെ ഉടുതുണി ഊരിവീഴുന്നു
ഇവരിൽ ഒരാളാവാൻ വിധിക്ക
പ്പെടുമ്പോൾ
നെഞ്ചകത്തമ്പു തറയുന്നു.
അപ്പോഴും ആ നീലക്കണ്ണുകൾ
എന്നെ പിന്തുടരുന്നു
ആ അലിവിൻ നിലാവിൽ
ഞാനയിരു തേടുന്നു
വേദനകൾക്കും വിതുമ്പലുകൾക്കും
ഇടയിലൂടെ
കാലം കടന്നുപോകുന്നു.
കാല വൃക്ഷത്തിൽനിന്നും
ഇലകളായി ദിനങ്ങൾ കൊഴിയുന്നു.
കുരുതികൾക്കും ദുരന്തങ്ങൾക്കും ഇടയിൽ
ഞാനാ നീലക്കണ്ണുകളെ സ്വപ്നം കാണുന്നു
ആ നീലക്കണ്ണുകൾ എനിക്കുവേണം . . .
ആ നീലക്കണ്ണുകൾ എനിക്കുവേണം.

## അതിഥികവിത

*പൊതുജനം*

അടരാടിയൊടുങ്ങുമ്പോൾ
ചത്തവന്റെ മുകളിൽ ചത്തവൻ
അതുകണ്ടിട്ടൊരുവൻ
''അയ്യയ്യൊ ചാവരുതെ
നിങ്ങളെ ഞങ്ങൾ
അത്രയ്ക്കു സ്നേഹിക്കുന്നു''
എന്നിട്ടൊ ?
ശവം ഒന്നും പറഞ്ഞില്ല,
അത് പിന്നെയും ചത്തുകൊണ്ടേയിരുന്നു.
പിന്നെയും രണ്ടുപേർ മുന്നോട്ടുവന്നു.
അവരാവർത്തിച്ചു.
''അയ്യയ്യൊ, പോകരുതെ
മടങ്ങിവരൂ,''
എന്നിട്ടൊ ?
അതു പിന്നെയും ചത്തുകൊണ്ടേയിരുന്നു.
പിന്നെ വന്നത്
ഇരുപത്, നൂറ്, ആയിരം
അല്ല-അഞ്ഞൂറായിരം
കൂട്ടത്തോടെ വിളിച്ചുപറഞ്ഞു
''എത്രമാത്രം സ്നേഹം !
എന്നിട്ടും മരണം മുന്നേറുന്നു.''
പിന്നെ ഒരുകോടി ജനം വന്നു
ഒന്നിച്ചു വിളിച്ചു പറഞ്ഞു
''സഹോദരാ, നിൽക്കൂ
ചാവരുത്, പോവരുത്.''
എന്നിട്ടോ ?
ശവം ഒന്നും പറഞ്ഞില്ല,
അത് പിന്നെയും ചത്തുകൊണ്ടേയിരുന്നു
ഭൂലോകത്തുള്ള സമസ്ത മനുഷ്യജീവികളും,
അവിടെ ഓടിയെത്തി
അതുകണ്ടപ്പോൾ
ശവത്തിന്റെ ഉള്ളനൊന്തു.
അതുപതുക്കെ......
പതുക്കെ,
രണ്ടുകാലിൽ നിവർന്നുനിന്നു
എന്നിട്ട്-
ആദ്യം കണ്ടവനെ കെട്ടിപ്പുണർന്നു.
പിന്നെ,
മുന്നോട്ടു നടന്നു

വല്ലെജൊ, സ്പെയിൻ

# യാത്രക്കുറിപ്പ്

**മനോമോഹൻ**

മത്സരിച്ചോടുന്ന സ്വകാര്യബസ്സിൽ
മരണവുമായി സല്ലപിച്ച്,
പിന്നെ . . .
പരിസരം മറന്ന് സ്വപ്നങ്ങൾ നെയ്ത്
മയങ്ങിയും, ഉണർന്നും,
ഇറങ്ങാനുള്ള നാൽക്കവലയും കാത്ത്,
ഇറങ്ങുന്നവരേയും
കയറുന്നവരേയും
കടക്കണ്ണിലൂടെ കണ്ടും
കണ്ടില്ലെന്നു നടിച്ചും
യാത്ര തുടരവേ,
അപ്രതീക്ഷിതമായി
തമ്മിൽ പരിചയമായവരാണല്ലോ നാം.
നമുക്കിടയിൽ
ഒരു തിരഞ്ഞെടുപ്പിന്
തീരെ പ്രസക്തിയുണ്ടായിരുന്നുമില്ല.
യാത്രയ്ക്കിടയിൽ
നാം ഏറെക്കാര്യങ്ങൾ കണ്ടെത്തി;
അപഗ്രഥിച്ചു;
അഭിപ്രായങ്ങളും അനുഭവങ്ങളും
പങ്കുവയ്ക്കുകയും ചെയ്തു.
ഒന്നുണ്ട്:
വാദപ്രതിവാദങ്ങൾ മൂർഛിക്കുമ്പോൾ
മിക്കപ്പോഴും നാം ഒരൊത്തുതീർപ്പിലെത്തിയിരുന്നു.
ഉദാഹരണത്തിന്:
ശിശുക്കൾക്കും
രോഗികൾക്കും
വികലാംഗർക്കും
പിന്നെ, അബലാംഗനമാർക്കും
യുവാക്കളെങ്കിലും സീററ് ഒഴിഞ്ഞു
കൊടുക്കേണ്ടതാണെന്ന നിരീക്ഷണം.
പക്ഷേ,
നമുക്കൊരിക്കലും എഴുന്നേൽക്കേണ്ടി വന്നില്ല.
യുവാക്കളല്ലെന്നതുകൊണ്ടു മാത്രമല്ല:
ചർച്ചകളുടെ തിരക്കിൽ,
കയറി വരുന്നവരേയും
തങ്ങി നിൽക്കുന്നവരേയും
ഒരു പരിധിവിട്ട് ശ്രദ്ധിക്കാൻ നമുക്ക്
സാദ്ധ്യമായിരുന്നില്ലല്ലോ.
ബസ്സിനകത്ത് പാലിക്കപ്പെടേണ്ട മര്യാദകളേയും
വിസ്മരിക്കപ്പെടുന്ന മാന്യതകളേയും
കുറിച്ച് നമുക്കേറെ പറയാനുണ്ടായിരുന്നുതാനും.
ഇടയ്ക്ക് എവിടെയൊക്കെയോ ബസ്സ് നിൽക്കുകയും
ഗട്ടറുകളിൽ വീണ് കുലുങ്ങിക്കുതറിക്കുതിക്കുകയും
ചെയ്യുമ്പോഴും
നാം വർത്തമാനത്തിൽ മുഴുകിത്തന്നെയിരുന്നു.
[നമുക്കിടയിൽ ഒരു സ്വകാര്യത വളർന്നു
വരികയായിരുന്നു.
വർത്തമാനത്തിന്റെ നൂലുകൾ നെയ്തെടുത്ത
സുതാര്യമായ ഒരു സ്വകാര്യത]
കൈത്തണ്ടകളിലൊതുങ്ങാതെ സമയസൂചികൾ
വാക്കുകൾക്കും വാർത്തകൾക്കുമിടയിലൂടെ നീണ്ടുവന്ന്
നമ്മെ കുത്തി അലസോരപ്പെടുത്തുകയുണ്ടായില്ല.
പുല്ലിൻ പൂങ്കുലകൾ വെള്ളിക്കസവണിയിച്ച
പച്ചനെൽപ്പാടങ്ങളും
മയിലാടി മലഞ്ചെരിവിലെ തൊട്ടാവാടിപ്പൊന്തയുടെ

## അതിഥികവിത



### മുട്ട

ഏതോ ഓക്കുമരത്തിന്റെ
തടിയിലുണ്ടായിരുന്ന വിള്ളലിൽ
ഒരു ശലഭം നിക്ഷേപിച്ചിരുന്ന മുട്ട.
എത്ര നാളോ അതവിടെ ഉറങ്ങിക്കിടന്നു
മരമുണങ്ങി,
ആശാരി അതിനെ മുറിച്ചെടുത്തു,
വാളുകൊണ്ട് ചീന്തി ഉരുപ്പടിയാക്കി
ഉരുപ്പടികൊണ്ട് മേശ തീർത്തു.
സ്വീകരണമുറിയിൽ ഇട്ടിരുന്ന മേശയുടെ
മുകളിൽ കൊണ്ടുവച്ച കാപ്പിപ്പാത്രത്തിന്റെ
ചൂടുകൊണ്ട്
മുട്ട വിരിഞ്ഞു.

**ഹെൻറി ഡേവിഡ് തൊറൊ**

ചുവന്ന തുറുകണ്ണുകളും
ഒരർദ്ധമയക്കത്തിലെ സ്വപ്നശകലം പോലെ മാത്രമേ
നമ്മെ ബാധിച്ചതുമുള്ളൂ.
അങ്ങനെ, ഇവിടെ വരെയെത്തി . . .
ഇനിയിപ്പോൾ എഴുന്നേൽക്കുകയായല്ലോ.
ഇറങ്ങാറാവുന്നു !
നമ്മുടെ സ്വകാര്യസ്വപ്നങ്ങളും,
വാഗ്വാദങ്ങളും,
സ്വാർത്ഥ സങ്കൽപ്പങ്ങളും
എല്ലാം,
എല്ലാം,
ഇനി നമുക്കുപേക്ഷിക്കുക.
ഇറങ്ങാറാവുന്നു !
എനിക്കും,
തീർച്ചയായും,
അധികം വൈകാതെ.
. . . വീണ്ടും കാണാം.
നാളെ.
അല്ലെങ്കിൽ,
ഇനിയൊരു ദിവസം.
ബസ്സുകളും,
ദിനങ്ങളും,
യാത്രകളുടെ നൈരന്തര്യവും
തുടരുകയാണല്ലോ.
എവിടെയെങ്കിലും വച്ച് . .
എപ്പോഴെങ്കിലും . .
. . മണി മുഴങ്ങുകയായി . .
നമസ്തേ ?

# "പിതാവ്"

## വിശ്വനാഥൻ സി. കെ.

ആ മരം പെററു–
ഒരു കടിഞ്ഞൂൽ പ്രസവം.
രക്തം പുരണ്ട പൂവിതളുകൾ
അവൾക്കു ചുററും പരന്നൊഴുകി.
പിന്നെ–
പെററ വയറിന്റെ ആലസ്യവും പേറി,
അവനേയും കാത്ത് കൂമ്പിനിന്നു.
കുരുന്നുകൾ തിണർക്കുന്നതും,
തുടുത്തു കൂമ്പുന്നതും നോക്കി അവൾ–
മേനിയുലഞ്ഞാട്ടി.
പിന്നെ–
വരണ്ട മേഘങ്ങളെ നോക്കി
പൂത്തുലഞ്ഞുചിരിച്ചു.
മാർദ്ദവം മുററിയ തുടുത്ത മേനിയും,
പൂത്തുലഞ്ഞ മനസ്സുമായി–
കുരുന്നുകളോരോന്നും യൗവനം പൂണ്ടു.
പിതാവിന്റെ കൈനാമ്പുകളവരിൽ
കാമത്തിന്റെ കുളിരുകൾ തഴുകിയുണർത്തി.
ആ മരം പെററു–
ഒരു കടിഞ്ഞൂൽ പ്രസവം.
ഒരു പാഴ്ഗർഭം അലസിപ്പിച്ച നൊമ്പരത്തോടെ,
അവൾ മൗനം പൂണ്ടിരുന്നു.
അണ്ഡത്തിൽ പരാഗവും പേറി–
കുരുന്നുകളോരോന്നും കൊഴിഞ്ഞുവീണു.
വീണ്ടും–
കുരുന്നുകൾ തിണർക്കുകയും,
പിതാവ് തഴുകുകയും ചെയ്തുകൊണ്ടേയിരുന്നു . . .

## അതിഥികവിത

### ഒറിനോകോ നദി

അരുണജലം തുളുമ്പുന്ന ഒറീനോകോ,
നിന്നിൽ കൈമുക്കി, നിന്റെ മാതൃത്വത്തിലേയ്ക്ക്
നിന്റെ പ്രഗതിയിലേക്ക്, ഞാൻ മടങ്ങിപ്പോകട്ടെ.
സവാരികളുടെ നദീ, വേരുകളുടെ ആധാര–
ശിലയാണു നീ,
നിന്റെ സമൃദ്ധമർമ്മരം, നിന്റെ വന്യപ്രഭാപൂരം
ഉത്ഭവിക്കുന്നത് ഞാൻ ഉത്ഭവിച്ചേടത്തുനിന്നു
തന്നെയാണ്
അസുലഭവും ആഹ്ളാദോന്മത്തവുമായ
ഔന്നത്യങ്ങളിൽനിന്ന്,
രക്തബന്ധമുള്ള ഒരേ വംശരഹസ്യത്തിൽനിന്ന്
കളിമണ്ണിന്റെ നിശബ്ദമായ മാതൃസ്രോതസ്സിൽനിന്ന്

**നെരൂദാ**



# ലാലൂർ

ഒരു നഗരത്തിന്റെ
യഥാർത്ഥ മുഖം തിരിച്ചറിയുന്നത്
അതിന്റെ ചപ്പുകുനയിൽ നിന്നാണ്

1 നഗരാദ്ധ്യക്ഷന്റെ
പൊട്ടിത്തകർന്ന കണ്ണട
പ്രതിനിധികളുടെ പഴകിയ തോൽബാഗ്
വെപ്പുമുടി
ഭാഷയെ ഭോഗിച്ച
പ്രകടന പത്രികകൾ
നഗരപുത്രർ
മദിച്ചാടിയ രാത്രിയിൽ
തകർന്ന സ്ഫടികചഷകങ്ങൾ
യക്ഷികളുടെ
ഫാഷൻപരേഡ് അഴിഞ്ഞ
പട്ടുവാലകൾ.
വേശ്യകളുടെ
വിഴപ്പളിഞ്ഞ അടിവസ്ത്രങ്ങൾ
കാമം പകർന്ന നീല ബലൂണുകൾ
ആതുരാലയങ്ങൾ വിസർജിച്ച
ദഹിക്കാത്ത
മാംസപിണ്ഡങ്ങൾ
ആസക്തിയുടെ
കണ്ണും കാതുമുറക്കാത്ത കുഞ്ഞുതുമ്പികൾ



2 മുറിഞ്ഞുവീണ ശിരസ്
ശരണമില്ലാത്തവന്റെ
ഒടുക്കത്തെ നിലവിളിയുയർത്തുന്നു.
അർബുദം ബാധിച്ച സ്ത്രീയുടെ
ഛേദിച്ച മുല
ധർമ്മപുത്രൻമാരുടെ കാഴ്ചവട്ടത്തിൽ
കുറുനരികൾ കടിച്ചു കീറുന്നു.
ഗിത്താറു വായിച്ചു തളർന്ന
കുഷ്ഠരോഗിയുടെ വിരലുകൾ
ഭൂമിയുടെ അന്തരാള സംഗീതത്തിനായി
കാത്തു കിടക്കുന്നു.
ഭരണകൂടത്തിനെതിരായി
ചോരനനച്ചു കവിതയെഴുതിയ
ഒരു ഭ്രാന്തന്റെ ഹൃദയം
അച്ചുകൂടത്തിന്റെ തുരുമ്പിച്ച വാരിയെല്ലുകളിൽ
കുരുങ്ങിക്കിടക്കുന്നു.

ശിബി



# എവിടെ അഭയതീരങ്ങൾ ?

ശുദ്ധവെള്ളത്തിനും, ശുദ്ധവായുവിനും വേണ്ടിയുള്ള ഒരു ഗ്രാമത്തിന്റെ നിലവിളി നമുക്ക് കേട്ടില്ലെന്ന് നടിയ്ക്കാനാകുമോ ? രോഗങ്ങളും മർദ്ദനങ്ങളും ഏററു വാങ്ങിക്കൊണ്ട് ലാലൂരിലെ ജനത ഒററക്കെട്ടായി സമരംചെയ്യുന്നതു് ഭാവിതലമുറയെ എങ്കിലും മലിനീകരണത്തിന്റെ ഭീകര ദുരന്തങ്ങളിൽനിന്ന് രക്ഷിയ്ക്കാൻ വേണ്ടിയാണ്. ഇതു് ലാലൂരിന്റെ മാത്രം പ്രശ്നമാണോ ? എത്രയെത്ര ലാലൂരുകൾ ദുരന്തങ്ങളെ നിശ്ശബ്ദം ഏററുവാങ്ങിക്കൊണ്ട് ഓരോ നഗരങ്ങൾക്കടുത്തും ഉണ്ടാകും ? വിസർജ്ജ്യങ്ങൾ സൃഷ്ടിയ്ക്കുന്ന നാഗരികതയ്ക്ക് അവയെ സംസ്ക്കരിയ്ക്കാനുള്ള സൗമനസ്യമില്ലാതെ പോകുന്നതു് ദൗർഭാഗ്യകരമാണ്. എന്താണ് ലാലൂരിന്റെ യഥാർത്ഥ പ്രശ്നം ? ആരാണിതിന് ഉത്തരവാദികൾ ? എന്താണിതിനൊരു പരിഹാരം ? ലാലൂർ പ്രശ്നവുമായി ബന്ധപ്പെട്ടവരുമായി നടത്തിയ തുറന്ന അഭിമുഖങ്ങളും ചർച്ചകളുമാണ് വരുംതാളുകളിൽ. ഇതിലൂടെ സസൂക്ഷ്മം കടന്നുപോയി, ലാലൂരിന്റെ പ്രശ്നമെന്തെന്ന് നിങ്ങൾ സ്വയം കണ്ടെത്തുക. കഴിയുമെങ്കിൽ ലാലൂരിലെ ജനതയെ ഈ ദുരന്തത്തിൽനിന്നും രക്ഷിയ്ക്കുക.

## ലാലൂരിനെക്കുറിച്ച് ഒരു ഫീച്ചർ

തൃശ്ശിവപേരൂരിൽനിന്നും ഏതാണ്ട് നാലുകിലോമീററർ അകലെ കിടക്കുന്ന ഒരു കൊച്ചുഗ്രാമമാണ് ലാലൂർ. ലാലൂർ ജങ്ഷനിൽ ബസ്സിറങ്ങുമ്പോൾ നട്ടുച്ച. ക്യാമറയും, ടേപ്പ് റെക്കോർഡറും കണ്ടിട്ടാവണം ജനങ്ങൾ ഞങ്ങൾക്കുചുററും ഓടിക്കൂടി.

'പത്രക്കാരാണോ ?....ലാലൂർ പ്രശ്നം എന്തായി ?' ജനങ്ങൾ ചോദിക്കുന്നു. കോളേജിൽനിന്നാണെന്നറിഞ്ഞപ്പോൾ പലരുടേയും മുഖത്ത് നിരാശ. എന്നിട്ടും സന്തോഷത്തോടെ മാലിന്യങ്ങളിടുന്ന സ്ഥലത്തേക്ക് അവർ വഴികാണിച്ചുതന്നു.

'ഇനി....നിങ്ങളൊക്കെവേണം ഞങ്ങളെ രക്ഷിയ്ക്കാൻ....പഞ്ചായത്തുകാരും രാഷ്ട്രീയക്കാരുമൊക്കെ ഞങ്ങളെ കൈവിടുവാണ്.' വഴികാണിക്കാൻ ഞങ്ങളോടൊപ്പംവന്ന ഒരു ഗ്രാമീണന്റെ വാക്കുകളിൽ നിസ്സഹായത നിഴലിച്ചിരുന്നു.

'ദാ....നോക്കൂ....ഇതാണ് മുനിസിപ്പാലിററി ലാലൂരിന് തന്ന സമ്മാനം.' ശവക്കോട്ടയുടെ മതിലുകൾ കടന്നപ്പോൾ അകത്തേക്ക് വിരൽചൂണ്ടി അയാൾ പറഞ്ഞു.

നോക്കെത്താദൂരത്തോളം പരന്നുകിടക്കുന്ന ചവററുകൂനകൾ. കാററിന് മനം മടുപ്പിയ്ക്കുന്ന മണം. അന്തരീക്ഷത്തിന് വല്ലാത്ത പുഴുക്കം.

'ആദ്യം ഇടവഴിക്കരികിലായിരുന്നു തട്ടീരുന്നതു്. വർഷക്കാലമായാൽ മുട്ടിനോളം വരും പുഴുതിളച്ചുമറിയുന്ന ചളി. സമരം തുടങ്ങ്യേപ്പിന്ന്യാ അവർ ചാലുകോരി കുഴിച്ചുമൂടാൻ തൊടങ്ങീതു്.'

അയാൾ പറഞ്ഞത് ശരിയാണെന്നുതോന്നി. കാരണം വഴിക്കിരുഭാഗവും ഉയർന്ന കൂനകൾ കാണാമായിരുന്നു.

—'ഇപ്പോൾ എവിടെയാണ് ചവറു തട്ടുന്നത് ?'

'ദാ....അവിടെ....വരൂ ഞാൻ കാണിച്ചുതരാം.'

ഞങ്ങൾ അയാൾക്കൊപ്പം നടന്നുചെന്നതു് അറപ്പുളവാക്കുന്ന, ചീഞ്ഞുനാറുന്ന, ചപ്പുകൂനകൾനിറഞ്ഞ ഒരു വലിയ പറമ്പിലേയ്ക്കാണ്. ഒരു ഭാഗത്തു് ചവറുകൾ കത്തിക്കൊണ്ടിരിയ്ക്കുന്നു. അന്തരീക്ഷമാകെ നിറഞ്ഞുനിൽക്കുന്ന പുകപടലങ്ങൾ. ചപ്പുചവറുകൾ തിന്നുനടക്കുന്ന പശുക്കൾ. മലിനജലത്തിൽ കുളിച്ചുനിൽക്കുന്ന പശുക്കുട്ടികൾ. ഞങ്ങളതിന്നിടയിലൂടെ മുന്നോട്ടുപോയി. വഴിനീളെ, ചലവും, ചോരയും കലർന്ന, ആശുപത്രിയിലെ പഞ്ഞിക്കെട്ടുകൾ....വെട്ടിമാററപ്പെട്ട പ്ലാസ്റ്ററിന്റെ തുണ്ടുകൾ....ഗ്ലൂക്കോസ് ഡ്രിപ്പിന്റെ വയറുകൾ എല്ലാം ചിതറിക്കിടക്കുന്നു.

'എങ്ങിന്യേണ്ട് സ്ഥലം ?' അയാൾ ചോദിച്ചു.

'ഓ........ ഭയങ്കരം !' ഞങ്ങളറിയാതെ പറഞ്ഞുപോയി.

'ഇതിനടുത്താണ് ഞങ്ങളും, ഞങ്ങളുടെ കുടുംബങ്ങളും താമസിയ്ക്കുന്നതു്'.

—'ഇപ്പോഴും ഇതിനെതിരായി സമരം നടക്കുന്നുണ്ടോ ?'

'വരൂ...... സമരക്കമ്മിററി ഓഫീസിലേയ്ക്ക് വരൂ........... അതിനെക്കുറിച്ചൊക്കെ വിശദായിട്ട് വത്സേട്ടൻ പറഞ്ഞുതരും.'

വഴിയ്ക്കു കുറുകെയായി 'ലാലൂർ സമരസമിതി' എന്നെഴുതിയ ഓലകൊണ്ടു കെട്ടിയ ഒരു ഓഫീസ്. ആ ഓഫീസിന്റെ മരബഞ്ചിൽ ഞങ്ങളിരുന്നു.

'വത്സേട്ടൻ ഇപ്പൊ.... വരും. വിളിയ്ക്കാൻ പോയിട്ടുണ്ട്' അയാൾ പറഞ്ഞു.

അപ്പോഴേയ്ക്കും ലാലൂർ നിവാസികൾ ഞങ്ങൾക്കുചുററും കൂട്ടംകൂടി തുടങ്ങി.

'എന്റെ........അമ്മേയ്.... സമരം പിടിയ്ക്കാൻ പോയപ്പോൾ, അവരു് പിടിച്ചുതള്ളി'. വള്ളി ട്രൗസറിന്റെ കീശയിൽ വിരലിട്ട് ഒരു കുട്ടി ആവേശത്തോടെ പറഞ്ഞു.

—'എന്തിനാ.... തള്ളിയതു്? ആരാ തള്ളിയതു്?'

മുനിസിപ്പൽ ചെയർമാനെ പിക്കററു ചെയ്യാൻ പോയപ്പോഴാണുണ്ടായതെന്നും, അവരുടെ വസ്ത്രം വലിച്ചുകീറപ്പെട്ടുവെന്നും കൂട്ടത്തിലുണ്ടായിരുന്ന ഒരു സ്ത്രീ



*ഞങ്ങളാവശ്യപ്പെടുന്നത് മണ്ണെണ്ണയോ പഞ്ചസാരയോ അല്ല. കുടിയ്ക്കാൻ ശുദ്ധജലവും, ശ്വസിയ്ക്കാൻ ശുദ്ധവായുവുമാണ്, അതു ചോദിച്ചപ്പോൾ ഞങ്ങൾക്കു കിട്ടിയത് അടിയും മർദ്ദനങ്ങളുമാണ്. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ സമരം ചെയ്യുന്നത്....*

ആരോപിച്ചു. അപ്പോഴേയ്ക്കും വത്സൻ സൈക്കിളിൽ അവിടെ എത്തിച്ചേർന്നു.

'ഞാൻ പണിയ്ക്കു പോയിരിക്കുകയായിരുന്നു. വെററിനറി കോളേജിൽനിന്ന് ആരോ ലാലൂരിനെക്കുറിച്ചറിയാൻ വന്നിട്ടുണ്ടെന്നു കേട്ടപ്പോൾ ഞാനിങ്ങു പോന്നു.... ഞങ്ങളാവശ്യപ്പെടുന്നത് മണ്ണെണ്ണയോ പഞ്ചസാരയോ അല്ല. കുടിയ്ക്കാൻ ശുദ്ധജലവും, ശ്വസിയ്ക്കാൻ ശുദ്ധവായുവുമാണ്, അതു ചോദിച്ചപ്പോൾ ഞങ്ങൾക്കു കിട്ടിയതു് അടിയും മർദ്ദനങ്ങളുമാണ്. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങൾക്കുവേണ്ടിയാണ് ഞങ്ങൾ സമരം ചെയ്യുന്നത്.... അതു നിഷേധിയ്ക്കാൻ ഇവിടത്തെ ഒരു ഭരണഘടനയ്ക്കും അധികാരമില്ല.' വത്സൻ ആവേശഭരിതനായി. ചുററുമുള്ളവർ വീർപ്പടക്കിനിന്നു. അവരുടെ രക്തം തിളയ്ക്കുന്നുണ്ടെന്നു തോന്നി.

'ഞങ്ങളൊററക്കെട്ടാണ്. നീതി ലഭിയ്ക്കുന്നതുവരെ ഇനിയും സമരം ചെയ്യും. ഞങ്ങളുടെപേരിൽ കള്ളക്കേസ്സുണ്ടാക്കി അധികാരികൾ അടിച്ചമർത്താൻ ശ്രമിയ്ക്കുകയാണ്. ഇവിടത്തെ ഭൂരിപക്ഷം ആളുകളും അന്നന്നു പണിയെടുത്ത് അരി മേടിയ്ക്കുന്നവരാണ്.... ഞങ്ങളുടെ പേരിലൊക്കെ കോടതീല് കേസാ... .... കോടതിപ്പടി കയറിയിറങ്ങി ഞങ്ങളുടെ പല കുടുംബങ്ങളും ഇപ്പോൾ തന്നെ പട്ടിണിയിലായിട്ടുണ്ട്. എന്നിട്ടും ഞങ്ങൾ സമരം തുടരുന്നത് ഭാവി തലമുറകളെ ഓർത്താ'

—'ഇവിടെയുള്ള രാഷ്ട്രീയ പാർട്ടികളുടെ നിലപാടെന്താണ്?' ഞങ്ങൾ ചോദിച്ചു.

'നഗരം ഭരിയ്ക്കുന്ന കോൺഗ്രസ്സുകാരും, പഞ്ചായത്തു ഭരിയ്ക്കുന്ന കമ്മ്യൂണിസ്ററുകാരും ഈ പ്രശ്നത്തിൽ ഒററക്കെട്ടാ.'

—'അങ്ങിനെയാണെങ്കിൽ ഇപ്പോൾ ആരാണ് സമരം നടത്തുന്നത്?'

'ലാലൂരിലെ സാധാരണക്കാരു്, സമരത്തിന്റെ കാര്യത്തില് ഞങ്ങൾക്ക് രാഷ്ട്രീയമില്ല.'

—'ഇപ്പോഴും ഇവിടെ ചവറുകൾ കൊണ്ടിടാറുണ്ടോ?'

'ഉവ്വ്. രാവിലെ ലോറിയിൽ ചവറുകൊണ്ടുവരും. മുൻപിലും പിന്നിലും പോലീസ് ജീപ്പുണ്ടാകും.'

—'ഇന്നു വരുമോ?. ഇന്നു വരുമെങ്കിൽ ഞങ്ങൾക്കൊരു ഫോട്ടോ എടുക്കാമായിരുന്നു,'

'ഫോട്ടോ എടുക്കാനൊന്നും സമ്മതിയ്ക്കില്ല. മുമ്പൊരിയ്ക്കൽ 'ജനവാർത്ത' എന്ന പത്രത്തിന്റെ ആളുകള്, ലാലൂരിനെക്കുറിച്ച് ഒരു വീഡിയോ ഫിലിം എടുക്കാൻ നോക്കിയപ്പോൾ പോലീസു വന്ന് അതു് പിടിച്ചു കൊണ്ടുപോയി. പിന്നെ കുറേക്കാലം കഴിഞ്ഞിട്ടാണ് അതു് തിരിച്ചുകൊടുത്തത്. ഇപ്പൊ.... പൈസയില്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുകയാണത്രെ.'

—'പുറമെനിന്ന് ആരെങ്കിലും നിങ്ങളുടെ ഈ സമരത്തെ സഹായിച്ചിട്ടുണ്ടോ ?'

'പ്രധാനായിട്ടു ജനവാർത്ത എന്ന പത്രത്തിന്റെ ആളുകൾ തന്നെയാണ്. അവരിവിടെ 'വോയ്സസ് ഫ്രം ബലിയപാൽ' എന്ന വീഡിയോ ഫിലിം കാണിച്ചു്, ജനങ്ങളിൽ ബോധവൽക്കരണം നടത്തിയിരുന്നു. പിന്നെ ബിഷപ്പ് പൗലോസ് മാർ പൗലോസ്, ജി. കുമാരപ്പിള്ള, കുഞ്ഞുണ്ണി മാഷ് തുടങ്ങിയവരൊക്കെ ഞങ്ങൾക്കുവേണ്ടി പ്രസ്താവനകൾ ഇറക്കിയിരുന്നു, പിന്നൊന്നും ഉണ്ടായില്ല.'

—'ശാസ്ത്രസാഹിത്യ പരിഷത്ത് നിങ്ങൾക്കുവേണ്ടി സഹായത്തിന് വന്നിരുന്നോ ?'

'ഇല്ല. അവരു് ഞങ്ങളുടെ കാര്യം ശ്രദ്ധിയ്ക്കാതെ, ഇവിടടുത്തുള്ള സ്ഥലത്ത് എന്തോ ആരോഗ്യസെമിനാറോ മറേറാ നടത്തി. ഞങ്ങളപ്പോൾ മുദ്രാവാക്യം വിളിച്ചു ചെന്നു. നോട്ടീസു വിതരണം നടത്താൻ ശ്രമിച്ച ഞങ്ങളെ, പോലീസുകാരെ വിളിപ്പിച്ചു തടഞ്ഞു.'

—'ഇവിടെ വല്ലവർക്കും രോഗലക്ഷണങ്ങൾ കാണാറുണ്ടോ ?'

'ക്ഷയരോഗം വളരെയധികം പടരുണ്ട്.

*'ക്ഷയരോഗം വളരെയധികം പടരുണ്ട്, പിന്നെ ആസ്മ, വയറിളക്കം, ഛർദ്ദി, എന്തിനധികം പറയുന്നു....... മറെറവിടെയുമില്ലാത്ത രോഗം ലാലൂരിലുണ്ടാകും. എങ്ങന്യാ വരാതിരിക്കുക ? ഇവിടുത്തെ കിണററില് വർഷക്കാലത്ത് പുഴുവാ വരു്.... പുഴു.'*



## ലാലൂരിനെക്കുറിച്ച് ഒരു ഫീച്ചർ

പിന്നെ ആസ്മ, വയറിളക്കം, ഛർദ്ദി. എന്തിനധികം പറയുന്നു....മറെവിടെയുമില്ലാത്ത രോഗം ലാലൂരിലുണ്ടാകും. എങ്ങിന്യാ വരാതിരിക്ക്യോ? ഇവിടുത്തെ കിണററില് വർഷക്കാലത്ത് പുഴ്വാ വര്വാ....പുഴ.'

—'ഞങ്ങള് വീണ്ടും വരാം. ഇതുമായി ബന്ധപ്പെട്ട എല്ലാ അധികാരികളേയും ഞങ്ങൾ കാണുന്നുണ്ട്.'

യാത്ര പറഞ്ഞ് പിരിഞ്ഞപ്പോഴേക്കും തലവേദന തുടങ്ങിയിരുന്നു. ലാലൂരിലെ ദുഷിച്ച അന്തരീക്ഷം നൽകിയ സമ്മാനം. ഇവിടെയാണ് നാന്നൂറോളം കുടുംബങ്ങൾ താമസിച്ചുപോരുന്നത്. ഇവരുടെ ആരോഗ്യം ആരാണ് രക്ഷിയ്ക്കുക?

○

തൃശൂർ മുനിസിപ്പൽ ചെയർമാൻ ശ്രീ. ജോയി കവലക്കാടിന്റെ മുറിയിലേയ്ക്ക് കടന്നുചെല്ലുമ്പോൾ പുഞ്ചിരിയോടെ അദ്ദേഹം ഞങ്ങളെ എതിരേററു. ഞങ്ങൾ വെറേററിനറി കോളേജിൽ നിന്നാണെന്നും, കോളേജ് മാഗസിനുവേണ്ടി ലാലൂരിനെക്കുറിച്ച് ഒരു ഫീച്ചർ തയ്യാറാക്കാൻ ഇറങ്ങിയതാണെന്നും പറഞ്ഞപ്പോൾ അദ്ദേഹം പൂർണ്ണമനസ്സോടെ ഒരഭിമുഖത്തിന് സമ്മതം നല്കി.

—'എന്താണ് ലാലൂരിലെ യഥാർത്ഥ പ്രശ്നം?'

'അവരു് പ്രശ്നം ഉണ്ടാക്കണേതില് ഒന്വുംല്ല. വെറുതെ പ്രശ്നം ഉണ്ടാക്കുകയാണ്.'

—'ഇതു് മുമ്പ് മുനിസിപ്പാലിററിയുടെ സ്ഥലമായിരുന്നോ?'

'80 കൊല്ലായിട്ട് ഇതു് മുനിസിപ്പാലിററി ഏരിയയാണ്. അതായതു് കൊച്ചി മഹാരാജാവിന്റെ കാലത്തുതന്നെ ഇതു് മുനിസിപ്പാലിററിയുടെ ഏരിയയായിരുന്നു, 1921 ൽ. ഇരുപത്തെട്ടിലാണെന്നു തോന്നുന്നു, ഞങ്ങളാ സ്ഥലം വാങ്ങിച്ചത്. അന്നവിടെ ആൾപ്പാർപ്പില്ല. കുറുക്കനെന്നെ പോവില്ല. അങ്ങനത്തെ സ്ഥലായിരുന്നു അതു്. തൃശൂരിലെ എല്ലാ ചപ്പുചവറുകളും അവിടെ കൊണ്ടുപോയി നിക്ഷേപിക്കും. കാലാകാലായിട്ട് ഞങ്ങളവിടെ ചപ്പുചവറുകൾ കൊണ്ടിടാറുണ്ടായിരുന്നു. അടുത്ത കാലത്തായി അവിടെ സ്ഥലം വില കൊറച്ച് കിട്ടിത്തുടങ്ങി. അപ്പൊ ആളുകള് ഇത്തിരീശ്ശെ അവിടെ വാങ്ങിച്ചുതുടങ്ങി. വാസ്തവത്തിലവിടെ Restricted ഏരിയയാണെങ്കിലും ഹൗസിങ്ങ് ബോർഡ്കാരു് അവിടെ ഹൗസിങ്ങ് കോളനി പണിതു. ഇപ്പൊ എന്താച്ചാൽ 28 ഏക്കറെ എന്നുള്ളത് 18 ഏക്കറെയായി കുറഞ്ഞിട്ടുണ്ട്. ഞങ്ങള് കാലാകാലായിട്ട് ചെയ്യാറുള്ള എല്ലാ കാര്യങ്ങളും അവിടെ ചെയ്യാറുണ്ട്. അവിടെ ഈച്ചയ്ക്കുള്ള മരുന്ന് തളിയ്ക്കാറുണ്ട്, ട്രഞ്ച് കോരിയിട്ട് അതിലിട്ടു മൂടാറുണ്ട്. അവിടെപോയി കണ്ടാലറിയാം. വിചാരിച്ചത്ര ഭയാനകത്യൊന്നും അവിടെയില്ല. ആളുകള്ക്ക്, എന്താന്നുവെച്ചാൽ ......... വീടും വെച്ച് കുറച്ച് കാശുണ്ടാക്ക്യെപ്പൊ ആ സാധനവിടുന്ന് മാററണം. എവിടേക്ക് മാററണമെന്നുള്ള പോംവഴി അവരു് പറഞ്ഞുതരുന്നില്ല. പിന്നെ പറഞ്ഞത് പ്ലാൻറ് പണിതു് സംസ്ക്കരിക്കുക എന്നുള്ളതാണ്. അവക്ക് പ്ലാൻറുണ്ടാക്ക്യെപ്പൊ അതിന്റെ ഡിസൈൻ ചാർജ്ജും അതിനുവേണ്ട സാധനങ്ങളും ആദ്യം കിട്ടണം.'

—'അഗ്രി: യൂണിവേഴ്സിററി ഒരു plant propose ചെയ്തു എന്നു കേട്ടല്ലോ?'

'അഗ്രി: യൂണിവേഴ്സിററി propose ചെയ്തത് ഗ്യാസ് plant ആണ്. അതു് practical അല്ല ഇവിടെ നാലുമാസം മഴയാ. ഇവിടെയീ plant വർക്കുചെയ്യാൻ പററില്ല. ഇന്ന് ഇന്ത്യയിലുള്ള എല്ലാ ഭാഗത്തും ഞങ്ങൾ എഴുതിച്ചോദിച്ചു. എല്ലാ മുനിസിപ്പാലിററിയിലും കോർപ്പറേഷനിലും earth filling അതായതു് കുഴിതോണ്ടി അല്പം മണ്ണിട്ടുമൂടുക. അതാണ് ഇന്ത്യയില് ആകെ ചെയ്യണത്. പിന്നെ ഇവിടുത്തെ മാത്രായിട്ട് വേറെ പ്രത്യേകതയൊന്നും ഇല്ലല്ലോ?'

—'ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടൊരു കാര്യൊണ്ട്, ഈ ലോറി വന്നിട്ട് ട്രഞ്ചിനകത്തു് തട്ടാതെ, ട്രഞ്ചിനു രണ്ടു സൈഡിലും തട്ടിയിട്ടുപോകുന്നു.'



80 കൊല്ലായിട്ട് ഇത് മുനിസിപ്പാലിററി ഏരിയയാണ്. അതായത് കൊച്ചി മഹാരാജാവിന്റെ കാലത്തുതന്നെ ഇതു് മുനിസിപ്പാലിററിയുടെ ഏരിയയായിരുന്നു, 1921ൽ. ഇരുപത്തെട്ടിലാണെന്നു തോന്നുന്നു, ഞങ്ങളാ സ്ഥലം വാങ്ങിച്ചത്. അന്നവിടെ ആൾപ്പാർപ്പില്ല. കുറുക്കനന്നെ പോവില്ല. അങ്ങനത്തെ സ്ഥലായിരുന്നു അത്.

'ഇപ്പൊ ലോറിയിറങ്ങ്യാൽ, ലോറി ടഞ്ചിനകത്തേയ്ക്കുതാഴം. ഞങ്ങള് Cap-India ആയിട്ടൊരു കരാറുകൊടുത്തിരുന്നു, ഇപ്പൊ അവിടെയുള്ളതൊക്കെ മാററാൻ. പക്ഷെ അവിടെ യൂണിയൻകാരു തമ്മില് തല്ലാ.'

—'ആശുപത്രി വെയ്സ്റ്റ് കൊണ്ടിടാറുണ്ടെന്നു കേട്ടല്ലോ?'

'ആശുപത്രി വെയ്സ്റ്റ് ഇടുന്നുണ്ടെന്നതു പറഞ്ഞത് നൊണയാ. മിക്ക ഹോസ്പിററലിനും അതിൻെറ സ്വന്തമായിട്ടുള്ള പ്ലാൻറുണ്ട്.'

—'ആളുകളുടെ Rehabilitation നെ കുറിച്ച് ആലോചിച്ചിരുന്നോ?'

'അതു ഞങ്ങളുപറഞ്ഞു. വേറെ സ്ഥലം തരാമെന്നു പറഞ്ഞു. പക്ഷെ അവരതിനു തയ്യാറല്ല. അവരുപറഞ്ഞു അവർക്കു് വാട്ടർ supply ഫ്രീ ആയിട്ട് വേണമെന്ന്. ഞങ്ങടെ കൊടുക്കാമെന്നുപറഞ്ഞു. പക്ഷെ അവിടുത്തെ പഞ്ചായത്ത് സമ്മതിച്ചിട്ടില്ല. അതുപോലെ ഞങ്ങള് എലക്ട്രിക് ലൈനിട്ടു തരാമെന്നു പറഞ്ഞു. അതിനും പഞ്ചായത്തിൻെറ sanction കിട്ടിയില്ല. ഞങ്ങളിനി എന്തുചെയ്യണമെന്നാ പറയുന്നതവിടെ?'

—'അവിടെയുള്ളൊരു ബോർവെൽ വർക്കുചെയ്യുന്നില്ല എന്നു പറയുന്നുണ്ടല്ലോ?'

'ആ Bore well ലെ വെള്ളം water pollution എന്നു പറഞ്ഞിട്ട്. വലിയ Complaint ആണ്, water pollution test ചെയ്തപ്പോഴും ഒരു കുഴപ്പമില്ല.'

—'അവിടെ വർഷക്കാലത്ത് പുഴു വരുന്നുണ്ടെന്നൊക്കെ നാട്ടുകാർ പറയുന്നുണ്ടല്ലോ?'

'പിന്നെന്തിനാ അവിടുത്തെ വെള്ളം കോരി കുടിക്കണതവര്?'

—'അവർക്കു് വേറെ Resources ഇല്ലാത്തതുകൊണ്ടായിക്കൂടെ?'

'Resources ഞങ്ങള് കൊടുക്കാൻ തയ്യാറാണ്. പഞ്ചായത്ത് സമ്മതിയ്ക്കണ്ടെ! ഞങ്ങടെക്ക് പഞ്ചായത്തിലേയ്ക്ക് വെള്ളം കൊടുക്കാനേ പററൂ. Distribution അവർ ചെയ്യണ്ടേ? അവരു തമ്മിൽ Fight ആണ്. ആര്യൻഗ്രൂപ്പും മാർക്സിസ്ററ് പാർട്ടിയും തമ്മില്. പിന്നെ ഞങ്ങളവിടെ Compound wall കെട്ടാമെന്നു പറഞ്ഞു, അവിടുത്തെ ഭയാനകത മാററാൻ. Compound wall കെട്ടി ചുററും മരങ്ങള് വെച്ച് പിടിപ്പിക്ക്യാ. കാലാന്തരത്തില് വൃക്ഷങ്ങളൊക്കെ വളർന്ന് അതു് ശരിയാകും. അപ്പൊ Compound wall കെട്ടാൻപാടില്ല്യാന്നു പറഞ്ഞു. വേണ്ട കെട്ടണ്ട. അവിടെ കിടന്നോട്ടെ.

—'അവിടെയുള്ള പൊതു ശ്മശാനത്തിലെ ശവങ്ങളൊന്നും നശിപ്പിക്കുന്നില്ല എന്നു പറയുന്നുണ്ടല്ലോ?'

'ഞങ്ങള് ശരിയ്ക്കും നശിപ്പിക്കണൊണ്ട്. ഞങ്ങളവിടെ എലക്ട്രിക് ശ്മശാനം മൂന്നുലക്ഷം ഉറുപ്പിക ചെലവാക്കി പണിയാൻ തയ്യാറായിരുന്നു. അപ്പൊ പറഞ്ഞു Air-pollution ഉണ്ടാകുമെന്ന്. എന്തെങ്കിലും നല്ല കാര്യം ചെയ്താൽ തടയുക എന്നതാണ് അവരുടെ നിലപാട്.'

—'ഇപ്പോ അവിടെ ചവറു കത്തിയ്ക്കുന്നുണ്ടല്ലോ?'

'അതു് കത്തിക്കണതു് അവരാ. അതു് കത്തിച്ചിട്ട് അതിനുള്ളിലെ വെയ്സ്ററ് എടുക്കുക. ഇരുമ്പിൻേറയും മററും സാമാനങ്ങള് പെറുക്കിയെടുക്കുകയാണ് അവരുടെ ജോലി. അതുകൊണ്ടു ജീവിക്കുന്ന പലരും അവിടെയുണ്ട്. മുനിസിപ്പാലിററിയ്ക്ക് എന്തെങ്കിലും Suggestions തരാനാണെങ്കില് അതു് Viable ആകണം. എങ്കിൽ കാശു മുടക്കാൻ ഞങ്ങള് തയ്യാറാണ്.'

—'Banglore Agri Uni. ചെയ്യുന്നുണ്ടല്ലോ?'

'Banglore ൽ ഞങ്ങടെ പോയിരുന്നു. അപ്പൊ അവരു് പറഞ്ഞതു് അവരും Earth filling ൽ തന്നെ എത്തി എന്നുള്ളതാണ്.'

—'ഇതിനെ കുറിച്ച് വല്ല കേസും ഇപ്പോഴും നിലവിലുണ്ടോ?'

'കേസുണ്ട്. അവർ കേസു കൊടുത്തിരുന്നു. അവരു് കമ്മീഷൻ വെച്ചിരുന്നു, water pollution, Air pollution എന്നൊക്കെ പറഞ്ഞിട്ട്.'

---

അതു് കത്തിക്കണതു് അവരാ. അതു് കത്തിച്ചിട്ട് അതിനുള്ളിലെ വെയ്സ്ററ് എടുക്കുക. ഇരുമ്പിൻേറയും മററും സാമാനങ്ങള് പെറുക്കിയെടുക്കുകയാണ് അവരുടെ ജോലി. അതുകൊണ്ടു ജീവിക്കുന്ന പലരും അവിടെയുണ്ട്. മുനിസിപ്പാലിററിയ്ക്ക് എന്തെങ്കിലും Suggestions തരാനാണെങ്കില് അതു് Viable ആകണം. എങ്കിൽ കാശു മുടക്കാൻ ഞങ്ങള് തയ്യാറാണ്.



## ലാലൂരിനെക്കുറിച്ച് ഒരു ഫീച്ചർ

—'നഗരം വളരുന്നതിനനുസരിച്ചിട്ട് വെയ്സ്റ്റും കൂടിക്കൂടി വരികയാണല്ലോ ? അതുകൊണ്ട് ഇതു് രണ്ടു മൂന്നു സ്ഥലത്തായി വിഭജിച്ചുകൊണ്ടിട്ടുകൂടെ ?'

'സാധാരണ ഞങ്ങൾ വെയ്സ്റ്റ് അവിടെ തന്നെ കഴിച്ചുമൂടുകയാണ് പതിവ്.'

—'ഇറച്ചിക്കടകളിലെ വെയ്സ്റ്റൊക്കെയോ ?'

'അതു് ലേലം വിളിച്ചു വിൽക്കുകയാണ്. അവരവിടെ കളവായിട്ട് രാത്രീല് കന്നുകാലികളെ വെട്ടുന്നുണ്ട്. ഇപ്പൊ പോലീസ് Escort വേണം സാധനങ്ങളവിടെ കൊണ്ടുചെന്നിടാൻ.'

—'എന്താണങ്ങിനെ ?'

'വണ്ടികളിലെ ജീവനക്കാരെ അവരു് ആക്രമിയ്ക്കുകയാണ്. ബോംബെറിയലുമുണ്ട്. എന്നെ അവർ ഘെരാവൊ ചെയ്തു, ക്ടാങ്ങളും കുട്ടികളുമടക്കം ഒരു കൂട്ടം ആളുകള്. അവരുപയോഗിക്കുന്ന ഭാഷകൊണ്ട് നമുക്കൊരു ഡിക്ഷണറിയുണ്ടാക്കാം.'

—'അവിടെയുള്ള നാട്ടുകാർ പറയുന്നതു്, അവിടെ ഭരണം നടത്തുന്ന മാർക്സിസ്റ്റുകാരും, മുനിസിപ്പൽ ഭരണം നടത്തുന്ന കോൺഗ്രസ്സുകാരും, അവരെ കൈവിട്ടു എന്നാണ്.'

'അതു് മിക്കവാറും വിട്ടും. കാരണം അവരുടെ സ്വഭാവം കൊണ്ടുതന്നെ.'

—'അവരു് വോട്ടിങ്ങിൽനിന്നും മറ്റും ഒഴിഞ്ഞുനിൽക്കുന്നതു് ജനാധിപത്യത്തിന്റെ മുഖ്യധാരയിൽനിന്നു് ഒഴിഞ്ഞു നില്ക്കലല്ലേ ?'

'അവരു് അവരുടെ വോട്ടവകാശം വെറുതെ കളയല്ലേ ? അതിനുള്ള അവകാശം അവർക്കാ.'

—'ഇവിടെ ഏതെങ്കിലും സംഘടനകളോ മറ്റോ പ്ലാനുമായി വന്നാൽ സഹകരിക്കാൻ തയ്യാറാകില്ലേ ?'

'തീർച്ചയായും, പക്ഷെ ഇന്ത്യയിലില്ല ഇങ്ങിനെയുള്ളൊരു പ്ലാൻ.'

—'എത്ര പ്രാവശ്യം നാട്ടുകാരുമായി ചർച്ച നടത്തിയിരുന്നു ?'

'നാലു പ്രാവശ്യം ഉണ്ടായിട്ടുണ്ട്. നിങ്ങള് വിചാരിക്കുന്നത്ര ആത്മാർത്ഥതയുള്ളവരൊന്നുമല്ല അവര്. നിങ്ങളാദ്യമായി വരുന്നതുകൊണ്ട് തോന്നുന്നതാ.'

'—ഇവിടുത്തെ Health Officer മാർ ഇതിനെക്കുറിച്ച് എന്തുപറയുന്നു ?'

'അവരെ വിളിയ്ക്കാം.'

അങ്ങിനെയാണ് ഞങ്ങൾ മുനിസിപ്പാലിററിയിലെ പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ഓഫീസർമാരെ പരിചയപ്പെടുന്നതു്. മുനിസിപ്പൽ കമ്മീഷണറുടെ അനുമതിയ്ക്കുശേഷം മാത്രമാണ് അവർ ഒരഭിമുഖത്തിനു് തയ്യാറായതു്.

—'ലാലൂരിലെ ഇന്നത്തെ അന്തരീക്ഷം ജനവാസയോഗ്യമാണോ ? എന്താണങ്ങയുടെ അഭിപ്രായം ?'

"According to our information, It was a deserted area. The government wanted a place for making some housing colonies for publics.

There is a rule that, before making a housing colony, Director of Health Services shall be consult us കാരണം, According to our public health act, the residential area and non-residential area.........

'They neglected that.......... (മറെറാരു ഉദ്യോഗസ്ഥൻ ഇടയിൽ കയറി പറഞ്ഞു.)

—'Have you taken any steps to improve the status of people, now residing in Lalur ?'

See, a dumping place should be retained as a dumping place. A maidan should be retained as a maidan. There should be some rules, otherwise such difficulties will arise.'

—One thing that we have noticed is the municipality has not taken any step to protect the area'

'First of all, these people don't allow us to construct a compound wall around.'

They must allow us to take up a constructive approach, but their apporach is only one



'വണ്ടികളിലെ ജീവനക്കാരെ അവര് ആക്രമിയ്ക്കുകയാണ്. ബോംബെറിയലുമുണ്ട്. എന്നെ അവർ ഘെരാവൊ ചെയ്തു. ക്ടാങ്ങളും കുട്ടികളുമടക്കം ഒരു കൂട്ടം ആളുകള്. അവരുപയോഗിക്കുന്ന ഭാഷകൊണ്ട് നമുക്കൊരു ഡിക്ഷണറിയുണ്ടാക്കാം.'

sided. "It should be shifted"—Is their only demand.

—'Banglore Agri. Uni. ഈ waste എല്ലാം convert ചെയ്യുന്ന programme നടപ്പിലാക്കുന്നുണ്ടെന്നു കേട്ടല്ലോ?'

'ഇല്ല....It was a total failure. Incineration is good, where the quantity is limited.'

നിങ്ങള് പേപ്പറില് വായിച്ചിട്ടുണ്ടാകും. ഒരു അമേരിക്കൻ ഷിപ്പ് ആറുമാസം നടന്നു അവരുടെ waste deposit ചെയ്യാൻ കഴിയാതെ........

—'ഞങ്ങൾ ലാലൂരിലെ ആളുകളുമായി സംസാരിച്ചപ്പോൾ അവരു് Co-operate ചെയ്യാൻ തയ്യാറായി വരുന്നുണ്ട്.....'

'അവരു്....വരണം....because we have a lot of ideas.... I don't know how far it is practical. We should put it into practice. എന്നാലല്ലെ ശരിയാകൂ.'

—ഇത്രയും waste ഒന്നിച്ചിടാതെ, പല ഭാഗങ്ങളിലായി സംസ്ക്കരിച്ചു കൂടെ?'

'We don't have any inch of place outside the municipal area so we are relying on the Panchayat area.'

—'എന്തൊക്കെ ideas ആണ് ഈ പ്രശ്നം പരിഹരിക്കാൻ താങ്കളുടെ കയ്യിലുള്ളതു്?'

Primarily, compound wall കെട്ടി well protected area ആക്കണം. ഇതിനുചുററും ഒരു മുപ്പതു മീററർ ദൂരത്തിൽ മരംവെച്ചു പിടിപ്പിക്കണം. അങ്ങിനൊരു 'Green Belt' ഉണ്ടാക്കുക. Trench ല് waste ഇട്ടശേഷം, we should spray a coat of mud over it ഇതു് വർക്കുചെയ്യാൻ വേണ്ടി നല്ലൊരു Machinary work ചെയ്യാനുണ്ടെങ്കില് ഈ പ്രശ്നം പരിഹരിക്കപ്പെടും. പിന്നെ ഇതു് എല്ലാ മുനിസിപ്പാലിററിയുടേയും കോർപ്പറേഷൻേറയുമൊക്കെ പ്രശ്നമാണിതു്.

—ആശുപത്രി വെയ്സ്ററൊക്കെ അവിടെ കൊണ്ടു് ചെന്നിടുന്നുണ്ടല്ലോ?'

'മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒഴിച്ച്, വേറൊരു ആശുപത്രി waste ഉം ഞങ്ങളെടുക്കുന്നില്ല.'

—അവിടെ water Contamination ഉണ്ടെന്നു പറയുന്നതു ശരിയാണോ?'

'ഇല്ല. ഞങ്ങൾ ടെസ്ററു ചെയ്തു നോക്കിയിരുന്നു. യാതൊരു കുഴപ്പവുമില്ല.'

ഒന്നര മണിക്കൂർ നീണ്ടുനിന്ന സംഭാഷണത്തിലെ കുറച്ചു ഭാഗങ്ങൾ മാത്രമാണിതു്. ലാലൂരിലെ ജനങ്ങൾ സഹകരിയ്ക്കാൻ തയ്യാറായി വന്നാൽ എന്തു സഹായത്തിനും തയ്യാറാണെന്നു് ഹെൽത്തു് അതികൃതരുടെ ഉറപ്പുമായാണ് ഞങ്ങളവിടെനിന്നും മടങ്ങിയതു്.

പല പ്രാവശ്യം പോയിട്ടും, ഇപ്പോൾ ലാലൂരിലെ സമരത്തെ നയിക്കുന്ന ആര്യൻ നമ്പൂതിരിയെ ഞങ്ങൾക്കു കാണാൻ കഴിഞ്ഞില്ല മുൻകൂട്ടി ഫോണിലൂടെ സമ്മതം വാങ്ങിയശേഷം, ഒല്ലൂരിലെ മുൻ M.L.A.യും, അയ്യന്തോളിൻെറ മുൻ പഞ്ചായത്തു പ്രസിഡണ്ടൻറുമായിരുന്ന A. V. ആര്യൻെറ വീട്ടിൽ കാലത്തു തന്നെ ഞങ്ങളെത്തിച്ചേർന്നു. വെറേററിനറി കോളേജിൻെറ മാഗസിനിനുവേണ്ടി, ലാലൂരിനെ കുറിച്ചുള്ള ഫീച്ചറിനാണ് വന്നതെന്നറിഞ്ഞപ്പോൾ അദ്ദേഹം വളരെ സന്തോഷത്തോടെ തന്നെ ഒരു അഭിമുഖത്തിനു് സമ്മതം നല്കി.

—എന്നുമുതൽക്കായിരുന്നു ലാലൂരിൽ ചപ്പുചവറുകൾ കൊണ്ടുവന്നിടാൻ തുടങ്ങിയിരുന്നതു്?'

'സ്ഥാനഭ്രഷ്ടനാക്കപ്പെട്ട എക്സ്' എന്ന കൊച്ചി രാജാവിൻെറ സമയത്താണ് ആദ്യമായിട്ട് ഈ സാനിട്ടേഷൻ പ്രവർത്തനങ്ങൾ തൃശ്ശൂരിൽ തുടങ്ങിയതു്. [അദ്ദേഹത്തിൻെറ കോവിലകമാണത്രെ തൃശ്ശൂരിൽ ഇപ്പോഴുള്ള കേരളവർമ്മ കോളേജ്]. 1932–33 കാലങ്ങളിൽ ശവംവെക്കാൻ സ്ഥലമില്ലാതെ, ലാലൂരിൽ ഏതാണ്ടു് രണ്ടര ഏക്കറോളം സ്ഥലം. രാജാവ് വാ

*They must allow us to take up a constructive approach, but their approch is only one sided. "It should be shifted"—is their only demand.*



## ലാലൂരിനെക്കുറിച്ച് ഒരു ഫീച്ചർ

ക്കാലെ പതിച്ചുകൊടുത്തു. ഇതും, waste ഇടുന്ന സ്ഥലവും കൂടി ഏതാണ്ട് മുപ്പതു് ഏക്കറോളമുണ്ട്. അന്നത്തെ Education Director ആയിരുന്ന മത്തായി മാസ്ററർ [ഇദ്ദേഹം നെഹ്റു മന്ത്രിസഭയിലെ Finance Minister ആയിരുന്നു. ഇദ്ദേഹത്തിൻെറ ഓർമ്മയ്ക്കായിട്ടാണ് തൃശ്ശൂരിലെ School of Drama] പറഞ്ഞതനുസരിച്ചാണ് അന്ന് ലാലൂരിൽ ഹരിജനങ്ങൾക്കായി കോളനി ഉണ്ടാക്കിയതു്. ഇപ്പോൾ waste ഇടുന്നതിനടുത്തുള്ള ഈ തന്നെ അതു്. 1963 ആയപ്പോഴേയ്ക്കും മാലിന്യങ്ങൾ കൂടി കൂടിവന്നു. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ട് ഞാനായിരുന്നു. ഞങ്ങളധികാരത്തിൽ വന്നപ്പോൾ ആദ്യമായി ആവശ്യപ്പെട്ടത് ഇതിവിടെനിന്ന് മാററണമെന്നായിരുന്നു. പഞ്ചായത്തുവകുപ്പിൻെറ സെക്ഷൻ പ്രകാരം ഇവിടെ ആരുടെ Land ആയിരുന്നാലും ശരി ഈ പഞ്ചായത്തിൻെറ അതിർത്തിയിൽ എന്തെങ്കിലും ചെയ്യണമെന്നുണ്ടെങ്കിൽ പഞ്ചായത്തിൻെറ Sanction ഇല്ലാതെ പററില്ല. അങ്ങിനെ മാലിന്യങ്ങൾ ഇവിടെ തട്ടാൻ പാടില്ലെന്ന് ഞങ്ങൾ പറഞ്ഞു.

''യാതൊരു രേഖയും മുനിസിപ്പാലിററിക്കാർക്ക് കാണിക്കാൻ കഴിയില്ല്യാന്ന് ഞാൻ വെല്ലുവിളിക്കുന്നു.'' ലാലൂർ സമരസമിതിയെ നയിക്കുന്ന എ. വി. ആര്യൻ.



കോളനി അന്നുണ്ടാക്കിയതാണ്. നഗരം വികസിക്കുന്നതിനോടൊപ്പം മാലിന്യങ്ങളും കൂടിവന്നു. ഈ ഹരിജൻ കോളനി വന്നശേഷം, ഇതിവിടെനിന്ന് മാററണമെന്നാവശ്യപ്പെട്ട് ഇക്കണ്ടവാര്യരുടെ നേതൃത്വത്തിൽ ആദ്യത്തെ പ്രക്ഷോഭമുണ്ടായി, 1936ലോ 37ലോ ആയി

—'ഈ സ്ഥലം 1928-ൽ മുനിസിപ്പാലിററി പാട്ടത്തിനു വാങ്ങിയതെന്നു പറയുന്നതു് ശരിയാണോ?'

'യാതൊരു ശരിയും ഇല്ല അതില്. വാക്കാല്



*വാക്കാല് മഹാരാജാവ് പറഞ്ഞിട്ടുള്ളതല്ലാതെ, യാതൊരു രേഖയും ഇവർക്ക് ഹൈക്കോടതിയിൽ ഹാജരാക്കാൻ പററിയിട്ടില്ല. അവരുടെ കൈയ്യിൽ രേഖയില്ല എന്ന കാര്യം എനിക്ക് വ്യക്തമായിട്ടറിയാം. യാതൊരു രേഖയും മുനിസിപ്പാലിററിക്കാർക്ക് കാണിക്കാൻ കഴിയില്ല്യാന്ന് ഞാൻ വെല്ലുവിളിക്കുന്നു.*

മഹാരാജാവ് പറഞ്ഞിട്ടുണ്ടെന്നല്ലാതെ, യാതൊരു രേഖയും ഇവർക്ക് ഹൈക്കോടതിയില് ഹാജരാക്കാൻ പററിയിട്ടില്ല. അവരുടെ കൈയിൽ രേഖയില്ല. ഇല്ല എന്നുള്ള കാര്യം എനിക്ക് വ്യക്തമായിട്ടറിയാം. യാതൊരു രേഖയും മുൻസിപ്പാലിററിക്കാർക്ക് കാണിക്കാൻ കഴിയില്ല്യാന്ന് ഞാൻ വെല്ലുവിളിക്കുന്നു. എത്ര ഉറപ്പികയ്യു വേണമെങ്കിലും ഞാൻ ചാലഞ്ചുചെയ്യാം ! അന്ന് ഞങ്ങൾ പഞ്ചായത്തതിർത്തിയിൽ മുനിസിപ്പാലിററിയുടെ യാതൊരു വാഹനത്തിനും അങ്ങോട്ടു പ്രവേശനമില്ലാന്ന് Board വെച്ചു. അപ്പോൾ മുനിസിപ്പാലിററി കേസുകൊടുത്തു. പഞ്ചായത്തിനധികാരമില്ലാതെ യാതൊരു വാഹനവും അങ്ങോട്ടു കടത്താൻ പാടില്ല്യാന്ന് അന്നത്തെ മുൻസിഫ് വിധിച്ചു. രണ്ടുദിവസം കഴിഞ്ഞപ്പോഴേക്കും ടൗണാകെ നാറാൻ തുടങ്ങി. ഒരു സൗഹാർദ്ദപരമായ സമീപനമെന്ന നിലയിൽ നിലത്തുതൊടാത്തവിധം, ടാങ്കുകെട്ടി മലം സംസ്കരിയ്ക്കാൻ ഞങ്ങളനുവാദം കൊടുത്തു. അതുപ്രകാരം 27 ലക്ഷംരൂപ ചിലവുവരുന്ന ഒരു ടാങ്ക് പണികഴിപ്പിച്ചു. അങ്ങിനെയിരിക്കുമ്പോഴാണ് W. H. O. ഓർഡറുണ്ടാക്കിയതു്. തോട്ടിപ്പണി അവസാനിപ്പിയ്ക്കണമെന്ന്. അങ്ങിനെ ഏതാണ്ട് രണ്ട് കൊല്ലത്തിനുള്ളിൽ എല്ലാ വീടുകളിലും Septic tank കൾ ഉണ്ടാക്കി. പണിപൂർത്തിയായ ആ ടാങ്ക് വെറുതെയായി.'

—'അന്ന് മലം തട്ടിയിരുന്ന സമയത്ത് എത്രമാത്രം ചവറ് തട്ടിയിരുന്നു ?'

'രണ്ടോ മൂന്നോ ഉന്തുവണ്ടി ചവറുമാത്രം. ബാക്കി ചവറൊക്കെ ശക്തൻതമ്പുരാൻ മാർക്കററിന്റെ സ്ഥലത്തും, ചെമ്പുക്കാവ് പാടത്തും കത്തിച്ചുകളയുകയായിരുന്നു പതിവ്.'

—'പിന്നീട് എന്നാണ് സമരം തുടങ്ങിയതു് ?'

'പിന്നീട് മാലിന്യങ്ങൾ കൂടാൻ തുടങ്ങിയപ്പോൾ അവരതു് കുഴിച്ചുമൂടാൻ തുടങ്ങി. കുഴിച്ചുമൂടാൻ തുടങ്ങിയപ്പോൾ ചുററുമുള്ള ഒരൊററ കിണററിലെ വെള്ളം പോലും കുടിയ്ക്കാൻ പററാതെയായി. അങ്ങിനെ വീണ്ടും പ്രക്ഷോഭം ഉണ്ടായി. അതേ തുടർന്ന് 76ലോ മററോ ഒരു കമ്മിററിയുണ്ടാക്കി. അവർ സമരം ചെയ്തു. മുനിസിപ്പൽ ചെയർമാനുമായി സമ്മേളനംനടത്തി അന്നതു് അവസാനിച്ചു. 80-ൽ വീണ്ടും രാഷ്ട്രീയ പാർട്ടികൾ ചേർന്ന് ഒരു കമ്മിററി രൂപീകരിച്ചു. അതും മുനിസിപ്പാലിററി സമ്മേളനം വിളിച്ച് അവസാനിപ്പിച്ചു. 83-ൽ വീണ്ടുംകൂടി. മുനിസിപ്പാലിററിയുടെവിടേയും കലക്ട്രേററിലും ധർണ്ണ നടത്തി അതും അവസാനിപ്പിച്ചു. അതുകഴിഞ്ഞ് 88 ഒക്ടോബർ രണ്ടിന് ഹൗസിങ്ങ് ബോർഡിലെ ഒരു മേനോൻ കേസുകൊടുത്തു. അന്നത്തെ മുൻസിഫ് വീണ്ടും സ്റ്റേ കൊടുത്തു. രണ്ടുദിവസത്തിനുള്ളിൽ മുനിസിപ്പാലിററി മുഴവൻ വീണ്ടും നാറിത്തുടങ്ങി. പിന്നെ വന്ന മുൻസിഫ് ടൗണിൽ താമസിക്കുന്ന ആളായിരുന്നു. അദ്ദേഹം ഈ സ്റ്റേ വെക്കേററു ചെയ്തു. വീണ്ടും മാലിന്യങ്ങൾ കൊണ്ടുവന്നുതുടങ്ങി. അപ്പോഴാണ് ജനങ്ങൾ എന്റെടുത്തു വന്നതു്. എല്ലാവരും ഒത്തുനില്ക്കാമെങ്കിൽ ഞാനും ഉണ്ടാകാമെന്നു പറഞ്ഞു. അങ്ങിനെ അസീസ് നഗറിൽ ഒരു യോഗം നടത്തി. സ്ത്രീകളും പുരുഷന്മാരുമടക്കം പത്തുനാനൂറ് പേരുണ്ടായിരുന്നു. അങ്ങിനെ ഞങ്ങൾ സമരം തുടങ്ങി. പഞ്ചായത്തു്, മുനിസിപ്പാലിററി, കലക്ടറേററ് ഇവിടെയെല്ലാം ധർണ്ണ നടത്തി. അതും പററാതെ വന്നപ്പോൾ ഈ മൂന്നു സ്ഥലവും പിക്കററുചെയ്തു.

— 'എന്തിനാണ് പഞ്ചായത്തിനെ പിക്കററുചെയ്തതു് ?'

'പഞ്ചായത്ത് മുനിസിപ്പാലിററിക്ക് അനുകൂലമാണ്. മാർക്സിസ്റ്റു പാർട്ടിയാണ് ഈ പഞ്ചായത്തിൽ ഭരണം നടത്തുന്നതു്. ഇവിടെ വരണ്ടാ എന്നുപറയാൻ അവർക്ക് ധൈര്യമില്ല. ടൗണിലെ വോട്ട്പോകുമോ എന്ന പേടിയാണ് അവർക്ക്. ഞാൻ പഞ്ചായത്തു പ്രസിഡൻറായിരുന്നപ്പോൾ ഇവിടെ മലം കൊണ്ടുവരുന്നതു് തടഞ്ഞിരുന്നു. ഇതു് തടയാൻ അയ്യന്തോൾ പഞ്ചായത്തിനധികാരമുണ്ട്.'

അസീസ് നഗറിൽ ഒരു യോഗം നടത്തി. സ്ത്രീകളും പുരുഷൻമാരുമടക്കം പത്തുനാനൂറ് പേരുണ്ടായിരുന്നു. അങ്ങിനെ ഞങ്ങൾ സമരം തുടങ്ങി. പഞ്ചായത്ത്, മുനിസിപ്പാലിററി, കലക്ടറേററ് ഇവിടെയെല്ലാം ധർണ്ണ നടത്തി. അതും പററാതെ വന്നപ്പോൾ ഈ മൂന്നു സ്ഥലവും പിക്കററു ചെയ്തു.



## ലാലൂരിനെക്കുറിച്ച് ഒരു ഫീച്ചർ

—'ഇപ്പോഴത്തെ സമരത്തിൽ എന്തു് ഡിമാൻറാണ് വെച്ചിരിക്കുന്നത് ?'

'ഒന്നുകിൽ ഇതിവിടെനിന്നു് മാററണം. അല്ലെങ്കിൽ യാതൊരു Pollution ഉം ഇല്ലാത്തവിധത്തിൽ സംസ്ക്കരിക്കാൻ ഏർപ്പാടുണ്ടാകണം. ഒരിക്കലും നാററം പുറത്തുവരരുത്. ഇപ്പോഴുതന്നെ നാന്നൂറിലധികം ആളുകളുടെ പേരിൽ 42ലധികം കേസുകളുണ്ട്. എന്നാലും ഞങ്ങൾ സമരം ശക്തിപ്പെടുത്താൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്.'

—'ഇവിടുത്തെ വെള്ളം Polluted അല്ലെന്നാണല്ലോ മുനിസിപ്പാലിററി അധികൃതർ പറയുന്നതു്. ?'

'Pollution Control Board നെ ഇവിടുത്തെ Pollution test ചെയ്യുവാൻ കോടതി നേരിട്ടപ്പോയിൻറു ചെയ്തിരുന്നു. അവർ പറയുന്നത് ഇവിടുത്തെ വായുവിൽ 16% പൊല്യൂഷനുണ്ടെന്നാണ്. അത്രതന്നെ വെള്ളത്തിലുമുണ്ട്. ഒന്നരകിലോമീററർ അകലെയുള്ള വെള്ളത്തിൽപോലും Pollution ഉണ്ട്. വെള്ളം കുടിക്കരുതെന്നും, കുടിക്കണമെങ്കിൽ പൊട്ടാസ്യം പെർമാംഗനേററ് വെള്ളത്തിലിട്ട് ചൂടാക്കി തണുത്തശേഷം, Chlorinate ചെയ്തശേഷമേ കുടിക്കാവൂ എന്നതാണ്. ആ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചപ്പോൾ ഹൈക്കോടതി മൂന്നു് suggestions വെച്ചിട്ടുണ്ട്.

1 പുക പുറത്തുവരാതെ അതു് കത്തിച്ചുകളയുക.
2 ഗ്യാസാക്കി മാററി എന്തെങ്കിലും ചെയ്യുക.
3 നിലം തൊടാതെയുള്ള കോൺക്രീററ് തൊട്ടികൾ കെട്ടി അതു് Process ചെയ്യുക.

ഇതിലേതെങ്കിലും മുനിസിപ്പാലിററി Prefer ചെയ്തില്ലെങ്കിൽ, ഇതിവിടെനിന്നും മാററണമെന്നുള്ള റിട്ട് അനുവദിച്ചതായി കണക്കാക്കും.'

—'മുനിസിപ്പാലിററി Pipe line provide ചെയ്യാമെന്നു പറഞ്ഞപ്പോൾ പഞ്ചായത്തു് അതു് ഏറെറടുക്കാൻ തയ്യാറല്ലെന്നു് മുനിസിപ്പൽ അധികൃതർ പറഞ്ഞല്ലോ ?'

'അതൊക്കെ അവരു് തമ്മിലുള്ള ഒത്തുകളി മാത്രമാണ്, നാട്ടുകാരെ പററിക്കാൻ.'

—'ആശുപത്രി വെയ്സ്റ്റൊന്നും ഇവിടെ കൊണ്ടിടുന്നില്ലെന്നാണല്ലോ മുനിസിപ്പാലിററി അധികൃതർ പറയുന്നത് ?'

'ആരാ പറഞ്ഞത് ? ഒരു ദിവസം ഒരാളുടെ Ampute ചെയ്യപ്പെട്ട കാല് പട്ടികൾ കടിച്ചുവലിക്കുന്നത് ഞാൻ കണ്ടതാ. അതുപോലെ ഒരു ദിവസം മാസം തികയാതെ പ്രസവിച്ച ഒരു കുട്ടിയെ പ്ലാസ്ററിക്ക് പാക്കററിൽ പൊതിഞ്ഞ് പെട്ടിയിലാക്കി ഇവിടെ കൊണ്ടുവന്നിട്ടിരുന്നു. മുളകുന്നത്തുകാവിലെ മെഡിക്കൽ കോളേജിലെ T. B. Sanitorium ത്തിലെ സാധനങ്ങളെല്ലാം ഇവിടെ കൊണ്ടുവന്നിടുന്നുണ്ട്. Pollution Control Board അന്വേഷണത്തിനുവന്ന സമയത്തു് ഒരു മനുഷ്യൻെറ ചീയാൻ തുടങ്ങിയ തല കാണാൻ കഴിഞ്ഞു. അവരതു് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.'

—'സമരം Controlled ആയിരുന്നോ ? Controlled അല്ലെന്നായിരുന്നല്ലോ അധികൃതർ പറഞ്ഞിരുന്നതു് ?'

'വളരെ Controlled ആയിരുന്നു.'

—'അനധികൃതമായി ഇവിടെ Slaughter നടത്തുന്നുണ്ടെന്നു് മുനിസിപ്പൽ അധികൃതർ പറയുന്നത് ശരിയാണോ ?'

'അവരു് കളവു പറയുകയാണ്. ഇപ്പൊ വേണമെങ്കിൽ നിങ്ങൾക്കതു് കാണിച്ചുതരാം. വെട്ടിയ മൃഗങ്ങളുടെ തലകൾ അവർ അതേപടി ഇവിടെ കൊണ്ടുവന്നിടും. ഇവിടെ അനധികൃതമായി slaughter നടത്തുന്നുണ്ടെങ്കിൽ അവർക്കതു് തടഞ്ഞുകൂടെ ?''

—'ആളുകൾ ലോറി നശിപ്പിച്ചുവെന്നു പറയുന്നതു് ശരിയാണോ ?'

'ലോറി നശിപ്പിച്ചു, അതു് ശരിയാണ്. അതിനുള്ള ഇടയുണ്ടാക്കിയതും അവരാണ്, അതും പോലിസിൻെറ മുമ്പിൽവെച്ചാ ഞങ്ങളതു് ചെയ്തതു്.'

—'കുപ്പിയും പാട്ടയും പെറുക്കുന്ന ആളുകളാണ് ഇവിടെ



*ഒന്നുകിൽ ഇതിവിടെനിന്നു് മാററണം. അല്ലെങ്കിൽ യാതൊരു Pollutionഉം ഇല്ലാത്തവിധത്തിൽ സംസ്ക്കരിക്കാൻ ഏർപ്പാടുണ്ടാക്കണം. ഒരിക്കലും നാററം പുറത്തുവരരുത്. ഇപ്പോൾതന്നെ നാനൂറിലധികം ആളുകളുടെ പേരിൽ 42ലധികം കേസുകളുണ്ട്. എന്നാലും ഞങ്ങൾ സമരം ശക്തിപ്പെടുത്താൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്.*

യുള്ളതെന്നും, അവരാണ് **Enchrochment** നടത്തിയതെന്നുമാണല്ലോ പറയുന്നത് ?'

'അങ്ങിനെ ഒരൊററ ആളില്ല ഇവിടെ. ഉണ്ടെങ്കിൽ അവരീ സമരത്തിനു വരുമോ ? അതൊക്കെ ടൗണിൽനിന്നും വരുന്നവരാണ്.'

—'ഇതിനുപുറമേ **compound wall** കെട്ടാൻ വന്ന അധികൃതരെ തടഞ്ഞുവെന്നു പറയുന്നുണ്ടല്ലോ ?'

ഉണ്ട്. അതു് ഞങ്ങൾ തടയും, **compound wall** കെട്ടിയാൽ പിന്നെ അവർക്ക് എന്തും കൊണ്ടുവന്ന് ഇടാമല്ലോ ? ആരും കാണുകയുമില്ല.'

—**Waste convert** ചെയ്യുന്ന എന്തെങ്കിലും മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിരുന്നോ ?'

'മുനിസിപ്പാലിററി ആവശ്യപ്പെട്ട പ്രകാരം മൂന്ന് എഞ്ചിനീയർമാർകൂടി 80 ലക്ഷം രൂപ ചിലവുവരുന്ന ഒരു **plant**-ൻെറ സ്കീം സബ്മിററു ചെയ്തിരുന്നു. സ്കീം ഉണ്ടാക്കിയതിനു ചിലവായ ഇരുപതിനായിരം രൂപ കൂടി അധികൃതർ കൊടുക്കാൻ തയ്യാറായില്ല. അതിന് എഞ്ചിനീയർമാർ കേസു കൊടുത്തിട്ടുണ്ട്.'

—'ആ **plant** എന്തിനുവേണ്ടിയുള്ളതായിരുന്നു ?'

'മാലിന്യങ്ങൾ **fertilizer** ആയി **convert** ചെയ്യാനുള്ളതായിരുന്നു.'

—ഇന്ത്യയിലെ ഇതുപോലുള്ള എല്ലാ **plant**കളും **failure** ആണെന്നാണല്ലോ അധികൃതർ പറയുന്നതു് ?'

അതു് അവരല്ലല്ലോ തീരുമാനിക്കേണ്ടത്. **plant working condition** അല്ലാ എങ്കിൽ അതിൻെറ **compensation** കൊടുക്കാൻ എഞ്ചിനീയർമാർ തയ്യാറായിട്ടുണ്ട്.'

—'ഇതു നമ്മുടെ കാലാവസ്ഥയ്ക്ക് യോജിച്ചതല്ലെന്നാണല്ലോ ചെയർമാൻ പറയുന്നത് ?'

'അതു് അദ്ദേഹമല്ല പറയേണ്ടതു്. **He is not an Expert.**'

—**Rehabilitation** ഒരു പരിഹാരമാണെന്ന് മുനിസിപ്പാലിററി കരുതുന്നുണ്ടല്ലോ ?

'**Rehabilitation** പോയിട്ട്, അതിൻെറ **compensation** കൊടുക്കാൻ ഈ സ്റേററിനുപോലും കഴിയില്ല. ആളുകളെ മാററുന്നതിനുപകരം ഈ **waste** ഇവിടെ നിന്നും മാററിയാൽ പോരെ ?'

—'ജനങ്ങളുടെ **Co-operation** ഇല്ലാത്തതായിട്ടാണ് അധികൃതർ കാണുന്നതു് ?'

ഇനീപ്പോ മുനിസിപ്പാലിററിയുടെ **Co-operation** ജനങ്ങൾക്ക് ആവശ്യമില്ല. കാരണം കോടതിയിൽ റിട്ട് ഫയൽ ചെയ്തുകഴിഞ്ഞു. അതിൻെറ വിധി കാത്തിരിക്കയാണ് ഞങ്ങൾ.

○

ആര്യനമായി യാത്ര പറഞ്ഞു പിരിഞ്ഞശേഷം ഞങ്ങൾ, ലാലൂർ പ്രദേശം ഉൾപ്പെടുന്ന അയ്യന്തോൾ പഞ്ചായത്തു പ്രസിഡണ്ട് **M. R.** വാസുവിനെ തേടിയിറങ്ങി. പഞ്ചായത്തിലും, പാർട്ടി ഓഫീസിലും, വീട്ടിലും അന്വേഷിച്ച് ഒന്നു രണ്ടു ദിവസം കടന്നുപോയി. ഒടുവിൽ മൂന്നാംദിവസം ഒരു പാർട്ടി മീററിങ്ങിനുശേഷം ഞങ്ങളദ്ദേഹത്തെ കണ്ടെത്തി.

—'ഇപ്പോൾ നിലനിൽക്കുന്ന ലാലൂരിലെ പ്രശ്നം എന്തൊക്കെയാണ് ?'

'ലാലൂരിൻെറയോ ? അങ്ങിനെയൊന്നുമില്ല. ഇപ്പോൾ മുനിസിപ്പാലിററി **waste** ൻെറ നാലിലൊരുഭാഗം വരുന്നില്ലെന്നാണ് തോന്നുന്നതു്. ഇപ്പോഴും **police protection** നോടുകൂടിയാണ് ലോറി അങ്ങോട്ടുപോകുന്നതു്.'

—'ഇതു് യഥാർത്ഥത്തിൽ മുനിസിപ്പാലിററിയുടെ സ്ഥലമാണോ ?'

'അതെ. ഇതു് മുനിസിപ്പാലിററി സ്വന്തമായി വാങ്ങിയ സ്ഥലമാണ്.'

—'പഞ്ചായത്തു വിചാരിച്ചാൽ ഇതു തടയാൻ പററില്ലേ ?'

'പഞ്ചായത്തിനിപ്പോ തടയാനുവെച്ചാൽ........... നിയമമനുസരിച്ച് പല ബുദ്ധിമുട്ടുകളുമുണ്ട്.'

*ഈ മാലിന്യങ്ങൾ ഇവിടെ നിന്നും മാററണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള High court കേസ്സിൽ ഞങ്ങളും കക്ഷി ചേർന്നിട്ടുണ്ട്.*



## ലാലൂരിനെക്കുറിച്ച് ഒരു ഫീച്ചർ

—അവിടെ വല്ല Enchrochment ഉം ഉണ്ടായിട്ടുണ്ടോ?

'മുനിസിപ്പാലിററി പറയുന്നത് അവരുടെ സ്ഥലത്തു് Enchrochment ഉണ്ടായിട്ടുണ്ടെന്നാ. സർവ്വേ നടത്തിയാൽ കുറെ വീടുകളൊക്കെ അവരുടെ അതിർത്തിയിൽ വരുമെന്നാണ് കണക്ക്.'

—'മുനിസിപ്പൽ ചെയർമാൻ പറഞ്ഞു ഇതിനുവേണ്ടി പൈസ ചിലവാക്കാൻ തയ്യാറാണെന്ന് ?'

ഇവിടെ നിന്നും മാററണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള High court കേസ്സിൽ ഞങ്ങളും കക്ഷി ചേർന്നിട്ടുണ്ട്,'

—'മുനിസിപ്പാലിററി 'free ആയിട്ട് water supply നൽകാമെന്നു പറഞ്ഞപ്പോൾ പഞ്ചായത്തു് എതിരാണെന്നാണല്ലോ മുനിസിപ്പൽ അധികൃതർ പറയുന്നതു് ?'

അതെ അതിനു് പഞ്ചായത്തിനിവിടെ എന്തു് water scheme ആണുള്ളതു് ?' ഒന്നുംല്ല. ആയിട്ടുംല്ല.



''മാലിന്യങ്ങൾ ഇവിടെനിന്നും മാററണമെന്നുതന്നെയാണ് പഞ്ചായത്തിൻെറ നിലപാട്''
—പഞ്ചായത്ത് പ്രസിഡണ്ട് എം. ആർ. വാസു

'അതു് പറച്ചിലേ ഉള്ളൂ ഇക്കാര്യത്തിൽ ഞങ്ങൾക്കു് വിശ്വാസം ഇല്ല.'

—'Pollution control Board ഇവിടെ water pollution ഉണ്ടെന്നു് പറയുകയുണ്ടായോ ?'

'ഉവ്വ് അതിൻെറ പേരിൽ High court-ൽ വീണ്ടും ഒരു കേസ് കൊടുത്തിട്ടുണ്ട്. ഈ മാലിന്യങ്ങൾ മൂന്നുസെൻററ് സ്ഥലത്തു് സ്ഥാപിച്ച 'ബേക്കർ കോളനി'യിലുള്ള രണ്ടു കിണററിലെ വെള്ളവും കുടിക്കാൻ കൊള്ളില്ല. മുനിസിപ്പാലിററിയുടെ കയ്യിലാണ് ഈ വാട്ടർ സപ്ലൈ സ്ക്കീം. പൈസയല്ലേ ഞങ്ങൾക്ക് ചിലവാക്കാൻ അധികാരമുള്ള. Public Health ആണ് ഞങ്ങൾക്ക് Allot ചെയ്യേണ്ടതു്. അടുത്തുള്ള കാ



64-ൽ ആര്യൻ പഞ്ചായത്തു പ്രസിഡൻറായിരുന്നപ്പോൾ ഞാനിവിടുത്തെ മെമ്പറാ. അപ്പോൾ പഞ്ചായത്ത് ചുങ്കത്തിൻറവിടെവെച്ച് തടഞ്ഞു എന്നൊക്കെ പറഞ്ഞുനടക്കുന്നത് അംഗീകരിക്കാൻ എനിയ്ക്ക് പററില്ല. ആര്യനും പോയിട്ടില്ല. ഞങ്ങളും പോയിട്ടില്ല.'

ലിച്ചന്തയിലേയ്ക്ക് പൈപ്പിടുന്നതിനോടൊപ്പം, കോളനിയിലേക്ക് മൂന്ന് ടാപ്പിടാൻ തയ്യാറായാൽ മുഴുവൻ സംഖ്യയും പഞ്ചായത്ത് കൊടുക്കുവാൻ തയ്യാറാണ്.

—'ആ കോളനിയിലേക്ക് Electric supply ഉണ്ടോ ?'

'ബേക്കർ കോളനിയിലുള്ള മുപ്പത്തിഒന്നോ, മുപ്പത്തിരണ്ടോ വീടുകളിലേക്ക് water supply യും, current connection ഉം ആ കോളനി സ്ക്കീമിലുള്ളതാ. അതിന് പഞ്ചായത്തിന് സ്ഥലം കൊടുക്കുകയല്ലാതെ ഒന്നും ചെയ്യാനില്ല.'

—'ഇതിനെക്കുറിച്ച് പഞ്ചായത്തിന്റെ നിലപാട് ഇപ്പോൾ എന്താണ് ?'

'ഞങ്ങളിപ്പൊ....ജനങ്ങളെ വിളിച്ചുകൂട്ടി ഒരു മൂവ്മെന്റൊന്നും നടത്തിയിട്ടില്ല. പിന്നെ വിളിച്ചുകൂട്ടിയ കോൺഫറൻസിലൊക്കെ ഞങ്ങളുടെ അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യങ്ങൾ ഇവിടെനിന്നും മാററണമെന്നു തന്നെയാണ് പഞ്ചായത്തിന്റെ നിലപാട്.'

—'എങ്ങോട്ട് മാററണം എന്നുള്ളതിന് വല്ല suggestions ഉം വെച്ചിരുന്നോ ?'

'ആൾപ്പാർപ്പില്ലാത്ത വല്ല forest area യിലേക്ക് മാററണം.'

—'പഞ്ചായത്ത് ഈവക കാര്യത്തില് യാതൊരുവിധ മുൻകൈയ്യും എടുക്കുന്നില്ലെന്നാണല്ലോ പറയുന്നത് ?'

'ഞങ്ങളവരുടെ കൂടെ സമരത്തിനെ പ്രോത്സാഹിപ്പിക്കാനൊന്നും പോയിട്ടില്ല. ബാക്കി എല്ലാ കാര്യത്തിലും ഞങ്ങളവരോടൊപ്പമുണ്ട്. (തെല്ലിട നിർത്തി) ആത്മാർത്ഥമായിട്ട്, നിയമപരമായി ഹൈക്കോടതിയിൽ കേസ്സു കൊടുത്തത് ഇതിനനുകൂലമായിട്ടാണ്.'

—'ഈ സ്ഥലത്തിന് മുനിസിപ്പാലിററിയുടേതാണെന്നുള്ളതിന് യാതൊരു രേഖയുമില്ലെന്നും, ആ കാരണം വെച്ചുതന്നെ മുമ്പ് പഞ്ചായത്ത് ഇതിനെ തടഞ്ഞിരുന്നുവെന്നും, ഇപ്പോഴത്തെ പഞ്ചായത്തംഗങ്ങൾ അതിനു തയ്യാറല്ലെന്നുമാണല്ലോ ചിലരുടെ പരാതി ?'

'അതു് ആര്യൻ പറഞ്ഞതായിരിയ്ക്കും. കാരണം 64-ൽ ആര്യൻ പഞ്ചായത്തു പ്രസിഡന്റായിരുന്നപ്പോൾ ഞാനിവിടുത്തെ മെമ്പറാ. അപ്പോൾ പഞ്ചായത്ത് ചുങ്കത്തിന്റവിടെവെച്ച് തടഞ്ഞു എന്നൊക്കെ പറഞ്ഞു നടക്കുന്നത് അംഗീകരിക്കാൻ എനിയ്ക്ക് പററില്ല. ആര്യനും പോയിട്ടില്ല, ഞങ്ങളും പോയിട്ടില്ല.'

—'ഈ സ്ഥലത്തിന് വ്യക്തമായ രേഖയുണ്ടോ ?'

'ഉണ്ടെന്നൊക്കെയാണ് ഗവൺമെന്റ് പറയുന്നതു്. ഇവിടുത്തെ പ്രായംചെന്നവർ പറയുന്നതു് 'മണിപ്പാലൂർ' എന്ന പഴയ തറവാട്ടുകാരുടേതാണ് ഈ സ്ഥലം എന്നാണ്. അവരുടെ കയ്യിൽനിന്ന് 'ആലപ്പാട്ട്'കാരു് വാങ്ങി. ആലപ്പാട്ടുകാരുടെ കയ്യിൽനിന്ന് നിസ്സാര വിലക്ക് മുനിസിപ്പാലിററി വാങ്ങിയെന്നാണ് പറയുന്നതു്. പഞ്ചായത്തിന്റേതാണെന്നുള്ളതിന് യാതൊരു തെളിവുമില്ല. മുനിസിപ്പാലിററിക്കാണ് കൂടുതൽ claim എന്നാണ് മുൻസിഫ് പറയുന്നതു്.'

—'ഇപ്പോൾ ആശുപത്രി waste വരാറുണ്ടോ ?'

'ഇപ്പൊ അതൊന്നും വരുന്നില്ലെന്നാണ് കേൾക്കുന്നതു്. കാരണം അതിനുള്ള സൗകര്യമൊക്കെ ആശുപത്രിയിലുണ്ടത്രെ.'

—'ഇവിടെ താമസിക്കുന്നവർക്ക് കൂടെക്കൂടെ അസുഖം വന്നതായി പറയുന്നത് ശരിയാണോ ?'

'ഉവ്വുവ്വ്. കഴിഞ്ഞകൊല്ലം വയറിളക്കം പടർന്നു പിടിച്ചിരുന്നു. അതിനെതിരായി കുത്തിവെയ്പൊക്കെ നടത്തിയിട്ടുണ്ട്.'

—'അവിടെ പലപ്പോഴും തീ കത്തിക്കുന്നകൊണ്ട് ജനജീവിതം ദുഷ്കരമാണെന്ന് പറയുന്നുണ്ടല്ലോ ?'

'ശരിയാണ് ചിലപ്പോൾ ഫയർ എഞ്ചിൻ വന്നാണ് കെടുത്താറ്. ഒരു തീകുണ്ഡംപോലെ ആളിക്കത്തും. മുനിസിപ്പാലിററി ഇതിനായിട്ട് എന്തെങ്കിലും ചെയ്യേ പററു. അല്ലാതെ സമരത്തിനൊന്നും ഞങ്ങൾക്ക് പോകാൻ പററില്ല. പ്രത്യേകിച്ചും ആര്യന്റെ കൂടെ.'

○

'ഞങ്ങളിപ്പൊ...ജനങ്ങളെ വിളിച്ചുകൂട്ടി ഒരു മൂവ്മെന്റൊന്നും നടത്തിയിട്ടില്ല. പിന്നെ വിളിച്ചുകൂട്ടിയ കോൺഫറൻസിലൊക്കെ ഞങ്ങളുടെ അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യങ്ങൾ ഇവിടെനിന്നും മാററണമെന്നുതന്നെയാണ് പഞ്ചായത്തിന്റെ നിലപാട്.'



# ലാലൂരിനെക്കുറിച്ച് ഒരു ഫീച്ചർ

പഞ്ചായത്ത് പ്രസിഡൻറിനെ കണ്ടശേഷം ഞങ്ങൾ ലാലൂരിലേക്ക് തിരിച്ചു. ശ്മശാന ഭൂമിപോലെ ആൾപ്പെരുമാററമില്ലാത്ത, മാലിന്യങ്ങൾക്കൊണ്ട് വികൃതമാക്കപ്പെട്ട ലാലൂരിൻെറ മണ്ണ് അഭയത്തിനായി കേഴുന്നതുപോലെതോന്നി. മാലിന്യങ്ങളിടുന്ന മൈതാനത്തിൻെറ തൊട്ടടുത്താണ് ബേക്കർ കോളനി. അവിടുത്തെ വീടുകളുടെ ജനലുകളെല്ലാം പ്ലാസ്ററിക് ഷീററ് കൊണ്ട് അടച്ചിരിക്കുന്നു. മലിനവായു കടക്കാതിരിക്കാൻ. അതിലെ ഒരു വീട്ടിലേക്ക് ഞങ്ങൾ കയറിച്ചെന്നു. വാതിൽ തുറന്നു വന്ന ഒരു സ്ത്രീയോട് ഞങ്ങളിവിടുത്തെ കാര്യങ്ങൾ തിരക്കി.

—'നിങ്ങളെത്ര കാലമായി ഇവിടെ താമസം തുടങ്ങിയിട്ട് ?'

'കുറേ....കാലപായി.'

—'ഈ മാലിന്യങ്ങൾ കൊണ്ടുവന്നിടുന്നതിനെതിരെ നിങ്ങൾ സമരം നടത്തിയിട്ടുണ്ടോ ?'

'(മൗനം........)'

—'ഇവിടെ താമസിച്ചാൽ അസുഖങ്ങൾ വരില്ലേ ?'

'അസുഖൊക്കെയുണ്ട്.'

—'നിങ്ങൾ ഏതു് കിണററിലെ വെള്ളമാണ് കുടിക്കുന്നത് ?'

'കുടിക്കാനുള്ള വെള്ളം ഞങ്ങൾ കൊണ്ടുവരപാ.'

—'ഇവിടുത്തെ കിണററിലെ വെള്ളം ഒന്നിനും പററില്ല അല്ലേ ?'

'തുണി കഴുകാനേ എടുക്കു.'

—'ഇവിടെ ആരാ....ഈ തീ കത്തിക്കുന്നത് ?'

'അതു് മുനിസിപ്പാലിററിക്കാരുതന്നെയാണ്.'

—'ഇപ്പോൾ ആരേയും കാണുന്നില്ലല്ലോ ?'

'ഇന്നു് വന്നിട്ടില്ല.'

ചീഞ്ഞുനാറുന്ന ചപ്പുചവറുകൾക്കും, പുകച്ചുരുളുകൾക്കും, തീനാമ്പുകൾക്കും ഇടയിലൂടെ നടക്കുമ്പോൾ, ആ ചവറുകൾക്കിടയിൽ എന്തൊക്കെയോ ചിക്കിമാന്തുന്ന ഒരു സ്ത്രീയെ കണ്ടു. ഞങ്ങളെ കണ്ടപ്പോൾ അവർ ഭയപ്പാടോടെ നടന്നു നീങ്ങാൻ തുടങ്ങി.

—'നിങ്ങളുടെ വീടെവിടെയാ ?'

'എൻെറ വീട്....ഇവിടടുത്താണ്.'

—'ഇവിടുന്നു് നല്ല സാധനങ്ങളൊക്കെ കിട്ട്വോ ?'

'വല്ല വെറകും പെറുക്കാൻ വന്നതാ.'

—'എത്ര കാലപായി ഇവിടെ താമസം തുടങ്ങിയിട്ട് ?'

'ആരു് ? ഞാനോ ?....ഞാൻ കൊല്ലക്കണക്കിനധികായിട്ടുണ്ടാകും ഇവടെ താമസം തൊടങ്ങീട്ട്.'

—'അപ്പോൾ കുറേ കാലപായോ ?'

'ഉം........ ....'(ഒരു നീട്ടി മൂളൽ.)

—'ഇതിനു് വല്ലാത്ത നാററമില്ലേ ?'

'അതൊക്കെണ്ട്.'

—'നിങ്ങള് സമരം എടുക്കാൻ പോയിട്ടുണ്ടോ ?'

'സമരൊക്കെ........'

അതിനു പൂർണ്ണമായും ഉത്തരം നൽകാതെ, നീരസം കലർന്ന സ്വരത്തിൽ അവർ ചോദിച്ചു.

അത്പ്പൊ ....എന്താ.... വീടടുത്താണെന്നോ....വല്ലതും കിട്ട്വോ....എന്നൊക്കെ ചോദിക്കാൻ കാരണം ?'

'ഏയ്........ഞങ്ങള് കോളേജ് കുട്ട്യോളാ ഇതിനെക്കുറിച്ച് അറിയാൻ വന്നതാ.'

'കോളേജ് കുട്ട്യോളാ ...?'

തെല്ല് ആശ്വാസത്തോടെ അവർ വീണ്ടും ചവറുകൾക്കിടയിൽ ചിക്കിമാന്താൻ തുടങ്ങി. നരകതുല്യമായ ലാലൂരിലെ അന്തരീക്ഷത്തിൽനിന്നു് രക്ഷപ്പെട്ട് ഞങ്ങളീ സമരത്തെകുറിച്ച് കൂടുതൽപറയാൻ കഴിവുള്ള, സമരത്തിൽ പങ്കെടുക്കുന്ന ഒരു ഗ്രാമീണനെ തേടിനടന്നു അങ്ങിനെയാണ് ഞങ്ങൾ ബാബുവിനെ കണ്ടെത്തിയതു്.

—'ഇവിടെയിപ്പോൾ സമരം നടത്തുന്നത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകളാണോ ?'

എല്ലാ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആളുകളുമുണ്ട്. പക്ഷെ രാഷ്ട്രീയപ്പാർട്ടികളൊന്നുമില്ല ജനകീയ സമരം വിജയിക്കുമ്പോൾ ഇവിടുത്തെ രാഷ്ട്രീയക്കാർ പരാജയപ്പെടുമല്ലോ ? അവർക്കു് കൂടുതൽ തിരഞ്ഞെടുപ്പിനോടാണല്ലോ താല്പര്യം.



എല്ലാ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആളുകളുമുണ്ട്. പക്ഷെ രാഷ്ട്രീയപ്പാർട്ടികളൊന്നുമില്ല - ജനകീയ സമരം വിജയിക്കുമ്പോൾ ഇവിടുത്തെ രാഷ്ട്രീയക്കാർ പരാജയപ്പെടുമല്ലോ ? അവർക്ക് കൂടുതൽ തിരഞ്ഞെടുപ്പിനോടാണല്ലോ താല്പര്യം.

—'വാസ്തവത്തിൽ രാഷ്ട്രീയക്കാർ സമരത്തെ തകർക്കു വാൻ ശ്രമിക്കുകയാണെന്നാണോ പറയുന്നത് ?'

'അതെ എല്ലാ രീതിയിലും അവർ തകർക്കാൻ ശ്രമിക്കുകയാണ്. യഥാർത്ഥത്തിൽ തിരഞ്ഞെടുപ്പ് വരു മ്പോൾ മാത്രമാണ് അവരു് താല്പര്യം പ്രകടിപ്പിക്കുന്നതു്.'

—'ഈ ഒരു പ്രശ്നവുമായി നിങ്ങൾ പഞ്ചായത്തിനെ സമീപിച്ചിട്ടുണ്ടോ ?'

'ഉവ്വ്. അവർ പറയുന്നതു് ഇതു് മുനിസിപ്പാലിററിയുടെ സ്ഥലമാണെന്നാണ്. അവർക്കു് തടയാൻ കഴിയില്ലത്രെ. വാടക കൊടുക്കുന്നുണ്ടെന്നാ അവർ പറയുന്നതു്. പഞ്ചായത്തിന്റെ അതിർത്തിയിൽ മുനിസിപ്പാലിററിക്ക് പട്ടയമുണ്ട്. തുച്ഛമായ വാടകയുടെ പേരു പറഞ്ഞിട്ടാണ് അവരു് മാററാതിരിക്കുന്നതു്. ഈ സമരം വിജയിച്ചു കഴിഞ്ഞാല് അയ്യന്തോള് പഞ്ചായത്തിനു് ജനങ്ങളുടെ കൈയ്യിൽ നിന്നു് വലിയ തിരിച്ചടിയാണ് കിട്ടുക.'

—'ഇപ്പോളീ സമരത്തെ നയിക്കുന്നതാരാണ് ?'

'സഖാവ് ആര്യനും, സഖാവ് വാസ്വേട്ടനും.'

—'കുടിയ്ക്കാനുള്ള വെള്ളം എവിടെനിന്നാണ് കൊണ്ടു വരുന്നതു്?'

'കുറച്ചു ദൂരെയുള്ള പൈപ്പീന്നാ. നട്ടുച്ചയ്ക്കിത്തിരി വെള്ളം വരും. വേനക്കാലായാൽ പാതിരാത്രു് ഉറക്കമിളച്ചു പോകേണ്ടിവരും വെള്ളം കിട്ടാൻ ............. ........ കുടിയ്ക്കാൻ വെള്ളമില്ല ശ്വസിക്കാൻ ഈ നാറണ വായുവും, എപ്പോഴും വല്ലാത്ത പുഴക്കം, വിട്ടുമാറാത്ത രോഗങ്ങള്... പോരാത്തതിനു് കേസും കൂട്ടോം. എല്ലാം കൊണ്ടും ലാലൂർ നിവാസികൾക്ക് പരമസുഖാണിവിടെ'.



ഫീച്ചർ യൂണിററ് : ഗോപകമാർ സി., വിശ്വനാഥൻ സി, കെ.,

റജിമോൻ കെ. ററി., ഗിരി എസ്. എസ്, നമ്പൂതിരി

സഹകരിച്ചവർ : തൃശ്ശൂർ മുനി: ചെയർമാൻ ശ്രീ. ജോയി കവലക്കാട്ട്, ശ്രീ. ഏ. വി ആര്യൻ, ശ്രീ. എം. ആർ. വാസു, തൃശ്ശൂർ മുനിസിപ്പാലിററിയിലെ ഹെൽത്ത് അധികൃതർ, വത്സൻ, ബാബു, വേലായുധൻ, ശങ്കരൻകുട്ടി, മാധവിയമ്മ, ഫീച്ചർ പ്രവർത്തനത്തിനു് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ലാലൂർ നിവാസികൾ

## സ്പെഷ്യൽ റിപ്പോർട്ട്

# മരുവത്ക്കരണത്തിൻെറ മുൾമുനകളിലൂടെ....



സൈലൻറ്വാലി നിത്യഹരിതവനങ്ങളെ നോക്കി അട്ടപ്പാടിയിലെ മൊട്ടക്കുന്നുകൾക്ക് നൽകാനുള്ളത് വരുംകാല ദുരന്തങ്ങളുടെ സൂചനകൾ.

ഈ റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച D.F.O. ശ്രീ. ഉണ്ണികൃഷ്ണൻ, മററു ഫോറസ്റ്റ് ഉദ്യോഗസ്ഥർ, സാരംഗിലെ ഗോപാലകൃഷ്ണൻമാഷ്, വിജയലക്ഷ്മി ടീച്ചർ, അഗളി മൃഗാശുപത്രിയിലെ ലൈവ് സ്റോക്ക് ഇൻസ്പെക്ടർ, അട്ടപ്പാടിയിലെ പേരറിയാത്ത ആദിവാസികൾ, അനിൽ സഖറിയ എന്നിവർക്ക് നന്ദി.

# പ്രകൃതിയുടെ വൈരുദ്ധ്യങ്ങൾക്കുനേരെ ഒരു ചൂണ്ടുവിരൽ

തണുപ്പരിച്ചുകയറുന്ന മുക്കാലിയിലെ വഴിയോരങ്ങളിൽ, മറയുന്ന വന നീലിമയുടെ നിറച്ചാർത്തുകൾ ചിതറിക്കിടക്കുന്നു. ജീർണ്ണിച്ച മരത്തടികൾക്കുടുത്ത്, നോക്കുകുത്തിയായി നിൽക്കുന്ന ഫോറസ്ററ് ഓഫീസ് കണ്ടു. 'നിശബ്ദതാഴ്വര'യിലേക്കുള്ള പ്രവേശനത്തിന് അനുമതി തേടുമ്പോൾ, തടസ്സങ്ങളുടെ നൂലാമാലകൾ. ഫയർ സീസനായതുകൊണ്ട്, പ്രവേശനം കർശനമായി നിയന്ത്രിച്ചിരിക്കുന്നതായി ഒരു ഫോറസ്ററ് ഉദ്യോഗസ്ഥൻ പറഞ്ഞു. ഡി. എഫ്. ഒ. യുടെ സ്പെഷ്യൽ പെർമിഷനുണ്ടെങ്കിൽ പ്രവേശനം അനുവദിക്കാമെന്ന അദ്ദേഹത്തിൻെറ വാക്കിൻെറ തണലിൽ, മണ്ണാർക്കാട്ടുള്ള ഡി. എഫ്. ഒ. യുടെ ഓഫീസിലേക്കു തിരിക്കുമ്പോഴേക്കും സന്ധ്യമയങ്ങാൻ തുടങ്ങിയിരുന്നു. ഒടുവിൽ, മണ്ണാർക്കാട്ടെ പോക്കുവെയിൽ മയങ്ങുന്ന ഇടവഴികളിലൂടെ ഡി. എഫ്. ഒ. യുടെ വീടു തേടി അലയേണ്ടി വന്നു. പിന്നീട് തൃശൂർ സ്വദേശിയായ ഡി. എഫ്. ഒ. ഉണ്ണികൃഷ്ണൻെറ വീട്ടിൽ, എരിഞ്ഞടങ്ങുന്ന ആ സന്ധ്യയിൽ കടലമണികൾ കൊറിച്ചുകൊണ്ട്, പാലക്കാടിൻെറ വരൾച്ചയുടെ കാരണങ്ങളെക്കുറിച്ച് ചർച്ചയാരംഭിക്കുമ്പോൾ, സാമൂഹിക പ്രതിബദ്ധതയും സത്യസന്ധതയുമുള്ള ഒരു ഉദ്യോഗസ്ഥൻ എന്നതിലുപരി സഹൃദയനായ പ്രകൃതിസ്നേഹിയുടെ ഭാഷയിൽ അദ്ദേഹം വരൾച്ചയുടെ കാരണങ്ങൾ ചികഞ്ഞിട്ടു. 'പാലക്കാട്' എന്ന പേരിൽ തന്നെ വരൾച്ചയുടെ ധ്വനിയുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ('പാല' എന്നു പറഞ്ഞാൽ തമിഴിൽ 'മരുഭൂമി' എന്നാണർത്ഥം). പണ്ട് ഈ വരൾച്ചയെ തടയുവാൻ ബുദ്ധിപൂർവ്വമായ ചില ശ്രമങ്ങൾ നടന്നിരുന്നു. നിറയെ കുളങ്ങൾ കുത്തി ഭൂഗർഭജലം നിലനിർത്തുക എന്നതായിരുന്നു അത്. വെള്ളം പിടിച്ചുനിർത്താൻ കഴിവില്ലാത്ത അയഞ്ഞ മണ്ണി (Loose soil) ന് ഏററവും അനുയോജ്യമായ ഒരു മാർഗ്ഗം ഇതു മാത്രമായിരുന്നു. പിന്നീട് വന്ന തലമുറ ഈ പരമ്പരാഗത രീതി പിൻതുടരാൻ ശ്രമിക്കാത്തതും, മരങ്ങളെ വിവേകശൂന്യമായി ചൂഷണം ചെയ്തതും പാലക്കാട്ടിനെ അക്ഷരാർത്ഥത്തിൽ ഒരു മരുഭൂമിയാക്കി മാററി തീർക്കുകയായിരുന്നു. ഇതിനിടയിൽ ഒരു വൈരുദ്ധ്യം പോലെ സൈലൻറ് വാലിയിൽ ഒരു നിത്യഹരിതവനം നിലകൊള്ളുന്നത് നിയമങ്ങളുടേയും, പ്രകൃതിസ്നേഹികളുടേയും രക്ഷാകവചമുള്ളതുകൊണ്ടാണെന്നും അദ്ദേഹം പറയുന്നു.

ഏതാനും വർഷങ്ങൾക്കുമുമ്പ്, ഇവിടെ ഒരു അണക്കെട്ടു പണിയാനുണ്ടായ വിഫലശ്രമത്തിൻെറ ദുരന്തഫലമായി കുറെ കാട് പെട്രോളൊഴിച്ച് കത്തിക്കപ്പെടുകയുണ്ടായത്രേ ! ഉന്നതങ്ങളിൽ ഏറെ സമ്മർദ്ദങ്ങൾ ചെലുത്തിയശേഷം സൈലൻറ്വാലി ഒരു 'നാഷണൽ പാർക്കാ'യി അംഗീകരിച്ചശേഷവും വനനശീകരണം നിർബാധം തുടരുന്നുണ്ട് എന്നതിനുള്ള തെളിവാണ് സൈലൻറ്വാലിക്കടുത്തുള്ള ചന്ദന ഫാക്ടറി. ഉന്നതങ്ങളിൽ പിടിയുള്ള ഈ ഫാക്ടറിയിലേക്ക് വരുന്ന ചന്ദനത്തടികളുടെ ശ്രോതസ്സ് എവിടെ നിന്നാകുമെന്നുള്ളത് ഊഹിക്കാവുന്നതേയുള്ളൂ.

പിറേറ ദിവസം ഉരംക്കാട്ടിലേക്ക് പോകുന്ന ഫോറസ്ററുകാരുടെ ഒരു ജീപ്പിൽ യാത്ര ചെയ്യാനുള്ള അനുവാദവും വാങ്ങിയാണ് ഞങ്ങരം അവിടെനിന്നും മടങ്ങിയത്.

അന്നു രാത്രി സൈലൻറ്വാലിക്കടുത്തുള്ള അഗ്രിക്കംച്ചറൽ യൂണിവേഴ്സിററിയുടെ തിരുവാഴാംകുന്ന് ഫാമിലെ വെററിനറി സർജൻമാരുടെ ക്വാർട്ടേഴ്സിലാണ് ഞങ്ങരം അന്തിയുറങ്ങിയത്. പിറേറ ദിവസം പുലർച്ചക്കു തന്നെ ഞങ്ങരം മുക്കാലിയിൽ ബസ്സിറങ്ങി. തോമസിൻെറ ചായക്കടയിൽനിന്നും ചായയും, പുട്ടും മാത്രം കഴിച്ച് യാത്രക്കു തയ്യാറാകുമ്പോരം സമയം ഏഴു മണി. എട്ടു മണിക്ക് പുറപ്പെടേണ്ട ജീപ്പ് യാത്ര പുറപ്പെട്ടതു് പത്തു മണിക്കാണ് അതുവരെ ഫോറസ്ററ ഗാർഡുമായി കാടിൻെറ സംരക്ഷണത്തിൻെറ കാര്യക്ഷമതയെക്കുറിച്ച് ഞങ്ങരം സംസാരിച്ചു. കാടിൻെറ പല ഭാഗത്തായി കൂടാരംകെട്ടി, വയർലസ് സെററുമായി സെക്യൂരിററിക്കാർ കാവലിരിക്കുന്നു, പ്രവേശനാനുമതിയുടെ ടോക്കണില്ലാത്ത ആരേയും പിടികൂടാമെന്നാണ് നിയമം. കഴിഞ്ഞൊരു ദിവസം ഒരു എക്സൈസ് ഉദ്യോഗസ്ഥനെ പിടികൂടിയതും, അയാളുടെ പേരിൽ കർശനമായ നടപടിയെടുത്തതിനെക്കുറിച്ചും ഗാർഡ് വാചാലനായി. പുതിയതായി വന്ന ഡിസ്ട്രിക്ട് ഫോറസ്ററ് ഓഫീസർ നിയമങ്ങരം കർശനമായി പാലിക്കുന്നതിൽ അയാരംക്ക് സന്തുഷ്ടിയുണ്ട്.

പത്തു മണിയോടെ ഞങ്ങരം ഉരംക്കാട്ടിലേക്ക് യാത്രയാരംഭിച്ചു. മുക്കാലിയിൽനിന്ന് 24 കിലോമീററോളമുണ്ട് ഉരംക്കാട്ടിലേക്ക്. പൊടിപറത്തിക്കൊണ്ട് ജീപ്പ് ഞരങ്ങി നീങ്ങുമ്പോരം, വഴിക്കിരുവശവും കത്തിക്കരിഞ്ഞ മരാവശിഷ്ടങ്ങരം കാണാമായിവന്നു.

'കാട്ടുതീയ്യാണ്........ഇതാണ് ഏററവും വലിയ കഷ്ടം' ജീപ്പിലുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ വിവരിച്ചു. പിന്നീട് രണ്ടുമൂന്നു കിലോമീററോളം തേക്ക് പ്ലാൻേറഷൻെറ ഒരു നിരയായിരുന്നു. മെല്ലെ....കാടിൻെറ ഇരുരം വഴികളിൽ പരന്നപ്പോരം, മാമരങ്ങളുടെ വന്യസൗന്ദര്യം കൺകളിർപ്പിച്ചു. കാട്ടാറിൻെറ പൊട്ടിച്ചിരികേരംക്കാൻ തുടങ്ങിയപ്പോരം ഉരംക്കാട്ടിലെത്തിയെന്ന് ഫോറസ്ററ് ഉദ്യോഗസ്ഥൻ പറഞ്ഞു. ഉരംക്കാട്ടിലുള്ള ഫോറസ്ററുകാരുടെ കെട്ടിടത്തിൽ എത്തിച്ചേരുമ്പോരം, 'സാരംഗി' യിലെ ഗോപാലകൃഷ്ണൻ മാഷ്ടേയും, വിജയലക്ഷ്മി ടീച്ചറുടേയും കുടുംബത്തെക്കണ്ടു. അവർ രണ്ടുമൂന്നു ദിവസമായി കാട്ടിലായിരുന്നു താമസം. ഞങ്ങരം വന്ന ജീപ്പിൽ, അവർ തിരിച്ചുപോകുവാൻ തയ്യാറെടുക്കുകയായിരുന്നു. പ്രകൃതിയുടെ വൈരുദ്ധ്യങ്ങളെക്കുറിച്ചുള്ള ഈ ഫീച്ചറിനെക്കുറിച്ച് ഞങ്ങരം വിശദീകരിച്ചപ്പോരം, ഇതിനുവേണ്ടുന്ന എല്ലാ വിവരങ്ങളും തനിക്കു തരാൻ കഴിയുമെന്ന് ഗോപാലകൃഷ്ണൻ മാഷ് പറഞ്ഞു. പക്ഷെ അനുഭവങ്ങളിലുള്ളതു മാത്രമെ എഴുതൂ എന്ന് ഞങ്ങരം നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ടായിരുന്നു. ഞങ്ങരം കാടു കാണാൻതന്നെ തീരുമാനിച്ചു.

ഫോറസ്ററുകാരുടെ കെട്ടിടത്തിനു വളരെ താഴെ, വളർന്നു പന്തലിച്ച മാമരങ്ങരംക്കും താഴെ വെള്ളയുടുപ്പിട്ട് കുന്തിപ്പുഴ ഒഴുകുന്നതു് ഗോപാലകൃഷ്ണൻ മാഷ് കാണിച്ചുതന്നു. സൈലൻറ് വാലിയുടെ ഇനിയും വറാത്ത ആ കണ്ണീർപ്പാടുനോക്കി ഞങ്ങരം നിർന്നിമേഷരായി കുറേനേരം നിന്നു,

'അട്ടപ്പാടിയിലേക്കു വരുന്നെങ്കിൽ, നിങ്ങരം സാരംഗിയിലേക്ക് വരണം' എന്നു പറഞ്ഞാണ് ഗോപാലകൃഷ്ണൻ മാഷ് യാത്ര പറഞ്ഞ് പിരിഞ്ഞതു്.

ഞങ്ങരം ഉരംക്കാട്ടിലേയ്ക്കിറങ്ങി. കുത്തനെയുള്ള കയററങ്ങളും ഇറക്കങ്ങളും നിറഞ്ഞ കാട്ടുവഴികളിലൂടെയുള്ള യാത്രയുടെ ക്ഷീണം, കാടിൻെറ വശ്യമായ സൗന്ദര്യത്തിൻെറ ലഹരിയിൽ ഞങ്ങളറിഞ്ഞതേയില്ല. കുന്തിപ്പുഴയ്ക്കു കുറുകെകെട്ടിയ പാലത്തിനു മുകളിലൂടെ നടക്കുമ്പോരം, ഉരംക്കാട്ടിനുള്ളിൽ ബന്ധിക്കപ്പെടുന്ന പുഴയുടെ വേദനയെന്തെന്നു് ഞങ്ങളറിഞ്ഞു. ഞങ്ങരം കുന്തിപ്പുഴയിലിറങ്ങി, കുളിരുള്ള വെള്ളത്തിൽ കയ്യും മുഖവും കഴുകി; വഴിക്കു വീണുകിട്ടിയ കാട്ടുപഴങ്ങളും തിന്ന് യാത്ര തുടർന്നു. അപ്പോരം, കാനന നീലിമയിൽ നിശബ്ദതാഴ്വരയുടെ സാന്ദ്രമൗനം ഞങ്ങളിൽ നിറയാൻ തുടങ്ങി. ഇലച്ചാർത്തുകരംക്കിടയിലൂടെ ചിതറി വീഴുന്ന വെളിച്ചത്തിൻെറ തുണ്ടുകരം വഴി തെളിയിച്ചുതന്നു. ഏതു കഠിനഹൃദയൻെറ മനസ്സും ഇവിടെ അലിയാതിരിക്കില്ല. ആകാശം മുട്ടിനിൽക്കുന്ന കാട്ടുമരങ്ങളുടെ ഭീമാകാരതിയിൽ, മരതകപച്ചപ്പിൻെറ വർണ്ണധാരാളിമ അന്നു് മനസ്സിൽ വരച്ചിട്ട ആ ചിത്രങ്ങരം ഒരിക്കലും മാഞ്ഞുപോകില്ല. താപസികരംക്ക് അഭയമരുളിയ ഈ ഘോരവനങ്ങളുടെ ശാന്തതയാണല്ലൊ, ആധുനികത അണക്കെട്ടുതീർക്കുവാൻവേണ്ടി കുരുതികൊടുക്കുവാൻ ആഗ്രഹിച്ചതു്. പ്രകൃതിയിലേക്കുള്ള മനുഷ്യൻെറ പ്രയാണം—ആ തിരിച്ചറിവ് നഷ്ടപ്പെടുമ്പോഴാണ് മനുഷ്യൻ ക്രൂരനും ചതിയനും വഞ്ചകനുമാകുന്നത്', ഇവിടെ മരുഭൂമിയായാൽ.... കോൺക്രീററുവനങ്ങളായാൽ, ഒരിക്കലും തിരിച്ചെടുക്കാനാവാത്തവിധം നമുക്കു നഷ്ടമാകാൻ പോകുന്നത് പ്രകൃതിയുടെ ഈ അവർണ്ണനീയമായ സൗന്ദര്യമാണ് ...സൗകുമാര്യമാണ്.

വിശപ്പുകത്തിക്കാളാൻ തുടങ്ങിയപ്പോഴാണ് ഞങ്ങരംക്ക് സമയബോധമുണ്ടായതുതന്നെ. ഫോറസ്ററ കെട്ടിടത്തിൽ തിരിച്ചെത്തിയപ്പോരം സമയം രണ്ടു മണി കഴിഞ്ഞെന്നറിഞ്ഞു. തിരിച്ചുപോകാൻ ജീപ്പില്ല. ഇരുപത്തിനാലു കിലോമീററർ, വിശന്ന വയറുമായി നടക്കേണ്ടിവരും. തളർന്ന കാലുകരം നീട്ടി ഞങ്ങരം നടക്കാൻ തുടങ്ങി. കാട്ടരുവികളിലെ വെള്ളം കുടിച്ച് ദാഹമകററിയും, കാക്കാത്തിപ്പഴങ്ങരം തിന്ന് വിശപ്പിൻ ജ്വാലകരം കുറച്ചും ഞങ്ങരം യാത്ര തുടരുമ്പോരം, കാട്ടുപഴങ്ങരം കടിച്ചു പറിച്ചു തിന്ന്, മരച്ചില്ലകളിലൂടെ പാഞ്ഞുപോകുന്ന സിംഹവാലൻ കുരങ്ങുകളെ കണ്ടു. സൈലൻറ്വാലിയുടെ സൗഭാഗ്യമെന്നു കരുതാവുന്ന സിംഹവാലൻ കുരങ്ങുകരം.... അപ്പോഴാ

ണ് പെട്രോളൊഴിച്ച് കത്തിക്കപ്പെട്ട കാട് ഞങ്ങൾ കണ്ടത്. അണക്കെട്ട് പണിയാൻവേണ്ടി, ഇവിടെ കാടില്ലെന്നു വരുത്തിത്തീർക്കാൻ ചില കുബുദ്ധികൾ നടത്തിയ കുതന്ത്രങ്ങളുടെ ഭീകരമുഖങ്ങൾ........

ഭാഗ്യത്തിനു വഴിയിൽവെച്ച് ഒരു സന്ദർശനസംഘത്തെ നയിക്കുന്ന ഗൈഡിനെ കണ്ടുമുട്ടി. പിന്നെ അയാളുടെ പിറകെ കുറുക്കുവഴികളിലൂടെയുള്ള യാത്ര കുറേ ദൂരം ലാഭിക്കുവാൻ സഹായകമായി. കിതച്ചുകൊണ്ട്, തളർന്നവശരായി മുക്കാലിയിലെ ഒരു ചായക്കടയിലിരുന്നു വിശ്രമിക്കുമ്പോൾ ചായക്കടക്കാരുടെ ചുണ്ടിൽ പുഞ്ചിരി.

'കാടു മുഴുവൻ കണ്ടോ'? ചായക്കടക്കാരൻ തെല്ലത്ഭുതത്തോടെ ചോദിച്ചു. 'ഇല്ല'....സൈലൻറ്വാലി കാടുകളുടെ സൗന്ദര്യം മുഴുവൻ ആസ്വദിക്കണമെങ്കിൽ ഒരു ജന്മം മുഴുവൻ വേണം—ഞങ്ങൾ മനസ്സിൽ പറഞ്ഞു.

അന്നു രാത്രി, മുക്കാലിയിലൂടെ ഒഴുകുന്ന പുഴയിൽക്കുളിച്ച് വെറും അഞ്ചു രൂപക്കു കിട്ടിയ വാടകമുറിയിൽ, മൂട്ടകളുടേയും, കൊതുകുകളുടേയും കുടിയേററ് ഞങ്ങൾ തളർന്നുറങ്ങി.

○

പിറേറ ദിവസം മുക്കാലിയിൽനിന്നും യാത്രയാരംഭിക്കുമ്പോൾ ഹരിതഹാസങ്ങൾ മായുന്നതും, മരുഭൂമിയുടെ വരണ്ട നഗ്നത തെളിയുന്നതും ഞങ്ങൾ കണ്ടു. പിന്നീട്, അട്ടപ്പാടിയിലേക്കുള്ള വഴി മരുഭൂമിക്കിടയിലൂടെയാണെന്നുതോന്നി. പ്രകൃതിക്കു വന്ന ഈ മാററം ഞങ്ങളുടെ മനസ്സിനേയും ബാധിച്ചിരിക്കണം, സൈലൻറ്വാലി സമ്മാനിച്ച സന്തോഷവും ഉത്സാഹവുമെല്ലാം ഞങ്ങൾക്കു നഷ്ടപ്പെടാൻ തുടങ്ങിയിരുന്നു. ഒടുവിൽ അഗളിയിൽ തീ പാറുന്ന ആ മദ്ധ്യാഹ്നത്തിൽ ഞങ്ങൾ ബസ്സിറങ്ങി. ഒരു സഹായത്തിനായി അഗളിയിലെ വെററിനറി ഹോസ്പിററലിനെയാണ് ഞങ്ങൾ സമീപിച്ചത്. വെററിനറി ഡോക്ടർ അവിടെ ഇല്ലായിരുന്നെങ്കിലും, അവിടുത്തെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഞങ്ങൾക്കു സഹായമേകി.

അഗളിയിലെ വരണ്ടുണങ്ങുന്ന മണ്ണിലൂടെ നടക്കുന്നതിനിടയിൽ, ഞങ്ങളവിടത്തെ വരൾച്ചയുടെ ദുരിതങ്ങളറിയാൻ പലരേയും സമീപിക്കുകയുണ്ടായി. അപരിചിതത്വം മറ തീർത്തതുകൊണ്ടാകണം പലരും ഒന്നും പറഞ്ഞുതരാതെ ഒഴിഞ്ഞു മാറുകയാണ് ചെയ്തത്. ആ മരുപ്പരപ്പിനിടയിലൂടെ പച്ചപ്പിൻെറ ഒരു നനുത്ത രേഖ വരച്ചുകൊണ്ട് മെലിഞ്ഞൊഴുകുന്ന ഭവാനിപ്പുഴയെ നോക്കി, പണ്ട് ഈ ഭവാനിപ്പുഴയിൽ നിറയെ വെള്ളമായിരുന്നെന്നും, മുറിച്ചു കടക്കാൻപോലും പ്രയാസമായിരുന്നെന്നും, അവിടത്തെ മൊട്ടക്കുന്നുകളെല്ലാം വലിയ കാടുകളായിരുന്നെന്നും, ഒരാദിവാസി സ്ത്രീ പറഞ്ഞു. കുടിയേററക്കാരാണ് ഈ കാടുകളെല്ലാം വെട്ടിത്തെളിയിച്ച് ജീവിക്കാൻ പററാത്തതാക്കിത്തീർത്തതെന്നും അവർക്ക് പരാതിയുണ്ട്. അപ്പോൾ ഒരു കൂട്ടം കഴുതകൾ അതുവഴി കടന്നുപോയി; നിലനിൽക്കുന്ന മണ്ണിനെ നശിപ്പിക്കുന്ന ബുദ്ധിഹീനരുടെ പ്രതീകങ്ങൾപോലെ.....



കച്ചവടക്കൊതിപൂണ്ട മനുഷ്യാ....ഈ പൊള്ളുന്ന യാഥാർത്ഥ്യങ്ങളിലേക്ക് മിഴി തുറക്കുക. വരും തലമുറയ്ക്കായെങ്കിലും ഇത്തിരി ദാഹജലം നീ കരുതിവെയ്ക്കുക. ദല മർമ്മരങ്ങളും പുഴകളുടെ പൊട്ടിച്ചിരികളും കേൾക്കാതായി തുടങ്ങിയിരിക്കുന്നു. കുടിവെള്ളം സ്വപ്നമായി മാറിയേക്കാവുന്ന വരുംകാല ദുരന്തത്തിലേക്കുള്ള വാതിലുകൾ നീ തുറക്കാതിരിക്കുക. വിണ്ടുകീറുന്ന മണ്ണിലൂടെ നഷ്ടമാകുന്നത് ജലാർദ്രത മാത്രമല്ല സ്നേഹാർദ്രതയും കൂടിയാണ്. ഉണങ്ങിയ വൃക്ഷശിഖരങ്ങൾ വന്ധ്യമേഘങ്ങളോട് ദാഹജലം യാചിക്കുമ്പോൾ, ഉണങ്ങിയ പുൽനാമ്പുകൾക്കുമുമ്പിൽ നിൽക്കുന്ന നാൽക്കാലികളുടെ നിസ്സംഗ നേത്രങ്ങൾ കാണുമ്പോൾ; പൈപ്പുകൾക്കു മുമ്പിൽ കുടങ്ങളുടെ നിരകൾക്ക് നീളമേറുമ്പോൾ വേനൽക്കാല ചിത്രങ്ങൾ വറുതിയുടെ [illegible] മാറുന്നു. ഇതെല്ലാം കണ്ടില്ലെന്നും കേട്ടില്ലെന്നും നടിച്ച് ഇനിയെത്ര നാൾ?.... ...

കുന്നിൻമുകളിലേക്കു് കുത്തനെ കയറിപ്പോകുന്ന വഴിക്കരികിൽ ഒരു ബോർഡ് കണ്ടു. 'സാരംഗ്' അതാണ് സാരംഗിലേക്കുള്ള വഴി. കിതച്ചും, വിയർപ്പൊഴുക്കിയും കുന്നുകയറുമ്പോൾ ചുററും വരണ്ടുകിടക്കുന്ന ഭൂമിയുടെ നടുവിൽ പച്ചപ്പ് നിധിപോലെ സൂക്ഷിക്കുന്നതു് ആ കുന്നുമാത്രമാണെന്നു തോന്നി. ആ കുന്നിൻമുകളിലാണ് മാഷും, ടീച്ചറും, കൊച്ചുകുട്ടികളുമടങ്ങുന്ന ഒരു കുടുംബം ഒററക്കു താമസിക്കുന്നതെന്നോർത്തപ്പോൾ മനസ്സിലേക്കു കിനിഞ്ഞിറങ്ങിയതു് അത്ഭുതത്തിന്റെ നീരുറവകളായിരുന്നു. മുളകളും, ഓലകളും, മണ്ണും ചേർത്തു് നിർമ്മിച്ച രണ്ടു് വീടുണ്ടായിരുന്നു. ഒന്നു് ലൈബ്രറിയും, മറെറാന്നു് പാർപ്പിടവും. കുന്നിനു മുകളിലുണ്ടായിരുന്ന മരങ്ങളും, ചെടികളും സംരക്ഷിക്കുന്നതിനുപുറമെ, അവക്കിടയിൽ വളരാൻ കഴിവുള്ള ചോളം, തിന, റാഗി, പയർ എന്നിവയും അവർ അവിടെ കൃഷി ചെയ്യുന്നു. കൃഷിക്കു് ഉപയുക്തമല്ലെന്നു കരുതുന്ന മണ്ണിലാണ് പ്രകൃതിക്കനുസൃതമായ രീതിയിൽ കൃഷിചെയ്തു് ഫലപുഷ്ടി നഷ്ടമായ മണ്ണിനെ മെരുക്കിയെടുക്കാൻ അവർ ശ്രമിക്കുന്നതെന്നറിഞ്ഞപ്പോൾ അട്ടപ്പാടിയുടെ വരണ്ട മണ്ണിൽ പ്രതീക്ഷയുടെ നീരുറവകൾ ഉണ്ടായേക്കാമെന്നു തോന്നി. മാഷും, ടീച്ചറും അന്നു് അവധിയായിരുന്നിട്ടും സ്കൂളിലാണെന്നു് അവിടെയുണ്ടായിരുന്ന കുട്ടികൾ പറഞ്ഞു. ഞങ്ങൾ കുന്നിറങ്ങി, ഭവാനിപ്പുഴ മുറിച്ചുകടന്നു് സ്കൂളിലെത്തി. അവിടെ ഒരു കേസന്വേഷണം നടക്കുകയായിരുന്നെന്നു് ഞങ്ങൾ വൈകിയാണറിഞ്ഞതു്, സ്കൂളിലേക്കു് നൽകിയ പയറും, ഗോതമ്പും മററും ടീച്ചറും, മാഷും ചേർന്നു് മോഷ്ടിച്ചു എന്ന ആരോപണത്തിൻമേൽ ഡി. ഇ. ഒ. തെളിവെടുപ്പു നടത്തുന്നു. യാത്രയുടെ ക്ഷീണവും, തോളിൽ സഞ്ചിയും, പ്രാകൃതമാക്കപ്പെട്ട വേഷവും കണ്ടിട്ടാവണം ഞങ്ങളെയും പ്രതികളാണെന്നു കരുതി ഡി. ഇ. ഒ. ചോദ്യംചെയ്തു. അപ്രതീക്ഷിതമായി കേസിൽ കുടുങ്ങിപ്പോയ ആ അനുഭവം വിചിത്രമായി തോന്നി. ഒടുവിൽ ഞങ്ങൾ കാര്യങ്ങൾ വിശദീകരിച്ചപ്പോൾ നിരുപാധികം വിട്ടയക്കപ്പെട്ടു. ആദിവാസികൾക്കിടയിൽ വിദ്യാഭ്യാസം ഒരു പ്രഹസനമായി മാറിയപ്പോൾ ഗോപാലകൃഷ്ണൻമാഷും, വിജയലക്ഷ്മിടീച്ചറും അതിനെ എതിർക്കുകതന്നെ ചെയ്തു. സഹാദ്ധ്യാപകരേയും, മാനേജുമെൻറിനേയും സർക്കാരുദ്യോഗസ്ഥരുടേയും എതിർപ്പിനെ വകവെക്കാതെ പ്രവർത്തിക്കുന്ന ഇവർക്കു് ഇതുപോലുള്ള കേസന്വേഷണങ്ങൾ പുത്തരിയല്ലെന്നു് പറഞ്ഞപ്പോൾ ചൂഷണം ചെയ്യപ്പെടുന്ന അട്ടപ്പാടിയിലെ ആദിവാസികളുടെ ദാരുണചിത്രങ്ങൾ ഞങ്ങൾ കണ്ടു. ഇവർക്കിടയിൽ വിദ്യാഭ്യാസം ലഭിച്ച പലരും ഇവരെ രക്ഷിക്കാനല്ല, ഇവരിൽനിന്നു് ഓടിയകലാനാണ് ശ്രമിക്കുന്നതെന്നറിഞ്ഞപ്പോൾ ഞങ്ങൾക്കു് വേദന തോന്നി. ഗോപാലകൃഷ്ണൻമാഷ് മുൻപ് തന്നെ ജോലി രാജിവെച്ചു് ആദിവാസികൾക്കിടയിൽ വിദ്യാഭ്യാസപ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്നു. വിജയലക്ഷ്മിടീച്ചർ കുറച്ചുകാലംകൂടി അധികാരികളുമായി സമരം ചെയ്യാൻതന്നെ തീരുമാനിച്ചിരിക്കുന്നു. പുതിയ തലമുറ നിഷ്ക്രിയരായി മാറിക്കൊണ്ടിരിക്കുകയാണെന്നും, എല്ലാ രീതിയിലുമുള്ള അനീതിക്കുമെതിരെ ആഞ്ഞടിക്കണമെന്നും മാഷ് പറയുമ്പോൾ ഒരു വിപ്ലവകാരിയുടെ മനസ്സാണ് മാഷിനുള്ളതെന്നു് തോന്നി.

അട്ടപ്പാടിയിലെ ആദിവാസികൾ മൃഗീയമായി ചൂഷണം ചെയ്യപ്പെടുകയാണ്. പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാത്ത അവർക്കു്, സർക്കാർ ചടങ്ങുപോലെ നൽകുന്ന കോഴികളേയും മററും നിസ്സാരവിലക്കു് തമിഴ്നാട്ടിലുള്ളവർ വാങ്ങിച്ചു കൊണ്ടുപോകുന്നു. സർക്കാരിൽനിന്നും ലഭിക്കുന്ന ആടിനെ വളർത്തുകയല്ലാതെ അവയുടെ പാലുപയോഗിക്കാൻ ആദിവാസികൾ തയ്യാറാകാത്തതു് അവരുടെ മനസ്സിലെ അന്ധവിശ്വാസത്തിന്റെ ഇരുൾ ഇപ്പോഴും മായാത്തതുകൊണ്ടാണ്. ഏതാനും വർഷങ്ങൾക്കുമുമ്പു് പട്ടിണിമരണംപോലും ഇവിടെ നടന്നതായി അറിയാൻ കഴിഞ്ഞു. സാമൂഹ്യസേവന പ്രവർത്തനങ്ങളും ബോധവല്ക്കരണ പ്രവർത്തനങ്ങളും ഏററവും കൂടുതൽ നടക്കേണ്ടതു് ഇവിടെയാണ്. [നമ്മുടെ കോളേജുകളിലെ N. S. S. പ്രവർത്തകരും, Extension Department-ഉം ഇതു് ശ്രദ്ധിച്ചിരുന്നെങ്കിൽ!].

സംഘടിക്കാനുള്ള വിമുഖതയാണ് ഇവരുടെ മറെറാരു ദുരന്തം. ഗോപാലകൃഷ്ണൻമാഷോടു് യാത്രപറഞ്ഞു പിരിയുമ്പോൾ കൂടുതൽ യാത്ര ചെയ്യാനാവാത്തവിധം തളർന്നുകഴിഞ്ഞിരുന്നു. കോടക്കാറുകൾ ആകാശത്തു് അലയുന്നതു് കണ്ടു് ഒരു ആദിവാസി വൃദ്ധൻ അസ്വസ്ഥനാകുന്നതു് കണ്ടു. കാരണം തിരക്കിയ ഞങ്ങളോടു് മഴപെയ്താൽ ചതിച്ചെന്നു് പറയുമ്പോൾ, അവർ ആ മരുഭൂമിയിൽ മഴയെ ഭയക്കുന്നതായി തോന്നി. പെട്ടെന്നൊരു 'മഴ ചാറിപ്പോയാൽ ചൂടു് ഇരട്ടിക്കും'. വല്ല മണിയുണ്ടായാൽ അതൊക്കെ കൊഴിയും. വൃദ്ധന്റെ ഭയത്തിൽ വിടർന്ന പീളകെട്ടിയ കണ്ണുകളിൽ മഴയുടെ ഓർമ്മകൾ ഭയത്തിന്റെ വേരുകൾ പടർത്തുന്നതു് നോക്കിയിരിക്കുമ്പോൾ ഞങ്ങൾക്കു് പോകാനുള്ള ബസ്സു വന്നു. യാത്രക്കിടയിൽ സൈലൻറ്വാലി കാടുപോലെ പച്ചപിടിച്ചിരുന്ന അട്ടപ്പാടി എങ്ങനെ ഒരു മരുഭൂമിയായി എന്ന ചോദ്യം പിടികിട്ടാതെ ഞങ്ങളുടെ മനസ്സിൽ നീറിനിന്നു. നിറയെ വെള്ളവുമായി ആർത്തലച്ചു് ഒഴുകിയിരുന്ന ഭവാനിപ്പുഴ എങ്ങനെ ഒരു ചാലുമാത്രമായിത്തീർന്നെന്ന ചോദ്യവും ഞങ്ങൾക്കു് പിടിതരാതെ കത്തിനിന്നു. ഞങ്ങളടങ്ങുന്ന മനുഷ്യവർഗ്ഗത്തിന്റെ ബുദ്ധിഹീനതയുടെ പരിണിതഫലമാണെന്നു് ഓർത്തപ്പോൾ ശിരസ്സ് അറിയാതെ താണുപോയി. ഇതിനെതിരായി പൊട്ടിത്തെറിക്കാൻ, ചോദ്യംചെയ്യാൻ പുതിയ തലമുറക്കു് ആകുന്നില്ലല്ലോ എന്നോർത്തപ്പോൾ കേരളം ഒരു മരുഭൂമിയായി മാറുന്ന കാലം അതിവിദൂരമല്ലെന്നു് തോന്നി. സൈലൻറ് വാലിയും, പൂയംകുട്ടിയും, ഇപ്പോഴിതാ അതിരപ്പിള്ളിയും ദയക്കായി യാചിക്കുകയാണ്.

---

**ഭരണവർഗ്ഗത്തിന്റെ പ്രകൃതി വിരുദ്ധ നയങ്ങൾക്കെതിരെ**

**ഈ മാഗസിൻ ആപത്സൂചന നൽകുന്നു.**



അമ്പതു വർഷത്തെ അനുഭവത്തിനുശേഷവും, ഇത്രയേറെ ചിത്രങ്ങൾ നിർമ്മിച്ചു കഴിഞ്ഞിട്ടും ഇന്ത്യയിലിന്നും ചലച്ചിത്രനിർമ്മാണം ഒരു ചൂതാട്ടമാണ്. അന്തർദേശീയ നിലവാരമുള്ള സംവിധായകരും സാങ്കേതിക വിദഗ്ധരും നമുക്കുണ്ട്. പക്ഷെ, ഇന്നും നമ്മുടെ ചലച്ചിത്രത്തിന്റെ സാമ്പത്തിക വേരുകൾ ദുർബ്ബലമത്രേ.

ചലച്ചിത്രം ഒരു ചൂതാട്ടമായിരിക്കുകയെന്നതു് നമ്മുടെ രാജ്യത്തെ ഇന്നത്തെ അവസ്ഥയിൽ സ്വാഭാവികമാണെന്ന് എനിക്കു തോന്നുന്നു. കച്ചവടക്കോണിൽ നോക്കിയാൽ, ചലച്ചിത്രവ്യവസായം ഇന്ന് വിതരണ—പ്രദർശനവ്യാപാരത്തെ പൂർണ്ണമായും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അതേ സമയം വിതരണക്കാരോ പ്രദർശനക്കാരോ യാതൊരു ചൂതാട്ടത്തിനും ഒരുക്കമില്ല. അവർ ഒരു പ്രദർശനശാല പണിയുന്നു; പിന്നെ ഇതിനായി അവർ ഇറക്കിയ പണത്തിന്റെ മൂല്യം മാത്രമല്ല ലാഭത്തിന്റെ വലിയൊരു പങ്കും അവർ തന്നെ കൈക്കലാക്കുന്നു. നൂറുശതമാനവും ഉറപ്പുള്ള ലാഭം ഈയൊരു വ്യവസായത്തിൽ മാത്രം ഭരണകൂടം അനുവദിച്ചുകൊടുക്കുന്നുവെന്നതു വിചിത്രമായിരിക്കുന്നു. ഇവിടെ മാത്രം കടം പറയുന്ന ഒരേർപ്പാടേയില്ല. വിതരണപ്രദർശനവ്യാപാരിയും റൊക്കം കാശായി തന്നെ തങ്ങളുടെ പങ്ക് കൈപ്പററുന്നു. വളരെ വളരെ അപൂർവ്വമായി മാത്രമെ ഇവർ ഈ പണം വീണ്ടും ചലച്ചിത്രനിർമ്മാണ വ്യവസായത്തിൽ നിക്ഷേപിക്കുന്നുള്ളു. ബംഗാളിൽ ഒരു ചലച്ചിത്രകാരനും ചലച്ചിത്രനിർമ്മാണത്തിനായി കാശിറക്കാറില്ല. വ്യവസായത്തിൽ മൂലധനമായി ഇറങ്ങുന്ന പണമെല്ലാം വിതരണ—പ്രദർശന വ്യാപാരിയുടെ കയ്യിലൂടെ തിരിച്ചുവരാനാവാത്തവണ്ണം അപ്രത്യക്ഷ്യമാകുന്നു. ഈ വ്യവസായത്തിൽനിന്നുണ്ടാകുന്ന ലാഭം ഈ വ്യവസായത്തിനു മൂലധനമായി തിരിച്ചുവരുന്നേയില്ല.

പ്രദർശന—വിതരണ വ്യാപാരത്തെ ദേശസാൽക്കരിക്കുകയാണ് ഇന്ന് ഏററവും ആദ്യം ചെയ്യേണ്ടതു്.

പ്രസക്തമായ കണക്കുകളുടെ പിൻബലത്തോടെ ഉന്നയിക്കേണ്ടതും ഇനിയും ഉറക്കെ ചർച്ചചെയ്യേണ്ടതുമായ ഒരു വിഷയമാണിതെന്ന് എനിക്കറിയാം. പക്ഷെ, ഈയൊരു അടിസ്ഥാനരോഗത്തെക്കുറിച്ച് ആരും ഇതുവരെ ശ്രദ്ധിച്ചിട്ടില്ലെന്നതാണ് സത്യം. പകരം, പുതിയ തിയററുകൾ പണിയുക, നാടിന്റെ എല്ലാ ഭാഗങ്ങളിലും തിയ്യേററർ സൗകര്യങ്ങളുണ്ടാക്കുക. തിയ്യേററുകളിലെ ആർഭാടങ്ങളൊഴിവാക്കുക എന്നു തുടങ്ങിയ രോഗത്തിനു മറുമരുന്ന് പല തരത്തിൽ പലരും നിർദ്ദേശിക്കുന്നുണ്ടുതാനും. ഈ നിർദ്ദേശങ്ങളൊന്നും പ്രശ്നത്തിന്റെ മൂലമറിയുന്നവയല്ല. നിക്ഷിപ്ത താല്പര്യക്കാരെ തൊടാതെ പുതുപുതു സൗജന്യങ്ങൾ നിർദ്ദേശിച്ചാൽ പുതിയ നിക്ഷിപ്ത താല്പര്യങ്ങളും അതോടൊപ്പം ഉണ്ടായിവരും. 'ഗ്ലാമർ' എന്ന ഒരു മാരകായുധംകൊണ്ട് ഈ നിക്ഷിപ്തതാല്പര്യക്കാർ നമ്മുടെ യുവാക്കളെ ധാർമ്മികമായി തകർക്കുകയാണ്. താര സമ്പ്രദായത്തിലന്തർലീനമാണിതു്. ഗ്ലാമർ ഭ്രമം യുവാക്കളെ ഉന്മത്തരാക്കുന്നു. ഒരു താരമാവുക എന്നതാവുന്നു അവരുടെ ഭ്രാന്തമായ ലക്ഷ്യം. സമൂഹത്തിൽ സ്വന്തം കഴിവുകളുപയോഗിച്ചു ചെയ്യാവുന്ന മറെറല്ലാ പ്രവർത്തനങ്ങളേയും യുവാക്കൾ അവഗണിക്കുന്നു. താരസമ്പ്രദായവും ഈ ഗ്ലാമർ ഭ്രമവും ഈ സമൂഹത്തിന്റെ ശാപമാവുന്നു. നല്ല ചിത്രങ്ങളുണ്ടാക്കാൻ വേണ്ടത്ര വിദ്യാഭ്യാസം ചലച്ചിത്രകാരന്മാർക്കു നല്കുകയും നല്ല ചിത്രങ്ങൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയും ചെയ്താലേ ഈ ശാപം ഒഴിയൂ. ജനങ്ങൾക്ക് നല്ല ചിത്രങ്ങൾ അനുഭവിക്കാനുള്ള അവസരവും അതോടൊപ്പം ഉണ്ടായിരിക്കണം. അതൊരു വിദ്യാഭ്യാസമാണ്. പക്ഷെ, ഈ വഴിക്കുള്ള ശ്രമങ്ങളുടെയെല്ലാം വിജയം, ഇന്ന് നാട്ടിൽ നിലനില്ക്കുന്ന അധാർമ്മികമായ വിതരണ സമ്പ്രദായത്തെ എത്രമാത്രം കടിഞ്ഞാണിട്ടു പിടിക്കാൻ കഴിയുമെന്നതിനെ ആശ്രയിച്ചിരിക്കുന്നു.

(ഇന്ത്യൻ സിനിമയുടെ സുവർണ്ണരേഖ എന്നുവിളിക്കാവുന്ന ഋത്വിക് ഘട്ടക്കിന്റെ ലേഖനത്തിൽനിന്ന്)

## "ചലച്ചിത്ര നിർമ്മാണം ഒരു ചൂതാട്ടമാണ്"



ലോകം ആകാംക്ഷയോടെ വീക്ഷിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന ഒന്നായി മാറിയിരിക്കുന്ന കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സംഭവവികാസങ്ങൾ. അടിച്ചമർത്തപ്പെടുന്ന മർദ്ദിതരിലേക്ക് നീണ്ട അത്ഭുത ഹസ്തമായി മാറിയ ഒരു പ്രസ്ഥാനം പ്രതിസന്ധിയെ നേരിടുകയാണോ? കാലം ആവശ്യപ്പെടുന്ന മാററങ്ങളുടെ നിഷേധവും അധികാര വികേന്ദ്രീകരണത്തിന്റെ പാളിച്ചകളും സ്ഫോടനാത്മകമായ ഒരു മാററത്തിലേക്ക് ഈ പ്രസ്ഥാനത്തെ നയിക്കുകയാണ് ഉണ്ടായത്. തെററിയും തിരുത്തപ്പെട്ടും വളരുന്ന മാർക്സിസം എന്ന ശാസ്ത്രത്തിന്റെ മാററങ്ങളെ അസഹിഷ്ണുതയോടെ വീക്ഷിക്കുന്ന പിന്തിരിപ്പൻ ശക്തികൾ ഈ മാററങ്ങൾ ഒരു അപചയമായി കരുതുകയും മറേറതു കണ്ണിലുമില്ലാത്ത കാഴ്ചയുടെ മുള്ളുമായി ഒരു ദുരന്തം പ്രതീക്ഷിക്കുകയും ചെയ്യുമ്പോൾ വർത്തമാന സാമൂഹ്യ വ്യവസ്ഥയുടെ യഥാർത്ഥ മുഖം ഇവർ മനപ്പൂർവ്വം വിസ്മരിക്കുകയാണ്. ലോക രാഷ്ട്രീയത്തിലേക്ക് തുറക്കപ്പെടുന്ന ഈ പുറംവാതിലിലൂടെ ചരിത്രത്തോട് സത്യസന്ധത പുലർത്തുന്ന, ചുററുപാടും സംഭവിക്കുന്ന മാററങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തുന്ന ഏതൊരു ഇന്ത്യൻ വിദ്യാർത്ഥിയും കടന്നു പോകേണ്ടതാണ്. ഒരു മുൻ മുഖ്യമന്ത്രിയടക്കം വിവിധ രാഷ്ട്രീയപ്പാർട്ടികളിലുള്ള പല നേതാക്കളേയും സമീപിച്ചുവെങ്കിലും തൃപ്തികരമായ മറുപടികൾ നല്കാതെ അവരെല്ലാം ഒഴിഞ്ഞുമാറുകയാണുണ്ടായത്. വേരുകൾ സ്പർശിച്ചുകൊണ്ടുള്ള ഈ ചർച്ചയിൽ സ്വതന്ത്രവും വ്യത്യസ്ഥവുമായ ചിന്താഗതികൾ വച്ചു പുലർത്തുന്ന രണ്ട് വിപ്ലവപ്പാർട്ടികളുടെ നേതാക്കളായ കെ. വേണുവും, കെ. എൻ. രാമചന്ദ്രനും ഈ സംഭവങ്ങളുടെ ആഴങ്ങളും സങ്കീർണ്ണതകളും അനാവരണം ചെയ്യുന്നു. വൈദിക കുപ്പായത്തിനുള്ളിൽ ജ്വലിക്കുന്ന ഒരു ഹൃദയം സൂക്ഷിക്കുന്ന ബിഷപ്പ് പൗലോസ് മാർ പൗലോസും കവിയും ചിന്തകനുമായ സച്ചിദാനന്ദനും ഈ പ്രശ്നങ്ങളെ ഗൗരവപൂർവ്വം വിലയിരുത്തുന്നു.

# മാററത്തിന്റെ പ്രതിഫലനങ്ങൾ - ചർച്ച

**ഞങ്ങൾ സങ്കൽപിക്കുന്നത് സോഷ്യലിസത്തിൻെറ സാമ്പത്തിക അടിത്തറ നിലനിറുത്തിക്കൊണ്ടുതന്നെ രാഷ്ട്രീയ തലത്തിലുള്ള പുതിയ സംവിധാനങ്ങളാണ്.**



**കെ. വേണു,** സി. പി. ഐ. (എം. എൽ.)

○ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ഇപ്പോഴത്തെ അവസ്ഥയെ അങ്ങ് ഏതു രീതിയിലാണ് വിലയിരുത്തുന്നത്?

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പ്രതിസന്ധിയിലാണ് എന്നതന്നെയാണ് ഞങ്ങൾ വിലയിരുത്തുന്നത്. മൊത്തത്തിലത് തിരിച്ചടിയുടെ ഭാഗമായിട്ടാണ് കാണുന്നത്. സോഷ്യലിസ്റ്റു രാജ്യങ്ങൾ എന്നു പറയാവുന്നവയെല്ലാം മുതലാളിത്ത സ്ഥാപനത്തിലേക്ക് നീങ്ങുന്നതായിട്ടാണ് കാണുന്നത്. സാമ്പത്തിക പ്രക്രിയ ഏറെക്കുറെ നേരത്തെ പൂർത്തിയായി കഴിഞ്ഞിരുന്നു. ഇപ്പോൾ ആ ദിശയിലുള്ള രാഷ്ട്രീയ പ്രക്രിയയാണ് പൂർത്തിയായിക്കൊണ്ടിരിക്കുന്നത്. മൊത്തത്തിലുള്ള ഈ പ്രക്രിയ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിൽതന്നെ പരിഹരിക്കപ്പെടാൻ കഴിയാത്ത പ്രശ്നങ്ങളുള്ളതായിട്ടാണ് കാണിക്കുന്നത്.

○ പ്രത്യയ ശാസ്ത്രപരമായ പ്രതിസന്ധിയായിട്ടാണോ ഇതിനെ കാണുന്നത്?

— പ്രത്യയ ശാസ്ത്രപരമായ ചില കാരണങ്ങൾകൂടി ഇതിലടങ്ങിയിട്ടുണ്ട്.

○ റുമാനിയായേപ്പോലെയുള്ള രാജ്യങ്ങളിൽ സാമ്രാജ്യത്തിനെതിരായിട്ടുള്ള ഒരു സമരമായിട്ട് ഇതിനെ കാണുന്ന കെ. എൻ. രാമചന്ദ്രനോട് താങ്കൾ യോജിക്കുന്നുണ്ടോ?



*കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പ്രതിസന്ധിയിലാണ് എന്നുതന്നെയാണ് ഞങ്ങൾ വിലയിരുത്തുന്നത്. മൊത്തത്തിലത് തിരിച്ചടിയുടെ ഭാഗമായിട്ടാണ് കാണുന്നത്. സോഷ്യലിസ്റ്റു രാജ്യങ്ങൾ എന്നു പറയാവുന്നവയെല്ലാം മുതലാളിത്ത സ്ഥാപനത്തിലേക്ക് നീങ്ങുന്നതായിട്ടാണ് കാണുന്നത്. സാമ്പത്തിക പ്രക്രിയ ഏറെക്കുറെ നേരത്തെ പൂർത്തിയായി കഴിഞ്ഞിരുന്നു. ഇപ്പോൾ ആ ദിശയിലുള്ള രാഷ്ട്രീയ പ്രക്രിയയാണ് പൂർത്തിയായിക്കൊണ്ടിരിക്കുന്നത്.*

— അതു ശരിയല്ല. കാരണം ഈ രാജ്യങ്ങളെല്ലാം നേരിട്ട പ്രശ്നം സാമ്പത്തിക വികാസത്തിന്റേതാണ്. സോഷ്യലിസ്റ്റ് കാലഘട്ടത്തിലെ സാമ്പത്തിക നിർമ്മാണം എങ്ങിനെയെന്ന പ്രശ്നത്തിൽ പ്രതിസന്ധിയെ നേരിടുന്നുണ്ട്. Stagnation ഉണ്ടാവുന്നുണ്ട്. ഈ മുരടിപ്പിനെ മറികടക്കാൻ കഴിയാത്തതുകൊണ്ടാണ് കടം വാങ്ങേണ്ടി വരുന്നത്. മുതലാളിത്തത്തിന്റെ ലാഭേച്ഛയിലധിഷ്ഠിതമായ പുതിയ പ്രചോദനത്തിന്റെ സിദ്ധാന്തം, നിങ്ങൾ കൂടുതൽ അദ്ധ്വാനിച്ചാൽ നിങ്ങൾക്ക് കൂടുതൽ ലാഭമുണ്ടാക്കാം. ഇതാണ് മുതലാളിത്തത്തെ ചലിപ്പിക്കാൻ കഴിയുന്ന അതിന്റെ ഡയമെൻഷൻ. അത് സോഷ്യലിസത്തിലില്ല. കാരണം സ്വകാര്യസ്വത്തില്ല. പിന്നെ എന്ത് പ്രചോദനമാണ് നിങ്ങൾക്കദ്ധ്വാനിക്കാൻ? എന്ന ചോദ്യം വരുന്നുണ്ട്. വിപ്ലവ കാലഘട്ടത്തിൽ വിപ്ലവത്തിന്റേതായ ധാർമ്മിക പ്രചോദനമുണ്ടായിരുന്നു. അതു കഴിയുമ്പോൾ പ്രചോദനം ഇല്ലാതായിത്തീരുന്നു. അങ്ങിനെയാണ് Stagnation ഉണ്ടാകുന്നത്. ആ Stagnation ഉദ്യോഗസ്ഥ മേധാവിത്വത്തിലേക്ക് നയിക്കുന്നു. ഈ സ്തംഭനാവസ്ഥയെ മറികടക്കാൻ വേണ്ടിയാണ് ക്രുഷ്ചേവും കൂട്ടരും മുതലാളിത്ത നിയമങ്ങളിലേക്ക് തിരിച്ചുപോകുവാൻ തീരുമാനിക്കുന്നത്. അങ്ങിനെയാണ് ഭൗതികപ്രചോദനം എന്ന സിദ്ധാന്തം മുന്നോട്ടു വക്കുന്നത്. ഇത് മുതലാളിത്തത്തിന്റെ സിദ്ധാന്തമാണ്.

○ മുമ്പുണ്ടായിരുന്ന തെറ്റുകളെയെല്ലാം തിരുത്തി മറ്റേതു ശാസ്ത്രത്തെപ്പോലെയും ഇതു് വളരുകയാണ് എന്ന അഭിപ്രായത്തോട് എന്താണ് പറയാനുള്ളത്?

— തീർച്ചയായും ഇങ്ങിനെ ഒരു അവസ്ഥയുണ്ട്. യഥാർത്ഥത്തിൽ ഈ പോക്ക മുഴുവൻ അങ്ങിനെയാണെന്ന് എനിക്ക് അഭിപ്രായമില്ല. ഇനി സമരത്തിലൂടെ ഉണ്ടായിക്കൂടാ എന്നു ഞാൻ പറയില്ല. കാരണം ഇപ്പോൾ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള ഗോർബച്ചേവിന്റെ പെരിസ്ട്രോയിക്ക പോലെയുള്ള പ്രമേയങ്ങളിൽ ആധുനിക മാനേജ്മെന്റ് സമ്പ്രദായം വേണമെന്നു പറയുന്നത് പാശ്ചാത്യ മാനേജ്മെന്റ് സമ്പ്രദായമാണ്. ആധുനിക സാമ്പത്തിക സമ്പ്രദായം വേണമെന്നു പറയുന്നത് പാശ്ചാത്യ മാനേജ്മെന്റ് സമ്പ്രദായമാണ്. അത് തികച്ചും മാർക്കറ്റ് ഇക്കണോമിയെ ആസ്പദമാക്കിക്കൊണ്ടുള്ളതാണ്. പാശ്ചാത്യ മുതലാളിത്തം ആവിഷ്ക്കരിച്ചിട്ടുള്ള നടപടികൾ മുതലാളിത്തത്തിലേക്ക് തിരിച്ചുപോകുക എന്നതിൽ കവിഞ്ഞ് പുതുതായി ഗുണപരമായ പഴയ മുതലാളിത്തത്തിന്റെ അല്ലാത്തതും, സോഷ്യലിസത്തിന്റെ ഇതേവരെയുള്ള തകരാറില്ലാത്തതും ആയ ഏതെങ്കിലും പുതിയ ഒരു ചുവടുപോലും നിങ്ങൾക്ക് കാണാൻ കഴിയില്ല. ആ നിഗമനത്തിലാണ് ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്നതു്.

○ അച്യുതമേനോനെ പോലുള്ള ആളുകൾ ഗോർബച്ചേവിന്റെ ഈ പരിഷ്ക്കാരങ്ങൾ മാർക്സിയൻ ധനശാസ്ത്രത്തിന് എതിരല്ല എന്നു പത്രങ്ങളിലൂടെ പറയുന്നുണ്ടല്ലോ?

— ഇതു് ശരിയല്ല. മാർക്സിയൻ ധനശാസ്ത്രത്തിന് പൂർണ്ണ എതിരാണ് ഇതു്. മാർക്സ്, മാവോ, ലെനിൻ തുടങ്ങിയവർ കർക്കശമായി സമരം ചെയ്തിട്ടുള്ളത് ഇതിനെതിരായാണ്: മുതലാളിത്ത സാമ്പത്തികതത്വങ്ങളും സോഷ്യലിസ്റ്റ് സാമ്പത്തികതത്വങ്ങളും വേർതിരിയ്ക്കാനുള്ള ശ്രമങ്ങളാണ് അവർ നടത്തിയിരിക്കുന്നത്. ആ വേർതിരിവ് ഇവിടെ ഇല്ലാതായിപ്പോവുകയാണ് ചെയ്യുന്നതു്. അല്ലാതെ സോഷ്യലിസം എന്നു പറയുന്നതിൽ ഒരർത്ഥവുമില്ല.

○ വിപ്ലവാനന്തരമുണ്ടായ ഈ പ്രചോദനത്തിനു ശേഷം Stagnation നമുക്ക് പ്രതീക്ഷിക്കാൻ കഴിയില്ലേ?

— അന്ന് കഴിയുമായിരുന്നില്ല. അന്ന് വിചാരിച്ചിരുന്നത് സ്വകാര്യസ്വത്തിന്റേയും അതിന്റെ മുകളിലുള്ള ചൂഷണത്തിന്റേയും പ്രശ്നങ്ങൾ പരിഹരിയ്ക്കപ്പെട്ടുകഴിഞ്ഞാൽ മനുഷ്യരെല്ലാം ഒരു പുതിയ തലത്തിലെത്തുമെന്ന സങ്കല്പമായിരുന്നു. അതായതു് അദ്ധ്വാനം അവന്റെ ജീവിത ആവശ്യമായിത്തീരുന്നു; എന്ന സങ്കല്പം. ഭാവിയിൽ കമ്മ്യൂണിസത്തിനെക്കുറിച്ച് എല്ലാവരുടേ



സ്വകാര്യസ്വത്തിന്റെയും അതിന്റെ മുകളിലുള്ള ചൂഷണത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുകഴിഞ്ഞാൽ മനുഷ്യരെല്ലാം ഒരു പുതിയ തലത്തിലെത്തുമെന്ന സങ്കല്പമായിരുന്നു. അതായത് അദ്ധ്വാനം അവന്റെ ജീവിത ആവശ്യമായിത്തീരുന്നു, എന്ന സങ്കൽപം. ഭാവിയിൽ കമ്മ്യൂണിസത്തിനെക്കുറിച്ച് എല്ലാവരുടേയും സങ്കൽപം നിലനിൽക്കുന്നതും ഇതാണ്, പക്ഷെ അത് ചുരുങ്ങിയ കാലംകൊണ്ട് എടുക്കുക എന്നു കരുതുന്നതാണ് തകരാറ്. ദീർഘകാലസമരങ്ങളിലൂടെ മാത്രം നേടിയെടുക്കാൻ കഴിയുന്ന ഒന്നാണത്.

യും സങ്കൽപ്പം നിലനില്ക്കുന്നതും ഇതാണ്. പക്ഷെ അത് ചുരുങ്ങിയ കാലംകൊണ്ട് എടുക്കുക എന്നു കരുതുന്നതാണ് തകരാറ്. ദീർഘകാലസമരങ്ങളിലൂടെ മാത്രം നേടിയെടുക്കാൻ കഴിയുന്ന ഒന്നാണത്.

○ അടുത്തൊരു Stage ആയിട്ട് എന്താണ് കാണുന്നത്?

— ഞങ്ങൾ സങ്കല്പിക്കുന്നത് സോഷ്യലിസത്തിൻെറ സാമ്പത്തിക അടിത്തറ നിലനിർത്തിക്കൊണ്ടു തന്നെ, രാഷ്ട്രീയതലത്തിലുള്ള പുതിയ സംവിധാനങ്ങളാണ്.

○ അതായത് ജനാധിപത്യ സോഷ്യലിസമാണോ ഉദ്ദേശിക്കുന്നത്?

— ജനാധിപത്യ സോഷ്യലിസമെന്ന് ഇതുവരെ പറഞ്ഞിരുന്നത് സോഷ്യലിസത്തിൻെറ സാമ്പത്തിക നിയമങ്ങൾ കൃത്യമായി നിർവ്വഹിച്ചു കൊണ്ടായിരുന്നു. കോൺഗ്രസുകാർ പറയാറുള്ള ജനാധിപത്യ സോഷ്യലിസം വളരെ ശാസ്ത്രീയമായ ഒരു സാമ്പത്തിക തത്വശാസ്ത്രം വച്ചുകൊണ്ടല്ല. അവർ തൊഴിലാളി സർവ്വാധിപത്യം അപകടകരമാണെന്ന് പറഞ്ഞുകൊണ്ട് ബൂർഷ്വാ ജനാധിപത്യം വേണമെന്ന് പറയുന്നത് ബൂർഷ്വാ ജനാധിപത്യത്തിന് മിനുക്കുപണി നടത്തിക്കൊണ്ടാണ്.

○ ജനാധിപത്യ സോഷ്യലിസമെന്ന് പറഞ്ഞു പോന്നിരുന്ന ഈ സ്റ്റേജിനെ പ്രത്യയശാസ്ത്രം പ്രായോഗികമാകാതെ പോയതായി കണക്കാക്കാമോ?

— കഴിയില്ല. കാരണം വലിയ ശ്രമം നടന്നിട്ടുണ്ട്. അതുകൊണ്ട് വളരെ അനുഭവങ്ങളും കിട്ടിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കാൻ ഒക്ടോബർ വിപ്ലവം നടന്നയുടനെതന്നെ ലെനിൻെറ ഒരു ശ്രമം ഉണ്ടായിരുന്നു, രാഷ്ട്രീയ അധികാരത്തെ രണ്ടുതരത്തിൽ നിർവ്വചിക്കാൻ വേണ്ടിയിട്ട്. ഒന്ന് സോവിയറ്റുകൾ എന്നത്, ഗോർബച്ചേവ് ഇന്ന് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. സോവിയറ്റുകൾ എന്നത് ജനാധിപത്യ രീതിയിൽ കർഷകരുടെ, തൊഴിലാളികളുടെ, സൈനികരുടെ ഒക്കെ പ്രതിനിധികളുടെ തിരഞ്ഞെടുക്കപ്പെട്ട ബോഡികളാണ്. ആ ബോഡികളായിരിക്കണം യഥാർത്ഥത്തിൽ അധികാരം കയ്യാളേണ്ടത്. പാർട്ടിയല്ല എന്നൊരു ഗുണം കൂടിയുണ്ട് ഇതിന്.

പിന്നീട് സംഭവിച്ചത് ഈ സോവിയറ്റുകളെല്ലാം നാമമാത്രമായ ഉപകരണങ്ങളായി മാറുകയായിരുന്നു. പാർട്ടിതന്നെ അധികാര കേന്ദ്രീകരണം നടത്തുകയാണ് ചെയ്തത്.

ഇതേ പ്രശ്നം തന്നെ മാവോ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. സാംസ്ക്കാരിക വിപ്ളവം കൊണ്ട് അവിടെ ഉണ്ടായത് അധികാരം മുഴുവൻ പാർട്ടിനേതാക്കളുടെ കൈയിലേക്ക് പോവുകയും· അവർ ഉദ്യോഗസ്ഥ മേധാവികളായി മാറുകയും, സ്ഥാപനങ്ങളിലും കൂട്ടുകൃഷിക്കളങ്ങളിലുമെല്ലാം തന്നെ, ജനങ്ങൾ കലാപം ചെയ്തുകൊണ്ട് പാർട്ടിനേതാക്കന്മാരെ വിചാരണചെയ്യുക, പുതിയ ആളുകളെ തിരഞ്ഞെടുക്കുക, അങ്ങിനെ അധികാരം ജനങ്ങളിൽ തിരിച്ചെത്തിക്കുക എന്നുള്ള ഒരു സംവിധാനം ഉണ്ടായി. അതും ഈ ലെനിൻെറ സോവിയറ്റുകളുടെ ഒരു തുടർച്ച എന്ന രീതിയിലാണ് ഞങ്ങൾ ഉയർത്തിപ്പിടിച്ചിരുന്നത്. ഇവയാണ് സോഷ്യലിസം നടപ്പിലാക്കുക എന്നതിൻെറ ഗുണകരമായ അനുഭവങ്ങൾ.

○ അതിൻെറ തുടർച്ചയായിട്ട് റഷ്യയിലെ മാററങ്ങളെ നമുക്ക് കണ്ടുകൂടെ?

— കഴിയില്ല. സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിൽനിന്ന് അതു ചെയ്യണമായിരുന്നു. മാവോയും ലെനിനും ശ്രമിച്ചതും അതിനായിരുന്നു. മാർക്സിസത്തിൻെറ അടിസ്ഥാനമായി നിൽക്കുന്നത് സാമൂഹ്യവൽക്കരണമാണല്ലൊ. സമ്പത്തും ഉല്പാദനവും സാമൂഹ്യവൽക്കരിക്കുക. ഉല്പാദനം പൊതുവിൽ സമൂഹത്തിൻെറ പൊതുസഹകരണത്തോടെ നടക്കുന്നതായി തീർന്നിരിക്കുന്നതാണ് മുതലാളിത്തം നേരിടുന്ന പ്രതിസന്ധി. വിപുലമായ മേഖലയിലുള്ള ജനങ്ങളെ ആശ്രയിച്ചു മാത്രമെ മുതലാളിത്തത്തിൽ ഉല്പാദനം നടത്താൻ കഴിയു. സാമൂഹ്യവൽക്കരിക്കപ്പെട്ട മുതലാളിത്തത്തിൻെറ ഉല്പാദനത്തിൻെറ നിയന്ത്രണാധികാരം ഒരു പിടി മുതലാളിമാരുടെ കൈയിലാണ്. ഇത് മാററി സാമൂഹ്യവൽക്കരിക്കപ്പെട്ട ഉൽപാദനത്തെ സമൂഹത്തിൻെറ പൊതു ഉടമസ്ഥതയിൽ കൊണ്ടുവരുക എന്ന



സോവിയററുകൾ എന്നത് ജനാധിപത്യ രീതിയിൽ കർഷകരുടെ, തൊഴിലാളികളുടെ, സൈനികരുടെ ഒക്കെ പ്രതിനിധികളുടെ തിരഞ്ഞെടുക്കപ്പെട്ട ബോഡികളാണ്. ആ ബോഡികളായിരിക്കണം യഥാർത്ഥത്തിൽ അധികാരം കയ്യാളേണ്ടത്. പാർട്ടിയല്ല എന്നൊരു ഗുണം കൂടിയുണ്ട് ഇതിന്. പിന്നീട് സംഭവിച്ചത് ഈ സോവിയററുകളെല്ലാം നാമമാത്രമായ ഉപകരണങ്ങളായി മാറുകയായിരുന്നു. പാർട്ടിതന്നെ അധികാര കേന്ദ്രീകരണം നടത്തുകയാണ് ചെയ്തത്.

താണ് സോഷ്യലിസ്റ്റ് വിപ്ളവംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രക്രിയയിൽ സമ്പത്തുമുഴുവൻ സാമൂഹ്യവൽക്കരിക്കപ്പെടുന്നുണ്ട്. അതിന്റെ നിർണ്ണായക അധികാരം എവിടെ എന്നു വന്നപ്പോൾ വീണ്ടും ആശയക്കുഴപ്പമുണ്ടായി. സോവിയറ്റുകളുടെ അധികാരവും മാവോയുടെ ജനകീയ സമിതികളും പാർട്ടിയുടെ അധികാരവും തമ്മിലുള്ള വിഭേദമെവിടെയാണ്. ഇതു കൃത്യമായി നിർവ്വചിക്കപ്പെടാതെ കിടക്കുന്നതുകൊണ്ടുതന്നെ എല്ലാം പാർട്ടിയുടെ കീഴിൽവന്നു. മാവോയുടെ ജനകീയ സമിതികൾ സാംസ്ക്കാരിക വിപ്ളവത്തിനുശേഷം നിഷ്ക്രിയരായി. വീണ്ടും പാർട്ടി കേന്ദ്രനേതൃത്വംതന്നെ അധികാരത്തിൽ വന്നു.

○ Stagnation എന്നത് മുതലാളിത്ത വ്യവസ്ഥിതിയിലും ഉണ്ട്. അതു് തന്നെയാണ് ഇവിടെയും സംഭവിച്ചതു് എന്ന് വിചാരിച്ചുകൂടെ ?

— മുതലാളിത്തത്തിലുള്ള Stagnation അതിന്റെ ഒരു സംവിധാനത്തിൽ സ്വാഭാവികമായുണ്ടാകുന്ന Crisis ആണ്. ആ Crisis പൊട്ടിച്ചുകഴിഞ്ഞാൽ വീണ്ടും അതിന് ഉത്തേജനം ഉണ്ടാകും. Demand in supply circle ലൂടെ ഉണ്ടാകുന്ന ഒരു പ്രക്രിയയിലൂടെ ഉണ്ടാകുന്ന ഒരു Stagnation. Stagnation എത്തിക്കഴിഞ്ഞാൽ അതു് പൊട്ടിത്തെറിക്കും. വീണ്ടും ഒരു Boost ഉണ്ടാകും. അതിനു സമാനമായ ഒരു Crisis അല്ല ഇവിടെയുള്ളത്. ഇവിടെ Cycle ഇല്ലാത്തതിന്റെ ഫലമായുണ്ടാകുന്ന ഒരു Crisis ആണ്.

○ ഗോർബച്ചേവിന്റെ മാർപ്പാപ്പയുമായുള്ള സന്ദർശനത്തിനെ ഒരു dilution ആണ് എന്ന് കരുതാമോ ? പിടിച്ചുനില്ക്കാനുള്ള ഒരു ശ്രമം ?

— ഗോർബച്ചേവ് ചെയ്തുകൊണ്ടിരിക്കുന്നത് ശരിക്കും പാശ്ചാത്യ രീതിയിലേക്ക് ഒരു തിരിച്ചുപോക്കാണ്. അതിന്റെ ഭാഗമായാണ് പഴയ സമീപനം വിട്ട് മതത്തോടുള്ള അകൽച്ച മാററിയെടുക്കുന്നത്.

○ ഗോർബച്ചേവ് തുടങ്ങിയ മാററങ്ങളാണോ പൂർവ്വയൂറോപ്യൻ രാജ്യങ്ങളിലുണ്ടായ മാററങ്ങളുടെ കാരണം ?

— ഒട്ടും ശരിയല്ല. 68–ൽ ചെക്കോസ്ലോവാക്യയിൽ കലാപം ഉണ്ടായി. 56-ൽ ഹംഗറിയിൽ കലാപമുണ്ടായി. അതായത് ഈ പ്രശ്നങ്ങൾ സോഷ്യലിസ്ററ് രാജ്യങ്ങളിലെല്ലാം പുകഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ക്രൂഷ്ചേവ് തുടങ്ങിവച്ചതും ഇതുതന്നെയായിരുന്നു.

○ ഇത് ഇന്ത്യയിൽ പൊതുവെ ഏതു രീതിയിലാണ് Reflect ചെയ്യുക ?

— CPI, CPM പോലുള്ള പാർട്ടികൾക്ക് ഈ പുതിയ പരിവർത്തനങ്ങളുമായി അഡ്ജസ്ററുചെയ്തു പോകാൻ വലിയ ബുദ്ധിമുട്ടില്ലെന്നാണ് തോന്നുന്നത്. കാരണം അവരുടെ പ്രവർത്തനരീതി ബൂർഷ്വാ ജനാധിപത്യത്തിന്റെ ശൈലിയിൽ എത്തിക്കഴിഞ്ഞു. CPM പോലുള്ളവർ ഇപ്പോൾ അനുഭവിക്കുന്ന ചെറിയ ബുദ്ധിമുട്ട്, അവരിപ്പോൾ ഗോർബച്ചേവിന്റെ പരിഷ്ക്കാരങ്ങൾ അതേപടി അനുസരിക്കാൻ തയ്യാറല്ല. കാരണം അവരെപ്പോഴും നിഷ്പക്ഷപരമായ നിലപാടാണ് സ്വീകരിക്കാറ്. എന്നാൽ CPI ക്ക് ഗോർബച്ചേവിന്റെ നിലപാട് അങ്ങിനെ സ്വീകരിക്കുകയേ വേണ്ടൂ. സൈദ്ധാന്തികപരമായ ഒഴിച്ചുപണി നടത്തിയാൽ മതി. അതേസമയം അവരുടെ സംഘടനകളിൽ ചില പ്രശ്നങ്ങളുണ്ടായെന്നു വരും. അതായത് സംഘടനകളിൽ കറേക്കൂടി തുറന്നരീതിയിലുള്ള ആശയസമരത്തിലേക്കുള്ള സംവിധാനം ഉണ്ടാക്കേണ്ടിവരും.

○ ഏതു് രീതിയിലാണ് അത് പരിഹരിക്കുവാൻ കഴിയുക ?

— ഒരു രാഷ്ട്രീയ സംവിധാനം ആവിഷ്ക്കരിക്കേണ്ടതിന്റെ പ്രശ്നമുണ്ട്. ഈ ഗോർബച്ചേവിന്റെ പരിഷ്ക്കാരം ഒരിക്കലും പുതിയ പരിഷ്ക്കാരമല്ല. അതുകൊണ്ട് ഒരു സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ ആധാരമാക്കിക്കൊണ്ട് എങ്ങിനെയൊരു ജനാധിപത്യക്രമം രൂപീകരിച്ചെടുക്കാം ? എന്നുള്ള പുതിയ ചോദ്യമാണിതു്. അതിലേക്കുള്ള ആരംഭങ്ങളൊക്കെ തുടങ്ങിവച്ചിട്ടുണ്ട്. അതെടുത്തുകൊണ്ട് ഇനിയു മുമ്പോട്ടുപോവുക എന്നതാണ്.



സാമൂഹ്യവൽക്കരിക്കപ്പെട്ട ഉൽപാദനത്തെ സമൂഹത്തിന്റെ പൊതു ഉടമസ്ഥതയിൽ കൊണ്ടുവരിക എന്നതാണ് സോഷ്യലിസ്ററ് വിപ്ളവം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രക്രിയയിൽ സമ്പത്തുമുഴുവൻ സാമൂഹ്യവൽക്കരിക്കപ്പെടുന്നുണ്ട്. അതിന്റെ നിർണ്ണായക അധികാരം എവിടെ എന്നു വന്നപ്പോൾ വീണ്ടും ആശയക്കുഴപ്പമുണ്ടായി. സോവിയററുകളുടെ അധികാരവും മാവോയുടെ ജനകീയ സമിതികളും പാർട്ടിയുടെ അധികാരവും തമ്മിലുള്ള വിഭേദമെവിടെയാണ്.

**ഈ മാർക്സിസത്തിന് പ്രസക്തി ഉണ്ടോ ഇല്ലയോ എന്ന ചോദ്യം ഉന്നയിക്കുന്നവരോട് ചോദിക്കാനുള്ളത് ഈ സാമ്രാജ്യത്വ-മുതലാളിത്ത കാലഘട്ടത്തിലെ പ്രശ്നങ്ങളേറെ സങ്കീർണ്ണമായ പ്രതിസന്ധിയിലെത്തിച്ചതിനെക്കുറിച്ചാണ്.**



**കെ. എൻ. രാമചന്ദ്രൻ,** സി.ആർ.സി., സി.പി.ഐ.(എം.എൽ.)

○ ഇപ്പോഴുണ്ടായിട്ടുള്ള കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെ മാററങ്ങൾ പുരോഗതിയുടെ മുന്നോടിയാണോ? അതോ തകർച്ചയുടെ ഭാഗമാണോ?

— ഇതിന് ശരിയായ ഉത്തരം കിട്ടണമെങ്കിൽ, മാർക്സിസം രൂപംകൊണ്ട കാലംമുതൽ തൊട്ടേ പറയണം. മാർക്സിന്റേയും ഏംഗൽസിന്റേയും കാലത്തിനു മുമ്പുതന്നെ ഫ്രഞ്ചുവിപ്ലവും അതുപോലെ തന്നെ ബൂർഷ്വാസികളുടെ അധികാരത്തിലേക്കുള്ള വരവും ഒരുപാട് പ്രതീക്ഷകൾ സൃഷ്ടിച്ചിരുന്നു. പക്ഷെ യഥാർത്ഥത്തിൽ സംഭവിച്ചതെന്താണ്? ബൂഷ്വാ ജനാധിപത്യം രംഗപ്രവേശം ചെയ്യുകയും, ബൂർഷ്വാസി യൂറോപ്പിൽ വരികയും ചെയ്തപ്പോൾ ഫ്യൂഡൽ കാലഘട്ടത്തേക്കാൾ ഭീകരമായൊരു അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തുകയാണുണ്ടായത്. തൊഴിലാളി വർഗ്ഗത്തിന്റെ മിച്ചമൂല്യം കൊള്ളയടിക്കാനും, അവിടത്തെ വ്യവസായ ശാലകളിളിലും, ഖനികളിലുമൊക്കെതന്നെയും വ്യാപകമായ ഒരു ചൂഷണം ആരംഭിക്കാനും തുടങ്ങി. ഇതിന്റെ ഫലമായി, മുൻ ഫ്യൂഡൽ കാലഘട്ടങ്ങളിൽ ചൂഷണം നടക്കുമ്പോൾ, അതിനെ സംഘടിതമായി നേരിടാൻ പരിമിതികളുണ്ടായിരുന്നു. പക്ഷെ ഈ പുതിയ കാലഘട്ടത്തിൽ ഒന്നിച്ചു പണിയെടു



*നമ്മൾ ഉത്പാദിപ്പിക്കുന്നതിൽ നിന്നും നമ്മളന്യരാക്കപ്പെടുന്ന അവസ്ഥ. ഈ allignation-de humanisation അടക്കമുള്ള മുതലാളിത്തത്തിന്റെ സന്തതികൾ സൃഷ്ടിച്ച പ്രശ്നങ്ങൾ പലതരത്തിലുള്ള പോംവഴികൾ ചിന്തിക്കാൻ പ്രേരിപ്പിച്ചു. അതിലൊന്നാണ് സാങ്കല്പിക സോഷ്യലിസ്ററ് വാദികൾ.*

ണിസ്റ്റുകാരാണെന്നും, തങ്ങളുടെ പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയാണെന്നും ശാഠ്യപൂർവ്വം അനുശാസിച്ചുകൊണ്ടുതന്നെ അവിടങ്ങളിലെ ഇന്നത്തെ പ്രതിസന്ധിക്കെതിരായി ജനങ്ങൾ നടത്തുന്ന സമരം ഈ ഔദ്യോഗിക കമ്മ്യൂണിസത്തിനും 'ഔദ്യോഗിക കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും' എതിരായിത്തീരുന്നു. യഥാർത്ഥത്തിൽ ഈ മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളൊക്കെ മുതലാളിത്ത പാത പിൻതുടരാൻ ശ്രമിച്ചതിന്റെ പരിണിത ഫലമായുണ്ടായിരിക്കുന്ന കടുത്ത പ്രതിസന്ധിയെ കമ്മ്യൂണിസം കാലഹരണപ്പെട്ടതിന്റേയും, സോഷ്യലിസ്റ്റ് പാതയുടെ പ്രതിസന്ധിയായും ചിത്രീകരിച്ച് വിപ്ലവശക്തികളെ ആക്രമിക്കാനും ജനങ്ങളെ പിൻതിരിപ്പൻപാളയങ്ങളിൽ തളച്ചിടാനും ഇതുമൂലം അവർക്ക് കഴിയുന്നു.

നൂററാണ്ടുകളെടുത്തിട്ടും ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും മുതലാളിത്തത്തിലേക്കുള്ള മാററം പൂർണമാകാതിരിക്കേ, വർഗ്ഗവിഭജിതവും, സ്വകാര്യസ്വത്തിന്റെ അടിസ്ഥാനത്തിലുള്ളതും അതുവഴി അമാനവീകരിക്കപ്പെട്ടതുമായ മുതലാളിത്തത്തിൽ നിന്ന് വർഗ്ഗരഹിതമായ കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനം അതിദീർഘമായ ഒരു സോഷ്യലിസ്റ്റ് പരിവർത്തന ഘട്ടത്തിലൂടെ മാത്രമേ കഴിയൂ എന്ന് മാർക്സിസം പഠിപ്പിക്കുന്നു. തുടർച്ചയായ സാംസ്കാരിക വിപ്ലവങ്ങളിലൂടെ മാത്രമേ ഇതു സാദ്ധ്യമാകൂ.

കിഴക്കൻ യൂറോപ്പിലെയും റഷ്യയിലെയും സംഭവവികാസങ്ങൾക്ക് ഗോർബച്ചേവിന് സ്വാധീനമുണ്ടോ എന്ന ചോദ്യത്തിന് ഈ സംഭവവികാസങ്ങൾ ക്രൂഷ്ചേവ് തുടങ്ങിവെച്ച തിരുത്തൽവാദനയത്തിന്റെ അനുബന്ധമാണെന്ന് ഇദ്ദേഹം അഭിപ്രായപ്പെടുന്നു. ഈ മുതലാളിത്ത പുന:സ്ഥാപനപ്രക്രിയക്കെതിരായിട്ടാണ് മാവോസേതുങ്ങിന്റെ നേതൃത്വത്തിൽ ചീനക്കുള്ളിലും, ലോകത്താകമാനവും മാർക്സിസ്റ്റ്-ലെനിനിസ്റ്റുകൾ അമ്പതുകളുടെ അവസാനംമുതൽ ശക്തമായ തിരുത്തൽവാദ വിരുദ്ധസമരം കെട്ടഴിച്ചുവിട്ടത്.

ഗോർബച്ചേവിന്റെ മാർപ്പാപ്പാ സന്ദർശനത്തെക്കുറിച്ച് ചോദിച്ചപ്പോൾ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരന് അതിനൊരിക്കലും കഴിയില്ല എന്നായിരുന്നു മറുപടി. മതാനുയായികൾ സാമ്രാജ്യത്വവാദികൾത്തന്നെയാണെന്നും പണ്ട് മതപ്രചരണം തോക്കും ബൈബിളും കൈയിലെടുത്തായിരുന്നെങ്കിൽ ഇപ്പോൾ പണവും, ബൈബിളുമുപയോഗിച്ചാണെന്ന വ്യത്യാസംമാത്രമേ ഉള്ളുവെന്നും, മദർ തെരേസക്ക് പ്രവർത്തനമേഖല കിട്ടുന്നത് അനാഥകുട്ടികളെ ലഭിക്കുന്നതുകൊണ്ടാണെന്നും അനാഥകുട്ടികൾ ഉണ്ടാകാതിരിക്കേണ്ട ഒരു വ്യവസ്ഥിതിക്കെതിരായി ഇവരാരും സമരംചെയ്യുന്നില്ലെന്നുമായിരുന്നു രാമചന്ദ്രന്റെ മറുപടി.

സ്റ്റാലിനെ എതിർക്കുന്ന ഒരു പ്രവണത കണ്ടുവരുന്നത് തെററാണെന്നാണ് രാമചന്ദ്രന്റെ അഭിപ്രായം. സ്റ്റാലിനെ ആക്രമിയ്ക്കുന്നതിലൂടെ അവർ യഥാർത്ഥത്തിൽ ആക്രമിക്കുന്നത് ലെനിനെയാണെന്ന് അവർ അറിയുന്നില്ല. ഈ സംഭവവികാസങ്ങൾ ഇന്ത്യൻ രാഷ്ട്രീയരംഗത്ത് എങ്ങിനെയാണ് പ്രതിഫലിക്കുക എന്ന ചോദ്യത്തിന് ഗോർബച്ചേവിനേയും, ഡെങ്ങിനേയും കമ്മ്യൂണിസ്റ്റുകാരായി ചിത്രീകരിക്കുന്ന തിരുത്തൽവാദ നേതൃത്വങ്ങൾ പിന്തിരിപ്പൻമാരുടെ മാപ്പുസാക്ഷികളായി മാറിയിരിക്കുകയാണെന്നും, ഒരു ലക്ഷം കോടി രൂപയോളം വരുന്ന വിദേശകടത്തിന്റെ പലിശയും, തവണയും തിരിച്ചടക്കാൻ മറെറാരു വഴിയുമില്ലെന്ന കടക്കെണിയിൽ ഇന്ത്യാരാജ്യം വീണുകഴിഞ്ഞിരിക്കുന്നെന്നും പുതിയ വി. പി. സിംഗിന്റെ ദേശീയ മുന്നണിക്ക് ഇതുവരെയും കാര്യമായിട്ടൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. ഈ സംഭവവികാസങ്ങൾ ഇന്ത്യയിലെ ഇടതുപക്ഷ ചിന്താഗതിക്കാർക്കിടയിൽ ചിന്താകുഴപ്പം സൃഷ്ടിച്ചിരിക്കുന്നതായും രാമചന്ദ്രൻ പറയുന്നു. സാമ്രാജ്യത്വ വ്യവസ്ഥിതിയുടെ മാപ്പുസാക്ഷികളായ തിരുത്തൽവാദികൾ എന്ത് പ്രചരണങ്ങൾ നടത്തിയാലും ശരി, ജനങ്ങളുടെ മുന്നിൽ ഒററ പോംവഴി മാത്രമേ ഉള്ളു. കഴിഞ്ഞ കാലത്തെ നേട്ടങ്ങളിൽ നിന്നും, കോട്ടങ്ങളിൽനിന്നും പാഠം പഠിച്ചുകൊണ്ട് രാജ്യത്തേയും, ലോകത്തേയും പുനർ സൃഷ്ടിക്കുന്നതിനുള്ള ശ്രമത്തിൽ കൂടുതൽ ദൃഢചിത്തരായി മുന്നിട്ടിറങ്ങുക.



*വർഗ്ഗവിഭജിതവും, സ്വകാര്യസ്വത്തിന്റെ അടിസ്ഥാനത്തിലുള്ളതും അതുവഴി അമാനവീകരിക്കപ്പെട്ടതുമായ മുതലാളിത്തത്തിൽനിന്ന് വർഗ്ഗരഹിതമായ കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനം അതിദീർഘമായ ഒരു സോഷ്യലിസ്റ്റ് പരിവർത്തനഘട്ടത്തിലൂടെ മാത്രമേ കഴിയൂ എന്ന് മാർക്സിസം പഠിപ്പിക്കുന്നു. തുടർച്ചയായ സാംസ്കാരിക വിപ്ലവങ്ങളിലൂടെ മാത്രമേ ഇതു സാദ്ധ്യമാകൂ.*

ക്കുന്ന തൊഴിലാളികൾ മുതലാളിത്തത്തിനെതിരായി ശബ്ദമുയർത്തിത്തുടങ്ങി. അതുമാത്രമല്ല ഈ മുതലാളിത്ത ഉല്പാദനത്തിന് അന്യവൽക്കരണത്തിൻേറയും അമാനവീകരണത്തിൻേറയും പ്രശ്നം വന്നു. നമ്മൾ ഉല്പാദിപ്പിക്കുന്നതിൽനിന്നും നമ്മളന്യനാക്കപ്പെടുന്ന അവസ്ഥ. ഈ allignation-de humanisation അടക്കമുള്ള മുതലാളിത്തത്തിൻെറ സന്തതികൾ സൃഷ്ടിച്ച പ്രശ്നങ്ങൾ പലതരത്തിലുള്ള പോംവഴികൾ ചിന്തിക്കാൻ പ്രേരിപ്പിച്ചു. അതിലൊന്നാണ് സാങ്കല്പിക സോഷ്യലിസ്റ്റ് വാദികൾ. ഒരു സങ്കല്പ സ്വർഗ്ഗം സൃഷ്ടിക്കുക. പക്ഷെ അതെല്ലാം പരാജയപ്പെടുകയാണുണ്ടായത്. ഈ സിസ്റ്റത്തിന് ഒരിക്കലും നിലനിൽക്കാൻ കഴിയില്ല. ഈ സമയത്താണ് സ്ഥിതിസമത്വവാദികളെന്ന പറയുന്ന ഒരു പുതിയ പ്രസ്ഥാനം തൊഴിലാളികൾക്കിടയിൽ രൂപംകൊണ്ടതു്. ഇവർ കൃത്യമായി ഒരു പ്രത്യയശാസ്ത്രത്തിൻെറ അടിത്തറയിൽ നിന്നല്ല തുടങ്ങിയതെങ്കിൽ തന്നെയും, പൊതുവെ സ്ഥിതി സമത്വത്തെക്കുറിച്ചും, കമ്മ്യൂണിസത്തെക്കുറിച്ചും ചില സങ്കല്പങ്ങളുണ്ടായിരുന്നു. പക്ഷെ അവർക്കും ഒരു ശരിയായ പ്രത്യയശാസ്ത്രത്തിൻെറ അഭാവത്തിൽ മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ഈ സമയത്താണ് യൂറോപ്പിലെ കമ്മ്യൂണിസ്റ്റുകാരും തൊഴിലാളി സംഘടനകളും ഒക്കെ ചേർന്നുകൊണ്ട് ഒരു മാനിഫെസ്റ്റോ തയ്യാറാക്കാൻ മുന്നോട്ടു വന്നതു്. അതിൻെറ നേതൃത്വം ഏറ്റെടുത്തത് മാർക്സും എംഗൽസുമൊക്കെയായിരുന്നു. അതുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ രൂപംകൊള്ളുന്നതിനുമുമ്പുതന്നെ, കമ്മ്യൂണിസത്തിനുള്ള ആശയം യൂറോപ്പിൽ രംഗപ്രവേശം ചെയ്തത്. ഈ ആശയം രംഗപ്രവേശം ചെയ്തപ്പോൾതന്നെ എല്ലാ പിന്തിരിപ്പൻമാരും മതാധിപൻമാരും ഇതിനെ ആക്രമിക്കാൻ തുടങ്ങിയിരുന്നു. അതുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തുടങ്ങുന്നതു് 'യൂറോപ്പിനെ ഒരു ഭൂതം പിടികൂടിയിരിക്കുന്നു' എന്നുപറഞ്ഞാണ്. അപ്പോൾ കമ്മ്യൂണിസ്റ്റ്-മാനിഫെസ്റ്റോയുടെകത്ത് ഈ മുതലാളിത്ത വ്യവസ്ഥിതിക്കെതിരായിട്ട്—അതിൻെറ സ്വകാര്യ മൂലധന ആധിപത്യത്തിനെതിരായിട്ട്-അതിൻെറ മാർക്കററ് വ്യവസ്ഥിതിക്കെതിരായിട്ട്, ഉല്പാദന ബന്ധങ്ങളുടെ സാദ്ധ്യതകളെ വികസിപ്പിച്ചെടുക്കുകയും, വർഗ്ഗസമരത്തിൻെറ വികാസത്തിലൂടെ, ബൂഷ്വാ സംവിധാനത്തിൻെറ സ്ഥാനത്തു്, തൊഴിലാളി വർഗ്ഗഭരണകൂടം സ്ഥാപിക്കുന്നതിനുള്ള കാഴ്ചപ്പാട് അവതരിപ്പിക്കുകയാണ് മാർക്സ് ചെയ്തതു്. അപ്പോൾ മാർക്സിസം രൂപം കൊണ്ടത്, മുതലാളിത്തത്തിന് അതിൻെറ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതിരുന്ന അവസ്ഥയിലാണ്, ഈ മാർക്സിസത്തിന് പ്രസക്തി ഉണ്ടോ ഇല്ലയോ എന്ന ചോദ്യം ഉന്നയിക്കുന്ന ആളുകളോട് ചോദിക്കാനുള്ളത് ഈ സാമ്രാജ്യത്വ-മുതലാളിത്ത കാലഘട്ടത്തിലെ പ്രശ്നങ്ങളെ ഏറെ സങ്കീർണ്ണമായ പ്രതിസന്ധിയിലെത്തിച്ചതിനെക്കുറിച്ചാണ്.

ഉദാഹരണത്തിന് മൂന്ന് Trillion Dollar ൻെറ കടത്തിലായിരുന്നു അവർ അന്ന്. അതേ സമയത്തു് ഇവിടെ, ബ്രസീൽ, അർജൻറീന, മെക്സിക്കൊ, ഇന്ത്യ, ചൈന ഈ അഞ്ചു രാജ്യങ്ങൾ ഒരു രണ്ടുവർഷം IMF ലോകബാങ്കിൽ നിന്ന് വാങ്ങിയ കടം തിരിച്ചുകൊടുക്കാൻ വിസമ്മതിച്ചാൽ ഇതുപൊട്ടും.

[അപ്രതീക്ഷിതമായി ടേപ്പ് റിക്കോർഡറിനു് യാന്ത്രികത്തകരാറ് സംഭവിച്ചതിനാൽ ശ്രീ. രാമചന്ദ്രൻ സംസാരിച്ചതിൻെറ പ്രസക്ത ഭാഗങ്ങൾ മാത്രമാണ് (ചുവടെ ചേർക്കുന്നത്)

റുമാനിയ പോലുള്ള രാജ്യങ്ങളിൽ ഇത് സാമ്രാജ്യത്തിനെതിരായുള്ള ഒരു സമരമാണ് യഥാർത്ഥത്തിൽ നടന്നിട്ടുള്ളത്. ആഗോള ബ്ലെയ്ഡ് കമ്പനിയിൽ നിന്നു് കടം വാങ്ങിയ സെസസ്ക്യൂവിന് അതു് തിരിച്ചടക്കാൻ കഴിയാതെ വന്നപ്പോഴാണ് അയാൾ ഒരു സാമ്രാജ്യത്വ വാദിയായി മാറിയതും, കമ്മ്യൂണിസത്തിൻെറ തത്വശാസ്ത്രങ്ങളിൽ നിന്നും വ്യതിചലിച്ച് ഒരു ഏകാധിപതിയായി മാറിയതും. അതുകൊണ്ടുതന്നെ അവിടെ നടക്കുന്ന സമരങ്ങൾ കമ്മ്യൂണിസത്തിന് എതിരല്ല, മറിച്ച് സാമ്രാജ്യത്വത്തിനെതിരായാണ് വരുന്നതു്.

മുതലാളിത്തപാതക്കാരായ ഭരണാധികാരികൾ ജനങ്ങളെ തുടർന്നും വഞ്ചിക്കാനായി തങ്ങൾ കമ്മ്യൂ



മുതലാളിത്തപാതക്കാരായ ഭരണാധികാരികൾ ജനങ്ങളെ തുടർന്നും വഞ്ചിക്കാനായി തങ്ങൾ കമ്മ്യൂണിസ്റ്റുകാരാണെന്നും, തങ്ങളുടെ പാർട്ടി കമ്മ്യൂണിസ്റ്റു പാർട്ടിയാണെന്നും ശാഠ്യപൂർവ്വം അനുശാസിച്ചുകൊണ്ടുതന്നെ അവിടങ്ങളിലെ ഇന്നത്തെ പ്രതിസന്ധിക്കെതിരായി ജനങ്ങൾ നടത്തുന്ന സമരം ഈ ഔദ്യോഗിക കമ്മ്യൂണിസത്തിനും' ഔദ്യോഗിക കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കും' എതിരായിത്തീരുന്നു.

**മാർക്സ് പറയുന്നതാണ് അന്തിമ തീരുമാനം, അതിനപ്പുറത്തോട്ട് ഒന്നും ഇല്ല എന്ന് മാർക്സിസ്ററുകാർ തന്നെ പറയുന്നുണ്ടെങ്കിൽ അത് തെററാണ്. ആ വലിയ കോട്ടയിൽചെന്ന് തലയിടിച്ച് പിൻവാങ്ങുകയല്ല വേണ്ടത്, ഭേദിച്ച് അതിനപ്പുറം കടക്കുന്നവരാണ് യഥാർത്ഥ മാർക്സിസ്ററുകാർ.**



**ബിഷപ്പ് പൗലോസ് മാർ പൗലോസ്**

○ കമ്മ്യൂണിസത്തിന് ഇപ്പോഴുണ്ടായിട്ടുള്ള മാററം, പുറകോട്ടുള്ള തിരിച്ചുപോക്കാണെന്ന് പറയുന്നുണ്ട്, മുന്നോട്ടുള്ള ഒരു കുതിപ്പാണെന്നും പറയുന്നുണ്ട്. അതിനെക്കുറിച്ച് എന്താണ് അഭിപ്രായം ?

— പുറകോട്ടുള്ള തിരിച്ചുപോക്കാണെന്നും, മുന്നോട്ടുള്ള കുതിപ്പാണെന്നും എനിക്ക് തോന്നിയിട്ടില്ല. ഒരു പരിവർത്തനം മാത്രം. അത്ു് ഏതൊരു കാര്യത്തിലും ഉണ്ടാകണമല്ലോ ? ഓരോ രാജ്യത്തും, പ്രത്യേക പരിതസ്ഥിതികളിൽ കമ്മ്യൂണിസത്തിന് വ്യത്യസ്ത രൂപവും ഭാവവും ഉണ്ടായിരിക്കാം. തത്വത്തിൽ നല്ലതായിട്ടുള്ളൊരു സംഗതി, ചിലപ്പോൾ അത് പ്രയോഗിക്കുന്നവരുടെ വിവരക്കേടുകൊണ്ടോ, അല്ലെങ്കിൽ സ്വയം കേന്ദ്രീകൃത മനോഭാവം കൊണ്ടോ, കുഴപ്പങ്ങളുണ്ടായിട്ടുണ്ടെങ്കിൽ കമ്മ്യൂണിസത്തിനെ കുററം പറയാൻ പാടില്ല. ഉദാഹരണത്തിന് കൃസ്ത്യാനികൾ മോശമായിട്ട് കാര്യങ്ങൾ നടത്തുന്നുവെങ്കിൽ, അല്ലെങ്കിൽ ഒരുസഭ ജനങ്ങളെ അടിച്ചമർത്തി, ജനങ്ങൾക്ക് നീതി ലഭിക്കുന്നതിൽ ഏർപ്പെടാതിരിക്കുകയും, ജനങ്ങളിൽ



പുറകോട്ടുള്ള തിരിച്ചുപോക്കാണെന്നും, മുന്നോട്ടുള്ള കുതിപ്പാണെന്നും എനിക്ക് തോന്നിയിട്ടില്ല. ഒരു പരിവർത്തനം മാത്രം. അത് ഏതൊരു കാര്യത്തിലും ഉണ്ടാകണമല്ലോ ? ഓരോ രാജ്യത്തും, പ്രത്യേക പരിതസ്ഥികളിൽ കമ്മ്യൂണിസത്തിന് വ്യത്യസ്ത രൂപവും ഭാവവും ഉണ്ടായിരിക്കാം. തത്വത്തിൽ നല്ലതായിട്ടുള്ളൊരു സംഗതി, ചിലപ്പോൾ അത് പ്രയോഗിക്കുന്നവരുടെ വിവരക്കേടുകൊണ്ടോ, അല്ലെങ്കിൽ സ്വയം കേന്ദ്രീകൃത മനോഭാവംകൊണ്ടോ, കുഴപ്പങ്ങളുണ്ടായിട്ടുണ്ടെങ്കിൽ കമ്മ്യൂണിസത്തിനെ കുററം പറയാൻ പാടില്ല.

നിന്ന് അമിതമായി പണം ശേഖരിക്കുകയും, അത് സ്വന്തം ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുകയും ചെയ്താൽ അത് ക്രസ്തുമതത്തിന്റെ തോൽവിയാണെന്നോ, അല്ലെങ്കിൽ ക്രസ്തുവിന്റെ പഠിപ്പിക്കലിന്റെ തോൽവിയാണെന്നോ പറയാൻ കഴിയില്ല. അതാ പ്രത്യേകദേശത്ത്, പ്രത്യേകക്കൂട്ടം ആളുകളുടെ Attitude-ൽ വന്നിട്ടുള്ള ഭാവപ്പകർച്ചയാണ്. പലപ്പോഴും അതിനുള്ള തിരിച്ചടികളും കിട്ടിയിട്ടുണ്ട്. തിരുത്തലുകളുണ്ടായിട്ടുണ്ട്. അതൊന്നും ക്രസ്തുമതത്തിന്റെ പഠിപ്പിക്കലിന്റെ തോൽവിയാണെന്ന് പറഞ്ഞുകൂടാ. You know, മാർക്സിസം എന്ന പ്രത്യയശാസ്ത്രം ഫിലോസഫിയും, സോഷ്യോളജിയും ജർമ്മൻ ഫിലോസഫി & ഇംഗ്ലീഷ് എക്കണോമിക്സും കൂടിച്ചേർന്നതാണല്ലോ? അതിലല്ല കുഴപ്പം. കുഴപ്പം അത് പ്രയോഗിക്കുന്നവരിലായിരിക്കാം. റുമാനിയായിലുണ്ടായിട്ടുള്ള മാററങ്ങൾ എനിക്ക് വിശ്വസിക്കാൻകൂടി പററുന്നില്ല. പിന്നെ ഈ മാർക്സിസം തന്നെ ലോകത്തിലുള്ള എല്ലാ സംഗതികളുടെയും അവസാന വാക്കാണെന്ന് മാർക്സ് തന്നെ Claim ചെയ്തിട്ടില്ല. അതിൽ മാററങ്ങൾ വരാം. ഇപ്പോൾ ഇക്കണോമി തന്നെ എത്രയോ മാറിയിട്ടുണ്ട്. അപ്പോൾ അത്തരത്തിലുള്ള ഗവേഷണങ്ങളും, പരീക്ഷണങ്ങളും, നിരീക്ഷണങ്ങളും നടത്തുന്നതിൽ തെററില്ല. അങ്ങിനെയുള്ള പരിവർത്തനങ്ങൾക്ക് വിധേയരാവാത്ത ആളുകളെയാണ് കുററം പറയേണ്ടത്. അവർ മാർക്സിസത്തിനോട് വിധേയത്വം പുലർത്തുന്നവരല്ല. മാർക്സിന്റെ ഡയലക്ടിക്കൽ പ്രമാണം അനുസരിച്ച് എപ്പോഴും പരിവർത്തനങ്ങൾക്ക് സാദ്ധ്യതയുണ്ട്. അതായത് തിസീസ് സിന്തസിസ് ആകുകയും, സിന്തസിസ് തിസീസ് ആകുകയും ചെയ്യുന്നു. മാർക്സ് പറയുന്നതാണ് അന്തിമ തീരുമാനം, അതിനപ്പുറത്തോട്ട് ഒന്നും ഇല്ല എന്ന് മാർക്സിസ്ററുകാർ തന്നെ പറയുന്നുണ്ടെങ്കിൽ അത് തെററാണ്. ആ വലിയ കോട്ടയിൽചെന്ന് തലയിടിച്ച് പിൻവാങ്ങുകയല്ല വേണ്ടത്, ഭേദിച്ച് അതിനപ്പുറം കടക്കുകയാണാവശ്യം. അവരാണ് യഥാർത്ഥ മാർക്സിസ്ററുകാർ

○ കിഴക്കൻ യൂറോപ്പിലെ സംഭവവികാസങ്ങളെ എങ്ങിനെയാണ് വിലയിരുത്തുന്നത്?

— ഈസ്ററ് ജർമ്മനിൽനിന്ന് വെസ്ററ് ജർമ്മനിയിൽ പോയിട്ടുള്ള ആളുകളിൽ 90% തിരിച്ചുവന്നിട്ടുണ്ട്. അവരൊക്കെ പറയുന്നത് മാർക്സിസം തെററാണെന്നല്ല, മറിച്ച് കുറച്ചുകൂടി ഒരു human face ആവശ്യമാണെന്നാണ്. മാർക്സിസത്തിന്റെ ഒരടിസ്ഥാനതത്വം തന്നെ മനുഷ്യൻ എന്നുള്ളതാണ്. മനുഷ്യൻ:—his freedom, his autonomy, his dignity being kept എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അത് ചില പ്രത്യേക സാഹചര്യങ്ങളിൽ ആകാതിരുന്നിട്ടുണ്ടെങ്കിൽ, അതിനുള്ള മാർഗ്ഗങ്ങൾ നോക്കണം. അതുകൊണ്ടാണല്ലോ വെസ്ററ് ജർമ്മനിയിലേക്ക് പോയി അൽപം ഷോപ്പിങ്ങും—പരിചയക്കാരെ കാണുകയും തിരിച്ചുപോരുകയും ചെയ്തു എന്നുപറഞ്ഞാൽ; മാർക്സിസം is great.

○ വ്യക്തിയിൽ അധികാരം കേന്ദ്രീകരിക്കപ്പെടുന്നതിനെക്കുറിച്ച് എന്താണഭിപ്രായം?

— വ്യക്തിയിൽ അധികാരം കേന്ദ്രീകരിക്കപ്പെടുന്നത് എപ്പോഴും അപകടമാണ്. സോഷ്യലിസത്തിന്റെ മുഖം ചിലപ്പോൾ വികൃതമായിത്തീരും. അത് പ്രയോഗിക്കുന്നതിലുള്ള തകരാറുകൊണ്ടാകാം. ഒരു layman എന്ന നിലക്ക് പറയുകയാണ്. അതുകൊണ്ട് ഡെമോക്രസിക്ക് വേണ്ടിയുള്ള പോരാട്ടങ്ങളെല്ലാം നടന്നുകൊണ്ടിരിക്കും. അത് മതത്തിലും നടക്കും. അതിന്റെ ഫലമാണല്ലോ മാററം മതത്തിലും നടക്കുന്നത്. കഴിഞ്ഞ രണ്ടായിരം വർഷത്തെ മാററത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ അതാണല്ലോ കാണാൻ കഴിയുന്നത്. എന്തെല്ലാം മാററങ്ങളിൽകൂടി മതം വന്നു. രണ്ടാം നൂററാണ്ടിലും, നാലാം നൂററാണ്ടിലും, പത്താം നൂററാണ്ടിലുമൊക്കെയുള്ളതുപോലെയാണോ ഇപ്പോഴുള്ള മതം? പ്രത്യേകിച്ച് ക്രസ്തുമതത്തെക്കുറിച്ച് ഞാൻ പറയുമ്പോൾ, എന്തെല്ലാം പരിവർത്തനങ്ങളിലൂടെ അത് വന്നു? തിയോളജിയിൽ തന്നെ പറയുന്നത്, Focus on Deity is shifted all on time.

ആദിമനൂററാണ്ടുകളിൽ വല്ല ഡിബേററും ഡിസ്ക



വ്യക്തിയിൽ അധികാരം കേന്ദ്രീകരിക്കപ്പെടുന്നത് എപ്പോഴും അപകടമാണ്. സോഷ്യലിസത്തിന്റെ മുഖം ചിലപ്പോൾ വികൃതമായിത്തീരും. അത് പ്രയോഗിയ്ക്കുന്നതിലുള്ള തകരാറുകൊണ്ടാകാം. ഒരു *layman* എന്ന നിലക്ക് പറയുകയാണ്. അതുകൊണ്ട് ഡെമോക്രസിക്ക് വേണ്ടിയുള്ള പോരാട്ടങ്ങളെല്ലാം നടന്നുകൊണ്ടിരിക്കും. അത് മതത്തിലും നടക്കും. അതിന്റെ ഫലമാണല്ലോ മാററം മതത്തിലും നടക്കുന്നത്.

ഷൻസും ഒക്കെ നടത്തിയതു് Christ ൽ എത്ര ക്യാരക്ടറുണ്ട്, അതിൻെറ സ്വഭാവമെന്താണ്, അതായത് human സ്വഭാവം, Divine സ്വഭാവം എന്നിങ്ങനെയുള്ളതിനെക്കുറിച്ച് തല പുകഞ്ഞ് ഉറക്കം നഷ്ടപ്പെടുത്തിയ സമയം ഉണ്ടായിരുന്നു.

If you come to the middle ages, തോമസ് സെക്യൂനാസിനെപ്പോലുള്ളവർ സമയം ചിലവഴിച്ചത് ദൈവം ഉണ്ടെന്ന് തെളിയിക്കാനാണ്. ഇന്ന് ആരെങ്കിലും അതിന് മിനക്കെടുമെന്ന് തോന്നുന്നുണ്ടോ ? To day the focus is shifted. അതുകൊണ്ട് മാർക്സിസം എന്നുപറഞ്ഞാൽ ഒരു കാലത്തും മാററം വരാൻ പാടില്ലാത്ത ഒരു സിദ്ധൗഷധമായിട്ട് ആരും കണക്കാക്കാൻ പാടില്ല. ഇതൊരു തോൽവിയായി എനിക്ക് തോന്നിയിട്ടില്ല. ഇതു ചിലപ്പോൾ പിടിച്ചുകുലുക്കുന്നതായിരിയ്ക്കും. വൃശ്ചിക മാസത്തിൽ കാററുണ്ടായിരുന്നെങ്കിലേ കടയൊക്കെയൊന്നിളകി, വേരുകളൊക്കെ ഒന്നാടി ഫലമൂലാദികൾ ശരിയായി ഉണ്ടാകുകയുള്ളൂ. പിന്നെ ഇതു തോററു എന്ന് പറഞ്ഞുനടക്കുന്നത് ഒരു കൂട്ടം ആളുകളുടെ ആവശ്യമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടാണല്ലോ ഫ്രാൻസിസ് ഫുക്യുയാമ പറഞ്ഞത് "This is the end of the... ..........., This is the end of the history" എന്ന്. ഇനി ക്യാപ്പിററലിസത്തിൻേറയും, വെസ്റ്റേൺ ലിബറലിസത്തിൻേറയും ഒരു ഫുട്നോട്ടാകാൻ പോകുകയാണ് ഇക്കഴിഞ്ഞ സംഭവങ്ങളൊക്കെ. ഈ ആള് ആരാണെന്ന് മനസ്സിലാക്കുമ്പോഴാണ് പേടി തോന്നുന്നത്. He is the deputy director of policy making department of state department of USA. സാധാരണക്കാർക്കിടയിൽ ഇതൊരു ഞെട്ടലുണ്ടാക്കിയേക്കാം.

○ ഈ സംഭവവികാസങ്ങൾ ഇന്ത്യയിലും കേരളത്തിലും മററും എങ്ങിനെയാണ് പ്രതിഫലിക്കുക ?

— 'കമ്മ്യൂണിസ്റ്റുകൾ കൊമ്പും വാലും ഉള്ളവരാണെന്നും അവർ മനുഷ്യനെപ്പിടിച്ചു തിന്നുമെന്നും ഉത്തര കൊറിയയെ ചൂണ്ടിക്കാണിച്ച് ദക്ഷിണ കൊറിയയിലെ സ്കൂളുകളിൽ ഇപ്പോഴും പഠിപ്പിക്കുന്നുണ്ട്. ആശ്രിത മനോഭാവം വച്ചുപുലർത്തുന്ന കേരളത്തിലെ ന്യൂനപക്ഷങ്ങളിൽ ഇത്തരം 'ഉമ്മാക്കി' പ്രയോഗിക്കുന്നതിൽ തൽപര കക്ഷികൾ ഒരു പരിധി വരെ വിജയിച്ചുവെന്ന് കഴിഞ്ഞ പാർലിമെൻറ് ഫലം സൂചിപ്പിക്കുന്നു. തങ്ങൾ അധികാരത്തിൽ നിന്ന് പിന്തള്ളപ്പെട്ടാൽ കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ താറുമാറാക്കപ്പെടുമെന്ന് അവർ തെററിദ്ധരിക്കുന്നതിനും, തങ്ങളാണ് യഥാർത്ഥ രക്ഷകരെന്ന് അവരെ വിശ്വസിപ്പിക്കുന്നതിനും അങ്ങിനെ അവരിൽ ആശ്രിത മനോഭാവം വളർത്തുന്നതിനും, മത മേധാവികളുടെ പിൻബലമുള്ള കൂട്ടുകക്ഷികൾ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കേണ്ടത് ഓരോ ന്യൂനപക്ഷ സമുദായത്തിൻേറയും പ്രത്യേക അവകാശമായിട്ടല്ല, പ്രത്യുത രാഷ്ട്രത്തിലെ ഏതു പൗരൻേറയും മനുഷ്യത്വത്തിൻെറ മൗലികാവകാശങ്ങളുടെ ഭാഗമായിട്ടാണ് എന്നുള്ള തത്വം കേരളത്തിലെ ന്യൂനപക്ഷങ്ങൾ ഇനിയും പഠിക്കേണ്ടതായിട്ടുണ്ട്. ഈ പ്രബുദ്ധതയിലേക്ക് ജനങ്ങൾ വളരരുത് എന്നാണ് തൽപര കക്ഷികളുടെ ആഗ്രഹം. അപ്പോഴല്ലേ അവരുടെ രക്ഷകരാവാൻ സാധിക്കൂ ?

അതോടൊപ്പം അവഗണിക്കാൻ പാടില്ലാത്ത മറെറാരു ചോദ്യവും സ്വയം നാം ചോദിക്കേണ്ടതുണ്ട്. ഇടതുപക്ഷ ഗവൺമെൻറിന് ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരാൻ കഴിഞ്ഞിട്ടുണ്ടോ ? പ്രകൃതിക്ഷോഭങ്ങൾ, പണദൗർലഭ്യത, തക്കസമയത്തു റേഷൻ കിട്ടാതിരിക്കൽ, എന്നുതുടങ്ങി നിയന്ത്രണാതീതമായ പലതും പ്രതികൂലമായി സംഭവിച്ചിട്ടുണ്ട്. അക്കാരണംകൊണ്ടുതന്നെ ഇടതു ഗവൺമെൻറിനെതിരായ അന്തിമ വിധിയെഴുത്തായി ഈ തിരഞ്ഞെടുപ്പ് ഫലത്തെ കാണാൻ പററില്ല. അനുഭവസമ്പന്നരും, ജനങ്ങളോട് പ്രതിബദ്ധതയുള്ളവരും ആയ നേതാക്കളുള്ളപ്പോൾ ഭരണകൂടത്തിന് പാളിച്ചകൾ വിലയിരുത്താൻ കഴിഞ്ഞാൽ ജനോന്മുഖമായ പരിപാടികൾ സൃഷ്ടിക്കാനാവും എന്നതാണ് എൻെറ വിശ്വാസം. ഈ ദിശയിലുള്ള അന്വേഷണവും വിലയിരുത്തലും ആരംഭിച്ചു കഴിഞ്ഞു എന്നത് നല്ലതുതന്നെ.'

ന്യൂനപക്ഷങ്ങളിൽനിന്ന് ഉയരുന്ന ഈ പ്രശ്നങ്ങൾ ശരിയായൊരു വിലയിരുത്തലിലൂടെത്തന്നെ



*കമ്മ്യൂണിസ്ററുകൾ കൊമ്പും വാലും ഉള്ളവരാണെന്നും അവർ മനുഷ്യനെപ്പിടിച്ചു തിന്നുമെന്നും ഉത്തരകൊറിയയെ ചൂണ്ടിക്കാണിച്ച് ദക്ഷിണ കൊറിയയിലെ സ്കൂളുകളിൽ ഇപ്പോഴും പഠിപ്പിക്കുന്നുണ്ട്. ആശ്രിത മനോഭാവം വച്ചുപുലർത്തുന്ന കേരളത്തിലെ ന്യൂനപക്ഷങ്ങളിൽ ഇത്തരം 'ഉമ്മാക്കി' പ്രയോഗിക്കുന്നതിൽ തൽപര കക്ഷികൾ ഒരു പരിധിവരെ വിജയിച്ചുവെന്ന് കഴിഞ്ഞ പാർലിമെൻറ് ഫലം സൂചിപ്പിക്കുന്നു.*

ഇവിടത്തെ ഇടതുപക്ഷം ഇനിയും പാഠങ്ങൾ പഠിക്കേണ്ടതായിട്ടുണ്ട്.

Commitment ഉം Sincerity യും ഉള്ളതുകൊണ്ടു മാത്രം ഒരു ഗവണ്മെൻറിന് നന്നായി രാജ്യം ഭരിക്കാൻ പററില്ല. ഇപ്പോഴത്തെ കേരള ഗവണ്മെൻറിന് ഈ ഗുണങ്ങൾ ഉണ്ടെന്നുള്ളതിൽ സംശയമൊന്നുമില്ല. You should know the technical knowhow. എങ്ങിനെയാണ് കാര്യങ്ങൾ മുമ്പോട്ടുപോകേണ്ടത്. ഏതുതരം സമൂഹമാണ് നമ്മൾ ഉദ്ദേശിക്കുന്നത് എന്നതിനെപ്പററിയുള്ള ദർശനം, എങ്ങിനെയാണ് അവ സൃഷ്ടിക്കുന്നത് എന്നുള്ള Technical knowledge, ജനങ്ങളുടെ നാഡീസ്പന്ദനം മനസ്സിലാക്കാൻ സാധിക്കണം. ഇങ്ങിനെയൊക്കെയാണെങ്കിലെ ജനങ്ങളുടെ Support ആർജ്ജിക്കാൻ കഴിയൂ. ദേശീയ മുന്നണിയുടെ വിജയം തന്നെ വി. പി. സിംഗ് ജനങ്ങളുടെ ഇടയിലേക്ക് കടന്നുവരാൻ ശ്രമിച്ചു എന്നതാണ്. രാജീവ് പരാജയപ്പെടാൻ കാരണം അദ്ദേഹം ജനങ്ങളിൽ നിന്നകന്നതുകൊണ്ടാണ്.

○ ഗോർബച്ചേവ് പോപ്പുമായി നടത്തിയ കൂടിക്കാഴ്ചയെപ്പററി എന്തുപറയുന്നു?

— ആരുമായിട്ടും ഒരു സംവാദത്തിനു നല്ലതാണ്. അതുകൊണ്ട് ലോക പ്രശ്നങ്ങളെല്ലാം അവസാനിച്ചു എന്നു കരുതണ്ട. He knows the integrity of Gorbechev, that made him ready to talk with anybody.

○ ഇത് ആദ്ധ്യാത്മികതയിലേക്കുള്ള ഒരു തിരിച്ചുപോക്കായി വ്യാഖ്യാനിച്ചുകൂടെ?

— No, ഇതിനെ ആദ്ധ്യാത്മികതയുമായി കൂട്ടിക്കലർത്തേണ്ട ആവശ്യമൊന്നുമില്ല. എന്താണ് ശരിയായ ആദ്ധ്യാത്മികത? അത്, ക്ഷേത്രത്തിൽ ചെന്ന് കുമ്പിടുകയാണോ? പോപ്പിനെ കണ്ട് കുമ്പിടുകയാണോ? നെഹ്റു പറഞ്ഞില്ലേ, ആധുനിക ഭാരതത്തിൻെറ പുണ്യതീർത്ഥങ്ങൾ ഇനി കാശിയും രാമേശ്വരവുമല്ല, ഭിലായും ദുർഗ്ഗാപ്പൂരുമാണ് എന്ന്. ജീവൻെറ തുടിപ്പും നാഡീസ്പന്ദനവും അറിയുന്ന സ്ഥലങ്ങളാണ് ഭിലായും ദുർഗ്ഗാപ്പൂരും. അവിടത്തെ സ്റ്റീൽ ഫാക്ടറികൾ, ഇതിനെയൊക്കെ പുണ്യസ്ഥലങ്ങളായി കാണണം. അത്തരത്തിലുള്ള ആത്മീയതയെ ആണ് വളർത്തേണ്ടത്. ഗോർബച്ചേവ് പോപ്പിനെ കണ്ടു എന്നുപറയുന്നതെല്ലാം insignificant ആണ്. ലോകത്തിലെ Statesmen എന്നു പറയാവുന്ന ഉന്നതതലത്തിൽ വിലസുന്ന രണ്ട് മാന്യവ്യക്തികൾ കണ്ടുമുട്ടുന്നു. ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പററി സംസാരിക്കുന്നു. അതുകൊണ്ട് തന്നെ അത് ഒരു great meeting മാത്രം. ആത്മീയതയിലേക്കുള്ള പോക്കല്ല.

○ ബെർലിൻ മതിൽ പൊളിച്ചതിനെപ്പററി എന്തു പറയുന്നു?

— അത് മുഴുവനായും ശരിയാണോ, തെററാണോ എന്നൊന്നും ഞാൻ പറയില്ല. അതു് തെററായിരുന്നു എന്ന് നാം ഇന്ന് പിന്നോട്ട് തിരിഞ്ഞുനോക്കി പറയുകയല്ലേ? അന്ന് അതിന് കഴിയില്ലായിരുന്നു. It was a crucial special situation. ഈസ്റ്റ് യൂറോപ്പിൽ നടക്കുന്ന മാററങ്ങൾ ലോകം മുഴുവൻ attack ചെയ്തുകൊണ്ടിരുന്ന സമയത്തു് അവരുടെ നിലനിൽപ്പുതന്നെ പ്രശ്നമായ സമയത്തു് that kind of situation was necessary. അത് കാലഘട്ടത്തിൻെറ ഒരു ആവശ്യമായിരിക്കാം. And they are ready to change it which shows their greatness. ചെക്കോസ്ലോവാക്യ, ഹംഗറി, ഹോളണ്ട് ഈ രാജ്യങ്ങളെല്ലാം ഇത്തരത്തിലുള്ള മററു പ്രശ്നങ്ങളെ അഭിമുഖീകരിച്ചിട്ടുണ്ട്. എനിക്കു തോന്നുന്നില്ല, സമീപ ഭാവിയിലൊന്നും ഈ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ക്യാപിററലിസ്ററ് വ്യവസ്ഥിതി വളരും എന്ന്. അവിടെയൊക്കെ സോഷ്യലിസ്ററ് വ്യവസ്ഥിതി ഒന്നുകൂടി വളർച്ചപ്രാപിച്ചതാണ്. ജനങ്ങൾ പ്രബുദ്ധതയിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. അവർ അജ്ഞതയിലേക്ക് താഴ്ന്നുകൊണ്ടിരിക്കുകയല്ല അതുകൊണ്ട് ജനനന്മയെ ലാക്കാക്കിക്കൊണ്ടുള്ള ഏതൊരു പ്രത്യയശാസ്ത്രത്തേയും അവർ സ്വീകരിക്കുകയും ചെയ്യും.



*എന്താണ് ശരിയായ ആദ്ധ്യാത്മകത? അത് ക്ഷേത്രത്തിൽ ചെന്ന് കുമ്പിടുകയാണോ? പോപ്പിനെ കണ്ട് കുമ്പിടുകയാണോ? നെഹ്റു പറഞ്ഞില്ലേ, ആധുനിക ഭാരതത്തിൻെറ പുണ്യതീർത്ഥങ്ങൾ ഇനി കാശിയും രാമേശ്വരവുമല്ല, ഭിലായും ദുർഗ്ഗാപൂരുമാണ് എന്ന്. ജീവൻെറ തുടിപ്പും നാഡീസ്പന്ദനവും അറിയുന്ന സ്ഥലങ്ങളാണ് ഭിലായും ദുർഗ്ഗാപൂരും. അവിടുത്തെ സ്ററീൽ ഫാക്ടറികൾ, ഇതിനെയൊക്കെ പുണ്യസ്ഥലങ്ങളായി കാണണം. അത്തരത്തിലുള്ള ആത്മീയതയെ ആണ് വളർത്തേണ്ടത്.*

**ഞാനൊരു മാർക്സിസ്റ്റല്ല എന്ന് മാർക്സ് തന്നെ പറഞ്ഞിട്ടുണ്ട്. കാരണം മാർക്സിസ്റ്റുകൾ ആണെന്ന് അവകാശപ്പെടുന്ന പലരും മാർക്സീന്റെ തത്വങ്ങളെ ഒരുതരം ആത്യന്തിക സത്യങ്ങളായിട്ട് മാറ്റാൻ ശ്രമിച്ചതാണ്.**



## സച്ചിദാനന്ദൻ

○ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ സംഭവവികാസങ്ങളെ അങ്ങ് ഏതു രീതിയിലാണ് വിലയിരുത്തുന്നത്.? ഈ ചർച്ചയിൽ പങ്കെടുത്ത വേണുവിന്റെ അഭിപ്രായം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പ്രതിസന്ധിയിലാണെന്നാണ്. രാമചന്ദ്രൻ ഇതിനെ തിരുത്തൽവാദികൾക്കെതിരായ, സാമ്രാജ്യത്വത്തിനെതിരായ സമരമായി കാണുന്നു. ബിഷപ്പ് പൗലോസ് മാർ പൗലോസ് ഒരു പരിവർത്തനം മാത്രമായിട്ടേ കാണുന്നുള്ളൂ. താങ്കളുടെ അഭിപ്രായമെന്താണ്?

— ഈ പുതിയ പരിവർത്തനങ്ങളിൽ, പരസ്പര വിരുദ്ധമെന്നു പറയാവുന്ന രണ്ട് കാര്യങ്ങളാണ് കാണുന്നത്. ക്രിയാത്മകമായിട്ടുള്ള വശം എന്നു പറയുന്നത് കമ്മ്യൂണിസ്റ്റ് പ്രയോഗത്തിൽ വന്നുപെട്ടിട്ടുള്ള തെറ്റുകളെ, പ്രത്യേകിച്ചും ജനാധിപത്യവിരുദ്ധങ്ങളായിട്ടുള്ളവയെ ചെറുക്കാനുള്ള ഒരു ശ്രമം, വിശേഷിച്ചും സോവിയറ്റ് യൂണിയനിലെ പുതിയ പരിഷ്കാരങ്ങളിലുണ്ട്. സ്റ്റാലിനിസമാണ് കമ്മ്യൂണിസത്തിന്റെ ഒരടിസ്ഥാന മാതൃക എന്ന സങ്കല്പം ലോകത്തെ പല രാജ്യങ്ങളിലും ഇന്നും നിലനിൽക്കുന്ന സാഹചര്യത്തിൽ സ്റ്റാലിനിസം ഒരു പ്രത്യേക സാഹചര്യത്തിൽ



*കമ്മ്യൂണിസ്റ്റ് പ്രയോഗത്തിൽ വന്നുപെട്ടിട്ടുള്ള തെറ്റുകളെ, പ്രത്യേകിച്ചും ജനാധിപത്യ വിരുദ്ധങ്ങളായിട്ടുള്ളവയെ ചെറുക്കാനുള്ള ഒരു ശ്രമം. വിശേഷിച്ചും സോവിയറ്റ് യൂണിയനിലെ പുതിയ പരിഷ്കാരങ്ങളിലുണ്ട്. സ്റ്റാലിനിസമാണ് കമ്മ്യൂണിസത്തിന്റെ ഒരടിസ്ഥാനമാതൃക എന്ന സങ്കല്പം ലോകത്തെ പല രാജ്യങ്ങളിലും ഇന്നും നിലനിൽക്കുന്ന സാഹചര്യത്തിൽ സ്റ്റാലിനിസം ഒരു പ്രത്യേക സാഹചര്യത്തിൽ കമ്മ്യൂണിസത്തിനു വന്നുപെട്ട ഒരു പ്രായോഗിക രൂപം മാത്രമായിരുന്നുവെന്നും. യഥാർത്ഥ കമ്മ്യൂണിസം അടിസ്ഥാനപരമായി ജനാധിപത്യപരമാണെന്നും ഉള്ള സങ്കല്പം സ്ഥാപിക്കാനുള്ള ഒരു ശ്രമം പുതിയ പരിവർത്തനങ്ങളിലുണ്ട്.*

കമ്മ്യൂണിസത്തിന്റെ വന്നുപെട്ട ഒരു പ്രായോഗിക രൂപം മാത്രമായിരുന്നുവെന്നും, യഥാർത്ഥ കമ്മ്യൂണിസം അടിസ്ഥാനപരമായി ജനാധിപത്യപരമാണെന്നും ഉള്ള സങ്കല്പം സ്ഥാപിക്കാനുള്ള ഒരു ശ്രമം പുതിയ പരിവർത്തനങ്ങളിലുണ്ട്. ഈ പരിവർത്തനങ്ങളെ ഏററവും പോസിററീവ് ആക്കുന്ന ഒരു വശം അതാണ്. സോവിയററ് യൂണിയന്റെ കാര്യം മാത്രം എടുക്കുകയാണെങ്കിൽ, ജനാധിപത്യത്തെ കുറെക്കൂടി ശക്തിപ്പെടുത്തുവാനുള്ള ഒരു ശ്രമം പ്രായോഗികമായിട്ട് അവിടെ നടക്കുന്നുണ്ട്. സോവിയററുകൾക്ക് കൂടുതൽ അധികാരങ്ങൾ നല്കുക എന്നുള്ളതാണ് അത്. രണ്ടാമത്തേത് പ്രതിപക്ഷത്തെ അനുവദിക്കുക, അതായത് പ്രതിപക്ഷത്തെ സംസാരിക്കാനനുവദിക്കുക; പ്രവർത്തിക്കാനനുവദിക്കുക എന്നതാണ്. ഇത് നമ്മുടെ മനസ്സിലാക്കിയിട്ടുള്ള കമ്മ്യൂണിസ്ററ് പ്രയോഗത്തിന് എതിരാണ് എന്ന് വേണമെങ്കിൽ പറയാം. കാരണം കമ്മ്യൂണിസം പലപ്പോഴും ഒരു സമഗ്രാധിപത്യമാണ് എന്ന ധാരണയാണ് നമുക്കുള്ളത്. എന്നാൽ കമ്മ്യൂണിസത്തിനകത്തു തന്നെ മറെറാരു ദാർശനിക പാരമ്പര്യമുണ്ട്, പ്രത്യേകിച്ചും അന്റോണിയോ ഗ്രാംഷിയുടേയും, റോസാ ലക്സംബർഗിന്റേയും പാരമ്പര്യം. ലക്സംബർഗും, ഗ്രാംഷിയും ആദ്യം മുതൽ തന്നെ, ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ, പാർലിമെൻറുകളും, പത്രങ്ങളും, മൗലികമായിട്ടുള്ള ആവിഷ്കാര സ്വാതന്ത്ര്യങ്ങളും എല്ലാം ഉണ്ടാകണം എന്ന് വാദിച്ചിട്ടുള്ള വ്യക്തികളാണ്. അവരുടെയെല്ലാം സങ്കല്പങ്ങളിലുണ്ടായിരുന്ന തരത്തിലുള്ള ഒരു സോഷ്യലിസ്റ്റ് സമൂഹത്തിലേക്കുള്ള നീക്കം എന്ന നിലയ്ക്കാണ് ഈ പുതിയ സ്വാതന്ത്ര്യങ്ങളെ ഞാൻ കാണുന്നത്. ഇതാണ് പുതിയ മാററങ്ങളിലേയ്ക്കുള്ള ക്രിയാത്മകമായ വശം.

ഇനി നിഷേധാത്മകമായ വശം, പ്രധാനമായിട്ടും എനിക്കു തോന്നുന്നത് അതിന്റെ സാമ്പത്തികമായിട്ടുള്ള പരിഷ്കാരങ്ങളിലാണ്. സോവിയററ് യൂണിയനിലും, ഈസ്ററ് യൂറോപ്പിലുമുള്ള പുതിയ തലമുറ ഉപഭോഗവാസനയ്ക്ക് കൂടുതലായിട്ട് അടിപ്പെട്ടിട്ടുണ്ടെന്നുള്ള സംഗതി എന്റെ സന്ദർശനവേളയിലും തോന്നിയിട്ടുണ്ട്, അവിടെ നടക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് വായിക്കുമ്പോഴും തോന്നിയിട്ടുണ്ട്. പൊതുവെ നിസ്വാർത്ഥമെന്നു വിളിക്കാവുന്ന ഒരു മനഃസ്ഥിതി, പുതിയ തലമുറയിലിന്ന് ക്ഷയിച്ചുവരുന്നുണ്ടെന്നാണ് എനിയ്ക്ക് നേരിട്ടുകാണുമ്പോൾ തോന്നിയിട്ടുള്ളത്. നമ്മുടെ പുതിയ തലമുറയ്ക്ക്, സ്വാതന്ത്ര്യസമരം ഒരു കടങ്കഥയായിരിക്കുന്നതുപോലെ തന്നെ, ഒരുപക്ഷെ അതിനേക്കാൾ രൂക്ഷമായിട്ട്, കഴിഞ്ഞുപോയ വിപ്ളവങ്ങളെക്കുറിച്ച്, ലെനിനോ അതുപോലുള്ള പഴയ വിപ്ളവകാരികളോ ചിലപ്പോഴൊക്കെ പ്രകീർത്തിക്കപ്പെടുന്നുണ്ടാകാം. അതെല്ലാം ഒരു അനുഷ്ഠാനംപോലെ ഓർമ്മിക്കപ്പെടുന്ന, പ്രകീർത്തിക്കപ്പെടുന്ന എന്നതല്ലാതെ, അവരുടെ സജീവമായിട്ടുള്ള പ്രാധാന്യം എന്തായിരുന്നു എന്നുള്ളതിനെപ്പററി വേണ്ടപോലെ പുതിയ തലമുറ ബോധവാന്മാരല്ല. അപ്പോൾ മുതലാളിത്ത സമൂഹത്തിൽനിന്നുയരുന്ന പുതിയ ആവശ്യങ്ങളുമായിട്ട് പൊരുത്തപ്പെടാൻ പഴയ സാമ്പത്തിക സംവിധാനങ്ങൾക്ക് കഴിയുന്നില്ല. സോവിയററ് യൂണിയനിലെ പഴയ സാമ്പത്തിക സംവിധാനമെന്നു പറഞ്ഞാൽ മുഖ്യമായിട്ടും, ജനങ്ങളുടെ ദൈനംദിന ഉപയോഗവസ്തുക്കളിലാണ് ശ്രദ്ധിച്ചിരുന്നത്. അത് ഉല്പാദിപ്പിക്കുന്നതിലും, അതിന് ക്ഷാമം വരാത്തതിലുമാണ്. ഈ അടിസ്ഥാന ആവശ്യങ്ങളിൽ ഊന്നിക്കൊണ്ടുള്ള ഒരു ഇക്കണോമിയാണ് സോവിയററ് യൂണിയനിൽ മുഖ്യമായിട്ടും ഉണ്ടായിട്ടുള്ളത്. ഈ ഇക്കണോമിക്ക്, ഒരു ഭാഗത്ത് അമേരിക്കൻ സാമ്രാജ്യത്വവുമായിട്ടുള്ള വാണിജ്യരംഗത്ത് മത്സരിക്കാൻ പററുന്നില്ല. മറുഭാഗത്ത്, സ്വന്തം സമൂഹത്തിൽനിന്നുതന്നെ പുതിയ തലമുറ ഉയർത്തുന്ന പുതിയ സുഖഭോഗ ആവശ്യങ്ങളുമായിട്ടും പൊരുത്തപ്പെടാനും പററുന്നില്ല. അതുകൊണ്ട് അതിനെ പുതുക്കിപ്പണിയാനും, പുതിയ സുഖഭോഗവസ്തുക്കളുടെ ഉല്പാദനത്തിലേക്കുകൂടി ശ്രദ്ധ തിരിക്കാനുംവേണ്ടിയുള്ള ഒരു ട്ട വേ പ്രോഗ്രസ്സുകൂടിയായിട്ടാണ് സാമ്പത്തിക രംഗത്ത് നടക്കുന്ന മാററങ്ങളെന്ന് എനിക്കു തോന്നുന്നത്. സാമ്പത്തികരംഗത്ത് പ്രത്യേകിച്ചും,



സോവിയററ് യൂണിയനിലും, ഈസ്ററ് യൂറോപ്പിലുമുള്ള പുതിയ തലമുറ ഉപഭോഗവാസനയ്ക്ക് കൂടുതലായിട്ട് അടിപ്പെട്ടിട്ടുണ്ടെന്നുള്ള സംഗതി എന്റെ സന്ദർശനവേളയിലും തോന്നിയിട്ടുണ്ട്. അവിടെ നടക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് വായിക്കുമ്പോഴും തോന്നിയിട്ടുണ്ട്. പൊതുവെ നിസ്വാർത്ഥമെന്നു വിളിക്കാവുന്ന ഒരു മനസ്ഥിതി, പുതിയ തലമുറയിലിന്ന് ക്ഷയിച്ചുവരുന്നുണ്ടെന്നാണ് എനിയ്ക്ക് നേരിട്ടുകാണുമ്പോൾ തോന്നിയിട്ടുള്ളത്.

ഒരതിർത്തിവരെയെങ്കിലും സ്വകാര്യ സ്വത്തിലേക്കുള്ള തിരിച്ചുപോക്കിൻെറ പ്രവണത പ്രത്യക്ഷപ്പെടുന്നുണ്ട്.

○ അതു് വളരെ അപകടകരമായിട്ടല്ലേ, കാണേണ്ടതു്?

— അതെ. അതു് വളരെ അപകടകരമായിട്ടുള്ള ഒരു പ്രവണതതന്നെയായിട്ടാണ് എനിക്കു തോന്നുന്നതു്. ഇപ്പോഴത്തെ പ്രവണത കാണുമ്പോൾ കൂടുതൽ കൂടുതലായിട്ടുള്ള സ്വകാര്യ സ്വത്തിനുവേണ്ടിയുള്ള ഡിമാൻറ്സ് വദ്ധിക്കുന്നതായിട്ടാണ് തോന്നുന്നതു്. പത്രത്തിൽ കാണുന്ന സർവ്വേ അനുസരിച്ചാണെങ്കിൽ അവിടെയുള്ള എഴുപതു ശതമാനത്തോളം ആളുകളും പ്രൈവററ് പ്രോപ്പർട്ടിക്കുവേണ്ടി നില്ക്കുന്നു എന്നാണ് കാണുന്നതു്,

ഇങ്ങനെ ജനങ്ങളുടെ ആവശ്യങ്ങളോടു്, അതേപടി പ്രതികരിച്ചുകൊണ്ടിരിക്കുകയാണ് ഭരണകൂടം ചെയ്യുന്നതു് എങ്കിൽ കൂടുതൽ കൂടുതൽ മേഖലകൾ സ്വകാര്യവൽക്കരണത്തിനു് വിധേയമാകാനും, സ്വകാര്യസ്വത്തിൻെറ തിരിച്ചുവരവിനും സാദ്ധ്യതയുണ്ട്, ലെനിൻെറ കാലത്തെ ന്യൂ എക്കണോമി പോളിസി നിലനിന്നിരുന്ന സമയത്തു പോലും ഭാഗികമായി സ്വകാര്യസ്വത്തു് അനുവദിക്കപ്പെട്ടിരുന്നു. ഉല്പാദനത്തിനുള്ള ഒരു പ്രചോദനം എന്നുള്ള നിലയ്ക്കു് സ്വകാര്യ സ്വത്തിൻെറ അല്ലെങ്കിൽ മുതലാളിത്തത്തിൻെറ ചില രീതികൾ ആ കാലത്തു് പ്രയോഗിക്കപ്പെട്ടിരുന്നു.

○ ഭൗതിക പ്രചോദനം എന്നുള്ള സിദ്ധാന്തമല്ലേ അതു്?

— ഭൗതിക പ്രചോദനം എന്നുള്ളതു് ഉപയോഗിക്കപ്പെട്ടിട്ടുണ്ട്, മുമ്പ്. എന്നാൽ ഭൗതികപ്രചോദനം ഉപയോഗിക്കപ്പെട്ടിരുന്നിട്ടുണ്ട് എന്നുള്ളതു് തീർത്തും കമ്മ്യൂണിസ്റ്റ് വിരുദ്ധമാണെന്നു് പറയാൻ പാററില്ല. പക്ഷെ പ്രശ്നം വരുന്നതു്, ഇതു് എവിടെവെച്ചിട്ടാണ് മുതലാളിത്തമായി മാറുക, അതായതു് സ്വകാര്യ സ്വത്തിൻെറ അടിസ്ഥാനത്തിലുള്ള പഴയ അസമത്വങ്ങൾ എവിടെവെച്ചാണ് പ്രത്യക്ഷപ്പെടുക എന്നതു് ഉറപ്പുപറയാൻ പററില്ല. അങ്ങിനെയുള്ള അപകടത്തിൻെറ ഘടകം ഈ സ്വകാര്യസ്വത്തിൻെറ തിരിച്ചുവരവിൽ ഞാൻ കാണുന്നുണ്ട്.

○ സോഷ്യലിസ്ററ് വ്യവസ്ഥിതി സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നതുകൊണ്ടാണ് റുമാനിയ പോലെയുള്ള രാജ്യങ്ങളിലെ പ്രശ്നങ്ങൾ ഉണ്ടാകാൻ കാരണം എന്ന അഭിപ്രായത്തെക്കുറിച്ച് എന്തുപറയുന്നു ?

— ഒരതിർത്തിയോളം ശരിയാണ് ഇതു്. പക്ഷെ സാമ്പത്തിക പ്രതിസന്ധി എന്നുപറയുമ്പോൾ ആ രാജ്യത്തിനകത്തുമാത്രമുള്ള പ്രതിസന്ധിയല്ല. പലപ്പോഴും ഈ സോഷ്യലിസ്ററ് രാഷ്ട്രങ്ങളിലുള്ള സാമ്പത്തിക പ്രതിസന്ധിക്കു്, സാമ്രാജ്യത്വം, പ്രത്യേകിച്ചും അമേരിക്കൻ സാമ്രാജ്യത്വം ഈ പ്രതിസന്ധി ഉണ്ടാക്കുന്നതിൽ വലിയ സംഭാവന നൽകിയിട്ടുണ്ട്. ഇത് പലതരത്തിലാകാം. ഒന്നു്, സാമ്പത്തിക കൈമാററത്തിൻെറ കാര്യത്തിൽ തുല്യത പാലിക്കാതിരിക്കുക, രണ്ട് Trade-ൽ വാണിജ്യത്തിൻെറ രംഗത്തുനിന്നു് കഴിവതും സോഷ്യലിസ്ററ് രാഷ്ട്രങ്ങളെ അകററി നിർത്താൻ ശ്രമിക്കുക വഴി, ഒററപ്പെടുത്താൻ ശ്രമിക്കുക വഴി, ഇങ്ങനെ ഒക്കെത്തന്നെ ഈ സോഷ്യലിസ്ററ് സമ്പത്ത് തത്വം പ്രായോഗികമല്ല എന്നു വരുത്തിതീർക്കാനുള്ള വളരെ ബോധപൂർവ്വമായിട്ടുള്ള ശ്രമം സാമ്രാജ്യത്വത്തിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. അതുകൂടി സോഷ്യലിസ്ററ് രാജ്യങ്ങളിൽ ഉണ്ടായി എന്നു പറയുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട് എന്നു് എനിക്കു തോന്നുന്നു.

റുമേനിയൻ പ്രതിസന്ധിയെ അങ്ങനെ മാത്രം കണ്ടുകൂടാ സ്ററാലിനിസത്തെപ്പററി പറഞ്ഞതു പോലെതന്നെ അവിടെയും ഒരു സമഗ്രാധിപത്യത്തിൻെറ, അല്ലെങ്കിൽ സ്വേച്ഛാധിപത്യത്തിൻേറതായിട്ടുള്ള പ്രവണത വളർന്നു വന്നിട്ടുണ്ട്. വൈരുദ്ധ്യങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള വലിയ തെററുകൾമൂലം മതത്തിൽ വിശ്വസിക്കുന്ന ആളുകൾ കമ്മ്യൂണിസത്തെ ഒരു പീഡന വ്യവസ്ഥയായിട്ട് കാണാൻ ഇടവരുന്നു. മതവും കമ്മ്യൂണിസവും തമ്മിലുള്ള വൈരുദ്ധ്യം വർദ്ധിക്കുക, ആ വൈരുദ്ധ്യത്തെ ഈ മൂലധനത്തിൻെറ അല്ലെങ്കിൽ സ്വ



*വൈരുദ്ധ്യങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള വലിയ തെററുകൾ മൂലം മതത്തിൽ വിശ്വസിക്കുന്ന ആളുകൾ കമ്മ്യൂണിസത്തെ ഒരു പീഡന വ്യവസ്ഥയായിട്ട് കാണാൻ ഇടവരുന്നു. മതവും കമ്മ്യൂണിസവും തമ്മിലുള്ള വൈരുദ്ധ്യം വർദ്ധിക്കുക, ആ വൈരുദ്ധ്യത്തെ ഈ മൂലധനത്തിൻെറ അല്ലെങ്കിൽ സ്വകാര്യ സ്വത്തിൻെറ ഒക്കെയായിട്ടുള്ള പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്ന ആളുകൾ തീർത്തും മുതലെടുക്കുക. മാദ്ധ്യമങ്ങളും മററും വൈരുദ്ധ്യങ്ങളെ വലുതാക്കാൻ ശ്രമിക്കുക ഇതെല്ലാം ചേർന്നുണ്ടായൊരു Crisis ആയിട്ടാണ് റുമേനിയ പ്രതിസന്ധിയിലേക്ക് എത്തിച്ചേരുന്നത്.*

കാര്യ സ്വത്തിൻെറ ഒക്കെയായിട്ടുള്ള പ്രത്യയ ശാസ്ത്രത്തിൽ വിശ്വസിക്കുന്ന ആളുകൾ തീർത്തും മുതലെടുക്കുക, മാദ്ധ്യമങ്ങളും മററും വൈരുദ്ധ്യങ്ങളെ വലുതാക്കാൻ ശ്രമിക്കുക ഇതെല്ലാം ചേർന്നുണ്ടായൊരു Crisis ആയിട്ടാണ് റുമേനിയ പ്രതിസന്ധിയിലേക്ക് എത്തിച്ചേരുന്നത്. പ്രത്യേകിച്ച് അവിടുത്തെ ചർച്ചിന്, സഭക്ക് മതത്തിനൊക്കെ വലിയൊരു പങ്കുണ്ട്. അവിടെ നടന്ന മാററത്തിനൊക്കെതന്നെ, ഒരു ഭാഗത്ത് ശരിയാണ്. ചെഷസ്ക്യൂവിനെപ്പോലെയൊരു സ്വേച്ഛാധിപതിയുടെ, അത്തരത്തിലൊരു സമഗ്രാധിപത്യ പ്രവണത അവസാനിച്ചത് തെററാണെന്ന് പറയാൻ വയ്യ, ജനങ്ങൾക്ക് അത്തരത്തിലൊരു പ്രവണതയോടുള്ള രോഷമുണ്ടാകുന്നത് സ്വാഭാവികമാണ്.

പക്ഷെ ആ രോഷത്തെ മുതലെടുത്തിരിക്കുന്ന ശക്തികൾ ശരിക്കുള്ള സർഗ്ഗാത്മക ശക്തികളാണോ എന്നുള്ളത് എനിക്കു സംശയമുണ്ട്. ഒരുപക്ഷെ പ്രതിലോമകാരികൾ ആണ് ഇതിൽ മുതലെടുക്കുകയും റുമേനിയായെ മറെറാരു മുതലാളിത്ത രാജ്യമായിട്ട് മാററാൻ ശ്രമിക്കുകയും ചെയ്യും എന്നൊരഭിപ്രായമെനിക്കുണ്ട്.

○ മാർക്സിയൻ ചിന്തയാണ് അന്തിമ തീരുമാനം എന്ന ഒരു concept അതിനപ്പുറത്തേയ്ക്ക് പോകുവാൻ ആരും ശ്രമിക്കുന്നില്ല എന്നൊരഭിപ്രായം ചർച്ചയ്ക്കിടയിൽ ഉരുത്തിരിയുകയുണ്ടായി. അതെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

— ഞാനൊരു മാർക്സിസ്റ്റല്ല എന്ന് മാർക്സ്തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങിനെ പറയാൻ കാരണം മാർക്സിസ്ററുകൾ ആണെന്ന് അവകാശപ്പെടുന്ന പല ആളുകളും മാർക്സിൻെറ തത്വങ്ങളെ ഒരുതരം ആത്യന്തിക സത്യങ്ങളായിട്ട് മാററാൻ ശ്രമിച്ചതാണ്. മാർക്സ് വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ട് ''ഇതാണ് സത്യം, ഇതിനു മുമ്പിൽ മുട്ടുകുത്തുവിൻ എന്ന് ഞങ്ങൾ നിങ്ങളോട് ഒരിക്കലും പറയുന്നില്ല. നിലനിൽക്കുന്ന എല്ലാററിൻെറയും നിർഭയമായ വിമർശനം ഇതാണ് ഞങ്ങൾ ലക്ഷ്യമാക്കുന്നത്. അതുകൊണ്ട് എല്ലാ സത്യങ്ങളിലും ജീവിതത്തിൻെറ എല്ലാ അംശങ്ങളിലും ഞങ്ങൾ എത്തിച്ചേർന്നു എന്ന് ഒരിക്കലും ഞങ്ങൾ പറയുന്നില്ല''. മാർക്സിന് ആ തിരിച്ചറിവുണ്ടായിരുന്നു. നിർഭാഗ്യവശാൽ പിന്നീട് വന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട പ്രവണത വരട്ടുവാദത്തിൻേറതാണ് (Dogmatism). 19-ാം നൂററാണ്ടിൽ ഒരു പ്രത്യേക സാഹചര്യത്തിൽ മാർക്സ് പറഞ്ഞ കാര്യങ്ങൾ, അല്ലെങ്കിൽ റഷ്യയിലെ ഒരു സവിശേഷ സാഹചര്യത്തിൽ ലെനിൻ പറഞ്ഞ കാര്യങ്ങൾ. ചൈനയിലെ ഒരു പ്രത്യേക സാഹചര്യത്തിൽ മാവോ ഉന്നയിച്ച കാര്യത്തിൽ, ഇതെല്ലാം അതേപടി മററു രാജ്യങ്ങളിലും അല്ലെങ്കിൽ മററു ചരിത്രഘട്ടങ്ങളിലും പ്രയോഗിക്കാം എന്നു കരുതുന്നത് ശരിക്കും മാർക്സിസത്തെ ഒരു Dogmatism ആക്കി മാററലാണ്. അത്തരമൊരു സൈദ്ധാന്തികമായിട്ടുള്ള പ്രവണതകളും പുതിയ സംഭവവികാസങ്ങൾക്ക് ഒരളവോളം കാരണമാക്കിയിരിക്കാം. ജീവിതത്തിനൊത്ത് പരിണമിക്കാത്ത ഒരു സിദ്ധാന്തത്തിന് ഏതെങ്കിലുമൊരു ഘട്ടത്തിൽ പ്രതിസന്ധിയെ നേരിട്ടേ കഴിയൂ. മറെറാരു ഭാഗത്ത് ഇതു പറയുമ്പോൾതന്നെ മാർക്സിസത്തെ വികസിപ്പിക്കുവാനുള്ള വലിയൊരു ശ്രമവും നടന്നുപോന്നിട്ടുണ്ട്. നരവംശശാസ്ത്രമായിട്ടും മനഃശാസ്ത്രമായിട്ടും മററു ശാസ്ത്രങ്ങളിലെ കണ്ടുപിടുത്തങ്ങളുമായിട്ടും മാർക്സിസത്തെ ബന്ധിപ്പിച്ചുകൊണ്ട് വികസിപ്പിക്കാൻ ഉള്ള ശ്രമങ്ങളും സൈദ്ധാന്തികരംഗത്ത് ധാരാളമായിട്ട് നടന്നിട്ടുണ്ട്. പക്ഷെ അത് പലപ്പോഴും രാഷ്ട്രീയ പ്രയോഗത്തിൻെറ മേഖലയിൽ അത്തരത്തിലൊരു സമന്വയത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ വളരെ ഗൗരവമായിട്ട് നടന്നിട്ടില്ല.

○ ഇതിൻെറ യഥാർത്ഥ പ്രശ്നം ക്രൂഷ്ചേവിൻെറ കാലത്തു നടന്നിട്ടുള്ള തിരുത്തൽവാദത്തിൻെറ അനുബന്ധമായിട്ടുള്ളതാണെന്ന് രാമചന്ദ്രൻ പറയുകയുണ്ടായി. ഇതിനെപ്പററി എന്താണഭിപ്രായം?

— തിരുത്തൽവാദം എന്നുള്ള വാക്ക് വളരെയധികം ദുർഗ്രഹമാണ്. പല അർത്ഥങ്ങളിൽ പല കാലങ്ങളിൽ പലരും പ്രയോഗിച്ചുപോന്നിട്ടുള്ള ഒരു വാക്കാണത്. തിരുത്തൽവാദം കൃത്യമായിട്ട് ഉപയോഗിക്കാറുള്ളത് സ്വകാര്യ സ്വത്തിൻേറതായിട്ടുള്ള ഒരു വ്യവസ്ഥിതിയിലേക്ക് തിരിച്ചുപോ



മാർക്സ് വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ട്. ''ഇതാണ് സത്യം, ഇതിനു മുമ്പിൽ മുട്ടുകുത്തുവിൻ എന്നു ഞങ്ങൾ പറയുന്നില്ല. നിലനിൽക്കുന്ന എല്ലാററിൻെറയും നിർഭയമായ വിമർശനം ഇതാണ് ഞങ്ങൾ ലക്ഷ്യമാക്കുന്നത്. അതുകൊണ്ട് എല്ലാ അംശങ്ങളിലും ഞങ്ങൾ എത്തിച്ചേർന്നു എന്ന് ഒരിക്കലും പറയുന്നില്ല''. മാർക്സിന് ആ തിരിച്ചറിവുണ്ടായിരുന്നു. നിർഭാഗ്യവശാൽ പിന്നീട് വന്നിട്ടുള്ള ഒരു പ്രധാനപ്പെട്ട പ്രവണത വരട്ടുവാദത്തിൻേറതാണ്.

കാൻവേണ്ടി മാർക്സിസത്തിന്റെതന്നെ സംജ്ഞകൾ അല്ലെങ്കിൽ അതിന്റെ പദാവലി, അപഗ്രഥനരീതികൾ ഉപയോഗിക്കുന്ന ഘട്ടത്തിലാണ്, തിരുത്തൽവാദം എന്ന വാക്ക് വിമർശനാത്മകമായിട്ട് ഉന്നയിക്കുവാൻ കഴിയുക. നേരെ തിരിച്ച് fundamentalism എന്ന വാക്ക് നമുക്ക് ഉപയോഗിക്കാൻ കഴിയും. മാർക്സിസത്തിലും മതങ്ങളിൽ എന്നപോലെ ഒരു fundamentalism ഉണ്ടായിക്കൂടാ എന്നാണ് എനിക്കു തോന്നുന്നതു്. നിരന്തരം സ്വയം നവീകരിക്കുന്ന ഒരു വ്യവസ്ഥയായിരിക്കണമതു്. അത്രത്തോളം മാർക്സിസം ഓരോ കാലഘട്ടത്തിലും തിരുത്തപ്പെടേണ്ടതുണ്ട് എന്നാണ് എനിക്കു തോന്നുന്നതു്. അതാതു കാലത്തിലെ പുതിയ അറിവുകളും ജീവിതത്തിന്റെ പ്രശ്നങ്ങളുമായിട്ട് ഏറ്റുമുട്ടപ്പെടുമ്പോൾ സ്വയം നവീകരിക്കേണ്ടി വരും. എന്നാൽ മാത്രമേ മാർക്സിസത്തിനും, സജീവമായിട്ടുള്ളൊരു അപഗ്രഥനരീതിയും പരിഹാരരീതിയും ആയിട്ട് ലോകചരിത്രത്തിൽ ഇനിയും പ്രത്യക്ഷപ്പെടാൻ കഴിയൂ.

○ ഗൊർബച്ചേവും, മാർപ്പാപ്പയും തമ്മിലുള്ള കൂടിക്കാഴ്ചയെ എങ്ങനെ കാണുന്നു.

— രണ്ടു വ്യക്തികൾ തമ്മിലുള്ള കൂടിക്കാഴ്ച മാത്രമല്ല, ശരിക്കു പറഞ്ഞാൽ ഗൊർബച്ചേവിന്റെ സമീപനത്തിലുള്ളൊരു മാറ്റത്തിന്റെകൂടി സൂചനയായിട്ടാണ് അതിനെ കാണേണ്ടതു്. പലപ്പോഴും മാർക്സിസം മതത്തെ സമീപിച്ചിട്ടുള്ളതു് മാർക്സ് സമീപിച്ചതുപോലെയല്ല. പിന്നെയോ, ഒരുതരം യുക്തിവാദത്തിന്റെ തലത്തിൽനിന്നു കൊണ്ടാണ്. യുക്തിവാദി നോക്കുമ്പോൾ മതം അസംബന്ധമാണ്, എതിർക്കപ്പെടാൻമാത്രം അർഹതയുള്ള ഒന്നാണ്. പക്ഷെ മതം എല്ലാകാലത്തും നിഷേധാത്മകമായ പങ്കു മാത്രമല്ല ലോകചരിത്രത്തിൽ വഹിച്ചിട്ടുള്ളതു്. ചില കാലഘട്ടങ്ങളിൽ സംസ്കാരത്തിന്റെ പ്രധാന Source ആയിട്ടുണ്ടു്. Artist എന്നുള്ള നിലക്കു് എനിക്കു് പറയാൻ സാധിക്കും, കലയെ സംബന്ധിച്ചിടത്തോളം, ചിത്രകലയെടുത്താലും ശരി, സംഗീതമെടുത്താലും ശരി, നൃത്തമെടുത്താലും ശരി, സാഹിത്യമെടുത്താലും ശരി ഇതിനൊക്കെതന്നെ വലിയ പ്രചോദനം ചില കാലഘട്ടങ്ങളിൽ മതത്തിന്റേതായിട്ട് ഉണ്ടായിട്ടുണ്ടു്. മനുഷ്യസംസ്കാരത്തിന്റെ മൂന്നു സ്രോതസ്സുകളിൽ ഒന്നു് എന്ന നിലക്കു് മതത്തിനു് അതിന്റേതായിട്ടുള്ളൊരു പങ്കു് ലോകത്തിൽ ഉണ്ടായിട്ടുണ്ടു്. അതേസമയം മതം മനുഷ്യനെ വിഭജിക്കുവാൻ ഉപയോഗിക്കപ്പെട്ടിട്ടുണ്ടു്. ഇവിടെ മതമെന്ന നിലവിട്ട് വർഗ്ഗീയമായിട്ട് മാറുമ്പോൾ, എന്നു പറഞ്ഞാൽ രാഷ്ട്രീയശക്തിയായിട്ട് മാറുമ്പോഴാണ് മതം പീഡനോപാധിയായിട്ട് മാറിയിട്ടുള്ളതു്.

ഇങ്ങനെ മതത്തിന്റെ രണ്ടു വശങ്ങളും വിവേചനത്തോടുകൂടി കാണുകയാണെങ്കിൽ, മതത്തെ തത്വചിന്താപരമായിട്ടും ദൈവകേന്ദ്രീയമായും ഉള്ള എല്ലാ ചിന്തയും കമ്മ്യൂണിസ്റ്റുകാർ എതിർക്കുമ്പോൾതന്നെ ഒരു പ്രയോഗം എന്നുള്ള നിലക്കു് വ്യക്തികളുടെ വിശ്വാസത്തെ കമ്മ്യൂണിസ്റ്റുകാർക്കു് അടിസ്ഥാനപരമായിട്ട് ചോദ്യംചെയ്യേണ്ട കാര്യമില്ല. മാർക്സിന്റെതന്നെ സമീപനം എടുത്താൽ ഈ രണ്ടു വശങ്ങളും കാണുവാൻ കഴിയും. അദ്ദേഹം ഉന്നയിക്കുന്ന രണ്ടു കാര്യങ്ങളാണ്. ഒന്നു്, മതം ഒരു *മയക്കുമരുന്നാണെന്നു്* പറയുന്നുണ്ടു്. മനുഷ്യർക്ക്, തങ്ങളുടെ വേദനകളും, സ്വപ്നങ്ങളും ആവിഷ്കരിക്കുന്നതിനു് മറ്റു ഉപാധികൾ ഇല്ലാത്ത അവസ്ഥ വരുമ്പോൾ ഒരു പ്രത്യയശാസ്ത്രമെന്ന നിലയിലുള്ള ഒരാശ്രയം ആയിട്ടാണ് മതം നിലനില്ക്കുന്നതു്. കൃത്യമായിട്ടുള്ള, വിപ്ലവകരമായ ഒരു പരിഹാരം നമുക്കു് നിർദ്ദേശിക്കാൻ കഴിയുന്നില്ലെങ്കിൽ ഈ ഒരു ആശ്വാസംപോലും ജനങ്ങളിൽനിന്നെടുത്തുകളയുന്നതു് വളരെ ക്രൂരമാണ്. വ്യക്തിതലത്തിൽ അല്ല മതം അപകടകരമാവുന്നതു്. അതൊരു സംഘവിശ്വാസമായിട്ട് മാറുകയും അതു മനുഷ്യനെ വിഭജിക്കുകയും, അതുപോലെ മതസ്ഥാപകൻ സങ്കല്പിച്ചിരുന്ന മതത്തിന്റെ പ്രയോഗത്തിൽനിന്നു് തികച്ചും അകന്നുപോവുകയും ചെയ്യുന്നു. ഈ സന്ദർഭങ്ങളിലാണ് മതം, മനുഷ്യത്വവിരുദ്ധമായുള്ള ശക്തിയായിട്ട് മാറുന്നതു്. മതത്തിന്റെ ഈ വശമാണ് മനുഷ്യരെ മയക്കുകയും, ചില യഥാർത്ഥ്യങ്ങളിൽനിന്നു് അകറ്റിക്കളയുക



*പലപ്പോഴും മാർക്സിസം മതത്തെ സമീപിച്ചിട്ടുള്ളത് മാർക്സ് സമീപിച്ചതുപോലെയല്ല. പിന്നെയോ, ഒരുതരം യുക്തിവാദത്തിന്റെ തലത്തിൽനിന്നുകൊണ്ടാണ്, യുക്തിവാദി നോക്കുമ്പോൾ മതം അസംബന്ധമാണ്, എതിർക്കപ്പെടാൻ മാത്രം അർഹതയുള്ള ഒന്നാണ്. പക്ഷേ മതം എല്ലാകാലത്തും നിഷേധാത്മകമായ പങ്കു മാത്രമല്ല ലോകചരിത്രത്തിൽ വഹിച്ചിട്ടുള്ളത്. ചില കാലഘട്ടങ്ങളിൽ സംസ്കാരത്തിന്റെ പ്രധാന Sourse ആയിട്ടുണ്ട്.*

യും ചെയ്യുന്നത്. മറിച്ചുള്ള ശ്രമങ്ങൾ മതത്തിനകത്തുതന്നെ നടക്കുന്നുണ്ട്, ഉദാഹരണത്തിന് ക്രിസ്ത്യൻ വിമോചന ദൈവശാസ്ത്രം ഇപ്പോൾ ആയുധമെടുത്ത് പൊരുതുന്ന വിപ്ലവകാരികളെപ്പോലും സൃഷ്ടിക്കാൻ പര്യാപ്തമായിട്ടുണ്ട്. അത്തരത്തിലൊരു ദൈവശാസ്ത്രത്തെക്കുറിച്ച് ഇസ്ലാം മതത്തിലെ ചില പുരോഗമനശക്തികളും ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. ബുദ്ധമതംപോലെയുള്ള മതങ്ങൾക്ക് ഒരു വലിയ അളവോളം നമ്മുടെ കാലത്തെ വിമോചനത്തിനുവേണ്ടിയുള്ള യത്നങ്ങളിൽ സഹായിക്കാവുന്ന തത്വചിന്തകളാണുള്ളത്. പ്രത്യേകിച്ചും ഇന്ത്യൻകമ്മ്യൂണിസത്തിന്റെ വേരുകൾ അന്വേഷിച്ചു ചെല്ലുമ്പോൾ എത്തിപ്പെടേണ്ടത് യാന്ത്രികമായിട്ടുള്ള ഭൗതികവാദങ്ങളിലല്ല, മറിച്ച് ബുദ്ധമതംപോലെ ഒരുതരം Fighting realism; എന്നു പറയാവുന്ന—പൊരുതുന്ന ആശയവാദം പോലുള്ള ചില കാര്യങ്ങളിലാണ്. കാരണം ജാതിവ്യവസ്ഥയ്ക്കും, ഉച്ചനീചത്വങ്ങൾക്കും, ഈ സമ്പത്തിനും, അധികാരത്തിനും എതിരായിട്ടുള്ള Fight-ന്റെ ഒരു ഘടകം ബുദ്ധദർശനത്തിൽ അടിസ്ഥാനപരമായിട്ടുണ്ടായിരുന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാരുടെ വേരുകൾ വലിയ അളവോളം കിടക്കുന്നത് ബുദ്ധദർശനത്തിലും അതു മുന്നോട്ടുവെച്ച വിമോചനത്തിന്റെ കാഴ്ചപ്പാടിലുമാണെന്നാണ് എനിക്കു തോന്നുന്നത്. ഒരുതരത്തിൽ മതാതീതമായ മതം, അതേസമയംതന്നെ മനുഷ്യരുടെ ആത്യന്തികമായ വിമോചനത്തിനുവേണ്ടി നിലകൊണ്ട ഒരു ദർശനം, ഈ അർത്ഥത്തിൽ ഇന്ത്യൻ പാരമ്പര്യത്തിന് ഏറ്റവുമധികം ഇന്ത്യൻ കമ്മ്യൂണിസവുമായിട്ട് അടുത്തുവരുന്നത് ബുദ്ധദർശനമാണ്.

അപ്പോൾ മതങ്ങളെ അന്ധമായിട്ട് നിരാകരിക്കുകയോ, സ്വീകരിക്കുകയോ ചെയ്യുന്നതിന് പകരം, അവ ഓരോ ഘട്ടത്തിലും വഹിച്ചിട്ടുള്ള യഥാർത്ഥമായ പങ്ക് എന്ത് എന്ന് നോക്കി ഇനി അവയ്ക്ക് എന്തെങ്കിലും പുരോഗമനപരമായ പങ്കു വഹിക്കാൻ കഴിയുമോ എന്നുകൂടി അപഗ്രഥിച്ച് മതങ്ങളെ നമ്മൾ വീണ്ടും വിലയിരുത്തേണ്ടതുണ്ട്.

അത്തരമൊരു വിലയിരുത്തലിന്റെ ആരംഭമായിക്കൂടെന്നില്ല ഗോർബച്ചേവിന്റെ മാർപ്പാപ്പ സന്ദർശനം. മതത്തോടുള്ള കാഴ്ചപ്പാട് ക്രമേണ മാറിവരുന്നു.

കേവലമായൊരു അസഹിഷ്ണുതയുടെ കാഴ്ചപ്പാടിനു പകരം ഒരുപക്ഷേ അതിനെ യാഥാർത്ഥ്യമായിട്ട് അംഗീകരിക്കാനുള്ള Realistic കാഴ്ചപ്പാടിലേക്ക് പ്രായോഗിക കമ്മ്യൂണിസം നീങ്ങുന്നു എന്നതിന്റെ തെളിവായിരിക്കാം ഇതു സൂചിപ്പിക്കുന്നത്.

○ തുടർച്ചയായ സാംസ്കാരിക വിപ്ലവങ്ങളിലൂടെ മാത്രമേ മാർക്സിസത്തിനു വളരാൻ കഴിയൂ എന്ന വേണുവിന്റെയും, രാമചന്ദ്രന്റെയും അഭിപ്രായത്തോട് അങ്ങു യോജിക്കുന്നുണ്ടോ?

— തീർച്ചയായും ഉണ്ട്, തുടർച്ചയായ സാംസ്കാരിക വിപ്ലവങ്ങളുടെ പരമ്പര എന്ന വാദം മാവോ ആണ് മുന്നോട്ട് വെച്ചത്. സാസ്കാരിക വിപ്ലവത്തിന്റെ പ്രാധാന്യം ഏററവും ആഴത്തിൽ ഊന്നിപ്പറഞ്ഞിട്ടുള്ളത് ഗ്രാംഷിയാണ്. വിപ്ലവത്തിന്റെ ഏററവും ഉത്തമമായ മാനം സാംസ്കാരികമാണ് എന്ന ആശയം. വിപ്ലവങ്ങൾ എവിടെയെങ്കിലും പരാജയപ്പെടുന്നുവെങ്കിൽ അതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന്, മനുഷ്യന്റെ ജീവിതശൈലിയിൽ, കാഴ്ചപ്പാടിൽ, സൗന്ദര്യവീക്ഷണത്തിൽ അടിസ്ഥാനപരമായ മാററം വരുന്നതുകൊണ്ടാണ്. കാരണം ഭൗതികമായ ശക്തി ഉപയോഗിച്ച് ഒരു ഭരണകൂടം പിടിച്ചടക്കാൻ കഴിഞ്ഞേക്കാം, കുറേക്കാലം ആ ശക്തി ഉപയോഗിച്ച് നിലനിത്താനും കഴിഞ്ഞേക്കാം. മനുഷ്യന്റെ സമീപനത്തിൽ, (സ്വത്തിനോട്, അധികാരത്തോട്, ലോകവീക്ഷണത്തോട്) എല്ലാം സമൂലമായ മാററം വന്നിട്ടില്ലെങ്കിൽ അധികാരം പിടിച്ചുനിത്താൻ കഴിയില്ല. കമ്മ്യൂണിസത്തിലുണ്ടായ അപജയത്തിന്റെ കാരണങ്ങളിലൊന്ന് പൂർണ്ണമായിട്ടും മനുഷ്യരെ വളർത്തിയെടുക്കുന്നതിൽ ഭരണകൂടം വിജയിച്ചിട്ടില്ല എന്നതാവാം.



ഇന്ത്യൻ കമ്മ്യൂണിസ്ററുകാരുടെ വേരുകൾ വലിയ അളവോളം കിടക്കുന്നത് ബുദ്ധദർശനത്തിലും അതു മുന്നോട്ടുവെച്ച വിമോചനത്തിന്റെ കാഴ്ചപ്പാടിലുമാണെന്നാണ് എനിക്കു തോന്നുന്നത്. ഒരു തരത്തിൽ മതാതീതമായ മതം, അതേസമയംതന്നെ മനുഷ്യരുടെ ആത്യന്തികമായ വിമോചനത്തിനുവേണ്ടി നിലകൊണ്ട ഒരു ദർശനം, ഈ അർത്ഥത്തിൽ ഇന്ത്യൻ പാരമ്പര്യത്തിന് ഏററവുമധികം ഇന്ത്യൻ കമ്മ്യൂണിസവുമായിട്ട് അടുത്തുവരുന്നത് ബുദ്ധദർശനമാണ്.

○ കമ്മ്യൂണിസത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങൾ ഇന്ത്യൻ രാഷ്ട്രീയരംഗത്ത് എങ്ങിനെയാണ് പ്രതിഫലിക്കുക?

— ഇന്ത്യയെപ്പോലുള്ള മൂന്നാം ലോകരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസത്തിൻെറ മാററങ്ങൾ ബാധിക്കേണ്ടതില്ല എന്നാണ് എനിക്കു തോന്നുന്നത്. കാരണം വളരെ വ്യത്യസ്തമായ ഒരു വ്യവസ്ഥിതിയാണ് മൂന്നാംലോക രാജ്യങ്ങളിലുള്ളത്. വളരെ പ്രത്യക്ഷമാണ് സാംസ്ക്കാരികമായ ഉച്ചനീചത്വം. ഈ ഒരു സാഹചര്യത്തിൽ വിപ്ളവത്തിൻെറ പ്രധാനപ്പെട്ട ഒരു ശക്തി എന്ന നിലയിൽ മാർക്സിസത്തിന്, അതിൻെറ ഉൾക്കാഴ്ചകൾക്ക് വലിയ പങ്കു വഹിക്കാനുണ്ട്. അതിനർത്ഥം ഈ മാററങ്ങളെ അവഗണിക്കണമെന്നല്ല, ഈ മാററങ്ങളിൽനിന്ന് പഠിക്കേണ്ട പല പാഠങ്ങളുമുണ്ട്. സമഗ്രാധിപത്യപരമായ മാർക്സിസം എന്നത് ലോകത്തുതന്നെ അപ്രായോഗികമായി മാറിക്കൊണ്ടിരിക്കുന്നു. മാനുഷികതയുടെ പുതിയ മാനങ്ങളെക്കൂടി പരിഗണിക്കുന്ന ഒരു കമ്മ്യൂണിസത്തിനുമാത്രമേ ഇനി പ്രായോഗിക കമ്മ്യൂണിസമായി മാറാനും, സാമൂഹിക പരിവർത്തനത്തെ നയിക്കാനും കഴിയുകയുള്ളു. അടിസ്ഥാനപരമായ ജനാധിപത്യത്തോട് പ്രതിജ്ഞാബദ്ധമായ ഒരു കമ്മ്യൂണിസത്തിനേ ഇന്ത്യയിലും, മററു മൂന്നാംലോക രാജ്യങ്ങളിലും വർത്തമാനവും, ഭാവിയുമുള്ളു. അത്രത്തോളം പാഠം ഇന്ത്യയിലെ കമ്മ്യൂണിസ്ററുകാരും, മൂന്നാംലോക രാജ്യങ്ങളിലെ കമ്മ്യൂണിസ്ററുകാരും പഠിക്കേണ്ടതുണ്ട്.

○ അടുത്ത ഒരു Stage ആയിട്ട് എന്താണ് കാണുന്നത്?

— ലോകകമ്മ്യൂണിസത്തിലുണ്ടെന്നു പറയുന്ന പ്രതിസന്ധി മാർക്സിസത്തിൻെറ വലിയ സൈദ്ധാന്തിക വികാസത്തിലേക്ക് നയിക്കും എന്നാണ് എൻെറ പ്രതീക്ഷ. കാരണം മുൻപ് നേരിട്ടിട്ടില്ലാത്ത പുതിയ പ്രശ്നങ്ങൾ, അതായത് സമൂഹത്തിൻെറ സാംസ്കാരികവും, സാമ്പത്തികവുമായ പുതിയ ഡിമാൻറുകളെ, നേരിടേണ്ടിവരുന്നുണ്ട്. ഉല്പാദന വർദ്ധനവിനുവേണ്ട ധാർമ്മികചോദന മാവോസേതുങ്ങും മററും പ്രയോഗിച്ചുനോക്കിയെങ്കിലും വിജയിച്ചിട്ടില്ല. അതുകൊണ്ട് ഭൗതികചോദനതന്നെ പ്രയോഗിച്ചുനോക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ഇതിൽനിന്നെല്ലാം വ്യത്യസ്തമായി, ഏതു രീതിയിലാണ് ഉല്പാദനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുക; ആ രീതിയിലുള്ള അന്വേഷണങ്ങൾ ഇക്കണോമിക്സിൽ നടക്കാനുള്ള സാദ്ധ്യതയുണ്ട്. അതുപോലെ അധികാരവും, സോഷ്യലിസ്റ്റ് സമൂഹവുമായുള്ള ബന്ധം എന്താണ്? തൊഴിലാളിപത്യ സർവ്വാധിപത്യം എന്ന സങ്കല്പം എത്രമാത്രം പ്രായോഗികമാണ്? ഏതെങ്കിലും തരത്തിലുള്ള സർവ്വാധിപത്യം ഇനിയും ലോകത്ത് സാദ്ധ്യമാണോ? എന്നിങ്ങനെയുള്ള അന്വേഷണങ്ങൾ, നേരത്തെ പറഞ്ഞ ഗ്രാംഷിയും ലക്സംബർഗ്ഗും പറഞ്ഞുവെച്ചിരുന്ന അന്വേഷണങ്ങൾ വളരെ അടിസ്ഥാനപരമായി മുന്നോട്ടു പോകാനുള്ള സാദ്ധ്യതയാണ് മാർക്സിസത്തെ സംബന്ധിച്ച് ഞാൻ കാണുന്നത്. ഈ പ്രതിസന്ധി പുതിയ അന്വേഷണങ്ങൾക്ക് പ്രേരകമാകും എന്നു തോന്നുന്നു. കാരണം മാർക്സിസത്തിൻെറ അടിസ്ഥാനപരമായ ഊർജ്ജം സജീവമാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്. മാർക്സിസ്റ്റ് ചിന്ത അപ്രസക്തമായിട്ടില്ല. ചിന്തകന്മാർ ഇന്നും ജാഗരൂകരാണ്. അതുകൊണ്ട് മാർക്സിസം മുന്നോട്ടു പോകാനുള്ള ഒരു അവസരമായിട്ടാണ് ഈ പ്രതിസന്ധി മാറുക എന്നാണ് എൻെറ പ്രതീക്ഷ.

ഈ പ്രതിസന്ധി പുതിയ അന്വേഷണങ്ങൾക്ക് പ്രേരകമാകും എന്നു തോന്നുന്നു. കാരണം മാർക്സിസത്തിൻെറ അടിസ്ഥാനപരമായ ഊർജ്ജം സജീവമാണ് എന്നാണ് ഞാൻ വിചാരിക്കുന്നത്. മാർക്സിസ്ററ് ചിന്ത അപ്രസക്തമായിട്ടില്ല. ചിന്തകൻമാർ ഇന്നും ജാഗരൂകരാണ്, അതുകൊണ്ട് മാർക്സിസം മുന്നോട്ടു പോകാനുള്ള ഒരു അവസരമായിട്ടാണ് ഈ പ്രതിസന്ധി മാറുക എന്നാണ് എൻെറ പ്രതീക്ഷ.





എൺപത്തി ഒമ്പതിലെ പുതുവത്സര ദിനത്തിൽ ഇന്ദ്രപ്രസ്ഥത്തിലെ തെരുവീഥികളിലൂടെ ഒഴുകിയ സഫ്ദർ ഹാശ്മിയുടെ രക്തം ചരിത്രത്താളുകളിൽനിന്നും ആർക്കും മായ്ച്ചുകളയാനാവില്ല. ഭരണകൂടം നിലനിർത്താൻ മുതലാളിത്ത പാതക്കാർ പിന്തുടരുന്ന മർദ്ദകസ്വഭാവവും പീഠനസമ്പ്രദായങ്ങളും പലരൂപത്തിൽ പ്രത്യക്ഷപ്പെടാം എന്നുള്ളതിനുള്ള തെളിവാണ് ഈ കലാകാരന്റെ നേരെ നടന്ന ആക്രമണം. ജനതയുടെ പ്രതിരോധവും പോരാട്ടവും ശക്തിപ്രാപിക്കുന്തോറും ഫാസിസ്റ്റ് പ്രവണതകൾക്ക് പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കേണ്ടിവരുന്നു. ഹാശ്മിയുടെ രക്തസാക്ഷിത്വം സാംസ്ക്കാരിക ഫാസിസത്തിനെതിരായി ജനങ്ങളുടെ മുന്നേറ്റത്തിനു വഴിയൊരുക്കുന്നതോടെ ഹാശ്മിയുടെ കൊലയാളികൾ മാർപ്പഹിക്കാത്തവിധം അധികാരങ്ങളിൽനിന്ന് തുത്തെറിയപ്പെടുകയും ചെയ്യു.

നാടകവുമായി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്ന ഈ കലാകാരൻ കലയും സമൂഹവുമായുള്ള പുതിയ ബന്ധങ്ങൾക്ക് രൂപം നൽകുകയും, കലാകാരൻ സമൂഹവുമായി അകന്നു നിൽക്കേണ്ടവനല്ല, ചുററുപാടുകളുടെ വേദനകളും സംഘർഷങ്ങളും അവനേററുകൂടിയാക്കി മാററി പുതിയ സൃഷ്ടികൾക്ക് ജന്മം നൽകേണ്ടവനാണെന്നു പഠിപ്പിക്കുകയും ചെയ്യുന്നു.

സഫ്ദറിന്റെ പാതകൾ, ആദർശനങ്ങൾ തൊഴിലാളികളോട്, കർഷകരോട്, വിദ്യാർത്ഥികളോട് അനീതിക്കെതിരെ കരുതിയിരിക്കേണ്ട, പോരാടേണ്ട ഒരു മനസ്സ് ആവശ്യപ്പെടുന്നു. ഈ കാലഘട്ടത്തിന്റെ മുഴുവൻ വേദനകളും ദുരന്തങ്ങളും ഏററുവാങ്ങിയ, കലയെ അറിയുകയും ആവിഷ്ക്കരിക്കുകയുംചെയ്ത സഫ്ദർ ഹാശ്മി ആയിരങ്ങളുടെ മനസ്സിൽ ഇന്നും ജീവിക്കുന്നു.

---

സഫ്ദർ ഹാശ്മിയുടെ ജ്വലിക്കുന്ന

ഓർമ്മകൾക്കു മുന്നിൽ ഹവിസ്സിന്റെ

രക്തപുഷ്പങ്ങൾ.

---

## സ്വാതന്ത്ര്യം

ഇന്നലെ വൈകുന്നേരമാണ് ശർമ്മാജി
പുതിയ ഒരു തൊപ്പി വാങ്ങിയത്
വീട്ടിൽ ടീവി കാണുകയാണ്
പപ്പാ, മമ്മി, ഗ്രാനി
ചുവപ്പുകോട്ടക്കു സമീപം സ്വാതന്ത്ര്യോത്സവം
എല്ലാററിനുമുപരിഷ്കൃതാകിയായി നൃത്തംചെയ്യുന്നകൊടി
ചുവടൊപ്പിച്ച് ബാൻഡ് വായിച്ച്
പട്ടാളക്കാർ വന്നും പോയുമിരിക്കുന്നു
ലോൺ മുഴുവൻ കുട്ടികളും കിഴവൻമാരും
കടല കൊറിക്കുന്നു
എല്ലാവരും പൊട്ടുന്നു ഇന്നത്തെ നാൾ
സ്വതന്ത്രമായി ദേശം
ഇന്നത്തെ നാളാണ് ഇംഗ്ലീഷുകാരന്റെ
രാജ്യം ഇല്ലാതായത്
ഞങ്ങൾക്ക് മനസ്സിലായില്ല സ്വാതന്ത്ര്യം, ദേശം
ഞങ്ങൾ പുരപ്പുറത്തുനിന്നു നോക്കുകയാണ്
പട്ടങ്ങളുടെ അടവുകൾ
ഞങ്ങളോട് ആരെങ്കിലും ചോദിച്ചാൽ
''കുഞ്ഞുങ്ങളെ സ്വാതന്ത്ര്യം എന്നാൽ എന്താണ്?''
ഞങ്ങൾ മറുപടി പറയും
''ആ ദിനം എല്ലാവർക്കും ഒഴിവാണ്''.

— **സഫ്ദർ ഹാശ്മി**



പൊട്ടിച്ചിതറിക്കിടക്കുന്ന ....ഇഷ്ടിക കഷ്ണങ്ങൾ....പട്ടികക്കോലുകൾ.... കുപ്പിച്ചില്ലുകൾ...........ഒരു യുദ്ധക്കളത്തിന്റെ പ്രതീതി, ആരും ഒന്നും സംസാരിക്കുന്നില്ല. എന്തോ അപകടം അടർന്നുവീണപോലെ, പല കൂട്ടങ്ങളായി പിരിഞ്ഞു നടക്കുന്നവർ. വാഗ്വാദങ്ങൾ....കുറ്റപ്പെടുത്തലുകൾ....പോർവിളികൾ........പിന്നീട് നീണ്ട അവധിക്കുശേഷം കണ്ടുമുട്ടുമ്പോൾ പലരുടേയും മുഖത്ത് പഴയ പുഞ്ചിരിയില്ല, കണ്ണുകളിൽ പഴയ സൗഹാർദ്ദത്തിന്റെ നക്ഷത്രങ്ങളില്ല. വാക്കുകളിൽ നാടകീയത ...ഇത് ഒരു മുഖം മാത്രം....... ക്ലാസ്സ് കഴിഞ്ഞാൽ വരണ്ടുകിടക്കുന്ന, ആളനക്കമില്ലാത്ത കോളേജ് വരാന്തകൾ...., ഇത്രയും കുട്ടികളിവിടെ പഠിക്കുന്നുണ്ടോ എന്നുപോലും സംശയം തോന്നിപ്പിക്കുന്നവിധം ശൂന്യത. ചോലമരത്തണലുകളിൽ സിഗററ്റും, കടലമണികളും കൈമാറി പൊട്ടിച്ചിരിക്കുന്ന സൗഹൃദ സംഘങ്ങളെങ്ങുമില്ല. വഴിയിൽവെച്ചു കണ്ടാൽ ഒന്നു പുഞ്ചിരിക്കാൻ പോലും കഴിയാത്ത അന്യത്വം സൃഷ്ടിക്കുന്ന അന്തരീക്ഷം. ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള സൗഹൃദങ്ങൾ തരംതാണ 'പഞ്ചാരയിലോ' പ്രേമത്തിലോ മാത്രം ഒതുങ്ങുന്നു. അതിനപ്പുറത്തേക്കു വളരുന്ന നല്ല സൗഹൃദങ്ങൾ പ്രേമമായി വ്യാഖ്യാനിക്കപ്പെടുന്നു........

Ego Centric Personalitiesന്റേയും, സമൂഹത്തെ പുച്ഛിച്ചുതള്ളുന്നവരുടേയും കൂടെ അപക്വമായ രാഷ്ട്രീയ വിദ്വേഷങ്ങളും കടന്നുവരുന്നു.
നമ്മുടെ കാമ്പസിലെ വിദ്യാർത്ഥി ബന്ധങ്ങൾ ആരോഗ്യകരമാണോ ?

ഈ വരണ്ട മണ്ണിൽ ഉറവ കണ്ടെത്താൻ നമുക്കാവുമോ ?
വിഫലമായേക്കാവുന്ന ഒരു ശ്രമം ഈ കാമ്പസ് ചർച്ചയിലൂടെ ആരംഭിക്കുന്നു.

---

ചർച്ചയിൽ പങ്കെടുക്കുന്നവർ :

---

ടിറ്റോ ജോസഫ് (ജന: സെക്രട്ടറി, കെ. എസ്. യു., വെറ്ററിനറി കോളേജ് യൂണിറ്റ്)

---

റജിമോൻ കെ. റ്റി. (ജന: സെക്രട്ടറി, എസ്. എഫ്. ഐ., വെറ്ററിനറി കോളേജ് യൂണിറ്റ്)

---

പ്രസന്ന കെ. എസ്. ○ കോശി പി. ജോർജ്ജ് ○ പ്രിയ എസ്. ○ ബാബു രത്നം ആർ.

# കാമ്പസ് ചർച്ച

## നമ്മുടെ കാമ്പസിലെ വിദ്യാർത്ഥി ബന്ധങ്ങൾ

*നമ്മുടെ കാമ്പസിലെ വിദ്യാർത്ഥി ബന്ധങ്ങൾ ആരോഗ്യകരമാണോ? അല്ല എങ്കിൽ അതിനുള്ള കാരണമെന്ത്?*

—ആണോ എന്നു ചോദിച്ചാൽ ആണ് എന്നും, അല്ലേ എന്നു ചോദിച്ചാൽ അല്ല എന്നുമാണ് അഭിപ്രായം. പകുതി വൃത്തത്തിൽ നല്ല ബന്ധവും പകുതിയിൽ അല്ലാത്തതുമാണ് ഭൂരിപക്ഷത്തിനും. ആദ്യത്തേതിൽ ആത്മാർത്ഥതയും, രണ്ടാമത്തേതിൽ മുഖംമൂടിയും അവർ കാണിക്കുന്നു, ചില അപവാദങ്ങളൊഴിച്ചാൽ.

: ടിറ്റോ ജോസഫ്

—പൊതുവെ ആരോഗ്യകരമായ സുഹൃദ് ബന്ധങ്ങളല്ല ഇന്ന് നമ്മുടെ കാമ്പസിൽ നിലനിൽക്കുന്നതു്. ഒരുതരം യാന്ത്രികത്വം വിദ്യാർത്ഥികളിൽ കാണുവാൻ കഴിയും. എത്രയും നേരത്തെ കാമ്പസിൽനിന്ന് പഠിച്ച് പുറത്തിറങ്ങുക, ജോലി സമ്പാദിക്കുക എന്നുള്ളതു മാത്രമാണ് വിദ്യാർത്ഥികളിൽ നിറഞ്ഞുനിൽക്കുന്നതു്. ആൺകുട്ടികളും, പെൺകുട്ടികളും പരസ്പരം അംഗീകരിക്കുകയും, ബഹുമാനിക്കയും ചെയ്യാത്തതുകൊണ്ടും, ഈ ബന്ധങ്ങൾക്കു ലഭിക്കുന്ന തെറ്റായ വ്യാഖ്യാനങ്ങളും, കളിയാക്കലുകളുംചേർന്ന് വിദ്യാർത്ഥി ബന്ധങ്ങളെ അനാരോഗ്യകരമാക്കിത്തീർക്കുന്നു. : റജിമോൻ കെ. റ്റി.

—തീർത്തും ആരോഗ്യകരമല്ലെന്നുവേണം കരുതാൻ. ഇവിടുത്തെ പ്രാകൃത സംസ്കാരത്തിന്റെ സന്തതി മാത്രമാണത്. നിഷ്കളങ്കതയുമായി കാമ്പസിലെത്തപ്പെടുന്ന മനസ്സുകളിൽ കാപട്യവും, സ്വാർത്ഥചിന്തയും, വളർത്തുന്ന ഇവിടുത്തെ സുഹൃദ്ബന്ധങ്ങൾ.

: പ്രസന്ന കെ. എസ്.

—വല്ലപ്പോഴുമുണ്ടാകുന്ന രാഷ്ട്രീയ സംഘട്ടനങ്ങളുടെ കാലഘട്ടങ്ങൾ ഒഴിവാക്കിയാൽ കാമ്പസിനുള്ളിലെ സുഹൃദ്ബന്ധങ്ങൾ തികച്ചും ആരോഗ്യകരമാണ്. രണ്ടു വ്യത്യസ്ത രാഷ്ട്രീയ ചിന്താഗതികളുള്ള വ്യക്തികൾ തമ്മിലുള്ള സുഹൃദ്ബന്ധങ്ങളെ മാത്രമേ ഇങ്ങനെയുള്ള അനിഷ്ട സംഭവങ്ങൾ ഹനിക്കുന്നുള്ളു എന്നുള്ളത് പ്രത്യേകം ശ്രദ്ധാർഹമാണ്. കൂടുതൽ സുഹൃദ്ബന്ധങ്ങളും ഒരേ രാഷ്ട്രീയ ചേരിയിലുള്ളവർ തമ്മിലാണ് എന്നതും കണക്കിലെടുക്കേണ്ടതായിട്ടുണ്ട്.

: കോശി പി. ജോർജ്ജ്

—പൊതുവെ ആരോഗ്യകരമല്ല. പ്രത്യേകിച്ചും വിദ്യാർത്ഥി—വിദ്യാർത്ഥിനി ബന്ധങ്ങൾ. കാമ്പസിൽ കണ്ടുവരുന്ന പ്രവണതകളിൽ ഒന്നാണിതും. മനസ്സുകളുടെ അനാരോഗ്യം, (സ്നേഹമില്ലായ്മ, ആത്മാർത്ഥതയില്ലായ്മ, കപടത, പരദൂഷണം) പഠനഭാരം എന്നിവയാവാം കാരണങ്ങൾ. : പ്രിയ എസ്.

—ഏതാനും ചില ബന്ധങ്ങളൊഴിച്ച് മറ്റൊന്നുംതന്നെ ആരോഗ്യകരമല്ല. എത്രയുംവേഗം പഠിച്ചിറങ്ങിയാൽ ജോലി കിട്ടും എന്നത് തന്നെയാണ് കാരണം. സ്വന്തം കാര്യം മാത്രം നോക്കി പഠിക്കാൻ ഈ കാമ്പസിലെ 'സിസ്റ്റം' വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നു—ഇവിടെ ആത്മാർത്ഥത നഷ്ടപ്പെടുന്നു, അതുവഴി നല്ലൊരു സുഹൃദ്ബന്ധവും. : ബാബു രത്നം ആർ.

*ഏതു തരത്തിലുള്ള സുഹൃദ്ബന്ധങ്ങളാണ് നമ്മുടെ കാമ്പസിലുള്ളത്?*

—സമാനചിന്താഗതിക്കാരും, പരസ്പരം മനസ്സിലാക്കിയവരും തമ്മിലുള്ള സുഹൃദ്ബന്ധം, ഒരു പരിധിവരെ ഒരേ നിലവാരത്തിലുള്ളവരെന്ന് കരുതുന്നവർ തമ്മിൽ. : ടിറ്റോ ജോസഫ്.

—നമ്മുടെ കാമ്പസിലെ സുഹൃദ്ബന്ധങ്ങൾ പൊതുവെ കക്ഷി-രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അല്ലാതെയുള്ള സുഹൃദ്ബന്ധങ്ങളുണ്ടെങ്കിലും വളരെ കുറവാണ്. എന്നാൽ ഒരേ രാഷ്ട്രീയ ചിന്താഗതികൾ വെച്ചുപുലർത്തുന്നവർ തമ്മിൽ പോലും ആത്മാർത്ഥതയോടുകൂടിയ ബന്ധങ്ങൾ കാണുവാൻ കഴിയുന്നില്ല. ഭൂരിപക്ഷം സുഹൃദ്ബന്ധങ്ങളും താൽക്കാലികമാണ്. കാമ്പസ് ജീവിതം കഴിയുന്നതോടുകൂടി ഈ സുഹൃദ്ബന്ധങ്ങൾ അവസാനിക്കുന്നു.

: റജിമോൻ കെ. റ്റി.

—ആത്മാർത്ഥതയുടെ അർത്ഥശൂന്യത എടുത്തുകാണിക്കുന്ന തരം ബന്ധങ്ങൾ സ്വന്തം ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ, അതല്ലെങ്കിൽ വെറുമൊരു നേരമ്പോക്കിനുള്ള വകയുണ്ടാക്കാൻ; അതുമാത്രമാണിവിടെ സൗഹൃദം. രാഷ്ട്രീയപരമായ കാഴ്ചപ്പാടുകളാൽ പടുത്തുയർത്തപ്പെടുന്ന ബന്ധങ്ങൾ ഇതിനിടയിൽ കിടന്ന് വീർപ്പുമുട്ടുന്നു. : പ്രസന്ന കെ. എസ്.

—കാമ്പസിൽ കണ്ടുവരുന്ന സുഹൃദ്ബന്ധങ്ങളെ രണ്ടായി തിരിക്കാം എന്നാണ് എനിക്ക് തോന്നുന്നത്

1 താൽക്കാലികമായ സുഹൃദ്ബന്ധങ്ങൾ

2 താൽക്കാലികമല്ലാത്തവ, അഥവാ സ്ഥിരതയുള്ളവ.

താൽക്കാലികമായ സുഹൃദ്ബന്ധങ്ങളാണ് കൂടുതലായി കാമ്പസിൽ കാണുന്നത്. സ്ഥിരതയുള്ളവ എണ്ണത്തിൽ ചുരുക്കമാണ്. : കോശി പി. ജോർജ്ജ്

—പ്രത്യേക രാഷ്ട്രീയപാർട്ടികളിൽ വിശ്വസിക്കുന്നവർ തമ്മിലാണ് ചങ്ങാത്തം. രണ്ടുപേർ തുടങ്ങി അതിലേറെ ആളുകളുള്ള ഗ്രൂപ്പുകളാണ് ഉള്ളത്. പൊതുവെ, ഒരു തരം തണുപ്പൻ ബന്ധങ്ങളാണ്.

: പ്രിയ എസ്.

—തൊണ്ണൂറ്റഞ്ചു ശതമാനവും രാഷ്ട്രീയം അടിസ്ഥാനമാക്കിയുള്ളത്; ശേഷം 'അക്കാദമിക്കൽ' അടിസ്ഥാനമാക്കിയുള്ളതു്. (കൺകറന്റ് വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം മാറിമാറി വരുന്ന സെമസ്റ്ററുകൾക്കനുസരിച്ച് സൗഹൃദങ്ങളും മാറിമാറി വരാറുണ്ട്)

: ബാബു രത്നം ആർ.

# കാമ്പസ് ചർച്ച

## നമ്മുടെ കാമ്പസിലെ വിദ്യാർത്ഥി ബന്ധങ്ങൾ

*രാഷ്ട്രീയം സുഹൃദ്ബന്ധങ്ങളെ ഏതെങ്കിലും വിധത്തിൽ സ്വാധീനിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ എങ്ങിനെ ?*

—വലിയൊരളവുവരെ. രാഷ്ട്രീയം സുഹൃദ്ബന്ധങ്ങൾക്ക വഴി തുറന്നുകൊടുക്കുന്നു. ഒപ്പം, പരിധി നിർണ്ണയിക്കലും. : ടിറോ ജോസഫ്

—രാഷ്ട്രീയ ആശയങ്ങളേക്കാൾ വിദ്യാർത്ഥി ബന്ധങ്ങളെ സ്വാധീനിക്കുന്നത് കക്ഷി രാഷ്ട്രീയത്തിന്റെ പേരിൽ താല്ക്കാലികനേട്ടങ്ങൾക്കുവേണ്ടി തൊടുത്തുവിടുന്ന ദുഷ്പ്രചരണങ്ങളാണ്. സത്യത്തോട് പുലബന്ധംപോലുമില്ലാത്ത ഇത്തരം ദുഷ്പ്രചരണം വിദ്യാർത്ഥികൾക്കിടയിൽ വിദ്വേഷം വളർത്തുന്നതിനും, അവസാനം വിദ്യാർത്ഥിസംഘട്ടനങ്ങളിലേക്കും വഴിതെളിയിക്കുന്നു. ഇതു് തന്നെയാണ് വ്യത്യസ്ത രാഷ്ട്രീയ വീക്ഷണമുള്ളവർക്കിടയിൽ സുഹൃദ്ബന്ധങ്ങൾ വളരാതിരിക്കുവാൻ കാരണം. : റജിമോൻ കെ. ററി.

—രാഷ്ട്രീയം സുഹൃദ്ബന്ധങ്ങളെ സ്വാധീനിക്കുന്നുണ്ട്. രാഷ്ട്രീയം സുഹൃദ്ബന്ധങ്ങളുടെ ജനനത്തിനും, മരണത്തിനും സാക്ഷ്യം വഹിക്കുന്നു. യഥാർത്ഥ രാഷ്ട്രീയത്തിന്റെ ജീർണ്ണിച്ച, ശുഷ്ക്കിച്ച, ഏതാണ്ടൊരു ബീഭത്സരൂപമാണിവിടെ താണ്ഡവമാടുന്നത്. രാഷ്ട്രീയത്തേയും, വ്യക്തിബന്ധങ്ങളേയും അപഗ്രഥിക്കാൻ കഴിവില്ലാത്തവർ അവ സൃഷ്ടിക്കുന്ന നൂലാമാലകളിൽപ്പെട്ട് നട്ടംതിരിയുന്നു : പ്രസന്ന കെ. എസ്.

—രാഷ്ട്രീയം ബാധിക്കാത്ത സുഹൃദ്ബന്ധങ്ങൾ കാമ്പസ്സിൽ ഇല്ല എന്നു പറയുന്നതാണ് ശരി. ഹോസ്റ്റലിലെ ഊണുമേശയിലും, ക്ലാസ്സുമുറികളിലെ ബഞ്ചുകളിലും, ഒന്നു കണ്ണോടിച്ചാൽ ഇതു വളരെപ്പെട്ടെന്ന് മനസ്സിലാക്കാവുന്നതാണ്. മററൊരു രാഷ്ട്രീയ പാർട്ടിയിൽ വിശ്വസിക്കുന്ന വ്യക്തിയുമായുള്ള സുഹൃദ്ബന്ധങ്ങൾ രാഷ്ട്രീയ നേതാക്കന്മാർക്ക് അസുഖകരമായാണ് കണ്ടിട്ടുള്ളത്. (ഉദാഹരണങ്ങളിലേക്കും, അനുഭവങ്ങളിലേക്കും കടക്കുന്നില്ല, ക്ഷമിക്കുക)

: കോശി പി. ജോർജ്ജ്

—രാഷ്ട്രീയമാണ് ബന്ധങ്ങളെ സ്വാധീനിക്കുന്നത്. കാമ്പസിൽ വരുമ്പോഴെ പ്രത്യേക രാഷ്ട്രീയ പാർട്ടികളിൽ മുദ്രകുത്തുന്നു. അത് തിരഞ്ഞെടുക്കാനുള്ള കൂട്ടുകാരുടെ എണ്ണം പകുതിയായി കുറയുന്നു. ഒത്തിരി കാര്യങ്ങളിൽ തമ്മിൽ യോജിപ്പും, താല്പര്യവുമുള്ളവർ രണ്ടു രാഷ്ട്രീയ പാർട്ടികളിൽ വിശ്വസിക്കുന്നു എന്നതിന്റെ പേരിൽ അകന്നു നിൽക്കുന്നതായാണ് കാണുന്നത്. : പ്രിയ എസ്.

—രാഷ്ട്രീയം എതിർ ചേരിയിൽപ്പെട്ട വിദ്യാർത്ഥികളുമായുള്ള സുഹൃദ്ബന്ധങ്ങളെ ബാധിക്കാറുണ്ട്. താൻ വിശ്വസിക്കുന്ന രാഷ്ട്രീയത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പലപ്പോഴും എതിർചേരിയിൽപ്പെട്ട സുഹൃത്തുക്കൾ സഹിഷ്ണതയോടുകൂടി കാണാറില്ല. തെററ് ശരിയായും, ശരി തെററായും വ്യാഖ്യാനിക്കപ്പെടുന്നു. അങ്ങിനെ സുഹൃത്തുക്കൾ തമ്മിൽ മാനസികമായ ഒരകൽച്ചയുണ്ടാകുന്ന ഇതു് സുഹൃദ്ബന്ധങ്ങൾക്ക് അയവു് വരുത്തുന്നു. : ബാബു രത്നം ആർ.

*ഒരു നല്ല കലാലയന്തരീക്ഷത്തിനുവേണ്ടിയുള്ള താങ്കളുടെ നിർദ്ദേശങ്ങൾ എന്തെല്ലാം ?*

—1) യോജിപ്പില്ലാത്ത അഭിപ്രായങ്ങളെയും, പ്രസ്ഥാനത്തേയും മാത്രം എതിർക്കുക. പക്ഷെ വ്യക്തികൾ പരസ്പരം ബഹുമാനിക്കുക, പരസ്പര ധാരണ പുലർത്തുക. 2) അർഹതക്ക് അംഗീകാരം കൊടുക്കുക.
3) സംഘടനകളുടെ ഭാരവാഹികൾ സംയമനം പാലിക്കുക, അംഗങ്ങളുടെ ആരോഗ്യകരമല്ലാത്ത ആവേശത്തെ അവർ നിയന്ത്രിക്കുക, വാശി പ്രശ്നത്തെ സങ്കീർണ്ണമാക്കുകയേയുള്ളു. ഒരു വിഭാഗം മാത്രം വിട്ടുവീഴ്ചകൾക്ക തയ്യാറായാൽ പോരാ. യോജിപ്പില്ലാത്ത പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുക, ഇതിലൂടെ പ്രസ്ഥാനത്തിന്റെ മുഖഛായ നന്നാക്കുക, അങ്ങിനെ നേതൃത്വപാടവം അവർ തെളിയിക്കുക.
4) വിദ്യാർത്ഥികളുടെ ആവശ്യങ്ങളും, അവകാശങ്ങളും നേടിയെടുക്കാൻ വിദ്യാർത്ഥി സംഘടനകൾ ആവശ്യമാണ്. അതൊഴിവാക്കാൻ പാടില്ല. പരസ്പരം മത്സരത്തിനുവേണ്ടി അവ ഒന്നിലധികം തന്നെ വേണം.
5) അദ്ധ്യാപകർക്ക് അവരുടേതായ പ്രാധാന്യം നൽകുക, അനദ്ധ്യാപകർക്കും, മററു ജീവനക്കാർക്കും അവർ അർഹിക്കുന്ന പ്രാധാന്യം മാത്രം നൽകുക.
6) മദ്യപാനത്തെ നിരുത്സാഹപ്പെടുത്തുക.

: ടിറോ ജോസഫ്

—1) ഒരു നല്ല കലാലയ അന്തരീക്ഷത്തിനായി മുഴുവൻ വിദ്യാർത്ഥികളുടെയും സഹകരണം ആവശ്യമാണ്. ആൺപെൺ വ്യത്യാസങ്ങൾക്കും, രാഷ്ട്രീയനിറവ്യത്യാസങ്ങൾക്കും ജാതിമത സാമ്പത്തിക വ്യത്യാസങ്ങൾക്കും അതീതമായി പരസ്പരം മനസ്സിലാക്കുവാനും, ബഹുമാനിക്കുവാനും, അംഗീകരിക്കുവാനും എല്ലാവരും തയ്യാറാവണം.
2) താല്കാലിക നേട്ടത്തിനുവേണ്ടിയുള്ള ദുഷ്പ്രചരണങ്ങൾ ഒഴിവാക്കുക. വിദ്യാർത്ഥികളെ ആശയവൽക്കരണത്തിലൂടെ സംഘടനയിലേക്ക് ചേർക്കുകയും, ഇലക്ഷനിൽ തങ്ങളുടെ രാഷ്ട്രീയത്തിന്റെയും, സ്ഥാനാർത്ഥികളുടെയും കഴിവിന്റെ അടിസ്ഥാനത്തിലും, സംഘടനക്ക് വിദ്യാർത്ഥികൾക്കുവേണ്ടി എന്തെല്ലാം ചെയ്യുവാൻ കഴിഞ്ഞു എന്നു് തെളിയിച്ചുകൊണ്ടും വോട്ടു തേടുക.
3) വിദ്യാർത്ഥികൾ തങ്ങളുടെ ശരിയായ രാഷ്ട്രീയ ബോധം ഉൾക്കൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങളെ വിലയിരുത്തുകയും, വ്യത്യസ്ത ആശയങ്ങളുള്ള വിദ്യാർത്ഥികളുമായി ആരോഗ്യകരമായ ചർ

# കാമ്പസ് ചർച്ച

## നമ്മുടെ കാമ്പസിലെ വിദ്യാർത്ഥി ബന്ധങ്ങൾ

ച്ചകൾക്ക തയ്യാറാവുകയും ചെയ്യുക. ഇത് പരസ്പരം മനസ്സിലാക്കുന്നതിനും, തെററിദ്ധാരണകൾ മാററുന്നതിനും, അതുവഴി നല്ല സൗഹൃദ്ബന്ധങ്ങൾ ഉണ്ടാകുന്നതിവഴിയൊരുക്കും.

വിദ്യാർത്ഥികൾ തമ്മിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അവയെ മുൻവിധിയോടെ സമീപിക്കാതെ, യാഥാർത്ഥ്യത്തെ കണ്ടെത്തുന്നതിന് ശരിയായ രീതിയിലുള്ള അന്വേഷണം നടത്തുവാൻ അധികാരികൾ ശ്രദ്ധിക്കുക.

: റജിമോൻ കെ. ററി.

—ഭാവനയിലുള്ള കലാലയാന്തരീക്ഷം നിർമ്മലമായ ഒരു സരസ്വതീക്ഷേത്രം ഇവിടെ രൂപീകൃതമാകുമ്പോഴേ പൂർണ്ണത കൈവരിക്കുന്നുള്ളു.

വിശാല മനസ്കത, സ്നേഹം, ദയ, ഇവയുൾക്കൊള്ളുന്ന വ്യക്തിത്വത്തിന് ഉദാത്തമായ രാഷ്ട്രീയാദർശം ധൈര്യവും, ഓജസ്സും നൽകുന്നു. അദ്ധ്യാപകരും അദ്ധ്യേതാക്കളും ഒരുപോലെ വിലകല്പിക്കേണ്ട കാര്യമാണിത്.

: പ്രസന്ന കെ. എസ്.

—നല്ല കലാലയാന്തരീക്ഷത്തിനുവേണ്ടി നിർദ്ദേശങ്ങളെഴുതാൻ വിഷമമില്ല. പക്ഷേ ഇവയിൽ ഒരെണ്ണം പോലും പ്രവർത്തിപഥത്തിൽ വരുമെന്ന വിശ്വാസം എനിക്കില്ല.

1) അദ്ധ്യാപകർ തന്നെയാണ് ഒരു നല്ല കലാലയാന്തരീക്ഷത്തിൻെറ മൂലബിന്ദു. കാരണം ഒരു വാചകത്തിൽ പറയാം 'അദ്ധ്യാപകൻ അദ്ധ്യാപകനായിരിക്കുക'. നമ്മുടെ കാമ്പസിൽ തൊണ്ണൂറുശതമാനം അദ്ധ്യാപകർക്കും മുകളിൽ പറഞ്ഞ കാര്യമൊഴിച്ചുള്ള വിഷയങ്ങളിൽ ആണ് താൽപര്യം പുലർത്തുന്നത് എന്നുപറഞ്ഞാൽ അധികപ്പററാവുമെന്ന് തോന്നുന്നില്ല.

2) അദ്ധ്യാപക-വിദ്യാർത്ഥി ബന്ധമാണ് മറെറാരു ഘടകം. അദ്ധ്യാപകന് അദ്ധ്യാപകനായി പെരുമാറാൻ കഴിഞ്ഞാൽ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങൾ സ്വതവേ നന്നാവും എന്നു ഞാൻ വിശ്വസിക്കുന്നു.

3) രാഷ്ട്രീയ നേതാക്കളും, അവരുടെ പ്രവർത്തനങ്ങളുമാണ് മറെറാന്ന്. വ്യക്തി ബന്ധങ്ങളിൽ കൈകടത്തില്ല എന്ന വാഗ്ദാനവുമായി എത്തുന്ന നേതാക്കൾ, അതു് ലംഘിക്കുന്നതായാണ് കാണുന്നത്. ഈ ഏർപ്പാട് തീർച്ചയായും അവസാനിപ്പിക്കണം. പൊതുവേദികൾ (ഉദാ:— സ്ററുഡൻസ് യൂണിയൻ, എൻ. എസ്സ്. എസ്സ്, ശാസ്ത്രസാഹിത്യ പരിഷത്ത്) തുടങ്ങിയവ എല്ലാവർക്കുമുള്ള ഒരു വേദിയായി മാററുന്നതിനുപകരം, ചില പ്രത്യേക രാഷ്ട്രീയ കക്ഷികളുടെ കുത്തകയായി മാറുന്ന ഏർപ്പാട്. നേതാക്കളുടെ ഭാഗത്തുനിന്നും ശ്രമമുണ്ടായാൽ അതു് നല്ല രീതിയിലുള്ള സുഹൃദ് ബന്ധങ്ങൾക്ക് വഴിതെളിയിക്കുകയും, നല്ല കലാലയാന്തരീക്ഷം ഉണ്ടാകുവാൻ ഒരു പരിധിവരെ സഹായിക്കുകയും ചെയ്യും.

: കോശി പി. ജോർജ്

—1) രാഷ്ട്രീയത്തിന് അതീതമായ സ്നേഹബന്ധങ്ങൾ, ഐഡിയോളജികൾ തമ്മിലാണ് ഏററുമുട്ടുന്നതെന്നും, വ്യക്തികൾ തമ്മിലല്ല എന്നുമുള്ള ബോധം വളർത്തുക. (2) പക്വതയോടെ രാഷ്ട്രീയം കൈകാര്യം ചെയ്യുക. (3) ഇലക്ഷനടുക്കുമ്പോൾ എതിർസ്ഥാനാർത്ഥിയെ വ്യക്തിപരമായി താറടിച്ചു കാണിക്കാതെ സ്വന്തമായി എങ്ങനെയൊക്കെയാണ് തെരഞ്ഞെടുക്കപ്പെട്ടാൽ, എന്തൊക്കെ ചെയ്യാൻ കഴിയും എന്ന് വിശദീകരിച്ച് വോട്ടുതേടുക. ഇലക്ഷൻ കഴിയുമ്പോഴും സ്പർദ്ദനിലനിൽക്കുന്നത് ഇലക്ഷൻ കാലത്തെ വൃത്തികെട്ട പ്രചരണങ്ങൾ മൂലമാണ്. (4) അധികാരികൾ വിദ്യാർത്ഥികളുടെ വ്യക്തിപരമായ കാര്യങ്ങളിലും, രാഷ്ട്രീയത്തിലും തലയിടാതെ നിഷ്പക്ഷത പാലിക്കണം. 5) ഓരോരുത്തരും വിശ്വസിക്കുന്ന ഐഡിയോളജിയിൽ പ്രവർത്തിക്കാനും, ആരോഗ്യകരമായ രീതിയിൽ പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം. 6) ഒന്നാം വർഷക്കാരെ Brain wash ചെയ്യുന്നതും മാറേണ്ട പ്രവണതയാണ്. പുതിയ സാഹചര്യത്തിലേക്ക് മാററപ്പെട്ട അവർ, തനിക്ക് വേണ്ടതെന്തെന്ന് സ്വയം തിരഞ്ഞെടുക്കട്ടെ.

: പ്രിയ എസ്.

—കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമെ നല്ല ഒരു കലാലയാന്തരീക്ഷം സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളു. ആശയവൈരുദ്ധ്യമുള്ളവർ തമ്മിൽ കൂട്ടായ പ്രവർത്തനം ബുദ്ധിമുട്ടാണെങ്കിലും താഴെ പറയുന്ന നിർദ്ദേശങ്ങൾ ശ്രമിച്ചുനോക്കാവുന്നതാണ്.

കാമ്പസിനെ അറിയുന്നതോടൊപ്പം തന്നെ കാമ്പസിനു പുറത്തുള്ള ജീവിതത്തെക്കുറിച്ചും അറിയാൻ ശ്രമിക്കുക.

ശരിയായ രാഷ്ട്രീയബോധം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കാൻ നേതൃത്വം ശ്രമിക്കേണ്ടതാണ്. ലളിതമായി കാണേണ്ടുന്ന കാര്യങ്ങൾ ലളിതമായിത്തന്നെ എടുക്കേണ്ടതാണ്. അതിൽ അന്ധമായ രാഷ്ട്രീയം കലർത്താതിരിക്കുക.

സ്വന്തം രാഷ്ട്രീയവിശ്വാസം അടിയറവെയ്ക്കാതെ തന്നെ എതിർകക്ഷിയിൽപ്പെട്ടവരുമായി രാഷ്ട്രീയ സംവാദമോ, സുഹൃദ് സംഭാഷണമോ ആകാവുന്നതാണ്. കൂട്ടായ പ്രവർത്തനങ്ങൾക്ക് പെൺകുട്ടികളുടെ സഹകരണവും ആവശ്യമാണ്. എന്നാൽ പെൺകുട്ടികളുമായി നല്ലൊരു സൗഹൃദം പോലും നമ്മുടെ കാമ്പസിലില്ല. രാഷ്ട്രീയം, പരദൂഷണം, അക്കാദമിക്ക് സിസ്റ്റം—ഇവ മൂന്നുമാണ് പെൺകുട്ടികളുമായുള്ള സൗഹൃദം സ്ഥാപിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നത്. പ്രേമത്തിനപ്പുറം നല്ലൊരു സുഹൃദ് ബന്ധം സ്ഥാപിച്ചെടുക്കാൻ ആൺകുട്ടികളും, പെൺകുട്ടികളും ശ്രമിക്കേണ്ടതാണ്.

: ബാബു രത്നം ആർ.

## ഈ അക്ഷയദീപങ്ങൾ തെളിയാത്തതെന്തുകൊണ്ട് ?



## മനുഷ്യർക്കിടയിൽ മതിലുകൾ പണിയുന്നതാര് ?

ചോരക്കറപുരണ്ട കൈകളുമായി മതങ്ങളിന്ന് വിശുദ്ധി തിരയുമ്പോൾ എവിടെയോ വഴിപിഴച്ചതായി കാണുന്നു. പ്രാകൃത മനുഷ്യമനസ്സുകളെ, ഉൽപഥങ്ങളിൽനിന്ന് ഉൽക്കർഷതയുടെ തലങ്ങളിലേക്കുയർത്താൻ സൃഷ്ടിക്കപ്പെട്ടവയാണ് മതങ്ങൾ. പരബ്രഹ്മവും, ദൈവവും, അല്ലാഹുവും എല്ലാം ഒന്നുതന്നെയാണെന്ന് മത തത്വങ്ങളുടെ കാതലുകൾ കാണിച്ചുതരുന്നു. നിഷ്കളങ്കമായ, നിസ്വാർത്ഥമായ നന്മയുടെ ജ്വലനമാണതെന്ന് പണ്ഡിതന്മാർ പറഞ്ഞുതരുന്നു. ഖുറാനോ, ബൈബിളോ, വേദങ്ങളോ ഒന്നും മനുഷ്യരെ പങ്കുവെയ്ക്കുന്നില്ല, തമ്മിലടിപ്പിക്കുന്നില്ല. സനാതന ധർമ്മങ്ങളുടെ ശാന്തിഗീതങ്ങളുമായി അവ നിലാവൊഴുക്കുന്നു. എവിടെ, ആർക്കാണ് വഴിപിഴച്ചത് ? യഥാർത്ഥ മത തത്വങ്ങൾക്കുപകരം അവയുടെ വികൃതമാക്കപ്പെട്ട വ്യാഖ്യാനങ്ങളാണ് മതവിശ്വാസികളുടെ മനസ്സിൽ ഇരുൾ പരത്തുന്നത്. ഈ ഇരുളിൽ വർഗ്ഗീയതയും, സംഘടിത സ്വഭാവവും ചേർന്ന് അവർക്ക് ദംഷ്ട്രങ്ങളും, പുലിനഖങ്ങളും സമ്മാനിക്കുന്നു. പഞ്ചാബും, രാമജന്മഭൂമി-ബാബറിമസ്ജിദുകളും സൃഷ്ടിക്കപ്പെടുന്നു. ഈ ദശാസന്ധിയിൽ ഒരു ഒന്നുചേരലിന്റെ സ്വപ്നവുമായി ഉത്തമശ്രുതരായ മൂന്നു മതപണ്ഡിതന്മാരുമായി ഹവിസ്സ നടത്തിയ ചർച്ചയാണ് വരുംതാളുകളിൽ,



*ചർച്ചയിൽ പങ്കെടുക്കുന്നവർ :*

*സ്വാമി ചിന്മയാനന്ദ*

*അബ്ദുള്ളക്കുട്ടി ദാരിമി*

*ബിഷപ്പ് ജോസഫ് കുണ്ടുകുളം*

*Put your mind*

*Where your hands are working*



**സ്വാമി ചിന്മയാനന്ദ**

⌓ 'എല്ലാ മതങ്ങളും ഒന്നിക്കുന്ന ഒരു തലം കണ്ടെത്തലാണ് ഞങ്ങളുടെ ലക്ഷ്യം. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ് ?'

— "A common religion for the whole world എന്നല്ലേ? അപ്പോൾ Different climatic condition; different flora & fauna, different types of food അതുകൊണ്ടാണ് ഈ cultures are different. കഥകളിപോലെയല്ല ഭരതനാട്യം, ഭരതനാട്യം പോലെയല്ല മണിപ്പൂരി. അതേമാതിരി, ഈ സംസ്ക്കാരവും വേറെ വേറെ ആയതുകൊണ്ട് The approach to religion will be always different. അപ്പോൾ when you say one religion, you can say one spiritual essence. അതൊന്നാണ്. അതിലിപ്പോൾ നിങ്ങൾ അല്ലാഹു എന്നു പറഞ്ഞാലും, പരമേശ്വരൻ എന്നുപറഞ്ഞാലും, ക്രിസ്തു എന്നുപറഞ്ഞാലും ഒന്നാ...........

⌓ 'അതായത് ഹിന്ദുമതത്തിൽ ബ്രഹ്മം എന്നുപറയുന്നത് അല്ലേ ?'

— അതെ. പക്ഷെ ബ്രഹ്മം എന്നുപറഞ്ഞാൽ സാധാരണക്കാർക്ക് മനസ്സിലാവില്ല. 'The ultimate reality is one; paths are many'. അതുവേണം. ഈ യൂണിവേഴ്സിററി Education എന്നുപറഞ്ഞാൽ, Education ഒന്നാ—മാത്തമാററിക്സ് മാത്രമായിട്ട് ഞാൻ ചിന്മയ യൂണിവേഴ്സിററി തുടങ്ങിയാൽ, എനിക്കിപ്പോൾ ഇവിടെ (തൃശ്ശൂർ) തുടങ്ങാം. അപ്പോൾ Many many disciplines must be there in a university. Large number of people, according to their temperament, can come and Educated. Ultimately they may get B.A. or M.A. or whatever it is. അതിനു സബ്ജക്റ്റ് വേറെ വേറെ വേണ്ടിവരും. taste എല്ലാവരിലും ഒന്നല്ല. ഹോട്ടലിൽതന്നെ നോക്കിയാൽ എത്ര തരത്തിലുള്ള ആഹാരപദാർത്ഥങ്ങളാണുള്ളത്. എല്ലാവരും ദോശ തന്നെയല്ല തിന്നുക എന്നർത്ഥം. അപ്പോൾ religions will be different, but the spiritual truth is one. ഇതിപ്പോൾ, when translating in the world level, Medicine is a Science അല്ലേ? But curing...... healing is an art. അപ്പോൾ, നിങ്ങൾക്ക് രണ്ടുപേർക്കും പനി വന്നു എന്നു കരുതു. ഞാൻ ഒരു ഡോക്ടറാണെന്നും. Really if you come and consult me, I will prescribe one medicine for you & another medicine for him. അതുകൊണ്ട് Don't come to the conclusion that this is not a Science. 'Medicine is a Science; but healing is an art', നിങ്ങളുടെ കോൺസ്റ്റിററ്യൂഷൻ വ്യത്യാസ്സമുണ്ടാകും. അതുകൊണ്ടാണീ Different medicines കൊടുക്കുന്നത്. അതുപോലെ Religions of the

scriptures are different, because each master prescribes for that age. ആ ageന്, for example, after the Budhistic chaos in the country, when Sankara came in 8th century, Adwaida was lost. In 11th century രാമാനുജൻവന്നു് വിശിഷ്ടാദ്വൈതം പറഞ്ഞിട്ടുപോയി. അതൊന്നും നിക്കില്ല. ഇപ്പഴും നിക്കില്ല അതു്. ഒരിക്കലൊരു ഡോക്ടർ മരുന്നു് prescribe ചെയ്തു എന്നുവെച്ചിട്ടു്, എന്തു് പനിവന്നാലും, അതു കഴിച്ചാൽ മാറില്ല സുഖക്കേടു്.

19th century ആയപ്പോളേയ്ക്കും, നമ്മളീ foreign rule-ൽ താമസിച്ചു്, Everybody is sleeping. എനിക്കൊന്നും ചെയ്യാൻ പററില്ല ഇങ്ങിനെയൊരു stage വന്നപ്പോഴാണു് വിവേകാനന്ദൻ വന്നുപറഞ്ഞതു് 'ഈ ജപോം തപോം ഒക്കെ നിർത്തു; Role up your sleep & work.' അതുകൊണ്ടു് അദ്ദേഹം നിരീശ്വരനാണെന്നു് പറയാൻ പററില്ല. അതാണു് Prescription. Time to time, the religion will change. But the goal is one and the same. An understanding that, all expressions are expressions of reality എന്നങ്കട് വന്നാൽ, അതായതു് ഒരു നാഷണൽ സ്പിരിററുമാതിരി, നമ്മളൊക്കെ ഇന്ത്യനാണെന്ന തോന്നല് വന്നാൽ, തമിഴനെന്നോ, കർണ്ണാടക്കാരനെന്നോ ഉള്ള ആ Difference ഇല്ല. പക്ഷെ ആ Difference ഒക്കെ പെട്ടന്നങ്ങട് മാററാനും പററില്ല. So we exercise the idea of one reality. അതങ്ങട് മനസ്സിൽ spread out ചെയ്താൽ, ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നുള്ള വിചാരം പോകും. അതൊക്കെ approaches ആണ്. അനുഭവത്തിലുവരുമ്പോൾ എല്ലാം ഒന്നു തന്നെ. ആ Supreme realityയെ various forms, they expressed by various ways.

⌓ 'പണ്ടു്തന്നെ ഹിന്ദുമതത്തിൽ, വിഷ്ണുഭക്തൻമാരും, ശിവഭക്തന്മാരും തമ്മിൽ മത്സരം ഉണ്ടായിരുന്നല്ലോ?'

— 'ഈ മത്സരം എപ്പഴും വരും. ഈ കോൺഗ്രസ്സു് (ഐ) എങ്ങിനെയാണു് ഉണ്ടായതു്? ആദ്യം ഒററ കോൺഗ്രസ്സല്ലേ ഉണ്ടായിരുന്നുള്ളു. അല്ലേ? അപ്പോൾ ഇന്ദിരാഗാന്ധിയ്ക്കു് എന്റെ കോൺഗ്രസ്സ് വേറെ വേണമെന്നുതോന്നിയതുകൊണ്ടല്ലേ? അതുപോലെത്തന്നെ റിലീജിയനിലും വരും. when you are worshipping one form, നമ്മുടെ മനസ്സ് അതിനോടിങ്ങനെ ലയിച്ചിരിയ്ക്കും.

എല്ലാ അമ്മമാരും നല്ല അമ്മമാരാണ്. പക്ഷെ, എന്നാലും എന്റെ അമ്മേപോലെ വരില്ല മററുള്ള അമ്മമാർ എന്നു പറയാറില്ലേ? അതാണു് Expression of love. നമ്മുടെ Expression of love തന്നെ with Latedness ആണ്, മനസ്സിലെ ക്ഷോഭം. ഇപ്പോൾ ക്രിസ്തുമതത്തിൽതന്നെയില്ലേ കാത്തലിക്സ്, പ്രൊട്ടസ്റ്റൻറ്....അങ്ങിനെ എത്ര denominations ആണുള്ളതു്.'

⌓ 'യഥാർത്ഥത്തിൽ അങ്ങിനെ സംഭവിയ്ക്കുന്നതു് അവർ യഥാർത്ഥ മതതത്വങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടല്ലേ?'

— 'അതല്ല. Religion when it is organised, it happens. വാസ്തവത്തിൽ Religion & politics are allergic to each other. Politics-ൽ religion വന്നാൽ BJPപോലെ അതു് ആയിത്തീരും. ഇനി politicians റിലീജിയനിലേക്കിറങ്ങിയാൽ ഇറാൻ മാതിരിയാകും. Historically it is proved. ഇതു് രണ്ടും വേറെ വേറെ വരണം. അതുകൊണ്ടാണു് ഹിന്ദുമതത്തിൽ സ്വാമിമാരോടു് പറയുന്നതു്, Swamy is a Rajaguru, but he never interferes. But when Raja, the political man has got a doubt, he goes to him and ask his advice. He is not belongs to any political party. അപ്പോൾ he can clearly see the situation. ഇങ്ങിനെയാണു് ചെയ്യേണ്ടതു്. കൗരവരോടു് കൃഷ്ണൻ പറഞ്ഞതു് 'വേണ്ട.... യുദ്ധം വേണ്ട........നശിയ്ക്കും' എന്നല്ലേ? They consult us, we advise them. Whether they accept our advice or not, it is none of our business.'

⌓ 'ഇതിനെല്ലാം മാററം വരാൻ സാദ്ധ്യതയില്ലേ? പോപ്പും, ഗോർബ്ബച്ചേവും തമ്മിലുള്ള കൂടിക്കാഴ്ച, ഒരു നല്ല രൂപത്തിനു് തുടക്കം കുറിക്കാൻ സാധിയ്ക്കുകയില്ലേ?'

— 'സത്യമാണു്. വളരെ സത്യമാണു്. എന്തെന്നു വെച്ചാൽ mere secularism cannot reach. Mere religion will also be destroyed. ഹിന്ദൂയിസം അങ്ങിനെയാണു് പൊളിഞ്ഞതു്. സൊസൈററിയെ നോക്കാതെ വെറുതെ കണ്ണുമടച്ചിരുന്നു. അപ്പോൾ അതു് അടുത്തുള്ള നാട്ടുകാർ വന്നു് കട്ടുകൊണ്ടുപോയി. അങ്ങിനെയാണു് സംഭവിച്ചതു്.'

⌓ 'Any advice to students of veterinary medicine?'

— 'വെററിനറി മെഡിസിനു് specialആയി എന്താണുള്ളതു്?. Put your mind, where your hands are working. കുളിക്കുമ്പോൾ കുളിക്കുക മാത്രം; ഉണ്ണുമ്പോൾ ഉണ്ണുക മാത്രം; Put your entire mind where your hand is working. അതാണു് പരമയോഗം. യോഗാണതു്.

എന്തിനാണീ പൂജയൊക്കെ ചെയ്യുന്നതു്? മന്ത്രം ചൊല്ലുക. ആ മന്ത്രം ചൊല്ലി അവസാനിയ്ക്കുമ്പോൾ പുഷ്പം ഇടുക. അല്ലേ? ആ ദേവനെ തന്നെ മനസ്സിൽ വിചാരിയ്ക്കുക. കൈയ്യും കാലുമൊക്കെ പലതും ചെയ്യുന്നുണ്ടെങ്കിലും മനസ്സ് ഒരു

ദിക്കിലാണ്. അപ്പോൾ you start doing, whether, cycling or walking or talking, whatever, the situation, Put your ENTIRE MIND in it. Mind is always 6 k.m. away from you........You are moving, honestly speaking, mindless. ഒരു മൃഗത്തിന്റെ മാതിരി ഇങ്ങനെ നടക്കുന്നു എന്നുമാത്രം. മനസ്സ് എവിടെയോ ആണ്. Try to bring the mind. ഇതാണ് secret of all great genius. ഐൻസ്റ്റീൻ എന്തുകൊണ്ടാണ് ഇത്ര വല്ല്യ Scientist ആയത്? അദ്ദേഹം ലബോറട്ടറിയിലേക്കിറങ്ങിയാൽ പിന്നെ വേറെ ഒരു വിചാരവും ഇല്ല. So he sees the truth there. Our mind is wandering. Eventhough the truth stands in front of us, we don't see it.'

△ 'നമുക്കു ചുറ്റും പട്ടിണിയും ദാരിദ്ര്യവുമുള്ളപ്പോൾ, ഇതൊന്നും അറിയാതെ മനസ്സിനെ നിയന്ത്രിയ്ക്കുന്നതെങ്ങിനെയാണ്?'

— 'ഉവ്വ്, അതിനിപ്പോ don't try to be a God. You have no length, width or height for it. അവനവൻ ചെയ്യുന്നത് ചെയ്യുക. ബാക്കിയുള്ളത് resign to him, who is looking after the whole world. Including yourself. [പിന്നെ ചിരിച്ചുകൊണ്ട്] അല്ലേ? എന്താണെന്നു വെച്ചാൽ നമ്മളുടെയൊക്കെ ഒരു ചെറിയ മനസ്സാണ്. അയ്യോ, ഈ world ലുള്ള poverty യൊക്കെ എങ്ങിനെയാ മാറ്റ്വാ എന്നു വിചാരിച്ച് വെറുതെ മനസ്സ് വിഷമിപ്പിക്കുക മാത്രം, You understand? There was never in the period of history, where there was no poverty. Even in the best time of Russia, also there was poverty. ഇപ്പോൾ അമേരിക്ക നോക്കുക. എത്രവലിയ rich ആണവർ. Do you know condition of the poor there? ഇവിടുത്തെ poors are rich compared with them. എന്താണ് കാരണം എന്നുവെച്ചാൽ climatic condition. അവിടുത്തെ തണുപ്പ് അത്ര ഭയങ്കരമാണ്. ഇവിടെ വഴിയിൽ കിടന്നുറങ്ങിയാലും നല്ല സുഖമാണ്. അപ്പോൾ ഈ poverty അവിടേയും ഉണ്ട്, ഇവിടെ ടേയും ഉണ്ട്. We try our level best to raise it. അതിന് തരം ഉള്ളേടത്തോളം ചെയ്യുക. സാദ്ധ്യമല്ലാത്തത്... ... ഹേ ഭഗവാൻ........ അങ്ങോട്ടു കേട് വിട്ടുകൊടുക്കുക. ഈ ഭഗവാനെ മാറ്റി നിർത്തി ഞാൻ ചെയ്തോളാം എന്നു പറയുമ്പോഴാണ് തലയ്ക്കു പിടിയ്ക്കുന്നത്. (പിന്നെ, ഒരു നീണ്ട ചിരി....) അപ്പോൾ നമ്മള് ഭ്രാന്താശുപത്രീല് പോകേണ്ടിവരും........

---



ന ഹ്യാത്മനോ/ന്യദനാത്മഭൂതം തത് പ്രവിഭക്തദേശകാലം സൂക്ഷ്മം വ്യവഹിതം വിപ്രകൃഷ്ടം ഭൂതം ഭവദ്ഭവിഷ്യദ്വാ വസ്തു വിദ്യതേ. അതോ നാമരൂപേ സർവ്വാവസ്ഥേ ബ്രഹ്മണൈവാത്മവതീ. ന ബ്രഹ്മ തദാത്മകം തേ തത് പ്രത്യാഖ്യാനേ ന സ്ത ഏവേതി തദാത്മകേ ഉച്യേതേ. താഭ്യാം ചോപാധിഭ്യാം ജ്ഞാതൃജ്ഞേയജ്ഞാനശബ്ദാർത്ഥാദിസർവ്വസംവ്യവഹാരഭാഗ്ബ്രഹ്മ.

(തൈ. ശം. ഭാ. 2.6)

ആത്മാവിൽനിന്നന്യവും ആത്മാവല്ലാത്തതുമായി, അതിൽനിന്നു വിട്ട ദേശ കാലങ്ങളോടു കൂടിയതോ മറഞ്ഞതോ അകന്നതോ കഴിഞ്ഞതോ നടക്കുന്നതോ വരാനിരിക്കുന്നതോ ആയ ഒരു വസ്തുവുമില്ലതന്നെ. അതുകൊണ്ട് ഏതവസ്ഥയിലുമുള്ള നാമരൂപങ്ങൾ ബ്രഹ്മത്തിനെക്കൊണ്ട് ഉണ്മ തേടുന്നു. ബ്രഹ്മം അവയെക്കൊണ്ടുണ്മ തേടുന്നില്ല. അവ, ബ്രഹ്മത്തെ തള്ളിയാൽ, ഇല്ലാതാകുന്നതുകൊണ്ടാണ് ബ്രഹ്മത്തെക്കൊണ്ട് ഉണ്മ തേടുന്നു എന്നു പറയപ്പെടുന്നത്. ആ രണ്ടുപാധികളെക്കൊണ്ട്, അറിയുന്നവൻ അറിയപ്പെടുന്നത് അറിവ് എന്ന ശബ്ദം അർത്ഥം മുതലായ എല്ലാ വ്യവഹാരങ്ങൾക്കും ബ്രഹ്മം പാത്രമാകുന്നു.

---

'ആരാധനക്കർഹൻ അല്ലാഹു' എന്നത് ഒരു ശക്തിയാണ്. അത് ദർശിക്കാൻ സാദ്ധ്യമല്ല.



## അബ്ദുള്ളക്കുട്ടി ദാരിമി

○ എല്ലാ മതങ്ങളുടേയും സംഗമതലം കണ്ടെത്തുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഈ ലക്ഷ്യത്തെ മുൻനിർത്തി ഇസ്ലാംമതത്തിൽ പറയുന്ന അല്ലാഹുവും, ഹിന്ദുമതത്തിൽ പറയുന്ന ബ്രഹ്മവും, ക്രിസ്തുമതത്തിൽ പറയുന്ന ദൈവവും ഒരേ ശക്തിയുടെ വിവിധ രൂപങ്ങളല്ലേ ?

— ഞങ്ങൾ പറയുന്ന 'ആരാധനക്കർഹൻ അല്ലാഹു' എന്നതു് ഒരു ശക്തിയാണ്. അതു് ദർശിക്കാൻ സാദ്ധ്യമല്ല. ഇന്ന കാലംകൊണ്ട് ഉണ്ടായതെന്നോ ഇന്ന കാലംകൊണ്ട് അവസാനിക്കുന്നതെന്നോ പറയാൻ കഴിയില്ല. അതു് ദർശിക്കാൻ പററാത്തതിന്റെ പേരിൽ, മററുള്ള വസ്തുക്കളെ ആരാധിക്കാൻ പാടില്ലെന്നും, അതു് പാപമാണെന്നുമാണ് ഞങ്ങളുടെ വിശ്വാസം. ഈ ദർശിക്കാൻ പററാത്ത വസ്തുവിനേയാണ് മററുള്ളവർ ഈ പേരൊക്കെ പറയുന്നതെങ്കിൽ ഞങ്ങൾക്കെതിരില്ല. അങ്ങിനെയാണെങ്കിൽ എല്ലാവർക്കും ഒരേ തലത്തിൽ എത്താൻ കഴിയും.

○ ഈ രൂപത്തെ കണ്ടെത്താൻ എന്താണ് ചെയ്യുക ?

— ഈ രൂപത്തെ ദർശിക്കാൻ സാദ്ധ്യമല്ല. പിന്നെ ആരാധനകളിലൂടെയും, ധ്യാനത്തിലൂടെയും ഇതിൽ ലയിക്കാൻ സാധിക്കും. അങ്ങിനെ ദൈവപ്രീതി നേടാൻ കഴിയും.

○ അങ്ങിനെയെങ്കിൽ ഈ വ്യത്യസ്ഥമതങ്ങൾ വേർതിരിഞ്ഞുവരാൻ കാരണമെന്താണ്. ?

— അതു് വ്യത്യസ്ഥ വീക്ഷണങ്ങൾ പലർക്കും ഉണ്ടായതുകൊണ്ടാകാം. ഞങ്ങളുടെ വീക്ഷണത്തിൽ ആദിമനുഷ്യൻ മുസ്ലീമാണ്. 'ആദം നബി'. ആ ആദം നബി ഒരു പ്രവാചകനായിരുന്നു. ഒരു ഏക ദൈവ വിശ്വാസി. അതു മാത്രമല്ല ഏക ദൈവത്തിലേക്ക് ജനങ്ങളെ ക്ഷണിച്ച ഒരു പ്രവാചകൻ കൂടിയായിരുന്നു. ആ പ്രവാചകന്റെ സന്താന പരമ്പരയിലാണ് പിന്നീടുള്ള ജനങ്ങൾ മുഴുവനുണ്ടായതെന്നാണ് ഞങ്ങളുടെ വിശ്വാസം. പക്ഷെ പലർക്കും പല ചിന്തയും വന്നതിന്റെ പേരിൽ ഇതിൽനിന്നും വ്യതിചലിച്ചു പോയിട്ടുണ്ടാകാം.

○ സമൂഹത്തിൽ ഇന്നു് ഉണ്ടായിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങൾക്കും കാരണം, വിശ്വാസങ്ങൾക്കപരിയായിട്ടുള്ള മതങ്ങളുടെ സംഘടിത സ്വഭാവമാണെന്ന പൊതു അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ ?

— ഒരിക്കലുമില്ല. മതത്തെ തെററിദ്ധരിപ്പിക്കാൻ വേണ്ടി നടത്തുന്ന കുപ്രചരണങ്ങളാവാം ഒരു പക്ഷെ ഇതിനു കാരണം. മതം ഒരിക്കലും മററുള്ളവനെ ധ്വംസിക്കാനോ ഹിംസിക്കാനോ പ്രോത്സാഹനം നൽകുന്നില്ല. ഇസ്ലാം മതത്തിൽ പ്രത്യേകിച്ച് അതു് പറയുന്നുമുണ്ട്.

ഉദാഹരണത്തിനു്, ഇസ്ലാമിക ഭരണകൂടം നിലനിൽക്കുന്ന സ്ഥലത്തു് മദ്യപിയ്ക്കുന്നവനെ നാല്പ

ത്തു് അടി അടിയ്ക്കണമെന്നാണ്. വ്യഭിചരിക്കുന്ന ആളെ, അതു് സ്ത്രീ ആയാലും പുരുഷൻ ആയാലും നൂറു് അടി അടിയ്ക്കണമെന്നാണ്. ഇതിനു് നാലു് വ്യക്തികളുടെ തെളിവു് വേണം. വ്യക്തി വൈരാഗ്യത്തിൻെറ പേരിൽ ഒരാറം, ഒരു സ്ത്രീയുടേയോ പുരുഷൻേറയോ പേരിൽ വസ്തുനിഷ്ഠമായി തെളിയിക്കാൻ കഴിയാതെ വ്യഭിചാരക്കുററാരോപണം നടത്തിയാൽ, അയാളെ എൺപതു് അടി അടിയ്ക്കണമെന്നാണ്.

ഒരു മതങ്ങളും സത്യത്തിൽ മററുള്ള മതങ്ങളെ വിമർശിക്കാൻ അനുവദിയ്ക്കുന്നില്ല. എന്നുള്ളതാണ് സത്യം. 'വലാതസുബ്ബു ആലിഹത്തഹും ഫയസുബ്ബുല്ലാഹ ഒബ്ദം ബിഖയിരിഹി' നിങ്ങറം മുസ്ലീം അല്ലാത്തവരുടെ മതങ്ങളെ അല്ലെങ്കിൽ അവരുടെ ആരാധ്യവസ്തുക്കളെ വിമർശിക്കാൻ പാടില്ല. അങ്ങോട്ടു് വിമർശിച്ചാൽ തിരിച്ചും വിമർശിക്കാൻ കാരണമാകും. ഓരോ മതങ്ങളിലും, മററുള്ള മതത്തേയോ അവരുടെ ആരാധനാലയങ്ങളേയോ വിമർശിക്കാത്തൊരു അന്തരീക്ഷം ഇവിടെ ഉണ്ടായാൽ, ഒരിക്കലും കുഴപ്പം ഉണ്ടാകില്ല. മതമല്ല ഒരിക്കലും അതിനുത്തരവാദി, മറിച്ച് അതു് കൈകാര്യം ചെയ്യുന്ന ചില വ്യക്തികളുടെ പ്രവർത്തിദൂഷ്യം കൊണ്ടാകാം.'

○ 'മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കലർത്തുന്ന പ്രവണതയെപ്പററി അങ്ങയുടെ അഭിപ്രായമെന്താണ് ?'

— 'ഇന്ത്യയിൽ മുസൽമാനെ സംബന്ധിച്ചിടത്തോളം നൂറു ശതമാനവും അംഗീകരിക്കാൻ പററിയ രാഷ്ട്രീയമില്ല. മുസ്ലീം ലീഗ് അടക്കം. മതത്തിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയത്തിനു് ഇസ്ലാം എതിരുമല്ല. മതം വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങറക്കു് വിപരീതമല്ലാത്ത രീതിയിൽ രാഷ്ട്രീയം ഉൾക്കൊള്ളുന്നതിൽ കുഴപ്പമില്ല. ഏതു രാഷ്ട്രീയക്കാരൻ പറഞ്ഞാലും അംഗീകരിക്കാൻ കഴിയുന്നതേ അംഗീകരിക്കൂ.'

○ 'ഇസ്ലാം മതത്തിൽ മതപരമായി വിവാഹത്തെക്കുറിച്ച് കുറെ തെററിദ്ധാരണകളുണ്ട്, അതുകൊണ്ട് വിവാഹത്തെക്കുറിച്ചും മററും ഞങ്ങളറിയാനാഗ്രഹിക്കുന്നു.

○ മുസ്ലീം സമുദായത്തിൽ വിവാഹമോചനം മതപരമായി അനുവദനീയമാണോ ?'

— ഇല്ല. ഈ വിവാഹബന്ധം ഉറപ്പിയ്ക്കണമെങ്കിൽ ചില കാര്യങ്ങറം നടത്താനുണ്ട്. ഇതിൽ അഞ്ചു കാര്യങ്ങറം സംബന്ധിച്ചിരിക്കണം. ഒന്നു് 'വലീയ്യ്'. അതായതു് സ്ത്രീയുടെ രക്ഷിതാവായി ആരെങ്കിലും ഒരാള്, പിന്നെ വരൻ, വധു, സ്ത്രീയുടേയും പുരുഷൻേറയും ഭാഗത്തുനിന്നുള്ള രണ്ടു് സാക്ഷികറം. ഇതൊന്നും കൂടാതെ വിവാഹമൂല്യം എന്നൊന്നുണ്ട്. അതായത് 'മഹറ്' വിവാഹത്തോടനുബന്ധിച്ച് പുരുഷൻ സ്ത്രീക്കു നൽകുന്ന ഒന്നാണ്. 'ഈ തുക നൽകാതെ എന്നെ സ്പർശിക്കാൻ പാടില്ല' എന്നു പറയാൻ സ്ത്രീക്കധികാരമുണ്ട്. ഈ തുക നൽകി വിവാഹത്തിനു ശേഷം പിറേറന്നു തന്നെ ബന്ധം ഒഴിവാക്കുകയാണെന്നു കരുതുക. എന്നാൽ നിശ്ചയിച്ച തുകയുടെ പകുതി സ്ത്രീക്കു് കൊടുക്കണം. ലൈംഗീകബന്ധം പുലർത്തിയാൽ മുഴുവൻ തുകയും സ്ത്രീക്കു കെടുക്കണം. എന്നു വെച്ചു് ഇതു് പ്രോത്സാഹിപ്പിക്കാൻ ഇസ്ലാം മതത്തിൽ നിയമമൊന്നുമില്ല.

ഉദാഹരണത്തിന്, നേരത്തെ പറഞ്ഞ നിയമങ്ങറക്കനുസൃതമായി ഒരാറം വിവാഹം നടത്തി. എന്നിട്ട് ആ ഭാര്യ ഭർത്താവിനെ അനുസരിക്കുന്നില്ലെങ്കിൽ, ആദ്യമായി മതപരമായ ചില ഉപദേശങ്ങറം നൽകുക. എന്നിട്ടും അവറം അനുസരിക്കുന്നില്ലെങ്കിൽ 'ഫബിൽ ഹജ്റി ഫിൽ മമീത്തി' അതായതു് കിടപ്പറ ബഹിഷ്ക്കരണം. ഇങ്ങിനെ ചെയ്തിട്ടും അവറം അനുസരിയ്ക്കുന്നില്ലെങ്കിൽ, 'ളർബൻ ഒയിർറ മുബരിഹുൻ' എന്നു പറയും. മുറിവേൽക്കാത്ത അടി. ഈ കാര്യങ്ങളൊക്കെ ചെയ്തിട്ടും ഇനിയും അനുസരിയ്ക്കുന്നില്ലെങ്കിൽ, 'ഫബഅസു ഹക്കമെംമിൻ അലൈഹി, വഹക്കമെം മിൻ അലൈഹാ.' അതായതു് രണ്ടു ഭാഗത്തുനിന്നും ഓരോ വിധികർത്താക്കളെ തിരഞ്ഞെടുക്കുക. അവർ തമ്മിൽ ചർച്ച ചെയ്തതിനു ശേഷം, ഒരിക്കലും ഇവരെ ബന്ധിപ്പിക്കാൻ സാധിയ്ക്കില്ല എന്നു കണ്ടെങ്കിൽ മാത്രമേ ഇസ്ലാം മതത്തിൽ വിവാഹമോചനം നടത്താൻ നിയമമുള്ളൂ'

○ വിവാഹമോചനം നടത്തിയ ശേഷം ആ സ്ത്രീയെ തന്നെ വീണ്ടും വിവാഹം കഴിക്കുന്നതിന് ഇസ്ലാം മതം അനുവദിക്കുന്നുണ്ടോ ?

— വിവാഹമോചനം രണ്ടുതരത്തിലാണ്. മന്നു് മടക്കിഎടുക്കാൻ പററുന്നത്. രണ്ടാമത്തേത് മടക്കി എടുക്കാൻ പററാത്തതു്. 'അത്ത്വലാഖു മർറത്താനി അതായതു്, മടക്കി എടുക്കാൻ കഴിയുന്ന വിവാഹമോചനം. ഇത് രണ്ടു തവണയാണ്. വിവാഹം നടത്തിയാൽ, പിന്നെ മൂന്നു മാസത്തെ (ഒരു ശുദ്ധിയും, ഒരു മെൻസസും. അങ്ങിനെ മൂന്നു തവണ.) അവധിയ്ക്കു ശേഷം തിരിച്ചെടുക്കാം. ഈ മൂന്നു മാസം കഴിഞ്ഞിട്ടും, അവറം മടങ്ങിവരാൻ തയ്യാറായില്ലെങ്കിൽ പിന്നെ ഒരു അവസരം കൂടി കൊടുക്കും (മൂന്നു മാസം). എന്നിട്ടും അനുസരിയ്ക്കുന്നില്ലെങ്കിൽ 'ബാഹിനാ ത്വലാഖുൻ' എന്നു പറയും. [ത്വലാഖ് എന്ന വാക്കിൻെറ അർത്ഥം വിവാഹമോചനം എന്നാണ്.] 'ബാഹിനാ ത്വലാഖുൻ എന്നു പറഞ്ഞാൽ മടക്കി എടുക്കാൻ കഴിയാത്തതു്. ഇതും കഴിഞ്ഞാൽ, പിന്നെ ആരെങ്കിലും ആ സ്ത്രീയെ വിവാഹം കഴിച്ചതിനു ശേഷം, അദ്ദേഹം ഒഴിവാക്കിയാൽ, പററുമെങ്കിൽ വീണ്ടും വിവാഹം കഴിക്കാം. ഇതിൽനിന്നും, വിവാഹമോചനം ഞങ്ങറം പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നു് നിങ്ങറക്കു് തോന്നുന്നുണ്ടോ ?'

○ ‘ഒരു ഭാര്യ നിലവിലിരിക്കേ, മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുന്നതായി കാണാറുണ്ടല്ലോ ?’

— ‘നിലവിലുള്ള ഭാര്യയെക്കൊണ്ട്, ഭർത്താവിൻെറ ആവശ്യങ്ങളൊന്നും നടത്തിക്കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ (രോഗകാരണങ്ങളോ അതുപോലുള്ള മററ് കാരണങ്ങളോകൊണ്ട്), രണ്ടാമതൊരു വിവാഹം കഴിക്കുന്നതിൽ തെററില്ല. പക്ഷെ അവർക്ക് വേണ്ടുന്ന എല്ലാ ചെലവു കൊടുക്കാനും കഴിയണം, കൂടാതെ ആദ്യ ഭാര്യയുടെ സമ്മതവും കിട്ടിയിരിക്കണം. വിവാഹത്തിനുശേഷം തുല്യപങ്കാളിത്തവും വേണം. അതായത്ത് മാനസികമായും ശാരീരികമായും വൈകാരികമായും എല്ലാം. എന്നാൽ, രണ്ടാം വിവാഹംകൊണ്ട്, ഭർത്താവിന് ഗുണമുണ്ടാകുകയും, പക്ഷെ രണ്ടാം ഭാര്യയുടെ ആവശ്യങ്ങളൊന്നും ഭർത്താവിന് നിറവേററിക്കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ ഇത്തരത്തിലുള്ള വിവാഹത്തിന് നിയമം അനുശാസിക്കുന്നില്ല.’

○ ‘വിവാഹസമയത്തു് ‘സ്ത്രീധനം’ കൊടുക്കാറുണ്ടോ ?’

— ‘ഇതു് പ്രോത്സാഹിപ്പിക്കുന്നില്ല. പിന്നെ സ്ത്രീയുടെ പക്ഷത്തുനിന്ന് ഭർത്താവിന് എന്തെങ്കിലും കൊടുത്താൽ അതു് വേണ്ടെന്നുപറയാൻ അധികാരമില്ല. അതു് മതത്തിനെതിരല്ല.’

○ ഇസ്ലാം മതത്തിൽ ഹിംസയെ പാപമായി കണക്കാക്കുന്നില്ലേ ?

— ‘എല്ലാ വസ്തുക്കളേയും കൊല്ലാൻ പ്രോത്സാഹിപ്പിക്കുന്നില്ല. പക്ഷെ അനുവദിക്കപ്പെട്ട ചില ജീവികളെ, ഭക്ഷിക്കാൻ വേണ്ടി, പ്രത്യേകമായ നിയമങ്ങൾ അംഗീകരിച്ചുകൊണ്ട് കൊല്ലുന്നതിൽ വിരോധമില്ല. കൊല്ലുമ്പോൾ ദൈവത്തിൻെറ നാമത്തിൽ കൊന്നിരിക്കണമെന്ന് നിർബന്ധമുണ്ട്. പ്രത്യേകിച്ച് ആരാധിക്കപ്പെടേണ്ട ജീവികളൊന്നുമില്ല. പക്ഷെ, ജീവികളെ രക്ഷിക്കുന്നതിൽ നിസ്ക്കാരംപോലും മുറിക്കാൻ ഓരോരുത്തരും തയ്യാറാകണം.’

○ ‘പുതിയ തലമുറ മതസൗഹാർദ്ദം നിലനിർത്തുന്നതിനുവേണ്ടി എന്തൊക്കെയാണ് ചെയ്യേണ്ടതു് ?’

— ഒരു മതവും മററുള്ള മതസ്ഥരുടെ ആരാധനാലയങ്ങളേയോ, ദൈവങ്ങളേയോ വിമർശിക്കാത്തൊരു അന്തരീക്ഷം ഉണ്ടാക്കിയാൽ മതസൗഹാർദ്ദം നിലനിൽക്കും. ‘വലാ തസുബ്ബ ആലിഹത്തഹു’ എന്നു ഞാൻ നേരത്തെ പറഞ്ഞിരുന്നുവല്ലോ ? അതായതു് നിങ്ങൾ മററുള്ളവരുടെ മതങ്ങളെ വിമർശിക്കാൻ പോകരുതു്. അങ്ങിനെ വിമർശിക്കാൻ പോയാൽ തിരിച്ചും വിമർശനം ഉണ്ടാകും എന്നുള്ളതാണ്. ഇതാണ് ഇസ്ലാമിൻെറ നയം. സ്വന്തം മതങ്ങളുടെ ശാസ്ത്രീയ വശങ്ങളെല്ലാം അവർക്ക് പ്രചരിപ്പിക്കാം. പക്ഷെ അതു് മററുള്ള മതത്തെക്കുറിച്ചാകരുതു്.’

○ ‘ഇസ്ലാം മതം മററുള്ളവരിൽ അടിച്ചേൽപ്പിക്കാറുണ്ടോ ?’

— ‘ഇല്ല. ഒരിക്കലും ഇല്ല. ആരിലും അടിച്ചേൽപ്പിക്കാൻ മുതിരാറില്ല. ‘ലാഇക്റാഹ ഫിദ്ദീനി’ എന്നാണ് പറയുക. മതത്തിൽ ആരേയും നിർബന്ധിക്കലില്ല. നിർബന്ധിച്ച് ആരേയും ഇസ്ലാമിലേക്ക് മത പരിവർത്തനം നടത്താറില്ല. ഇസ്ലാമിൻെറ ആശയങ്ങൾ മനസ്സിലാക്കി, സ്വമനസ്സാലെ വന്നാലല്ലാതെ, ഒരിക്കലും അടിച്ചേൽപ്പിക്കാറില്ല.’

○ ‘വിവാദവിഷയമായ ‘രാമ ജന്മഭൂമി—ബാബറി മസ്ജിദ്’’നെക്കുറിച്ച് എന്താണ് അഭിപ്രായം ?’

— ‘ഈ പ്രശ്നത്തിൽ പ്രത്യേക അഭിപ്രായമൊന്നും പറയാനില്ല, ഇതു് ......ആരാണ് അവകാശി എന്നുവെച്ചാൽ അതവർക്കു വിട്ടുകൊടുക്കേണ്ടതാണ്. യഥാർത്ഥ അവകാശികൾക്ക് വിട്ടുകൊടുക്കാതിരിക്കുമ്പോഴാണ്, ഞാൻ നേരത്തേ പറഞ്ഞതിനു് എതിരായി വരുന്നതു്.’

○ ‘പുതിയ തലമുറ മതത്തോടു് അടുക്കുന്നതോ അതോ അകന്നുപോകുന്നതായിട്ടാണോ തോന്നുന്നതു്?’

— ‘ജനസംഖ്യയിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും, അതിനനുസൃതമായി പുതിയ തലമുറകൾ കൂടുതൽ മതത്തോടടുത്തുവരുന്നതായിട്ടാണ് കാണുന്നതു്.’

○ ‘വെററിനറി വിദ്യാർത്ഥികളായ ഞങ്ങൾക്ക് ഒരു മതപണ്ഡിതനെന്ന നിലക്ക് എന്ത് ഉപദേശമാണ് നൽകാനുള്ളതു് ?

— നിങ്ങൾ ചെയ്യുന്നതു് വളരെ പുണ്യമുള്ള കാര്യമാണ്. എല്ലാ ജീവികൾക്കും ആദരവു കല്പിക്കണം. മനുഷ്യരെ ചികിത്സിക്കുന്നതിനേക്കാൾ എത്രയോ പുണ്യമുണ്ട് ഇതിന്. മനുഷ്യൻമാരെ, സാധാരണ രോഗം പറഞ്ഞിട്ടാണ് ചികിത്സിക്കാറ്, ഇതു് രോഗം കണ്ടുപിടിച്ച് ചികിത്സിക്കണമല്ലോ ?



സമാധാനത്തിലുള്ള മനസ്സേ,
നിൻെറ രക്ഷകനിലേക്ക് മടങ്ങൂ അദ്ദേഹത്തിൻെറ
സംതൃപ്തിയിൽ തൃപ്തനായി

വിശുദ്ധ ഖുറാൻ 89, 27-28

സത്യം ഒന്നു മാത്രമേ ഉണ്ടാകാൻ പാടുള്ളു.

അതുകൊണ്ട് പരിപൂർണ്ണ സത്യമായ മതം

ഒന്നുമാത്രമേ ഉണ്ടാകാൻ പാടുള്ളു.



**ബിഷപ്പ് ജോസഫ് കുണ്ടുകുളം**

☐ എല്ലാ മതങ്ങളും സംഗമിക്കുന്ന ഒരു തലം കണ്ടെത്തലാണ് ഞങ്ങളുടെ ഈ ചോദ്യാവലിയുടെ ലക്ഷ്യം : ഈ ലക്ഷ്യത്തെ മുൻനിർത്തി, ഹിന്ദുമതത്തിൽ പറയുന്ന ബ്രഹ്മവും, ഇസ്ലാം മതത്തിൽ പറയുന്ന അല്ലാഹുവും ക്രിസ്തുമതത്തിൽ പറയുന്ന ദൈവവും ഒരേ ശക്തിയുടെ വിവിധ രൂപങ്ങളല്ലേ ?

— സർവ്വശക്തനും പ്രപഞ്ചനാഥനും സർവ്വഗുണ സമ്പന്നനുമായ ആദി കാരണത്തെയാണ് ക്രിസ്ത്യാനികൾ ദൈവമെന്നും, മുസ്ലീമുകൾ അള്ളായെന്നും പറയുന്നത്. അവിടുന്ന സർവ്വ ചരാചരങ്ങളുടേയും സ്രഷ്ടാവാണെന്നും സൃഷ്ടികളിൽനിന്ന വ്യത്യസ്തനാണെന്നും ഈ മതങ്ങൾ പഠിപ്പിക്കുന്നു. എന്നാൽ ഹിന്ദുക്കളിൽ രണ്ടഭിപ്രായമുണ്ട്. ഒന്ന് സൃഷ്ടികർമ്മത്തെ അംഗീകരിക്കുന്നു. എന്നാൽ അദ്വൈത സിദ്ധാന്തികൾ സൃഷ്ടി കർമ്മത്തെ അംഗീകരിക്കുന്നില്ല. സൃഷ്ടികൾ ബ്രഹ്മത്തിൻെറ അംശങ്ങളായി ഗണിക്കപ്പെടുകയും മുക്തി പ്രാപിക്കുമ്പോൾ ബ്രഹ്മത്തിൽ ലയിക്കുമെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. ഈ മുക്തി, അല്ലെങ്കിൽ മോക്ഷം, അനവധി പുനർജ്ജന്മങ്ങൾക്കു ശേഷമാണ് സംഭവിക്കുക. എന്നാൽ ക്രിസ്ത്യാനികളും മുസ്ലീമുകളും പുനർജ്ജന്മങ്ങളിൽ വിശ്വസിക്കുന്നില്ല. മനുഷ്യരുടെ മരണശേഷം അവർ നിത്യമായി രക്ഷിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നു. മൃഗങ്ങൾ, പക്ഷികൾ മററു ജീവജാലങ്ങൾ എന്നിവക്ക് മരണാനന്തര ജീവിതമില്ലെന്നു ക്രിസ്ത്യാനികളും മുസ്ലീമുകളും വിശ്വസിക്കുന്നു.

ഇനി ദൈവവും, അള്ളായും, ബ്രഹ്മവും ഒരാളുടെ തന്നെ വിവിധ നാമങ്ങളായി എടുത്താൽ, ഈശ്വര വിശ്വാസികൾ എല്ലാവരും ഈശ്വര വിശ്വാസത്തിൽ കണ്ടെത്തുന്ന സർവ്വശക്തൻ ഒരാൾതന്നെയായി പരിഗണിക്കാവുന്നതാണ്. അങ്ങനെയെ

ങ്കിൽ അവിടുന്ന നമ്മുടെ എല്ലാവരുടേയും പിതാവും നമ്മൾ എല്ലാവരും പരസ്പരം സഹോദരങ്ങളുമാണ്. ഇവിടെയാണ് എല്ലാ മതങ്ങളും സംഗമിക്കുന്ന തലം.

▱ അങ്ങിനെയെങ്കിൽ ഈ രൂപങ്ങളെ വേർതിരിച്ചു നിർത്തുന്നതെന്താണ്?

— ദൈവവും, അള്ളായും, ബ്രഹ്മവും ഒരേ ശക്തിയുടെ വിവിധ രൂപങ്ങളല്ല. ഒരേ ശക്തിയാണ്. ഒരേ ശക്തിയുടെ വിവിധ നാമങ്ങളാണ്. ഈ നാമങ്ങളെ വേർതിരിച്ചു കാണേണ്ട ആവശ്യമില്ല. ഒന്നായി കാണുകയാണ് മാനവകുലത്തെ ഒന്നായി കാണാനുള്ള കാരണം.

▱ സമൂഹത്തിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളുടേയും കാരണം വിശ്വാസങ്ങൾക്കുപരിയായുള്ള മതങ്ങളുടെ സംഘടിത സ്വഭാവമാണെന്ന് ഒരു പൊതു അഭിപ്രായമുണ്ട്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

— ഏക ദൈവത്തിലുള്ള വിശ്വാസമൊഴികെ മറ്റുള്ള വിശ്വാസങ്ങളിലുള്ള വൈവിധ്യവും വൈരുദ്ധ്യവുമാണ് വിഭിന്ന മതങ്ങളുടെ നിലനില്പിനു കാരണം. ഓരോ വിഭാഗവും അവരുടെ വിശ്വാസമാണ് ശരിയെന്നു വിശ്വസിക്കുന്നതു് അവരവരുടെ മനഃസാക്ഷിക്കനുസരിച്ച് ഓരോരുത്തരും വിശ്വസിക്കുന്നതിന് എല്ലാ മതങ്ങളും അനുവദിച്ചാൽ പ്രശ്നങ്ങൾ ഉണ്ടാകില്ല. ഓരോരുത്തരുടേയും വിശ്വാസം മറ്റുള്ളവരെ മനസ്സിലാക്കുന്നതിനു തടസ്സം നില്ക്കാൻ പാടില്ല. പക്ഷെ അവിശ്വാസം മറ്റുള്ളവരെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോഴും, മററു വിശ്വാസങ്ങൾ പുലർത്തുന്നവരെ ഉപദ്രവിക്കുമ്പോഴുമാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നതു്. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിൽ മനസ്സാക്ഷി സ്വാതന്ത്ര്യത്തെപ്പററി ഇപ്രകാരം പറഞ്ഞിരിക്കുന്നതു്: 'മതകാര്യങ്ങളിൽ സ്വന്തം മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരും നിർബന്ധിക്കപ്പെടരുതു്. അതുപോലെത്തന്നെ, ന്യായമായ പരിധിക്കുള്ളിൽനിന്നുകൊണ്ട് രഹസ്യമായോ പരസ്യമായോ, തനിച്ചോ കൂട്ടുചേർന്നോ, സ്വന്തം ബോദ്ധ്യമനുസരിച്ച് വ്യാപരിക്കുന്നതിൽനിന്ന് ആരെയും തടയാൻ ആർക്കും അവകാശമില്ല.' (മത സ്വാതന്ത്ര്യം No. 2)

പരസ്പര വിരുദ്ധങ്ങളായ വിശ്വാസങ്ങൾ പഠിക്കുന്ന മതങ്ങൾ എല്ലാം പൂർണ്ണമായി സത്യമാകാൻ നിവൃത്തിയില്ല. സത്യം ഒന്നുമാത്രമെ ഉണ്ടാകാൻ പാടുള്ളു. അതുകൊണ്ട് പരിപൂർണ്ണ സത്യമായ മതം ഒന്നുമാത്രമെ ഉണ്ടാകാൻ പാടുള്ളു. ഈ സത്യമതം ഏതാണെന്ന് അന്വേഷിക്കുന്നതിന് ഓരോ വ്യക്തിയും അവനവന്റെ കഴിവനുസരിച്ച്, ബാദ്ധ്യസ്ഥനാണ്. ഓരോ വിശ്വാസങ്ങളും ആശയങ്ങളും സ്വീകരിച്ചിട്ടുള്ളവർ ഒന്നിച്ചുചേരുക സ്വാഭാവികമാണ്. ഇങ്ങനെയാണ് സംഘടനകളും, രാഷ്ട്രീയപ്പാർട്ടികളും സംഘടിത മതങ്ങളും ഉണ്ടാകുന്നതു്. ഇവയെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല. അങ്ങനെയുള്ള ഒരു അവസ്ഥയിൽ ഇക്കാര്യത്തിൽ 'മനസ്സാക്ഷി സ്വാതന്ത്ര്യ'ത്തെ വിലമതിക്കുക മാത്രമാണ് പ്രശ്ന പരിഹാരത്തിനുള്ള ഏക പോംവഴി. അതാണ് വത്തിക്കാൻ സൂനഹദോസ് നിർദ്ദേശിച്ചിരിക്കുന്നതു്.

▱ മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കലർത്തുന്ന ഇന്നത്തെ പ്രവണതയെപ്പററി അങ്ങയുടെ അഭിപ്രായമെന്താണ്?

— മതം മതകാര്യങ്ങളിലും, രാഷ്ട്രീയം രാഷ്ട്രീയത്തിലും ഒതുങ്ങി നിന്നാൽ പരസ്പരം കലഹിക്കാൻ

---



അല്ലയോ സമ്പന്നരേ, നിങ്ങൾക്കു സംഭവിക്കാൻ പോകുന്ന ദുരിതങ്ങളോർത്തു കരയുകയും അലമുറയിടുകയും ചെയ്യുക. നിങ്ങളുടെ സമ്പത്തു ദ്രവിച്ചുകഴിഞ്ഞു. കുപ്പായങ്ങൾ ചിതലരിച്ചു. നിങ്ങളുടെ സ്വർണ്ണവും വെള്ളിയും തുരുമ്പിക്കുന്നു. ആ തുരുമ്പ് നിങ്ങൾക്കെതിരെ സാക്ഷ്യമായിരിക്കും. അതു് അഗ്നിപോലെ നിങ്ങളുടെ മാംസം ദഹിപ്പിക്കും. അവസാനനാളുകൾക്കായി നിങ്ങൾ സമ്പത്തു കുന്നുകൂട്ടിയിരിക്കുന്നു. നിങ്ങളുടെ വയലുകളിൽ വിളവു കൊയ്ത വേലക്കാരിൽനിന്നു ചതിവിൽ നിങ്ങൾ പിടിച്ചുവച്ച കൂലി നിലവിളിക്കുന്നു; കൊയ്ത്തുകാരുടെ വിലാപം സൈന്യങ്ങളുടെ കർത്താവിന്റെ ചെവികളിൽ എത്തിക്കഴിഞ്ഞു. നിങ്ങൾ ഭൂമിയിൽ സുഖഭോഗങ്ങളിലും ആഡംബരത്തിലും മുഴുകി ജീവിച്ചു; കശാപ്പുദിനത്തിലേക്കായി നിങ്ങളുടെ ഹൃദയങ്ങളെ കൊഴുപ്പിച്ചു. നീതിമാനെ നിങ്ങൾ വിധിക്കുകയും വധിക്കുകയും ചെയ്തു; അയാൾ ചെറുത്തുനില്ക്കുന്നുമില്ല.

യാക്കോബ് 3-5—284

ഇടവരികയില്ല. എന്നാൽ രാഷ്ട്രീയ സംഘടനകളും പാർട്ടികളും മതകാര്യങ്ങളിൽ ഇടപെടുമ്പോഴാണ്, മതം അതിനെ എതിർക്കുന്നതു്.

☐ മാർപ്പാപ്പയും, ഗോർബച്ചേവും തമ്മിലുള്ള കൂടിക്കാഴ്ച്ചയെ അങ്ങ് ഏതു് രീതിയിൽ വിലയിരുത്തുന്നു?

— മാർപ്പാപ്പയും ഗോർബച്ചേവും തമ്മിൽ നടന്ന കൂടിക്കാഴ്ച്ച ലോകചരിത്രത്തിൽ വലിയ പ്രാധാന്യമർഹിക്കുന്നതാണ്. നിരീശ്വരത്വമോ നിർമ്മതമോ ആരുടെ മേലും അടിച്ചേൽപ്പിക്കുകയില്ലെന്നും, റഷ്യയിൽ മതസ്വാതന്ത്ര്യം നൽകുമെന്നുള്ള ഗോർബച്ചേവിന്റെ പ്രഖ്യാപനം മാർപ്പാപ്പ മാത്രമല്ല എല്ലാ മതവിശ്വാസികളും സ്വാഗതം ചെയ്തിട്ടുണ്ട്. ഏകാധിപത്യ മർദ്ദനത്തിൽ വീർപ്പുമുട്ടിയിരുന്ന രാഷ്ട്രങ്ങൾക്കും ഗോർബച്ചേവിന്റെ പ്രസ്താവന നവോന്മേഷം നൽകിയിട്ടുണ്ട്. ജനാധിപത്യവിശ്വാസികൾ അദ്ദേഹത്തിന്റെ നയത്തിൽ സന്തുഷ്ടരാണ്.

☐ പുതിയ തലമുറ മതസൗഹാർദ്ദം നിലനിർത്തുവാനാഗ്രഹിക്കുന്നു. അതിനുവേണ്ടി ഞങ്ങളെന്തൊക്കെയാണ് ചെയ്യേണ്ടതു്?

— പുതിയ തലമുറ മതസൗഹാർദ്ദം നിലനിർത്തുവാൻ ആഗ്രഹിക്കുന്നതു് ശുഭലക്ഷണമാണ്. മതത്തിന്റെ പേരിൽ ഇന്ത്യയിൽ വളരെയധികം രക്തച്ചൊരിച്ചിലുകൾ ഉണ്ടായിട്ടുണ്ട്. വിദ്യാസമ്പന്നരായ പുതിയ തലമുറ ഇതു മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഭിന്നതകൾക്കു വഴിയൊരുക്കുന്നവയെ മാറ്റി നിർത്തി, ഒന്നിപ്പിക്കുന്നവയ്ക്കു് മുൻതൂക്കം നൽകുകയാണുവേണ്ടതു്. ഏക ദൈവത്തിലുള്ള വിശ്വാസവും, മനുഷ്യർ പരസ്പരം സഹോദരന്മാരാണെന്ന വിശ്വാസവും അടിസ്ഥാനമാക്കിയായിരിക്കണം. നിങ്ങൾ പരസ്പരം ബഹുമാനിക്കുകയും അംഗീകരിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതു്. നന്മ ചെയ്യുക, തിന്മ വർജിക്കുക എന്ന തത്വം എല്ലാ മതവിശ്വാസികൾക്കും സ്വീകാര്യമാണല്ലോ. ഇതു മുൻനിർത്തി പ്രവർത്തിച്ചാൽ മതസൗഹാർദ്ദം വളരെ എളുപ്പമായിത്തീരും.

☐ വെറ്ററിനറി വിദ്യാർത്ഥികളായ ഞങ്ങൾക്കു് പ്രത്യേകമായ എന്തു് ഉപദേശമാണ് അങ്ങേയ്ക്കു് നൽകുവാനുള്ളതു്?

— വിദ്യാർത്ഥികളായ നിങ്ങൾ ചെയ്യേണ്ടതു് 1. ജാതിമത വ്യത്യാസങ്ങൾ പരിഗണിക്കാതെ പരസ്പരം സഹായിക്കുക, 2. അതിനു സഹായിക്കുന്ന സെമിനാറുകളും ചർച്ചകളും നടത്തുക, 3. നിങ്ങൾ ഏറ്റെടുക്കുന്ന സാമൂഹ്യ പ്രവർത്തനരംഗങ്ങളിൽ ജാതിമത വ്യത്യാസം നോക്കാതെ, അർഹിക്കുന്നവരെ സഹായിക്കുക, 4. രാഷ്ട്രീയരംഗങ്ങളിൽ ജാതിയും മതവും നോക്കാതെ നല്ലവരെ ഉയർത്തിക്കൊണ്ടുവരിക, 5. ഒന്നിച്ചു പ്രാർത്ഥിക്കുവാൻ സാധിക്കുന്ന സന്ദർഭങ്ങളിൽ എല്ലാവർക്കും സ്വീകാര്യമായ പൊതു പ്രാർത്ഥനകൾ സ്വീകരിച്ചുകൊണ്ടു പ്രാർത്ഥിക്കുക.

---



നോക്കൂ, നമുക്ക് മുമ്പിൽ ആനന്ദത്തിന്റേതായ ഒരു മായാലോകമെങ്കിലും ഉണ്ടായിരിക്കണം. പൂക്കളുടെ, പൊട്ടിച്ചിരികളുടെ, നിഷ്ക്കളങ്കതയുടെ, സ്നേഹത്തിന്റെ, നീലാകാശത്തിന്റെ, ഇടയ്ക്കെങ്കിലും നിങ്ങളുടെ അടുത്തു നിൽക്കുന്ന ഒരു മരത്തെ ഒന്ന് തലോടാൻ തോന്നണം. ഭൂമിയെ കെട്ടിപ്പിടിക്കുവാൻ, മൃഗങ്ങളെ കൂട്ടുകാരാക്കുവാൻ, സ്വന്തം വീടിനെ തങ്ങളുടേതുകൂടിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അതിൽ കയറി താമസിക്കുവാൻ വരുന്ന ക്ഷുദ്രജീവികളെ നോക്കി സന്തോഷിക്കുവാൻ. എപ്പോഴും എല്ലാറ്റിനേയും ഉപയോഗത്തിന്റെ കണ്ണിൽക്കൂടി മാത്രം നോക്കുവാനാവില്ല. വെറും ഉല്പന്നങ്ങളുടെ സെയിൽസ്മാൻ മാത്രമോ നാം? ഉൽപാദനം മാത്രമോ നമ്മുടെ ജോലി? സ്റ്റാറ്റിസ്റ്റിക്സ് ആണോ നമ്മുടെ ഭക്ഷണം? സ്വന്തം ടൈപ്പുകളുണ്ടാക്കുന്ന ഫാക്റ്ററിയോ നമ്മുടെ കുടുംബം?

ആനന്ദ്

നിളയുടെ മിത്തുകൾ തേടി
നിളാതീരത്തിലൂടെ
ഒരു യാത്ര



# നിള പറഞ്ഞ കഥകൾ

ഓരോ പുഴയും കഥകൾ പറഞ്ഞൊഴുകുന്നു. ചരിത്രങ്ങളുടെ, പുരാണങ്ങളുടെ, ഐതിഹ്യങ്ങളുടെ കഥകൾ........അച്ചടിമഷിപുരണ്ട് വികൃതമാക്കപ്പെടാതെ ഗ്രാമീണ മനസ്സുകൾ സൂക്ഷിക്കുന്ന ആ മിത്തുകളുടെ വിശുദ്ധിയും, നൈർമ്മല്യവും നഷ്ടപ്പെടാതെത്തന്നെയാണ് ഞങ്ങളീ മാഗസിന്റെ താളുകളിൽ അവ പകർത്തിയിട്ടുള്ളത്. നിളയുടെ കഥകൾ അറിയുന്നതിലൂടെ, നിളയെ അറിയുക, നമ്മുടെ മണ്ണിന്റെ മനസ്സറിയുക, നമ്മുടെ സാംസ്കാരിക പാരമ്പര്യമെന്തെന്ന് തിരിച്ചറിയുക. നിറഞ്ഞ മനസ്സോടെ നിങ്ങളും ഞങ്ങളോടൊപ്പം യാത്രചെയ്യുക........



ആനമലയുടെ സന്തോഷാശ്രു പൊടിഞ്ഞു്, ധാരയായി പതഞ്ഞൊഴുകുന്ന നിളയുടെ ഇരുകരകളിലൂടെയുള്ള യാത്ര, അതു് തുടരുമ്പോഴും അമ്മയുടെ മടിത്തട്ടിൽ കളിയ്ക്കുന്ന കുട്ടികളുടെ ആഹ്ലാദമായിരുന്നു ഞങ്ങളുടെ മനസ്സിൽ.

നിള.... അമ്മയാണ്.

ആ.... അമ്മയുടെ കനവുകളും, നിനവുകളും തേടിയായിരുന്നു ഞങ്ങളുടെ യാത്ര........

ഇരു പാർശ്വങ്ങളായി പിരിഞ്ഞു്, വീണ്ടും സംഗമിച്ച് 'ഭാരതപ്പുഴയായി രൂപംപ്രാപിയ്ക്കുന്നതു് പാലക്കാട് ജില്ലയിലെ, 'പനങ്കള്ളു്'' വിളമ്പുന്ന 'പറളി'യിൽവെച്ചാണ്. അടിയുറച്ച അന്ധവിശ്വാസങ്ങളും, ഇരുളു പരത്തുന്ന കെട്ടുകഥകളുമാണ് ഇവിടുത്തെ ഗ്രാമീണ മനസ്സുകളിൽ. അവ കഥകളല്ല ... അവർക്കതു് യാഥാർത്ഥ്യങ്ങളാണ്.

'ഈ രാത്രിയ്ക്കൊന്നും..... ങ്ങ്നെ എറങ്ങിനടക്കണ്ട.... വല്ല ഒടിയനോ കൊള്ളിപ്പിശാശോ പിന്നാലെക്കൂടും.' നിളയിലേയ്ക്കിറങ്ങാൻ വഴിചോദിച്ച ഞങ്ങളോടു് ഒരു ഗ്രാമീണവാസി പറഞ്ഞു.

'ഒടിയനോ ?!'

'ഒടിയനെപ്പറ്റ്യൊന്നും നിങ്ങള് കേട്ട്ട്ട്ല്യാ !........ ആവൂ.... എന്താണ്ടപ്പതു് ?'. വായ്ക്കുള്ളിൽനിന്നും പഴങ്ങിയ വെറ്റിലയുടെ നാറ്റമുള്ള തുപ്പൽ തെറിപ്പിച്ചുകൊണ്ടു് അയാൾ നരച്ച കുറ്റിത്താടിയിൽ വിരൽകൊട്ടുത്തുനിന്നു.

........ രാത്രികാലങ്ങളിലാണ് ഒടിയനിറങ്ങുക. അതും നിലാവുള്ള രാത്രികളിൽ മൂരിയെപ്പോലെ 'മുക്കറ'യിടുകയും, പട്ടിയേയും, പൂച്ചയേയും, കോഴിക്കുഞ്ഞുങ്ങളെപ്പോലെയുമൊക്കെ കരയുവാനും കഴിയുമത്രെ. പലതരത്തിലുള്ള വേഷംകെട്ടാനും കഴിയും. മൂരിയുടേയും. പട്ടിയുടേയും വേഷത്തിലാണെങ്കിൽ, പുറകിൽ വാലുണ്ടാവില്ല. ഒടിയന്റെ ശകുനം മുടക്കിയാൽ അവന്റേയും കുടുംബത്തിന്റേയും മരണം നിശ്ചയം. അതുപോലെത്തന്നെ ഉറങ്ങിക്കിടക്കുന്ന ഒരാളുടെ തലയ്ക്കുമുകളിലൂടെ ഒടിയൻ ചാടിയാലും !. മണ്ണാൻ, പറയർ, പുലയർ, എന്നീ ജാതിക്കാരാണ് ഈ വിദ്യ അഭ്യസിച്ചിട്ടുള്ളവർ. ഏഴു മാസം തികഞ്ഞ ഗർഭിണികളെ കൺകെട്ടുവിദ്യയാൽ മയക്കിക്കിടത്തി, ഗർഭപാത്രത്തിൽനിന്നും കുഞ്ഞിനെ പുറത്തെടുത്തു്, പേരാലിൻകൊമ്പിൽ തലകീഴായി കെട്ടിത്തൂക്കും, ആളിക്കത്തുന്ന തീകുണ്ഡത്തിനു് നേരെ മുകളിൽ. തീയുടെ ചൂടേറ്റ്, കുഞ്ഞിന്റെ ശരീരത്തിൽ പൊടിഞ്ഞുണ്ടാകുന്ന വിയർപ്പുകണങ്ങളും ഒപ്പിയെടുത്താണത്രെ 'ഒടിവിദ്യ'യ്ക്കുള്ള മരുന്നുണ്ടാക്കുന്നതു്. അതു് ഇടതുചെവിയ്ക്കുള്ളിൽ പുരട്ടി, മനസ്സിൽ എന്തുവിചാരിച്ചാലും നടക്കും, അതുകൊണ്ടു് ഒടിയനെ അടിയ്ക്കണമെങ്കിൽ ഇടതുചെവിക്കുറ്റി നോക്കി അടിയ്ക്കണം; അല്ലെങ്കിൽ കലക്കിയ ചാണകവെള്ളത്തിൽ കുറ്റിച്ചൂല് മുക്കി മുഖത്തടിച്ചാലും മതി, തനിരൂപം കാണാം. ആളുകളെ 'ഒടിച്ച്' കൊല്ലുന്നതുകൊണ്ടാണത്രെ ഒടിയനെന്ന പേരുവരാൻ കാരണം. എന്നാൽ മനഃപൂർവ്വം ഇവർ ആരേയും ഉപദ്രവിക്കാറില്ല. ജന്മികളുടെ വലിയ തോട്ടങ്ങളുടെ കാവലിനാണ് ഇവരെ സാധാരണ നിയോഗിക്കുക... ........

'ആനപ്പുഴീം........ പറപ്പുഴീം പറഞ്ഞാൽ തീരില്ലെന്റെ കുട്ട്യോളേയ്....'

തോളൊപ്പം വിടർത്തിയിട്ട ജഢ പിടിച്ച മുടിയും, ചോരക്കണ്ണുമുള്ള ഒടിയന്റെ രൂപവും മനസ്സിൽപേറി, * 'ചൊവ്വായൂട്ട്' നടത്തുന്ന ആൽമരത്തിന്നരികിലൂടെ, നിലാവു പുതഞ്ഞു കിടക്കുന്ന മണലിലേയ്ക്കിറങ്ങി. പാറകളിൽ തട്ടിയൊഴുകുന്ന വെള്ള

---

* കുലദൈവത്തിനു് നിവേദ്യംവെച്ചു കൊടുക്കുന്ന ഒരു ആചാരം.

ത്തിൽ, പാൽതളികകളുടെ നീണ്ട നിര. നിളയെ തഴുകിവരുന്ന കാററിൽ കൈതപ്പൂമണം. അതോ....... നിളയുടെ, മനസ്സിൻെറ സുഗന്ധമോ....?

ഒരുപിടി മണൽ ഞങ്ങളുടെ പുറത്തു് ഊക്കോടെ ചിതറിവീണു. അല്പം അകലെ മാറി, മണൽപ്പരപ്പിൽ, ഇളകിയാട'ക്കൊണ്ടിരിയ്ക്കുന്ന ഒരു കറുത്ത രൂപം. സംശയത്തോടെ ഞങ്ങൾ അതിനടുത്തേയ്ക്കു നടന്നു. പെട്ടെന്നു്, ആ രൂപം എഴുന്നേററു് കുറച്ചകലെയായി ചെന്നു് വീണ്ടും നിലയുറപ്പിച്ചു. പിന്നെ, വികൃതമായി ചീറിക്കൊണ്ടു് മണലിലൂടെ ഓടാനും, തലകുത്തി മറിയാനും തുടങ്ങി.

'ഇനീപ്പൊ.. .... വല്ല ഒടിയനുമാണോ ?' ഞങ്ങൾ പരസ്പരം നോക്കി ഒടിയനാണെങ്കിൽ രൂപം മാറിയാണു് വരിക. 'എന്തായാലും ചെന്നു നോക്കുക തന്നെ.' ഞങ്ങൾ അടുത്തേയ്ക്കു് നടന്നടുക്കുന്നതനുസരിച്ചു്, ആ രൂപവും അകന്നുമാറിക്കൊണ്ടിരുന്നു. ഒടുവിൽ പുഴവക്കിനടുത്തുണ്ടായിരുന്ന ഒരു വലിയ കൈതക്കൂട്ടത്തിൽ ആ രൂപം കയറി ഒളിച്ചു.

ദുരൂഹമായ മനസ്സോടെ തിരിച്ചു വന്നു്, നിളയുടെ മാറിൽ ചുംബിച്ചു്, കൈതപ്പൂമണവും ഊററിക്കുടിച്ചു്, ആ രാത്രിയിൽ, ഞങ്ങൾ നിലാവു പുതച്ചുറങ്ങി........

പിറേറന്നന്വേഷിച്ചപ്പോഴാണു്, അതു്, പുഴയുടെ തീരത്തുള്ള * 'പള്ളകൃഷി' മോഷ്ടിക്കാൻ വരുന്നവരെ ഭയപ്പെടുത്താനുള്ള കാവൽക്കാരുടെ വിദ്യയാണെന്നറിഞ്ഞതു്,

☐

പുല്ലേപ്പറമ്പ് എന്ന പുഴയോര ഗ്രാമത്തിലെത്തുമ്പോൾ, വെയിൽ മൂക്കാൻ തുടങ്ങിയതേയുള്ളു. 'കോങ്ങാട്ടു് സ്വരൂപംവക'ക്കാരുടേതെന്നു് അവകാശപ്പെടുന്ന ആ ഗ്രാമത്തിലധികവും, താഴ്ന്ന ജാതിക്കാരെന്നു് മുദ്രകുത്തപ്പെട്ടവരായിരുന്നു താമസിച്ചിരുന്നതു്. 'ഇളേ പൊകോതി'; 'ഉച്ചു് മാരാളി'; 'മൂടാരം പെററ അമ്മ' എന്നീ മൂന്നു് കുലദൈവങ്ങളായിരുന്നു അവർക്കുണ്ടായിരുന്നതു്. 'മൂടാരം പെററ അമ്മ മാത്രമേ ഇപ്പോഴുള്ളൂ. അമ്മയുടെ ഉള്ളുണർത്തണമെങ്കിൽ അടുത്തുള്ള തോണിക്കടവിലിറങ്ങി കുളിച്ചു്, ഒഴുകുന്നവെള്ളം കുടത്തിലെടുത്തുകൊണ്ടുവന്നു്, 'അമ്മ'യെ കുളിപ്പിയ്ക്കുകയും, അമ്പലത്തിനുചുററും പശുവിൻ ചാണകം കലക്കിയ വെള്ളം തളിച്ചു് ശുദ്ധിവരുത്തുകയും ചെയ്യണം.

പുല്ലേപ്പറമ്പിലെ തലമൂത്ത കാരണവരായ ചിന്നനു്, ഗ്രാമത്തിലെ പുതിയ തലമുറയെക്കുറിച്ചു് തീരെ മതിപ്പില്ല.

''പോര...., അറിവും വെവരൊക്കെ ണ്ടെങ്കിലും ഒന്നുകൊണ്ടും പോര...., കയ്യിൽ പത്രാസു് മാത്രേ്ളളൂ.''

☐

---

* പച്ചക്കറികൃഷി.

'ചെറുതുരുത്തി'യിൽ ബസ്സിറങ്ങുമ്പോൾ വെയിൽ കത്തിക്കാളുന്നുണ്ടായിരുന്നു. വരണ്ട മണ്ണിൽ തലയുയർത്തി നില്ക്കുന്ന കൂത്തമ്പലം, കലാമ[illegible]ഞ്ഞിരിക്കുന്നു. എങ്കിലും അവിടെ, മലയാള മണ്ണിനെ, തന്നേക്കാളേറെ സ്നേഹിച്ച വള്ളത്തോളിൻെറ ഹൃദയസ്പന്ദനങ്ങളുണ്ടെന്നു തോന്നി. സമരവും, ക്രിസ്തുമസ്സു് അവധിയുംകാരണം കലാമണ്ഡലം എന്നുറക്കം എന്നതു് അനിശ്ചിതാവസ്ഥയിലാണെന്നു് കാവൽക്കാരൻ അറിയിച്ചു.

പാതയ്ക്കു് എതിർവശത്തുള്ള ചായക്കടക്കാരനിൽനിന്നും, നാലുകിലോമീററർ അകലെയുള്ള 'മണ്ണുഴിമന'യിൽ രണ്ടു് വിദേശവിദ്യാർത്ഥികൾ താമസിയ്ക്കുന്നുണ്ടെന്നറിഞ്ഞു.

ബ്രിജിററും, മൈക്കലും. പൊരിവെയിലിൽ നാലുകിലോമീററർ താണ്ടി, പൂക്കിരി കല്ലുകൾ ചിതറിക്കിടക്കുന്ന മണ്ണുഴിമനയിലെത്തിച്ചേർന്നു.

കാവിമുണ്ടും, മുഖത്തു് കട്ടിയുള്ള ലെൻസിൻെറ കണ്ണടയുംവെച്ച മൈക്കൽ ആദരവോടെ സ്വീകരിച്ചിരുത്തി. കേരളീയ ശൈലിയിൽ പൂമുഖത്തുവിരിച്ചിട്ടിരുന്ന പുല്ലുപായയിൽ ഞങ്ങൾ ചമ്രംപടിഞ്ഞിരുന്നു. ചോളിയും, സെററ്മുണ്ടും ചുററിയ ബ്രിജിററ്, ചുവന്നുതുടുത്ത ആറുമാസം പ്രായമുള്ള കുഞ്ഞിനേയും കൈകളിലേന്തി വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു.

---

*........രാത്രികാലങ്ങളിലാണു് ഒടിയനിറങ്ങുക. അതും നിലാവുള്ള രാത്രികളിൽ. മൂരിയെപ്പോലെ 'മുക്കറ'യിടുകയും, പട്ടിയേയും, പൂച്ചയേയും, കോഴിക്കുഞ്ഞുങ്ങളെപ്പോലെയുമൊക്കെ കരയുവാനും കഴിയുമത്രെ. പലതരത്തിലുള്ള വേഷംകെട്ടാനും കഴിയും. മൂരിയുടേയും പട്ടിയുടേയും വേഷത്തിലാണെങ്കിൽ വാലുണ്ടാവില്ല. ഒടിയൻെറ ശകുനം മുടക്കിയാൽ അവൻേറയും കുടുംബത്തിൻേറയും മരണം നിശ്ചയം. അതുപോലെത്തന്നെ ഉറങ്ങിക്കിടക്കുന്ന ഒരാളുടെ തലയ്ക്കുമുകളിലൂടെ ഒടിയൻ ചാടിയാലും! മണ്ണാൻ, പറയർ, പുലയർ, എന്നീ ജാതിക്കാരാണു് ഈ വിദ്യ അഭ്യസിച്ചിട്ടുള്ളവർ. ഏഴുമാസം തികഞ്ഞ ഗർഭിണികളെ കൺകെട്ടുവിദ്യയാൽ മയക്കിക്കിടത്തി, ഗർഭപാത്രത്തിൽനിന്നും കുഞ്ഞിനെ പുറത്തെടുത്തു്, പേരാലിൻ കൊമ്പിൽ തലകീഴായി കെട്ടിത്തൂക്കും, ആളിക്കത്തുന്ന തീകുണ്ഡത്തിനു് നേരെ മുകളിൽ. തീയുടെ ചൂടേററു്, കുഞ്ഞിൻെറ ശരീരത്തിൽ പൊടിഞ്ഞുണ്ടാകുന്ന വിയർപ്പുകണങ്ങൾ ഒപ്പിയെടുത്താണത്രെ 'ഒടിവിദ്യ'ക്കുള്ള മരുന്നുണ്ടാക്കുന്നതു്. അതു് ഇടതുചെവിക്കുള്ളിൽ പുരട്ടി, മനസ്സിൽ എന്തുവിചാരിച്ചാലും നടക്കും, അതുകൊണ്ടു് ഒടിയനെ അടിയ്ക്കണമെങ്കിൽ ഇടതുചെവിക്കുററിനോക്കി അടിയ്ക്കണം; അല്ലെങ്കിൽ കലക്കിയ ചാണകവെള്ളത്തിൽ കുററിച്ചൂല്മുക്കി മുഖത്തടിച്ചാലും മതി, തനിരൂപം കാണാം.*

---

*കഥകളിയിൽ മാററം അനിവാര്യമാണ്. എന്നാൽ അറിഞ്ഞുകൊണ്ടുള്ള ചുവടുപിഴയ്ക്കലാവരുത് അത്. ....കഥകളിയുടെ പുതിയ കലാരൂപമായ 'കിങ്ങ് ലിയർ' കണ്ടുകൊണ്ടിരിക്കുന്ന ആസ്വാദകർ 'വളരെ കഷ്ടം' എന്നുപറഞ്ഞ് മൂക്കത്തുവിരൽ വെച്ചുപോകും! പഴയ കലാരൂപത്തിന്റെ ഗാംഭീര്യം പുതിയവക്കു കിട്ടുന്നില്ല. യൂറോപ്പിലെ 'ഓപ്പറേ' നൃത്തം പുതിയ രീതിയിൽ അവതരിപ്പിച്ചപ്പോൾ വളരെ മോശമായി തീർന്നത് അതിനെയാണ് സൂചിപ്പിക്കുന്നത്. പുതിയ തലമുറ പഴയ സംസ്കാരങ്ങളിൽനിന്നും അകന്നുതുടങ്ങിയിരിക്കുന്നു. പക്ഷെ നമുക്കെന്തുചെയ്യാൻ കഴിയും? മൈക്കൽ ചോദിക്കുന്നു. നവദമ്പതികളോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ ബ്രിജിററ് പറഞ്ഞു. 'ഇനിയും വരണം'. തിരിച്ചുനടക്കുമ്പോൾ, കൂടിയാട്ടത്തിൽ നിന്നൊളിച്ചോടി 'കിങ്ങ് ലിയറി'ന്റെ വേഷംകെട്ടി താളംപിഴച്ചാടുന്ന കഥകളിയുടെ വിവിധ രൂപങ്ങൾ ഞങ്ങളുടെ മുൻപിൽ മിന്നിമറഞ്ഞുകൊണ്ടിരുന്നു.*

'കുടിയ്ക്കാൻ വെള്ളമോ....ചായയോ ?' അവർ, അറിയാവുന്ന മലയാളത്തിൽ ചോദിച്ചു.

'ഒന്നും വേണ്ട' ഞങ്ങൾ മറുപടി നൽകി.

കഥകളിവേഷംകെട്ടി, മാറിവരുന്ന ഫാഷൻ ഭ്രമത്തോട് ഭ്രാന്തമായ ആവേശം ഉൾക്കൊണ്ട്, 'പൂതന'യുടെ ചുവടുകൾ വെച്ചു നടക്കുന്ന 'കേരളീയ വിദേശവനിതകൾ' യഥാർത്ഥ വിദേശികളെ കണ്ടുപഠിച്ചിരുന്നെങ്കിൽ........!

....ഭാരതപ്പുഴയുടെ പൈതൃകമായ സംസ്ക്കാരത്തെക്കുറിച്ച് മൈക്കൽ ഒരുപാട് കേട്ടിട്ടുണ്ട്. കേരളത്തിന്റെ തനതായ സാംസ്കാരിക പാരമ്പര്യത്തോട് അവർക്ക് വലിയ മതിപ്പാണ്. 'വളരെ അച്ചടക്കമുള്ളവരാണ് ഇവിടുത്തെ ജനത.......'

ഒരു റിസർച്ചു വിദ്യാർത്ഥികൂടിയായ മൈക്കലിന് ഞങ്ങളുടെ സാന്നിദ്ധ്യം വളരെ സന്തോഷപ്രദമായി തോന്നി. യൂറോപ്യൻ പൈതൃകത്തിന്റെ എല്ലാ ഗുണങ്ങളും അനുഗ്രഹിച്ചയച്ച മൈക്കലിന് ഇന്ത്യയിലെ മിക്ക നൃത്തരൂപങ്ങളും ഹൃദിസ്ഥമാണ്.

....കഥകളിയെപ്പോലെ, ഇത്രയും വിഷമം പിടിച്ചതും, എന്നാൽ വളരെ മനോഹരവുമായ നൃത്തരൂപം ഇന്ത്യയിലൊരിടത്തും കാണാൻ കഴിയില്ലത്രെ. കഥകളിയിലെ 'കിങ്ങ് ലിയർ' പോലുള്ള മാററങ്ങളോട് മൈക്കലിന് അഭിപ്രായ ഭിന്നതയുണ്ട്. ഒരു തരം വിദേശഭ്രമം. അതൊരിക്കലും ഒരു കഥകളിയാവില്ല. മററെന്തെങ്കിലും അനുകരിക്കാനുള്ള ശ്രമം മാത്രം... ....

കഥകളിയിൽ മാററം അനിവാര്യമാണ്. എന്നാൽ അറിഞ്ഞുകൊണ്ടുള്ള ചുവടുപിഴയ്ക്കലാവരുത് അത്.

....കഥകളിയുടെ പുതിയ കലാരൂപമായ 'കിങ്ങ് ലിയർ' കണ്ടുകൊണ്ടിരിക്കുന്ന ആസ്വാദകർ 'വളരെ കഷ്ടം' എന്നുപറഞ്ഞ് മൂക്കത്തു വിരൽ വെച്ചുപോകുമത്രെ! പഴയകലാരൂപത്തിന്റെ ഗാംഭീര്യം പുതിയവക്കു കിട്ടുന്നില്ല. യൂറോപ്പിലെ 'ഓപ്പറേ' നൃത്തം പുതിയ രീതിയിൽ അവതരിപ്പിച്ചപ്പോൾ വളരെ മോശമായിത്തീർന്നതു് അതിനെയാണ് സൂചിപ്പിക്കുന്നത്. പുതിയ തലമുറ, പഴയ സംസ്കാരങ്ങളിൽനിന്നും അകന്നുതുടങ്ങിയിരിക്കുന്നു. പക്ഷെ നമുക്കെന്തു ചെയ്യാൻ കഴിയും ?........... മൈക്കൽ ചോദിക്കുന്നു.

നവദമ്പതികളോട് യാത്ര പറഞ്ഞിറങ്ങുമ്പോൾ ബ്രിജിററ് പറഞ്ഞു. 'ഇനിയും വരണം'.

തിരിച്ചുനടക്കുമ്പോൾ, കൂടിയാട്ടത്തിൽനിന്നൊളിച്ചോടി 'കിങ്ങ് ലിയറി'ന്റെ വേഷംകെട്ടി താളം പിഴച്ചാടുന്ന കഥകളിയുടെ വിവിധ രൂപങ്ങൾ ഞങ്ങളുടെ മുൻപിൽ മിന്നിമറഞ്ഞുകൊണ്ടിരുന്നു.

□

മണ്ണുഴി മനയിൽനിന്നും ചെറുതുരുത്തി പുഴയിലേയ്ക്കു നടക്കുമ്പോൾ വെയിൽ ചാഞ്ഞുകഴിഞ്ഞിരുന്നു. നിളയിലെ ഇളം ചൂടുവെള്ളത്തിൽ മുഖം കഴുകി, തൊട്ടടുത്തുള്ള പുൽത്തട്ടിൽക്കയറി തളർന്നിരുന്നു. 'ഇനിയെന്ത് ?' ഞങ്ങൾ പരസ്പരം നോക്കി

'നിങ്ങളെവിടെ നിന്നാണ് ?' ഒരു നനുത്ത ചോദ്യം. ഓളങ്ങളിലൂടെ ചിരിച്ചുകൊണ്ടുനില്ക്കുന്ന നിളയുടെ അവ്യക്തരൂപം.

'അങ്ങ്........ തൃശ്ശിവപേരൂരിൽ നിന്നു്' ഞങ്ങളറിയാതെ മറുപടി നല്കി.

'അവിടെ....... ?'

'മൃഗവൈദ്യത്തിനു പഠിയ്ക്കുന്നു'– ഞങ്ങൾ പറഞ്ഞു.

'എന്നിട്ടെങ്ങിനെ ഇവിടെയെത്തി........?'

'നിന്നെ തേടിവന്നതു്. നീ പറയുന്ന കഥകൾ കേൾക്കാൻ....... നിന്റെ ഓളങ്ങളുടെ ആലിംഗനസുഖമറിയാൻ.... നിന്നെ തഴുകിവരുന്ന കാററിന്റെ തലോടലറിയാൻ.... ഒടുവിൽ.... നിന്നെയറിയാൻ'

'നിങ്ങൾ പഠിയ്ക്കുന്ന കോളേജിലെ 'ആഷ്പുഷ്'' സംസ്ക്കാരത്തിൽപ്പെട്ടവർക്കു് എന്റെയീ കഥകളൊക്കെ ഇഷ്ടമാകുമോ ?'

'ആകും നിന്റെ സ്നേഹാർദ്രമായ മനസ്സ്, അതു് ഞങ്ങളവർക്കു് പകർന്നു നല്കും. നിന്റെയീ കഥകളിലൂടെ അവർ നിന്നെയറിയും, ഈ നാടിനെ അറിയും, ഈ മണ്ണിന്റെ സംസ്ക്കാരമെന്തെന്നറിയും............'

□

ചെറുതുരുത്തി പാലത്തിനു തൊട്ടു പടിഞ്ഞാറു വശത്തായി നിലകൊള്ളുന്ന വെള്ളക്കെട്ടിടത്തിനു മുൻപിലെ പടികളിലിരുന്ന്, നരച്ച താടി തടവിക്കൊണ്ടിരുന്ന കാവിവേഷധാരിയെ ഞങ്ങൾ സമീപിച്ചു. ഇദ്ദേഹത്തിന് ചിലപ്പോൾ നിളയുടെ വേദനകളുണ്ടാകാം........ സ്പന്ദനങ്ങളുണ്ടാകാം........ കഥകളുണ്ടാകാം........

—'നിങ്ങൾ ഈ നാട്ടുകാരനാണോ ?' ഞങ്ങൾ ചോദിച്ചു.

'അല്ല... .... ഞാനൊരു യാത്രക്കാരൻ മാത്രം. സ്വദേശം പാലക്കാടാണ്. ഈ പുഴയുടെ ഉത്ഭവംമുതൽ യാത്ര തുടരുന്നു.... എവിടെയെങ്കിലും ഭിക്ഷ യാചിക്കും. അന്തിയുറങ്ങാൻ ഇതിന്റെ തീരത്തുള്ള വല്ല അമ്പലങ്ങളിലും ചെന്നുപററും. പിന്നെ കുളിയ്ക്കാനും സൗകര്യം. അങ്ങിനെ ഇവിടെയെത്തി.'

—'ഈ സ്ഥലവും പുഴയും ബന്ധപ്പെട്ട എന്തെങ്കിലും കഥകൾ നിങ്ങൾക്കറിയുമോ?'

അല്പനേരം താടി തടവിയിരുന്ന ശേഷം അദ്ദേഹം പറഞ്ഞു.

'എന്നെ സംബന്ധിച്ചിടത്തോളം ....കുളിയ്ക്കാനും അന്തിയുറങ്ങാനും മാത്രമാണ് ഈ പുഴ. അല്ലാതെ ... അതിന്റെ കഥകളൊന്നും അറിയില്ല'.

ഞങ്ങൾ പാത മുറിച്ചുകടന്ന്, പാലത്തിനു കിഴക്കുവശത്തേയ്ക്കു നടന്നു. കാവിവേഷധാരിയുടെ ശിവക്ഷേത്രമായിരുന്നു ലക്ഷ്യം. വിജനമായ അമ്പലമുററം മുഴുവൻ ഉണങ്ങിയ അരയാലിലകൾ. ഇവിടെ ആരോടു ചോദിയ്ക്കാൻ?

നിളയിൽ കളിച്ചുവളർന്ന്, നിളയുടെ കഥകൾ സ്വന്തം ചെപ്പിലൊതുക്കി നാഴികകളെണ്ണിക്കഴിയുന്ന ഏതെങ്കിലും തലമൂത്തവരെ കണ്ടിരുന്നെങ്കിൽ....!

സന്ധ്യ ഇരുളാൻ തുടങ്ങിയിരിക്കുന്നു. കല്ലുപതിച്ച പാതയിലൂടെയുള്ള യാത്ര കാൽപാദങ്ങളെ വേദനിപ്പിക്കാൻ തുടങ്ങിയിരുന്നു. അവസാനം ആ നടപ്പാത നേരെ ചെന്നുകയറിയതു് പഴയ കലാമണ്ഡലത്തിന്റെ തിരുമുററത്തേയ്ക്കായിരുന്നു. അവിടെയാണ് മഹാകവി വള്ളത്തോളിന്റെ ശവകുടീരം........ വള്ളത്തോൾ അന്ത്യവിശ്രമംകൊള്ളുന്നതു് അവിടെയാണ്. അവിടുത്തെ മരങ്ങളും, മുളങ്കൂട്ടങ്ങളും മലയാള കവിതകൾ പാടി നൃത്തം ചവിട്ടുന്നു. കാററിന് ഇലത്താളത്തിന്റെ നാദം.

കണ്ണടയും ഊന്നുവടിയുമായി, എഴുപതോളം വയസ്സ് പ്രായം തോന്നിയ്ക്കുന്ന ഒരാൾ മുററത്തിനു നടുവിലുള്ള പൂന്തോട്ടത്തിനുചുററും ഉലാത്തുന്നു. അതു് വള്ളത്തോളിന്റെ മകൻ അച്ചുതക്കുറുപ്പായിരുന്നു. തൊട്ടടുത്ത സിമൻറുബഞ്ചിലായി അദ്ദേഹത്തിന്റെ ഭാര്യയും ഇരിപ്പുണ്ട്. വൈകുന്നേരങ്ങളിൽ ഇങ്ങിനെയുള്ള ഉലാത്തു് അദ്ദേഹത്തിനൊരു പതിവാണത്രെ.

ഞങ്ങളെ അടുത്തു കണ്ടിട്ടെന്നോണം അദ്ദേഹം പെട്ടെന്ന് നടത്തം നിറുത്തി. പ്രഷറിന്റെ അസുഖമുള്ളതുകൊണ്ടായിരിയ്ക്കണം നല്ല വണ്ണം കിതയ്ക്കുന്നുണ്ടായിരുന്നു. പിന്നെ കിതച്ചുകൊണ്ടുതന്നെ ചോദിച്ചു.

'ആരാ....മനസ്സിലായില്ലല്ലോ?'

'ഞങ്ങൾ വെറേറിനറി കോളേജിൽ നിന്നാണ്''

'ഉറക്കെ പറയ്യ്വാ,....കേൾവി അല്പം കുറവാണ്''

.... ഞങ്ങൾ ഉത്തരം വീണ്ടും ആവർത്തിച്ചു....

'എന്താ.... വിശേഷിച്ച്?'

ഞങ്ങൾ നിളയുടെ കഥകളെക്കുറിച്ചുചോദിച്ചു. നിളയുടെ മിത്തുകൾ.... നിളയുടെ തീരത്തെ പച്ചയായ മനുഷ്യരുടെ കഥകൾ... മൺമറഞ്ഞു കിടക്കുന്ന ചരിത്ര സത്യങ്ങൾ — ഞങ്ങൾ വിവരിച്ചു.

'മിത്തുകൾ.... അല്ലേ....?'. പിന്നെ തെല്ലിട ആലോചിച്ചുകൊണ്ട് തുടർന്നു.

'ഞാൻ അമ്പതുവർഷത്തോളമായി ഇവിടെ താമസമാക്കിയിട്ട്, പക്ഷെ നിങ്ങളുദ്ദേശിക്കുന്ന രീതിയിൽ........, നാളെ നിങ്ങൾ കലാമണ്ഡലത്തിലേക്കു വരൂ...അവിടെ, സെക്രട്ടറിയെ വിളിച്ച് നമുക്ക് ഇതിനെക്കുറിച്ച് ചർച്ചചെയ്യാം....അവർക്ക് ചിലപ്പോൾ ഇതിനെക്കുറിച്ചറിയാമായിരിക്കും.'

'ശരി ...നന്ദി'. ഞങ്ങൾ തൊഴുതുകൊണ്ട് യാത്രപറഞ്ഞു. മനസ്സുമുഴുവൻ നിരാശയായിരുന്നു. ഇനി...., ആരും പറഞ്ഞുതന്നില്ലെങ്കിൽ നിളയോടുതന്നെ ചോദിക്കാം.

പാലുറുന്ന നെൽക്കതിരുകൾക്കിടയിലൂടെയുള്ള നനഞ്ഞ പാടവരമ്പിലൂടെ നടക്കുമ്പോൾ, ശവകുടീരത്തെ തഴുകിവരുന്ന കാററിൽ സാന്ത്വനവാക്കുകളലിഞ്ഞുചേർന്നിരുന്നു. 'ക്ഷമിക്കു കുട്ടികളെ ക്ഷമിക്കൂ....' അതു് മലയാള കവിതയുടെ വളർത്തച്ഛന്റെ



'ഞങ്ങൾ മലയാളമണ്ണിനെ സ്നേഹിക്കുന്നു'.
പാരീസ് സ്വദേശികളായ മൈക്കലും, ബ്രിജിററും.



പോയകാലത്തിന്റെ വസന്തസ്വപ്നങ്ങളുമായി
ബാവുട്ടിക്ക, ഭാരതപ്പുഴയുടെ കളിത്തോഴൻ

ആത്മാവിൽ നിന്നുയർന്ന രോദനങ്ങളാതിരുന്നു....

പാടവരമ്പിലൂടെയുള്ള നടവഴിചെന്നവസാനിക്കുന്നത് ടാറ്പൂശിയ പാതയിലേക്കായിരുന്നു. വഴിയ്ക്കു കുറുകെ കെട്ടിയിട്ടുള്ള കടമ്പക്കു മുകളിലിരിക്കുന്ന വൃദ്ധനെ അകലെവെച്ചു തന്നെ ഞങ്ങൾ കണ്ടു. കയ്യിലെ നിവർത്തിപ്പിടിച്ച പത്രക്കടലാസിൽ നിന്നും അയാൾ എന്തൊക്കെയോ പെറുക്കിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അടുത്തുനിന്നിരുന്ന ചെറുപ്പക്കാരനോട് എന്തോ വിരൽ ചൂണ്ടി കാണിക്കുന്നുമുണ്ടായിരുന്നു. 'ഇദ്ദേഹമായിരിക്കും ചെറുതുരുത്തിപുഴയുടെ കളിത്തോഴൻ.' ഞങ്ങളുടെ മനസ്സ് മന്ത്രിച്ചു.

പത്രവായന നിർത്തി, നെററിചുളിച്ച് പാളിനോക്കിയ വൃദ്ധന്റെ സമീപം ചെന്ന് ഞങ്ങൾ ഉദ്ദേശം അറിയിച്ചു.

'നിങ്ങളെവിടുത്ത്യാ ?

'ഞങ്ങൾ തൃശ്ശൂരിൽനിന്നാണ് വരുന്നത്.'

'ആരാ....പത്രക്കാരാ ?

'അല്ല, കോളേജിൽ പഠിക്കുന്നവരാണ്.'

'ഏതു കോളേജിലാണ് ?' അടുത്തു നിന്ന ചെറുപ്പക്കാരൻ ചോദിച്ചു.

'സെൻറ്‌റിനറി കോളേജിൽ....

'ഓ....മണ്ണുത്തീലെ'

'അതെ.'

'ഞാനിപ്പൊ എന്ത് കഥയാ പറയ്യ്ാ....?' മുരടനക്കികൊണ്ട് വൃദ്ധൻ പിറുപിറുത്തു.

'പഴമയുള്ള ഏതെങ്കിലും കഥ... .... ആരും ഇന്നേവരെ പറഞ്ഞുകേട്ടിട്ടില്ലാത്ത കഥ. നിളയോട് ബന്ധപ്പെട്ട കഥ.'

അദ്ദേഹത്തിന്റെ നെററിയിലെ ചുളിവുകൾ മടങ്ങുകയും നിവരുകയും ചെയ്യുകൊണ്ടിരുന്നു. തലയിൽ എഴുന്ന നിൽക്കുന്ന വെള്ളിക്കമ്പികളിൽ പോക്കുവെയിലിന്റെ സ്വർണ്ണനിറം.

'ഇവടേ... പ്പെ്ാ, പറയാനായിട്ട് കണ്ടത്തുകാരീടെ കഥേയ് ഞാനിപ്പൊ നോക്കീട്ട് കാണ്ണുള്ള. എന്റൊക്കെ ചെറുപ്പത്തില് കേട്ട്ട്ടുള്ളതാ....അതു് നടന്ന സംഭവാണ്.'

ഞങ്ങളുടെ മനസ്സിൽ പനിനീരിന്റെ തണുപ്പ്.

അങ്ങിനെ, കറുത്ത് ആരോഗ്യ ദൃഢ ഗാത്രനായ 'കണ്ടത്തുകാരി' ഞങ്ങളുടെ മുൻപിൽ നെഞ്ചുവിരിച്ചു നിന്നു.

....ധീരനായ ഒരു ചെറുപ്പക്കാരനായിരുന്നു കണ്ടത്തുകാരി. അന്ന് ചെറുതുരുത്തി, ആര്യങ്കാവ് കവളപ്പാറ കൊട്ടാരക്കാർ എന്നറിയപ്പെട്ടിരുന്ന നായർവീട്ടുകാരുടെ കീഴിലായിരുന്നു. കവളപ്പാറക്കാരുടെ നീചമായ കൊടികുത്തു വാഴ്ചക്കെതിരേയും, ജന്മിത്വത്തിന്നെതിരേയും കണ്ടത്തുകാരി മാത്രം എതിർത്തുനിന്നു. കൂടെ കുറെ ചെറുപ്പക്കാരും. ഗതിമുട്ടിയ നായരുവീട്ടുകാർ വടക്കുള്ള മുസ്ലീം പട്ടാളക്കാരെ വിലക്കുവാങ്ങി ഇരുട്ടത്തിരുന്നുള്ള ഒളിയാക്രമണത്തിൽ മുസ്ലീം പട്ടാളക്കാരുടെ തലകൾ, ചെറുതുരുത്തിപ്പുഴക്കരയിൽ തെറിച്ചുവീണ ചിതറി. കിട്ടിയവർ ജീവനും കൊണ്ടോടി. കണ്ടത്തുകാരിക്ക് എന്തോ അമാനുഷിക കഴിവുണ്ടെന്നു കരുതിയ കവളപ്പാറ നായരുവീട്ടുകാർ അവിടെയുള്ള ഗ്രാമവാസികൾക്കിടയിൽ അക്രമങ്ങളഴിച്ചുവിട്ടു. കണ്ടത്തുകാരിയുടെ പേരിൽ പലരുടേയും ജീവനപഹരിക്കപ്പെട്ടു. ഇതിൽ മനം നൊന്ത കണ്ടത്തുകാരി നായർവീട്ടുകാർക്കുമുമ്പിൽ സ്വയം കീഴടങ്ങി. അങ്ങിനെ ചെറുതുരുത്തി പുഴയിലെ 'എറളക്കടവി'ൽവെച്ച് കണ്ടത്തുകാരിയുടെ തല വെട്ടി. ആ വീരന്റെ രക്തംപുരണ്ട വാൾ, തൊട്ടടുത്തുള്ള കയത്തിലിട്ടുലമ്പി. ഇപ്പോഴും ഭാരതപ്പുഴ മുഴുവൻ വററിയാലും, എറളക്കടവിലെ കയത്തിൽ എന്നും ഒരാളിനോളം വെള്ളം കാണുമത്രെ ! അദ്ദേഹത്തിന്റെ ഓർമ്മക്കുവേണ്ടി എന്നും കുംഭമാസത്തിൽ എറളക്കടവിൽവെച്ച് ഉത്സവം നടത്താറുണ്ടായിരുന്നു. എഴുന്നള്ളത്തിനുകൊണ്ടുവരുന്ന ആനയുടെ പുറത്തു് വെക്കുന്നത് കണ്ടത്തുകാരിയുടെ തിടമ്പാണത്രെ........

എന്തുകൊണ്ടോ, ചെറുതുരുത്തിയിലെ ഭൂരിഭാഗംവരുന്ന ജനതയും കണ്ടത്തുകാരിയെക്കുറിച്ച് അജ്ഞരാണ്. അന്നത്തെ പ്രഭുക്കന്മാരെക്കുറിച്ചും, നാടുവാഴികളെപ്പററിയും വാതോരാതെ കൊട്ടിഘോഷിച്ച്, ശിങ്കിടി പാടിനടന്നിരുന്ന ചരിത്രകാരൻമാർ ഇതുപോലുള്ള എത്ര ധീരരായ ചരിത്രപുരുഷൻമാരെ മന:പൂർവ്വം കൈവിട്ടുകളഞ്ഞിട്ടുണ്ടാകാം !

ശാന്തമായി ഒഴുകുന്ന ചെറുതുരുത്തി പ്പുഴയെനോക്കി ഞങ്ങൾ കുറച്ചുനേരം

നിന്നു. അപ്പോൾ നിളയിലൂടെ ഒഴുകുന്നത് വെള്ളമല്ല, ചുടുരക്തം പുരണ്ട കണ്ണീരാണെന്നു തോന്നി.

□

ഉച്ചയോടെ ഒററപ്പാലത്തെത്തിയിട്ടും, തലേന്ന് ചെറുതുരുത്തി ഏല്പിച്ച മനസ്സിലെ മുറിവ് ശമിക്കാതെതന്നെ കിടന്നിരുന്നു. ഇനി ഒററപ്പാലത്തിന്റെ നിളക്ക് പറയാനുള്ളത് ഏതുതരം കഥകളാണെന്നതിനെക്കുറിച്ച് ഞങ്ങൾ ഭയപ്പെട്ടു.

നിളയുടെ നിശ്വാസങ്ങൾ കുറെയൊക്കെ അനുഭവിച്ചറിഞ്ഞ ശ്രീ. പി.ടി. നരേന്ദ്രമേനോനായിരുന്നു ഞങ്ങളുടെ ലാക്ക്. 1989-ലെ സാഹിത്യ അക്കാദമിയുടെ അവാർഡിന്നർഹനായ അഡ്വ: നരേന്ദ്രമേനോൻ.

വേങ്ങോട് ഭഗവതിക്ഷേത്രത്തിന്റെ സമീപത്തുവെച്ചുതന്നെ നരേന്ദ്രമേനോനെ കണ്ടുമുട്ടി. കോടതിയിൽ നിന്നും നേരത്തെ വരികയായിരുന്നു അദ്ദേഹം.

'ഒരു ദിവസം മുഴുവൻ പറയാനുള്ള കഥകളുണ്ട്, നിങ്ങളൊരൊഴിവു ദിവസം വരൂ........ ഞാനതുമുഴുവൻ പറഞ്ഞുതരാം'. നരേന്ദ്രമേനോൻ യാത്ര പറഞ്ഞ് പിരിഞ്ഞു.

ഞങ്ങൾ, റെയിൽവേസ്റ്റേഷൻ റോഡുവഴി പുഴയിലേയ്ക്കു നടന്നു. ഇന്നും കഥകളെ ഒരു നിധിപോലെ സൂക്ഷിച്ച് പോയ കാലങ്ങളിലൂടെ സഞ്ചരിക്കുന്ന പ്രായം ചെന്നവരെ, നിളയുടെ തീരങ്ങളിൽ കാണാതിരിക്കില്ല. പാത, റയിൽവേസ്റ്റേഷനിലേയ്ക്ക് തിരിയുന്ന വളവിലെ, പെട്ടിക്കടയ്ക്കകത്തിരിയ്ക്കുന്ന നീണ്ട താടിയും മുടിയുമുള്ള കടക്കാരനെ ഞങ്ങൾ സമീപിച്ചു. ഒരു പക്ഷെ മേനോന് പറയാനുള്ളതിലേറെ കാര്യങ്ങൾ ഇദ്ദേഹത്തിന് അറിയുമെങ്കിലോ?

'ഞാനിവിടെ ജനിച്ചവളുന്ന ആളല്ല.... അതുകൊണ്ട് അറിയാത്ത കാര്യങ്ങളൊന്നും പറയ്ണില്ല. പിന്നെ.... ഒരു സഹായം ചെയ്യാം........

ഇടയ്ക്കു നിർത്തി, റോഡരുകിൽ 'കിസേപ്പി' കളിച്ചുകൊണ്ടിരുന്ന ഒരു കുട്ടിയെ വിളിച്ച് അവനോടായി പറഞ്ഞു.

'നീ പോയി.... റെയിലിൻറപ്പുറത്തുള്ള ബാവുട്ടിക്കയോട്.... താടിക്കാരൻ നായരു് വിളിക്ക്ണ്യൂന്ന് പറ'.

നര അരിച്ചുകയറിയ താടിയിളക്കി അദ്ദേഹം വീണ്ടും തുടർന്നു. ........ബാവുട്ടിക്ക ഇവിടെത്തന്നെയുള്ള ആളാണ്.... പോരാത്തതിന് ഒരുപാട് അനുഭവങ്ങളുമുണ്ട്. ഒരു പത്തെഴുപത്തഞ്ച് വയസ്സ് പ്രായം വരും. നിങ്ങള് നേരിട്ടുകട് പോയാൽ ചിലപ്പോൾ സംശയിച്ചേക്കും.. അതുകൊണ്ടാണ് വിളിപ്പിച്ചതു്, ഇവിടെയെല്ലാം അത്രയ്ക്ക് വിശ്വസിയ്ക്കാൻ കൊള്ളാതായിരിക്ക്ണ'.

അരയിലെ വീതി മടിക്കുത്തിനു താഴെ വീതിയുള്ള പച്ചബെൽററും, തലയിൽ, തോർത്തുകൊണ്ടൊരു വട്ടക്കെട്ടുമിട്ട ബാവുട്ടിക്ക മെല്ലെ നടന്നു വന്നു. കൂടെ വിളിയ്ക്കാൻ പോയ കുട്ടിയും. മുഖത്തുവീണ ചുളിവുകൾ പോലെതന്നെ കുററിത്താടിയ്ക്കും വാർദ്ധക്യം ബാധിച്ചിരിയ്ക്കുന്നു.

താടിക്കാരൻ നായരോട് യാത്ര പറഞ്ഞു്, ബാവുട്ടിക്കയോടൊപ്പം അടുത്തുകണ്ട ആൽമരത്തണലിലേയ്ക്ക് ഞങ്ങൾ നടന്നു. അതിനടുത്തുതന്നെ ഇടിഞ്ഞുപൊളിഞ്ഞ ഒരു കമ്പനിയുടെ അവശിഷ്ടങ്ങളുമുണ്ടായിരുന്നു. അവിടെനിന്നു നോക്കിയാൽ, റയിൽവേപാളങ്ങൾക്കപ്പുറത്തുള്ള ഓടിട്ട വീടുകൾക്കു താഴെ നെൽപ്പാടങ്ങളോട് ചേർന്ന്, വെയിലിൽ പഴുത്ത നിളയൊഴുകുന്നതു കാണാം.

പൊളിഞ്ഞുകിടക്കുന്ന കമ്പനിയെ ചൂണ്ടി ബാവുട്ടിക്ക പറഞ്ഞുതുടങ്ങി. 'ദേശമംഗലം കാഞ്ഞൂരു് മനയുടെ ഒരു ശാഖ വന്ന്ട്ടാണ് കമ്പനി തൊടങ്ങിയത്. അന്ന് നെല്ല് ജാസ്തിയുള്ള കാലമാണല്ലോ?........ പണത്തിന് വെല കൊറവും. പാലക്കാട്ടൊരു പട്ടരുണ്ടായിരുന്നു. മണിയൻ. അയാൾ പണം ധാരാളുള്ളാളും, അയാൾടേയിന്നും കുറച്ച് കാശു കടം വാങ്ങി കമ്പനി തുടങ്ങി. പഴേ കാലല്ലേ?........ അന്ന് ഓട്ടിനൊന്നും വല്യ ക്രാക്കില്ലല്ലോ?........ തുച്ഛം വെലെല്ലേ്ള്ള. അവിടുന്നങ്ങനെ കടം വന്നു. അതു് ഇപ്പളും കേസിലാ... ഏതു്?........ ഈ കമ്പനി. ഇപ്പളതു് കട്ട്യാവൂന്റെ കയ്യിലാ........ലക്കിടിക്കാരൻ.'

—'മുമ്പ്........ഈ പുഴയില് വെള്ളം ധാരാളം ഉണ്ടായിരുന്നോ?'

'പിന്ന്ല്ലേ?.... ഈ റയിലൊക്കെ തള്ളിപ്പോയിരുന്നു ആ വെള്ളത്തില്'

—ഈ സ്ഥലമൊക്കെ വെള്ളം മൂടിയിരുന്നോ?!'

**ധീരനായ ഒരു ചെറുപ്പക്കാരനായിരുന്നു കണ്ടത്തുകാരി. അന്ന് ചെറുതുരുത്തി, ആര്യങ്കാവ് കവളപ്പാറ കൊട്ടാരക്കാർ എന്നറിയപ്പെട്ടിരുന്ന നായർവീട്ടുകാരുടെ കീഴിലായിരുന്നു. കവളപ്പാറക്കാരുടെ നീചമായ കൊടികുത്തുവാഴ്ച്ചക്കെതിരേയും, ജന്മിത്വത്തിന്നെതിരേയും കണ്ടത്തുകാരി മാത്രം എതിർത്തുനിന്നു. കൂടെ കുറെ ചെറുപ്പക്കാരും. ഗതിമുട്ടിയ നായർവീട്ടുകാർ വടക്കുള്ള മുസ്ലീം പട്ടാളക്കാരെ വിലക്കുവാങ്ങി. ഇരുട്ടത്തിരുന്നുള്ള ഒളിയാക്രമണത്തിൽ മുസ്ലീം പട്ടാളക്കാരുടെ തലകൾ, ചെറുതുരുത്തിപ്പുഴക്കരയിൽ തെറിച്ചുവീണു ചിതറി. കിട്ടിയവർ ജീവനും കൊണ്ടോടി. കണ്ടത്തുകാരിക്ക് എന്തോ അമാനുഷിക കഴിവുണ്ടെന്നു കരുതി, കവളപ്പാറ നായരുവീട്ടുകാർ.**



ആലിൻേറയും ആനയുടേയും നടുവിൽ തകന്നടിഞ്ഞ ഓട്ടുകമ്പനിയുടെ അവശിഷ്ടങ്ങൾ....... മരിക്കാൻ മടിക്കുന്ന പഴയകാല ചരിത്രങ്ങൾ

'ആ... ഇബ്ടെ....ബെള്ളം..... ഈ റയ്ല്മ്മെക്കൂടാ പോയിരുന്നതേയ്, കൊടുകാറെറാക്കെണ്ട്ായി, രണ്ടുപ്രാവശ്യം വന്ന്ട്ട്ണ്ട്. ആദ്യത്തൊരു വെള്ളപ്പൊക്കം. അന്ന്നിക്ക് ആറു വയസ്സ് പ്രായ്യാ. അതത്ര രൂപൊല്ല. രണ്ടാമത്തേതില് ഇനിക്ക് നല്ല വിവരൊണ്ട്. ഈ * അനങ്ങമലപൊട്ടിയൊലിച്ച്ട്ട്. അത്ല് കൊറെ ആൾക്കാരൊക്കെ നഷ്ടം വന്ന്. ഈ വീടൊക്കെ പുതീതാ...., ഒരിരുപത്തഞ്ച്.... മുപ്പത് കൊല്ലത്ത്ന്ന്ക്ട്ട് കേറീതാ ഇതൊക്കെ.'

—'ഇവിടുത്തെ കടവിനെ എന്താണ് പറയുക?'

** 'തോണിക്കടവ്, മഴക്കാലത്ത് തോണീണ്ട്. ഈ തോണി കൊല്ലത്തില് ലേലാ........,അതുപോലെ ഇബ്ട്ന്ന് മണലും എട്ക്ക്ണ്ണ്ട്. അതും ലേലാ........, ആര്ാ വിളിച്ച്ച്ചാ.... അവര്ക്ക് കിട്ടും.'

—'പുഴയലിപ്പോൾ വെള്ളം കുറവാണല്ലോ?'

'ബെള്ളം സാധാരണ... വേനക്കാലത്തൊക്കെ ബെള്ളം വററും. മഴക്കാലത്തേ ബെള്ളണ്ടാവൊള്ളൂ. ഓരോ കുണ്ടും, കുയ്യോംണ്ടെങ്കില് അവ്ടെ ബെള്ളം നിക്കും'........

ഞങ്ങളെ നോക്കി ചെറുപുഞ്ചിരിയോടെ വീണ്ടും പറഞ്ഞു.

....ഇതൊക്ക്യാണ് ഇബ്ട്ത്തെ പൊഴേൻെറ ചരിത്രം. ഇപ്പോ........ ഇബ്ട്ത്തെ * സൾപ്പീററും, * പൊട്ടാഷും ഇട്ട അരിതിന്ന് ജീവിക്കാൻ പററാണ്ടായി, കുട്ട്യോളെ........'

തൻെറ ഇത്രയും കാലത്തെ അറിവിനെ ബാവുട്ടിക്ക ഒററ വീർപ്പിന് പറഞ്ഞു തീർത്തു. ടേപ്പ് റിക്കോർഡർ ഓഫ് ചെയ്തു, ബാവുട്ടിക്കയോട് നന്ദിപറഞ്ഞ്, 'സൾപ്പീററിട്ട' നെൽവരമ്പിലൂടെ നടന്ന് തോണിക്കടവിലേക്കിറങ്ങി. മണലെടുത്ത് വികൃതമാക്കപ്പെട്ട കടവിനെ ്രചേങ്ങാൽ കൂട്ടം ആക്രമിച്ചു കീഴടക്കിയിരിക്കുന്നു. കടവിനടുത്തായി കയറിൽ തളക്കപ്പെട്ട തോണി. കൂടെ നോക്കുകുത്തിപോലെ തുഴക്കോലും. പുഴയിലെ മുട്ടിനൊപ്പമുള്ള വെള്ളത്തിലിറങ്ങി ആളുകൾ അക്കരയ്ക്കും, ഇക്കരയ്ക്കും പോകുന്നുണ്ടായിരുന്നു.

പ്ലാച്ചുൽ കടവിന്നക്കരെ 'മായന്നൂരാ'ണ്. വീതിയുള്ള ടാറിട്ട നിരത്ത് പുഴയിലേക്കിറങ്ങിക്കിടക്കുന്നു. തൃശ്ശൂരിൽനിന്നും മായന്നൂരിലേക്ക് നേരിട്ട് ബസ്സ് സർവ്വീസുണ്ട്. പിന്നെ പുഴ കടന്നാൽ ഇക്കരെ ഒററപ്പാലത്തെത്താം.

എന്തുകൊണ്ടോ 'നിള' എന്നപേര് ഇവിടുത്തെ തീരവാസികൾക്ക് അപരിചിതമാണ്. അവരെ സംബന്ധിച്ചിടത്തോളം ഇത് ഭാരതപ്പുഴമാത്രം. * 'തിരുവില്ല്വാ മല' മുതൽ 'തിരുനാവായ' വരെയുള്ള സ്ഥലത്തിനെ 'ഭാരതഖണ്ഡം' എന്നു വിളിക്കുന്നു. ഇതിൽപെടുന്ന പുഴയുടെ ഭാഗത്തിനെ ഭാരതപ്പുഴയെന്നാണ് പറയാറ്.

ഇരുള് വീഴുന്നതോടെ പുഴക്കരുകിലെ ചെങ്ങോൽക്കൂട്ടം, മദ്യവില്പനക്കാരുടേയും, മാംസം വില്ക്കുന്നവരുടേയും ചേക്കേററക്കൂടിയായിത്തീരുന്നു. എല്ലാം അറിഞ്ഞിട്ടും അചഞ്ചലയായി 'നിള'യൊഴുകുന്നു. അല്ലെങ്കിൽ.... ആരുമറിയാതെ നിള തേങ്ങുകയായിരിക്കാം.

☐

ഇരുട്ടുന്നതിനുമുമ്പുതന്നെ ഞങ്ങൾ പട്ടാമ്പിയിലെത്തി. പുഴ മുറിച്ചു കെട്ടിയ പട്ടാമ്പി പാലത്തിലൂടെയുള്ള പാത കടന്നുപോകുന്നത് കുററിപ്പുറംവഴി പൊന്നാനിയിലേക്കാണ്. പാലത്തിനു കിഴക്കുമാറി, ഇരുകരകളിലായി മുഖത്തോടുമുഖംനോക്കി പുഞ്ചിരിക്കുന്ന ഒരമ്പലവും പള്ളിയും.

'പത്തുംകൂടിച്ചേരുന്ന പുഴയായതോണ്ട് ഇതിനെ 'പട്ടാമ്പി പൊഴേ'ന്നാ പറയ്ക.' മറയാൻ വെമ്പുന്ന മഞ്ഞവെളിച്ചത്തേയും നോക്കി, പാലത്തിൻെറ ഒരു കോണിൽ വിശ്രമിയ്ക്കുന്ന ഒരു മദ്ധ്യവയസ്ക്കൻ പറഞ്ഞു.

പട്ടാമ്പിപ്പുഴയിൽനിന്നും വിടവാങ്ങുമ്പോൾ, പെറുക്കിയെടുത്ത് ഉള്ളിലൊതുക്കാൻ ഒരു മിത്തുപോലും കിട്ടിയില്ല. അതിനുവേണ്ടി നേരംകള

---

* ഒററപ്പാലത്തിൻെറ വടക്കു കിഴക്കായാണ് 'അനങ്ങമല' സ്ഥിതിചെയ്യുന്നത്.

** തോണിക്കടവിനെ 'പ്ലായ്ക്കൽ' കടവെന്നും പറയും. കാരണം പ്ലാവായിരുന്നത്രെ ഈ കടവിനടുത്തുള്ള പ്രധാന വൃക്ഷം.

* സൾഫേററ്, * പൊട്ടാഷ്.

* ഒററപ്പാലത്തുനിന്നും 4 കി. മീ കിഴക്കുമാറിയാണ് തിരുവില്ല്വാമല.

യാൻ മനസ്സനുവദിച്ചില്ല. ഞങ്ങളുടെ തലയ്ക്കുള്ളിൽ നിറഞ്ഞുനിന്നതു് തിരുനാവായ മണൽപ്പുറത്തെ, ചോരയൊലിയ്ക്കുന്ന വാൾത്തലപ്പുകൾ പറഞ്ഞുതരാൻ പോകുന്ന മാമാങ്കത്തിൻെറ ചരിത്രമായിരുന്നു.

□

'കുററിപ്പുറ'ത്തെത്തുമ്പോൾ ജീപ്പുകളുടെ നൈററ്സർവ്വീസ്പോലും നിലച്ചിരുന്നു. അന്നുതന്നെ തവനൂർ KCAET കാമ്പസിനകത്തുള്ള വെറേറിനറി ഹോസ്പിററലിലെ ഡോ: ഗിരീഷ്വർമ്മയുടെ ക്വാർട്ടേഴ്സിലെത്തുക എന്ന വിചാരം, ഞങ്ങളെപ്പോലെത്തന്നെ ഗതിമുട്ടിനിന്നു. ഒടുവിൽ, കുററിപ്പുറം റയിൽവേസ്റ്റേഷനു സമീപത്തുള്ള ഇരുനില ലോഡ്ജിൽ ഒരു മാളം കണ്ടെത്തി. അന്നത്തെ രാത്രി കുററിപ്പുറം കൊതുകുകളുടെ അതിഥികളായി ഉറക്കമൊഴിച്ചുകിടന്നു.

□

കിഴക്ക്, വെള്ളിവര പൊട്ടുന്നതും നോക്കി, ഞങ്ങൾ തവനൂരിലേയ്ക്ക് പുറപ്പെട്ടു. KAU വിൻെറ മറെറാരു ശാഖയായ KCAET യുടെ അതിർവരമ്പ് കടക്കവെ ഉള്ളിൽ കുളിർകാററു വീശി. ചരിത്രങ്ങളുറങ്ങുന്ന ഈ മണ്ണിൽ, യാഥാർത്ഥ്യങ്ങളുടെ ആണിവേരുകൾ ഇന്നും ചിതലരിക്കാതെ കിടക്കുന്നുണ്ടാകും.

ക്വാർട്ടേഴ്സിൽ വെച്ചുതന്നെ ഡോ: ഗിരീഷ് വർമ്മയെ കണ്ടു. കൂടെ സുഹൃത്തായ ഡോ: അരവിന്ദാക്ഷനും. ഗിരീഷ് വർമ്മയുമൊന്നിച്ച് ഞങ്ങൾ തവനൂർ മണ്ണിലൂടെ നടന്നു. ഒടുവിൽ, തവനൂർ നിവാസികൾ ഞങ്ങളെ കൊണ്ടെത്തിച്ചതു് രണ്ടുകിലോമീററർ അകലെയുള്ള വാസുദേവൻ നമ്പൂതിരിയുടെ ഇല്ലത്തിനുമുമ്പിലായിരുന്നു.

ഇളവെയിൽത്തട്ടിക്കിടക്കുന്ന വള്ളോൽ, കാലിന്നടിയിൽ ഞെരിഞ്ഞമരുന്ന ശബ്ദംകേട്ടായിരിക്കണം, പാതിയടച്ച വാതിൽ തുറന്നു് ഒരു കൊച്ചു സുന്ദരി പുറത്തേയ്ക്കു വന്നു.

'വാസുദേവൻ നമ്പൂതിരിയുണ്ടോ?' ഞങ്ങൾ തിരക്കി.

'ഉം..... ...' നീട്ടിമൂളിക്കൊണ്ട് അവൾ അകത്തേയ്ക്കോടി.

തോളിൽ രണ്ടാമുണ്ടിട്ട്, അർദ്ധനഗ്നനായ വാസുദേവൻ നമ്പൂതിരി പുറത്തേയ്ക്കു വന്നു. തലമുടിയ്ക്കു നരകയറിയിട്ടും, നടപ്പിലും വാക്കിലും നല്ല ചുറുചുറുക്ക്.

'കേറീരിക്ക്യാ... ....'

അകത്തുകയറി, നീണ്ട കൈത്താങ്ങിയുള്ള മരക്കസേരകളിലിരുന്നു. തവനൂരിനെക്കുറിച്ചും, അവിടെ പിതൃക്കൾക്കു് ആത്മശാന്തി കിട്ടാൻ എത്തുന്നവരുടെ തിരക്കിനെക്കുറിച്ചും, മാമാങ്കത്തെക്കുറിച്ചുമൊക്കെയുള്ള നിരവധി കാര്യങ്ങൾ ഞങ്ങൾക്കറിയണമായിരുന്നു.

—'എന്തുകൊണ്ടാണ് തവനൂരിനടുത്തുള്ള ഈ തിരുനാവായ പുഴയിൽ പിതൃബലിയിടാൻ ഇത്രയും തിരക്കുണ്ടാവാൻ കാരണം?'

'ഈ പുഴയ്ക്ക് തെക്കൻ കാശീന്ന്ാണ് പറയ്യ്ാ. വടക്കൻ കാശി പോലെ അത്രന്നെ പ്രാധാന്യമുള്ള ഒന്നാണ് ഇതും. അത്ര പുണ്യ്യാണെന്നർത്ഥം. പഴേകാലത്തു് വളരെ ദൂരത്തുള്ള ശവങ്ങളൊക്കെ ഇവിട്യാണ് ദഹിപ്പിയ്ക്ക പതിവ്. പിന്നീട് ബ്രിട്ടീഷ് ഗവർമെൻറ് വന്ന ശേഷാണ് നിരോധിച്ചതു്. കേളപ്പൻ മരിയ്ക്കുന്നതിൻെറ തലേന്ന്, കോഴിക്കോട്ട് ആശുപത്രിയിൽവെച്ച് ആവശ്യപ്പെട്ടത് ഇങ്ങനെയാണ്— 'ഞാൻ മരിച്ചാൽ, എൻെറ ശവം തിരുനാവായ ഭാരതപ്പുഴയിൽ ഇറക്കി ദഹിപ്പിക്കണം.' *കിഴക്ക് ബ്രഹ്മാവ്, *പടിഞ്ഞാറ് ശിവൻ, വടക്ക് വിഷ്ണു. ഈ മൂന്നു് ത്രിമൂർത്തികളുടെ ഇടയിലൂടെയാണ് ഭാരതപ്പുഴ ഒഴുകുന്നതു്.

—'കേളപ്പജിയുമായി നല്ല സൗഹൃദ് ബന്ധത്തിലായിരുന്നോ?'

'ഞാൻ........ എൻെറ രാജ്യം........ ഈ തവനൂരു്.... എൻെറ ഒരു കുടുംബത്തേക്കാളേറെ സ്നേഹിച്ചിരുന്നു. കേളപ്പജിയെ ഞാനിവിടെ പിടിച്ചിരുത്തി. അല്ലെങ്കിൽ ഒരു സ്കൂളുവരെ ഇവിടെ ഉണ്ടാകില്ലായിരുന്നു. ഇപ്പോൾ നഴ്സറിസ്ക്കൂൾ മുതൽ **എഞ്ചിനീയറിങ്ങ് കോളേജ് വരെ ഇവിടെയുണ്ട്. പിന്നീട് ഒരാസ്പത്രികൂടി ഇവിടെ സ്ഥാപിച്ചു.'

—'എന്നിട്ട് അദ്ദേഹത്തിൻെറ ജഡം തിരുനാവായപ്പുഴയിൽ ഇറക്കി ദഹിപ്പിച്ചോ?'

---

*ഈ രണ്ടു ക്ഷേത്രങ്ങളും തിരുനാവായ ഭാരതപ്പുഴയുടെ തെക്കേ കരയിലാണ്.

**K. C. A. E. T.

---

'ഈ പുഴയ്ക്ക് തെക്കൻ കാശീന്ന്ാണ് പറയ്യ്ാ. വടക്കൻ കാശിപോലെ അത്രന്നെ പ്രാധാന്യമുള്ള ഒന്നാണ് ഇതും. അത്ര പുണ്യ്യാണെന്നർത്ഥം. പഴേകാലത്ത് വളരെ ദൂരത്തുള്ള ശവങ്ങളൊക്കെ ഇവിട്യാണ് ദഹിപ്പിയ്ക്ക പതിവ്. പിന്നീട് ബ്രിട്ടീഷ് ഗവർമെൻറ് വന്ന ശേഷാണ് നിരോധിച്ചത്. കേളപ്പൻ മരിയ്ക്കുന്നതിൻെറ തലേന്ന്, കോഴിക്കോട് ആശുപത്രിയിൽവെച്ച് ആവശ്യപ്പെട്ടത് ഇങ്ങനെയാണ്—'ഞാൻ മരിച്ചാൽ, എൻെറ ശവം തിരുനാവായ ഭാരതപ്പുഴയിൽ ഇറക്കി ദഹിപ്പിക്കണം.' കിഴക്ക് ബ്രഹ്മാവ്, പടിഞ്ഞാറ് ശിവൻ, വടക്ക് വിഷ്ണു. ഈ മൂന്ന് ത്രിമൂർത്തികളുടെ ഇടയിലൂടെയാണ് ഭാരതപ്പുഴ ഒഴുകുന്നത്.

ത്തിന്റെ പ്രശ്നമായിത്തീർന്നു. അങ്ങിനെ കുട്ടികളില്ലാതായി........... അങ്ങിനെ അതൊക്കെ വെറുതെ പോയി.'

—'ഇപ്പോഴും അതു് മാനേജ്മെൻറിന്റെ കീഴിലാണോ?'

'അന്നു് അതിന്റെ മാനേജർ ഞാനായിരുന്നു. സ്കൂൾ ഏല്പിച്ച സമയത്തു് അദ്ദേഹം പറഞ്ഞിരുന്നതെന്തെന്നെച്ചാൽ 'വല്ല സംഗതിവശാൽ ഈ സ്കൂൾ നടത്താൻ സാധിയ്ക്കാത്ത പക്ഷം, ഗവർമെൻറിനെ ഏല്പിക്കരുതു്. N. S. S. പോലുള്ള മറേറതെങ്കിലും സ്ഥാപനങ്ങൾക്കു് വിട്ടുകൊടുക്കണം. പ്രതിഫലം വാങ്ങരുതു്. പിന്നെ സ്വകാര്യവ്യക്തികൾക്കും കൊടുക്കരുതു്' എന്നാണ്. അതായതു് കച്ചോടാക്കരുതു്. പിന്നീടു് അദ്ദേഹം മരിച്ചതിന്റെ അനുശോചനയോഗത്തിൽവെച്ചു്, ഭൂരിഭാഗം വരുന്ന അദ്ധ്യാപകരും ഇതു് ഗവർമെൻറിനു് വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടു. ഞാനതിനെ എതിർത്തു. പതിമൂന്നു കൊല്ലത്തോളം ഞാൻ പിടിച്ചുനിന്നു. എങ്കിലും നിരന്തര സമ്മർദ്ദം കാരണം വിട്ടുകൊടുക്കേണ്ടിവന്നു. ഇപ്പോൾ സ്കൂളിനു് ഏതാണ്ടു് മുപ്പായിരത്തോളം ഉറുപ്പിക എലക്ട്രിസിററി കടമുണ്ടു്.'

—'ഭാരതഖണ്ഡം എന്നുവിളിയ്ക്കുന്നതു് പുഴയുടെ ഏതു ഭാഗത്തെയാണ്?.'

''തിരുവില്വാമലമുതൽ ചമ്രവട്ടം' വരെയുള്ള സ്ഥലമാണതു്. തിരുവില്വാമല അമ്പലത്തിനു താഴെ പാണ്ഡവൻമാരുടെ പ്രതിഷ്ഠയുണ്ടു്. *'അയ്വര്മഠ'മെന്നാണു് പറയാറു്. അവിടെ ഏകാദശികഴിഞ്ഞു് ദ്വാദശിയോടെ ഗംഭീര സദ്യയുണ്ടു്. അമ്പതു് പറ അരിവെച്ചു് എല്ലാവർക്കും സദ്യകൊടുക്കും. ഈ തിരുനാവായുടെ അക്കരെയാണു് **'ഓത്തരുമഠം'. ആദ്യം ഓലപ്പുരയായിരുന്നു. അതു് തീ കത്തിയപ്പോൾ, ഒരു കോവിലകം അങ്ങിനെ പൊളിച്ചുകൊണ്ടുവന്നു് പണിയിപ്പാണത്രെ ഉണ്ടായതു്.'

* അയ്വര് = അഞ്ചു്.

** വേദം പഠിപ്പിക്കുന്ന സ്ഥലം.



തവനൂരിനെ തന്നെക്കാളേറെ സ്നേഹിച്ച തവനൂരില്ലത്തെ വാസുദേവൻ നമ്പൂതിരി

'കേളപ്പജിയെപ്പോലുള്ള ഒരാളുടെ ശവസംസ്ക്കാരം രഹസ്യമായി നടത്താൻ ബുദ്ധിമുട്ടായിരുന്നു. ജീവവിരുദ്ധം. അതിനാൽ അന്നത്തെ മലപ്പുറം കലക്ടറെ സമീപിച്ചു. 'കേളപ്പജിയായതിനാൽ പാടില്ല്യാന്നു് വിലക്കാൻ ഞങ്ങൾക്കു് ധൈര്യല്ല്യാ' എന്നു് സമ്മതം നല്കി.'

—'കേളപ്പജി എവിടെയായിരുന്നു താമസിച്ചതു്?'

'കേളപ്പജി ആദ്യമായി പുഴയുടെ തീരത്തു് താമസമാക്കിയതു് 'ശാന്തികുടീര'ത്തിലാണ്. പിന്നീടതൊരു സ്കൂളാക്കി. ഇപ്പോൾ ശാന്തികുടീരം ഒരു നെയ്ത്തുശാലയാണ്'

—'അദ്ദേഹം പുഴയുടെ തീരം തന്നെ തിരഞ്ഞെടുക്കാൻ എന്താണു് കാരണം.?'

'ഭാരതപ്പുഴയുടെ തീരത്തു് സ്ഥലം കിട്ടണമെന്നും, എന്നാൽ ഞാൻ അവിടെ വന്നു് താമസിയ്ക്കാം എന്നാണ് കേളപ്പൻ പറഞ്ഞതു്. ഭാരതപ്പുഴയോടുള്ള ബഹുമാനംകൊണ്ടാണെന്നു തോന്നുന്നു. അന്നു്, പൊഴവക്കത്തു് സ്ഥലം കൊടുക്കാൻ തയ്യാറായതു് ഞാൻ മാത്രമായിരുന്നു. ഒരേക്കർ സ്ഥലം ഞാനദ്ദേഹത്തിനു വെറുതെ കൊടുത്തു. അവിടെയാണു് നെടുമ്പുര വെച്ചുകെട്ടിയതു്.'

—'അതാണോ ശാന്തികുടീരം.?'

'അതെ. അതിനു് ശാന്തികുടീരമെന്നദ്ദേഹം പേരിട്ടു. പിന്നീടതു് ഷെഡ്ഡാക്കി മാററി ഒരു സ്കൂളാക്കി. പോസ്റ്റു് 'ബേസിക്കു്' സ്കൂൾ. അവിടെ കൃഷി, നെയ്ത്തു്, സംഗീതം ഇങ്ങിനെയൊക്കെ ഉണ്ടായിരുന്നു, അന്നു്. അതിനുശേഷം 'കേളപ്പൻ മെമ്മോറിയൽ പോസ്റ്റു് ബേസിക്കു്' സ്കൂളാക്കി.

ഇപ്പോൾ നെയ്ത്തുമാഷുണ്ടു്, പക്ഷെ നെയ്ത്തില്ല.

നൂൽനൂൽക്കാൻ സൗകര്യണ്ടു്, നൂൽക്കാനാളില്ല.

സംഗീത ടീച്ചറുണ്ടു്, പഠിയ്ക്കാനാളില്ല.

പോസ്ററൊക്കെയുണ്ടു്, പക്ഷെ ആളില്ല.'

—'ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായംപോലെ അല്ലേ?'.

'അതെ, അതാണു ശരി. വിദ്യാർത്ഥികൾ അന്നൊക്കെ പാടത്തുപോയി കൈക്കോട്ടുകളയ്ക്കണം, കന്നുപൂട്ടണം. പെൺകുട്ടികൾ നടണം. ഒന്നേമുക്കാൽ ഏക്കറ സ്ഥലം കൃഷിയ്ക്കുവേണ്ടി ഉപയോഗിച്ചിരുന്നു. പിന്നീടു് കുട്ടികളെ കൊയ്യാനും, നടാനുമൊന്നും മാതാപിതാക്കൾ അയയ്ക്കുണ്ടായില്ല്യ. അതവരുടെ അഭിമാന

—'ഇവിടത്തെ ചരിത്രപ്രസിദ്ധമായ 'മാമാങ്ക'ത്തിന്റെ യഥാർത്ഥ ചരിത്രമെന്താണ്?'

'പന്ത്രണ്ടുകൊല്ലം കൂടുമ്പോഴാണ് മാമാങ്കം നടക്കാറ്. രാജാക്കൻമാർ തമ്മിലുള്ള മത്സരമാണ്. ശക്തി ആർക്കാണെന്നു തെളിയിക്കാൻ ഒരു പരീക്ഷണം. കോട്ടയം രാജാവ്, സാമൂതിരി രാജാവ്, വള്ളുവനാട് രാജാവ്, ചിറയ്ക്കൽ രാജാവ്, കൊച്ചി രാജാവ് മുതലായവരാണ് ഇവിടെ ഒത്തുകൂടുക പതിവ്. ജയിച്ച രാജാവിനെ എല്ലാവരും കാൺകെ ബഹുമാനിച്ചിരുത്തുന്നു. ചാവുന്ന ആളുകളേയൊക്കെ ഒരു 'മണി കിണറി'ലിടുന്നു. അതിനുള്ളിൽ മററു രണ്ട് ചെറിയ കിണറുകളുള്ളതാണതിന്റെ പ്രത്യേകത. ആ കിണറ് ഇപ്പോളുള്ളത് ഒരു ഓട്ടുകമ്പനി വളപ്പിനകത്താണ്. ഈ.... ഓട്ടുകമ്പനി, ആദ്യം തുടങ്ങീത് ജർമ്മൻകാരാണ്. പിന്നെ ബ്രിട്ടീഷ്കാരു് ഏറെറടുത്തു. അവർ പിന്നീട് അത് ലേലത്തിൽ വിററു. കോയമ്പത്തൂരുകാരൻ ചെട്ടിയാരും, പാലക്കാട്ടുകാരൻ മേനോനും കൂടിയാണ് ലേലത്തിലെടുത്തത്, 'മണി കിണറിലെ ശവങ്ങൾ ദഹിച്ചുപോകാനായി എന്തോ ഒരു വെഷം ഒഴിക്കയാണ് പതിവ്. മണ്ണിട്ട് മൂടാറില്ല. ഈ അടുത്ത കാലത്ത് മണി കിണറ് വൃത്തിയാക്കിയപ്പോൾ അനവധി അസ്ഥികൾ കിട്ടിയെന്നാണറിവ്.'

—'ഇതു കൂടാതെ ചരിത്രപരമായ മററു വല്ല കഥകളും ഉണ്ടോ?'

'തിരുനാവായ.... നവമുകുന്ദാ അമ്പലത്തിന്റെ തെക്കേ മൂലയിൽ, മതിലകത്ത് 'പഴക്കാമണ്ഡപം' എന്നൊരു മണ്ഡപമുണ്ട്. 'തിരുനാവായ പഴക്കാമണ്ഡപം അകത്തോ, പുറത്തോ' എന്നുള്ള സംശയം ഇന്നും തീർന്നിട്ടില്ല. അമ്പലത്തിനകത്തു കടന്നുനോക്കിയാൽ അകത്താണെന്നു തോന്നും, പുറത്തുകടന്നു നോക്കിയാൽ പുറത്താണെന്നു തോന്നും. അതിന്റെ രണ്ടാം നിലയുടെ മുകളിൽ പടിഞ്ഞാറോട്ടുനോക്കി ഒരു കട്ടിലയുണ്ട്. മാമാങ്കം തുടങ്ങിയാൽ നവമുകുന്ദനെ എഴുന്നള്ളിച്ച് ഇതിനുമുകളിൽ കൊണ്ടുവരും. എല്ലാവർക്കും കാണാൻ?'

—'പഴക്കാമണ്ഡപംപോലെ വേറെ എന്തെങ്കിലും അവിടെ ഉണ്ടോ?'

'ഈ നവമുകുന്ദാ അമ്പലത്തിന്റെ കിഴക്കേനടയിൽ, ഒരരയാലുണ്ടായിരുന്നു. ഇരുപത്തഞ്ച് വർഷം മുമ്പ്. ഇപ്പോഴില്ല. 'തിരുനാവായ കിഴക്കേ നടയിലെ അരയാലിന്റെ ഇല അകോം, പൊറോം അറിയില്ല.' രണ്ടു വശവും ഒരേപോലെ. പിന്നെ....ആ ....ആൽത്തറയുടെ മുകളിൽ വടക്കോട്ടുനോക്കി ഒരു കൽവിളക്കുണ്ട്. എത്ര കഠിനമായ കാററു വീശിയാലും, കഠിനമായ മഴപെയ്താലും കൊളുത്തിയ വിളക്ക് കെടില്ലത്രെ! രണ്ടു നാഴിക അകലെ 'കുറപ്പൂരെ'ന്നു പറയുന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ഒരു 'മറക്കല്ലിന്റെ' മറയാണിതിനു കാരണം'

—'ആരാണ് ആ കല്ല് സ്ഥാപിച്ചത്?'

'നാരാണത്തുഭ്രാന്തനാണത്രെ ആ കല്ല് സ്ഥാപിച്ചത്........ ഇതു് കേട്ടുകേൾവിയല്ല, കണ്ടനുഭവമാണ്''.

.... കേളപ്പജിയുമായുള്ള കൂട്ടുകെട്ടിൽ ഇല്ലക്കാരും, ഭൂരിഭാഗം വരുന്ന നാട്ടുകാരും അന്ന്, ഈ മാന്യദേഹത്തെ എതിർത്തിരുന്നു. തവനൂരിനെ ജീവനുതുല്യം സ്നേഹിച്ച ആ മനുഷ്യസ്നേഹിയ്ക്കു്, ഇത്തിരി സ്ഥലം നല്കിയതായിരുന്നു കാരണം... ....

ഉള്ളുനിറയെ സന്തോഷവുമായി ഞങ്ങൾ മുററത്തേക്കിറങ്ങാൻ തുടങ്ങവേ നമ്പൂതിരി പറഞ്ഞു.

'ഒരു മൂന്നര കിലോ മീററർ അപ്പുറത്തായി 'കാശ്ശേരി കുന്നു'ണ്ടു്. പാടത്തിനു നടുവിലാണ് ഈ കുന്ന്,........ പുഴയുടെ തീരത്ത്. ഹരിജനങ്ങളുടെ കഷ്ടപ്പാടു കണ്ട്, അവർക്കു് താമസിയ്ക്കാൻ കാക്കശ്ശേരി ഭട്ടതിരി ഉണ്ടാക്കി ക്കൊടുത്തതാണത്രെ ആ കുന്ന്, വളരെ പ്രസിദ്ധമാണ്........, വേറൊരു ഐതിഹ്യം എന്താണെന്നു ച്ചാൽ, പാവങ്ങൾക്കു് ചോറുകൊടുക്കാൻ തീരുമാനിച്ചു. അതിന് അരിയരിച്ചപ്പൊ കിട്ടിയ കല്ലുകളൊക്കെ കൂട്ടിയിട്ടാണത്രെ ആ കുന്നുണ്ടാക്കിയതു്''

പിന്നെ തെല്ലിട നിർത്തി ചിരിച്ചുകൊണ്ടു പറഞ്ഞു.

'വിശ്വസിയ്ക്കാൻ പ്രയാസമാണ്........ എന്തായാലും ആ കുന്നിനു് ഹരിജനങ്ങളോട് എന്തോ ഒരു പൂർവ്വബന്ധമുണ്ട്.'

... .... പഴയ കാലത്ത് ഇവിടെ താപസന്മാരെന്നാണ് അറിയപ്പെട്ടി

---

'തിരുനാവായ....നവമുകുന്ദാ അമ്പലത്തിന്റെ തെക്കേ മൂലയിൽ, മതിലകത്ത് 'പഴുക്കാമണ്ഡപം' എന്നൊരു മണ്ഡപമുണ്ട്. 'തിരുനാവായ പഴുക്കാമണ്ഡപം അകത്തോ, പുറത്തോ' എന്നുള്ള സംശയം ഇന്നും തീർന്നിട്ടില്ല. അമ്പലത്തിനകത്തു കടന്നുനോക്കിയാൽ അകത്താണെന്നുതോന്നും, പുറത്തുകടന്നു നോക്കിയാൽ പുറത്താണെന്നുതോന്നും. 'ഈ നവമുകുന്ദാ അമ്പലത്തിന്റെ കിഴക്കേനടയിൽ, ഒരരയാലുണ്ടായിരുന്നു. ഇരുപത്തഞ്ച് വർഷം മുമ്പ്. ഇപ്പോഴില്ല. 'തിരുനാവായ കിഴക്കേ നടയിലെ അരയാലിന്റെ ഇല അകോം, പൊറോം അറിയില്ല.' രണ്ടുവശവും ഒരേപോലെ. പിന്നെ....ആ.... ആൽത്തറയുടെ മുകളിൽ വടക്കോട്ടു നോക്കി ഒരു കൽവിളക്കുണ്ട്. എത്ര കഠിനമായ കാററുവീശിയാലും, കഠിനമായ മഴ പെയ്താലും കൊളുത്തിയ വിളക്ക് കെടില്ലത്രെ! രണ്ടുനാഴിക അകലെ കുറപ്പൂരെന്നുപറയുന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ഒരു 'മറക്കല്ലിന്റെ' മറയാണിതിനു കാരണം.'

---

രുന്നതു്. അതായതു് 'തപസികൾ താമസിച്ച ഊരു'' എന്നതാണ്. ഇപ്പോഴതു് ലോപിച്ച് 'തവനൂരായി.' ഇന്നും തവനൂരിൻെറ പല സ്ഥലങ്ങളിലും, അതിൻെറ തെളിവെന്നോണം ഗുഹകളും, അസ്ഥികളും കാണാറുണ്ടത്രെ........

പുണ്യതയ്ക്ക്, വടക്കൻ കാശിയോടൊപ്പം നിൽക്കുന്ന ഈ സ്ഥലം, ഒരു പക്ഷെ ഋഷിമാരുടേയും പണ്ഡിതന്മാരുടേയും വാസസ്ഥലങ്ങളായിരുന്നിരിയ്ക്കണം. ഇതേവരെയുള്ള ചരിത്രങ്ങളെടുത്തു പരിശോധിച്ചാൽ, ഇവിടെ കാണപ്പെടുന്ന ഗുഹകളും അസ്ഥികളും അതിനെയാണ് സൂചിപ്പിയ്ക്കുന്നതു്. അവർ സ്നാനവും, ബലിയിടൽ കർമ്മവും നിർവ്വഹിച്ചിരുന്നതു് ഈ തിരുനാവായ ഭാരതപ്പുഴയിൽവെച്ചായിരിക്കാം. അങ്ങിനെയെങ്കിൽ, തിരുനാവായ ഭാരതപ്പുഴ, ഒരു തെക്കൻ കാശിയാണെന്നുള്ളതിൻെറ സാദ്ധ്യതയ്ക്ക് ആക്കം കൂട്ടുന്നതേയുള്ളു.

ഗിരീഷ് വർമ്മയുടെ കാർട്ടേഴ്സിലെത്തുമ്പോൾ ഉച്ച പാതികഴിഞ്ഞിരുന്നു. തലേന്നു രാത്രി കുററിപ്പുറം നഷ്ടപ്പെടുത്തിയ ഉറക്കവും, നടത്തത്തിൻെറ ക്ഷീണവും, ഉച്ചവെയിലിൻെറ ചൂടും എല്ലാം കൂടികലർന്ന് കൺപോളകളിൽപ്പിടിച്ചു തൂങ്ങിനിന്നു. എന്തായാലും കുറച്ചുസമയം ഞങ്ങൾ ഉറങ്ങിത്തീർക്കാൻതന്നെ തീരുമാനിച്ചു. അകവും പുറവും അറിയാത്ത ആലിലകളേയും.... കാററത്തും മഴയത്തും കെടാത്ത കൽവിളക്കിനേയും.... പഴക്കാമണ്ഡപത്തേയും.... കാക്കശ്ശേരി കുന്നിനേയും..... അങ്ങിനെ എല്ലാററിനേയും സ്വപ്നം കണ്ട്....

○

ഗിരീഷ് വർമ്മയോടൊപ്പം, അത്ഭുതങ്ങളുറങ്ങുന്ന നവമുകുന്ദാക്ഷേത്രത്തെ മുന്നിൽ കണ്ടുകൊണ്ടാണ്, മയങ്ങാൻ പോകുന്ന ആ സന്ധ്യയ്ക്ക് ഞങ്ങൾ തിരുനാവായ ഭാരതപ്പുഴയിലിറങ്ങിയതു്. കുത്തൊഴുക്കിൻെറ വേഗതയോടൊപ്പംതന്നെ, ഇരുണ്ട പച്ചയ്ക്കും കട്ടി കൂടിക്കൂടിവന്നു. ഒടുവിൽ മുങ്ങുമെന്നായപ്പോൾ പുഴയുടെ പൊട്ടിച്ചിരി കേട്ടു. 'നിങ്ങൾക്കു വഴിതെററി കുട്ടികളെ........ വഴിതെററി'-പുഴ കളിയാക്കിച്ചിരിച്ചു.

'അങ്ങുപോ.... അങ്ങുപോ.... അവിടെ ആഴക്കൂടുതലാ... '. കുറച്ചകലെ മണൽപ്പരപ്പിൽ നിന്ന വൃദ്ധൻ വിളിച്ചുപറഞ്ഞു.

....'അന്യനാട്ടിലെ വെള്ളം പേടിയ്ക്കണം; പുഴ മുറിച്ചുകടക്കാനറിയണം'. ചിലയിടങ്ങളിൽ മുട്ടിനൊപ്പമേ വെള്ളം കാണൂ, മററുചിലയിടത്തു കൂടെപോയാൽ മുങ്ങിപ്പോകും....

നനഞ്ഞ പാൻറ്സ് മടക്കിക്കയററി, ഞങ്ങളക്കരെയെത്തി. സന്ധ്യമയങ്ങിയിരുന്നു. സന്ധ്യാകീർത്തനങ്ങളുയരുന്ന നവമുകുന്ദാ ക്ഷേത്രം. ക്ഷേത്രത്തിൽനിന്നു പുഴയിലേയ്ക്കിറങ്ങുന്ന നീളംകൂടിയ കൽപ്പടവുകൾ. കൽപ്പടവുകൾക്കുമുകളിൽ, ഇലകളിളക്കി സംഗീതം പെയ്യുന്ന കൂററൻ അരയാല്. കറുത്ത വെട്ടുകല്ലുകൾകൊണ്ടു് കെട്ടിയ അരയാൽത്തറയിൽ ചുരുണ്ടു കിടന്നുറങ്ങുന്ന ഒരു വൃദ്ധൻ. അവിടെനിന്ന് നോക്കിയാൽ താഴെ, ശാന്തമായൊഴുകുന്ന നിള.

മലയാളമണ്ണിൻെറ അമ്മ........

ക്ഷേത്രത്തിനു പുറത്തുനിന്നുകൊണ്ടു തന്നെ ഞങ്ങൾ പഴക്കാമണ്ഡപം കണ്ടു. ഒരുവശം കിഴക്കേ മതിലിനോട് ചേർത്തു്, അല്പം തെക്കോട്ടുമാറി നിർമ്മിച്ച ഒരു വലിയ മണ്ഡപം എന്നതൊഴിച്ചാൽ, മററു പ്രത്യേകതകളൊന്നും കണ്ടില്ല. അമ്പലത്തിനകത്തുകയറിനോക്കി. മണ്ഡപത്തിൻെറ മററു മൂന്നു വശങ്ങളും അകത്താണ്. മുകൾത്തട്ട് ദ്രവിച്ചുതുടങ്ങിയിരിയ്ക്കുന്നു. നിരാശയോടെ ഞങ്ങൾ പുറത്തേയ്ക്കു വന്നു.

പുഴയിൽ കുളിച്ച്, ഈറനുടുത്ത് കൽപ്പടവുകൾ കയറിവരുന്ന ഒരു ഈശ്വര വിശ്വാസിയെ ഞങ്ങൾ സമീപിച്ചു.

'എനിയ്ക്ക് അത്രയൊന്നും അറിയില്ല.... നിങ്ങൾ രാജാവിനെ പോയി കാണൂ........ അദ്ദേഹം വലിയ വിവരൊള്ള ആള്ാ....'

പിന്നെ ധൃതിയിൽ കൽപ്പടവുകൾ കയറി അയാൾ ദീപാരാധന തൊഴാൻപോയി. അങ്ങിനെയാണ്, അമ്പലത്തിനു തൊട്ടു കിഴക്കുവശത്തു താമസിയ്ക്കുന്ന, *കോട്ടക്കൽ കുഞ്ഞുണ്ണി വലിയ രാജയെ ഞങ്ങൾ പരിചയപ്പെടുന്നതു്.

ചരിത്ര പണ്ഡിതനായ കെ. സി. വി. രാജ പല ചരിത്ര പുസ്തകങ്ങളും എഴുതിയിട്ടുണ്ട്. അദ്ദേഹത്തിൻെറ ചരിത്ര പുസ്തകങ്ങളിൽ പലതും,



'ചരിത്രം 'മൊയ്യ്''മീനുപോലെയാണ്''
കെ. സി. വി. രാജ

*K. C. V. രാജ

ഇന്നറിയപ്പെടുന്ന ചരിത്രകാരന്മാർ ചൂഷണംചെയ്ത് കൈമുതലാക്കി ഉപയോഗിച്ചുപോരുന്നു. സ്വന്തം പേരിലൊരു നേട്ടമുണ്ടാക്കാൻ !.

........[1]'നവയോഗികൾ' സ്ഥാപിച്ചതുകൊണ്ടാണ്, നവമുകുന്ദാ ക്ഷേത്രത്തിന് ആ പേര് വരാൻ കാരണമെന്നും, അങ്ങിനെ ആ സ്ഥലം 'തിരു[2]നാവായ' എന്നപേരിൽ അറിയപ്പെട്ടു എന്നും മററുമാണ് ഇവിടെയുള്ളവരുടെ പൊതുധാരണ. എന്നാൽ ചരിത്രപരമായി ഇത് തെററാണെന്നാണ് രാജയുടെ അഭിപ്രായം. പണ്ട് 'ലമൂറിയ' എന്ന ഒരു ഭൂപ്രദേശമുണ്ടായിരുന്നുവത്രെ. ദക്ഷിണേന്ത്യ, ആസ്ത്രേലിയ, ഈജിപ്ത്, എന്നീ രാജ്യങ്ങൾ സമന്വയിച്ച ഒരു സ്ഥലം. പ്രകൃതി ചലനങ്ങൾ മൂലം ആ സ്ഥലം വെള്ളത്തിനടിയിലായി. തന്മൂലം അവിടെയുണ്ടായിരുന്ന ജനങ്ങൾ വഞ്ചികളിലേറി നാലു ഭാഗത്തേയ്ക്കുമായി പിരിഞ്ഞു. അന്ന് ആ രാജ്യത്തിലെ ജനങ്ങളുടെ നേതാവ് 'റാം' ആയിരുന്നു. റാമിന്റെ നേതൃത്വത്തിൽ ഒരു സംഘം ആദ്യമായി കരപററിയത് തിരുനാവായിലാണ്. ഇവർ, വഞ്ചിയിലൂടെ ഇവിടെ എത്തിച്ചേർന്നതുകൊണ്ടാണ് 'തിരു[3]നാവ' എന്ന സ്ഥലപ്പേര് രൂപം കൊള്ളാനുള്ള കാരണമെന്ന് അദ്ദേഹം സമർത്ഥിക്കുന്നു. അന്ന് റാമിന്റെ ആയുധം [4]'പരശു' ആയിരുന്നു. അയാളാണ് പിന്നീട് 'പരശുരാമൻ' എന്നപേരിൽ അറിയപ്പെട്ടത്. അല്ലാതെ പരശുരാമൻ മഴുവെറിഞ്ഞ് തീർത്തതൊന്നുമല്ല കേരളം എന്നാണ് രാജയുടെ വാദം.......

'ലമൂറിയ'യുടെ ശാഖകൾ പല വഴികളിലൂമായി പിരിഞ്ഞുപോയതുകൊണ്ടായിരിക്കാം, നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകം ഈജിപ്തിലെ, നൈൽനദീതട സംസ്ക്കാരത്തോട് പൊരുത്തപ്പെട്ടു കിടക്കാൻ കാരണം. ദ്രാവിഡരുടെ ആരാധ്യപുരുഷനായ 'റാം' തന്നെയാണത്രെ ഈജിപ്തുകാർ ആരാധിയ്ക്കുന്ന 'ഫറോ'. ഓണക്കാലത്ത്, കളിമണ്ണുകൊണ്ടുണ്ടാക്കിവെയ്ക്കുന്ന ദ്രാവിഡരുടെ കലാരൂപമായ [5]'തൃക്കാക്കരപ്പന്റെ' രൂപമാണ് ഈജിപ്തിലെ 'പിരമിഡു'കൾക്കുള്ളത്. കേരളത്തിലെ പല നദികളും, 'ആറുകളാ'യും 'പുഴ'കളായും അറിയപ്പെടുമ്പോൾ, ഭാരതപ്പുഴയ്ക്കുകിട്ടിയ 'നിള' എന്നപേരുമാത്രം ഇതിൽനിന്നും വിഭിന്നമായിരിയ്ക്കുന്നു. 'ലമൂറിയ' സംസ്കാരത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്ന നാമമായതുകൊണ്ടാകാം 'നിള' എന്ന പേരും, ഈജിപ്തിലെ 'നൈൽ' എന്ന നദിയുടെ പേരും സാമ്യപ്പെട്ടിരിയ്ക്കുന്നത്.

....ആദിമ വൃക്ഷസംസ്കാരം നിലനിന്നിരുന്ന പവിത്ര കാലമായിരുന്നു അന്ന്. തിരുനാവായയുൾപ്പെടുന്നുള്ള രാജ്യത്തിലെ പ്രധാന മരം 'വാക' യായിരുന്നു. അതിനാൽ അവിടം 'വാകയൂർ' എന്നറിയപ്പെടുന്നു. 'വാകയൂർ പെരുന്തുറൈ' എന്ന് സംഘം കൃതികളിൽ ഈ രാജ്യത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. (ബി. സി. 200 മുതൽ 300 വരെ.) കൊച്ചിരാജ്യത്ത് 'നാരകവും', സാമൂതിരിയുടെ രാജ്യത്ത് 'ചന്ദനവും', തിരുവിതാംകൂർ രാജ്യത്ത് എലവുമായിരുന്നു ദേശീയ വൃക്ഷമായി അന്ന് അംഗീകരിക്കപ്പെട്ടിരുന്നത്,........

ഈ മരങ്ങളെയെല്ലാം വെട്ടിമാററി വിദേശത്തുനിന്നും ഇറക്കുമതിചെയ്ത, രോഗകാരിയായ 'അക്കേഷ്യ'മരം നട്ടുപിടിപ്പിയ്ക്കാൻ താല്പര്യം കാണിയ്ക്കുന്ന നമ്മുടെ ഇന്നത്തെ പുരോഗമന വൃക്ഷസംസ്കാരം, തളിരിടുന്നതിനു മുൻപുതന്നെ വെട്ടിമാററപ്പെടേണ്ടതായിരുന്നു. ഒരുകാലത്ത് മരങ്ങൾക്ക് വില കല്പിച്ചിരുന്ന ഒരു ഭാരതീയ വൃക്ഷസംസ്കാരം നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു എന്ന യാഥാർത്ഥ്യം, നമ്മളിൽ പലർക്കും ഇന്നജ്ഞാതമാണ്.

....ലോകത്തിൽവെച്ച് ഏററവും പഴക്കംചെന്ന കൃതികളാണ് നമ്മുടെ വേദങ്ങൾ. ഇവയൊന്നും ആദിമമല്ലെന്ന് വരുത്തിതീർക്കാൻ വിദേശികൾ നടത്തുന്ന 'ബ്രെയിൻ വാഷിങ്ങി'ൽ പുതിയ തലമുറ അകപ്പെട്ടുപോകുന്നത് നിരാശാജനകമത്രേ....

ചരിത്രങ്ങളുടെ ഒരു നീണ്ടനിര

1. ഒൻപത് യോഗികൾ
2. നാവായ = 'നവയോഗികൾ' എന്നതിന്റെ ചുരുക്കം;
3. നാവ = നൗക (വഞ്ചി)
4. മഴു
5. മാതേവർ

*ദ്രാവിഡരുടെ ആരാധ്യപുരുഷനായ 'റാം' തന്നെയാണത്രെ ഈജിപ്തുകാർ ആരാധിയ്ക്കുന്ന 'ഫറോ'. ഓണക്കാലത്ത്, കളിമണ്ണുകൊണ്ടുണ്ടാക്കിവെയ്ക്കുന്ന ദ്രാവിഡരുടെ കലാരൂപമായ 'തൃക്കാക്കരപ്പന്റെ' രൂപമാണ് ഈജിപ്തിലെ 'പിരമിഡു'കൾക്കുള്ളത്. കേരളത്തിലെ പല നദികളും, ആറുകളായും പുഴകളായും അറിയപ്പെടുമ്പോൾ, ഭാരതപ്പുഴയ്ക്കുകിട്ടിയ 'നിള' എന്ന പേരുമാത്രം ഇതിൽനിന്നും വിഭിന്നമായിരിയ്ക്കുന്നു. 'ലമൂറിയ' സംസ്കാരത്തിൽനിന്നും ഉരുത്തിരിഞ്ഞുവന്ന നാമമായതുകൊണ്ടാകാം 'നിള' എന്ന പേരും, ഈജിപ്തിലെ 'നൈൽ' എന്ന നദിയുടെ പേരും സാമ്യപ്പെട്ടിരിയ്ക്കുന്നത്.*

കഴിഞ്ഞപ്പോഴേക്കും, അൻപതു് പിന്നിട്ട, കെ. സി. വി. രാജയുടെ സഹധർമ്മിണി ചായയും, കഴിയ്ക്കാൻ പപ്പടവും, പഴവും സ്റ്റീൽ തളികകളിൽ കൊണ്ടുവന്നുവെച്ചു.

'ഞങ്ങൾക്കെല്ലാം സംശയം തീർക്കാനുണ്ടായിരുന്നു'. വിയർപ്പുതുടച്ചുകൊണ്ട് ഞങ്ങൾ പറഞ്ഞു.

'ആദ്യം ചായ കുടിക്കൂ....എന്നിട്ടാകാം.'

അമ്പലത്തിൽനിന്നും ഒഴുകിയെത്തിയ കർപ്പൂരത്തിന്റേയും ചന്ദനത്തിരിയുടേയും മണം മുറിയിലാകെ നിറഞ്ഞുനിന്നു. പുറത്തു്, ആൽമരച്ചില്ലകളിൽ ചേക്കേറാനെത്തുന്ന കാക്കകളുടെ 'കലപില' ശബ്ദം കൂടിക്കൊണ്ടേയിരുന്നു.

ഞങ്ങളുടെ ചായ കഴിഞ്ഞിട്ടും, പാതികാലിയാക്കിയ ഗ്ലാസ്സ് കൈയ്യിൽപിടിച്ച്, ജനലഴികൾക്കിടയിലൂടെ നിളയെനോക്കി കെ. സി. വി. രാജ ചിന്തയിലാണ്ടിരുന്നു. ഈ മണൽപ്പുറത്തെ എന്തെല്ലാം അനുഭവങ്ങൾ ഇദ്ദേഹത്തിലൂടെ കടന്നുപോയിട്ടുണ്ടാകും !

—'ഇവിടുത്തെ ആൽത്തറയിൽ, കാററത്തും മഴയത്തും കെടാത്ത കൽവിളക്കുണ്ടെന്നു പറയുന്നതു് ശരിയാണോ?' അദ്ദേഹത്തിന്റെ ചിന്തയെമുറിച്ച്, ടേപ്പ് റിക്കോർഡർ ഓൺചെയ്തുകൊണ്ട് ചോദിച്ചു.

'അതെ.'

—'വിളക്ക് കണ്ടിട്ടുണ്ടോ ?'

'ഉവ്വ്....പക്ഷെ മഴക്കാലത്ത് കെടോന്നു് പരീക്ഷിച്ചുനോക്കിയിട്ടില്ല.'

—നാറാണത്തുഭ്രാന്തൻ രണ്ടുനാഴിക അകലെ സ്ഥാപിച്ചിട്ടുള്ള 'മറക്കല്ലാ'ണോ വിളക്കിനെ, കാററിൽനിന്നും കെടാതെ സൂക്ഷിക്കുന്നത്,

'അതെ...., ഏതുഭാഗത്തുനിന്നുള്ള കാററും അതിൽ തട്ടും. കാറേൾപാണ്ടാണല്ലോ വെളക്ക് കെടാ. പക്ഷെ നാറാണത്തുഭ്രാന്തനല്ല അത് വെച്ചത്. പെരുന്തച്ചനാണ്. നാറാണത്തുഭ്രാന്തൻ അങ്ങിനെയുള്ള ആളല്ല. നാറാണത്തുഭ്രാന്തൻ ആദ്ധ്യാത്മികമായിട്ട് ചിന്തിയ്ക്കുന്ന ഒരു മനുഷ്യനാണ്. ഭ്രാന്തനെന്നു പറയുന്നതെന്താച്ചാൽ....നമ്മൾ, എക്സട്രാ ഓർഡിനറി ആയ ആളുകളെ, അതായത് നാലാള് ചെയ്യാത്ത കാര്യങ്ങൾ ചെയ്യുന്ന ഒരാളെ ഭ്രാന്തനാക്കുക. അങ്ങിനെ സോക്രട്ടീസിനെ ഭ്രാന്തനാക്കി, പ്ലേറേറായെ ഭ്രാന്തനാക്കി, അരിസ്റ്റോട്ടിലിനെ ഭ്രാന്തനാക്കി. ഇത് നമ്മുടെ സമൂഹത്തിന്റെ സമ്പ്രദായാണ്. നിങ്ങളൊരു എക്സ്ട്രാ ഓർഡിനറി മനുഷ്യനാച്ചാൽ, നിങ്ങളേം നാട്ടുകാർ ഭ്രാന്തനാക്കും. നിങ്ങളോട് വാദിച്ച് ജയിക്കാൻ ജനങ്ങൾക്കൊക്കില്ല. അതുകൊണ്ടാ ഇതൊക്കെ. ഇതു് പണ്ടുമുതൽക്കേള്ളൊരു കാര്യമാണ്. പുതീതൊന്നും അല്ല'.

—'ഇവിടെ, ഇലയുടെ രണ്ടുപുറവും ഒരേപോലുള്ള അരയാലുണ്ടെന്നു കേട്ടിട്ടുണ്ടല്ലോ ?'

'ഉവ്വ്. ഇപ്പോൾ നില്ക്കുന്ന ആലിന്റെ സ്ഥാനത്താ....അതുണ്ടായിരുന്നതു്.'

—'ആ ...ആലിന്റെ ഇല കണ്ടിട്ടുണ്ടോ ?'

'ഓ....ഞങ്ങൾ കുട്ടിക്കാലത്തു്, അതിന്റെ ഇല പെറുക്കി കൊണ്ടുവരാ സാധാരണയാ.'

—'ഇവിടുത്തെ, പഴക്കാമണ്ഡപം അകത്തോ, പുറത്തോ എന്നുപറയുന്നതെന്തുകൊണ്ടാണ് ?'

'അതെന്താന്ന്ച്ചാൽ പഴക്കാമണ്ഡപം അകത്തെച്ചാല്ല, പൊറത്തെച്ചാല്ല. അതിന്റെ കൺസ്ട്രക്ഷൻ കണ്ടാൽ അകത്താണെന്നും തോന്നും, പുറത്താണെന്നും തോന്നും. അതില് വല്ല്യ അർത്ഥൊന്നും ഇല്ല'.

—'മാമാങ്കസമയത്തു്, തിടമ്പ് എഴുന്നള്ളിച്ചുകൊണ്ടുവെയ്ക്കുന്നതു് അതിനുമുകളിലാണോ ?'

'അതെന്താച്ചാൽ....നമ്മുടെ പ്രധാനപ്പെട്ട എല്ലാ സംഗതികളും സാക്ഷി നിർത്തീട്ടാണല്ലോ ചെയ്യാ...ഭഗവാന്. മാമാങ്കം ഒരു പ്രധാനപ്പെട്ട സംഗതി ആയതുകൊണ്ട് തിടമ്പ് ഇതിനുമുകളിൽ കൊണ്ടോന്ന്‌വെയ്ക്ക പതിവാ. ഇതിനുമുകളിലിരുന്നാൽ ചുററുപാട് മുഴുവനായും കാണാം. ഇതൊരു strategic point കൂടിയാണ്.'

—'യഥാർത്ഥത്തിൽ മാമാങ്കം എന്നു പറയുന്നതു് എന്താണ് ?'

'യഥാർത്ഥത്തിൽ....ഇതു്....കുംഭമേളപോലൊരു മതാചാരം മാത്രം. ഇവിടെ, അനേകം ആളുകൾ കൂടും. അനേകാളുകൾ കൂടുമ്പോ....ഒരു രക്ഷാധികാരി വേണംന്നല്ല. ഇവിടെ **Relegious heads** ഉം, **Political heads** ഉം **allayment** ആവാ. എന്നാലല്ലെ ജനങ്ങളെ ചൂഷണം ചെയ്യാൻ കഴിയൂ. രണ്ടുകൂട്ടർക്കും ഉദ്ദേശം

> *നാറാണത്തുഭ്രാന്തൻ ആദ്ധ്യാത്മികമായിട്ട് ചിന്തിക്കുന്ന ഒരു മനുഷ്യനാണ്. ഭ്രാന്തനെന്നു പറയുന്നതെന്താച്ചാൽ....നമ്മൾ, എക്സ്ട്രാ ഓർഡിനറി ആയ ആളുകളെ, അതായത് നാലാള് ചെയ്യാത്ത കാര്യങ്ങൾ ചെയ്യുന്ന ഒരാളെ ഭ്രാന്തനാക്കുക. അങ്ങിനെ സോക്രട്ടീസിനെ ഭ്രാന്തനാക്കി, പ്ലേറേറായെ ഭ്രാന്തനാക്കി, അരിസ്റ്റോട്ടിലിനെ ഭ്രാന്തനാക്കി. ഇത് നമ്മുടെ സമൂഹത്തിന്റെ സമ്പ്രദായാണ്. നിങ്ങളൊരു എക്സ്ട്രാ ഓർഡിനറി മനുഷ്യനാച്ചാൽ, നിങ്ങളേം നാട്ടുകാർ ഭ്രാന്തനാക്കും. നിങ്ങളോട് വാദിച്ച് ജയിക്കാൻ ജനങ്ങൾക്കൊക്കില്ല. അതുകൊണ്ടാ ഇതൊക്കെ. ഇത് പണ്ടുമുതൽക്കേള്ളൊരു കാര്യാണ്, പുതീതൊന്നുമല്ല.*

ഒന്നാ. ആളേ്പാളെ ചൂഷണം ചെയ്യാം. അങ്ങിനെ സ്വന്തം കാര്യം നേട്വാ. തിരുനാവായ ചോളരാജാക്കന്മാരുടെ Capital ആയിരുന്നു. 'പല്ലവൻമാരുടെ തിരുനാവായിലുള്ള കോയ്മ കാലം; അരങ്ങോട്ടുരാജാക്കന്മാരുടെ മൂർദ്ധന്യകാലം'. ക്രിസ്ത്വാബ്ദം അഞ്ചുമുതൽ പന്ത്രണ്ടുവരെ നൂററാണ്ടിൽ, അപ്പൊ....പല്ലവൻമാരാണ് വള്ളുവനാട് ഭരിച്ചിരുന്നത്, അവരെ 'വള്ളുവകോനാതിരി' എന്നണ് പറയുക. 'പല്ലവനാണ് വല്ലഭൻ; വല്ലഭനാണ് വള്ളുവനായത്'. ആ വള്ളുവകോനാതിരിയായിരുന്നു മാമാങ്കത്തിൻെറ രക്ഷാധികാരി. അവിടുന്നാണ്....പിന്നെ സാമൂതിരി പിടിച്ചത്. ഒരു തരം Encroachment ഈ ചരിത്രം....വഴതിപ്പോകുന്ന ഒന്നാണ്. പിടിക്കുമ്പോഴേയ്ക്കും അത് വഴുതിപ്പോകും. [1]'മൊയ്യ്മീനു' പോലെയാണ്. പിടിക്കുമ്പോ........ കുത്തും. അപ്പൊ....കൈവിട്ടുപോകും. അതാണ് ചരിത്രം. സാമൂതിരി മരിച്ചാൽ പിന്നെ, 'ഏറാപ്പാളി'നാണ് ഭരണം'.

—'ഏറാപ്പാളും, ഏറാടിയും ഒന്നല്ലേ?'

'അല്ല, വ്യത്യാസൊണ്ട്. ഏറാടിയാണ് സാമൂതിരിയായത്, 'ഏറ' എന്നുവെച്ചാൽ 'കാളകൾ' എന്നർത്ഥം. അതായത്... കൃഷിനാട്. അപ്പൊ.... ഏറനാട്ടിലെ രാജാവ് ഏറാടി....'

ശാരീരികക്ഷീണം കാരണം അദ്ദേഹം കിതച്ചുകൊണ്ടിരുന്നു. കൈയ്യിലുണ്ടായിരുന്ന തണുത്ത ചായ കുടിച്ചു തീർത്ത്, അല്പസമയം കിതപ്പാററിയ ശേഷം അദ്ദേഹം വീണ്ടും തുടർന്നു.

'........സാധാരണ, ഈ മാമാങ്കത്തിനു് എല്ലാ രാജാക്കന്മാരും കൊടി അയയ്ക്കും. മാമാങ്കത്തിൻെറ രക്ഷാപുരുഷൻെറ കീഴിലാണ് ഞങ്ങൾ എന്നു കാണിക്കാനാണിതു്. 'അടിമക്കൊടി' എന്നാണിതിനെ പറയുക. ഇതു് തിരുവിതാംകൂർ രാജാക്കന്മാരും അയച്ചിരുന്നു. അപ്പൊ....വള്ളുവനാട് രാജാവ്....'ഇതു് ഞങ്ങളുടെ അധികാരം തട്ടിപ്പറിച്ചതാ. അതുകൊണ്ട് ഞങ്ങളിതിനോട് Co-operate ചെയ്യില്ല' എന്നു പറഞ്ഞു. ഇപ്പൊ....

ഇവിടടുത്തൊരു ഓട്ടുകമ്പനീണ്ട്. അവിടാണ് 'നിലപാടുതറ' നിലപാടുതറയ്ക്കുമുമ്പിൽ, ഇരുവശത്തായി മുപ്പതിനായിരം ഭടന്മാർ രണ്ടു വശത്തായി നിരന്നു നില്ക്കും. അവരുടെ ഇടയിലൂടെ യുദ്ധം ചെയ്തുപോയിട്ടു വേണം നിലപാടുതറയിലെത്താൻ. നിലപാടുതറയിൽ കയറിയിരുന്ന് 'എന്നെ....ആർക്കെങ്കിലും തോല്പിക്കാൻ കഴിയുമെങ്കിൽ....തോല്പിച്ചോളൂ.. എന്നാൽ അയാളാണ് പിന്നത്തെ കേരള വിക്രമൻ' എന്ന് Declare ചെയ്യും. അതു കഴിഞ്ഞാൽ, ഈ ചാവേർപട' വരും. അവക്ക് പന്ത്രണ്ടുകൊല്ലത്തെ അഭ്യാസമാണ്. ഇതൊരു വ്രതമാണ്. ചാവേറായി വ്രതം എടുക്കുന്നവർക്ക്, വള്ളുവനാട് രാജാവ് പ്രത്യേക ചില അവകാശങ്ങൾ കൊടുക്കുന്നുണ്ട്. ഇവരെ 'Suicide-Squad' എന്നാണ് പറയുക. അതെല്ലാ രാഷ്ട്രങ്ങൾക്കും ഉണ്ട്........

കറുത്ത സ്വാററിനകത്തിരുന്ന്, എഴുപതു പിന്നിട്ട രാജയുടെ ദേഹം വീണ്ടും കിതച്ചു. നെററിയിലേക്കു വളഞ്ഞുവന്ന വെള്ളിക്കമ്പികൾ പുറകോട്ട് മാടിയൊതുക്കിക്കൊണ്ട് വീണ്ടും പറഞ്ഞുതുടങ്ങി.

'....ഒരിയ്ക്കൽ, പതിനാലോ–പതിനഞ്ചോ വയസ്സുള്ള ഒരു കുട്ടി, ആ കുട്ടി ഈ മുപ്പതിനായിരം ആളുകളേയും തോൽപിച്ച് നിലപാടുതറയിൽ കയറിനിന്നുവെട്ടി. പക്ഷെ....ദൈവാധീനംകൊണ്ട് സാമൂതിരിപ്പാടിനു കൊണ്ടില്ല. ത്തൂക്കുവിളക്കിൻെറ ചങ്ങലയിൻമേലാണ് ചെന്നുകൊണ്ടത്. അപ്പോഴേക്കും പിന്നിൽനിന്നുംവന്ന ആളുകൾ ബാലനെ വെട്ടിവീഴ്ത്തി. അതൊക്കെ അഭ്യാസത്തിൻെറ കഴിവാ..., അതു് കളരിയായിരുന്നു. 'മെയ്യ് കണ്ണാക്കു.' അത്രമാത്രം sensitive ആയിരിക്കും അവരു്.'

—'ഈ മാമാങ്കം അവസാനിയ്ക്കാനുള്ള കാരണമെന്താണ് ?'

'ടിപ്പുവിൻെറ invasion കാരണം. സാമൂതിരിപ്പാടുപോയി....രാജാക്കന്മാർ പോയി. പിന്നെ ആരാ മാമാങ്കം നടത്ത്വാ ?'

ഇരുട്ടിൻെറ അരിച്ചരിച്ചുള്ള കടന്നാക്രമണം, ഞങ്ങളറിയാതെയായിരുന്നു. തിരുനാവായ മണപ്പുറത്തെ ചരിത്രങ്ങളും പേറി ഞങ്ങൾ യാത്ര പറഞ്ഞിറങ്ങാൻ ഭാവിക്കേ, രാജ പറഞ്ഞു.

'അപ്പൊ....സമയം കിട്ടുമ്പോഴൊക്കെ ഇങ്ങോട്ട് വരാ.'

'തീർച്ചയായും വരാം.'

കാക്കകളുടെ കലമ്പലുകൾ ഇടയ്ക്കുമാത്രമായി അവശേഷിച്ചു. അമ്പലത്തിൻെറ നട എപ്പോഴോ അടച്ചിരിയ്ക്കുന്നു. പുറത്തു് ഇരുട്ട് പരന്നുതുടങ്ങിയെങ്കിലും, നിലപാട്തറയും, മണികിണറും കാണാൻതന്നെ ഞങ്ങൾ തീരുമാനിച്ചു. നവമുകുന്ദ ക്ഷേത്രത്തിൻെറ വടക്കു–പടിഞ്ഞാറോട്ടുമാറി ഒരു കിലോമീററോളം അകലെയായിട്ടാണ് 'The codacal tile works' എന്ന നാമധേയമുള്ള ഓട്ടുകമ്പനി. ആദ്യം എതിർപ്പു പ്രകടിപ്പിച്ചെങ്കിലും, ഞങ്ങളുടെ സത്യാവസ്ഥയെ മാനിച്ച്, കാവൽക്കാരനായ 'ഗൂർഖ' സമ്മതം തന്നു. അകത്തു്, പുല്ലും കമ്മ്യൂണിസ്റ്റ്പച്ചയും ആക്രമിക്കപ്പെട്ട നിലപാടുതറയുടെ അവശിഷ്ടം.

'ഫോട്ടോ....എടുക്കരുത്'' ഗൂർഖ ഹിന്ദിച്ചുവകലർന്ന മലയാളത്തിൽ വിളിച്ചുപറഞ്ഞു.

മുപ്പതിനായിരം സൈന്യങ്ങളേയും അരിഞ്ഞുവീഴ്ത്തി, നിലപാടുതറക്കുമുകളിൽ നിൽക്കുന്ന, പതിനഞ്ചുവയസ്സുകാരൻ ചാവേർ വീരൻെറ—രക്തമൊലിക്കുന്ന വാളിൻെറ മുമ്പിൽ, മാമാങ്കത്തിൻെറ രക്ഷാധികാരിയായ സാമൂതിരിയുടെ വിളറി വെളുത്തമുഖം, ഒരു മിന്നലാട്ടംപോലെ ഞങ്ങൾക്കു മുമ്പിൽ തെളിഞ്ഞു.

'മണികിണറ് കാണണ്ടെ ?' ചിമ്മിനിയും കൊളുത്തിപ്പിടിച്ച്, ഒരു ഇരുപത്തെട്ടുകാരൻ ഞങ്ങളുടെ അടുത്തേക്കുവന്നു. ശരീരം മുഴുവനും വിയർപ്പിൽ കുളിച്ചിരിയ്ക്കുന്നു.

... പേരു് ജെയിംസ്. പത്തു കൊല്ലത്തോളമായി ഈ കമ്പനിയിൽ ജോലി നോക്കുന്നു. ചൂളക്ക് തീയിടുന്നതിൽ വിദഗ്ദ്ധൻ. നെററ്

---

1. മൊഷി (Clarias)

ഡ്യൂട്ടിയായിരുന്നതിനാൽ അന്നവിടെ ജെയിംസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ........

ജെയിംസിനോടൊപ്പം കമ്പനിക്കുള്ളിലേക്കു നടക്കുമ്പോൾ മുന്നറിയിപ്പു നൽകി

'തല മുട്ടരുത്—സൂക്ഷിക്കണം'.

തൊട്ടുമുമ്പിൽ, ഇരുമ്പുകയറിൽ വരിവരിയായി തൂക്കിയിട്ടിരിക്കുന്ന ഓടിന്റെ ആകൃതിയിലുള്ള അച്ചുകൾ. കുറച്ചു മാറി, ഓടും ഇഷ്ടികയും അടിക്കുന്ന കൂററൻ യന്ത്രങ്ങൾ, എല്ലാററിനും അപ്പുറത്തായി, മരപ്പലകകൾ കൊണ്ട് മറച്ച മണികിണററ് ചൂണ്ടി ജെയിംസ് പറഞ്ഞു

'ഇതാണാ....കിണററ്'.

മരപ്പലകകൾക്കുമുകളിലൂടെ ചിമ്മനി പൊക്കിപ്പിടിച്ചു നോക്കി. ഒരു വശം മുഴുവൻ ഇടിഞ്ഞിരിക്കുന്നു. താഴോട്ട് വെറും ഇരുട്ട് മാത്രം. ജെയിംസ് ഒരു ഇഷ്ടികത്തുണ്ടെടുത്ത് കിണററിലേക്കിട്ടു. അഗാധതയിൽ, വെള്ളത്തിൽ കല്ലുവീഴുന്ന ശബ്ദം മുഴങ്ങി. ചാവേർ വീരന്മാരുടെ ആത്മാവ് തുടിക്കുന്ന ശബ്ദം....സ്വന്തം രാജ്യത്തിനുവേണ്ടി സ്വയം കുരുതി കൊടുത്ത രാജ്യാഭിമാനികളുടെ ശബ്ദം....

മണികിണററിന്റെ ഉള്ളറയിൽനിന്നും ചിറകടിച്ചുവന്ന ഒരു വവ്വാൽ, കമ്പനിക്കുള്ളിലെ ഇരുട്ടിലെവിടെയോ, ചെന്നൊളിച്ചു.

എല്ലാം വെറും കഥകളാണെന്നാണ് ആദ്യം തോന്നിയത്. എന്നാലിപ്പോൾ എല്ലാം യാഥാർത്ഥ്യങ്ങളാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. ചരിത്രത്തിന്റെ താളുകളിൽ, രക്തത്തുള്ളികൾ വീണ പാടുകൾമാത്രം. തിരുനാവായ പുഴയിലെ മണലിനുമുഴുവൻ ചുവപ്പുനിറം. ഇപ്പോൾ പുഴയിലൂടെ ഒഴുകുന്നത് ചുവന്നരക്തമാണ്.

ഗൂർഖയോട് നന്ദിപറഞ്ഞ് ഞങ്ങൾ പുറത്തുകടന്നു. മുകളിൽ അമ്പിളിക്കല പൂത്തുനില്ക്കുന്നു. ശാന്തമായുറങ്ങുന്ന നവമുകുന്ദ ക്ഷേത്രത്തിന്റെ കൽപ്പടവുകളിലിറങ്ങി, മണലിലൂടെ ഞങ്ങൾ വെള്ളത്തിനടുത്തേക്കു നടന്നു. ഞങ്ങളുടെ വേഷം കണ്ടിട്ടായിരിക്കണം കുളിച്ചുകൊണ്ടിരുന്ന ഒരാൾ ചോദിച്ചു.

'അക്കരെയ്ക്കാണോ ?'

'അതേ'. ഞങ്ങളടുത്തുചെന്നു നോക്കി. സന്ധ്യക്ക്, ആൽത്തറയ്ക്കുമുകളിൽ കിടന്നുറങ്ങുന്ന കണ്ട അതേ വൃദ്ധൻ.

'പുഴേല് ഇറങ്ങുമ്പോ....സൂക്ഷിക്കണംട്ടോ. ചിലപ്പോ നെലകിട്ടില്ല്യാ....മണല് തിരിയും. അങ്ങന്യാ, ഒരാഴ്ചമുമ്പ് ടൂറിനു വന്ന രണ്ട് കുട്ട്യോള് മുങ്ങിമരിച്ചത്. പിന്നെ രണ്ടീസം കഴിഞ്ഞാ പൊങ്ങീത്....കുറെ താഴെയായിട്ട്'.

സൗമ്യമായൊഴുകുന്ന നിളയ്ക്ക് ഇങ്ങനെയും ഒരു മുഖമോ? അതും ഈ വേനലിൽ? ക്രൂരയാകാനും നിളയ്ക്കു കഴിയുമോ?

എങ്കിലും, നിളയിലെ ഓളങ്ങൾ കവിതകളായിത്തന്നെ ഞങ്ങളിൽ നിറഞ്ഞു.

അന്നു രാത്രി, ഗിരീഷ്‌വർമ്മയുടെ മുറിയിൽ ചോരക്കറപുരണ്ട മനസ്സുമായി ഞങ്ങൾ....തളർന്നുറങ്ങി.

□

രാവിലെ നേരത്തെതന്നെ ഞങ്ങൾ താപസന്തരിൽ നിന്നും വിടവാങ്ങി. രണ്ടുദിവസത്തിനുള്ളിൽ വേരുറച്ചുവന്ന ആത്മബന്ധം നഷ്ടപ്പെടുന്ന തോർത്തപ്പോൾ ഉള്ളിൽ വേദനതോന്നി.

നെൽപ്പാടങ്ങൾക്കും, ചെറിയ തെങ്ങിൻകൂട്ടങ്ങൾക്കുമിടയിലൂടെ വളഞ്ഞുനീണ്ടുപോകുന്ന പാതയ്ക്കരുകിലൂടെ ഞങ്ങൾ, 'കാക്കശ്ശേരി കുന്നി'നെ ലക്ഷ്യമാക്കി നടന്നു. കാക്കശ്ശേരി കുന്നെത്തണമെങ്കിൽ ഒരു മണിക്കൂറെങ്കിലും നടക്കണം.

'ഇവിടെ...എവിടെയാ കാക്കശ്ശേരി കുന്ന്?' —പാതവക്കത്ത് കന്നു മേച്ചുകൊണ്ടിരുന്ന ഒരു പതിനാറുകാരനോട് ഞങ്ങൾ ചോദിച്ചു.

'ദാ... കാണണ്ണ്'. അവൻ അകലേക്ക് വിരൽ ചൂണ്ടി.

പാടങ്ങളാൽ ചുററപ്പെട്ട ഒരു ഉയർന്ന സ്ഥലം. അവിടെ കുന്നിന്റെ യാതൊരു ലക്ഷണവും കണ്ടില്ല. തിങ്ങി നിരന്നുനില്ക്കുന്ന വൃക്ഷങ്ങളും വീടുകളും അകലെ നിന്നുതന്നെ കാണാം. നിറയെ വീടുകളുള്ള ഒരു കൊച്ചു തുരുത്ത്. അധികമാരും കടന്നുചെല്ലാത്ത കാക്കശ്ശേരികുന്നിൽ കാലെടുത്തുവെച്ച ഞങ്ങളെ, എല്ലാവരും അത്ഭുതത്തോടെ നോക്കിനിന്നു. ഒടുക്കം, പ്രീ-ഡിഗ്രിക്കാരനായ ബാബുവിന്റെ സഹായത്തോടെ, അറുപതു തികഞ്ഞ, കൊമ്പൻ മീശയുള്ള കുഞ്ഞുകുട്ടന്റെ കടയിലേക്കു ചെന്നു. മൂന്നു കടമുകളുടെയും പൊതുവായുള്ള മുററത്ത് അവർ ഞങ്ങൾക്കായി ഒരു പൊടിപുരണ്ട ബെഞ്ചിട്ടുതന്നു. തൊട്ടടുത്തായി മറെറാരു സ്റ്റൂളിൽ കുഞ്ഞുകുട്ടനും ഇരുന്നു, ഓൺ ചെയ്യാൻപോകുന്ന ടേപ്പ്റിക്കാർഡറിനെ, കുഞ്ഞുകുട്ടൻ സംശയത്തോടെ നോക്കി.

—'ഈ കാക്കശ്ശേരികുന്നിന് ഇതുകൂടാതെ വേറെവല്ല പേരും ഉണ്ടോ?'

'കാക്കശ്ശേരികുന്ന്. ഇതിന് വേറെ പേരൊന്നുംല്ല. 'ഒറിജിനൽ' വേറെ വീട്ടുപേരൊന്നുംല്ല. കാക്കശ്ശേരികുന്നിന്റെ മുകളിൽ കുഞ്ഞുട്ടൻ. എന്റെ പേരു് കുഞ്ഞുട്ടൻന്ന്ാണ്. കാക്കശ്ശേരി കുന്നിനുമുകളിൽ ചാത്ത.... കാക്കശ്ശേരി കുന്നിനുമുകളിൽ വേലായുധൻ....ഇങ്ങനെയൊക്കെ്ാള്ള പേരന്നൊള്ളു.'

—'ഇവിടത്തെ ജനങ്ങളുടെ ജീവിതം വളരെ ബുദ്ധിമുട്ടുള്ളതാണോ?'

'ഇബട്പ്പൊ....ന്താ....നിങ്ങക്ക് കണ്ടടത്തോളം? വല്ല സൗകരീംണ്ടോ? മൂത്രം ഒഴിക്കാനോ....വേറെ മനുഷ്യൻമാര് ചെയ്യേണ്ടതിനോ....ഒന്നിനും സ്ഥലല്ല്യാ. പൊറത്തുപോയിട്ട് ഒന്നരസെൻററ് സ്ഥലം വാങ്ങാൻ ഞങ്ങളൊന്നും ആയിട്ടുംല്ല. ഇതിനുള്ളിൽ തന്നെ കിടന്ന് നാൽക്കാല്യോളെ കെട്ടിതിരിഞ്ഞു കളിക്കാണ്.'

—'ഈ കുന്നിനെകുറിച്ച്, പഴയ ആളുകൾ പറഞ്ഞുതന്നിട്ടുള്ള വല്ല കഥകളും അറിയ്യോ?'

'ഒന്നും....ഞങ്ങക്ക് ഓർമ്മല്ല്യാ.'

—'ഈ കുന്ന് എങ്ങിനെയാണ് ഉണ്ടായതെന്ന് അറിയുമോ?'

'അതേയ്... ഞാനോർമ്മവെയ്ക്കണംന്നെ്ാക്കെ പറഞ്ഞുകേട്ടിട്ടുള്ളത്, ഏതോ നാൽപ്പത്തിരണ്ട് കെണറു കുത്തീട്ടോ, കൊളം കുത്തീട്ടോ വെരുമ്പോ...., അതിൻെറ കൊട്ടേ്ം, കൈക്കോട്ടും, പിക്കാസും കത്തീതാണെന്ന്....ഞാൻ അങ്ങനൊരു, 'ഒറിജനൽ' പേരു് പറഞ്ഞുകേട്ടിട്ടുണ്ട്. ഇവടൊരു 'മൂടാകല്ലെ'ന്നു പറഞ്ഞ ഒരു കല്ലുണ്ട്. മൂന്ന് കല്ലിങ്ങനെ.... അടുപ്പുംകല്ലുപോലെ, അതിൻെറ മുകളിൽ കൊട്ട കമത്ത്യപോലെ ഒരു വല്ല്യ കല്ല് മൂടിവെച്ചിട്ടുണ്ട്. അനവധി ആളുകൾ കാണാൻ വന്നിട്ടുണ്ട്. ഇപ്പോ... പിന്നെ കണ്ട് കണ്ട് ആളോൾക്കൊക്കെ മടുത്തുതൊടങ്ങീട്ടുണ്ട്'.

'അപ്പോൾ ഈ കുന്നിനു ചുററും വല്ല കുളമോ, കിണറോ ഉണ്ടോ ?'

'കൊളംന്നുപറഞ്ഞാ....ഇതിനു നാലുചുററും കൊളംണ്ട്. വടക്കേ അററത്തൊരു 'മുള്ളൻ' കൊളംണ്ട്. ഇതിൻെറ 'ലാസ്റ്റ്' അററത്തും കൊളാ. തെക്കഭാഗത്തൊരു കൊളംണ്ട്.

കാക്കശ്ശേരികുന്നിൻെറ ഏകദേശം മദ്ധ്യത്തിലായുള്ള 'മൂടാകല്ല്' ഞങ്ങൾ ചെന്നുനോക്കി. കുടക്കല്ലുകളുടെ ആകൃതിയാണതിന്. മൂന്ന് കൂർത്ത കല്ലുകൾക്ക മുകളിൽ കമഴ്ത്തിവെച്ച, അർദ്ധഗോളാകൃതിയിലുള്ള മറെറാരു കല്ല്.

....കാക്കശ്ശേരികുന്നിലെ ഭൂരിഭാഗം ആളുകളും അഭ്യസ്തവിദ്യരാണ്. തവനൂർ അഗ്രികൾച്ചറൽ സീഡ് ഫാമിലെ കൃഷിപ്പണിയാണ് കാര്യമായ വരുമാനം. കാക്കശ്ശേരികുന്ന് ഒരു മിത്തുപോലെ തോന്നി. കാക്കശ്ശേരികുന്നിലെ അമ്പതോളം വീട്ടുകാർക്ക് ഒരേ വീട്ടുപേരു്തന്നെ. 'കാക്കശ്ശേരികുന്ന്....' ഒരിക്കലും പിടികിട്ടാത്ത ഒരത്ഭുതംപോലെ കാക്കശ്ശേരികുന്ന് ഞങ്ങൾക്ക മുന്നിൽ നിറഞ്ഞുനിന്നു. മണ്ണും മനുഷ്യനും ഒന്നുചേരുന്ന സ്ഥലം ഇവിടെയാണ്. ചരിത്ര പുസ്തകങ്ങളോ, കഥകളോ പറഞ്ഞുതരാത്ത വിചിത്രങ്ങളായ സത്യങ്ങൾ........കാക്കശ്ശേരികുന്നിലെ നിവാസികൾക്ക് നാലു നാഴിക അകലെ നടക്കാറുള്ള മാമാങ്കത്തെക്കുറിച്ച് കേട്ടിട്ടുപോലുമില്ലെന്നുപറഞ്ഞപ്പോൾ ഞങ്ങൾ നിരാശരായി

കാക്കശ്ശേരികുന്നുവിട്ടിറങ്ങുമ്പോൾ, മനസ്സു നിറയെ അത്ഭുതം മാത്രമായിരുന്നു.. പാടവരമ്പുവരെ ബാബു ഞങ്ങളുടെ കൂട്ടിനുണ്ടായിരുന്നു. പിന്നെ യാത്ര പിരിയാൻനേരം പറഞ്ഞു

'പൊന്നാനിയ്ക്കു പോകുന്നതിനിടയിലായി 'കോട്ടത്തറയിലിറങ്ങിയാൽ, കുറെകൂടി കാര്യങ്ങൾ ശേഖരിക്കാൻ കഴിയും. ഭാരതപ്പുഴയ്ക്കടുത്തുതന്നെയാണ്. ബസ്സുകാരോട് പറഞ്ഞാൽ മതി....നിർത്തിത്തരും'.

□

കോട്ടത്തറയിലെത്തുമ്പോൾ ഉച്ചയാകാറായിരുന്നു. കോട്ടയിലേക്കുള്ള വഴി ചോദിച്ചപ്പോൾ ഒരു സ്ത്രീ പറഞ്ഞു.

'നേരെ പോയാമതി....കോട്ടകാണാം'

'കോട്ടയ്ക്കകത്ത് കയറാൻ പററ്വോ ?'

'പിന്നെന്താ ?... പണ്ടായിരുന്നെങ്കിൽ പടിപ്പുറത്തു നില്ക്കാനേ പററ്വോള്ളായിരുന്നു. ഇപ്പോ....എവിടെ വേണോങ്കിലും കേറിച്ചെല്ലാം.'

അങ്ങനെയാണ് ഞങ്ങൾ 'തിരുമലശ്ശേരി കോട്ട'യിൽ കയറിച്ചെന്നത്. അവിടെ കോട്ടയില്ല. കുറെ അവശിഷ്ടങ്ങൾ മാത്രം. ഒരു പഴയ അമ്പലം ഇപ്പോഴുമുണ്ട്. അവിടെതന്നെ, മറെറാരു കെട്ടിടത്തിൽ താമസിയ്ക്കുന്ന ടി. കെ. പരമേശ്വര രാജയാണ് ഞങ്ങളെ എതിരേററത്.

....വലിയ 'എട്ടുകെട്ട്'ള്ളതായിരുന്നു തിരുമലശ്ശേരി കോട്ട. അങ്ങിനെ ആ സ്ഥലം കോട്ടപ്പുറം എന്നറിയപ്പെട്ടു. കോട്ട ഉണ്ടായിരുന്ന കാലത്ത് ആ സ്ഥലം, വള്ളുവനാട് താലൂക്കിൽപെട്ടതായിരുന്നു. ഇപ്പോൾ പൊന്നാനി താലൂക്കാണ്....

നിളയെ കുറിച്ച് കഥകളറിയുന്ന ഒരു കൂട്ടുകാരൻ അദ്ദേഹത്തിനുണ്ട്. ഇപ്പോഴദ്ദേഹം സ്ഥലത്തില്ല. അതു് മററാരുമായിരുന്നില്ല, നിളയെ കുറിച്ച് ധാരാളമെഴുതിയിട്ടുള്ള സി. രാധാകൃഷ്ണനായിരുന്നു. ഞങ്ങളുടെ അടുത്ത താവളം പൊന്നാനിയാണെന്നു പറഞ്ഞപ്പോൾ, പൊന്നാനി ഹൈസ്കൂളിലെ റിട്ടയേർഡ് ഹെഡ് മാസ്റ്ററായ കൃഷ്ണ വാരിയരുടെ അഡ്രസ്സു തന്നു.

□

പൊന്നാനി എത്തുന്നതിന് മുമ്പായിരുന്നു ചമ്രവട്ടത്തെ അയ്യപ്പക്ഷേത്രം. നാലുഭാഗവും പുഴയാണ്. തോണികുത്തിയാണത്രെ ക്ഷേത്രത്തിലെ പൂജയ്ക്കുപോകുന്നത്.



പൊന്നാനി

—'എന്തുകൊണ്ടാണ് ഈ അയ്യപ്പക്ഷേത്രം പുഴയുടെ നടുവിൽ പ്രതിഷ്ഠിക്കപ്പെടാൻ കാരണം ?'—നെററിയിലും, നെഞ്ചിലും, ഇരു കൈകളിലുമായി വീതിയുള്ള ചന്ദനക്കുറിവരച്ച് അമ്പലത്തിൽനിന്നും മടങ്ങുന്ന ഒരു ഭക്തനോട് ഞങ്ങൾ ചോദിച്ചു.

'ഇതിന്റെ പിന്നിൽ പ്രസിദ്ധമായൊരു ഐതിഹ്യമുണ്ട്' അയാൾ പറഞ്ഞു തുടങ്ങി.

....ഭഗവാൻ അയ്യപ്പൻ ചെറുപ്പത്തിൽ ദേവേന്ദ്രനെ കാണാൻ യാത്ര പുറപ്പെട്ടു. അയ്യപ്പന് അല്പം വക്രതീഛായയുണ്ടെന്ന് ദേവേന്ദ്രന് പൂർണ്ണബോദ്ധ്യമുണ്ട്. 'ഈ വരവ് എങ്ങിനെയെങ്കിലും തടയണം'....അദ്ദേഹം നാരദനെ വിളിപ്പിച്ച് കാര്യം ബോധിപ്പിച്ചു. നാരദൻ, ചമ്രവട്ടപ്പുഴയുടെ അല്പം തെക്കുമാറി, പുഴയിലൂടെ നടന്നുവരുന്ന കുട്ടിഅയ്യപ്പനെ കണ്ടു. രണ്ടു പേരും പരസ്പരം വന്ദിച്ചു. അയ്യപ്പന്റെ യാത്രോദ്ദേശത്തെക്കുറിച്ച് നാരദൻ തിരക്കി,

'ദേവേന്ദ്രനെ കാണാൻ'—അയ്യപ്പൻ മറുപടി പറഞ്ഞു

—ചിലപ്പോൾ അദ്ദേഹം കുടുംബത്തെക്കുറിച്ച് ചോദിയ്ക്കും. അച്ഛനാരാണെന്ന് ചോദിച്ചാൽ എന്തു പറയും ?

'ശിവൻ'.

—അമ്മയാരാണെന്നു ചോദിച്ചാലോ ?

കുട്ടിഅയ്യപ്പന് ഉത്തരം മുട്ടി. വിഷ്ണു അമ്മയാണെന്നു പറയുന്നതെങ്ങിനെ ? പുരുഷനായ മഹാവിഷ്ണു എങ്ങിനെ അമ്മയാകും ? അങ്ങിനെ സംശയത്തോടെ നിന്ന സ്ഥലത്താണത്രെ അമ്പലം ഉണ്ടാക്കിയത്....

[]

പൊള്ളുന്ന വെയിലിൽ, പൊന്നാനിയിലെ പാത ഉരുകിയൊലിക്കുന്നു. നീണ്ട യാത്ര....... അതു് ഞങ്ങളുടെ മനസ്സിനേയും, ശരീരത്തേയും ഒരുപോലെ തളർത്തി. യാത്ര അവസാനിക്കാറായിരിയ്ക്കുന്നു.

ഇനി....

നിളയുടെ സംഗമം. അതുകൂടി കഴിഞ്ഞാലേ പൂർണ്ണതയിലെത്തൂ.

പൊന്നാനിയിലെ, ഈ തിരിക്കുപിടിച്ച ജനജീവിതത്തിനിടയിൽ ആരോട് കൃഷ്ണവാരിയരെക്കുറിച്ച് ചോദിക്കാൻ ? പൊന്നാനി എ. വി. ഹൈസ്കൂളിനു മുമ്പിലുള്ള പെട്ടിക്കടക്കാരനോട് അന്വേഷിച്ചു. അദ്ദേഹം കൈമലർത്തി. ഓരോ കടയിലും കയറിയിറങ്ങി. ഒടുവിൽ, വാസുദേവൻനമ്പൂതിരി പറഞ്ഞുതന്ന, മാതൃഭൂമി ഏജൻറായ സി. ഗോവിന്ദനെ കാണാൻ തീരുമാനിച്ചു. ഒരുപാടുനേരത്തെ കാത്തിരിപ്പിനുശേഷം, ഒരു പൊതുയോഗത്തിന്റെ അവസാനം അദ്ദേഹത്തെ ഞങ്ങൾ പരിചയപ്പെട്ടു. നിളയുടെ കഥകൾ അദ്ദേഹത്തിനജ്ഞാതമായിരുന്നു. അറിയാവുന്നതു് കേളപ്പജിയുടെ കൂടെ പ്രവർത്തിച്ചതും, ഗാന്ധിജിയെ കണ്ട കാര്യങ്ങളും മാത്രമായിരുന്നു. അദ്ദേഹത്തിൽനിന്നും, കൃഷ്ണവാര്യർ താമസിക്കുന്ന വീടിന്റെ ഏകദേശ സ്ഥാനം ചോദിച്ചറിഞ്ഞശേഷം, ഞങ്ങൾ തൃക്കാവിലേയ്ക്കു നടന്നു.

തൃക്കാവിലെ വളഞ്ഞു ചുററി കിടക്കുന്ന ഇടുങ്ങിയ പാതയിലൂടെ, ചോദിച്ചും വഴിതെററിയും ഒരാൽത്തറക്കു മുമ്പിലെത്തിച്ചേർന്നു. ആൽത്തറക്കു മുകളിലിരിക്കുന്ന ഒരു വൃദ്ധൻ ശ്രുഷ്ക്കിച്ച വിരലുകൾ ചൂണ്ടിക്കൊണ്ട് പറഞ്ഞു

'ഠാ....കാണുന്ന ആദ്യത്തെ വീട്'

അവസാനം, കൃഷ്ണവാര്യരുടെ വീട്ടുമുററത്തെത്തി. കൊഴിഞ്ഞുവീണ മാമ്പൂക്കൾ മുററം മുഴവൻ പരന്നുകിടക്കുന്നു. കൂടെ തേൻപുരണ്ട മാവിലകളും ഓടുമേഞ്ഞ വീടിനുചുററും, ഉറിയിൽ തൂക്കിയിട്ടിരിക്കുന്ന പൂച്ചട്ടികളിൽനിന്നും ഞാന്നുകിടക്കുന്ന തളിർവള്ളികൾ.

കോളിംഗ്ബെല്ലിൽ വിരലമർത്തി. അകത്ത് കിളി ചിലയ്ക്കുന്ന ശബ്ദം. ജനൽപ്പാളികൾ തുറന്ന്, കണ്ണടവെച്ച ഒരു സ്ത്രീ, ജനലഴികൾക്കിടയിലൂടെ മുഖം കാണിച്ചു.

—'സാറുണ്ടോ ?' ഞങ്ങൾ ചോദിച്ചു.

'ഇല്യല്ലോ....കാലത്തു് ഇരിങ്ങാലക്കുടയ്ക്ക പോയി.'

ഞങ്ങളുടെ സപ്ത നാഡികളും തളർന്നു. എങ്കിലും ഇതു് ആദ്യത്തെ അനുഭവമല്ലാത്തതിനാൽ ഞങ്ങൾ തിരിച്ചുനടന്നു. ആൽമരത്തിനു സമീപത്തെത്തിയപ്പോൾ, നേരത്തെ കണ്ട വൃദ്ധൻ തന്റെ പ്ലാസ്ററിക്ക് പൊതിയഴിച്ച് മുറുക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു.

ഞങ്ങളെ കണ്ടപ്പോൾ ചോദിച്ചു.

'ന്താ....കണ്ടോ ?'

'ഇല്ല....അദ്ദേഹം സ്ഥലത്തില്ലത്രെ'. പിന്നെ തെല്ലിടെ നിർത്തി ഞങ്ങൾ ചോദിച്ചു.

'ഇവിടത്തെ ഭാരതപ്പുഴയെക്കുറിച്ച്....നിങ്ങൾക്കെന്തെങ്കിലും കഥകളോ.... ...ഐതിഹ്യങ്ങളോ അറിയുമോ ?'

വെററില ചവയ്ക്കുന്നതിനിടയിൽ അദ്ദേഹം എന്തോ ഓർത്തുകൊണ്ടിരുന്നു. പിന്നെ പതുക്കെ പതുക്കെ പറഞ്ഞു തുടങ്ങി.

'ഇവിടന്ന് നേരെ പോയാൽ *'അയിക്കടവെ'ന്നും പറയും; 'പള്ളിക്കടവെ'ന്നും പറയും വടക്കന്നിങ്ട് വരും മഞ്ച്. വന്നണയാ....ഈ പള്ളീടുത്താ. അതാണ് പള്ളിക്കടവ്. അവിടന്നങ്ട് പടിഞ്ഞാട്ടുപോയാൽ അതാണ് പിന്നെ അയിക്കടവ്. അതു് കടലിന്റെ മൊഖത്താ, ഈ അയിക്കടവിന്റെ മൊഖത്തു കൂട്യാണ് മഞ്ച് പുക്ാ....മനസ്സിലായിട്ടുണ്ടോ ? ഒതെ അങ്ങ്ട് വരും. എവ്ട്ക്കീ....?അപ്പൊ മഞ്ച് വഴി തെററി പുകും.... കടലിലിക്ക്. ഭാഗ്യംപോലെ കിട്ടുന്നു് വെച്ചോളിൻ. അവടെ നൂലിട്ടാ....നൂലിന് നെലീല്ലാത്ത സ്ഥലാണേയ്. എവിടെ ?........അയിമുഖത്തു്. അത്ര ആഴൊള്ള സ്ഥലാണ്. അവടങ്ട് വിട്ടാ....പോകൊന്നെ. പടച്ചോന്റെ ഭാഗ്യണ്ടെങ്കീ കിട്ടും. ചമ്രവട്ടത്തെ അയ്യപ്പനുള്ള വഴിപാടും പൊഴേലിടാ....പള്ളീലിക്കുള്ള വഴിപാടും പൊഴേലിടാ. എവ്ടെ ഇട്ടാലും ഓരങ്ങ്ട് കൊണ്ടോകും. വടക്കന്ന് ങ്ട് വരുമ്പോ....മഞ്ച് അടിതെററീ

*അഴിക്കടവ്

ട്ട്ണ്ട്ന്ന്ച്ചാല് നെഞ്ചത്തടിച്ച പ്രാർത്ഥിച്ചാൽ ഒരപായോം വര്ല്ല'.

—'അവിടെ വല്ല അപായവും ഉണ്ടായിട്ടുണ്ടോ ?'

'ഒരിക്കല് മഞ്ച് മറിഞ്ഞ്, അടിതെററി....കടലീപോയി.'

—'ആരെങ്കിലും തിരിച്ചു വന്നിട്ടുണ്ടോ ?

അതു്ണ്ടായിട്ടില്ല'

—'ഇവിടെയുള്ള അമ്പലത്തിൻെറ പേരെന്താണ് ?'

'തൃക്കാവമ്പലം'

അപ്പോഴാണ് ടേപ്പ്റെക്കോർഡറിൻെറ സ്വിച്ച് ഓണാകുന്നതും ഓഫാകുന്നതും അദ്ദേഹത്തിൻെറ ശ്രദ്ധയിൽ പെട്ടതു്.

'ആ....ഇനി ഒന്നും പറേ്ല്ല........ ങ്ങ്ള്........ശബ്ദം പടിക്ക്ണ്ണ്ണ്ടല്ലേ ? ഇതില് പറേണങ്കി സത്യം പറേണം....തെ്ാക്കെ....കഥ്യാ'

—'അപ്പോഠ........നമ്മുടെ പേരുപറഞ്ഞില്ലല്ലോ ?

'അപ്പുക്കുട്ടിനായരു്'.

സ്വയം ചോദ്യം ചോദിക്കുകയും, അതിനു് ഉത്തരം പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന അപ്പുക്കുട്ടിനായരുടെ കഥകഠ കൃഷ്ണവാര്യരുടെ അഭാവം ഇല്ലാതാക്കിത്തീർത്തു.

☐

പൊന്നാനി ജില്ലാ കോടതിവളപ്പിനു്, ഇരുവശങ്ങളിലൂടെയുള്ള പാത ചെന്നവസാനിക്കുന്നതു് കടപ്പുറത്താണ്. ഉപ്പിൻെറ നനവുംപേറി വരുന്ന കാററിൽ, മീനിൻെറ ഗന്ധവുമുണ്ടായിരുന്നു. കോടതിയ്ക്കു്, തെക്കുകിഴക്കോട്ടു മാറിയാണ്, പച്ചപ്പെയിൻറടിച്ച് തലയുയർത്തിനില്ക്കുന്ന 'വലിയ ജുമാ അത്ത് പള്ളി'. ഞങ്ങഠ പള്ളിയ്ക്കകത്തേയ്ക്കു കയറിച്ചെന്നു. അവിടത്തെ ഇസ്ലാം സഭയുടെ നേതൃത്വത്തിലിരിയ്ക്കുന്ന ആളെ കാണാൻ കഴിഞ്ഞില്ലെങ്കിലും, അല്പം അറിവും പരിചയവുമുള്ള 'സുലൈമാൻ മുസലിയാരെ' പരിചയപ്പെട്ടു. അങ്ങിനെയാണ് ആ പള്ളിയെക്കുറിച്ചും, കടപ്പുറത്തെക്കുറിച്ചുമുള്ള കുറച്ചുകാര്യങ്ങഠ അദ്ദേഹം പറഞ്ഞുതന്നതു്.

....ചമ്രവട്ടം മുതൽ കടലിൽ ചേരുന്നതുവരെയുള്ള ഭാരതപ്പുഴയുടെ ഭാഗത്തിനെ 'പൊന്നാനിപ്പുഴ'യെന്നു വിളിക്കുന്നു. പൊന്നാനിപ്പുഴയിലെ പള്ളിക്കടവിലെ ആരാധന 'അവുലിയാക്കർ' ആണ്. 'മഊനത്തുൽ' ഇസ്ലാം സഭയോടനുബന്ധിച്ച 'വലിയ ജുമാ അത്ത്' പള്ളിയിൽ വെച്ചാണ് *'തൊപ്പിയിടൽ' കർമ്മം നിർവ്വഹിക്കുന്നതു്. ഏകദേശം 500 വർഷത്തെ പഴക്കമുണ്ട് ഈ പള്ളിയ്ക്കു്. അതിനും മുമ്പ് ഈ പള്ളിയുടെ സ്ഥാനത്തു് ഒരമ്പലമായിരുന്നു. അതിലെ പൂജാരിയുടെ മകഠക്ക്, ഒരു മാരകമായ രോഗം പിടിപെട്ടു. എല്ലാ പ്രാർത്ഥനകളും നിഷ്ഫലമായപ്പോഠ, ഒടുവിലദ്ദേഹം ദൈവീകമായ കഴിവുള്ള 'സൈനുദ്ദീനെ' സമീപിച്ചു. അങ്ങിനെ സ്വന്തം പുത്രിയുടെ രോഗം ഭേദമാകുകയും ചെയ്തു. തുടർന്നു്, നിലവിലുണ്ടായിരുന്ന അമ്പലം പൊളിക്കുകയും, ലോകപ്രസിദ്ധനായ 'സൈനുദ്ദീൻ മഖ്ദൂം' അവിടെ പള്ളി സ്ഥാപിയ്ക്കുകയും ചെയ്തു. പക്ഷേ, അമ്പലമുററത്തുണ്ടായിരുന്ന ആൽമരം മുറിയ്ക്കാൻ സാധിച്ചില്ല. കാററും, പേമാരിയും പ്രകമ്പനംകൊള്ളിച്ച ഒരു രാത്രിയിൽ ആൽമരം സ്വയം കടപുഴകിവീഴുകയും, പിന്നീടതു് സമുദ്രത്തിനടുത്തായി കരയ്ക്കടിയുകയും ചെയ്തു. അന്നുമുതൽ ആ സ്ഥലത്തിന് 'മരക്കടവ്' എന്ന പേരു് ലഭിച്ചു. ഇതിൽ ഭയന്നു്, സൈനുദ്ദീൻ, മൂന്ന് നാഴിക അകലെ, പള്ളിയ്ക്കു നേരെയായി ഒരമ്പലം പണിയാനുള്ള സ്ഥലം കൊടുക്കുകയും, അങ്ങിനെ 'തൃക്കാവമ്പലം' രൂപംകൊള്ളുകയും ചെയ്തു....

........ വലിയ ജുമാ അത്ത് പള്ളിയ്ക്ക് ഏഴു നിലയാണുള്ളതു്. അതു് പണിചെയ്തുകൊണ്ടിരുന്ന ആശാരി, പള്ളിയുടെ പണി പൂർത്തിയാക്കിയശേഷം, അതിൻെറ ഏഴാം നിലയിൽ കയറിനോക്കിയപ്പോഠ 'മക്ക' കണ്ടുവെന്നും, അതുകണ്ട് ബോധരഹിതനായി ഏഴാംനിലയിൽ നിന്നും, താഴെവീണുമരിയ്ക്കുകയും ചെയ്തത്രേ! മരിച്ച ആശാരിയുടെ മൃതദേഹം, പള്ളിത്തൊടിയിൽതന്നെ കബറടക്കി. എന്നൊക്കെയാണ് അവിടുത്തെ ഐതിഹ്യം........

സുലൈമാൻ മുസലിയാരോട് നന്ദി പറഞ്ഞു് ഞങ്ങഠ, നിളയുടെ സംഗമസ്ഥലം ലക്ഷ്യമാക്കി നടന്നു. മത്സ്യ വില്പനക്കാരുടേയും, ലേലം വിളിയ്ക്കുന്നവരുടേയും തിരക്കു് സമുദ്രംപോലെത്തന്നെ നിറഞ്ഞുനിന്നിരുന്നു. ചീഞ്ഞ മീനിൻേറയും കറുത്ത ചേറിൻേറയുംകൂടിക്കുഴഞ്ഞുള്ള ഗന്ധം. പരന്നുകിടക്കുന്ന മണലിൽ, മത്സ്യം ഉണക്കുന്നവരുടേയും, അതു് ചാക്കിൽ കെട്ടിനിറയ്ക്കുന്നവരുടേയും തിരക്കു്. ഇതിനിടയിലൂടെ, ഈച്ചകഠകൊണ്ടു പൊതിഞ്ഞ തണ്ണിമത്തൻ വില്പനക്കാരും, ഐസ്ഫ്രൂട്ട് വില്പനക്കാരും ഊളിയിട്ടു നടക്കുന്നു. വള്ളങ്ങളുടെ തണലിലിരുന്ന് വല നന്നാക്കുന്നവരുടെ മുഖത്തു്, കൊയ്യാൻ പോകുന്ന ചാകരയുടെ സ്വപ്നം. വിവിധ നിറങ്ങളിലുള്ള കൊടികഠ ഉയർത്തിക്കെട്ടിയ ബോട്ടുകളുടെ നീണ്ട നിര, അധികം ഒഴുക്കില്ലാത്ത വെള്ളത്തിൽ ഇളകിയാടിക്കൊണ്ടിരിയ്ക്കുന്നു. ചെറിയ വള്ളത്തിലിരുന്ന് തുഴഞ്ഞുകളിയ്ക്കുന്ന കറുത്തിരുണ്ട കുട്ടികഠ. ജലപ്പരപ്പിനുമുകളിലൂടെ ആഹ്ലാദം പങ്കുവെയ്ക്കുന്ന കടൽകാക്കളുടെ ആയിരങ്ങഠ! അവിടവിടെയായി കൂട്ടത്തോടെ കഴുകൻമാരും, പരുന്തുകളും.

പുഴയേയും കടലിനേയും വേർതിരിയ്ക്കുന്നതു് ഒരു വലിയ മണൽപ്പരപ്പാണ്. പുഴ, കടലിൽ ചേരുന്നതിനു മുമ്പായി ഒരു തടാകംപോലെ പരന്നു കിടക്കുന്നു. വെള്ളം എങ്ങോട്ടാണ് ഒഴുകുന്നതെന്നു പറയാൻ പ്രയാസം. ഒരു വലിയ ചുഴിപോലെ വട്ടത്തിൽ തിരിഞ്ഞുകൊണ്ടിരിയ്ക്കുന്നു. മണലിലൂടെ നടന്നു്, ഞങ്ങഠ, പുഴയുടെ പ്രവേശന കവാടത്തിലെത്തി. ഏതാണ്ട് പത്തു് മീററോളം വീതിയും, ഇരുപതു മീററോളം നീളവുമുള്ള ഒരു വലിയ ചാൽ. അതിലൂടെ, 'നൂലിട്ടാൽ... നൂലിന് നിലയില്ലാത്തത്ര' ആഴത്തിൽ ആർത്തലച്ചൊഴുകി, നിള കടലിൽചേരുന്നു.

---

*മതം മാററുമ്പോഠ ചെയ്യുന്ന ഒരാചാരം.

ഉംക്കടലിൽനിന്നും, മീൻപിടിച്ച വരുന്ന ബോട്ടുകരം, പുഴയിലേയ്ക്ക കയറിവരുന്നതു് ഈ പ്രവേശന കവാടത്തിലൂടെയാണ്.

നിള........ നിള അമ്മയാണ്........

ഇരു കരകളിലുമുള്ള സകല ചരാചരങ്ങരംക്കും പാലമൂട്ടുന്ന അമ്മ........

ആ.... അമ്മ.... ഇവിടെവെച്ച് ഞങ്ങരംക്ക് നഷ്ടപ്പെടുന്നു. ഞങ്ങളോടൊന്നും പറയാതെ........ എല്ലാം മറന്നു്........ കടലിലേയ്ക്ക് സ്വയം അലിഞ്ഞുചേരുന്നു. ഇനിയും ഒരു കഥപോലും പറഞ്ഞുതരാതെ ....... പറയാത്ത പല കഥകളും ഉള്ളിലൊതുക്കിയൊഴുകുന്ന ആ.... അമ്മ,.... ഇവിടെവെച്ച് ഞങ്ങളുടെ ആരുമല്ലാതായിത്തീരുന്നു.......

നീണ്ട യാത്രയുടെ തളർച്ചയകററാൻ കടലിൽ ലയിച്ചുചേരുന്ന നിളയെനോക്കി കടൽപ്പുറത്ത് ഞങ്ങളിരുന്നു. നിളയും ഞങ്ങളോടൊപ്പം യാത്ര ചെയ്യുകയായിരുന്നല്ലോ, നീണ്ട യാത്ര. ഒടുവിൽ ടേപ്റെക്കോർഡറിലും ക്യാമറയിലും, മനസ്സിലുമായി ഞങ്ങരം പകർത്തിയത് എന്തൊക്കെയാണെന്നു് ഞങ്ങരം ഓർക്കാൻ ശ്രമിച്ചു. നിളയുടെ കഥകരം മുഴുവൻ ഞങ്ങരംക്ക കിട്ടിയിട്ടുണ്ടാവുമോ? ഇല്ല. ഇനിയും എത്രയെത്ര കഥകരം നിളക്ക പറയുവാനുണ്ടാകും? എത്രയെത്ര സംഭവങ്ങരം വിസ്മൃതിയിലാണ്ട് കിടപ്പുണ്ടാകും? നമ്മുടെ സംസ്ക്കാരത്തിൻെറ വേരുകരം നദീതടങ്ങളിൽനിന്നുപോലും മായാൻ തുടങ്ങിയിരിക്കുന്നു. എല്ലാം പ്രവാഹമാണ്. നിളപോലെ ജീവിതംപോലെ കാലത്തിൻെറ അനസ്യൂതമായ പ്രവാഹം. അതിനിടയിൽ കൈവിട്ടുപോകുന്ന നന്മകളെക്കുറിച്ചോർത്ത് ദുഃഖിക്കുന്നതിലർത്ഥമില്ല, എങ്കിലും അറിയാൻ, മാപ്പുസാക്ഷികളില്ലാതെ മരിച്ചുപോകാതിരിക്കാനെങ്കിലും ഒരു ശ്രമം....... ചുററും ഇരുരം വീണുതുടങ്ങിയപ്പോരം ഞങ്ങരം എഴുന്നേററു. പിന്നെ കടലിനോട് യാത്ര പറഞ്ഞു.

നിളയോട് യാത്ര പറഞ്ഞു.

മലയാളമണ്ണിൻെറ അമ്മയോട് യാത്ര പറഞ്ഞു.

മനസ്സിൽ ഇരുളിനോടൊപ്പം നിറയുന്നത് നൊമ്പരമാണെന്നറിഞ്ഞപ്പോരം നിളയുടെ സ്നേഹാർദ്രമായ മനസ്സെന്തെന്നു് ഞങ്ങരം തിരിച്ചറിഞ്ഞു.



ഫീച്ചർ തയ്യാറാക്കിയത്: വിശ്വനാഥൻ സി. കെ.

സഹായികരം : ഗിരീഷ് വർമ്മ, പ്രദോഷ്, നമ്പൂതിരി.

സഹകരിച്ചവർ : ബ്രിജിററ്, മൈക്കൽ, ബാവുട്ടിക്ക, തവനൂരില്ലത്തെ വാസുദേവൻ നമ്പൂതിരി കെ. സി. വി. രാജ, ജെയിംസ്, കാക്കശ്ശേരിക്കുന്നിലെ കുഞ്ഞുട്ടൻ, ബാബു, പരമേശ്വര രാജ, അപ്പുക്കുട്ടി നായർ, സുലൈമാൻ മുസലിയാർ, വഴി പറഞ്ഞുതന്ന, കിടക്കാനിടം തന്ന നല്ലവരായ പുഴയോര ഗ്രാമവാസികരം...........





ജീവിതത്തിന്റെ ക്യാൻവാസിലേക്ക് കുറേ വർണ്ണങ്ങൾ മാത്രം കടഞ്ഞിട്ട് പ്രദീപ് കടന്നുപോയി. അങ്ങനെ സ്വാർത്ഥതയും കാപട്യവുംനിറഞ്ഞ ഈ ലോകത്ത് ആ ചിത്രം പൂർണ്ണമാക്കാൻ പ്രദീപിനെ കൊണ്ടായില്ല. പ്രദീപിന്റെ ഓർമ്മക്കുമുൻപിൽ നിഷ്ക്കളങ്കതയുടെ കുഞ്ഞുകൈകൾ ചിത്രങ്ങൾ വരച്ചു. മിഠായി നുണഞ്ഞു പുഞ്ചിരിച്ചു. സമ്മാനങ്ങൾക്കായ് കൈകൾ നീട്ടി. ഹോബി സെന്റർ സംഘടിപ്പിച്ച സ്കൂൾ കുട്ടികൾക്കായുള്ള പ്രദീപ് മെമ്മോറിയൽ ചിത്രരചനാമത്സരം കാമ്പസ്സിന് ഒരിക്കലും മറക്കാനാവാത്ത ഒരനുഭവമായിരുന്നു. എൺപത്തിയഞ്ചാം വർഷ വിദ്യാർത്ഥികളാണ് ഈ മത്സരങ്ങൾക്കായുള്ള ട്രോഫി ഏർപ്പെടുത്തിയത്. വരും കാലങ്ങളിലും ഇത് തുടർന്ന് സംഘടിപ്പിക്കപ്പെടുമെന്ന് നമുക്ക് പ്രത്യാശിക്കാം........



# മരിക്കാത്ത വരകളും, വർണ്ണങ്ങളും



ആർട്സ് ക്ലബ്ബ് ഉൽഘാടനം
ചലച്ചിത്ര സംവിധായകൻ
പവിത്രൻ നിർവ്വഹിക്കുന്നു.



മലയാള മണ്ണിന്റെ ഉൾത്തുടിപ്പുകൾ അലിഞ്ഞു ചേർന്ന് പ്രാക്തന കലാരൂപങ്ങൾക്ക് ഏപ്രിൽ 7, 8, 9, എന്നീ തിയ്യതികളിൽ ആർട്സ് ക്ലബ്ബ് വേദിയൊരുക്കുകയുണ്ടായി. നമ്മുടെ കാമ്പസിൽ ഇതിനു വേണ്ടത്ര പ്രാധാന്യം ലഭിക്കാതെ പോയത് യാന്ത്രികതയുടെ കുത്തൊഴുക്കിൽ ആസ്വാദനത്തിന്റെ തലങ്ങൾ നഷ്ടമാകുന്നതുകൊണ്ടായിരിക്കണം.

നിരീക്ഷകന്റെ മൊഴികൾ

## ഇൻററർ ക്ലാസ്സ് ഡ്രമാററിക്സ്



ഒന്നാം സ്ഥാനം നേടിയ 84 ബാച്ചിന്റെ നാടകത്തിൽനിന്ന്.



രാജീവ് കെ.
നല്ല നടൻ

രണ്ടുമണിക്കൂർ നേരംകൊണ്ട് പരീക്ഷിക്കാവുന്നതാണോ ഒരു ബാച്ചിന്റെ സർഗ്ഗാത്മകത? ഇതിനിടയിൽ രാഷ്ട്രീയ ചേരിത്തിരിവുകളും സ്പർദ്ധകളും മൂലം പലരും തഴയപ്പെടുന്നു. പുതിയ സൃഷ്ടികൾക്ക് ജന്മം ലഭിക്കുന്ന Variety Entertainments ആണ് ഒരേ ഒരു നേട്ടം.



രണ്ടാം സ്ഥാനം നേടിയ 87 ബാച്ചിന്റെ ഒപ്പനയിൽനിന്ന്.



ചന്ദ്രശേഖരൻ പി. പി.
പ്രച്ഛന്നവേഷം ഒന്നാംസ്ഥാനം



85-ാം വർഷ വിദ്യാർത്ഥികൾ അവതരിപ്പിച്ച സംഘഗാനത്തിൽനിന്ന്

പഠന ഭാരങ്ങൾക്കിടയിൽ നഷ്ടപ്പെട്ടു പോകാനിടയുള്ള കലാവാസനകൾക്ക് അല്പനേരത്തേക്കെങ്കിലും ജീവൻ നൽകാൻ ഇന്റർ ക്ലാസ്സ് ഡ്രാമാററിക്സിനു കഴിയുന്നു. പല ബാച്ചുകളും ഇതിനെ ഗൗരവപൂർവ്വം എടുക്കാത്തത് എന്തുകൊണ്ടാണെന്ന് ഇനിയും മനസ്സിലായിട്ടില്ല.



പത്മജ പി. ബി.
ലളിതഗാനം-ഒന്നാം സ്ഥാനം



86-ാം വർഷ വിദ്യാർത്ഥികൾ അവതരിപ്പിച്ച സംഘഗാനത്തിൽനിന്ന്

## നിരീക്ഷകൻെറ മൊഴികൾ



82-ാം വർഷ വിദ്യാർത്ഥികളവതരിപ്പിച്ച രംഗാവിഷ്കാരം.

സംഗീതത്തിൻെറ, നൃത്തത്തിൻെറ, അഭിനയത്തിൻെറ പൊലിമയുള്ള കുറച്ചു നിമിഷങ്ങളെങ്കിലും സമ്മാനിക്കാൻ ഓരോ ബാച്ചിനും കഴിയണം. നൃത്തത്തിനും, സംഗീതത്തിനും വേണ്ടത്ര പരിശീലന സൗകര്യം ലഭിക്കാതെ പോകുന്നത് ദൗർഭാഗ്യകരമാണ്.



83-ാം വർഷ വിദ്യാർത്ഥികളുടെ നാടകം.



ബിന്ദു കെ. ഡി.
സിംഗിൾ ഡാൻസ്-ഒന്നാം സ്ഥാനം

## കലോൽസവ്—88



സ്വാതന്ത്ര്യസമരംഗത്തേക്ക് പുതിയ കുതിപ്പുകൾ.....

ഗാന്ധിജയന്തി ദിനത്തിൽ NSS പീച്ചിയിൽവെച്ചുനടത്തിയ കുട്ടികളുടെ ഓട്ടമത്സരം



## നിരീക്ഷകന്റെ മൊഴികൾ

ആവേശമുതിർക്കുന്ന ആർപ്പുവിളികൾ........വിജയഭേരികൾ..... ..
സജീവമാകുന്ന കളിക്കളങ്ങൾ........ കായികരംഗത്തെ
പുതിയ കുതിപ്പുകൾ........





പ്രദോഷ്കുമാർ
ജന. ക്യാപ്ററൻ

അശ്വാരൂഢവിഭാഗംകൊണ്ട് ഏറെ ജനശ്രദ്ധ പിടിച്ചുപററുന്ന
വെററിനറി കോളേജിലെ N.C.C. വിജയപാതയിലൂടെ മുന്നോട്ട്........ ...



രാജീവ് ടി. കെ.
സി.എസ്. യു.ഒ.





കോളേജ് ദിനാഘോഷത്തിലെ
മുഖ്യാതിഥി,
ശ്രീ. ഇയ്യങ്കോട് ശ്രീധരൻ



കോളേജ് ദിനാഘോഷത്തിലെ കലാപരിപാടികളിൽ
നിന്ന്.

# Panacur®

## THE WORMBEATER

Broad-
spectrum
SAFE and
EFFECTIVE
anthelmintic

ALSO AVAILABLE AS BOLI






**hard on worms soft on host**

**Hoechst India Limited**
Hoechst House, Nariman Point, Bombay-400 021

**Hoechst**

*For the first time in India*

# WORLD'S THINNEST CONDOMS
# MOODS

*Skin-thin luxury condoms*

*....Nothing else comes close enough*

A product from:

**HINDUSTAN LATEX LIMITED**
(A Government of India Undertaking)
TRIVANDRUM-695 012

***With best compliments from :***

# BINS COLOR LAB

**KURUPPAM ROAD, TRICHUR-1**

# SARABHAI CHEMICALS

SARABHAI*

SARABHAI

## VETERINARY AND ANIMAL HEALTH PRODUCTS

### ANTIBACTERIALS

**INJECTABLES**
CRYS-4 Large Dose
CRYS-40
DICRYSTICIN-S Large Dose
PENICILLIN G. PROCAINE IN OIL
OXYSTECLIN
OXYVET-LA

**POWDERS**
DOXYTERIN-DS
ZINTRIM-DS

**BOLUSES**
CHQ-BOLUS
STECLIN BOLUS
SULPHA BOLUS

**INTRAMAMMARY OINTMENT**
PENDISTRIN-SH

### VETERINARY SPECIALITIES

**INJECTABLES**
BELAMYL
BOROCALCINATE
BOROMAG
ESGIPYRIN-N
SIQUIL
VETADE
VETALOG

**OTHERS**
BOVIRUM BOLUS

**CURAMINTH**
CURAMINTH-L
HEXACHLOROETHANE
DISPERSIBLE POWDER
IODYL OINTMENT
MAGGOCIDE CREAM
PIPERAZINE HEXAHYDRATE
LIQUID 61%

### NUTRITIONAL PRODUCTS

MILKMIN
MILKMIN WITHOUT SALT
(ISI SPECIFICATIONS)
SUPPLESOL-B
SUPPLEVITE-M
SUPPLIMIN
SUPPLIMIN
(ISI SPECIFICATIONS)

### GROWTH PROMOTERS

CHQ-60
PROFIDONE-200

### ANTICOCCIDIAL

COCCIWIN

25 YEARS
SERVICE TO THE VETERINARY PROFESSION AND FARMING COMMUNITY

## SARABHAI CHEMICALS

A Division of
Ambalal Sarabhai Enterprises Ltd.
Wadi Wadi, Baroda - 390 007.

SCV-A-289

# VIMIN

(A complete animal feed suppliment with superior quality at favourable price)

VIMIN

Meets the Demand

BOTH

Macro & Micro Nutrients

BOTH

Minerals and Vitamins

## Cheerans Lab (P) Ltd.

ANIMAL HEALTH DIVISION

**TRICHUR-680 001**

---

## തൃശൂർ മൊത്തവ്യാപാര സഹകരണ ഉപഭോക്തൃ സ്റ്റോർ ലിമിറ്റഡ് നമ്പർ 239

തൃശൂർ-680 001

വൃത്തിയായി പാക്കറ്റുകളിലാക്കിയ പലചരക്ക് സാധനങ്ങളും, സ്റ്റേഷനറി, സ്റ്റീൽ. അലുമിനീയം
മുതലായവ അവരവരുടെ ഇഷ്ടാനുസരണം തെരഞ്ഞെടുക്കുന്നതിന്

സന്ദർശിക്കുക:

**സെൽഫ് സർവ്വീസ് കൗണ്ടർ**

ഡിപ്പാർട്ട്മെന്റ് സ്റ്റോർ, ബസ്സ്സ്റ്റാന്റ് കെട്ടിടം
കിഴക്കേ കോട്ട ബ്രാഞ്ച്

സ്കൂൾ കുട്ടികൾക്കാവശ്യമുള്ള നോട്ടുബുക്കുകൾ, യൂണിഫോറം തുണികൾ,
വളരെ മിതമായ വിലക്ക് വിൽപ്പന നടത്തുന്നു

നവീന തുണിത്തരങ്ങൾ, പ്രസന്റേഷൻ സെറ്റുകൾ, ടി. വി. സെറ്റുകൾ, ഇലക്ട്രിക്ക് ഉപകരണങ്ങൾ
ചപ്പൽസ്, ലെതർ ആന്റ് പ്ലാസ്റ്റിക് ഉപകരണങ്ങൾ മുതലായവ മിതമായ വിലക്ക് ലഭിക്കുന്നതാണ്

**പി. എൻ. ശ്രീധരൻ നായർ**
(പ്രസിഡണ്ട്)

**കെ. രാധാകൃഷ്ണൻ**
(മാനേജിംഗ് ഡയറക്ടർ)

ഫോൺ : 22792

മരീന . . . . മരീന . . . . മരീന

വാടകക്ക് തയ്യാർ

പുതിയ കസേര, മേശ, ചെമ്പ് പാത്രങ്ങൾ, സ്ററീൽ പാത്രങ്ങൾ, ബിരിയാണി ചെമ്പ്, വാർപ്പ് ഉരുളി, കാത് ചെമ്പ്, ടാർപാളിൻ മുതലായവക്ക്

സമീപിക്കുക

**മരീനാ ഏജൻസീസ്**

ഷൊർണ്ണൂർ റോഡ്,

തൃശൂർ-1

N. B.: കൂടാതെ കെ. എസ്. കാലിത്തീററയും, ജേഴ്സി കൊപ്രപിണ്ണാക്കും കമ്പനിവിലക്ക് ലഭിക്കുന്നതാണ്

---

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

**ആര്യവൈദ്യശാല, കോട്ടക്കൽ**

ഋഷിപ്രോക്തവും. അനാദിയുമായ ആയുർവ്വേദ സിദ്ധാന്തങ്ങളെ കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്തി ലോകശ്രദ്ധയെ ആകർഷിച്ചു.

സ്ഥാപിതം 1902

ഇവിടെ
* ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമ്മിക്കുന്നു.
* നവീന സൗകര്യങ്ങളോടുകൂടിയ ഇവിടുത്തെ നർസിങ്ങ്ഹോമിൽ വസ്തി. നസ്യം, മുതലായ പഞ്ചകർമ്മങ്ങളും. ധാര, പിഴിച്ചിൽ, നവരക്കിഴി മുതലായ മററു സ്നേഹ സ്വേദകർമ്മങ്ങളും നിർവ്വഹിച്ചു കൊടുക്കുന്നു.
* അവശർക്ക് ആശ്വാസകേന്ദ്രമായ ധർമ്മാസ്പത്രി നടത്തുന്നു.
* ആയുർവ്വേദകോളേജിന്റെ നടത്തിപ്പിന്ന് ധനസഹായം നൽകി ആയുർവ്വേദവിദ്യാഭ്യാസത്തിന്ന് പ്രചോദനം നൽകുന്നു.

അഡ്രസ്സ്:

**ആര്യവൈദ്യശാല, കോട്ടക്കൽ**

ഹെഡ്ഓഫീസ് ഫോൺ: 216 (PMBX) പിൻകോഡ് 676503

ബ്രാഞ്ചുകൾ: കോഴിക്കോട്ട്, പാലക്കാട്, തിരൂർ, ഈറോഡ്, എറണാകുളം, തിരുവനന്തപുരം, മദിരാശി, കണ്ണൂർ കോയമ്പത്തൂർ, ആലുവ, ന്യൂ ഡൽഹി-49

കൂടാതെ 350ൽപരം അംഗീകൃത ഏജൻസികളും

Tele : CHEMIND

Phone: 22973

# CHEMIND

Laboratory Chemicals Equipments & Glasswares

XXIX/125 Chemind House, Machingal Lane
M. G. ROAD, TRICHUR-1
(Approved Govt. Contractors)

*Authorised Stockists for :*

BDH, MERCK, GLAXO, SARABHAI
M CHEMICALS SISCO, NICE,
ORTHO DIAGNOSTES ETC.

*Dealers in :*

INDIAN & IMPORTED CHEMICALS
BOROSIL(R) GLASSWARES

*Our Associates :*

6/955, Bhaskar Buildings
Red Cross Road
CALICUT

G/10 Daya Priya Buildings
College Road
PALGHAT-1

*Best compliments of*

# FASHION FABRICS

**TRICHUR**

**KEFELONG INJECTION** **BROAD SPECTRUM ANTIBIOTIC**

Research Product From Glaxo. U. K.
The real breakthrough in serious infections.

1. Kills 100% bacteria within 24 hours
2. Most effective in soft tissues and bone infections
3. Active against Penicillin resistant staphylococci and certain B-Lactamase producing organisms
4. Most effective in Mastitis, Pneumonia, HS and BQ

DOSE
10mg/kg body weight

PACKS
2 × 0.5gm
2 × 1.0gm

## AGRIVET FARM CARE

A DIVISION OF

## GLINDIA LIMITED (GLAXO)

Dr. A. B. ROAD, WORLI, BOMBAY-400 025

*With Best Compliments From :*

# Mysore Feeds Limited

**REGD. OFFICE :**

**283/284, OLD THARAGUPET, BANGALORE-560053**

Phone : 71471 PP

**FACTORY :**

**NAYANDAHALLI, MYSORE ROAD, BANGALORE-560039**

Phone : 601190

Grams : "MYFEEDS" Telex : 0845-2356

*Manufacturers of :*

"MILK CAN" Brand Cattle Feed
"BASKET" Brand Poultry Feed
"BASKET" Brand Pig Feed

കൂടുതൽ പാലിന് കാലികൾക്കുള്ള

സമ്പൂർണ്ണാഹാരമാണ്

# കെ. എസ്.

കെ. എസ്; കെ. എസ്. സൂപ്പർ, കെ. എസ്. ഡീലക്സ് വെല്ലററ്സ്
എന്നീ കെ. എസ്. ഉൽപ്പന്നങ്ങളും ജഴ്സി ബ്രാൻറ് കൊപ്രാപിണ്ണാക്കും
കേരളത്തിൽ എല്ലായിടത്തും വിതരണം ചെയ്യുന്നു

നിർമ്മാതാക്കൾ:

# കേരള സോൾവെൻറ്

## എക്സ്ട്രാക്ഷൻസ് ലിമിററഡ്

സോൾവെൻറ് റോഡ്

**ഇരിങ്ങാലക്കുട - 680 121**

Phone: 2451 (3 Lines) Telex 0887 - 217 Grams 'SOLVENT'

## വ്യാഴാഴ്ചകൾ ഭാഗ്യദിവസങ്ങളായി മാറുന്നു

എല്ലാ മാസവും ആദ്യ "വ്യാഴാഴ്ച"
ഒന്നാം സമ്മാനം പത്ത് ലക്ഷം രൂപയും—
അംബാസിഡർ കാറും ഉൾപ്പെടെ 50 ലക്ഷം
രൂപയുടെ 443920 സമ്മാനങ്ങളുമായി ഒരു
മിനി ബംപർ ഭാഗ്യക്കുറിയും

മററു വ്യാഴാഴ്ചകളിൽ
ഒന്നാം സമ്മാനം 9 ലക്ഷം രൂപ ഉൾപ്പെടെ
42 ലക്ഷം രൂപയുടെ 398503
സമ്മാനങ്ങളുമായി സാധാരണ ഭാഗ്യക്കുറിയും
സംവിധാനം ചെയ്ത്

# കേരള സംസ്ഥാന ഭാഗ്യക്കുറി

എല്ലാ വ്യാഴാഴ്ചകളെയും ഭാഗ്യദിവസങ്ങളാക്കി മാററുന്നു

**ടിക്കററ് വില: അഞ്ചു രൂപ മാത്രം**

ഗ്രാം: KERLOT ഫോൺ: 65230/65193

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വികാസ് ഭവൻ - 695 033)
തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിക്കുന്നത്.

*With compliments from*

**VENSIL GLASS**

BANGALORE

*Manufacturers of*

**RESEARCH LEVEL GLASSWARE**

TO INTERNATIONAL STANDARDS

*Best compliments from*

**TRICHUR SURGICALS**

TRICHUR, ERNAKULAM, BANGALORE

Grams : TRISCO

Phones : Trichur : 20813
Ernakulam : 354422
Bangalore : 211372

കമനീയമായ ഗോൾഡ് കവറിംഗ് ആഭരണങ്ങൾ ഗാരണ്ടിയോടുകൂടി നൽകുന്ന
മണ്ണുത്തിയിലെ ഏകസ്ഥാപനം

ചെരുപ്പുകൾ, അലുമിനിയ പാത്രങ്ങൾ, പ്ലാസ്റ്റിക് പാത്രങ്ങൾ, പ്രസന്റേഷൻ സെററുകൾ
ശീതളപാനീയങ്ങൾ എന്നിവക്ക്

**അജിത അമ്പിളി സ്റ്റോഴ്സ്**

**മണ്ണുത്തി**

---

*With best compliments from*

**Sonia Fruits & Cool Bar**

MANNUTHY

---

*With best compliments from*

**P. E. Varkey & Sons**

MANNUTHY & TRICHUR

---

പ്രസന്റേഷൻ സാധനങ്ങൾ
സ്റ്റേഷനറി സാധനങ്ങൾ
ഗ്യാരണ്ടി ആഭരണങ്ങൾ
ടൈയ്ലറിംഗ് എന്നിവക്ക്

**Shine Gift Land**

MANNUTHY-680 651

*With best compliments from*

**POPULAR WATCH COMPANY**

PALACE ROAD, TRICHUR-20

Phone : 22654

**NIO'S PARAKKAL**

Pants & Shirt Makers

P-70/- S-30/-

Room No. 37, Third Floor, Jai Hind Market Building

M. O. ROAD, TRICHUR-1

**SUPER HARDWARES**

HARDWARES, PAINT & CEMENT DEALERS

MANNUTHY

Phone : 26029

*With best compliments from*

**HOTEL MAYURA A/C BAR**

MANNUTHY

***SPIDER TAILORS***

*Specialists in Mens Wear*

ASIDE BATA, TRICHUR-1

---

*With best compliments*

**MANJILAS MEDICALS**

MANNUTHY

---

**സന്ദർശിക്കുക!**

ബെഡ്ഡുകളും, പായ, തലയിണ, കയറുൽപ്പന്നങ്ങളും
കൂടാതെ എല്ലാവിധ വീട്ടുപകരണങ്ങളും
മിതമായ വിലക്ക് വിററുവരുന്നു

**ശ്രീഹോം**
**ബെഡ്ഡ് എംപോറിയം**

പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ്, മണ്ണുത്തി

---

*With best compliments from*

**KERALA CAFE**

MANNUTHY–680 651

A House of Photography

# INDIA PHOTO HOUSE

CHEMBOTTIL LANE, TRICHUR-680 001

- Air-conditioned Studio
- Photo Goods Dealers
- QSS Colour Lab
- Video Recording
- Photo Stats
- Group Photos
- Flash Photos

Phone : 22032

---

*With best compliments from*

# ELITE FABRICS

M. O. ROAD, TRICHUR

Phone : 21021, 23399

---

# AGRI AGENCIES

P. O. ROAD, TRICHUR-1

Phone : 22184, 20697

*Dealers for*

Agrochemicals, Fertilizers & Agricultural equipments

---

*With best compliments from*

# ടി. ബി. ഏനു കണ്ണട വ്യാപാരം

മുനിസിപ്പൽ ബസ്സ് സ്ററാൻറ്

**എം. ഒ. റോഡ്. തൃശൂർ**

ഫോൺ: 26953

**നിഴലുപോലെ .....**

**നിങ്ങളോടൊപ്പം .....**

ചാരുകസേരയിലിരുന്ന് പോയ കാലത്തിന്റെ
മാധുര്യത്തെക്കുറിച്ചോർത്ത് .....
വിശാലമായ ആകാശത്തിലേക്ക്, അലക്ഷ്യമായി കണ്ണുംനട്ടു് .....
തിരകളൊഴിഞ്ഞു്, ശാന്തമായ സമുദ്രംപോലെ,
അല്ലലൊഴിഞ്ഞ ജീവിതം .....

സൗത്ത് ഇന്ത്യൻ ബാങ്കുമായി
ഒരിക്കൽ ബന്ധപ്പെട്ടുകഴിഞ്ഞാൽ നിങ്ങൾക്കു് ബോധ്യപ്പെടും—
കാരണം, ആവശ്യങ്ങൾക്കനുസൃതമായ നിരവധി പദ്ധതികൾ
സൗത്ത് ഇന്ത്യൻ ബാങ്കിനുണ്ടു് എന്നതുതന്നെ!!

വരൂ, ഞങ്ങളുടെ ഏതെങ്കിലുമൊരു ശാഖയിലേക്കു്.
നിങ്ങളുടെ പണത്തിനു് നിങ്ങളോടൊപ്പം—
വളരാൻ കഴിയുമെന്നു് ഞങ്ങൾ ബോധ്യപ്പെടുത്താം.

**ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിററഡ്**
രജി. ഓഫീസ്: തൃശൂർ, കേരളം

—— എസ്. ഐ. ബി. സേവനത്തിലൂടെ വളർച്ചയിലേക്ക് ——

**SHOPPE**

FOR BETTER STATIONERY

(Makers of your Favourite 'ADAM' Note Books)

Near General Market

Mannuthy-680 651

*With best compliments from*

**Menachery Agencies**

Mannuthy

*For All Stationery, Office items and Fancy items*

Visit

**Bismi Store**

MANNUTHY

*For your Photographic Requirements*

*PLEASE CONTACT*

**Photomatic Studio**

Mannuthy

വിദഗ്ദ രോഗനിർണ്ണയത്തിന്

**രചന ലാബറട്ടറി**

ജയ തിയ്യറററിന് മുൻവശം

**മണ്ണുത്തി**

രക്തം, മലം, കഫം, മൂത്രം എന്നിവ വിദഗ്ദമായി
പിശോധിക്കുന്ന നിങ്ങളുടെ ഗവൺമെൻറ്
അംഗീകൃത സ്ഥാപനം

ഇലക്ട്രിക് സാധനങ്ങൾ
പ്രസൻേറഷൻ സെററുകൾ
ചെരുപ്പുകൾ
P.V.C. പൈപ്പുകൾ
ഫിററിംഗ്സ്

**Wild Cat Electricals & Foot Wear**

Mannuthy

*With best compliments*

**Premier Food Products**

MANNUTHY

*With best compliments from*

**BOOTS**

Panchayat Shopping Complex

MANNUTHY—TRICHUR

*With best compliments from :*

# SURGCHEM

**UNITY BUILDINGS**

**MANNADIAR LANE, TRICHUR-1**

PHONE : 25821

**MOST TRUSTED HOUSE FOR HOSPITAL, COLLEGE,**

**LABORATORY EQUIPMENTS, CHEMICALS, SCIENTIFIC ITEMS**

**ഇൻഡ്യാ കോഫിബോർഡ് തൊഴിലാളി സഹ. സംഘം (ക്ലിപ്തം) നമ്പർ 4227**

എം. ജി. റോഡ്, പി. ബി. നമ്പ്ര് 184, തൃശ്ശൂർ

സ്വാദിഷ്ഠവും വിഭവസമൃദ്ധവുമായ ഭക്ഷണപദാർത്ഥങ്ങൾ ന്യായമായ വിലക്ക് !

പരിജയസമ്പന്നരായ തൊഴിലാളികളാൽ നയിക്കുന്ന ഇൻഡ്യാ കോഫി ബോർഡ് തൊഴിലാളി സഹകരണസംഘത്തിൻെറ കീഴിൽ പ്രവർത്തിച്ചുവരുന്ന ഇൻഡ്യൻ കോഫി ഹൌസുകളിലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു

ഗുരുവായൂർ കിഴക്കെ നടമുതൽ കേരളത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരംവരെയുള്ള എല്ലാ പ്രധാന പട്ടണങ്ങളിലും ഞങ്ങളുടെ ശാഖകൾ നിങ്ങൾക്കായി പ്രവർത്തിക്കുന്നു

ഗുരുവായൂരപ്പൻെറ നടയിൽവെച്ചു നടത്തുന്ന വിവാഹത്തോടനുബന്ധിച്ചുള്ള സദ്യ, ടീപാർട്ടി മുതലായവക്കുള്ള ഓർഡറുകളും ഞങ്ങൾ സ്വീകരിക്കുന്നുണ്ട്

സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്

**കെ. പി. ഹംസകുട്ടി** (പ്രസിഡണ്ട്)

**കെ. ഗോപിനാഥൻ** (സെക്രട്ടറി)

---

**ശീതളപാനീയങ്ങൾക്ക്**

## പ്രസേക ഐസ്ക്രീം പാർലർ & മിൽക്ക്ബാർ

**മണ്ണുത്തി**

A comforting thought. He had been my friend on week ends, as a friend and as chief instructor at the air base. What else is needed for me to console my self at this *juncture.*

Attitude 1000 meters. All set. The jump master put on his mean face and shouted "get out".

Good God. Is this trip necessory? But I couldn't disgrace myself, couldn't embarass my friend. I edged closer to the open door, I looked down. Nothing but form land.

But at this moment my pessimistic approach to everything in the world prevented me from jumping from plane. I was reluctunt, rather I was more worried about the outcome of the jump. I could see trees-down below and I imagined myself hanging from one of those branches got stuck in between the devil and the deep sea.

The jumb master shouted 'Go' and I went but somehow remembered to arch my back as I fell with my legs spread. head turned back.

I heard a pop sound as the umbrella opened. After a few seconds of confusion and disorientation, the earth above sky below I was oscillating. Then calmly, I looked up and saw the umbrella against the blue of the sky.

Now the ground was coming up surprisingly fast. Some 3 meters above the grass I once again tightened my grips on the line. The umbrella seemed to hang motionless for a moment. Feet and knees locked together, I landed softly. Not more shock, than jumping off a low stool.

I rolled over and got the time free from my hands. I got up and rolled the umbrella into a clean fold,

Now my friend landed a few meters away from me. He ran out of the craft, hugged and kissed me. "well done my dear". "Nice journey" I responded, feeling a great rush of affection for the jump master. Something more had happened that day, than the mere jumping from an aircraft. My pessimistic approch to problms gone way to optimism.

*And there outside the auditorium, under a shady tree he made one of the important confessions, "old age has made me almost a savage instead of a sage".*



# CONFESSIONS OF A VETERINARY SURGEON

GOPAKUMAR C.

It was my first memorable meeting with the Veterinary Surgeon, on a fine Sunday evening, when I called on him at his residence. He seemed busy, cleaning an airgun. Greeting me with a warm-welcome, he nodded me to take an adjacent chair. I found him wearing a pair of white shorts and a blue cap which suited him well, as if they were made for the occasion. He seemed pleasant, but a little annoyed by the

presence of the chirping bird kept in a overhead cage. And when he picked out a packet of pellets from his trouser pocket, I broke the silence.

"Sir, what are you going to do with it?"

"You know the gun is a compliment I received from a Forest Officer ten years back. A flock of migratory birds have reached this area. Highly delicious ones. Advocate Mathew spent eighteen pellets to get six of them. For me eighteen pellets mean eighteen of them; you know I am a sharp-shooter..." he became talkative.

I got ready for an argument with him. Recollecting from my old nature-club notes, I said, "Sir, they are one of the rarest among the migratory groups. And how can one even think of a vet doing this who is expected to do a lot for its conservation. Aren't you bothered about the ethics of the profession?"

In response he pointed the gun towards me and fired over my shoulders, hitting the overhead cage. But the bird escaped unhurt.

Later caressing the bird in his arms he confessed". Through out my professional life my mind was in conflict with ethics and profits. And when I preferred the path of profits, I felt that I was a success".

Emptying the remaining glass of wine in a single gulp and with a strange outward glance, our vet seemed totally unfit for a discussion then.

Seeing the bitter expression on his face still persisting, I asked him, "why should you consume it, if it is too bitter to drink?" With a sigh of relief he began to tell the story of his professional association with liquor.

"You hear my boy, I had my first sip of wine in my early student days to relieve the hangover following a physiology exam. I switched on to larges following my futile love-affair with a lady vet. And the five years of lonely life that followed...., the years of desolate rural service, seminars in the cold-stricken hill stations, the service as a vet in the reputed polo club ... years made me a drunkard."

After a meaningful pause he continued, "Had the experiences and occasions been different, I would have been a totally different person".

One evening in the company of our vet, I attended a meeting organised by a women's liberation organisation. Our vet's wife was an active worker of the organisation. And the woman delivering the presidential address dealt in length with the sexual exploitation of subordinate women by superior officers. Incidently she narrated an incident that had allegedly taken place in one of the rural villages of North Kerala, where a woman came to vet dispensary was sexually harassed by the veterinary surgeon and his associate.

I immediately turned to our vet to know his response. He seemed uneasy and to my great dismay, he moved back to reach a backseat. I too followed him. And in one corner of the auditorium, safely away from the speaker and the audience we started our conversation. And it was I who broke the silence.

"See sir, my professional spirit is wounded." I told him. "What could one do if such an incident is given so much publicity", he reacted sharply. "No, Sir, he is a disgrace to the whole vet community; and he is to be exposed before others, I responded. Walking out of the hall he said. "This is the women's lib way of inflating the things. The man would have played a nasty joke, but he is misunderstood to a great extend".

"Were you really found of such 'jokes' during your service"? And the question burst us into laughter. "But old age would have made you a sage", I said.

And there outside the auditorium, under a shady tree he made one of the important confessions, "old age has made me almost a savage instead of a sage."

□



# PANNA, THE GIRL FROM DANDA

**KAMALADAS**

Once upon a time, not too long ago, there lived in a fishing village in India a boy and a girl who were orphans. The boy, nineteen years old, and uncommonly good looking was called Moti. He was dark and slender, and his eyes were like dusky flowers dampered by the morning dew. His sister, though barely eleven, had long wavy hair which flew around her face when she walked on the sea shore, where the wind was nearly always very frolicsome. She was called Panna. She was fair-complexioned and had a twinkling laugh. When she went to the bazar with her brother, people looked at her pink cheeks, the three strands of red beads around her neck and the anklets that jingled noisily and said to each other "That Panna. She will not live too long at this fishing village. Look at the way she walks........like a princess. Some day she would grow up and marry a rich man, a bania from the city, perhaps".

And, Panna would hear their words and laugh.

Moti was a clever fisherman, and could well afford to buy his sister all the things she wished for. Red calico for skirts, glass bangles and occassionally a piece of peanut toffee. Early in the night when the other fishermen slept in their huts or quarrelled with their wives, Moti would go out of his hut with his sister and sit on the wall that separated the sea from the road that led to the bazar. He would tell her stories. or sing to her. On moonless nights he would ask her: "Panna, show me the hole in the sky where the moon was." And Panna would run along the beach looking up at the sky, and her anklets would jingle, jingle, jingle.........What a lovely lovely life it was !

The monsoons brought a chill into the hearts of the fishermen. The sea was turbulent then and the winds callous. The fishermen's wives took dried fish to the bazar; the fish they had salted and dried on strings in the summer sun. They made some money, but that was enough to last them through the rainy months.

The men had to leave for the sea again in their narrow fishing boats carrying their dark nets.

"Are you coming Moti?" They asked the boy who was lying under a palm tree enjoying the rare sunshine of the monsoon time. He smiled at then, but did not get up.

"Ah, Moti is very rich. He has sold twelve baskets of dried fish. He does not need to fish in the rainy season".

Moti got up and said that he too would go fishing with them. He went towards his hut to prepare the nets.

It was nearly afternoon when Moti let his boat into the sea.

"Take me with you" cried Panna from the sea shore.

"No, you are too young to go into the sea and besides who ever heard of a girl catching fish ?"

He laughed, and started to row the boat, Panna stood still, with tears in her eyes, wondering why she should be feeling so sorry to let him go.

"I'll wait for you here" she shouted.

"Yes. Wait for me and when I come back in the evening, we will go home together".

For a couple of hours, Panna walked about the sands for crabs. She collected some shells and made colourful heaps of them under a palm tree and, very slowly, the evening came. The crabs dived deeper into the pink sand, the boats began to arrive. The little girl lay on the sand watching the fishermen anchor their boats and bring in the haul. With their dark thin limbs they looked to her like black ants, and how busily they worked. Soon the smell of raw fish pervaded the beach. Water trickled from the tired limbs. They did not speak much, but hurried home with their baskets.

"Panna, aren't you coming home?" One of them asked her.

"No, I am waiting for my brother"

Very soon, the beach was deserted, and Panna sat hugging her knees, watching the waves. Dusk is always magically beautiful, but when it comes to a sea shore, it is beautiful beyond description.

The black shingled rocks in the shallowness of the sea looked like water buffaloes. The water swelled and rose in luminous froth, and behind Panna, some yards away, like red flowers, burned the fires in the fishermen's huts. The palm trees turned black, and over everything, like a terrible storm of dust, darkness set in, gradually. There was no moon. Panna looked up at the blank-faced sky and wondered if the moon had left a hole in the sky. Ah, what crazy lies her brother had told her. She thought of her brother with love and a great deal of adoration. But, where was he ? Everyone had come home from the sea, and there was no sign of his boat anywhere in the grey sea. She stood up and called out into the night air,

"Moti....Oh....Moti...."

Then, with a weariness mingled with sleep she lay down on the sands again. And, after a few minutes, she was asleep.

In the night, the monsoon clouds cleared miraculously and a large yellow moon came out. The tides became alive. They rose to the shore like hissing serpents, and when the water touched the sleeping girl's feet, the anklets jingled slightly, very softly. She did not wake up. Again the tides retreated. Then they came with more power, more sound and carried away the girl into the depths of the sea........



## "IT IS AN IDEAL FOR WHICH I AM PREPARED TO DIE"

*The full text of Nelson Mandela's address to the people on the day of his unconditional release after twenty-seven years in prison Grand Parade, Cape Town—11th February, 1990.*

Friends, Comrades and Fellow South Africans, I great you in the name of peace, democracy and freedom for all. I stand here before you, not as a prophet, but as a humble servant of you, the people.

Your tireless and heroic sacrifices have made it possible for me to be here today. I therefore place the remaining years of my life in your hands.

On this day of my release I extend my sincere and warmest gratitude to the millions of my compatriots and those in every corner of the Globe who have campaigned tirelessly for my release.

I extend special greetings to the people of Cape Town, the city which has been my home for three decades. Your mass marches and other forms of struggle have served as a constant source of strength to all political prisoners.

I salute the African National Congress. It has fulfilled our every expectation in its role as leader of the Great March to Freedom. I salute our president, Oliver Tambo, for leading the ANC even under the most difficult circumstances. I salute the rank and file members of the ANC. You have sacrified life and limb in the pursuit of the noble cause of our struggle.

I salute combatants of UMKHONTO WE SIZWE, like Solomon Mahlangu and Ashley Kriel, who have paid the ultimate price for the freedom of all South Africans.

I salute the South African Communist Party for its sterling contribution to the struggle for democracy. You have survived 40 years of unrelenting persecution. The memory of great Communists like Moses Kotane, Yusuf Dadoo, Bram Fischer and Moses Mabhida will be cherished for generations to come. I salute General Secretary Joe Slovo-one of our finest patriots. We are heartened by the fact that the alliance between ourselves and the Party remains strong as it always was.

I salute the United Democratic Front, Cosatu, the National Education Crisis committee, the South African Youth Congress, the the Transvaal and Natal Indian Congresses and the many other formations of the Mass Democratic Movement.

I also salute the Black Sash and the National Union of South African Students. We note with pride that you have acted as the conscience of white South Africans. Even during the darkest days in the history of your struggle you held the flag of liberty high. The large-scale mass mobilisation of the past few years is one

of the key factors which led to the opening of the final chapter of our struggle.

I extend my greetings to the working class of our country. Your organised strength is the pride of our movement. You remain the most dependable force in the struggle to end exploitation and oppression. I pay tribute to the many religious communities who carried the campaign for justice forward when the organisations of our people were silenced.

I greet the Traditional Leaders of our country. Many among you continue to walk in the footsteps of great heroes like Hintsa and Sekhukhuni. I pay tribute to the endless heroism of the youth; you, the young lions, have energised our entire struggle. I pay tribute to the mothers and wives and sisters of our Nation. You are the rock-hard Foundation of our struggle. Apartheid has inflicted more pain on you than on anyone else.

Onthis occasion, we thank the world community for their great contribution to the anti-apartheid Struggle. Without your suppot our struggle would not have reached this advanced stage. The sacrifices of the frontline State will be remembered by South Africans forever.

My salutations will be incomplete without expressing my deep appreciation for the strength given to me during my long and lonely years in prison by my beloved wife and family. I am convinced that your pain and suffering was far greater than my own.

Before I go any further, I wish to make the point that I am making only a few preliminary comments at this stage I will make a more public statement only after I have had the opportunity to consult with my comrades.

Today the majority of South Africans, black and white, recognise that apartheid has no future. It has to be ended by our own decisive mass action in order to build peace and security. The mass campaign of defiance and other actions of our organisation and people can only culminate with the establishment of democracy.

Apartheid destruction on our sub-continent is incalculable. The fabric of family life of millions of our people has been shattered Millions are homeless and unemployed, our economy lies in ruins and our people are embroiled in political strife.

Our resort to the armed struggle in 1960, with the formation of the military wing of the ANC, Umkhonta We sizwe, was a purely defensive action against the violence of apartheid. The factors which necessitated the armed struggle still exists today. We have no opition but to continue. We express the hope that a climate conducive to a negotiated settlement will be created soon so that there may no longer be the need for the armed struggle.

I am a loyal and disciplined member of the African National Congress. I am therefore in full agreement with all of its objectives, strategies and tactics. The need to unite the people of our country is as important a task now as it always has been. No individual leader is able to take on this enormous task on his own. It is our task as leaders to place our views before our organisation and to allow the democratic struggles to decide on the way forward On the question of democratic practice, I feel duty-bound to make the point that a leader of the movement is a person who has been democratically elected at a National Conference. This is a principle which must be upheld without any exceptions.

Today I wish to report to you that my talks with the Government have been aimed at normalising the political situation in the country. We have not as yet begun discussing the basic demands of the struggle. I wish to stress that I, myself, have at no time entered into negotiation about the future of our country, except to insist on a meeting between the ANC and the Government.

Mr. De Clerk has gone further than any other Nationalist President in taking real steps to normalise the situation. How ever, there are further steps, as outlined in the Harare Declaration, that have to be met before negotiations on the basic demands of our people can begin.

I reiterate our call for, *inter alia*, the immediate ending of the state of emergency and the freeing of all and not only some political prisoners. Only such a normalised situation which allows for free political activity, can allow us to consult our people in order to obtain a mandate.

The people need to be consulted on who will negotiate and on the content of such negotiations. Negotiations cannot take place before the heads or behind the backs of our

people. It is our belief that the future of our country can only be determined by a baby which is democratically elected on a non-racial basis. Negotiations on the dismantling of aparthied will have to address the overwhelming demands of our people for a democratic, non-racial and united South Africa.

There must be an end to white monopoly on political power and a fundamental restru-cturing of our political and economic system to ensure that the inequalities of apartheid are redressed and our society thoroughly demo-cratised It must be added that Mr De Klerk himself is a man of integrity who is acutely aware of the danger of a public figure not honouring his undertakings.

But as an organisation, we base our policy and strategies on the harsh reality we are faced with and this reality is that we are still suffering under the policy of the Nationalist Government, Our struggle has reached a decisive moment. We can on our people to sieze this moment so that the process towards democracy is rapid and uninterrupted.

We have waited too long for our freedom. We can no longer wait. Now is the time to intensify the struggle on all fronts. To relax our effort now would be a mistake with gene-rations to come will not be able to forgive.

The sight of freedom looming on the horizon should encourage us to redouble our efforts. It is only through disciplined mass action that our victory can be assured. We call on our white compatriots to join us in the shaping of a new South Africa. The freedom movement is a political home for you too. We call on the international community to continue the campaign to isolate the apartheied regime.

To lift sanctions now would be to run the risk of aborting the progress towards the com-plete eradication of apartheid. Our March to Freedom is irreversible. We must not allow fear to stand in our way.

Universal suffrage on a common voters' roll in a united, democratic and non-racial South Africa is the only way to peace and racial harmony.

In conclusion, I wish to quote my own words during my trial in 1964. They are as true today as they were then I quote':



*Mandela, an outstanding son of the South Africa, has fought at the tremendous personal sacrifice against racism for almost half a century and made important contributions to the cause of South African people for racial equality. Nelson Mandela's release and the freedom at last for Namebia are viewed as a victotry for human rights and justice in the world.*

*It is an inevitable triumph of the virtues of the blacks over the black sense of justice of the whites.*

*The magazine committee envisages it as a ray of hope and inspiration for the oppressed human community else-where in the world.*

# SPECIAL FEATURE



*Neither to unravel the mysteries of mind nor to expose the dark world of a psychiatric hospital, but to introduce some of the fascinating creatures among the patients who inspite of the mental illness keep a lot of virtues within them. And about them who await a rebirth to sanity and life.*

"Why life is made so beautiful;
When it ends up in death ?
Life may be more beautiful after death".

The man who wrote these lines is neither a poet nor a philosopher. The feature-team from the Veterinary College met this man in one of the darkest rooms of a reputed psychiatric hospital of Kerala, sitting idly on the floor, cursing his destiny. The evening sun rays that found its way through a window brightened his face. He was a young lean man around twenty-five, with long curly hairs, dark eyes and a thick beard. It seemed that our presence had annoyed him a little. He stood up and walked through the corridor that led to the compound outside.

Is there anything worth-while to own and keep for a psychiatric patient inside the hospital ? Among a haul of papers this man kept a dirty note-book full of poems, those flashed across his mind in his pensive moods, and those reflecting the agony and ecstacy of a nature-lover with a strange overtone of optimism. It is almost difficult to trace the history of many of the psychiatric patients. And at times it will be revealed through the faint memory of the patient themselves.

It was almost suddenly that this man showed signs of an inbalanced mind, and when he became a 'trouble-maker' at home, his relatives had not have to spare a second thought to take him to this insane-asylum.

A psychiatric patient, often forms in the mind the picture of an ugly creature, an aimless street-wanderer with a marked anti-social behaviour. Sometimes it may be of a trouble-maker at the neighbour-hood, a habitual wife-beater' or a 'family disgrace'. Quite different was our experience when we met a group of psychiatric patients who shared their facsinating world of mind with us and who inturn filled our mind with their virtues, still coming under the strict psychiatric definition. They complained of the mental torture of the mechanical world outside and about the unnecessary con-

finement inside the hospital. And they were men who were made live in a world of contradictions, in a world of draining moral values, hate and disgust, imparting finally an inevitable insanity.

Later we found him standing under a rain-tree, gazing at the distant street. An old Hindi song began to pervade the atmosphere from a distant microphone installed some where in the street. Approaching him with a lot of apprehensions, one of us asked him, "Are you fond of music ?" The man soon over came his vacant mood and showed an ardent desire to talk with us.

"More than anything I like the music of nature-the chirpings of the birds, the whistling of the wind and the murmmering of the leaves......, passionately he replied. And when asked about the colour he liked best, he replied that the greenery of the leaves and the blue of the sea are equally good. A flock of birds, those were sitting on the rain-tree chirped gently, as if it was a music composed for him.

And for this unfortunate poetic mind, society has at last kept a place, a place among the insanes, in one of the darkest rooms of the metal hospital, being scolded and overpowered by others.

An unsual type of silence prevaled in the interior of the hospital that only occasionally marred by the frictioned wheels of a trolley or by the loud voice made by the extra-sensitive creatures kept inside the cells. And without breaking the silence, we walked through the ward insearch of one who was ready to talk for sometime, A dark young boy was the one among the patients who first responded positively to our request to talk for sometime. And even his acceptance was conditional. "Can you take me to the Mallikarjuna temple ? Can you take me out for a festival ?" He asked us. We gave him an answer in the affirmative, Leisurely he talked to us about elephants and festivals and how they added colour to the panorama of his boyhood. He seemed around twelve but was a child at heart. He called for toffee to continue the discussion. When one among us brought them, he became very happy and playing with it in his arms he spoke of his insatiate desires and wounded feelings. At last when he hesitated to return to his room, it was the turn of the muscle men to drag him back to the room.

Being a victim of adulteration, he always wore a spectacle of doubt. He was extra ordinary in the sense that he was always caught up in a suspicion that the food given to him had been poisoned. This handsome young man was not only hesitant to take food, but even tried to convince others the 'hazards' of taking food. He was a liquor poison victim who even partially lost his eye sight. And then onwards the feeling within him was strong that the food given to him has been poisoned. Approaching him cautiously one of us asked him "Then why can't you take fruits ?"

'Fruits are also poisoned" he answered curtly "How ?"

He stood up and gave a clever answer, "Trees may absorb poision through roots, so too butter flies can put poison in flowers."

He is a victim of adulteration. He still believes that all foods are poisoned. Years of treatment has not yet succeeded to prove him otherwise.

The pent up feelings of this artiste found an out let through his drawings. He regularly called for pencils and papers from the hospital authorities. And we met him, confining to one corner of the room, but deeply engaged in drawing.

"Please show us your picture Mr. X" one of us told him.

"Why should I show it to you, when nobody in this world can appreciate its richness",

the reaction was sharp.

And all our further efforts to wake him from the pensive mood was invain.

The difference between these insane-and sane minds seems absolutely narrow. In this newer world which bustles in a fast pace with draining moral values and more of contradictions, the transition to insanity is eventual.

In the meantime, a ward all clad is a white dress came and informed us that the time alotted had been over. And outside it was the advent of a moonlit night. The road that led to the 'sane world' out side was symbolically short. And near the exit to the well-lit street outside, we stood silently for a while listening earnestly for a last impulse from the insane-asylum. But there was silence inside. O



## ഒടുവിൽ കുറച്ചു കുറിപ്പുകൾ മാത്രം.....

ഇലക്ഷൻകാലത്തോടടുത്ത ഒരു ദിനാന്ത്യത്തിൽ രണ്ടു കൂട്ടുകാരുടെ നിർബ്ബന്ധത്തിനു മുൻപിൽ പിടിച്ചുനിൽക്കാൻ പാടുപ്പെട്ട നിമിഷങ്ങൾ..........., പിന്നീട് അണിയാനിഷ്ടപ്പെടാത്ത വേഷവും പേറി അലഞ്ഞ ദിനങ്ങൾ........... ഭാഗ്യത്തിന് ഇരുണ്ട മുഖങ്ങളോ, കറുത്ത വാക്കുകളോ ഒന്നും നേരിടേണ്ടിവന്നില്ല. എല്ലാ മുഖങ്ങളിലും സ്നേഹം കണ്ടു. കണ്ണുകളിൽ സൗഹൃദത്തിൻെറ നക്ഷത്രങ്ങൾ കണ്ടു. പലരേയും അടുത്തറിയാൻ കഴിഞ്ഞതു് അപ്പോൾ മാത്രമാണ്. വേർപിരിയുന്ന വഴികളിൽ, വഴിയോരങ്ങളിൽ പകച്ചുനിൽക്കുമ്പോൾ ആരും ഒന്നും അറിയുന്നില്ല. വെറുതെ എങ്ങോട്ടോ യാത്ര തുടരുകമാത്രം ചെയ്യുന്നു. നീട്ടിവെച്ച പാദങ്ങൾക്കറിയില്ല, ദിശയേതെന്ന്...........

○

കിരണിൻെറ കത്തിന് മറുപടിയെഴുതുമ്പോൾ കൺപീലികൾ നനഞ്ഞിരുന്നു. കിരൺ, നീയെന്തിനാണ് ഈ കിളുന്തു ചിറകുകളുമായി തീജ്വാലകളിലേക്ക് പറന്നുപോകുന്നത്. ആകാശത്തിൻെറ അതിരുതേടുന്ന ഒരു പക്ഷിയാണ് നീ. തളർന്ന ചിറകുകളുമായി നീ പിടഞ്ഞുവീഴുന്നതു കാണുമ്പോൾ—........നമ്മയുടെ വീഥികളിൽ കാത്തിരിക്കുന്നത് മരക്കുരിശും, വെടിയുണ്ടകളും, വിഷപ്പാത്രങ്ങളുമാണ് കൂട്ടുകാരാ. തുളസീദളങ്ങളുമായി പറന്നുപോയ ഒരു വെൺപിറാവ് വെടിയേററുവീഴുന്നത് ഞാൻ കണ്ടു. തെരുവീഥികളിലൂടെ ഒഴുകുന്നതു് നിരപരാധിയുടെ രക്തമാണെന്ന് ഞാനറിഞ്ഞു. വഞ്ചനയും, ചതിയും വീമ്പിളക്കി ഞെളിയുന്നതും, നന്മയുടെ ഉറവകൾ വററിവരളുന്നതും ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. അഭയത്തിന്നായി നീട്ടിയ കൈകളുടെ വിരൽനഖങ്ങൾക്കിടയിലൂടെ മൊട്ടുസൂചികൾ തുളച്ചുകയറുന്നത്, സ്വന്തം കൂട്ടുകാരനെ ചിരിച്ചുകൊണ്ട് പിന്നിൽനിന്നും കുത്തിവീഴ്ത്തുന്നത്, ജോലിതേടിപ്പോയ ബരുദാനന്തര ബിരുദധാരി സർട്ടിഫിക്കററുകൾ കത്തിച്ചുകളഞ്ഞ് ആത്മഹത്യ ചെയ്തത്........എല്ലാം, എല്ലാമെന്താണ് കൂട്ടുകാരാ....? കാലത്തിൻെറ മുഖത്തുപോലും കറുത്ത പാടുകൾ പടരാൻ തുടങ്ങിയിരിക്കുന്നു.

○

മഴയുടെ സംഗീതം കാതോർത്തുകൊണ്ട് ഇന്ത്യൻ കോഫീഹൗസിൻെറ ഒരിരുണ്ട മൂലയിലിരിക്കുമ്പോൾ യതീന്ദ്രദാസ് പറഞ്ഞു-എല്ലാം നേടിയിട്ടും, അല്പനേരം സ്വസ്ഥമായിരുന്ന് സ്വപ്നമുണ്ണുവാൻപോലും അവനു കഴിയുന്നില്ലെന്ന് ....... തേങ്ങലടക്കിനിന്ന ആ കൂട്ടുകാരൻെറ മുന്നിൽ ഒരു പ്രാർത്ഥനാനാളമാകാനേ എനിക്കു കഴിഞ്ഞുള്ളു. അപ്പോൾ പുതിയ മേച്ചിൽപ്പുറങ്ങൾ തേടിയുള്ള യാത്രകൾക്കിടയിൽ കൈകുടന്നയിലൂടെ ചോർന്നുപോയ ഇന്നലെകളുടെ കിനാക്കളെക്കുറിച്ച് ഞാനുമറിയാതോർത്തുപോയി. എല്ലാം യാത്രയാണ്. നിശ്ചലമാണെന്നു തോന്നിയേക്കാവുന്ന അവസ്ഥപോലും നിമിഷനദികളുമായി ബന്ധിക്കപ്പെട്ട് കാലപ്രവാഹത്തിൻെറ ഭാഗമായി മാറുന്നത് നാമാരുമറിയുന്നതേയില്ല. പിന്നെയെപ്പോഴോ, മഴ തോർന്നപ്പോൾ നഗരത്തിൻെറ തിരക്കിലേക്ക് അവൻ നടന്നുപോകുന്നത് ഞാൻ കണ്ടു. ഒന്നാശ്വസിപ്പിക്കാൻ പോലും കഴിഞ്ഞില്ലല്ലോ എന്നോർത്തു് വിഷാദിക്കുമ്പോൾ, സപ്ലെയറുടെ കൈയ്യിൽനിന്നും ഒരു ചില്ലുഗ്ലാസ് നിലത്തുവീണ് ചിതറുന്നത് ഞാൻ കണ്ടു.

○

മേടം പതിമൂന്നാം തിയ്യതിയിലെ (26-4-88) ആ സന്ധ്യ ഒരിക്കലും മറക്കാൻ കഴിയാത്തതാണ്. പാഠ്യ വിഷയങ്ങൾക്കപ്പുറത്തു് ചിന്തയുടെ, ആസ്വാദനത്തിൻെറ ഒരു ലോകമുണ്ടെന്ന് മനസ്സിലാക്കിയ വെററിനറി കോളേജിലെ സഹൃദയരുമായി ഒരു സന്ധ്യ പങ്കിടാൻ അന്ന് കുഞ്ഞുണ്ണിമാഷ് വന്നു. കൊച്ചു കൊച്ചു വാക്കുകൾക്കുള്ളിൽ വലിയ വലിയ അർത്ഥങ്ങൾ ഒളിപ്പിക്കാൻ കഴിവുള്ള 'ചെറിയ' 'വലിയ മനുഷ്യൻ'. മൗനപ്രാർത്ഥനക്കുശേഷം, ഏതു തിരക്കിനിടയിലും നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ട ഒരു നല്ല മനസ്സിനു വേണ്ടിയാണ് ഇത്തരം സഹൃദയസായന്തനങ്ങൾ ഒരുക്കുന്നത് എന്ന സ്വാഗത പ്രസംഗത്തിലെ വാക്കുകളെ പിൻതുടർന്നാണ് മാഷ് അന്ന് സംസാരിച്ചത്. എങ്ങിനെ ഒരു നല്ല മനസ്സ് ഉണ്ടാക്കാമെന്ന് മാഷ് പറഞ്ഞുതന്നു. അറിവിൻെറ അത്ഭുതങ്ങളിലേക്ക് മാഷുടെ വിരലിൽ

പിടിച്ച് നടന്നുനീങ്ങിയ നിമിഷങ്ങളായിരുന്നു പിന്നീട്". ധ്യാനമാർഗ്ഗങ്ങളിലൂടെ സ്വന്തം മനസ്സിനെ കണ്ടെത്തി, നന്മ തിന്മകളെ പകുത്തറിഞ്ഞ്, തിന്മയെ വർജ്ജിക്കണമെന്ന് മാഷ് ഉപദേശിച്ചു. മററാരേക്കാളും ഒരു നല്ല മനസ്സുണ്ടാകേണ്ടതു് വെററിനറി ഡോക്ടർമാർക്കാണെന്നാണ് മാഷുടെ അഭിപ്രായം. കാരണം മിണ്ടാപ്രാണികളോട്



''കരുണയിൽനിന്നാണ് കവിതയുണ്ടാകുന്നത്''

മാഗസിൻ കമ്മററി ഒരുക്കിയ സഹൃദയ സായന്തനത്തിൽ കുഞ്ഞുണ്ണി മാഷ് സംസാരിക്കുന്നു.

ദയാപൂർവ്വം പെരുമാറാനും, രോഗം ചികിത്സിച്ചു ഭേദമാക്കപ്പെട്ട അവയുടെ നന്ദി തുളുമ്പുന്ന മിഴികൾ പ്രതിഫലമായി സ്വീകരിക്കാനും ഒരു നല്ല മനസ്സ് കൂടിയേ തീരൂ. (പി. പിയെ സ്വപ്നം കണ്ടു കഴിയുന്നവരുണ്ടെങ്കിൽ മാഷുടെ ഈ വാക്കുകൾ ശ്രദ്ധിക്കുക) എന്തിൽനിന്നാണ് കവിതയുണ്ടാകുന്നത് എന്ന ഒരാസ്വാദകന്റെ ചോദ്യത്തിന് കരുണയിൽനിന്നാണ് കവിതയുണ്ടാകുന്നതെന്ന് മാഷ് മറുപടിപറഞ്ഞു. മഹാഭാരതവും, രാമായണവും എല്ലാം ഉണ്ടായിട്ടുള്ളതു് കരുണയിൽനിന്നാണ്. സ്നേഹത്തിന്റെ ഭാഷയാണ് കവിതയുടെയും ഭാഷ. 'എങ്ങിനെയാണ് കവിതയെഴുതാൻ പരിശീലിക്കുക?' എന്ന് ആ സഹൃദയസായന്തനത്തിലെ നല്ല ഒരാസ്വാദകനായി പങ്കുചേർന്ന ഡീൻ ഡോ. രാധാകൃഷ്ണ കൈമൾ സാറുടെ ചോദ്യത്തിന് കവിതയെഴുതാൻ പരിശീലനത്തിന്റെ ആവശ്യമില്ലെന്ന് മാഷ് പറഞ്ഞു. കവിത താനേ പിറക്കുന്ന ഒന്നാണ്. മാഷുടെ കവിതകളിൽ വൃത്തം പോലെയുള്ള നിയമങ്ങളൊന്നും പാലിക്കപ്പെടാറില്ലല്ലോ, അതെന്തുകൊണ്ടാണെന്ന മറെറാരു ചോദ്യത്തിന്, കവിതയിൽ അത്തരം നിയമങ്ങളുടെ ആവശ്യമില്ലെന്നായിരുന്നു മാഷുടെ മറുപടി. മണിക്കൂറുകളോളം നീണ്ടുനിന്ന ആ ചർച്ച പുറത്ത് ഇരുൾ പരത്തിയെങ്കിലും അതു തീരുമ്പോൾ മനസ്സുനിറയെ വെളിച്ചമായിരുന്നു.

കുഞ്ഞുണ്ണിമാഷെ വലപ്പാടുള്ള വീട്ടിലേക്കു കൊണ്ടുചെന്നുവിടാൻ ഞങ്ങളുടെ കൂടെ കൈമൾ സാറുമുണ്ടായിരുന്നു. വഴിനീളെ, സാഹിത്യത്തെക്കുറിച്ചും, ശാസ്ത്രത്തെക്കുറിച്ചും, തകർന്നുകൊണ്ടിരിക്കുന്ന വ്യക്തി ബന്ധങ്ങളെക്കുറിച്ചും ഞങ്ങൾ ചർച്ച ചെയ്തു. മാഗസിൻ പ്രവർത്തകരെ തിരിച്ച് ഹോസ്റ്റലിൽ കൊണ്ടുവന്നുവിട്ടശേഷമാണ് കൈമൾ സാർ വീട്ടിലേക്ക് തിരിച്ചത്. ഒരു സഹൃദയനെ ഡീനായി കിട്ടിയതിൽ ഞങ്ങൾക്കാഹ്ളാദം തോന്നി. ഒരു കോളേജ് അധികാരി ഒരു അഡ്മിനിസ്ട്രേറർമാത്രം ആയാൽ പോരാ, നല്ല ഒരു സഹൃദയൻകൂടിയായിരിക്കണം. കാരണം സഹൃദയർക്കേ മററുള്ളവരുടെ വേദനകളും, പ്രശ്നങ്ങളും. വികാരങ്ങളും മനസ്സിലാക്കാൻ കഴിയൂ. എത്ര പ്രവർത്തനക്ഷമതയുള്ളതായാലും ഒരു കമ്പ്യൂട്ടറിനേയോ, റോബോട്ടിനേയോ സ്നേഹിക്കാൻ നമുക്കാവില്ലല്ലോ.

○

ഏതോ അലക്ഷ്യമായ യാത്രക്കിടയിൽ ഒരിക്കൽ ഒരു പുഴയോരത്തുവെച്ച് ഒരു വൃദ്ധനെ കണ്ടുമുട്ടി. വൃദ്ധന്റെ മക്കൾ കടൽ കടന്നു പോയി കൈ നിറയെ പണവുമായി വന്നപ്പോൾ ജനിച്ചുവളർന്ന വീടിനെ വെറുത്തുകഴിഞ്ഞിരുന്നു. നഗരത്തിൽ അവർ തീർത്ത ഏഴുനില മാളികയിൽ കഴിയാതെ പുഴയോരത്തെ ആ പഴയ കുടിലിൽ തനിച്ചു കഴിയുന്ന ആ വൃദ്ധമനസ്സിന്റെ ആർദ്രത തേക്കുപാട്ടുപോലെ, ചേറിന്റെ മണമുള്ള തെക്കൻ കാററുപോലെ എന്നെയുണർത്തി, ''എന്തൊക്കെ മറന്നാലും മണ്ണു് മറക്കരുത്'', വൃദ്ധന്റെ വിറയാർന്ന ശബ്ദം മനസ്സിൽ പെയ്തു നിറഞ്ഞു. സ്വന്തം ഭാഷപോലും ശരിക്കറിയാത്ത മനുഷ്യർക്കിടയിൽ മണ്ണിനെന്തു പ്രസക്തി? 'അമ്മേ,' എന്നൊരു വിളികേൾക്കാൻ കൊതിയാകുന്നു എന്ന്, നഗരസംസ്ക്കാരത്തിൽ പെട്ടുപോയ ഒരു പാവം ഗ്രാമീണ സ്ത്രീ പറയുമ്പോൾ അവരുടെ പേരക്കുട്ടികൾക്കു് അറിയാതെ ഒരു മലയാളം വാക്ക് പറഞ്ഞുപോയാൽ സ്ക്കൂളിൽ പിഴയടക്കേണ്ടി വരുന്നു. യാന്ത്രികവും കൃത്രിമവുമായ വാക്കുകൾക്കിടയിൽക്കിടന്നു വീർപ്പുമുട്ടുമ്പോൾ (താങ്ക്യൂ, എക്സ്ക്യൂസ്മീ, ഗുഡ്മോണിങ്ങ്, ഹായ്....പ്ളീസ്....) ഹൃദയത്തിന്റെ ഭാഷ അകന്നു പോകുന്നു. നിരായുധനായ എതിരാളിയെ വെടിവെച്ചുവീഴ്ത്തിയ ശേഷം 'സോറി' എന്നു പറഞ്ഞ് നിസ്സാരമട്ടിൽ നടന്നുപോകുന്ന ഒരു പട്ടാളക്കാരനെ ഓർമ്മിപ്പിക്കുന്ന രംഗങ്ങൾ ജീവിതത്തിൽ പലയിടത്തുംവെച്ച് കാണേണ്ടിവരുമ്പോൾ, ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ടില്ല എന്ന യാഥാർത്ഥ്യം മനസ്സിലാകുന്നു. വിദേശഭരണമില്ലെങ്കിലും, വിദേശിയ സംസ്ക്കാരത്തിന്റെ അടിമകളാണ് നാമിന്നും,

○

അപ്രതീക്ഷിതമായാണ് ആ ദുരന്തമുണ്ടായത്. മാഗസിനുവേണ്ടി ഒരു പശുവിനെക്കുറിച്ച് നടത്തിയ അന്വേഷണം, പെട്ടെന്ന് അതിനു രൂപഭേദങ്ങളുണ്ടാകുന്നു, പത്രവാർത്തകൾ വരുന്നു, മാഗസിനെക്കുറിച്ചുപോലും പലരും മറന്നു പോകുന്നു. ഒന്നും മനസ്സിലാകാതെ പകച്ചു നിൽക്കുമ്പോൾ പലരും കൈ മലർത്തുന്നു. കുറച്ചുകാലത്തേക്ക് മാഗസിൻ പ്രവർത്തനങ്ങൾ നിർത്തിവെക്കേണ്ടിവന്ന ഭീകരമായ ഒരു മാനസികാവസ്ഥയാണ് ആ സംഭവം സമ്മാനിച്ചത്, ആരേയും കുററപ്പെടുത്തുന്നില്ല. ഒരു പക്ഷെ, എല്ലാം യാദൃശ്ചികമാകാം. ആകസ്മികമായാണല്ലോ, ദുരന്തങ്ങളും, സൗഭാഗ്യങ്ങളുമെല്ലാം ജീവിതത്തിലേക്ക് അടർന്നുവീഴാറുള്ളത്.

○

കാമ്പസിനു പുറകിലുള്ള കുന്നിൻമുകളിൽ ഒരു കൂട്ടുകാരന്റെകൂടെ 'കമ്പൈൻസ്റ്റഡിക്ക്' പോയ ഒരു സന്ധ്യ. താഴ്‌വരയിലെ പച്ചത്തഴപ്പുകളിലേക്ക് നോക്കിയിരുന്നുകൊണ്ട് തുടങ്ങിയ വർത്തമാനങ്ങൾ പഠനത്തിനു കീഴടങ്ങാതെ കാടുകയറി പോകുന്നതിനിടയിൽ കൂട്ടുകാരൻ പറയുന്നു, 'സൗഹൃദങ്ങൾ എന്റെ ബലഹീനതയാണ്. ഞാനെല്ലാവരേയും വിശ്വസിച്ചു പോകുന്നു. പലരേയും വൈകിമാത്രമാണറിയുന്നത്''. അതെ, സ്നേഹം മനുഷ്യന്റെ ബലഹീനതയാണ് ഭൂമിയുടെ ആകർഷണശക്തിപോലെ വേദനകളും, ദുരന്തങ്ങളും, ദുരൂഹതകളും നിറഞ്ഞ ഈ ജീവിതത്തിലേക്ക് മനുഷ്യരെ പിടിച്ചുനിർത്തുന്നത് സ്നേബന്ധങ്ങളും, ഒടുങ്ങാത്ത പ്രതീക്ഷകളുമാണ്. ഇതിനിടയിലും ഇത്തിക്കണ്ണികൾ വളരാം. സൗഹൃദങ്ങൾപോലും 'ഇക്കണോമിക്'' ആയിരിക്കണമെന്ന് നിർബന്ധമുള്ളവരുണ്ടെന്ന് കേൾക്കുമ്പോൾ....

○

ആവർത്തന വിരസവും, തിരക്കുപിടിച്ചതുമായ കലാലയദിനങ്ങൾക്കിടയിൽ വ്യത്യസ്തമായ ഒരു സായന്തനമായിരുന്നു നവംബർ പത്തൊൻപതാം തിയ്യതി. കവിതകളും, കഥകളുമായി മാഗസിൻകമ്മററി ഒരുക്കിയ സഹൃദയ സായന്തനം. കഥയിലെ പുതിയതും, പഴയതുമായ പ്രവണതകളെക്കുറിച്ച്, ശ്രീ. സി. വി. ശ്രീരാമൻ സംസാരിച്ചു. സ്വന്തം കാവ്യലോകത്തെക്കുറിച്ച് മുല്ലനേഴിയും സംസാരിച്ചു. സാഹിത്യത്തിൽ കാപട്യം കടന്നുകൂടിയതിന്റെ തെളിവാണ് തന്റെ ഒരു കൂട്ടുകാരന് 'വായിച്ചാൽ മനസ്സിലാവാത്ത ഒരു കഥ' എഴുതിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രശസ്ത വാരികയിലെ പത്രാധിപർ എഴുതിയ എഴുത്തെന്ന് മുല്ലനേഴി പറഞ്ഞു. ബാല്യകാലത്തെ സന്ധ്യാവേളകളിൽ അമ്മ ചൊല്ലാറുള്ള കീർത്തനങ്ങളാണ് തന്റെ മനസ്സിൽ കവിതയുടെ വിത്തുപാകിയതെന്ന് മുല്ലനേഴി പറഞ്ഞു. തുടർന്ന് അദ്ദേഹം കവിതകളവതരിപ്പിച്ചു. തുടർന്ന് മലയാള മണ്ണിന്റെ തേങ്ങലുകളായി മാറാൻ തുടങ്ങിയിരിക്കുന്ന നാടൻപാട്ടുകളെ പരിചയപ്പെടുത്തുന്നതിനായി, നാവോറ് പാട്ട് അവതരിപ്പിക്കപ്പെട്ടു.



മാഗസിൻ കമ്മററി ഒരുക്കിയ
സഹൃദയ സായന്തനത്തിൽ
സി. വി. ശ്രീരാമനും, മുല്ലനേഴിയും
സംസാരിക്കുന്നു.

അന്ന് നല്ല ഒരു സംഘം ആസ്വാദകരുണ്ടായത് ഒരത്ഭുതമായി തോന്നി. കൈയിൽനിന്നും കാശുമുടക്കി, സാഹിത്യകാരന്മാരുടെ വീടുതോറും പലതവണ കയറിയിറങ്ങി പരിപാടികൾ സംഘടിപ്പിക്കുമ്പോൾ ആസ്വാദകരില്ലാതെ വരിക, ഒടുവിൽ 'ഓഡിയൻസിനെ' തേടി ഓടിനടക്കേണ്ടിവരിക അതാണ് ഈ കാമ്പസിന്റെ ഏററവും വലിയ

ശാപം. ഒരിക്കൽ ഒരു പരിപാടിക്ക് വിളിക്കാൻ ചെന്ന ഒരു കൂട്ടുകാരനോട് ആരോ പറഞ്ഞത്രേ 'വേറെ എന്തു വേണമെങ്കിലും ചെയ്യാം, ആ ഓഡിറേറാറിയത്തിന്റെ ഉള്ളിലിരുന്ന് ബോറ് സഹിക്കാൻ മാത്രം വയ്യ.... ...' ഈ മണ്ണിലാണോ സാഹിത്യത്തിന്റെ, സർഗ്ഗാത്മകതയുടെ പച്ചപ്പുകൾ നാം സ്വപ്നം കാണുന്നത്? സാഹിത്യ ചർച്ചകളുടെ ഒരു പരമ്പര നടത്തുവാൻ നിശ്ചയിച്ചിരുന്നത് വേണ്ടെന്നുവെച്ചു. വെറുതെ പണവും, ഊർജ്ജവും നഷ്ടപ്പെടുത്തുന്നത് മിച്ചം.



സഹൃദയ സായാന്തനത്തിന്റെ ഒടുവിൽ,
അവസാന സന്ധ്യാകിരണങ്ങൾപോലെ അലിഞ്ഞില്ലാതാവുന്ന നാവോറുപാട്ട്.

○

ബസ്സ്റ്റാൻറിലെ തിരക്കിനിടയിൽവെച്ചാണ് ഫിസിയോളജിയിലെ വേണുഗോപാലൻ സാറിന്റെ മരണവാർത്ത അറിയുന്നത്. 'കൈമോഗ്രാഫിനെക്കുറിച്ചും', 'ഹാർട്ട്ബീററ്'നെക്കുറിച്ചുമൊക്കെ പഠിപ്പിക്കുന്ന മാഷുടെ ചിത്രം മനസ്സിൽ മിന്നി മറഞ്ഞു അങ്ങിനെ മരണത്തിന്റെ രഥചക്രവീഥികളിലൂടെ നടന്നുപോയവർ എത്രയെത്ര....? അവരിൽ ഒരാളായി മാഷും....

ഓർമ്മകളും, പൂവിടാത്ത സ്വപ്നങ്ങളും ഈ മണ്ണിലുപേക്ഷിച്ച് എല്ലാവർക്കുമീവഴി നടന്നു പോകേണ്ടിവരുന്നു. ഒടുവിൽ വിസ്മൃതിയുടെ മഞ്ഞുപാളികൾക്കുള്ളിൽ അവ്യക്തമാകുമ്പോൾ ആരുമല്ലാതായിത്തീരുന്നു. ഒരിക്കൽ, ഒരാശുപത്രി വരാന്തയിൽ വെച്ച് മരിച്ചുപോയ കൈക്കുഞ്ഞിനെ മാറോടടക്കി കരയുന്ന ഒരു അമ്മയെ കണ്ടു—''നിനക്കെന്നെ വിളിച്ചാ മത്യായിരുന്നില്ലേ....എന്തിനാ, ഈ കുരുന്നിനെ....'' മരണം ഒരതിഥിയാണ്. ആരിലേക്കും, ഏതു നിമിഷത്തിലും, ഏതു രൂപത്തിലും, ഏതു ഭാവത്തിലും അനുവാദം കൂടാതെ കടന്നു വരാൻ കഴിവുള്ള ഒരതിഥി.

○

നല്ല സൃഷ്ടികൾക്കായി പലരേയും നാലും, അഞ്ചും തവണ സമീപിക്കേണ്ടിവരുമ്പോൾ, പരസ്യങ്ങൾക്കായി നഗരവീഥികളിൽ അലഞ്ഞു നടക്കേണ്ടിവരുമ്പോൾ, മണ്ണുത്തിയിലെ നാൽക്കവലയിൽ പൂച്ചട്ടിയിലെ പ്രസ്സിലേക്കുള്ള ബസ്സു കാത്തുനിന്നു മുഷിയുമ്പോൾ, മനസ്സിലേക്ക് ഇഴഞ്ഞു കയറാറുള്ള മടുപ്പിന്റെ മരവിപ്പ്. എന്നിട്ടും, എന്തെങ്കിലുമൊന്ന് തട്ടിക്കൂട്ടി പുറത്തിറക്കാൻ മനസ്സനുവദിച്ചില്ല. മുൻപ്, നല്ലപോലെ എഴുതിയിരുന്ന പലരുടേയും നിസ്സഹായത കാണേണ്ടിവരുമ്പോൾ, മനസ്സിൽ നിറഞ്ഞത് നിരാശയായിരുന്നില്ല, ഭയമായിരുന്നു. ഈ കാമ്പസ് ജീവിതം വിലപ്പെട്ട പലതും നഷ്ടപ്പെടുത്തുന്നു എന്ന ഭീകരമായ അറിവ്.

മറ്റെന്തൊക്കെ നഷ്ടപ്പെട്ടാലും. സ്വപ്നങ്ങളും കവിതകളും പൂക്കുന്ന മനസ്സിനുള്ളിലെ മുല്ലമലർക്കാവുകൾ .............. അതൊരിക്കലും നഷ്ടമാവരുതെന്ന് താനെന്നും ആഗ്രഹിച്ചിരുന്നതാണല്ലോ... ...., ഇവിടെവെച്ച് എനിക്കതും....?

○

ചോരയൊലിപ്പിച്ച് പിടഞ്ഞു വീണുമരിച്ച നിമിഷങ്ങൾ..........
കൊടിയ നിരാശയുടെ വറുതികൾ...........
ആ വറുതിയിലേക്കൊഴുകിയെത്തിയ തെളിനീർചാലുകൾ...........
ഒന്നും ഒരിക്കലും മറക്കാനാവുന്നില്ല.
അനുഭവങ്ങളുടെ അഗ്നിയിലൂടെ കടന്നുപോകുമ്പോഴെ ജീവിതത്തിന്റെ, ബന്ധങ്ങളുടെ, സൗഹൃദങ്ങളുടെ എല്ലാം,
യഥാർത്ഥ മുഖങ്ങളറിയാൻ കഴിയൂ...........
അതിനിടയിൽ ഏല്ക്കേണ്ടിവരുന്ന പൊള്ളലുകളും, കരിപ്പാടുകളും, എല്ലാം, ജീവിതത്തിലെന്നും കൂട്ടുണ്ടാവും. ഒരിക്കലും വേർപിരിയാത്ത നിഴലുകൾപോലെ.......
നിശ്ശബ്ദസാന്ത്വനങ്ങൾപോലെ...........

○

വൈകി ഇറങ്ങേണ്ടി വരിക എന്ന വെറ്ററിനറി കോളേജ് മാഗസിനുകളുടെ മുജ്ജന്മശാപവുംപേറിത്തന്നെയാണ് ഹവിസ്സ് പുറത്തിറങ്ങുന്നത്.
ഈ മാഗസിനിൽ പലരുടേയും വിയർപ്പുണ്ട്. നിദ്രാവിഹീനങ്ങളായ രാത്രികളുണ്ട്.
അക്കാദമിക് ദുരന്തങ്ങളുടെ പറയാക്കഥകളുണ്ട്.
സാമ്പത്തിക ഞെരുക്കങ്ങളുടെ ദീനരോദനങ്ങളുണ്ട്.
പലരും ഒന്നു മറിച്ചുനോക്കാൻപോലും സൗമനസ്യം കാണിക്കാത്ത ഒരു കോളേജ് മാഗസിനുവേണ്ടി ഇത്രയൊക്കെ........
പലരും ചോദിക്കാതിരുന്നില്ല.
ഉത്തരം ഇത്രമാത്രം.—

കലയോടും, സാഹിത്യത്തോടുമുള്ള ഒടുങ്ങാത്ത കടപ്പാട്........, ജീവിതത്തിൽനിന്നു്, ഇനിയും മാഞ്ഞുപോകാൻ മടിക്കുന്ന ആത്മാർത്ഥത എന്ന വാക്ക്........ നല്ലവരായ കൂട്ടുകാരുടെ നനവാർന്ന ഓർമ്മ........
ആരോടും പരാതികളോ പരിഭവങ്ങളോ ഇല്ല.
മുറിവുകളും, മുറിപ്പാടുകളും കാണിച്ചുതരുന്നില്ല.
പൂർണ്ണതക്ക് ഇനിയും എത്രയോ ദൂരമുണ്ട്.
കുറ്റങ്ങളുടേയും കുറവുകളുടേയും കുരിശു് ഞാനേറ്റുവാങ്ങുന്നു.
നിങ്ങളുടെ നന്മകൾക്കു് മുൻപിൽ, സ്നേഹാർദ്രതക്കു മുൻപിൽ ഈ മാഗസിൻ സമർപ്പിക്കപ്പെടുന്നു.



സ്നേഹത്തോടെ
സ്നേഹത്തോടെ മാത്രം
വാസുദേവൻ നമ്പൂതിരി
സ്റ്റുഡൻറ് എഡിറ്റർ

## —നന്ദി എന്ന വാക്കിൽ ഒതുങ്ങാത്തത്ര നന്ദി —



കാമ്പസ് ഫോട്ടോ ഫീച്ചറിലേയ്ക്ക് അനുഭവങ്ങളും അഭിപ്രായങ്ങളും നല്കിയവർക്ക്, നമ്മുടെ നാട്ടിലെ മൃഗങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾക്ക് സഹായഹസ്തം നീട്ടിയവർക്ക്, മൃഗവൈദ്യത്തിന്റെ വേരുകൾ തേടുമ്പോൾ തണൽ തന്നവർക്ക്, ലാലൂർ പ്രശ്നവുമായി ബന്ധപ്പെട്ടവർക്ക്, സൈലന്റ് വാലിയിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക്, അട്ടപ്പാടിയിലെ ആദിവാസികൾക്ക്, ഹവിസ്സിന്റെ ചർച്ചകളിൽ പങ്കെടുത്തവർക്ക്, കാമ്പസ് ചർച്ചയിൽ പങ്കെടുത്ത വിദ്യാർത്ഥി സുഹൃത്തുക്കൾക്ക്, നിളാ തീര നിവാസികൾക്ക്, ശാസ്ത്രീയ ലേഖനങ്ങളെഴുതി തന്ന അദ്ധ്യാപകർക്ക്, മാനസിക രോഗാശുപത്രിയിലെ അന്തേവാസികൾക്ക്, സൃഷ്ടികൾ തന്ന് സഹകരിച്ചവർക്ക്, പരസ്യങ്ങൾ നല്കിയവർക്ക്, എല്ലാററിനുമുപരി ഹവിസ്സിന്റെ ജന്മത്തിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച പ്രിന്റേഴ്സിലെ ജീവനക്കാർക്ക്

എല്ലാവർക്കും ..........

---

കുറച്ചു പേരുകൾ മാത്രം ഇവിടെ കുറിച്ചിടുന്നു,

ഡോ: സി. കെ. തോമസ്; പ്രൊഫ: ചുമ്മാർ ചൂണ്ടൽ; ഡോ: അരവിന്ദൻ വല്ലച്ചിറ; ഡോ: വി. സുദർശനൻ;

ഡോ: എം. കൃഷ്ണൻ നായർ; സച്ചിൻ ഹക്; ഷാജി പണിക്കശ്ശേരി; പ്രേമൻ; ലോറൻസ്; സുനിൽ ജി;

ജയൻ ജോസഫ്; ഹരികുമാർ ജെ; ബാബു; അജിത്.....

---

Statement of ownership and publication about the publication of Veterinary College Magazine 88 (From IV see rule 3) Place of publication: Mannuthy, Periodicity of publication: Annual, Printer's name: Dr. K. Raj Mohan, Nationalitv: Indian, Address: Associate patron College of Veterinary and Animal Sciences, Mannuthy—Trichur, Publisher's name: Vasudevan M. N., Nationality: Indian, Address: Chief Student Editor College of Veterinary and Animal Sciences, Mannuthy. Published under authority of Magazine committee. I Vasudevan here by declare that the particulars given above are true to the best of my knowledge and belief.

(Sd/-)
Vasudevan M. N.
Editor



## MAGAZINE COMMITTEE

| | | |
|---|---|---|
| Patron | : | Dr. K. RADHAKRISHNAN |
| Associate Patron | : | Dr. K. RAJMOHAN |
| Staff Editor | : | Dr. K. M. RAMACHANDRAN |
| Student Editor | : | VASUDEVAN M. N. |
| Lay out & illustrations | : | MAGAZINE COMMITTEE |
| Associate Editors | : | VISWANATHAN C. K., GOPAKUMAR C., GIRI S.S. |
| Calleography | : | SHAJI K. K., RAJEEV K. |
| Co-ordination | : | SATHIAN M. K. |
| Assisted by | : | JAYARAJ K., BOBY RAJAN; ANTONY PERTIN, BALAGOPAL, RAJIMON K. T. BINOY V. S., SACHIN A. HAQ |
| Printed at | : | PRINTEX, Trichur |



കാമ്പസ്,
നീ നിന്റെ സ്വപ്നങ്ങളെ എവിടെയാണൊളിച്ചുവെക്കുന്നത്?
വിജനമായ കോളേജുവരാന്തകൾ....
ശൂന്യമായ മരത്തണലുകൾ....
കൗതുകമുണർത്താത്ത ക്ലാസ്മുറികൾ
ഏതോ ഗായകനുപേക്ഷിച്ചുപോയ ഒരു മുളന്തണ്ട്
കാറ്റിലലിയുന്ന തപ്തനിശ്വാസങ്ങൾ....
കാമ്പസ്,
നീ നിന്റെ സ്വപ്നങ്ങളെ എങ്ങിനെയാണ് കരിച്ചു കളയുന്നത്?

കാമ്പസ്,
നീ നിന്റെ വേദനകളെ എവിടെയാണ് കുഴിച്ചു മൂടുന്നത്?
മലയാളമറിയാത്ത മലയാളികൾ....
തുളുമ്പുക മാത്രം ചെയ്യുന്ന നിറയാക്കുടങ്ങൾ
അകന്നുപോകുന്ന അറിവിൻ നിറവുകൾ
മുറിവേറ്റവന്റെ പെയ്യാത്ത കണ്ണുനീർ,
അടക്കിപ്പിടിച്ച ആരുടേയോ ഒരു തേങ്ങൽ,
കാമ്പസ് നീ നിന്റെ കണ്ണീരിനെ എങ്ങനെയാണ്
മായ്ച്ചു കളയുന്നത്?

ഇത് ഞങ്ങൾ നിനക്കുവേണ്ടി തീർത്തത്.
കൊടിയ വറുതിയിലും മഹാദുരന്തങ്ങളിലും
കൈമോശം വരാതെ സൂക്ഷിച്ച
വാക്കുകളും വരകളും വർണ്ണങ്ങളുംകൊണ്ട്
നിനക്കുവേണ്ടി മാത്രം തീർത്തത്....

---

ഹവിസ്സ്
വെറ്ററിനറി കോളേജ് മാഗസിൻ
ആയിരത്തിത്തൊള്ളായിരത്തിയെൺപത്തിയെട്ട്

Printed at PRINTEX, Trich